# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2013 ഫെബ്രുവരി 19, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 152—നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2013 ഫെബ്രുവരി 19, ചൊവ്വ*

*സ്പീക്കർ*

**ശ്രീ. ജി. കാർത്തികേയൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. എൻ. ശക്തൻ**

*സെക്രട്ടറി*

**ശ്രീ. പി. ഡി. ശാരംഗധരൻ**

*ചീഫ് എഡിറ്റർ*

**ശ്രീമതി ഉഷ വി. ദാമോദർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

981/14

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ഡോ. എം. കെ. മുനീർ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | ശ്രീ. ഷിബു ബേബിജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. വി. എസ്. ശിവകുമാർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| I | ചോദ്യോത്തരങ്ങൾ | | |
| | 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ | ... | 1 |
| | 2. അടിയന്തരചോദ്യം | ... | 22 |
| | 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ | | |
| | (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ | ... | 25 |
| | (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ | ... | 54 |
| II | ചരമോപചാരം | | |
| | കെ. കെ. നായരുടെ നിര്യാണം. | ... | 324 |
| III | അടിയന്തരപ്രമേയം | | |
| | വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനുള്ള നീക്കം.— ശ്രീ. എ. കെ. ബാലൻ (അവതരണാനുമതി നിഷേധിച്ചു) | ... | 325 |
| IV | ശ്രദ്ധക്ഷണിക്കൽ | | |
| | 1. മനുഷ്യരിൽ നടത്തുന്ന മരുന്ന് പരീക്ഷണങ്ങൾ— ശ്രീ. തോമസ് ഉണ്ണിയാടൻ | ... | 337 |
| | 2. സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം— ശ്രീ. വി. ശിവൻകുട്ടി | ... | 340 |
| V | സബ്മിഷൻ | | |
| | 1. സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തരച്ചടങ്ങ് — ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ... | 347 |
| | 2. ദേശീയ ദിനാചരണത്തിന് പണം ലഭ്യമാക്കൽ— ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ... | 348 |
| | 3. കണ്ണൂർ സൈബർ പാർക്ക് നിർമ്മാണപ്രവർത്തനം— ശ്രീ. സി. കൃഷ്ണൻ | ... | 349 |


LIBRARY ARCHIVES Kerala Legislative Assembly

| | | | പേജ് |
|---|---|---|---|
| 4. | വിദ്യാഭ്യാസ വായ്പയ്ക്ക് മൊറട്ടോറിയം— | | |
| | ശ്രീ. സി. ദിവാകരൻ | ... | 349 |
| 5. | നിർമ്മാണ പ്രവർത്തന സാമഗ്രികൾ— | | |
| | ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ... | 350 |
| 6. | ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കൽ— | | |
| | ശ്രീ. ബാബു എം. പാലിശ്ശേരി | ... | 351 |
| 7. | മലമ്പുഴ നിയോജകമണ്ഡലത്തിലെ രൂക്ഷമായ വരൾച്ച— | | |
| | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | ... | 351 |
| 8. | മോട്ടോർ വാഹനവകുപ്പ് ജീവനക്കാരുടെ ദൗർലഭ്യം— | | |
| | ശ്രീമതി പി. അയിഷാ പോറ്റി | ... | 352 |
| 9. | വനഭൂമി കയ്യേറ്റം— | | |
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ... | 353 |
| 10. | കാൻസർ രോഗികൾക്ക് പെൻഷൻ— | | |
| | പ്രൊഫ. സി. രവീന്ദ്രനാഥ് | ... | 354 |
| 11. | വെഞ്ഞാറമൂട്ടിൽ ഡിവൈഎസ്.പി. ഓഫീസ്— | | |
| | ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | .... | 354 |
| 12. | കൊലപാതകങ്ങളിലെ പ്രതികളുടെ അറസ്റ്റ്— | | |
| | ശ്രീ. കെ. രാധാകൃഷ്ണൻ | .... | 355 |
| 13. | ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജനം— | | |
| | ശ്രീ. എം. പി. വിൻസെന്റ് | .... | 356 |
| 14. | പട്ടികജാതിയിൽപ്പെട്ട യുവാവിന് പോലീസ് മർദ്ദനം— | | |
| | ശ്രീ. ബി. ഡി. ദേവസ്സി | .... | 356 |
| 15. | കോങ്ങാട് ഫയർ സ്റ്റേഷൻ— | | |
| | ശ്രീ. കെ. വി. വിജയദാസ് | .... | 357 |
| 16. | സൂര്യനെല്ലി പെൺകുട്ടിയെക്കുറിച്ചുള്ള പരാമർശം— | | |
| | ശ്രീമതി കെ. എസ്. സലീഖ | .... | 358 |
| 17. | അൽ അമീൻ എന്ന വ്യക്തിക്ക് മോചനം— | | |
| | ശ്രീ. പി. റ്റി. എ. റഹീം | .... | 360 |


LIBRARY ARCHIVES Kerala Legislative Assembly

പേജ്

18. മലബാർ സിമെന്റ്സിലെ അഴിമതി—

ശ്രീ. എം. ചന്ദ്രൻ .... 360

19. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഫണ്ട്—

ശ്രീ. പുരുഷൻ കടലുണ്ടി .... 361

20. വിദ്യാഭ്യാസ വായ്പ—

ശ്രീ. എം. എ. ബേബി .... 362

21. അടയ്ക്കാ കർഷക പാക്കേജ്—

ശ്രീ. ഇ. ചന്ദ്രശേഖരൻ .... 363

22. ആനത്തൊട്ടാവാടിയുടെ വ്യാപനം—

ശ്രീമതി ഇ. എസ്. ബിജിമോൾ .... 364

23. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കുടിശ്ശിക—

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ .... 365

24. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ സാമ്പത്തിക പ്രതിസന്ധി—

ശ്രീ. ചിറ്റയം ഗോപകുമാർ .... 366

25. പുകയിലത്തോപ്പ് കോളനി വികസന പദ്ധതി—

ശ്രീ. വി. ശശി .... 367

26. ഫെസ്റ്റിവലുകൾക്ക് സാമ്പത്തിക സഹായം—

ശ്രീ. റ്റി. എൻ. പ്രതാപൻ .... 369

27. ചിലക്കൂർ ഫിഷിംഗ് ഹാർബർ—

ശ്രീ. വർക്കല കഹാർ .... 370

28. ഫിഷറീസ് ഡിസ്പെൻസറി—

ശ്രീ. കെ. ദാസൻ .... 371

29. ഡിപ്ലോമയും ബി. എഡ്ഡും തുല്യമാക്കിക്കൊണ്ടുള്ള ഉത്തരവ്—

ശ്രീ. കെ. സുരേഷ്കുറുപ്പ് .... 371

30. ഫോറിൻ ലാംഗ്വേജസ് ഓഫ് ക്യാമ്പസ് സെന്റർ—

ശ്രീ. പി. ഉബൈദുള്ള .... 374

LIBRARY ARCHIVES Kerala Legislative Assembly

പേജ്

31. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫുൾടൈം ഡയറക്ടർമാർ—

ശ്രീ. അൻവർ സാദത്ത് .... 375

32. നിർമ്മാണ രംഗത്തെ വ്യാജസ്ഥാപനങ്ങൾ—

ശ്രീ. പി. ബി. അബ്ദുൾ റസാക് .... 376

33. പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം—

ശ്രീ. ബി. സത്യൻ .... 377

34. വൈക്കം സത്യാഗ്രഹ സ്മാരകം—

ശ്രീ. കെ. അജിത് .... 378

35. തെരുവ്നായ്ക്കളുടെ ശല്യം—

ശ്രീ. കെ. എം. ഷാജി .... 379

36. പുതിയ പാലം—

ശ്രീ. സി. പി. മുഹമ്മദ് .... 380

37. ജീവനക്കാരുടെ പുനർവിന്യാസം—

ഡോ. ടി. എം. തോമസ് ഐസക് .... 380

38. പാലത്തിന് അപ്രോച്ച് റോഡ്—

ശ്രീ. വി. എസ്. സുനിൽ കുമാർ .... 381

39. ദേശീയപാതാ മീഡിയനുകളിലെ വഴിവിളക്കുകൾ—

ശ്രീ. എ. എ. ആരിഫ് .... 381

40. പാലം നിർമ്മാണത്തിന് റീ-ടെണ്ടർ—

ശ്രീ. വി. പി. സജീന്ദ്രൻ .... 382

41. ബൈപാസ് നിർമ്മാണം—

ശ്രീ. വി. ചെന്താമരാക്ഷൻ .... 383

42. പാലം നിർമ്മാണം—

ശ്രീമതി ഗീതാഗോപി .... 383


LIBRARY ARCHIVES Kerala Legislative Assembly

പേജ്

43. പാലം പണി പൂർത്തീകരണം—

ശ്രീ. പി. തിലോത്തമൻ .... 384

44. കേന്ദ്രസഹായം ലഭ്യമാക്കൽ—

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) .... 384

VI മേശപ്പുറത്തുവച്ച കടലാസുകൾ ... 385

VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ ... 387

2. 2013-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ... 431

3. 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ... 447

4. 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ ... 457

VIII അവകാശലംഘന പ്രശ്നങ്ങൾ

1. അനുമതി നിഷേധിച്ചവ ... 469

2. പരിഗണനയിലിരിക്കുന്നവ ... 469

IX മുഖ്യമന്ത്രിയുടെ പ്രമേയം ... 470

X അവലോകനം ... 470




LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2013 ഫെബ്രുവരി 19, ചൊവ്വ

വാല്യം 152] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2013 ഫെബ്രുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ......... ചോദ്യം നമ്പർ *301

**അഗ്നിരക്ഷാസേന നവീകരണം**

1 (*301) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്നിരക്ഷാസേനയുടെ നവീകരണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം, വിശദമാക്കുമോ ;

(ബി) പ്രാദേശിക തലത്തിലുള്ളവരെ ഉൾപ്പെടുത്തി അഗ്നിരക്ഷാസേനയുടെ നവീകരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) (i) അഗ്നിശമനരക്ഷാ സേവന വകുപ്പിന്റെ നവീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും 2070-00-108-94 (പ്ലാൻ) ശീർഷകത്തിൽ 850 ലക്ഷം രൂപ അനുവദിക്കുകയും ആയതിന് ജി.ഒ.(എംഎസ്.) നം.188/2012/ആഭ്യന്തരം തീയതി 11-7-2012 (പകർപ്പ് അടക്കം



LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്) പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഭരണാനുമതി ലഭ്യമായ വാട്ടർ ബൗസർ, നോമക്സ് ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ സെർച്ച് ലൈറ്റ്, മോഡേൺ ട്രസ്റ്റഡ്ടൈപ് അലുമിനിയം എക്സ്റ്റൻഷൻ ലാഡർ, മോഡേൺ ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് എന്നിവ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

ii. ഒറ്റത്തവണ കേന്ദ്ര സഹായപദ്ധതിയിൽനിന്നും ജി.ഒ. (എംഎസ്.) നം. 298/2012/ആഭ്യന്തരം, തീയതി, 26-11-2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 1332.12 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻമേലുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

iii. കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും (75% CSS) ജി.ഒ. (ആർ.ടി.) നം. 3552/2012/ആഭ്യന്തരം, തീയതി, 4-12-2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 263.67 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻമേലുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

iv. മൺസൂൺ മുൻകരുതലിന്റെ ഭാഗമായി സെർച്ച് ആന്റ് റെസ്ക്യൂ ഉപകരണങ്ങൾ വാങ്ങുന്നതിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും സർക്കാർ ഉത്തരവ് (ആർ.ടി.) നം. 5736/12/ഡി.എം.ഡി., ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പ് തീയതി, 6-10-2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

v. ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ജീവനക്കാർക്ക് നൽകുന്നുണ്ട്. കൂടാതെ സ്വിമ്മിംഗിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള ഒരുനീന്തൽക്കുളം വിയ്യൂർ കേരളാ അഗ്നിശമന രക്ഷാസേന പരിശീലന അക്കാഡമിയിൽ പണി പൂർത്തിയായി വരുന്നു.

vi. വകുപ്പിനെ നവീകരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

അഗ്നിശമന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനായി ജി.ഒ. (ആർ.ടി.) നം. 3764/2011/ഹോം, തീയതി, 21-1-2011 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം 22 സ്ഥലങ്ങൾ ഉൾപ്പെടുത്തിയ ഒരു മുൻഗണനാപ്പട്ടിക നിലവിലുണ്ട്. ആയതിൽ ഇടുക്കി ജില്ലയിലെ മൂലമറ്റം ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് ജി.ഒ. (എംഎസ്.) നം. 104/12/ഹോം തീയതി, 11-4-2012 (പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്) പ്രകാരം ഭരണാനുമതിയും ധനാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാദേശിക തലത്തിലുള്ളവരെ ഉൾപ്പെടുത്തി അഗ്നിരക്ഷാ സേനയുടെ നവീകരണം നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്. ആയതിന്റെ ഭാഗമായി പൊതുജനങ്ങൾക്കുകൂടി അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിന് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിയ്യൂരിൽ 195 ലക്ഷം രൂപയുടെ സിവിൽ ഡിഫൻസ് ട്രെയിനിംഗ് സംവിധാനങ്ങളും ഒരുക്കിവരികയാണ്.

(സി) പ്രാദേശിക തലത്തിലുള്ളവർക്ക് അഗ്നിരക്ഷാ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് നൽകിയാൽ അപകടത്തിന്റെ വ്യാപ്തി കുറയ്ക്കുവാനും അതുവഴി നാശനഷ്ടങ്ങൾ കുറയ്ക്കുവാനും കൂടുതൽ ജീവനുകൾ രക്ഷിക്കുവാനും കഴിയുന്നതാണ്.

ശ്രീ. അൻവർ സാദത്ത് : സർ, പി.എസ്.സി. വഴി പുതുതായി റിക്രൂട്ട് ചെയ്തിട്ടുള്ള ഫയർമാൻമാർക്ക് നീന്തൽ പരിശീലനവും മുങ്ങൽ പരിശീലനവും ഇതുവരെ നൽകിയിട്ടില്ലായെന്ന് അറിയുന്നു. ഇവർക്കാവശ്യമായ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; അഗ്നിശമനസേന നവീകരിക്കുന്നതിനായി സ്കൈ ലിഫ്റ്റ് വാങ്ങുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ? എറണാകുളം പോലെയുള്ള ജില്ലയിൽ ധാരാളം ബിൽഡിംഗുകളും വികസനപ്രവർത്തനങ്ങളും നടക്കുന്നതാണ്. ആ പരിഗണന വരുമ്പോൾ എറണാകുളം ജില്ലയ്ക്ക് അടിയന്തരമായ പ്രാതിനിധ്യത്തോടുകൂടി ഒരു സ്കൈ ലിഫ്റ്റ് പരിഗണിക്കാൻ കഴിയുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സ്കൈ ലിഫ്റ്റ് എന്നറിയപ്പെടുന്ന ഏരിയ പ്ലാറ്റ്ഫോം ലാഡർ വാങ്ങുന്നതിന് 6 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പക്ഷേ അതിന്റെ പ്രോസസ് പൂർത്തിയാക്കണം. വളരെ ട്രാൻസ്പരന്റായി അത് വാങ്ങണമെന്നുള്ളതാണ് നിർബന്ധം. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് അതുസംബന്ധിച്ച് ഒരു എക്സ്പർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ പ്രോസസിൽ അത് ഇരിക്കുകയാണ്. പ്രോസസ് പൂർത്തിയായിക്കഴിഞ്ഞാൽ അതിന്റെ പർച്ചേസിലേക്ക് കടക്കാൻ കഴിയുന്നതാണ്. അങ്ങ് ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അഗ്നിശമനസേനയ്ക്ക് നീന്തൽ പരിശീലനം കൊടുക്കുന്നതിനുവേണ്ടി തൃശ്ശൂരിലെ വിയ്യൂരിലുള്ള അക്കാഡമിയിൽ ഏറ്റവും അത്യന്താധുനിക രൂപത്തിലുള്ള ഒരു സ്വിമ്മിംഗ് പൂൾ പൂർത്തീകരിച്ചുവരികയാണ്. അതിന്റെ പ്രവർത്തനം വേഗം തുടങ്ങാൻ കഴിയും. അല്ലെങ്കിൽപ്പോലും അവർക്ക് സ്വിമ്മിംഗിനാവശ്യമായ എല്ലാം ട്രെയിനിംഗും നൽകുന്നതാണ്. അങ്ങ് ചോദിച്ച എറണാകുളത്തിന്റെ കാര്യം, ലഭിച്ചുകഴിഞ്ഞാൽ വളരെ സജീവമായി പരിഗണിക്കാം.

ശ്രീ. അൻവർ സാദത്ത് : സർ, ആലുവ ഫയർ സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന ഫയർ എഞ്ചിന്റെ ഒരു യൂണിറ്റ് പുതുക്കാട് ഫയർ സ്റ്റേഷൻ തുടങ്ങിയപ്പോൾ അങ്ങോട്ട് കൊണ്ടുപോയി. അതുപോലെ എമർജൻസി ടെൻഡർ തൃശ്ശൂർ അക്കാഡമിയിലേക്കും കൊണ്ടുപോയിരിക്കുകയാണ്. ആലുവയിൽ നിലവിൽ ആംബുലൻസ് ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങനെ പ്രാദേശികമായി കൊണ്ടുവരണമെന്ന് പറയരുത്. അങ്ങ് ചോദ്യം ചോദിക്കൂ. തൃശ്ശൂരും കേരളത്തിന്റെ ഭാഗമാണ്.

ശ്രീ. അൻവർ സാദത്ത് : സർ, ആലുവയുടെ കാര്യം പറയാമല്ലോ. ആദ്യം പൊതുവായി ചോദിച്ചു. ആലുവയിൽ ഒരു ആംബുലൻസ് നിലവിലില്ല. ഈ പറഞ്ഞ മൂന്ന് വസ്തുതകളില്ലാത്തതുകൊണ്ട്........ ആലുവയിൽ ധാരാളം വ്യവസായ സ്ഥാപനങ്ങളും നെടുമ്പാശ്ശേരി എയർപോർട്ട് അടക്കമുള്ള സ്ഥലങ്ങളുണ്ട്. അതുകൊണ്ട് ഫയർ എഞ്ചിൻ യൂണിറ്റും എമർജൻസി ടെൻഡറും ആംബുലൻസും ആലുവ ഫയർ സ്റ്റേഷനിലേക്ക് അനുവദിക്കുവാൻ താൽപ്പര്യപ്പെടുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അൻവർ സാദത്ത് പറഞ്ഞത് ഗൗരവമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഗവൺമെന്റ് പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. പാലോട് രവി : സർ, ദുരന്തമുണ്ടാകുമ്പോൾ കേരളത്തിൽ ആളുകൾ ആദ്യം വിളിക്കുന്നത് ഫയർ സ്റ്റേഷനിലേക്കാണ്. അങ്ങ് ഫയർ സ്റ്റേഷനിലെ ഭൗതിക സൗകര്യങ്ങൾ നോക്കിയിട്ടുണ്ടോ ? മറ്റെല്ലാ ഡിപ്പാർട്ട്മെന്റുകളിലും മോഡണൈസേഷനും ഭൗതികസൗകര്യ വികസനങ്ങളും ഉണ്ടായിട്ടുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം. ഈ അടുത്ത കാലത്ത് ഒരു തീപിടിത്തമുണ്ടായി. തീപിടിത്തമുണ്ടായി വിളിച്ചുപറഞ്ഞപ്പോൾ അവിടെ ഡ്രൈവർ ഇല്ല. നാട്ടുകാർ ഓടിച്ചെന്ന് വണ്ടിയെടുത്തു. പത്രങ്ങളിലൊക്കെ വാർത്ത വന്നതാണ്. ഈ യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 102 ഫയർ സ്റ്റേഷനുകളിലായി ഏതാണ്ട് 2600 ഓളം സാങ്ഷൻഡ് പോസ്റ്റുണ്ട്. അതിൽ 1300 പോസ്റ്റ് മാത്രമേ ഇപ്പോഴുള്ളൂ. അതും 500 എണ്ണം ഇപ്പോൾ ഗവൺമെന്റ് വന്നതിനുശേഷം ക്യാബിനറ്റ് വളരെ നിർബന്ധമായി മുഖ്യമന്ത്രിയും അങ്ങുമൊക്കെ തീരുമാനമെടുത്ത്........ ബാക്കിയുള്ള പോസ്റ്റ് നിർബന്ധമാക്കണം. ബഡ്ജറ്റിൽ അനൗൺസ് ചെയ്യുന്ന തുകപോലും...... ഇത് നഷ്ടപ്പെട്ടുപോകുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 12 കോടി രൂപ ഈ നിയമസഭയിൽ പറഞ്ഞതാണ്. അടിയന്തരമായി ആ 12 കോടി രൂപയും ഈ മാർച്ച് 31-ാം തീയതിക്ക് മുമ്പായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മി. സ്പീക്കർ : ഇല്ല, ചോദ്യമാണ്. ചോദ്യോത്തരമാണ്.

ശ്രീ. പാലോട് രവി : സർ, എനിക്കുണ്ടായ അനുഭവം ഞാൻ പറയണ്ടേ.

മി. സ്പീക്കർ : ശ്രീ. പാലോട് രവി, അത് പ്രസംഗത്തിൽ പറയാം. ചോദ്യത്തിൽ എങ്ങനെ പറ്റും ?

ശ്രീ. പാലോട് രവി : സർ, സ്വിമ്മിംഗിനെ സംബന്ധിച്ചിടത്തോളം നേവിവന്ന് ഒരു മിനിട്ടുകൊണ്ട് ആളുകളുടെ ബോഡി പുറത്തെടുക്കുകയാണ്. ഫയർ ഫോഴ്സിന്റെ ആളുകൾ അവിടെപ്പോയി നോക്കിക്കൊണ്ട് നിൽക്കുകയാണ്. അവരെക്കൊണ്ട് കഴിയുന്നില്ല. പരിശീലനമില്ല. അവിടുത്തെ ആധുനിക സൗകര്യമുള്ള സ്വിമ്മിംഗിനുള്ള കുളം നന്നാകുന്നതുവരെ.......... അന്താരാഷ്ട്ര നിലവാരത്തിൽ പിരപ്പൻകോട് ഒരു കുളം കോടികൾ ചെലവാക്കി ഉണ്ടാക്കിയിരിക്കുകയല്ലേ ; ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് പരിശീലനത്തിന് അവിടെ ആളുകൾ വരികയല്ലേ. അതുവരെ ഈ 500 പേരും പിരപ്പൻകോടുപോയി പരിശീലനം നടത്തണമെന്ന് എന്തുകൊണ്ട് നിർദ്ദേശം കൊടുത്തുകൂടാ. അതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട പാലോട് രവി ഇതിനെക്കുറിച്ചുള്ള വിഷമങ്ങളും പരാതികളുമൊക്കെ പറഞ്ഞു. ബഹുമാനപ്പെട്ട പാലോട് രവി പറഞ്ഞ ഒരു കാര്യം വളരെ കറക്ടാണ്. ഒരു ഇഷ്യൂ ഉണ്ടായി കഴിഞ്ഞാൽ ഇമ്മീഡിയറ്റ് റെസ്പോൺസ് ഉണ്ടാക്കുന്ന ഒരു വിഭാഗം നമ്മുടെ ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റാണ്. ഫസ്റ്റ് റെസ്പോൺസ് ഉണ്ടാകുന്നത് നാട്ടുകാരിൽ നിന്നാണ്. സെക്കന്റ് റെസ്പോൺസ് ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നാണ്. പിന്നീടാണ് ബാക്കിയുള്ള ആളുകളൊക്കെ വന്നെത്തുന്നത്. ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന് ആവശ്യമായ സാമഗ്രികൾ വാങ്ങി കൊടുക്കുകയെന്നുള്ളത് സെക്കന്റ്ലൈനിൽ വരുന്ന ആളുകളെ ശാക്തീകരിക്കുന്നതിന് ആവശ്യമാണ്. ഗവൺമെന്റ് അതുകൊണ്ട് ഈ കാര്യത്തെകുറിച്ചെല്ലാം പരിശോധിക്കുന്നുണ്ട് പക്ഷെ പർച്ചേസാകുമ്പോൾ സ്വാഭാവികമായും ട്രാൻസ്പരന്റായിട്ടല്ലേ പോകാൻ സാധിക്കുകയുള്ളൂ. അതിനാണ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഹെഡ്സിന്റെ ഒരു കമ്മിറ്റിവച്ച് പരിശോധിച്ച് ആവശ്യമായ രൂപത്തിൽ വളരെ ട്രാൻസ്പരന്റായി ചെയ്തുതീർക്കുന്നതിനുള്ള നടപടിയുണ്ടാകേണ്ടത്. അത് നിശ്ചയമായും നടത്തും. വണ്ടികൾ വാങ്ങിച്ചതിലുള്ള പരാതിയുണ്ടെന്ന് ബഹുമാനപ്പെട്ട പാലോട് രവി ഇവിടെ സൂചിപ്പിച്ചു. ആ പരാതി ഗവൺമെന്റിന്റെ കയ്യിൽ വന്നിരുന്നു. ആ പരാതിയുടെ ഡീറ്റെയിൽസിലേക്ക് ഞാൻ പോകുന്നില്ല. 4-8-2012 -ൽതന്നെ ഒരു വിജിലൻസ് മേധാവിക്ക് ഇതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. 21-1-2013-ൽ 970/എ1-13 നമ്പരായി ഒരു കത്ത് മുഖേന വിജിലൻസ് വകുപ്പുമേധാവിക്ക് ഇതു സംബന്ധിച്ച് ഗവൺമെന്റ് ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. വിജിലൻസ് അന്വേഷണം നടക്കുകയാണ്. ആ സമയത്ത് ഉത്തരവാദിയായിരുന്ന ഉദ്യോഗസ്ഥനെ മറ്റ് സ്ഥലത്തേക്ക് മാറ്റിയിട്ടുണ്ട് അന്വേഷണം പൂർത്തിയായതിനുശേഷം മറ്റ് കാര്യങ്ങൾ അറിയിക്കുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഈയിടെ കണ്ണൂർ നഗരത്തിൽ തീപിടുത്തമുണ്ടായപ്പോൾ ഒരു ഫയർ എഞ്ചിൻ വന്നു. പക്ഷേ കൂടുതൽ തീപിടിത്തമുള്ളതുകൊണ്ട് രണ്ടാമത്തതിനെ വിളിച്ചപ്പോൾ അവിടെ ഡ്രൈവറില്ല എന്നുപറഞ്ഞു. ആദ്യം വന്നതിന്റെ ഡ്രൈവർ ടൂവീലറിൽ പോയാണ് രണ്ടാമത്തെ ഫയർ എഞ്ചിൻ കൊണ്ടുവന്നത്. നഗരത്തിനടുത്തായതുകൊണ്ട് അപകടം ശമിപ്പിക്കാൻ സാധിച്ചു. ഡ്രൈവർമാർ ആവശ്യത്തിനില്ല എന്നുള്ളതാണ് ഒരു കാര്യം. രണ്ടാമത് ലാഡറിനെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മാത്രമാണ് ആധുനിക ലാഡറുകളുള്ളത്. കണ്ണൂരിൽ ഉദ്യോഗസ്ഥർ അടുത്തുള്ള കെട്ടിടത്തിൽ കയറിയാണ് വെള്ളമുപയോഗിച്ച് തീകെടുത്തിയത്. ആധുനിക സൗകര്യങ്ങളില്ല. കണ്ണൂരിലെ ഫയൽ സ്റ്റേഷന്റെ ആസ്ഥാനം ചോർന്നൊലിക്കുന്നതാണ്. അത് പുനർനിർമ്മിക്കുന്നതിനുവേണ്ടി 4 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ട് വർഷങ്ങൾ പലതായി. യഥാർത്ഥത്തിൽ മന്ത്രി ഇവിടെ പറഞ്ഞ ഫണ്ട് തന്നെ വളരെ പരിമിതമാണ്.

മി. സ്പീക്കർ : ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, ആദ്യത്തെ ചോദ്യത്തിലെ മൂന്ന് ഉപചോദ്യങ്ങളെ കഴിഞ്ഞിട്ടുള്ളൂ. 15 മിനിട്ട് ആകാൻ പോകുന്നു. പ്ലീസ്, പ്ലീസ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഇതിന് കൂടുതൽ ബഡ്ജറ്റ് പരിഗണനയും കൂടുതൽ പ്രാധാന്യവും നൽകണം. കണ്ണൂരിലെ ആസ്ഥാനം പുനർനിർമ്മിക്കുന്നതിനുവേണ്ടി 4 കോടി രൂപ അനുവദിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ എയ്റോ ലിഫ്റ്റ് വാങ്ങുന്നതിനുവേണ്ടി 11-7-2012-ൽ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സ് അനുസരിച്ചുള്ള ഓർഡറിന്റെ കോപ്പിയാണ് എന്റെ കൈയിലുള്ളത്. 11-7-2012-ൽ ഈ വർക്കിംഗ് ഗ്രൂപ്പ് തീരുമാനമെടുത്തതാണ്. 26-11-2012-ൽ ഗവൺമെന്റ് അതുസംബന്ധിച്ച് ആവശ്യമായിട്ടുള്ള സാങ്ഷൻ കൊടുത്തതാണ്. പക്ഷേ അതിന്റെ പ്രോസസ് പൂർത്തിയാക്കി മാത്രമേ അവർക്ക് ചെയ്യാൻ കഴിയൂ. അതുകൊണ്ട് ആ പ്രോസസിൽ നിൽക്കുകയാണ്.

ശ്രീ. എ. റ്റി. ജോർജ് : സർ, നമ്മൾ ഇന്ന് അഗ്നിശമന സേനയെ വിളിക്കുന്നത് ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റ് എന്നാണ്. പക്ഷേ നമ്മുടെ നാട്ടിൻപുറങ്ങളിൽ ഒരു ആപത്തുണ്ടായാൽ, ഒരു അത്യാഹിതമുണ്ടായാൽ, ഒരു തീപിടിത്തമുണ്ടായാലൊക്കെ നാട്ടുകാരും പോലീസുമൊക്കെ വന്ന് തീയണച്ചതിനുശേഷമാണ് ഈ സേന അവിടെ ഓടിയെത്തുന്നത്. അത് അവരുടെ കുറ്റം കൊണ്ടെന്നുള്ള അഭിപ്രായം എനിക്കില്ല. എങ്കിലും നമുക്ക് പുതിയ ഒരുപാട് യൂണിറ്റുകൾ തുടങ്ങേണ്ടതുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ ലിമിറ്റിലും ഓരോ ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റ് തുടങ്ങുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ ; അത് നടപ്പാക്കാൻ കഴിയുമോ ?.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സാങ്കേതിക വിദ്യയുള്ള ഒരു വിഭാഗമായിട്ട് നിൽക്കുകയാണ്. നേരത്തെതന്നെ ഒരു ചോദ്യത്തിന് ഇവിടെ ഡ്രൈവർമാരുടെ ഷോർട്ടേജിനെക്കുറിച്ച് പറഞ്ഞു. അതാണ് വീണ്ടും ശ്രീ. എ. റ്റി. ജോർജ് ആവർത്തിക്കുന്നതെന്ന് എനിക്ക് തോന്നുന്നു. 239 ഡ്രൈവർമാരെ നമ്മൾ സെലക്ട് ചെയ്തിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തിരിക്കുന്ന പോസ്റ്റിംഗ്സാണ്. പി.എസ്.സി.-യിൽ നിന്നും ലിസ്റ്റ് കിട്ടിയെങ്കിൽ മാത്രമേ ഗവൺമെന്റിന് ബാക്കി നടപടികളിലേക്ക് പോകാൻ കഴിയൂ. ഗവൺമെന്റ് ചെയ്യുന്നത്, ഇതിനകത്തെ ട്രെയിനിംഗ്, പോസ്റ്റിംഗ് പോലുള്ള കാര്യങ്ങളാണ്. അതേസമയം ലിസ്റ്റ് കിട്ടേണ്ടത് പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നുമാണ്. അതിപ്പോൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 239 ആളുകളുടെ ട്രെയിനിംഗ് ഈ വരുന്ന മാർച്ച് മാസം 4-ാം തീയതി വിയ്യൂരിൽ തുടങ്ങാൻ കഴിയും. അതിനുള്ള നടപടികളാണ് നടത്തുന്നത്.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ സേവനങ്ങൾ ജനങ്ങൾക്ക് സൗജന്യമായിട്ടാണ് കിട്ടേണ്ടത്. പക്ഷേ ഇത് സൗജന്യമാണെന്ന ധാരണ ജനങ്ങൾക്കില്ല. പല സ്ഥലത്തും അത്യാവശ്യ ഘട്ടങ്ങളിൽ ഇവരുടെ സേവനം ലഭ്യമായതിനുശേഷം അവർക്ക് പാരിതോഷികം നൽകുന്ന ഒരു ഏർപ്പാട് നമ്മുടെ സമൂഹത്തിലിന്ന് പരക്കെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. ഇതിൽനിന്നും ജനങ്ങളെ ബോധവാന്മാരാക്കുവാനും ഒരു തരത്തിലുമുള്ള പാരിതോഷികങ്ങളും വാങ്ങരുത് എന്ന് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലെ സേനാംഗങ്ങൾക്ക് കർശന നിർദ്ദേശം കൊടുക്കുവാനും ഇത് പൂർണ്ണമായും സൗജന്യമാണെന്ന ബോധ്യം ജനങ്ങളിൽ വളർത്തുവാനും ഗവൺമെന്റ് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. മാത്യു റ്റി. തോമസിനുള്ള ദുരനുഭവം എന്താണെന്ന് എനിക്കറിയില്ല. എന്തെങ്കിലും പാരിതോഷികം ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹം തന്നെ നിരുത്സാഹപ്പെടുത്തേണ്ടതായിരുന്നു. അല്ലെങ്കിൽ ആ കാലത്തുതന്നെ ഗവൺമെന്റിൽ പെറ്റീഷൻ തന്നിരുന്നുവെങ്കിൽ ഗവൺമെന്റിന് അതിൽ പരിശോധന നടത്താൻ പറ്റുമായിരുന്നു. ഇത് രണ്ടും നടത്താൻ കഴിയാത്തിടത്തോളംകാലം നമുക്ക് ഇനിമേലിലുള്ള കാര്യത്തിൽ അനധികൃതമായി ആളുകളുടെ മുമ്പിൽ കൈനീട്ടുന്ന സ്വഭാവം ഉണ്ടാകരുതെന്നുള്ളതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്, അതനുസരിച്ച് മുമ്പോട്ടുപോകും.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇന്ന് പലതലത്തിലുള്ള ദുരന്തങ്ങൾ വർദ്ധിച്ചുവരികയാണ്. അതിനുവേണ്ടത് ഡിസാസ്റ്റർ മാനേജ്മെന്റാണ്. കേന്ദ്രത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആഭ്യന്തര വകുപ്പിന്റെ കീഴിലാണ്. നമ്മുടെ സംസ്ഥാനത്ത് അത് റവന്യൂ വകുപ്പിന്റെ കീഴിലാണ്. പക്ഷെ ദുരന്തങ്ങളുണ്ടാകുമ്പോൾ ഈ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പശ്ചാത്തലത്തിൽ റവന്യൂ വകുപ്പും ഫയർ ആന്റ് റെസ്ക്യൂ വകുപ്പും തമ്മിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് കഴിയുമോ ? മറ്റൊരു കാര്യം കൂടിയുണ്ട്. ഇന്ന് എറണാകുളത്താണ് ഏറ്റവും കൂടുതൽ ഹൈറൈസ്ഡ് ബിൽഡിങ്ങുകൾ ഉള്ളത്. അങ്ങ് മറുപടി പറഞ്ഞപ്പോൾ സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് പറഞ്ഞു. ഇന്ന് വലിയ കെട്ടിടങ്ങളിൽ തീപിടുത്തമുണ്ടായാൽ തടയുന്നതിനുവേണ്ടി വലിയ വാട്ടർ ടാങ്കുകൾ ഉണ്ടാക്കി അവിടെ മോട്ടോർ ഘടിപ്പിക്കണമെന്നാണ് നിയമം. പക്ഷേ പല സ്ഥലങ്ങളിലും ഇത്തരം വാട്ടർ ടാങ്കുകൾ ഉണ്ടാക്കാറില്ല. ഒരു സ്ഥലത്തുവയ്ക്കുന്ന മോട്ടോർ മറ്റൊരു കെട്ടിടം പണിയുന്ന സമയത്ത് ആ സ്ഥലത്തേക്ക് എടുത്തുകൊണ്ടു പോകുന്നു. അവിടെ മോട്ടോറുകൾ കാണാറില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റങ്ങൾ കണ്ടുപിടിച്ച് അത് തിരുത്തുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതു സംബന്ധിച്ച് വ്യക്തമായ പരാതിയുണ്ടെങ്കിൽ പരിശോധിച്ച് എന്താണ് നടപടിയെടുക്കാൻ കഴിയുന്നതിനെക്കുറിച്ച് ആലോചിക്കാം. ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ഡിസാസ്റ്റർ റെസ്പോൺസ് ആണ്. ഡിസാസ്റ്റർ റെസ്പോൺസിന്റെ ഏറ്റവും ആപ്റ്റായിട്ടുള്ള ഓർഗനൈസേഷൻ ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റാണ്. അതേസമയം ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ് റവന്യൂവിന്റെ കീഴിൽ ഭംഗിയായിട്ടുതന്നെ പ്രവർത്തിച്ചുവരികയാണ്. ഇത് തമ്മിലുള്ള കോ-ഓർഡിനേഷൻ നടക്കുന്നുണ്ട്. അത് ഭംഗിയായിട്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കുറെ നിർദ്ദേശങ്ങൾ ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. ഒരു സ്ഥലത്ത് വളരെ പെട്ടെന്ന് ഒരു അപകടം ഉണ്ടാകുമ്പോൾ ദൂരസ്ഥലത്ത് നിന്നും ഓടിയെത്തുന്നതിന് സേനയ്ക്കു വേണ്ടി സംസ്ഥാനതലത്തിൽ ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ. ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭൂമിയിലൂടെ എത്താനുള്ള ഒരു മാർഗ്ഗമാണ് നമ്മൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അങ്ങയുടെ പ്രൊപ്പോസൽ വളരെ ഗൗരവതരമായിട്ടുള്ളതാണ്. അത് നമുക്ക് സമയത്ത് ആലോചിക്കാം. ഇപ്പോൾ അതിന് മറുപടി പറയാൻ കഴിയില്ല.

ശ്രീ. പി. സി. ജോർജ്: സർ, അഗ്നിരക്ഷാ സേനയെപ്പറ്റി നല്ല വാക്കുകൾ മാത്രമേ എനിക്ക് പറയാനുള്ളു, പ്രത്യേകിച്ചും മലയോര മേഖലയായ എന്റെ നിയോജക മണ്ഡലത്തിൽ. മഴക്കാലത്ത് ഇവരുടെ സേവനം വേണ്ടിവരും. വെള്ളപ്പൊക്കം കൊണ്ടുള്ള ദുരിതം, വേനൽക്കാലത്തെ തീപിടിത്തം തുടങ്ങിയവയിൽ ഇവർ ചെയ്യുന്ന സേവനം വളരെ വലുതാണ്. ചെറിയ വണ്ടിയില്ല എന്ന പ്രശ്നമുണ്ട്. അതുപോലെ വണ്ടി പോകാനുള്ള സൗകര്യക്കുറവുമുണ്ട്. വണ്ടിയുടെ കുറവുപോലെ പ്രധാനപ്പെട്ട ഒരു കാര്യമാണ് നമ്മുടെ മതസൗഹാർദ്ദ കേന്ദ്രമായ എരുമേലിയിൽ ഫയർ സ്റ്റേഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പിന്റെ ചാർജ് വഹിച്ചിരുന്ന കാലത്തുതന്നെ ഉത്തരവിട്ടതാണ്. നാളിതുവരെയായി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അതും എത്രയുംവേഗം തുടങ്ങാനുള്ള നടപടി സ്വീകരിക്കണം. കാരണം എരുമേലിക്ക് പ്രത്യേക പ്രാധാന്യമുണ്ട്. വലിയ വണ്ടികൾ മാത്രമല്ല ചെറിയ വണ്ടികൾ കൂടി ഈ സേനയ്ക്കുണ്ടാകണം. ഒരു ഹെലിക്കോപ്റ്റർ തന്നെ ഈ അഗ്നിശമന സേനയ്ക്കായി വാങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണം എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ കയ്യെത്തും ദൂരത്തിരിക്കുന്ന ശ്രീ. പി. സി. ജോർജിന് ഇത്രയേറെ ആശയങ്ങളുണ്ട് എന്നുള്ളത് ഇപ്പോഴാണ് എനിക്കുപോലും പിടികിട്ടിയത്. അതുകൊണ്ട് അങ്ങ് പറഞ്ഞതെല്ലാം ഗൗരവമായിട്ട് പരിഗണിക്കുന്നതാണ്. അഗ്നിശമന രക്ഷാസേനയ്ക്കുവേണ്ടി ചെയ്യാൻ കഴിയുന്ന എല്ലാ നടപടികളും എടുക്കുകയും ചെയ്യും, എന്താണെന്നുള്ളത് പരിശോധിക്കും. ഹെലിക്കോപ്റ്റർ വാങ്ങുന്നത് ഹയർ ലെവലിൽ എടുക്കേണ്ട തീരുമാനമാണ്. ഞാൻ ഒറ്റയ്ക്കെടുക്കേണ്ട തീരുമാനമല്ല. നയപരമായ തീരുമാനമാണത്. അതുകൊണ്ട് എനിക്ക് അസംബ്ലിയിൽ അതിന് മറുപടി പറയാൻ കഴിയില്ല. എരുമേലിയിലെ കാര്യത്തെക്കുറിച്ച് ശ്രീ. പി. സി. ജോർജ് ചോദിച്ചു. ശ്രീ. പി. സി. ജോർജും ഞാനുമായിട്ട് ഈ കാര്യത്തെക്കുറിച്ച് സംസാരിച്ചിട്ടുള്ളതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, അഗ്നിശമനസേന എന്നാണ് പേരെങ്കിലും എല്ലാ അപകട മേഖലകളിലും ഓടിയെത്തുന്ന ഒരു സേനയാണിത്. സ്തുത്യർഹമായ സേവനമാണ് ഇവർ നടത്തുന്നത്. അടുത്ത ദിവസം ഒരു കുട്ടിയുടെ തലയിൽ സ്റ്റീൽ പാത്രം കുടുങ്ങിയപ്പോൾ ഈ സേനയാണ് രക്ഷിച്ചത്. മതിയായ പരിശീലനം ഇവർക്ക് ലഭിക്കേണ്ടത് അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം നൽകണമെന്നും സേവന-വേതന വ്യവസ്ഥയിൽ ഒരു മാറ്റം വരുത്തണമെന്നും ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നുന്നില്ലേ; അതിന്റെ അടിസ്ഥാനത്തിൽ ഒരു മാറ്റം കൂടി ശ്രദ്ധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. ഇ. കെ. വിജയൻ ചോദിച്ച അവസാനത്തെ ഒരു ചോദ്യത്തിന് ഞാൻ നേരത്തെ തന്നെ ഉത്തരം പറഞ്ഞിരുന്നു. വൺ മാൻ കമ്മീഷനെ വയ്ക്കുകയാണ്; ഇതെല്ലാം പരിശോധിക്കുകയാണ്. മോഡേൺ എക്യുപ്മെന്റ്സോടുകൂടി പോകണം. ഒരു മോഡേൺ കൺസപ്റ്റ് ഉണ്ടാകണം. ആധുനിക കാലഘട്ടത്തിൽ നമുക്കുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കഴിയത്തക്കവിധത്തിൽ ഇതിനെ സ്ട്രെങ്ത്തൻ ചെയ്യണം. അത് വേണമെന്നുവരികിൽ ഒരു എക്സ്പെർട്ട് ഒപ്പീനിയൻ കിട്ടണം. അതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്. അതുകൊണ്ടാണ് ഒരു വൺ മാൻ കമ്മീഷനെ ഗവൺമെന്റ് നിയോഗിക്കുന്നുവെന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : സർ, വയനാടൻ ചുരം ഉൾപ്പെടുന്ന മലബാറിലെ ഏറ്റവും വിസ്തൃതമായ മണ്ഡലമാണ് എന്റെ മണ്ഡലം. ഈ മണ്ഡലത്തിലാണ് കേരളം കണ്ട ഏറ്റവും വലിയ ദുരന്തമായ ഉരുൾപൊട്ടൽ നടന്നിട്ടുള്ളത്. മുക്കം ഫയർ സ്റ്റേഷൻ മാത്രമാണ് ഞങ്ങൾക്ക് പ്രതീക്ഷയായിട്ടുള്ളത്. മുക്കം ഫയർ സ്റ്റേഷന്റെ ബുദ്ധിമുട്ടുകളും പോരായ്മകളും പലതവണ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും അങ്ങ് ഫയർ കമാൻഡന്റിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. 23 ഫയർമാൻമാർ വേണ്ടിടത്ത് 13 തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. മൂന്ന് മാസമായി ഫയർ ഓഫീസറില്ല. മൊബൈൽ ടാങ്കറിൽ രണ്ടെണ്ണത്തിൽ ഒന്ന് 22 വർഷം പഴക്കമുള്ള കണ്ടം ചെയ്യേണ്ട വണ്ടിയാണ്.. വളരെ ഗൗരവകരമായി ഉരുൾപൊട്ടലൊക്കെ നടന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ ഇനിയെങ്കിലും ഈ കാര്യത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കിത്തരുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതുപോലെ അവിടെയുണ്ടായ ദുരന്തങ്ങൾ കേരളത്തെ മുഴുവൻ നടുക്കിയതാണ്. എല്ലാവർക്കും അതിൽ ദു:ഖമുണ്ട്. പക്ഷേ ഗവൺമെന്റിന് ആ കാലഘട്ടത്തിൽ ചെയ്യാവുന്നതിന്റെ മാക്സിമം റെസ്പോൺസ് ചെയ്യുകയും ചെയ്തു. എല്ലാ രൂപത്തിലും ഗവൺമെന്റ് സഹായം എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഈ പറഞ്ഞ കാര്യങ്ങളും പ്രത്യേകമായി പരിഗണിക്കും.

ശ്രീ. കെ. കെ. നാരായണൻ : സർ, ഫയർഫോഴ്സിന് ഡ്രൈവർ ഇല്ലാത്ത പ്രശ്നം തന്നെയാണ് എനിക്കും ഉന്നയിക്കാനുള്ളത്. തലശ്ശേരി മട്ടാമ്പ്ര പള്ളിക്കടുത്ത് ഒരു കടയ്ക്ക് തീപിടിച്ചു. തലശ്ശേരി ഫയർഫോഴ്സിനെ വിളിച്ചപ്പോൾ ഡ്രൈവർ ഉണ്ടായിരുന്നില്ല. അവിടത്തെ മത്സ്യമാർക്കറ്റിലെ ഒരു തൊഴിലാളി ഓടിപ്പോയാണ് ഫയർഫോഴ്സിന്റെ വണ്ടികൊണ്ടുവന്ന് തീ കെടുത്തിയത്. അവിടെ ഡ്രൈവറെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഡ്രൈവർ-കം-ഫയർമാൻമാരുടെ ട്രെയിനിംഗാണ് ഈ 4-ാം തീയതി തുടങ്ങുന്നുവെന്നുപറഞ്ഞത്. ഡ്രൈവർമാരെ നിയമിക്കാൻ കഴിയാതെ പോയത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റ് കിട്ടാത്തതുകൊണ്ടായിരുന്നു. ഇപ്പോൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. 239 ആളുകളുടെ ലിസ്റ്റ് ആണ് കിട്ടിയിട്ടുള്ളത്, വെരിഫിക്കേഷൻ പൂർത്തിയായവരുടെ എണ്ണം 200-ന് തൊട്ടുതാഴെയുണ്ട്. അവരുടെ ട്രെയിനിംഗ് ഉടൻതന്നെ തുടങ്ങുകയാണ്. നാലുമാസംകൊണ്ട് ട്രെയിനിംഗ് പൂർത്തീകരിക്കും, അതുകഴിഞ്ഞാൽ ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ കഴിയും.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, സംസ്ഥാനത്ത് ഇപ്പോൾ 102 ഫയർ സ്റ്റേഷനുകളാണ് നിലവിലുള്ളത്. ജനസംഖ്യ ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ നിയോജകമണ്ഡല അടിസ്ഥാനത്തിലെങ്കിലും ഫയർ സ്റ്റേഷനുകൾ തുടങ്ങുവാനുള്ള നടപടി ഈ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഫയർ സ്റ്റേഷന്റെ പ്രയോറിറ്റി ലിസ്റ്റിനകത്ത് 22 സ്ഥലങ്ങളാണ് ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. മറ്റ് ഫയർ സ്റ്റേഷനുകളൊന്നും ഇല്ലാത്ത സ്ഥലങ്ങൾക്ക് പ്രാധാന്യം കൊടുത്താണ് ചെയ്തിരിക്കുന്നത്. അങ്ങ് പറയുന്ന എരുമേലി ഇതിനകത്ത് ഏറ്റവും ടോപ്പ് പ്രയോറിറ്റിയിൽ തന്നെയുള്ളതാണ്. അത് പരിശോധിച്ചതിനുശേഷം മറ്റ് നടപടിയിലേക്ക് പോകും.

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ മണ്ഡലം തീരദേശ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു മണ്ഡലമാണ്. കഴിഞ്ഞ വർഷം ഏകദേശം ഒമ്പത് വീടുകളും നാല് കടകളുമാണ് കത്തി നശിച്ചത്. ഇവിടെയുണ്ടാകുന്ന ഒരു പ്രശ്നം, ഇരിങ്ങാലക്കുടയിൽ നിന്നോ ഗുരുവായൂരിൽ നിന്നോ ഫയർ സ്റ്റേഷൻ സംവിധാനം എത്തുമ്പോഴേക്കും ഇത്തരം സംഭവങ്ങൾ വളരെ നാശത്തിലേക്ക് വരികയാണ്. നാട്ടിക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ സംവിധാനത്തിനായി ഈ വർഷം അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടിയന്തര പ്രാധാന്യം കൽപ്പിച്ചുകൊണ്ട് തീരദേശമേഖല എന്നുള്ള പരിഗണനയോടുകൂടി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ? നാട്ടിക വലപ്പാട് പഞ്ചായത്തിൽ 25 സെന്റ് ഭൂമിയുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇപ്പോൾ എന്റെ കൈവശമുള്ള പ്രയോറിറ്റി ലിസ്റ്റിനകത്ത് ഒറ്റനോട്ടത്തിൽ അത് കാണുന്നില്ല. എന്നാലും ശ്രീമതി ഗീതാ ഗോപി പറഞ്ഞതനുസരിച്ച് എന്താണ് ചെയ്യാൻ കഴിയുന്നത് എന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, അഗ്നിരക്ഷാസേന, ദുരന്ത നിവാരണസേന, പോലീസ് സേന ഇവ തമ്മിൽ ഒരു അടിയന്തരഘട്ടത്തിൽപോലും യോജിച്ച് പ്രവർത്തിക്കുന്നതായി പലപ്പോഴും കാണുന്നില്ല. ഈഗോയൊന്നുമില്ലാതെ ഇവ തമ്മിൽ യോജിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനുള്ള സാധ്യതകളും പദ്ധതികളും പരിശോധിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം കോ-ഓർഡിനേഷൻ മാത്രമല്ല. പണ്ടുണ്ടായിരുന്ന ചില കൺസെപ്റ്റുകളുടെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങളൊക്കെ ചെയ്തുവരുന്നത്. പക്ഷേ, ആധുനിക കാലത്തിലെത്തുമ്പോൾ അതിനേക്കാൾ വ്യത്യസ്തമായി ഒരുപാട് ഭീഷണികൾ ജനങ്ങൾക്കുണ്ടാവുകയാണ്. അതിനെ നേരിടത്തക്കവിധത്തിൽ നല്ല ഉപകരണങ്ങൾ വേണം, നല്ല ട്രെയിനിംഗ് വേണം. ആ നിലയിലേക്ക് പോകുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. അതുകൊണ്ടാണ് ഇതെല്ലാം പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് സബ്മിറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കുന്നു എന്ന് ഞാൻ നേരത്തെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ഇ.ബി. പദ്ധതികളുടെ പരമ്പരാഗത കാർഷിക പുരോഗതി

2 (*302) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരമ്പരാഗത കൃഷികൾ പുനഃരുദ്ധരിക്കാൻ കെ.എസ്.ഇ.ബി.-ക്ക് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പശ്ചിമഘട്ടങ്ങൾക്ക് ഐക്യരാഷ്ട്രസഭ ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് നൽകിയതുവഴി പ്രസ്തുത മേഖലയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സഹായത്തിനായി യുനസ്കോ'-യെ സമീപിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) പരമ്പരാഗത കാർഷിക വിളകളുടെ വൈവിധ്യം, ഇവയിൽ നഷ്ടപ്പെട്ടവയുടെ വിശദവിവരങ്ങൾ, ലഭ്യതാസ്രോതസ്സുകൾ എന്നിവയുടെ കണക്കെടുക്കുക,. നെൽപ്പാട ആവാസ വ്യവസ്ഥയുടെ ഇനവിവരപ്പട്ടിക തയ്യാറാക്കുക, പാരമ്പര്യ കൃഷിരീതികളിൽ വൈദേശിക ഇനങ്ങളുടെ ആവിർഭാവം മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, കാർഷിക സമീപനത്തിൽ കാർഷിക ആവാസ വ്യവസ്ഥാ സമീപനം വികസിപ്പിച്ചെടുക്കുക, തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണവും ഉല്പാദനവും പ്രോത്സാഹിപ്പിക്കുക, വിത്തുവില്ലേജുകൾ സ്ഥാപിക്കുക, ജനിതക പരിവർത്തനം വരുത്തിയ വിളകളുടെ ഉപയോഗം തടയുക എന്നിവ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കർമ്മപദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

ഇതിൻപ്രകാരം വയനാട് ജില്ലയിലെ ഇടവക ഗ്രാമപഞ്ചായത്തിൽ കിഴങ്ങുവർഗ്ഗ വിളകളുടെ വൈവിധ്യം സംരക്ഷിക്കുന്നതിനായി ഒരു പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. വയനാട്ടിലെ പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിക്കുന്നതിനായി "ട്രാക്കിംഗ് ആന്റ് കൺസർവേഷൻ ഓഫ് ട്രഡീഷണൽ റൈസ് വെറൈറ്റീസ് ഇൻ വയനാട്" എന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ വിളകളുടെ വിത്തിനങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതിന് "സീഡ് ബാങ്ക് എസ്റ്റാബ്ലിഷ്മെന്റ് ഫോർ കൺസർവേഷൻ ഓഫ് പ്ലാൻ ഡൈവേഴ്സിറ്റി ആന്റ്. വൈൽഡ് ക്രോപ്പ് ഡൈവേഴ്സിറ്റി" എന്ന പദ്ധതിയുടെ അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. ലോക ഹെറിറ്റേജ് സൈറ്റ് സ്റ്റാറ്റസ് ലഭിച്ചത് പശ്ചിമഘട്ടത്തിലെ പരമ്പരാഗത കൃഷിരീതികൾ പുനഃരുജ്ജീവിപ്പിക്കുന്നതിനും എക്കോ സിസ്റ്റം സർവ്വീസസിനുപകരം കർഷകർക്കും ഭൂവുടമകൾക്കും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള ധനസഹായം ഐക്യരാഷ്ട്ര സഭയിൽനിന്ന് ലഭിക്കുന്നതിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പശ്ചിമഘട്ട സംരക്ഷണത്തിനും സന്ദർശകരിൽ നിന്നുള്ള വരുമാനത്തിനും ഈ പുതിയ സ്ഥാനലബ്ധി പ്രയോജനപ്പെടുമെന്ന് കരുതുന്നു.

(സി) ഇത്തരം നടപടികൾ യുനസ്ക്കോയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് സ്വീകരിക്കാനുള്ളവയാണ്. ഈ ദിശയിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഇത് അന്താരാഷ്ട്ര തലത്തിലുള്ള നടപടികളാകയാൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ആവശ്യമാണ്.

ശ്രീ. സണ്ണി ജോസഫ് : സർ, പരമ്പരാഗത കാർഷിക വിളകൾ, വിത്തിനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയെല്ലാം സംരക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ ആരംഭിച്ചുവെന്നത് സ്വാഗതാർഹമാണ്. എന്നാൽ പലപ്പോഴും കാർഷിക മേഖലയിൽ, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ ഉല്പാദനത്തിൽ കാണുന്നത് അമിത രാസവള പ്രയോഗങ്ങളും കീടനാശിനികളുമാണ്. എൻഡോസൾഫാൻമൂലം മാരകമായ രോഗങ്ങളും ദുരന്തങ്ങളുമുണ്ടായ കേരളത്തിൽ ഈ അമിതരാസവള പ്രയോഗവും കീടനാശിനി ഉപയോഗവും തടയുന്നതിനാവശ്യമായ ഫലപ്രദമായ ബദൽ സംവിധാനങ്ങൾക്കുറിച്ചുള്ള പഠനങ്ങളും പ്രോത്സാഹന നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി : സർ, ഈ ബോർഡിന്റെ മുഖ്യമായ ജോലികളിൽ ഒന്ന് അതാണ്. കാരണം, രാസവളങ്ങളും അതുപോലെ മാരകമായ കീടനാശിനികളും ഒഴിവാക്കുക, ജൈവ കീടനാശിനികൾ ഫലപ്രദമാണ് എന്ന് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുണ്ട്. പക്ഷെ, അതിന്റെ ഉല്പാദനരംഗത്ത് നമുക്ക് ഇനിയും വളരെ കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്. ജൈവ കീടനാശിനികൾ പ്രചരിപ്പിക്കുന്നതിനും അതിന് കൂടുതൽ അംഗീകാരം നേടിയെടുക്കുന്നതിനും ശ്രമിക്കേണ്ടതായിട്ടുണ്ട്. ആ കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധചെലുത്തും.

ശ്രീ. സണ്ണി ജോസഫ് : സർ, സസ്യസമ്പത്തുപോലെത്തന്നെ നമ്മുടെ മൃഗസമ്പത്തും നിലനിർത്തേണ്ടത് ഏറ്റവും ആവശ്യമാണ്. അനിമൽ ബയോ ഡൈവേഴ്സിറ്റി ഏറ്റവും പ്രാധാന്യമുള്ള ഒരു മേഖലയാണ്. വെച്ചൂർ പശുക്കൾ, കാസർഗോഡ് ഡ്വാർഫ്, ഹൈറേഞ്ച് ഡ്വാർഫ്, അട്ടപ്പാടിയിലെ ബ്ലാക്ക് ആടുകൾ, മലബാറി ആടുകൾ, അതുപോലെ നാടൻ കോഴികൾ ഇവയെല്ലാം ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെ വംശപരമ്പര നിലനിർത്താൻ ആവശ്യമായ പ്രോത്സാഹന നടപടികൾ ഇതിന്റെ ഭാഗമായി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻചാണ്ടി : സർ, ബയോ ഡൈവേഴ്സിറ്റി ബോർഡ് ഇക്കാര്യത്തിലും പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. നാടൻ പശുക്കൾ, ആടുകൾ തുടങ്ങിയവയ്ക്കു വേണ്ടിയിട്ടുള്ള പ്രത്യേക പരിപാടികളുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വെച്ചൂർ പശു, കാസർഗോഡ് ഡ്വാർഫ്, ഹൈറേഞ്ച് ഡ്വാർഫ്, മലബാറി ആട്, അട്ടപ്പാടി ബ്ലാക്ക്, കുട്ടനാട് താറാവ് ഇതിനെയൊക്കെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനുള്ള സംവിധാനങ്ങളുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: താറാവിനെയൊക്കെ ആളുകൾ ഇപ്പോൾ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടാണ് അത് കുറഞ്ഞുവരുന്നത്.

ശ്രീ. എം. പി. വിൻസെന്റ്: സർ, ജൈവ വൈവിധ്യ ബോർഡ് വഴി സമൂഹത്തിലെ സസ്യജാലങ്ങളെയും ജീവജാലങ്ങളെയും സംരക്ഷിക്കാൻ കഴിയുന്നുണ്ട്. ജൈവവൈവിധ്യ സംരക്ഷണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ പൊതുജനങ്ങൾക്ക് ഇതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് ഇതിന്റെ സംരക്ഷണ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ആളുകളുടെ സഹായത്തോടെ ഒരു ജൈവ വൈവിധ്യപാർക്ക് പശ്ചിമഘട്ട മലനിരകളിലായി സ്ഥാപിക്കാൻ കഴിയുമോ ?

ശ്രീ. ഉമ്മൻചാണ്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ല നിർദ്ദേശമാണ്. അത് ആലോചിക്കാവുന്നതാണ്. പശ്ചിമഘട്ടത്തിന് ഇന്ന് ഏറ്റവും വലിയ അംഗീകാരമാണ് അന്താരാഷ്ട്രതലത്തിൽ തന്നെ ലഭിച്ചിരിക്കുന്നത്. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇൻഡ്യയിൽത്തന്നെ ജൈവ വൈവിധ്യ പരിപാലനസമിതികളും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളും പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ തുടങ്ങി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ആദ്യത്തെ സംസ്ഥാനം കേരളമാണ്. ജനകീയ പങ്കാളിത്തത്തോടുകൂടി ഇതിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട് അതിന് വേണ്ടത്ര അംഗീകാരവും പ്രസിദ്ധീകരണവുമൊക്കെ കൊടുത്തുകൊണ്ട് ജനങ്ങളുടെ പിന്തുണ നേടിയെടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി കൂടുതൽ വിജയകരമായ പ്രവർത്തന പരിപാടികളുമായി മുന്നോട്ടുപോകുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ, പ്രൊഫ. സി. രവീന്ദ്രനാഥിന്റെ നിയോജകമണ്ഡലമായ കൊടകരയിലുള്ള കോടാലി ഗവൺമെന്റ് എൽ.പി. സ്കൂൾ ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമാണ്. കണ്ടാൽ വളരെ സുന്ദരമായ അവിടം നല്ല രീതിയിൽ കൊണ്ടുപോയി കുട്ടികൾക്ക് ഇത്തരത്തിലുള്ള അവബോധമുണ്ടാക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റ് എൽ.പി. സ്കൂളിൽ 500 വിദ്യാർത്ഥികളുണ്ട്. എനിക്ക് തോന്നുന്നു, കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽതന്നെ ഗവൺമെന്റ് യു.പി. സ്കൂളിൽ 500 വിദ്യാർത്ഥികളുള്ള സ്കൂളില്ല. അങ്ങനെയുള്ള നടപടികൾ കൂടി തുടങ്ങിവച്ചിട്ടുണ്ട്. അത് വലിയ ഒരു സന്ദേശമാണ്.

ശ്രീ. പി. എ. മാധവൻ: സർ, ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രവർത്തനമേഖലകളിൽ നെൽപാട ആവാസ വ്യവസ്ഥ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ, വിത്ത് വില്ലേജുകൾ തുടങ്ങി ഒട്ടേറെ പ്രാധാന്യം അർഹിക്കുന്ന പദ്ധതികളെക്കുറിച്ച് അങ്ങ് ഇവിടെ വിശദീകരിക്കുകയുണ്ടായി. ബയോഡൈവേഴ്സിറ്റിക്ക് ഏറ്റവുമേറെ പ്രാധാന്യമുള്ള ഒരു മേഖലയാണ് തൃശ്ശൂർ പൊന്നാനി കോൾപാടങ്ങൾ. അവിടെ പരമ്പരാഗത കൃഷി പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് കോൾമേഖലയിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും കെ.എസ്.ഡി.പി.-യുടെ പ്രവർത്തനം അവിടേക്കുകൂടി വ്യാപിപ്പിക്കുവാനും തയ്യാറാകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രവർത്തനം ആ മേഖലയിലും ഉണ്ട്. സീഡ് വില്ലേജസ്, കമ്മ്യൂണിറ്റി സീഡ് ബാങ്ക്സ് ഇവയൊക്കെ നമ്മുടെ പ്രത്യേകതരം വിത്തിനങ്ങൾ സംരക്ഷിച്ചുകൊണ്ട് കൃഷി രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകണമെന്നുള്ളതുതന്നെയാണ്. അതുപോലെ കുളങ്ങളിലെ ആവാസ വ്യവസ്ഥ - പോണ്ട് ഇക്കോ സിസ്റ്റം, തനതു മത്സ്യങ്ങൾ വളർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക ഇതൊക്കെ വളരെയേറെ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ കോൾ നിലങ്ങളുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കും.

ശ്രീ. ലൂഡി ലൂയിസ് : സർ, രാസവസ്തുക്കളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗംമൂലം കൃഷിഭൂമിയുടെ ജൈവാവസ്ഥക്ക് മാറ്റം വന്നിരിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷിക്കാർ ജൈവ കൃഷിയിലേക്ക് മാറുമ്പോൾ അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ജൈവകൃഷിയെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കേണ്ടതാണ്. കാരണം, അത് നമുക്കുണ്ടാക്കുന്ന അനുകൂല ഘടകങ്ങൾ ആരോഗ്യരംഗത്ത് വളരെയേറെ പ്രയോജനം ചെയ്യും. അമിതമായ കീടനാശിനിയുടെയും മാരകമായിട്ടുള്ള രാസവളങ്ങളുടെയും ഉപയോഗം നമുക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്. പ്രത്യേകിച്ച്, പച്ചക്കറിപോലുള്ള ഐറ്റത്തിന് അത് വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതൊഴിവാക്കാൻ ആവശ്യമായ നടപടികൾ പരമാവധി ചെയ്യുന്നതാണ്. സാങ്കേതികമായി ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ കൃഷിവകുപ്പുമായി ചേർന്നുകൊണ്ട് പ്രത്യേക സംവിധാനം ഉണ്ടാക്കാൻ തയ്യാറാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, എന്റെ മണ്ഡലത്തിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു ജൈവ വൈവിധ്യ ഉദ്യാന പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒരു ഉദാഹരണമാണ് കോടാലി സ്കൂളിൽ പറഞ്ഞത്. ഇതിന്റെ ഭാഗമായി ഇപ്പോൾ നിലവിലുള്ള ജൈവ വൈവിധ്യത്തെ രജിസ്റ്റർ ചെയ്യുന്നതിനും തുടർന്ന് രണ്ടുമൂന്ന് വർഷത്തിന്റെ ആക്ഷനിലൂടെ ജൈവ വൈവിധ്യം വർദ്ധിപ്പിക്കാനുള്ള ഒരു പദ്ധതിയാണ്. ഇതിനുവേണ്ടി ഒരു നഴ്സറി ഉണ്ടാക്കാൻ അതായത് ബയോഡൈവേഴ്സിറ്റി കീപ്പ് ചെയ്യാൻ, പ്രിസർവ് ചെയ്യാൻ ഉള്ള ജെയിംപ്ലാസം നഴ്സറി ഉണ്ടാക്കാൻ കുറച്ചു പണം വേണമെന്നുള്ളതുകൊണ്ട് എം.എൽ.എ.ഫണ്ടിൽനിന്ന് ഇതിനുവേണ്ടി കാർഷിക സർവ്വകലാശാലക്കും അതുപോലെ അത്തരത്തിലൊരു നഴ്സറി ഉണ്ടാക്കാൻ സാധിക്കുന്ന സ്ഥാപനങ്ങൾക്കും എഴുതിക്കൊടുത്തു. അതിന് മറുപടി കിട്ടിയത് വളരെ വിചിത്രമാണ്. അതായത് എം.എൽ.എ. ഫണ്ട് ഫിക്സഡ് അസറ്റ്സ് ഉണ്ടാക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ, ഇതിനുപയോഗിക്കാൻ കഴിയില്ല എന്നുള്ളതാണ്. ബയോഡൈവേഴ്സിറ്റിയാണ് ഏറ്റവും വലിയ ഫിക്സഡ് അസറ്റ് എന്ന് നമുക്ക് മനസ്സിലാകുന്ന സാഹചര്യത്തിൽ റോഡും തോടും പോലുള്ളവയാണ് ഫിക്സഡ് അസറ്റ് എന്നുപറഞ്ഞ് എം.എൽ.എ. ഫണ്ട് അതിന് ഉപയോഗിക്കാൻ പറ്റാത്ത ഒരു സാഹചര്യമുണ്ട്. ഇത് തിരുത്തിക്കൊണ്ട് ബയോഡൈവേഴ്സിറ്റി ജെയിംപ്ലാസം നഴ്സറി പോലുള്ളത് തുടങ്ങാൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കാവുന്ന രീതിയിലേക്കുള്ള ഒരു നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബയോഡൈവേഴ്സിറ്റി രംഗത്തെ പ്രവർത്തനം ഒരു ഡെപ്പോസിറ്റാണ് എന്നുപറയുന്നതിനോട് പൂർണ്ണമായി യോജിക്കുന്നു. ഫ്യൂച്ചറിലേക്കുള്ള നമ്മുടെ ഏറ്റവും വലിയ ഒരു സമ്പാദ്യമാണ്; സംശയമില്ല. സാങ്കേതികമായി ഏത് സാഹചര്യത്തിലാണ് ഇങ്ങനെ ഒരു തീരുമാനമെടുത്തതെന്ന് അറിയില്ല, ഇപ്പോൾ എടുത്തിരിക്കുന്നത് എം.എൽ.എ. ഫണ്ടിന്റെ ഈ ഫിക്സഡ് അസറ്റ് എന്നുള്ള നിലയിലാണ്. ഇപ്പോൾ ഒരു റോഡിന്റെ റിനോവേഷൻ, റീ-ടാറിംഗ് എം.എൽ.എ. ഫണ്ടിൽ നിന്ന് ഉണ്ടാക്കാൻ സാധിക്കില്ല. കാരണം അത് ഫിക്സഡ് അല്ല എന്നുള്ളതാണ്. ആ ഒരു അർത്ഥത്തിലായിരിക്കും അത് തന്നിട്ടുള്ളത്. ഏതായാലും കോട്ടാലി സ്കൂളിൽ വളരെ മാതൃകാപരമായിട്ടുള്ള പ്രവർത്തനമാണ് നടന്നിട്ടുള്ളത്. കൃഷിമന്ത്രി അത് ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ നിങ്ങൾക്ക് ആവശ്യമായിട്ടുള്ള കാര്യങ്ങൾ ബയോ ഡൈവേഴ്സിറ്റി ബോർഡിനെക്കൊണ്ട് ചെയ്യിക്കുന്നതായിരിക്കും

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ 41 നദികളും ഉൽഭവിക്കുന്നത് പശ്ചിമഘട്ട മലനിരകളിൽനിന്നാണ്. ലോകത്തിലെ അപൂർവ്വമായ സസ്യജന്തു ജാലങ്ങളുടെ ജൈവവൈവിധ്യ കലവറയാണ് പശ്ചിമഘട്ട മലനിരകൾ. അവിടെയുള്ള പുൽമേടുകൾ അറിയപ്പെടുന്നത് സ്പോഞ്ചി ഗ്രാസ് എന്നാണ്. മഴക്കാലത്ത് വെള്ളം മുഴുവൻ അത് ഒബ്സെർവ് ചെയ്തുവയ്ക്കുകയും മഴ മാറി വേനലാകുമ്പോൾ ഓരോ തുള്ളിയായി പുറത്തേക്ക് വിടുകയും ചെയ്യുന്ന അപൂർവ്വമായ ഒരു ഇക്കോസിസ്റ്റമാണ് പശ്ചിമഘട്ട മലനിരകളിലുള്ളത്. അവിടെയുള്ള വനനശീകരണവും അനധികൃതമായ ക്വാറിയിംഗും മണൽവാരലും ഉൾപ്പെടെയുള്ള നടപടികൾ ആ പശ്ചിമഘട്ട മലനിരകളെ തകർത്തു കൊണ്ടിരിക്കുകയാണ്. രൂക്ഷമായ ഈ വരൾച്ചയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ, ലോകപൈതൃക സ്വത്തായ പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിക്ക് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നേതൃത്വത്തിൽ രൂപം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പല കാര്യങ്ങളോടും എതിർപ്പുണ്ടെങ്കിലും പല നല്ല നിർദ്ദേശങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനുവേണ്ടി അവർ വച്ചിട്ടുള്ള ചില നിർദ്ദേശങ്ങളാണ്. ചില കാര്യങ്ങൾ അപ്രായോഗികമാണ്. അപ്രായോഗികമായിട്ടുള്ള കാര്യങ്ങൾ നമ്മൾ ഈ സഭയിൽതന്നെ ചർച്ച ചെയ്യുകയും ഒരേ രീതിയിൽതന്നെ അതിനെ എതിർക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, പ്രായോഗികമായി ചെയ്യേണ്ടതായിട്ടുള്ള, സംരക്ഷിക്കേണ്ടതായിട്ടുള്ള പല നിർദ്ദേശങ്ങളുമുണ്ട്. ആ നിർദ്ദേശങ്ങൾ നിശ്ചയമായും അർഹിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ കണക്കിലെടുത്ത് അതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ബയോഡൈവേഴ്സിറ്റി നിലനിർത്തുന്നതിനും വിത്ത് സംരക്ഷിക്കുന്നതിനും കാലാവസ്ഥാപരവും പ്രദേശപരവുമായി പ്രത്യേകതകളുണ്ട്. വയനാട്ടിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങളുണ്ട്. അത് വയനാട്ടിൽമാത്രമേ വളരുകയുള്ളു. വയനാടൻ മണ്ണിലും വയനാടിന്റെ കാലാവസ്ഥയിലുമുള്ള നെല്ലാണ്. അത് അവിടെ കൃഷി ചെയ്യാൻ ശ്രമിക്കുന്ന കർഷകർക്ക് പ്രത്യേക സഹായവും അത് അവിടെ നിലനിർത്താനുള്ള സംവിധാനവുമുണ്ടാക്കുക എന്നത് ബയോഡൈവേഴ്സിറ്റിയുടെ ഉത്തരവാദിത്തമാണ്. അതുപോലെ പാലക്കാട് ജില്ലയിൽ 205-ലധികം ഇനം വഴുതനയുണ്ടായിരുന്നു. ഇപ്പോൾ അവിടെ പത്തിനം വഴുതന മാത്രമേയുള്ളു. ഇപ്പോഴുള്ളത് കണ്ടെത്താനും സംരക്ഷിക്കാനുമുള്ള സംവിധാനം പാലക്കാട്ടുതന്നെ ഉണ്ടാകണം ചില ജില്ലകളിലും പ്രദേശങ്ങളിലും മണ്ണിന്റെയും കാലാവസ്ഥയുടെയും പ്രത്യേകത കൊണ്ടുമാണ് ചില പ്രത്യേകയിനം വിളകൾ നശിക്കാതിരിക്കുന്നത്. ഇൻഡ്യയിൽതന്നെ ബയോഡൈവേഴ്സിറ്റി ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. അത് സംരക്ഷിക്കുന്നതിനാവശ്യമായ സംവിധാനവും അത് സംരക്ഷിക്കുന്ന കർഷകർക്ക് പ്രത്യേക സഹായവും ബയോഡൈവേഴ്സിറ്റി വഴി ചെയ്യാൻ തയ്യാറാവുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബയോഡൈവേഴ്സിറ്റി ബോർഡിന്റെ മുഖ്യജോലികൾ ഇതുതന്നെയാണ്. ഇപ്പോൾ വയനാട്ടിൽ, ബഹുമാനപ്പെട്ട ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ `ട്രാക്കിംഗ് ആന്റ് കൺസർവേഷൻ ഓഫ് ട്രെഡീഷണൽ റൈസ് വെറൈറ്റി ഇൻ വയനാട്' എന്നൊരു പ്രോഗ്രാം എടുത്തിട്ടുണ്ട്. അവിടെയുള്ള ചില കൃഷിക്കാർ വളരെ പ്രാധാന്യത്തോടുകൂടി വളരെയധികമിനം നെൽവിത്തുകൾ സംരക്ഷിക്കുന്ന ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. അവരെ കണ്ടെത്തുകയും അവർക്കുവേണ്ട പ്രോത്സാഹനങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുപോലെ വിവിധയിനം കിഴങ്ങുവർഗ്ഗത്തിൽപ്പെടുന്ന 21 ഇനം വർഗ്ഗത്തിൽപ്പെട്ട കാച്ചിലുകൾ കാട്ടിലും 19 ഇനം വർഗ്ഗത്തിൽപ്പെട്ട കാച്ചിലുകൾ നാട്ടിലും കണ്ടെത്തിയിട്ടുണ്ട് 20 ഇനത്തിൽപ്പെട്ട ചേമ്പുകളും കണ്ടെത്തിയിട്ടുണ്ട്. ഇതൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രത്യേക സംവിധാനങ്ങളും എടുത്തിട്ടുണ്ട്. ആ രംഗത്ത് പ്രത്യേക ശ്രദ്ധ ചെലുത്തുന്നവർക്കാവശ്യമായ പ്രോത്സാഹനവും നൽകും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമ്മുടെ നാട്ടിലെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിൽ ഏറ്റവും കൂടുതൽ പ്രയോജനപ്പെട്ട ഒന്നായിരുന്നു കാവുകളും അതിനോട് ചേർന്നുള്ള കുളങ്ങളും. ഇപ്പോൾ അവ സംരക്ഷിക്കുന്നതിന് ഉടമസ്ഥരായ പഴയ കുടുംബക്കാർക്ക് കഴിയുന്നില്ല. പൊതു ഉടമസ്ഥതയിലുള്ള തല്ലാത്ത ക്ഷേത്രങ്ങളും കാവുകളും കുളങ്ങളുമൊക്കെ സംരക്ഷിച്ചാൽ ഇപ്പോഴത്തെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ജൈവസമ്പത്തിന്റെ കലവറയായ കാവുകളേയും കുളങ്ങളേയും സംരക്ഷിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. ബയോ ഡൈവേഴ്സിറ്റി ബോർഡിൽ അതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; അത് സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കുളങ്ങളും കാവുകളും സംരക്ഷിക്കേണ്ടത് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിനുപോലും പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതിനുവേണ്ടി പ്രത്യേക സ്കീം കൊണ്ടുവന്നിരുന്നു. കൃഷി വകുപ്പ് ഓരോ പഞ്ചായത്തിലും ഓരോ കുളങ്ങൾ ഏറ്റെടുത്ത് നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബയോ ഡൈവേഴ്സിറ്റി ബോർഡിന് കുളങ്ങളിലെ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിന് പോണ്ട് എക്കോ സിസ്റ്റം എന്ന പേരിലൊരു സ്കീം ഉണ്ട്. വനംവകുപ്പിനും അതുപോലുള്ള സ്കീമുകളുണ്ട്. ഇത് നമ്മുടെ പരിസ്ഥിതി സംരക്ഷണത്തിനും സാംസ്കാരിക പാരമ്പര്യത്തിനും ഏറ്റവും ആവശ്യമായിട്ടുള്ള സംഗതിയാണ്. ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ പ്രാഥമിക പരിസ്ഥിതി സംരക്ഷണത്തിൽപ്പെടുത്തി ഇക്കാര്യങ്ങളിൽ പ്രത്യേക സ്കീം ഉണ്ടാക്കുന്നതാണ്.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കാവുകൾ നവീകരിക്കാനുള്ള പദ്ധതിക്ക് പണം അനുവദിക്കുന്നത് വനം വകുപ്പാണ്. അതിനകത്തുള്ള കുളങ്ങളും സംരക്ഷിക്കുന്നുണ്ട്. ഇപ്പോൾ നമ്മുടെ നാട്ടിൽ 10000 രൂപ വച്ച് ഒരു കാവിന് പത്തുവർഷംകൊണ്ടാണ് കൊടുക്കുന്നത്. അത് പൂർത്തീകരിക്കാൻ പ്രയാസമുള്ളതുകൊണ്ട് പദ്ധതി മാറ്റുകയാണ്. ഒരുമിച്ച് ഒന്നോ രണ്ടോ ലക്ഷംരൂപ നൽകി കാവും അതിനോടൊപ്പമുള്ള കുളവും നവീകരിച്ച് വൃത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പ് നൽകിയിട്ടുണ്ട്. അതിന് അംഗീകാരം നൽകി ഉടൻ നടപ്പിലാക്കും.

ശ്രീ. എ. കെ. ബാലൻ: സർ, മാധവ് ഗാഡ്ഗിൽ സമിതിയുടെ പശ്ചിമഘട്ട പരിസ്ഥിതി പഠന റിപ്പോർട്ട് കേരളത്തിന്റെ വികസനത്തെ ഏതുരൂപത്തിൽ ബാധിക്കുമെന്നതിനെസംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തതും വിലയിരുത്തിയതുമാണ്. യുനെസ്കോയുടെ പട്ടികയിൽപ്പെട്ടതോടെ ഈ മേഖലയിലെ കൃഷിയെ എങ്ങനെ ബാധിക്കുന്നുവെന്ന് പഠനം നടത്തിയിട്ടുണ്ടോ; കൃഷി ഉപജീവനമാക്കിയ ലക്ഷക്കണക്കിന് പാവപ്പെട്ട കൃഷിക്കാരുടെ നിലനില്പിനെ ഇത് ഏത് രൂപത്തിലാണ് ബാധിക്കാൻ പോകുന്നത് എന്നതിനെ സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ, കൃഷിക്ക് ദോഷകരമായി വരുന്ന ഒരു നിർദ്ദേശവും സ്വീകരിക്കുകയില്ല. കൃഷിയെയും കൃഷിക്കാരനെയും പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെയെടുക്കും. പക്ഷെ വൻതോതിലുള്ള ഖനനം, ക്വാറി പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങൾക്കുള്ള നിരോധനം പരിസ്ഥിതി സംരക്ഷണത്തിനുള്ള നടപടികൾക്ക് വിധേയമായിട്ടുമാത്രമേ അതിനെക്കുറിച്ച് അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ. പക്ഷെ കൃഷിക്ക് ഒരുവിധത്തിലും അത് ദോഷമായി വരില്ല. മറിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കാനും അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്ത് കാർഷിക പ്രവർത്തനങ്ങൾ നടത്താൻ പറ്റുന്നില്ലെങ്കിൽ കർഷകർക്ക് അർഹമായ കോമ്പൻസേഷൻ വാങ്ങിക്കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ്: സർ, ജൈവകൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് അങ്ങുൾപ്പെടെ നമ്മളെല്ലാവരും പറയുന്നുണ്ട്. ജൈവകീടനാശിനികൾ ഫലപ്രദമാണെന്ന് അങ്ങിപ്പോൾ പറഞ്ഞു. പക്ഷെ കൃഷിക്കാർ ഇതൊന്നും ഉപയോഗിക്കുന്നില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ജൈവ കീടനാശികളൊന്നും ഗുണമുള്ളതല്ല എന്നാണ് അവർ പറയുന്നത്. അപ്പോൾ ഫലപ്രദമെന്ന് പറയുന്ന കീടനാശിനികൾ കൃഷിക്കാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതിനെക്കുറിച്ചുള്ള പ്രചരണവും ബോധവത്ക്കരണവും നടത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജൈവകീടനാശിനകളെക്കുറിച്ച് കാര്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല എന്നുള്ളത് സമ്മതിക്കുന്നു. മുഖ്യകാരണം കൃഷിക്കാരുടെ ആവശ്യാനുസരണം നൽകാനുള്ള ഉത്പാദനം നടക്കുന്നില്ല. അതിന്റെ ഉത്പാദനം വർദ്ധിപ്പിക്കണം ബോധവത്ക്കരണം നടത്തണം. ജൈവ കൃഷിയിലേക്ക് മടങ്ങിപ്പോകുന്ന ഒരു സ്ഥിതിവിശേഷം വരണം. അതിനുവേണ്ടി എല്ലാ വിധത്തിലുള്ള നടപടികളും സ്വീകരിക്കും.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, പരമ്പരാഗത കൃഷി ഉപേക്ഷിച്ചതാണ് നമ്മുടെ നാട്ടിൽ ഇത്രയും വിഷമകരമായ അവസ്ഥയുണ്ടാകാനുള്ള പ്രധാന കാരണം. ഞങ്ങളുടെ നാട്ടിൽ രണ്ടാം വിളയ്ക്ക് ഉപയോഗിക്കുന്ന ഒരിനം വിത്തുണ്ട്. അതിനെ പുഞ്ചകയമ്മ എന്നാണ് പറയുന്നത്. അതിന് രാസവളം കുറച്ചുമതി. കീടനാശിനി തീരെവേണ്ട. പക്ഷെ ഉത്പാദനം കുറഞ്ഞുപോകുമെന്നുള്ളത് വസ്തുതയാണ്. പക്ഷെ അതിനൊന്നിനും ഒരു സഹായവും നമ്മുടെ ഗവൺമെന്റിന്റെ, കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നില്ല. അങ്ങനെയുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇങ്ങനെയുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. ബയോ ഡൈവേഴ്സിറ്റി ബോർഡിന് ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. അത് ഇങ്ങനെയുള്ള പ്രത്യേക വിത്തിനങ്ങൾ സംരക്ഷിക്കുക, അവ കർഷകർക്ക് ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉണ്ടാകുക തുടങ്ങിയ കാര്യങ്ങളിലാണ് ചെയ്യുന്നത്. കൃഷിയെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കൃഷി വകുപ്പിൽ നിന്നായിരിക്കും ചെയ്യുന്നത്. വിത്തിന്റെ സംരക്ഷണകാര്യത്തിൽ ബയോ ഡൈവേഴ്സിറ്റി ബോർഡ് പ്രത്യേക താത്പര്യമെടുക്കുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനെ കുറിച്ച് അങ്ങ് പറഞ്ഞു. കാവുകൾ സംരക്ഷിക്കാൻ വനം വകുപ്പിന്റേയും കൃഷി വകുപ്പിന്റേയും പദ്ധതികളുണ്ട്. ബയോ ഡൈവേഴ്സിറ്റി ബോർഡും ദേവസ്വം ബോർഡും ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇപ്പോൾ കാവുകൾക്കു ചുറ്റും കോൺക്രീറ്റ് മതിലുകൾ കെട്ടുകയാണ് ചെയ്യുന്നത് സ്പോർട്സ് വകുപ്പ് സ്റ്റേഡിയങ്ങളുടെ കാര്യത്തിൽ ചെയ്യുന്നതുപോലെ ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ നേതൃത്വത്തിൽ, പ്രകൃതിദത്തമായ സംരക്ഷണം നൽകുന്നതിനു വേണ്ടിയുള്ള ഒരു കോമൺ ഡിസൈനുണ്ടാക്കി വിവിധ ഡിപ്പാർട്ടുമെന്റുകൾ ആ രൂപത്തിൽ ചെയ്യാനുള്ള നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ഓരോ പ്രദേശത്തിന്റേയും പ്രത്യേകതകൂടി കണക്കിലെടുക്കേണ്ടിവരും. എന്നാലും നമുക്ക് എല്ലാവിധത്തിലും കാവുകളുടെ തനത് പരമ്പര്യം നിലനിർത്താൻ കഴിയുന്ന വിധത്തിലായിരിക്കണം കാവും കുളങ്ങളും സംരക്ഷിക്കാൻ എന്നുപറയുമ്പോൾ അവിടെ കോൺക്രീറ്റ് സംവിധാനങ്ങൾ എന്നതിനപ്പുറം കുറെക്കൂടി പാരമ്പര്യ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ .............

മി. സ്പീക്കർ : മുഖ്യമന്ത്രി, കാവും കുളങ്ങളും എന്നുപറയുമ്പോൾ അവിടെ ആരാധനാലയങ്ങൾകൂടി ബന്ധപ്പെട്ടുവരും. അതുകൊണ്ടാണ് ഞാൻ ദേവസ്വത്തിന്റെ കാര്യംകൂടി പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി : ആരാധനാലയങ്ങളും ഉൾപ്പെടും. ആ പാരമ്പര്യം നിലനിർത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## വനാതിർത്തികൾക്ക് കമ്പിവേലി സംരക്ഷണം

3 (*303) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) വനാതിർത്തികൾ റവന്യൂഭൂമിയിൽ നിന്ന് വേർതിരിച്ച് നിർത്തുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ബി) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിയിടങ്ങൾക്കും മനുഷ്യർക്കും ഹാനി വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്യമൃഗങ്ങളിൽ നിന്നുള്ള ഇത്തരം ആക്രമണങ്ങൾ മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും കാർഷിക വിളകൾക്കും ഉണ്ടാകാതിരിക്കാൻ എല്ലാ വനാതിർത്തികളും കമ്പിവേലി കെട്ടി തിരിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : സർ,

(എ) വനാതിർത്തികൾ റവന്യൂഭൂമിയിൽ നിന്ന് വേർതിരിച്ചുനിർത്തുന്നതിന് ജണ്ടകളും സർവ്വേക്കല്ലുകളും കയ്യാലകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റിസർവ് ഫോറസ്റ്റുകളുടെ അതിർത്തികളിൽ അതിർത്തി മാർക്കുകൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എല്ലാ വനാതിർത്തികളും കമ്പിവേലി കെട്ടി സംരക്ഷിക്കുന്നത് പ്രായോഗികമല്ല. എന്നാൽ പ്രായോഗികമായ ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വൈദ്യുത കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഏറ്റവും കൂടുതൽ Man-Animal conflict ഉള്ള പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. ജനങ്ങൾ വൈകാരികമായി ഇതിനെ കാണാനുള്ള പ്രധാന കാരണം, കൃഷിനാശം സംഭവിച്ചുകഴിഞ്ഞാൽ മാക്സിമം 50,000 രൂപയാണ് കോമ്പൻസേഷൻ നൽകുന്നത്. ഒരു കർഷകന് ഒരു പ്രാവശ്യം മാത്രമേ നൽകുകയുള്ളൂ. പിന്നീട് കൃഷിനാശം സംഭവിച്ചാൽ നൽകുന്നുമില്ല. മാത്രവുമല്ല; അത് നൽകുന്നതിന് കാലതാമസം നേരിടുന്നു. ഇത് മാറ്റാൻ വേണ്ടി എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കൃഷി നാശത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. കൃഷിനാശം സംഭവിച്ചാൽ 50,000 രൂപയാണ് പരമാവധി നൽകുന്നത്. അത് ഒരുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന പ്രൊപ്പോസൽ വനംവകുപ്പ് വച്ചിട്ടുണ്ട്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഒരു വർഷത്തിൽ ഒരുപ്രാവശ്യമേ ഒരാൾക്ക് ലഭിക്കുകയുള്ളൂ. രണ്ടുതവണ വന്യമൃഗങ്ങൾ കൃഷി നാശം വരുത്തിയാലും ഒരു തവണയെ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. ആദ്യത്തെ തവണ 2000 രൂപ ക്ലെയിം ചെയ്തുപോയാൽ പിന്നെ നഷ്ടപരിഹാരം കിട്ടാതെവരും. അതുകൊണ്ട് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം 4 തവണയായി നൽകണമെന്ന് വനംവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ ചില തടസ്സവാദങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് ഇക്കാര്യത്തിൽ ഉടൻതന്നെ പരിഹാരമുണ്ടാക്കുന്നതാണ്. ഒരു വർഷം 4 തവണയെങ്കിലും കർഷകന് കൃഷിനാശത്തിനുള്ള പരിഹാരം നൽകുകയും 25000 രൂപ എന്നുള്ളത് ഒരുലക്ഷംരൂപയായി വർദ്ധിപ്പിക്കണമെന്നുള്ളതുമാണ് വനംവകുപ്പിന്റെ നിർദ്ദേശം.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട്ടിലെ വനങ്ങളിൽ മുള പൂത്ത് നശിച്ചുകഴിഞ്ഞു. 30 വർഷം കഴിഞ്ഞാൽ മുള പൂത്ത് നശിച്ചുപോകും. ആനകൾക്ക് ഫൈബർ ഫുഡിന്റെ ആവശ്യമുണ്ട്. അത് ലഭിക്കാതെ വരുന്നതുകൊണ്ടാണ് ഇവ കൂടുതലും നാട്ടിലേക്കിറങ്ങുന്നത്. അത് തടയുന്നതിനുവേണ്ടി ഫൈബർ ഫുഡ് ലഭിക്കത്തരീതിയിലുള്ള പ്ലാന്റിംഗ് നടത്തുകയും, അതുപോലെതന്നെ എം.എൽ.എ ഫണ്ടുൾപ്പെടെ ഉപയോഗിച്ച് ഇലക്ട്രിക് ഫെൻസിംഗ് നിർമ്മിക്കുന്നുണ്ടെങ്കിലും അതിന്റെ മെയിന്റനൻസ് ആരും നടത്തുന്നില്ല. ഒരു വർഷം കഴിഞ്ഞാൽ ഫെൻസിംഗില്ലാതാവുകയാണ്. ഈ രണ്ട് കാര്യങ്ങളിലും എന്ത് തീരുമാനമാണ് എടുക്കാൻ സാധിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഫെൻസിംഗിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, വനം വകുപ്പ് നിർമ്മിക്കുന്ന എല്ലാ ഫെൻസിംഗുകളും കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനാണ് ചെയ്യുന്നത്. മെക്കാനിക്കൽ സൈഡിൽ 5 വർഷത്തെ ഗ്യാരന്റിയും അതിനുചുറ്റും വളരുന്ന പുല്ലുംമറ്റും വെട്ടിമാറ്റി ക്ലിയർ ചെയ്തുവയ്ക്കുന്നതിന് പഞ്ചായത്തിന്റെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉപഭോക്താക്കളായ വ്യക്തികൾ, ആരാണ് ഗുണഭോക്താക്കൾ അവർ ചെയ്യുന്ന രീതിയിലുമാണ് അറേഞ്ച് ചെയ്തിരിക്കുന്നത്. എം.എൽ.എ ഫണ്ടുപയോഗിച്ച് ചെയ്യുന്നതും കെ.എഫ്.ഡി.സി-യെ ഏൽപ്പിക്കാം

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഏൽപ്പിച്ചാൽ 5 വർഷത്തെ ഗ്യാരന്റി ഉറപ്പുവരുത്താം. മെയിന്റനൻസും അവർതന്നെ നടത്തും. അദ്ദേഹം പറഞ്ഞതുപോലെ മുള ഉണങ്ങി നശിച്ചതിനുപകരമായി വയനാട്ടിലും മറ്റുമുള്ള ജലാശയങ്ങൾക്കുചുറ്റും ഫൈബർ കണ്ടന്റ് കൂടുതലായിട്ടുള്ള ചെടികൾ വച്ചുപിടിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. സാങ്ചറിക്കകത്ത് പ്ലാന്റേഷന് നിയമപരമായ തടസ്സങ്ങളുണ്ട്. അല്ലാത്ത സ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിച്ചുനിർത്തുന്ന, ഭക്ഷണമാകാവുന്ന പുല്ലുകളും ചെടികളും വച്ചുപിടിപ്പിക്കുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വന്യമൃഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനോടൊപ്പം വനാതിർത്തികളിൽ ജീവിക്കുന്ന മനുഷ്യരുടെ ജീവന്റെയും സ്വത്തിന്റെയും പ്രശ്നം ശ്രദ്ധയോടെ നീരിക്ഷിക്കേണ്ടതാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായാൽ വനം വകുപ്പ് ചികിത്സാധന സഹായമായി നൽകുന്നത് 5,000-10,000 പോലുള്ള തുകകൾ മാത്രമാണ്. ആക്രമണത്തിനിരയാകുന്നവർക്ക് കൂടുതൽ ചികിത്സ ആവശ്യമായി വന്നാൽ ആ ചെലവ് വഹിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ : സർ, വനം വകുപ്പ് ഇപ്പോൾ നൽകുന്നത് 5000 രൂപയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അത് തൃപ്തികരമല്ലായെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് 75,000 രൂപയായി വർദ്ധിപ്പിക്കാനുള്ള ഒരു പ്രൊപ്പോസൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞതാണ്. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. അപകടങ്ങളിൽ പരിക്കേൽക്കുന്ന ആദിവാസികൾക്ക് പൂർണ്ണമായ ചികിത്സാചെലവ് വഹിക്കാനുള്ള നിർദ്ദേശമുണ്ട്. ഇപ്പോൾതന്നെ അവർക്ക് പൂർണ്ണമായ ചെലവ് ഗവൺമെന്റ് വഹിക്കുന്നുണ്ട്. മൃഗങ്ങളുടെ ആക്രമണത്തിനിരയായവർക്കുള്ള ധനസഹായം 75,000 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ശുപാർശ.

ഡോ. എൻ. ജയരാജ്: സർ, ബീക്കൺ ലൈറ്റ് വയ്ക്കുന്ന കാര്യത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനെ മാത്രം ഒഴിവാക്കിയത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ ചോദ്യം, നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന സൗരോർജ്ജ കമ്പിവേലി നിർമ്മാണ പദ്ധതി ഏത് ഘട്ടത്തിലാണ്; ആ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ; അതോടൊപ്പം റേഡിയോ കോളർ ഘടിപ്പിച്ച ആനകളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിനുള്ള പദ്ധതിയുണ്ട് ആ പദ്ധതി എവിടെയൊക്കെ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, നബാർഡിന്റെ സഹായത്തോടെയുള്ള പദ്ധതി വയനാട് ജില്ലയിലാണ് വന്നിരിക്കുന്നത്. ഏതാണ്ട് 5 കോടി രൂപയുടെ പദ്ധതിയാണ്. അതിൽ നല്ലൊരു ശതമാനം വർക്ക് 10-28 കിലോമീറ്റർ കഴിഞ്ഞ മാസം ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പൂർത്തീകരിച്ചു. അടുത്ത വർക്കുകൾ തുടർന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ഗ്രാമപ്രദേശങ്ങളേയും അവരുടെ കൃഷിസ്ഥലവും താമസസ്ഥലവും ചുറ്റിയാണ് ഫെൻസിംഗ് വയ്ക്കുന്നത്. അവരുടെ സ്ഥലങ്ങൾ പ്രൊട്ടക്ട് ചെയ്യുന്ന തരത്തിലുള്ള പദ്ധതിയാണ്. ആനകൾക്ക് കോളർ വയ്ക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട അംഗം ചോദിച്ചു. അത് വയ്ക്കുന്ന ഒരു സംവിധാനമുണ്ട്. പക്ഷേ അത് ഫലപ്രദമാണെന്ന് വിശ്വസിക്കുന്നില്ല. കാരണം എല്ലാ കാട്ടാനകൾക്കും കോളർ വയ്ക്കുക എന്നുപറയുന്നത് വളരെ ചെലവേറിയ കാര്യമാണ്. മാത്രമല്ല, അത് ഫലപ്രദമായി വാച്ച് ചെയ്യാൻ കഴിയില്ല. ഒന്നുരണ്ട് ആനകളിൽ ഈ സംവിധാനം നോക്കിയിട്ടുണ്ട്. അത്ര ഫലപ്രദമാണെന്ന് തോന്നുന്നില്ല. ഡിസ്ക്കവറി ചാനൽ കാണാൻ സുഖമുണ്ട്, എന്നുള്ളതല്ലാതെ അത്രയും പ്രയോജനപ്രദമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, കേരളത്തിൽ 29 ശതമാനം വനമുണ്ട്. ആൾ ഇന്ത്യാ ലെവലിൽ 19 ശതമാനമാണ് വനം. അങ്ങനെ വരുമ്പോൾ കേരളത്തിലെ വനാതിർത്തി എത്രയുണ്ട്; 1-1-1977-നുമുമ്പുള്ള കുടിയേറ്റങ്ങൾ കൃഷിയായി കണക്കാക്കുക. റവന്യൂ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി, വനാതിർത്തി ജണ്ട കെട്ടണമെന്ന തീരുമാനം മഹാനായ എ.കെ. ആന്റണിയുടെ കാലത്തുണ്ടായതാണ്. 35 കൊല്ലമായി ഇതുവരെ എന്തുകൊണ്ടാണ് ജോയിന്റ് വെരിഫിക്കേഷൻ നടത്തി ജണ്ട കെട്ടാൻ കഴിയാത്തത്; 6 മാസംകൊണ്ട് ചെയ്യാവുന്ന കാര്യമാണ്. ജോയിന്റ് വെരിഫിക്കേഷനുമില്ല, ജണ്ടയുമില്ല, സ്ഥിരമായി വനഭൂമിയിൽ തർക്കം നിൽക്കുകയാണ്. ഇത് എന്നന്നേക്കുമായി അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ : സർ, ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ല. ഇത് വളരെ വിശദമായി പിന്നീട് മറുപടി പറയേണ്ട കാര്യമാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, രണ്ട് ഫോറസ്റ്റ് ഡിവിഷന്റെ സ്ഥലമാണ് മലയാറ്റൂരും വാഴച്ചാലും. കഴിഞ്ഞ രണ്ട് മാസം മുമ്പ് അവിടെ ആനയുടെ ചവിട്ടേറ്റ് ഒരാൾ മരിക്കുകയും ചെയ്തു. അതിന്റെ സഹായങ്ങൾ കൊടുക്കുകയും ചെയ്തു. ഇലക്ട്രിക് ഫെൻസിംഗ് അവിടെ തുടങ്ങിയിട്ടില്ല; തുടങ്ങിയത് ഫലപ്രദമായി വർക്ക് ചെയ്യുന്നില്ല; അത് പരിഹരിക്കാൻ എന്തെങ്കിലും ആധുനിക സംവിധാനം കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: സർ, ഇലക്ട്രിക് ഫെൻസിംഗ് തുടങ്ങാൻ ഗവൺമെന്റിന് സാമ്പത്തിക പ്രശ്നങ്ങളുണ്ട്. കാരണം നബാർഡിൽ നിന്ന് കിട്ടിയ പണം ഉപയോഗിച്ചാണ് വയനാട്ടിൽ ചെയ്യുന്നത്. മറ്റുപ്രദേശങ്ങളിൽ എം.എൽ.എ. മാർ അദ്ധ്യക്ഷനായ കമ്മിറ്റികൾ നിർദ്ദേശിച്ചിട്ടുള്ള ഇലക്ട്രിക് ഫെൻസിംഗുകൾ തുടങ്ങാൻ ഈ സാമ്പത്തിക വർഷം അതിനുവേണ്ടി പണം മാറ്റിവയ്ക്കുകയും പരമാവധി നിർമ്മിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്.

## 2. അടിയന്തരചോദ്യം

മി. സ്പീക്കർ : അടിയന്തര ചോദ്യം നമ്പർ രണ്ട്.

### ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ നിയമനം

ശ്രീ. വി.എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര പ്രൊമോട്ടർമാരെയാണ് നിയമിക്കുന്നത്; ഇവരുടെ അടിസ്ഥാന യോഗ്യതയും നിയമിക്കപ്പെടുന്നവർക്കുനൽകുന്ന പ്രതിമാസ വേതനവും വ്യക്തമാക്കാമോ ;

(സി) ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ ;

(ഡി) അപേക്ഷ ക്ഷണിക്കുന്നതും നിയമിക്കുന്നതും ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) അപേക്ഷ ക്ഷണിച്ചത് ആരാണെന്നും, ഏതൊക്കെ പത്ര മാദ്ധ്യമങ്ങളിലാണ് ഇതിനുള്ള പരസ്യങ്ങൾ നൽകിയതെന്നും വ്യക്തമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ,

(എ) ഉണ്ട്.

(ബി) ആയിരം. എസ്.എസ്.എൽ.സി. പാസ്സായവരും 18-നും 39-നും ഇടയിൽ പ്രായമുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെയാണ് പ്രൊമോട്ടർമാരായി നിയോഗിക്കുന്നതിനായി പരിഗണിക്കുന്നത്. പ്രതിമാസം ഹോണറേറിയം 4000 രൂപ.

(സി&ഡി) ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിന് പത്രമാധ്യമങ്ങൾ വഴി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷ സെല്ലുകളിൽ ലഭിച്ച അപേക്ഷകളിൽ യോഗ്യരായവരെ ജില്ലാതലത്തിൽ ഇന്റർവ്യൂ നടത്തി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മാതൃഭൂമി, മലയാള മനോരമ, മാധ്യമം, ദേശാഭിമാനി, ജനയുഗം, ചന്ദ്രിക, കേരള കൗമുദി തുടങ്ങിയ പത്രങ്ങളിലൂടെയും തൊഴിൽ വീഥി, തൊഴിൽ വാർത്ത എന്നീ പ്രസിദ്ധീകരണങ്ങളിലൂടെയും പത്രക്കുറിപ്പ് വഴി ന്യൂനപക്ഷക്ഷേമ ഡയറക്ടർ അപേക്ഷ ക്ഷണിച്ചു.

ശ്രീ. വി.എസ്. സുനിൽ കുമാർ : സർ, ന്യൂനപക്ഷ പ്രൊമോട്ടർമാരായിട്ട് 1000 ആളുകളെ 4000 രൂപ ശമ്പളത്തിൽ നിയമിച്ചതായിട്ടാണ് മറുപടിയിൽ പറയുന്നത്. ജില്ലാതലത്തിൽ നടത്തിയ ഇന്റർവ്യൂകളിൽ വ്യാപകമായ പരാതി ഉയർന്നുവന്ന സാഹചര്യത്തിലാണ് ഞാൻ ഈ ചോദ്യം ഉന്നയിക്കുന്നത്. ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ആളുകൾ പങ്കെടുക്കുന്നുണ്ടോ ; ഇങ്ങനെ എടുത്തിരിക്കുന്ന പ്രൊമോട്ടർമാരുടെ ലിസ്റ്റ് സംബന്ധിച്ച് അത് ഏകപക്ഷീയമായിട്ടാണ് തീരുമാനമെടുത്തതെന്ന് വ്യാപകമായ പരാതി ഉയർന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാരണം ഇവർ ആരെയും ഇതുവരെ അപ്പോയിന്റ് ചെയ്തിട്ടില്ല. ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ട്. 14 ജില്ലകളിൽ ഇന്റർവ്യൂ നടത്തുന്നതിനായി 5 സമിതികളെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതിയിൽ മുസ്ലീം വിഭാഗങ്ങൾക്കായുള്ള പരിശീലന കേന്ദ്രത്തിൽ രണ്ട് പ്രിൻസിപ്പൽമാർ, അല്ലെങ്കിൽ കേരള മദ്രസ്സാക്ഷേമനിധി മാനേജർ തുടങ്ങിയവർക്ക് പുറമേ, അതാത് ജില്ലയിലെ ഡെപ്യൂട്ടി കളക്ടർ അല്ലെങ്കിൽ തഹസീൽദാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ കൂടി ലഭ്യമെങ്കിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെയും പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങയുടെ മറുപടിയിൽ മലയാള മനോരമ, മാതൃഭൂമി, മാധ്യമം, ദേശാഭിമാനി, ജനയുഗം, ചന്ദ്രിക, കേരള കൗമുദി തുടങ്ങിയ പത്രങ്ങളിലൂടെയെല്ലാം ഇതുസംബന്ധിച്ച പരസ്യം കൊടുത്തുവെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും പ്രൊമോട്ടർമാരാകാൻ ആഗ്രഹിക്കുന്ന പല ആളുകൾക്കും ഇതിന്റെ പരസ്യം യഥാസമയം കിട്ടിയിട്ടില്ല എന്ന പരാതിയും, അതിനെത്തുടർന്ന് പലർക്കും ഇതിൽ അപേക്ഷ കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന പരാതിയും വ്യാപകമായിട്ടുണ്ട്; ഈ പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്ന് പറഞ്ഞാലും ഇപ്പോൾ ഞാൻ ഉന്നയിക്കുന്ന ഈ പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പരിഗണിക്കുമോ; മാത്രമല്ല ഇങ്ങനെ നിശ്ചയിക്കുന്ന പ്രൊമോട്ടർമാരുടെ ജോലിയെന്താണ്; ഒരു ജില്ലയിലെ പഞ്ചായത്തുകളിൽ എന്ത് ജോലിയാണ് അവർ നടത്താൻ ഉദ്ദേശിക്കുന്നത്; ആരാണ് അവരുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്; ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന ലിസ്റ്റ് ജില്ലയിൽ തന്നെ സോർട്ടൗട്ട് ചെയ്ത് അവിടെ തന്നെയാണോ അതോ തിരുവനന്തപുരത്തേക്ക് ആ ലിസ്റ്റ് അയച്ച് അവിടെ വച്ചാണോ തീരുമാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കുറേ ചോദ്യങ്ങൾ ഒരുമിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. പത്ര പ്രസിദ്ധീകരണങ്ങൾ വഴി അപേക്ഷകൾ ക്ഷണിച്ചത് 18-12-2012-ന് ലാസ്റ്റ് ഡേറ്റായിരുന്നു. ഇതെല്ലാവർക്കും ലഭിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പല ഭാഗങ്ങളിൽ നിന്ന് കംപ്ലയിന്റ് വന്നപ്പോൾ ആ ലിസ്റ്റിന്റെ കാലാവധി 26-12-2012 വരെ നീട്ടിക്കൊടുത്തു. അതിനുശേഷം വീണ്ടും കംപ്ലയിന്റ് വന്നപ്പോൾ ഒരു മാസം കൂടി ലിസ്റ്റിന്റെ കാലാവധി വീണ്ടും നീട്ടികൊടുത്തു. 28-1-2013-ൽ ആയിരുന്നു അതിന്റെ ക്ലോസിംഗ് ഡേറ്റ്. ഇങ്ങനെ മൂന്നുപ്രാവശ്യം നീട്ടിക്കൊടുത്തത് ഇനി ആരും അറിഞ്ഞിട്ടില്ലായെന്ന് പറയുന്നതിൽ എന്താണ് ചെയ്യുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രൊമോട്ടർമാർ എന്നുപറയുന്നവരെ എഴുത്തും വായനയും അറിയാത്തവർക്കും അവരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് അപേക്ഷ എഴുതി കൊടുക്കാൻ കഴിയാത്തവരെയും സഹായിക്കാൻ എസ്.സി./എസ്.റ്റി. വിഭാഗത്തിലാണ് നേരത്തെ നിശ്ചയിച്ചിട്ടുള്ളത്. ആ എസ്.സി./എസ്.റ്റി. മാതൃകയിലാണ് ഈ ഒരു പദ്ധതി നടപ്പിലാക്കുന്നതെന്നാണ് ഭരണകക്ഷി മെമ്പർമാരായ ശ്രീ. വർക്കല കഹാർ ഉൾപ്പെടെയുള്ളവർ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. ആ പറഞ്ഞ ഉത്തരം എന്റെ കൈവശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.റ്റി. പരിഗണനയിലേക്ക് കേരളത്തിലെ മത-ന്യൂനപക്ഷ വിഭാഗങ്ങളെ ഉൾപ്പെടുത്തിയാൽ ഇവിടെ സാമുദായിക അസന്തുലിതാവസ്ഥ ഉണ്ടാകുമെന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ; ന്യൂനപക്ഷമെന്ന് പറയുന്നത് കേരളത്തിൽ 45 ശതമാനമാണ്. മുസ്ലിം, ക്രിസ്ത്യൻ എന്നിവയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഈ വിഭാഗത്തിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കേണ്ട സാമൂഹ്യപ്രത്യാഘാതമെന്താണെന്ന് ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ; അതോടൊപ്പം ഡിപ്ലോമ കോഴ്സുകാരെ ബി.എഡ്ഡിന് തുല്യമാക്കിയതോടുകൂടി ഉറുദു, അറബിക്കാരായ 110 പേർ, എസ്.എസ്.എൽ.സി.

പാസ്സാകാത്ത ആളുകൾ, ഹെഡ്മാസ്റ്റർമാരായി മാറുന്നു എന്നുള്ള പ്രശ്നം ഇവിടെ വലിയ തോതിലുള്ള പ്രശ്നത്തിനിടയാക്കിയ പശ്ചാത്തലത്തിൽ ഈ ഒരു പദ്ധതി എന്തിനാണ് കേരളത്തിൽ നടപ്പിലാക്കുന്നത് ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഈ പദ്ധതി സംബന്ധിച്ച് പുന:പരിശോധിക്കണം ; കേരളത്തിൽ സാമുദായിക അസന്തുലിതാവസ്ഥയ്ക്കിടയാക്കുന്നവിധത്തിൽ ഇത്തരത്തിലുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നത് കേരളത്തിന് ഗുണകരമല്ലായെന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എല്ലാ ചോദ്യങ്ങൾക്കും കൂടി മറുപടി പറയാനുള്ള സമയമില്ല. പക്ഷേ ഒരു കാര്യം ഞാൻ വളരെ കൃത്യമായി പറയാം. 44 ശതമാനത്തോളം വരുന്ന ന്യൂനപക്ഷങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടിയ 65 വർഷം പിന്നിട്ടിട്ടും അവർ വികസന കാര്യങ്ങളിൽ വളരെ പിന്നിലാണെന്ന് പല അന്വേഷണ കമ്മീഷനുകളും പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ..............................

മി. സ്പീക്കർ : ..........(ബഹളം).......ഓർഡർ, ഓർഡർ ചോദ്യോത്തരസമയം കഴിഞ്ഞു. പ്ലീസ്....... പ്ലീസ്............മിനിസ്റ്റർ........പ്ലീസ്....... സഭാനടപടികളുടെ ഇടയ്ക്ക് ചെയർ എന്തെങ്കിലും പറഞ്ഞാൽ അത് ഗൗരവമായി കരുതണം. ഇത്രയും നാളായിട്ട് അത് മനസ്സിലായില്ലേ. I am very sorry.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**റിയൽ എസ്റ്റേറ്റ് ബിസിനസ്സുമായി ബന്ധപ്പെട്ടു നടക്കുന്ന സാമ്പത്തികത്തട്ടിപ്പുകളും ഗുണ്ടാപ്രവർത്തനങ്ങളും**

4 (*304) ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് ബിസിനസ്സുമായി ബന്ധപ്പെട്ടു നടക്കുന്ന വൻ സാമ്പത്തികത്തട്ടിപ്പുകളും, ഗുണ്ടാ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന കൊലപാതകങ്ങളും അക്രമ സംഭവങ്ങളും ഗുരുതര ക്രമസമാധാന പ്രശ്നങ്ങൾക്കു വഴിവയ്ക്കുന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ;

(സി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കൊലപാതകങ്ങളും ഗുരുതര കുറ്റകൃത്യങ്ങളുമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) റിയൽ എസ്റ്റേറ്റ് ബിസിനസ്സുമായി ബന്ധപ്പെട്ട് നടക്കുന്ന സാമ്പത്തിക തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇത്തരത്തിൽ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി പോലീസ് വകുപ്പ് നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് കൊലപാതകങ്ങൾ ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്തു നിലവിൽ ലഭ്യമായ കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും വനഭൂമികളും

5 (*305) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടക്കാലാവധി കഴിഞ്ഞതും കരാർ ലംഘനം നടന്നിട്ടുള്ളതുമായ തോട്ടങ്ങളുടെയും വനഭൂമിയുടെയും കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭീമമായ പാട്ടക്കുടിശ്ശികയുള്ളവ നിയമാനുസൃത നടപടികളിലൂടെ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) തോട്ടഭൂമികൾ പാട്ടത്തിനു നൽകിയപ്പോൾ രേഖപ്പെടുത്തിയ വിസ്തൃതിയുടെകൂടി അടിസ്ഥാനത്തിൽ റീസർവ്വേ നടത്തി കൈയേറ്റ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ; കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ?

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ): സർ,

(എ) ഇത്തരത്തിലുള്ള തോട്ടങ്ങളും വനഭൂമികളും സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കാനുദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) റീസർവ്വേ നടത്തി കയ്യേറ്റ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ആവശ്യമായ ജീവനക്കാരുടെ അഭാവത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. റീസർവ്വേ ചെയ്തപ്പോൾ കയ്യേറ്റം നടന്നതായി കണ്ടെത്തിയ പാലക്കാട് ജില്ലയിലെ നെന്മാറ ഡിവിഷന്റെ പരിധിയിൽപ്പെടുന്ന 143 ഏക്കർ പാട്ടഭൂമി സർക്കാരിലേക്ക് തിരികെ എടുത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### തെരഞ്ഞെടുപ്പ് കമ്മീഷനിൽ ലഭിച്ച വ്യാജ സത്യവാങ്മൂലങ്ങൾ

6 (*306) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി സംസ്ഥാനത്ത് വ്യാജസത്യവാങ്മൂലങ്ങൾ നൽകിയിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തെരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച് സ്ഥാനാർത്ഥികൾ സമർപ്പിച്ച കണക്കുകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിച്ച പരാതികൾ ഏതൊക്കെയാണ് ; പരാതികളിന്മേൽ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പേരോ മേൽവിലാസമോ രേഖപ്പെടുത്താത്ത ഒരു പരാതി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിച്ചു. ആയത് പരിഗണിക്കുകയുണ്ടായില്ല.

### നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി

7 (*307) ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കെ.എസ്.ബി.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗരങ്ങളിലെ ജലസ്രോതസ്സുകളും, ജൈവവൈവിദ്ധ്യ വ്യവസ്ഥകളും സംരക്ഷിക്കുന്നതിന് എന്തെല്ലാമാണ് പദ്ധതിയിൽ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) റെസിഡന്റ്സ് അസോസിയേഷനുകളെയും എൻ.ജി.ഒ.-കളെയും പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കുന്നതു പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ,

(എ) ഉണ്ട്. തിരുവനന്തപുരം നഗരപ്രദേശങ്ങളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു പദ്ധതി ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) നഗരങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിധ്യ വ്യവസ്ഥയും സംരക്ഷിക്കുന്നതിനായി ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ കുളങ്ങളിലെ ആവാസവ്യവസ്ഥ പോഷിപ്പിക്കുന്നതിന്റെ ഭാഗമായി തനതു മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുക, മലിനീകരണം തടയുക, കുളത്തിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക, കളകൾ നിയന്ത്രിക്കുക, മണ്ണടിയുന്നത് തടയുക, കുളത്തിന്റെ പരിചരണത്തിന് ജനകീയ സമിതികൾ ഉണ്ടാക്കുക, ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ പ്രചരണം നടത്തുക, കുളത്തിന്റെ പരിസരങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക, അതിരുകളിൽ ജൈവവേലിയായി കൈത, രാമച്ചം തുടങ്ങിയവ വച്ചുപിടിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബി.എം.സി.കളെയും റസിഡന്റ്സ് അസോസിയേഷനുകളെയും സന്നദ്ധ സംഘടനകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയമായി കുളങ്ങൾ സംരക്ഷിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

### ഫിഷിംഗ് ഹാർബർ നവീകരണ പദ്ധതികൾ

8 (*308) ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തെല്ലാം കേന്ദ്ര ധനസഹായമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിനായി പ്രോജക്ട് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന് (NFDB) സമർപ്പിക്കുകയും അവരുടെ സാമ്പത്തിക സഹായത്തോടെ നവീകരണ പദ്ധതികൾ ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പാക്കിയും വരുന്നു. പദ്ധതികളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുതലത്തിലും ജില്ലാതലത്തിലും പുനരവലോകനയോഗം നടത്തി പുരോഗതി വിലയിരുത്തി വരുന്നു. പൂർത്തീകരിച്ച മൽസ്യബന്ധന തുറമുഖങ്ങളായ തങ്കശ്ശേരി (254.50 ലക്ഷം), നീണ്ടകര (1003 ലക്ഷം), കായംകുളം (259 ലക്ഷം), മുനമ്പം (136.82 ലക്ഷം), പുതിയാപ്പ (280 ലക്ഷം) ചോമ്പാൽ (336 ലക്ഷം), തോട്ടപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly

(138 ലക്ഷം) ബേപ്പൂർ (299.17 ലക്ഷം) എന്നിവയുടെ നവീകരണ പ്രവൃത്തികൾക്കായി NFDB-യിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1. പുതിയാപ്പ മൽസ്യബന്ധന തുറമുഖം

പ്രസ്തുത മൽസ്യബന്ധന തുറമുഖ നവീകരണത്തിന്റെ ഭാഗമായി NFDB ധനസഹായത്തോടെ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയയുടെ നിലവാരം മെച്ചപ്പെടുത്തൽ, ജലവിതരണ സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2. കായംകുളം മൽസ്യബന്ധന തുറമുഖം

ടി മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ഓടയുടെ നിർമ്മാണം, ലോഡിംഗ് ഏരിയ, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് എന്നിവ പൂർത്തീകരിച്ചു. നെറ്റ് മെൻഡിംഗ് യാർഡ്, ഓക്ഷൻ ഹാൾ നവീകരണം, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

3. തങ്കശ്ശേരി മൽസ്യബന്ധന തുറമുഖം

NFDB ധനസഹായത്തോടെയുള്ള തങ്കശ്ശേരി മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4. നീണ്ടകര ശക്തികുളങ്ങര മൽസ്യബന്ധന തുറമുഖം

പ്രസ്തുത മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തിയിൽ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഐസ്പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

5. ചോമ്പാൽ മൽസ്യബന്ധന തുറമുഖം

പ്രസ്തുത മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB ധനസഹായത്തോടെ പാർക്കിംഗ് ഏരിയയുടെ നവീകരണം, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയയുടെ നിർമ്മാണം, ആന്തരിക റോഡുകളുടെ റീസർഫസിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന പ്രവൃത്തികളായ ടോയ്‌ലറ്റ് ബ്ലോക്ക്, ആക്ഷൻ ബ്ലോക്ക് നവീകരണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

6. മുനമ്പം മൽസ്യബന്ധന തുറമുഖം

NFDB ധനസഹായത്തോടെ നടക്കുന്ന മുനമ്പം മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി ചുറ്റുമതിലുകളുടെ പുനരുദ്ധാരണം ഹാർബർ പരിസരത്തിന്റെയും ലേലപ്പുരയുടെയും നിലവാരമുയർത്തൽ/നവീകരണം എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

7. തോട്ടപ്പള്ളി മൽസ്യബന്ധന തുറമുഖം

തോട്ടപ്പള്ളി മൽസ്യബന്ധനതുറമുഖത്തിന് നവീകരണത്തിന്റെ ഭാഗമായി 265 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും 138 ലക്ഷം രൂപയുടെ ഭരണാനുമതിയേ എൻഎഫ്ഡിബിയിൽനിന്നും ലഭ്യമായിട്ടുള്ളൂ. ആയതിനാൽ പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള 265 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് NFDB-യോട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

8. ബേപ്പൂർ മൽസ്യബന്ധന തുറമുഖം

ബേപ്പൂർ മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB-യിൽ നിന്നും 8-7-2012-ൽ 299.17 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയുണ്ടായി. നെറ്റ് മെൻഡിംഗ് ഷെഡ്ഡിന്റെ നിർമ്മാണം, ജലവിതരണസംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം മെച്ചപ്പെടുത്തൽ, ഫിഷ് ലോഡിംഗ് ഏരിയ, വാഹനങ്ങളുടെ പാർക്കിംഗ് ഏരിയയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. മൽസ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം

ധർമ്മടം, പുന്നപ്ര, ചാലിൽ ഗോപാലപ്പേട്ട, ന്യൂമാഹി എന്നീ മൽസ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി എൻ.എഫ്.ഡി.സി.യിൽ നിന്നും യഥാക്രമം 113 ലക്ഷം, 247 ലക്ഷം, 83 ലക്ഷം 136 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പൂർത്തീകരിച്ച മൽസ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (NFDB) ധനസഹായം ലഭ്യമാകുന്നുണ്ട്. ഹാർബർ എൻജിനീയറിംഗ് വകുപ്പിന് തങ്കശ്ശേരി, നീണ്ടകര, കായംകുളം, മുനമ്പം, പുതിയാപ്പ, ചോമ്പാൽ, തോട്ടപ്പള്ളി, ബേപ്പൂർ, ധർമ്മടം എന്നീ മൽസ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി NFDBയിൽ നിന്ന് നാളിതുവരെ 2819.49 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) മൽസ്യബന്ധന തുറമുഖങ്ങളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുതലത്തിലും ജില്ലാതലത്തിലും പുനരവലോകനയോഗം നടത്തി പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

കാണാതാകുന്നവരെക്കുറിച്ച് അന്വേഷണം

9 (*309) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കാരണങ്ങളാൽ വീടുവിട്ടുപോകുന്നവരുടെയും ദുരൂഹ സാഹചര്യങ്ങളിൽ കാണാതാകുന്നവരുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഗുരുതരപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) 2012-ൽ ഇതേവരെ എത്ര മിസ്സിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; അതിൽ എത്ര പേരെ കണ്ടെത്താനായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

സർ,

(എ) കാണാതാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാണാതാകുന്നവരെക്കുറിച്ച് ലഭിക്കുന്ന എല്ലാ പരാതികളിലും പോലീസ് കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്താറുണ്ട്. ഇത്തരത്തിലുള്ള കേസുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമവും, ഫലപ്രദവുമാക്കുന്നതിനായി Anti Human Trafficking Unit-കൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിന്റെ സഹകരണത്തോടെ സംശയാസ്പദമായ സ്ഥലങ്ങളിൽ റെയിഡുകൾ ഉൾപ്പെടെയുള്ള അന്വേഷണം നടത്തി കാണാതായവരെ കണ്ടെത്തി ബന്ധപ്പെട്ട മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കിവരുന്നു. കൂടാതെ കാണാതായവരെ കണ്ടെത്തിയതിനുശേഷം ജനമൈത്രീ പോലീസ് സംവിധാനത്തിലൂടെ അവർക്ക് ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിംഗും നടത്താറുണ്ട്. കുട്ടികൾക്കിടയിൽ ഇത്തരത്തിലുള്ള വാസന തടയുന്നതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ എന്നിവയിലൂടെ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്.

(സി) കാണാതാകുന്നവരെ കണ്ടെത്തുക, ഭിക്ഷാടനം തടയുക, എന്നിവയ്ക്കായി പോലീസ് വകുപ്പ് Anti Human Trafficking Unit-കൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. Department of Social Welfare, Child Welfare Committee, Child line Services, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രീ പോലീസ് എന്നിവയുടെ സഹകരണത്തോടെ കാണാതാകുന്നവരെ കണ്ടെത്തുന്നതിനായി AHTU-വിന്റെ നേതൃത്വത്തിൽ റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. അന്യ സംസ്ഥാനങ്ങളിലെ പോലീസ് വകുപ്പുമായും അവിടെയുള്ള സോഷ്യൽ വെൽഫെയർ സ്ഥാപനങ്ങളുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് കാണാതാകുന്നവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെടുന്ന അപരിചിതരെക്കുറിച്ചും, വ്യക്തികളെക്കുറിച്ചും പോലീസിന് വിവരം നൽകുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനായി പോലീസ് കൺട്രോൾ റൂമുകൾ ജാഗ്രത പുലർത്തിവരുന്നു. പോലീസുദ്യോഗസ്ഥർ അതാത് പരിധിയിൽവരുന്ന സ്കൂളുകളിൽ എത്തി ഇത്തരം സംഭവങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകാറുണ്ട്.

(ഡി) 2012 മുതൽ 2013 ഫെബ്രുവരി 10 വരെ 5232 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 4633പേരെ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സൂര്യനെല്ലി കേസിന്റെ അന്വേഷണം

10 (*310) ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തന്നെ പീഡിപ്പിച്ച ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തണം എന്ന സൂര്യനെല്ലി കേസിലെ ഇരയായ പെൺകുട്ടിയുടെ ആവശ്യം പരിശോധിക്കുകയുണ്ടായോ ;

(ബി) രാഷ്ട്രപതി അംഗീകാരം നൽകിയ സ്ത്രീപീഡന വിരുദ്ധ ഓർഡിനൻസിന്റെയും സൂര്യനെല്ലി കേസിലെ സുപ്രീംകോടതി വിധിയുടെയും പശ്ചാത്തലത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) തുടർഅന്വേഷണം നടത്തി സത്യം പുറത്തു കൊണ്ടുവരുന്നതിനും കുറ്റവാളി ശിക്ഷിക്കപ്പെടുന്നതിനും ആഗ്രഹിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കൂട്ടബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ നീതിക്ക് വേണ്ടിയുള്ള ആവശ്യം നിഷേധിക്കുന്നുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ;

(ഇ) ഇരയുടെ പരാതിയിന്മേൽ സർക്കാർ നിയമോപദേശം തേടുകയുണ്ടായോ ; എങ്കിൽ ആരിൽ നിന്ന് ; ഉപദേശം സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ; പരാതിയിൽ ആക്ഷേപിക്കപ്പെട്ടയാളും നിയമോപദേശം നല്കിയയാളും ഏതു രാഷ്ട്രീയ പാർട്ടിയുടെ സമുന്നതരായ നേതാക്കന്മാരാണ് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

സർ,

(എ) പരിശോധിക്കുകയുണ്ടായി.

(ബി&സി) രാഷ്ട്രപതി അംഗീകാരം നൽകിയ സ്ത്രീപീഡന ഓർഡിനൻസിന് മുൻകാല പ്രാബല്യമില്ല. ഇരയായ പെൺകുട്ടി പുതുതായി വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഒരു പുതിയ നിലപാട് സ്വീകരിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഈ വിഷയത്തിൽ കേരളാ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും ഹൈക്കോടതിയിലെ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുമായ അഡ്വ. ടി. ആസിഫ് അലിയിൽനിന്നും, നിയമവകുപ്പ് സെക്രട്ടറി ശ്രീ. സി. പി. രാമരാജ പ്രേമപ്രസാദിൽ നിന്നും, മുൻ ഹൈക്കോടതി ജഡ്ജിയും സൂര്യനെല്ലി കേസിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായി പെൺകുട്ടിക്കനുകൂലമായി സുപ്രീം കോടതിയിൽനിന്നും വിധി സമ്പാദിക്കുകയും ചെയ്ത സുപ്രീം കോടതിയിലെ അഭിഭാഷകനായ റിട്ട. ജസ്റ്റിസ് ശ്രീ. പത്മനാഭൻ നായരിൽനിന്നും നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശങ്ങൾ ഇതിനകം തന്നെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. പ്രോസിക്യൂഷൻ ഡയറക്ടർ ജനറലായ ശ്രീ. ആസിഫ് അലിക്ക് ഇപ്പോൾ യാതൊരു രാഷ്ട്രീയ പാർട്ടിയുമായും ബന്ധമില്ല. പരാതിയിൽ ആക്ഷേപിക്കപ്പെട്ടയാൾ കോൺഗ്രസിന്റെ രാജ്യസഭാംഗം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

## പൈതൃക വിജ്ഞാനങ്ങളുടെ സംരക്ഷണം

11 (*311) ശ്രീ. പി. കെ. ബഷീർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനത് പൈതൃകവിജ്ഞാനങ്ങളുടെ സംരക്ഷണാർത്ഥം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) നമ്മുടേതായ പൈതൃക വിജ്ഞാനങ്ങൾ മോഷ്ടിച്ചെടുത്ത് അന്യനാടുകളിൽ പേറ്റന്റ് നേടിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) ദേശീയ ട്രഡീഷണൽ നോളഡ്ജ്, ഡിജിറ്റൽ ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്തി സംസ്ഥാനം എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ലൈബ്രറിയിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങളിൽ സംസ്ഥാനത്തിന്റെ സംഭാവന എത്രത്തോളമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) 2009-10-ൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ "നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെഡിഷണൽ നോളഡ്ജ്-ഇൻ-ഫുഡ് ആന്റ് മെഡിസിൻ" എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങാൻ ഒരു പ്രൊപ്പോസൽ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ആയുഷിന് സമർപ്പിച്ചിരുന്നു. തുടർനടപടിക്കായി തൽക്കാലം പ്രോജക്ട് രൂപേണ തുടങ്ങാൻ അനുമതി നൽകുകയും, 190.81 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. ആദ്യ ഗഡുവായി 76 ലക്ഷം രൂപ നൽകുകയും അതിൽ പറഞ്ഞിട്ടുള്ളതിൻപ്രകാരം 9 കർമ്മപദ്ധതികളുടെ ആദ്യഘട്ടപഠനം പൂർത്തിയാക്കുകയും ചെയ്തു. ജവഹർലാൻ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ഞളും ബസുമതി അരിയും വേപ്പുമായി ബന്ധപ്പെട്ട പേറ്റന്റുകളാണ് ഇത്തരത്തിൽ അന്യനാടുകളിൽ പേറ്റന്റ് നേടിയിട്ടുള്ളത്. ദേശീയ തലത്തിൽ ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന CSIR ആണ് ഈ ഉദ്യമം ഏറ്റെടുത്തിട്ടുള്ളത്. ആയുർവേദ ഗ്രന്ഥങ്ങളിലുള്ള വിജ്ഞാനങ്ങൾ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി ലോകമെമ്പാടുമുള്ള പേറ്റന്റ് ഓഫീസുകളിൽ ഡിജിറ്റൽ ലൈബ്രറി റഫറൻസിന് നൽകിയിട്ടുണ്ട്. ഇതിൽ കേരളത്തിൽ നടത്തിയ പഠനങ്ങളെ ആസ്പദമാക്കിയിട്ടുള്ള പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ ഇതിനകം ആഗോളതലത്തിൽ ഫയൽ ചെയ്ത 140-ഓളം പേറ്റന്റുകളെ പ്രതിരോധിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ

12 (*312) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരക്കാരെ നിയന്ത്രിക്കാൻ പോലീസ് നടപടി സ്വീകരിക്കുമോ ; ഇത്തരത്തിൽ പ്രവർത്തിക്കുന്നവരിൽ എത്രപേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്;

(സി) പോലീസുകാർതന്നെ പണം പലിശയ്ക്ക് നൽകിയതായ കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) കൊള്ളപ്പലിശ വാങ്ങിയവരെക്കുറിച്ചുള്ള പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനും ഇതിനായി ഉപയോഗിക്കപ്പെടുന്ന ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

സർ,

(എ) കൊള്ളപ്പലിശയ്ക്ക് പണം വായ്പ നൽകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമം അനുശാസിക്കുന്നതിൽകൂടുതൽ പലിശ ഈടാക്കി വായ്പ നൽകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനായി കർശനമായ നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. ഇത്തരം കേസുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിൽ Economic Offences Wing (EOW) എന്നൊരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന 608 പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള 4 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ആയതിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും Kerala Money Lenders Act 1958-ലെ വകുപ്പുകൾ പ്രകാരവും, KAAP Act 2007 പ്രകാരവും കർശനമായ നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഹൗസ്ബോട്ട് മേഖലയെ നിയന്ത്രിക്കാൻ പ്രത്യേക നിയമം

13 (*313) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസ്ബോട്ട് മേഖലയെ നിയന്ത്രിക്കാൻ പ്രത്യേക നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുവാനും സുരക്ഷ, പരിസ്ഥിതി എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) നിലവിലുള്ള കെ.ഐ.വി. റൂൾ 2010-ലെ ചട്ടങ്ങൾ തുടരുന്നതോടൊപ്പം ഭേദഗതി ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഹൗസ്ബോട്ടിലെ യാത്രക്കാർക്കും ജോലിക്കാർക്കും നൂറ് ശതമാനം സുരക്ഷ ഉറപ്പാക്കുക, മലിനീകരണം തടയുക, യാത്ര നടത്തുന്ന സമയത്ത് സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് യാത്രക്കാരെ ബോധവാന്മാരാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ചട്ടത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റബിലിറ്റി ടെസ്റ്റിനോടൊപ്പം ഹീൽ ടെസ്റ്റുകൂടി ഉൾപ്പെടുത്തുക.
2. എല്ലാ ജലയാനങ്ങളും (മെക്കനൈസ്ഡ് & നോൺ മെക്കനൈസ്ഡ്) കെ. ഐ. വി. റൂളിന്റെ പരിധിയിൽ കൊണ്ടുവരുക.
3. ജലയാനങ്ങളുടെ വിസ്തീർണ്ണം, ആഴം, അപകട സാധ്യത എന്നിവ കണക്കിലെടുത്ത് അവയെ തരംതിരിക്കുക.
4. ബോട്ട് ജീവനക്കാർക്കുവേണ്ടി ഒരു ഡിപ്ലോമ കോഴ്സ് ആരംഭിക്കുക.
5. എല്ലാ ബോട്ടുകളിലും മൺസൂൺ സമയത്തും അല്ലാത്തപ്പോഴും വഹിക്കാവുന്ന യാത്രക്കാരുടെ എണ്ണം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണം എന്ന നിബന്ധന കൊണ്ടുവരുക.
6. വേസ്റ്റ് ബയോ ടാങ്ക് ബോട്ടുകളിൽ ഘടിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കേരളത്തിലുള്ള ഭൂരിഭാഗം ജലയാനങ്ങളും യന്ത്രങ്ങൾ ഘടിപ്പിക്കാതെ യാത്ര ചെയ്യുന്നവയാണ്. കടത്തുവള്ളങ്ങൾ, വഞ്ചികൾ എന്നിവയിൽ ധാരാളം പേർ യാത്ര ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷ കണക്കിലെടുത്ത് നോൺ മെക്കനൈസ്ഡ് ബോട്ടുകളെയും കെ.ഐ.വി. റൂളിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

2. യന്ത്രവൽകൃത ബോട്ടുകൾക്കുള്ള ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിശോധനയിലാണ്.

3. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനുവേണ്ടി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. ഹൗസ്ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആലപ്പുഴയിലും കുമരകത്തും ഡ്രൈഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുവഴി ജീവനക്കാർക്കുവേണ്ട ട്രെയിനിംഗുകൾ നടത്തിവരുന്നു.

## കടലാസ് രഹിത ഫയൽ സംവിധാനം

14 (*314) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ പേപ്പർ ലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യവും നേട്ടങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യാ, ഭക്ഷ്യവും പൊതുവിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം എന്ന പേരിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ മറ്റ് വകുപ്പുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്നതുസംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കേരള സംസ്ഥാന ഐ.റ്റി.മിഷൻ, കേരള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട് (കെ.എസ്.യു.ഡി.പി.), അക്ഷയ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), അനർട്ട്, സ്റ്റേറ്റ് ഇ-ഗവേർണൻസ് മിഷൻ ടീം (എസ്.ഇ.എം.ടി.) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ സർക്കാർ ആഫീസുകളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് കടലാസ് രഹിത ഫയൽ സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ നേട്ടം.

(സി) കേരള സർക്കാർ സ്ഥാപനമായ കെൽട്രോണും കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും ആണ് കടലാസ് രഹിത ഫയൽ സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത്.

## ചെക്ക് ഡാമുകൾ

15 (*315) ശ്രീ. വർക്കല കഹാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ആർ സെൽവരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾക്കുള്ള കുടിവെള്ളത്തിനായി വനങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ കെ. ബി. ഗണേഷ്കുമാർ): സർ,

(എ) ഉണ്ട്. ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ Compensatory Afforestation Fund Management and Planning Authority (CAMPA) മുഖേനയും ഫണ്ട് ലഭ്യമാക്കി വനത്തിനുള്ളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അടുത്ത കാലത്തായി സംസ്ഥാനത്തിലെ വനങ്ങളിൽ വ്യാപകമായി നടപ്പിലാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ 26 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന 50 തടയണകളിൽ, ഇതിനകം 22 എണ്ണം പൂർത്തീകരിച്ചു. 2013-14 സാമ്പത്തിക വർഷം 100 തടയണകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ വിദേശ സാമ്പത്തിക സഹായ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് ലഭ്യമാക്കി 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട 560 (അഞ്ഞൂറ്റി അറുപത്) കോടി രൂപ അടങ്കൽ തുക വരുന്ന ഒരു സംയോജിത തണ്ണീർത്തട വികസന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്നത് താഴെപ്പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ്.

1. സംസ്ഥാന പദ്ധതികൾ
2. കേന്ദ്രാവിഷ്കൃത പദ്ധതികൾ
3. CAMPA

എല്ലാ വർഷവും പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ CAMPA ഫണ്ടും ലഭ്യമാക്കി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികൾക്ക് വിദേശ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തിവരുന്നു.

(സി) ലഭ്യമായ സ്രോതസ്സുകൾ എല്ലാം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വനങ്ങളിൽ വ്യാപകമായി ചെക്ക്ഡാമുകളും കുളങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികളാണ് വനംവകുപ്പ് നടത്തിവരുന്നത്. ഇതോടൊപ്പം വിദേശ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നാല് വർഷംകൊണ്ട് നടപ്പിലാക്കേണ്ട 560 കോടി രൂപയുടെ ഒരു പദ്ധതിയും വനംവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ പൊതു ജനസമ്പർക്ക പരിപാടിയുടെ അവലോകനം**

16 (*316) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ജില്ലകൾതോറും നടത്തിയ പൊതുജനസമ്പർക്ക പരിപാടി എത്രത്തോളം വിജയകരമായിരുന്നു ; കെട്ടിക്കിടന്ന എത്ര ഫയലുകളിൽ തീർപ്പു കല്പിക്കാൻ സാധിച്ചു ; വിശദാംശങ്ങൾ നല്കുമോ ;

(ബി) ഇപ്രകാരം രണ്ടാംഘട്ട പൊതുജനസമ്പർക്ക പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ എന്നുമുതൽ ; വിശദാംശങ്ങൾ നല്കുമോ ;

(സി) മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ, സാധാരണ ജനങ്ങളുടെ പ്രശ്നങ്ങളിൽ, അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് കരുതുന്നുവോ ; എങ്കിൽ ആയതിലേക്ക് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ നല്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) 14 ജില്ലകളിലും നടത്തിയ ജനസമ്പർക്കപരിപാടി വിജയകരമായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിരവധി പരാതികൾ പരിഹരിക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ കെട്ടിക്കിടക്കുന്നതും അല്ലാതെയുള്ളതുമായ പരാതികൾ സത്വരമായി, നിയമാനുസൃതം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയത്. ഇതിന്റെ ഫലമായി തീർപ്പാക്കാതെ കിടന്നതും അല്ലാത്തതുമായ 4,00,667 പരാതികൾ പരിഹരിക്കുവാനും അപേക്ഷകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും സാധിച്ചു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) മുഖ്യമന്ത്രി 14 ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ii) ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചിട്ടുണ്ട്.

(iii) സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാനുകൂല്യം ലഭിക്കുന്നതിന് ഓരോവർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്ന് കെഎസ്ആർടിസി-ക്ക് നിർദ്ദേശം നൽകി, സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(iv) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയ്ലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കി.

(v) നാഷണൽ ഫാമിലി ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ളതും യോഗ്യമായിട്ടുള്ളതുമായ മുഴുവൻ അപേക്ഷകളിലും അടിയന്തരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

(vi) കെട്ടിട നിർമ്മാണലംഘനം നടത്തി എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിടനമ്പർ അനുവദിച്ചുനൽകാൻ കഴിയാത്തതും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമായ 100 ച.മീ. വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്.

(vii) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1-1-1993 മുതൽ 31-5-2012 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(viii) റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തര തീർപ്പു കൽപിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ix) ബി.പി.എൽ.കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും/വീട് വയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമെ ഏതെങ്കിലും വിഷയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ട സാഹചര്യമുണ്ടായാൽ അപ്രകാരം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൃത്രിമ കള്ള്

17 (*317) ശ്രീ. എം. ഉമ്മർ :
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങ് ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവും ഷാപ്പുകളിലൂടെ വില്പന നടത്തുന്ന കള്ളിന്റെ അളവും തമ്മിലുള്ള താരതമ്യ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) കൃത്രിമ കള്ള് ഉല്പാദിപ്പിക്കാനും വിപണനം നടത്താനും ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കള്ളിലെ കൃത്രിമം കണ്ടെത്താൻ നടത്തുന്ന ലബോറട്ടറി പരിശോധനകളുടെ വിശദവിവരം നൽകാമോ ;

(ഡി) പരിശോധനയ്ക്കായുള്ള അംഗീകൃത ലബോറട്ടറികൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

സർ,

(എ) ഉണ്ട്. സംസ്ഥാനത്തെ കള്ളിന്റെ ഉപഭോഗം, കള്ള്ഷാപ്പുകളിലൂടെ ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവിനെക്കാൾ കുറവായിട്ടാണ്, താരതമ്യ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. എന്നാൽ മിക്ക ജില്ലകളിലും, ചെത്തി ശേഖരിക്കുന്ന കള്ളിന്റെ അളവ്, ഉപഭോഗത്തെക്കാൾ കുറവായതിനാൽ, ചെത്ത്തെങ്ങ് യഥേഷ്ടം കിട്ടുന്ന പാലക്കാട് ജില്ലയിൽനിന്നും, ലൈസൻസികൾ, പ്രത്യേക നികുതി അടച്ച് അന്തർജില്ലാ പെർമിറ്റുവഴി ആവശ്യം വേണ്ടുന്ന കള്ള് ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുന്നു.

(ബി) ഇല്ല. കൃത്രിമകള്ള് ഉൽപ്പാദിപ്പിക്കുന്നതും, വിപണനം നടത്തുന്നതും, അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് കഠിനമായ ശിക്ഷ ലഭിക്കുന്ന കുറ്റമാണ്. കൃത്രിമ കള്ളിനെതിരെ ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്.

(സി) ലൈസൻസ് ചെയ്ത കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കള്ളുഷാപ്പുകളിൽ നിരന്തരം പരിശോധന നടത്തുകയും വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന കള്ളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. രാസപരിശോധനാറിപ്പോർട്ടിൽ, കള്ളിൽ മായം ചേർത്തു എന്ന് ഉറപ്പുവന്നാൽ ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ, ചീഫ് കെമിക്കൽ എക്സാമിനറുടെ മേൽനോട്ടത്തിൽ, തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോടും ലബോറട്ടറികൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ശാസ്ത്ര സാങ്കേതിക നയം

18 (*318) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ശാസ്ത്രസാങ്കേതിക നയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാൻ ലഭിക്കുന്ന വസ്തുതകൾ പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിന്റെ കരട് രൂപം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ചനടത്തുന്ന കാര്യം പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. ശാസ്ത്ര സാങ്കേതിക വിദഗദ്ധ സമിതികളുടെ പര്യാലോചനകളുടെ ഫലമായി പുറത്തുകൊണ്ടുവന്ന കരട് നയം 25-ാമത് കേരള ശാസ്ത്ര കോൺഗ്രസ്സിൽ പ്രസിദ്ധപ്പെടുത്തുകയും അത് കേരള ശാസ്ത്ര സമൂഹത്തിന്റെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് പുറത്തുകൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

(ബി) കരട് നയത്തിൽ ഈ വിഷയത്തിന് ഏറ്റവും വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. യുവ ശാസ്ത്രജ്ഞരെ അംഗീകരിക്കുന്നതിനും അവരെ ലോക ശാസ്ത്രജ്ഞരുടെ മുൻനിരയിലേക്ക് വരുംവർഷങ്ങളിൽ പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ള പരിപാടികളിലൂടെ കൊണ്ടുവരുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ പുതിയ ശാസ്ത്ര-സാങ്കേതിക നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. മറ്റ് യുവജന സംബന്ധിയായ പദ്ധതികൾ ശാസ്ത്ര-സാങ്കേതിക തലത്തിൽ യുവ വ്യവസായ സംരംഭകർക്കും/വിദ്യാർത്ഥികൾക്കും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കുട്ടികൾക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുകയും ശാസ്ത്രം ഉപജീവനമാക്കി മാറ്റുന്നതിനായി അവരെ പ്രേരിപ്പിക്കുക, ശാസ്ത്ര ജ്ഞർക്ക് പരിശീലനം നൽകുന്നതിനായി വിദഗ്ധരായ പരിശീലകരെ തെരഞ്ഞെടുക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുക എന്നിവയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 25-ാമത് ശാസ്ത്ര കോൺഗ്രസിൽ ഇത് ശാസ്ത്ര സമൂഹത്തിന്റെ അഭിപ്രായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. 2013 ഫെബ്രുവരി 7 മുതൽ 9 വരെ നടന്ന ദേശീയ ശാസ്ത്ര സമ്മേളനത്തിലും ഇതിനെപ്പറ്റി പ്രതിപാദിക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്തിട്ടുണ്ട്. വെബ്സൈറ്റിൽ ഇത് ഉടൻ തന്നെ പ്രസിദ്ധീകരിക്കും. അച്ചടിച്ച കോപ്പികൾ ഭരണതലത്തിലും നിയമസഭാ തലത്തിലും പൊതു സമൂഹത്തിലും വിതരണം ചെയ്യും. വരുന്ന മൂന്ന് മാസം ഇതിനെപ്പറ്റിയുള്ള ചർച്ചകൾ സംഘടിപ്പിക്കും. ഇവയിൽ നിന്നുരുത്തിരിയുന്ന കർമ്മപദ്ധതി നടപ്പിലാക്കാനുള്ള നിയമാനുസൃത പദ്ധതികൾ ആവിഷ്ക്കരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഗണിച്ചിട്ടുണ്ട്. കരട് നയം അക്കാദമിക, ശാസ്ത്ര ഭരണ, പൊതുസമൂഹ തലങ്ങളിൽ ചർച്ച ചെയ്യാനുള്ള വേദികൾ വരുന്ന മൂന്ന് മാസങ്ങളിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരുക്കും.

**പുതിയ മത്സ്യബന്ധന നിയമം**

19 (*319) ശ്രീ. തോമസ് ചാണ്ടി:
ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ ലഭ്യത കുറഞ്ഞ സംസ്ഥാനത്ത്, പുതിയ മത്സ്യബന്ധന നിയമം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രതിസന്ധി രൂക്ഷമാക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയായി പുതിയ നിയമത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 നോട്ടിക്കൽ മൈൽ (23 കിലോ മീറ്റർ) കഴിഞ്ഞുള്ള 200 നോട്ടിക്കൽ മൈൽ വരെയുള്ള ഭാഗത്ത് മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ പെർമിറ്റും ലൈസൻസും നിർബന്ധമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ മത്സ്യബന്ധന നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധി സംബന്ധിച്ച് ആവശ്യമായ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

സർ,

(എ) സമുദ്ര മൽസ്യോൽപാദനത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ 09 എന്ന പേരിൽ കടലിലെ മൽസ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള ഒരു ബിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) 12-2-2010-ൽ കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ യോഗനടപടിക്കുറിപ്പിൽ കേരള ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. മേൽസാഹചര്യത്തിൽ ടി കരട് ബില്ലിന്റെ സെക്ഷൻ 8 ഭേദഗതി വരുത്തണമെന്നും മിനിറ്റ്സ് ഭേദഗതി വരുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള ഏത് കാര്യവും നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട സമുദ്ര മൽസ്യബന്ധന (നിയന്ത്രണവും പരിപാലനവും) ബില്ലിന്റെ കരടിൽ ആഴക്കടലിൽ മൽസ്യബന്ധനം നടത്തുന്ന ഏത് യാനവും പ്രത്യേക പെർമിറ്റ് എടുക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോൻമുഖമായ പരിശീലന പരിപാടി

20 (*320) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനോന്മുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) കേരള സംസ്ഥാനത്ത് പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻ നിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. ഓരോ വകുപ്പിലെയും ഉദ്യോഗസ്ഥരുടെ പരിശീലനാവശ്യങ്ങൾ അവലോകനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പൊതുഭരണത്തിലെ നൂതനമായ ആശയങ്ങളും പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം, സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

(ബി&സി) ഉണ്ട്. "സപ്തധാരാ പദ്ധതി" പ്രകാരം നിലവിലുള്ള പരിശീലന നയത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി അദ്ധ്യാപക ജീവനക്കാരിൽ നിന്നും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചുവരുന്നുണ്ട്.

## ഭൂമിസംബന്ധമായ കേസുകൾ തീർപ്പാക്കുന്നതിനുള്ള കോടതികൾ

21 (T.*321) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധമായ കേസ്സുകൾ അതിവേഗം തീർപ്പാക്കാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച കേസ്സുകൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭൂമി സംബന്ധമായ കേസ്സുകളിൽ സർക്കാർ ഭാഗം വാദം ഫലപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഭൂമി സംബന്ധമായി സംസ്ഥാനത്തെ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളെക്കുറിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഭൂമി സംബന്ധമായ കേസ്സുകൾ അതിവേഗം തീർപ്പാക്കാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) സർക്കാർ ഫലപ്രദമായാണ് കേസ്സുകൾ കൈകാര്യം ചെയ്യുന്നത്.

(ഡി) കേരള ഭൂപരിഷ്ക്കരണ നിയമവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 279 കേസ്സുകൾ തീർപ്പാകാതെയുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

22 (*322) ശ്രീ. കെ. അജിത് :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഡോക്ടർമാർ ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കടൽ ബോട്ട്-ആംബുലൻസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ കെ. ബാബു):

സർ,

(എ) കടലിൽ മൽസ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മൽസ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ FRP പട്രോൾ ബോട്ടുകൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. പട്രോൾ ബോട്ടുകളും ഫിഷറീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുന്നതിന് വൺ ടു വൺ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റവും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള വാർത്താവിനിമയത്തിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകളും നൽകിയിട്ടുണ്ട്. ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങളും ഫിഷറീസ് സ്റ്റേഷനുകളിൽ വാങ്ങി നൽകിയിട്ടുണ്ട്. വളരെ അടിയന്തര സാഹചര്യങ്ങളിൽ ഇൻഡ്യൻ കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി എന്നിവയുടെ സേവനവും ലഭ്യമാക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 'Safety of Fishermen at Sea' (പദ്ധതി വിഹിതം 9.1 കോടി) എന്ന പദ്ധതി പ്രകാരം ജി.പി.എസ്. എക്കോസൗണ്ടർ, വാർത്താവിനിമയ ഉപകരണങ്ങൾ, ബീക്കൺ എന്നീ ഉപകരണങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ചെയ്തുവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ മറൈൻ ആംബുലൻസ് സംവിധാനത്തിനുള്ള നിർദ്ദേശം പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഹൃദയാഘാതം പോലുള്ള അസുഖങ്ങൾ വരുമ്പോൾ കടലിൽവച്ച് പ്രാഥമിക ചികിൽസ നൽകുവാനുള്ള സംവിധാനം പട്രോൾ ബോട്ടുകളിൽ ഇപ്പോൾ നിലവിലില്ല. കടലിലെ രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ടി 5 ഫിഷറീസ് സ്റ്റേഷനുകൾക്ക് മറൈൻ ആംബുലൻസ് വാങ്ങുന്നതിനായി 2013-14-ലെ ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

### എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം

23 (*323) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലോചിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പരിശീലനം നൽകുന്നതിലേക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പരിശീലനത്തിനായി പുതിയ മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

സർ,

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികയിലുള്ളവർക്ക് അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണ്ടെത്തി, അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്നതിൽ പരിശീലനം നൽകുന്നതിനായി, സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയിൽ ഉൾപ്പെടുത്തി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ, തൃശ്ശൂർ, സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ വച്ച് 5 ദിവസം വീതം ദൈർഘ്യമുള്ളതും 30 ആഫീസർമാർ അടങ്ങുന്നതുമായ 5 ബാച്ചിന്റെ പരിശീലനം ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

6-ാമത് ബാച്ചിന്റെ പരിശീലനം 11-2-2012-ന് ആരംഭിച്ചിട്ടുള്ളതാണ്. മേൽ തസ്തികകളിലുള്ള എല്ലാവർക്കും പ്രസ്തുത പരിശീലനം നൽകുന്നതാണ്. ആകെ 30 പേർ വരുന്ന 20 ബാച്ചുകൾക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം 11 ബാച്ചുകളും അടുത്ത വർഷം ജൂൺ 7-ാം തീയതിക്കകം (2013 ജൂൺ 7) ബാക്കി 9 ബാച്ചുകളുടെയും പരിശീലനം പൂർത്തിയാക്കുന്നതുമാണ്. ഇതുകൂടാതെ, വകുപ്പിലെ പരിശീലനം ലഭിക്കാത്ത സിവിൽ എക്സൈസ് ആഫീസർമാർക്ക് 90 പ്രവർത്തി ദിവസം നീണ്ടു നിൽക്കുന്ന അടിസ്ഥാന പരിശിലനം നൽകി വരുന്നുണ്ട്. ഇപ്പോൾ നടക്കുന്ന എട്ടാമത് ബാച്ചിൽ നൂറുപേർക്ക് എക്സൈസ് അക്കാദമിയിൽ പരിശീലനം നൽകിവരുന്നു.

(സി) പുതിയ മൊഡ്യൂൾ പ്രകാരമാണ് ഇപ്പോൾ പരിശീലനം ആരംഭിച്ചിട്ടുള്ളത്. മേജർ കേസുകൾ കണ്ടെത്തുന്നതിനും ശാസ്ത്രീയമായി അന്വേഷണം നടത്തി കുറ്റക്കാരായ മുഴുവൻ പേരെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും കഴിയുന്ന രീതിയിൽ പ്രത്യേകം സിലബസ് തയ്യാറാക്കിയാണ് പരിശീലനം നൽകിവരുന്നത്. അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾക്ക് ഇപ്രകാരം പ്രത്യേകം പാഠ്യപദ്ധതി തയ്യാറാക്കി, ഡിറ്റക്ഷൻ, ഇൻവെസ്റ്റിഗേഷൻ, ചാർജ് ഷീറ്റിംഗ് എന്നീ കാര്യങ്ങളിൽ ഏറ്റവും അനുയോജ്യരും, ടി മേഖലയിൽ കഴിവ് തെളിയിച്ചവരുമായ ഫാക്കൽറ്റികളെ ഉൾപ്പെടുത്തിയാണ് ഇപ്പോൾ പരിശീലനം നൽകുന്നത്.

### നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാൻ സംവിധാനം

24 (*324) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്നും ക്യാമറകളുടെ പ്രവർത്തനത്തിൽ ഗുരുതരമായ ന്യൂനതകളുണ്ടെന്നുമുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ ;

(സി) ക്യാമറാദൃശ്യങ്ങളുടെ തത്സമയ നിരീക്ഷണവും അനുബന്ധ നടപടികളും കുറ്റമറ്റതാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

സർ,

(എ) ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുള്ള 110 ട്രാഫിക് സെക്യൂരിറ്റി ക്യാമറകളുടെ പ്രവർത്തനം കൺട്രോൾ റൂമുകളിൽ നിരീക്ഷിക്കുന്നുണ്ട്. ഏതെങ്കിലും ക്യാമറകളിൽ നിന്നുള്ള ദൃശ്യങ്ങൾക്ക് തടസ്സം നേരിട്ടാൽ ഉടൻതന്നെ ആ വിവരം കെൽട്രോണിനെ അറിയിക്കുകയും അപ്പോൾ തന്നെ പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. കൂടാതെ കെൽട്രോൺ കമ്പനിയുടെ ഉദ്യോഗസ്ഥർ പ്രസ്തുത ക്യാമറകളുടെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധിക്കാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല; ക്യാമറകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(സി) ക്യാമറ ദൃശ്യങ്ങളുടെ തൽസമയ നിരീക്ഷണവും അനുബന്ധ നടപടികളും കൺട്രോൾ റൂമുകളിൽ ഫലപ്രദമായി നടത്തിവരുന്നുണ്ട്. എന്തെങ്കിലും തകരാറുണ്ടായാൽ യഥാസമയം കെൽട്രോണിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പരിഹാരം കാണാറുണ്ട്.

### ജനപ്രതിനിധികളോടുള്ള അവഗണന

25 (*325) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനപദ്ധതികളുടെയും പരിപാടികളുടെയും ഉദ്ഘാടനം ഉൾപ്പെടെയുള്ള ചടങ്ങുകളിൽ ജനപ്രതിനിധികൾ അവഗണിക്കപ്പെടുന്നതും പ്രോട്ടോക്കോൾ ലംഘിക്കപ്പെടുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനപദ്ധതികളുടെ ഉദ്ഘാടനപരിപാടിയിൽ സംസ്ഥാനത്തു നിന്നുള്ള മന്ത്രിമാർക്കും എംഎൽഎമാർക്കും പ്രോട്ടോക്കോളിൽ മുഖ്യപരിഗണനയുണ്ടോ; ഉറപ്പാക്കപ്പെടുന്നുണ്ടോ ;

(സി) കേന്ദ്രമന്ത്രിമാർ പങ്കെടുക്കുന്ന സംസ്ഥാനപദ്ധതി ഉദ്ഘാടന വേളയിൽ സ്ഥലം എം.എൽ.എ. അവഗണിക്കപ്പെടുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനപദ്ധതികളുടെയും പരിപാടികളുടെയും കാര്യത്തിൽ സ്ഥലം എം.എൽ.എ.യ്ക്കും, കേന്ദ്രപദ്ധതിയുടെ കാര്യത്തിൽ സ്ഥലം എം.പി.യ്ക്കും മുഖ്യപരിഗണന നൽകുന്നതിനു നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ ഉമ്മൻചാണ്ടി) :

(എ-സി) ഉണ്ട്.

(ഡി) 11-6-2012-ലെ സ.ഉ. (M.s.) നമ്പർ 141/12/GAD. ഉത്തരവ് പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

### മത്സ്യ സമ്പത്ത്

26 (*326) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളിലൂടെ മത്സ്യസമ്പത്ത് എത്രയായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) സംസ്ഥാനത്തെ ഉൾനാടൻ മേഖലയിൽ സമഗ്ര വികസനം സാധ്യമാക്കത്തക്കവിധം മത്സ്യകൃഷി വികസനത്തിന് ഊന്നൽ നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജനപങ്കാളിത്തത്തോടെയും കൂടി "മത്സ്യസമൃദ്ധി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യസമൃദ്ധി മുഖേന മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മൽസ്യോൽപ്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യ കർഷക വികസന ഏജൻസികൾ മുഖേനയും ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ ജലകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ അഡാക്ക് വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇവയിൽ കോൾനിലങ്ങൾ, പൊക്കാളിനിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവയിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൂടുകളിലെ മത്സ്യകൃഷി, വല്ലങ്ങളിലെ മൽസ്യകൃഷി എന്നിവ ഉൾപ്പെടുന്നു. കൂടാതെ ജലകൃഷി വികസനത്തിനായി വിത്തുൽപ്പാദന കേന്ദ്രങ്ങൾ, വിത്ത് ഗുണമേന്മ പരിശോധിക്കുന്നതിന് പി.സി.ആർ. ലാബുകൾ, ജലകൃഷി പരിശീലനത്തിനായി പൊയ്യ, എരഞ്ഞോളി എന്നിവിടങ്ങളിൽ പ്രദർശന ഫാമുകൾ എന്നിവ അഡാക്കിന്റെ പദ്ധതികളിൽ പെടുന്നുണ്ട്.

കേരളത്തിലെ റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയും അഡാക്ക് വഴി നിർവ്വഹണം നടത്തിവരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ ചെമ്മീൻ കൃഷിയും കൂടുകളിലെ മത്സ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കടലിലെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുവാനായി സംസ്ഥാന തീരത്ത് പലയിടത്തും കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സീറാഞ്ചിംഗ് പദ്ധതിപ്രകാരം ഓരു ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ മൽസ്യമേഖലയിൽ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടും മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മൽസ്യോൽപ്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും `മത്സ്യ സമൃദ്ധി' എന്ന പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യകർഷക വികസന ഏജൻസികൾ മുഖേന മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ 20 ജലസംഭരണികളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ മത്സ്യ/ആറ്റുകൊഞ്ച് വിത്തുസംഭരണവും സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗിച്ച് പൊതു ജലാശയങ്ങളിൽ മത്സ്യവിത്തുനിക്ഷേപവും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലകൃഷി വികസന ഏജൻസി (അഡാക്ക്) മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായ കുട്ടനാട് പാക്കേജിൻ കീഴിൽ അഡാക്ക് മുഖേന കുട്ടനാടൻ കാർഷിക പരിസ്ഥിതി പുനഃരുജ്ജീവനം സുസ്ഥിര മത്സ്യകൃഷിയിലൂടെ എന്ന പദ്ധതിയും കരിമീൻ-കുട്ടനാടൻ കൊഞ്ച് ഇവയുടെ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനുള്ള സമഗ്ര പദ്ധതിയും നടപ്പാക്കിവരുന്നു. ഒന്നാമത്തെ പദ്ധതിയിൽ ഒരു നെല്ലും ഒരു മീനും പദ്ധതി (200 ഹെക്ടർ), വല്ലങ്ങളിലെ (ജലി) മത്സ്യകൃഷി (300 യൂണിറ്റ്), തനതു മൽസ്യസമ്പത്തിന്റെ സംരക്ഷണത്തിനായി ഫിഷ് സാങ്ചറി സ്ഥാപിക്കൽ (3 എണ്ണം), കരിമീൻ വളർത്തൽ യൂണിറ്റുകൾ (100 എണ്ണം) എന്നിവ ഉൾപ്പെടുന്നു. രണ്ടാമത്തെ പദ്ധതിയിൽ ആയിരം തെങ്ങ് ഫാമിൽ മാതൃക കരിമീൻ വിത്തുൽപ്പാദന കേന്ദ്രവും ഗവേഷണ പരിശീലന കേന്ദ്രവും സ്ഥാപിക്കൽ, കൂടുകളിലെ മത്സ്യകൃഷി (12 യൂണിറ്റുകൾ), ഫിഷ് സാങ്ചറി (2 എണ്ണം), കരിമീൻ/ആറ്റുകൊഞ്ച് വിത്ത് നിക്ഷേപം എന്നിവ ഉൾപ്പെടുന്നു.

മേൽവിവരിച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ കുട്ടനാടിന്റെ കാർഷികോൽപ്പാദനത്തിലും മത്സ്യോൽപ്പാദനത്തിലും വമ്പിച്ച വർദ്ധനവ് പ്രതീക്ഷിക്കുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻകൃഷിയും കൂടുകളിലെ മൽസ്യകൃഷിയും വിവിധ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയതുറ, കരിങ്കുളം, പൂവാർ എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 300-ഓളം കൃത്രിമ പാരുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) മത്സ്യസമൃദ്ധി പദ്ധതി മുഖേന മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മത്സ്യോൽപ്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. മറ്റ് പദ്ധതികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ മത്സ്യോൽപാദനത്തിൽ വമ്പിച്ച വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ

27 (*327) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ബി സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-ൽ ബഹു. ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ എല്ലാം നടപ്പിലാക്കുകയുണ്ടായോ ; സർക്കാർ ഇക്കാര്യം അവലോകനം ചെയ്തിട്ടുണ്ടായിരുന്നുവോ ; പൂർണ്ണമായും നിർവ്വഹിക്കപ്പെട്ട നിർദ്ദേശങ്ങൾ എത്ര ; പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ പോയവ ഏതൊക്കെയായിരുന്നു ;

(ബി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു ;

(സി) പ്രഖ്യാപിച്ച ഏതെല്ലാം നയങ്ങളിൽ നിന്ന് വ്യതിചലിക്കുകയുണ്ടായി ;

(ഡി) പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം അവലോകനം ചെയ്യുകയുണ്ടായോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) 2012-ൽ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടില്ല. നയപ്രഖ്യാപനത്തിലെ പല നിർദ്ദേശങ്ങളും നടപ്പിൽ വരുത്തിയതും ബാക്കിയുള്ളവ നടപ്പിൽ വരുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നവയുമാണ്. വകുപ്പുമന്ത്രിമാരും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. അവലോകന വേളയിൽ നിർവ്വഹിക്കപ്പെട്ട നിർദ്ദേശങ്ങളുടെയും നിർവ്വഹിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്ന നിർദ്ദേശങ്ങളുടെയും പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയാതെപോയ നിർദ്ദേശങ്ങളുടെയും വിശദമായ പരിശോധന നടത്തിവരുന്നുണ്ട്. നടപ്പാക്കാനുള്ളതും നടപടി തുടരുന്നതുമായ നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) നയപ്രഖ്യാപന പ്രസംഗത്തിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് വിശദമായ ഒരു അവലോകനം നടത്തുന്നതും അവലോകനവേളയിൽ നിർവ്വഹണം നടന്നിട്ടില്ലാത്ത നിർദ്ദേശങ്ങളുടെയും പ്രഖ്യാപിച്ച നയങ്ങളിൽനിന്ന് വ്യതിചലനമോ വ്യത്യാസമോ ഉണ്ടെങ്കിൽ അവയുടെയും വിശദാംശങ്ങൾ പരിശോധിക്കുന്നതുമാണ്.

## പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിലെ കാലതാമസം

28 (*328) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ തീർപ്പാക്കാൻ നിഷ്കർഷിച്ച സമയപരിധി പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, കാലതാമസം വരുത്തുന്ന കേസുകളിൽ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ടോ ;

(ബി) സമയപരിധി സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ; പ്രസ്തുത വ്യവസ്ഥകൾ ലംഘനം നടത്തിയവർക്കെതിരെ ഇതിനകം സ്വീകരിച്ച പിഴഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പരാതി സ്വീകരിച്ചതിന്റെ രസീതും എഫ്.ഐ.ആറിന്റെ പകർപ്പും നൽകാത്ത എത്ര കേസുകളിൽ വീഴ്ചവരുത്തിയവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായി ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികളിൽ 2013 ഫെബ്രുവരി 10 വരെ തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ളവയെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾക്ക് കഴിയുന്നത്ര വേഗം തീരുമാനമെടുക്കാറുണ്ട്.

(ബി&സി) 2013 വർഷത്തിലെ സേവനാവകാശ നിയമപ്രകാരം പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ 15 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്. സമയപരിധി ലംഘിച്ചതുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ പുളികീഴ് പോലീസ് സ്റ്റേഷനിലെ എസ്.ഐ.യുടെ വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് വച്ചുകൊണ്ട് വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 4695 പരാതികൾ തീർപ്പാക്കാനുണ്ട്. പോലീസ് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പി.എസ്.സി. നിയമന ശുപാർശകൾ

29 (*329) ശ്രീ. പി. റ്റി. എ. റഹീം:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമന ശുപാർശകൾ നൽകുന്ന നടപടിക്രമങ്ങളിൽ പി.എസ്.സി. എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് ലഭിക്കുന്നുണ്ടോ ; ഇത് ഉറപ്പാക്കാനുള്ള സംവിധാനം എന്താണ് ; വ്യക്തമാക്കുമോ ;

(സി) നിയമന ശുപാർശകൾ നല്കുന്നതിൽ പി.എസ്.സി.യിൽ ഇപ്പോൾ കാലതാമസം വരാനിടയായിട്ടുണ്ടോ ;

(ഡി) ഒഴിവുകളിൽ കൃത്യമായി ശുപാർശ നടത്തുന്നതിൽ പി.എസ്.സി. വീഴ്ചവരുത്തുന്നതുമൂലം ഉദ്യോഗാർത്ഥികൾ പ്രയാസം നേരിടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) നിയമന ശുപാർശകൾ നൽകുന്ന നടപടിക്രമങ്ങളിൽ പി.എസ്.സി. മാറ്റമൊന്നും വരുത്തിയിട്ടില്ല.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് ഉറപ്പാക്കാനുള്ള സംവിധാനം പി.എസ്.സി.യിൽ നിലവിലില്ല. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ കാലാകാലങ്ങളിൽ വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകാറുണ്ട്. 2012-13-ലെ ലഭ്യമായ ഒഴിവുകളും, 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ഒഴിവുകൾ ലഭിച്ചാൽ 15 ദിവസത്തിനകം നിയമന ശുപാർശ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വളരെ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ടി സമയക്രമം പാലിക്കാൻ കമ്മീഷന് കഴിയാതെ വരാറുണ്ട്. എങ്കിലും നിയമന ശുപാർശ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കമ്മീഷൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്നുള്ള പരാതികൾ അതിന്റെ പ്രാധാന്യത്തോടെ പരിഗണിച്ച് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

### എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം

30 (*330) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുവാൻ സംസ്ഥാനത്തെ മുഴുവൻ എക്സൈസ്-റെയ്ഞ്ച്-സർക്കിൾ ആഫീസുകൾ വയർലെസ് സംവിധാനം വഴി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാൻ വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

സർ,

(എ) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം, 57 ലക്ഷം രൂപ അടങ്കലിൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനായി, 30-5-2012-ലെ നമ്പർ 396/2012/നി.വ. ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുവാൻ, സംസ്ഥാനത്തെ മുഴുവൻ എക്സൈസ് റെയ്ഞ്ച് സർക്കിൾ ആഫീസുകൾ വയർലെസ് സംവിധാനംവഴി ബന്ധിപ്പിക്കുന്നവാൻ ഉദ്ദേശിക്കുന്നുണ്ട് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, ആദ്യഘട്ടമെന്ന നിലയിൽ, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ, വയർലെസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം നടപ്പിൽ വരുത്തുന്നതിലേക്കായി നടപ്പ് സാമ്പത്തികവർഷം 57 ലക്ഷം രൂപ അടങ്കലിൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനായി, 30-6-2012-ലെ നമ്പർ 396/2012/നിവ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വയർലെസ് സംവിധാനത്തിനാവശ്യമായ ഹാൻഡ് സെറ്റുകൾ, ബേസ് സ്റ്റേഷൻ സെറ്റുകൾ, മൊബൈൽ സെറ്റുകൾ (വെഹിക്കിൾ സെറ്റുകൾ) റിപ്പീറ്റർ സ്റ്റേഷൻ മുതലായവ സംബന്ധിച്ച് പഠനം നടത്തി, റിപ്പോർട്ട് നൽകുന്നതിലേക്കായി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) നോഡൽ ആഫീസർ ആയി സ്പെസിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കുകയും, വയർലെസ് സംവിധാനത്തിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് റിപ്പോരട്ട് സമർപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, 2 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ എന്നിവരെ, എക്സൈസ് കമ്മീഷണറുടെ, 15-9-2012-ലെ എക്സ്.ജി.1 എ-13581/11 നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എക്സൈസ് കമ്മീഷണറുടെ, 15-9-2012-ലെ XG1A-13581/11(A) ഉത്തരവുപ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ചെയർമാനായും, ഡി.വൈ.എസ്.പി. ടെലികമ്മ്യൂണിക്കേഷൻ വിംഗ്, കേരള പോലീസ്, അസോസിയേറ്റ് പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം, അസിസ്റ്റന്റ് പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം, എന്നിവർ അംഗങ്ങളുമായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. 5-12-2012-ലെ XJ3-3271/12 നമ്പർ കത്ത് പ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി, അഡീഷണൽ എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ്) നോഡൽ ആഫീസർ ആയി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ

1 (3554) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ അതേപടി കേരളത്തിലും നടപ്പിലാക്കുന്നുണ്ടോ ; ഏതെങ്കിലും കാര്യങ്ങളിൽ സർക്കാർ വിയോജിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സാധാരണക്കാർക്കും ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്കും ലഭിക്കേണ്ട സബ്സിഡി നല്കുന്നതിന് പുതിയ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പരിഷ്ക്കാരങ്ങൾ വിശദമായ പരിശോധനയിലാണ്.

(സി&ഡി) അർഹരായവർക്ക് സബ്സിഡി ബാങ്കുകൾവഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### സേവനാവകാശനിയമം

2 (3556) ശ്രീ വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശനിയമപ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച വകുപ്പുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) വിജ്ഞാപനം പുറപ്പെടുവിച്ചില്ലെങ്കിൽ എന്നേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സേവനാവകാശനിയമപ്രകാരം താഴെപ്പറയുന്ന വകുപ്പുകൾ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1. വനം-വന്യജീവി വകുപ്പ്
2. ട്രഷറി വകുപ്പ്
3. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4. പട്ടികജാതി വികസനവകുപ്പ്, സെക്രട്ടേറിയറ്റ്
5. പട്ടികജാതി വികസന വകുപ്പിനുകീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി
6. പട്ടികജാതി വികസന വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

7. പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
8. എക്സൈസ് വകുപ്പ്
9. ലോട്ടറി വകുപ്പ്
10. രജിസ്ട്രേഷൻ വകുപ്പ്
11. വാണിജ്യ നികുതി വകുപ്പ്
12. സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്
13. സൈനികക്ഷേമ വകുപ്പ്
14. സിവിൽ സപ്ലൈസ് വകുപ്പ്
15. പോലീസ് വകുപ്പ്
16. ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്
17. വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്
18. റവന്യൂ വകുപ്പ്
19. കോളേജ് വിദ്യാഭ്യാസ വകുപ്പ്
20. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

പ്രസ്തുത നിയമം 3-ാം വകുപ്പുപ്രകാരം നിയമം പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനുള്ളിൽ ഓരോ സർക്കാർ വകുപ്പും/സ്ഥാപനവും ഇതുസംബന്ധിച്ചുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. 23-11-2012-ലെ സർക്കുലർ നമ്പർ, 21145/AR12(1)/12/ഉഭപവ പ്രകാരവും, 20-12-2012-ലെ സർക്കുലർ നമ്പർ, 14944/AR 12(1)/12/ഉ.ഭ.പ.വ. പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2 (ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പുപ്രകാരം അടിയന്തരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

### സേവനാവകാശ നിയമം നടപ്പാക്കൽ

3 (3556) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശനിയമം നിലവിൽ വന്നതായി പ്രഖ്യാപിച്ച 2012 നവംബർ മാസം 1-ാം തീയതിക്കുശേഷം എത്ര മാസങ്ങൾക്കുള്ളിൽ ഓരോ വകുപ്പും സേവനം ജനങ്ങളുടെ അവകാശമായി അംഗീകരിച്ചുകൊണ്ട്, അതുറപ്പാക്കുവാനുള്ള വിജ്ഞാപനം ഇറക്കണമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരമുള്ള വിജ്ഞാപനങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ എല്ലാ വകുപ്പുകളും ഇറക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇറക്കിയ വിജ്ഞാപനങ്ങൾ എല്ലാം നിയമപരമായ പിൻബലം ഉള്ളവയാണോ ; ഇല്ലെങ്കിൽ സേവനാവകാശനിയമത്തിന്റെ ഭാവി എന്താകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സേവനാവകാശനിയമം നടപ്പിലാക്കുന്നതിനുമുമ്പ് കേരളത്തിലെ വിവിധ വകുപ്പുകളിൽ നടപ്പിലാക്കേണ്ട സൗകര്യങ്ങളും ഓരോ ഓഫീസുകളിലും അധിക തസ്തികകൾ അടക്കം കൊണ്ടുവരേണ്ട പുതിയ സാഹചര്യങ്ങളും ഫലവത്തായി ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത നിയമം 3-ാം വകുപ്പനുസരിച്ച്, നിയമം പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനകം ഓരോ സർക്കാർ വകുപ്പും/സ്ഥാപനവും ടി നിയമം 2 (ജി) വകുപ്പുപ്രകാരം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ സേവനങ്ങളും, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(ബി) ഇതുവരെ 20 വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഗസറ്റ് വിജ്ഞാപനങ്ങൾക്കും നിയമപരമായ പിൻബലം ഉണ്ട്.

(ഡി) സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നതേയുള്ളൂ. ടി നിയമം നടപ്പിലാക്കുമ്പോൾ കൂടുതൽ ജോലിഭാരം പുതുതായി ഉണ്ടാകുമെന്ന് കരുതുന്നില്ല. ഈ നിയമം നടപ്പിലാക്കുന്നതുസംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഇപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഓഫീസുകളും വകുപ്പുകളും

4 (3557) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശനിയമത്തിന്റെ പരിധിയിൽ ഇപ്പോൾ നിലവിലുള്ള വകുപ്പുകളും ഓഫീസുകളും എതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ ഓഫീസുകളിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്ക് ഓരോ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവയുടെ കാലയളവുകളും എത്രയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ഇപ്രകാരം ചുവടെപ്പറയുന്ന 20 സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1. വനം-വന്യജീവി വകുപ്പ്
2. ട്രഷറി വകുപ്പ്
3. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4. പട്ടികജാതി വികസനവകുപ്പ്, സെക്രട്ടേറിയറ്റ്
5. പട്ടികജാതി വികസന വകുപ്പിനുകീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി
6. പട്ടികജാതി വികസന വകുപ്പ്
7. പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
8. എക്സൈസ് വകുപ്പ്
9. ലോട്ടറി വകുപ്പ്
10. രജിസ്ട്രേഷൻ വകുപ്പ്
11. വാണിജ്യ നികുതി വകുപ്പ്
12. സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്
13. സൈനികക്ഷേമ വകുപ്പ്
14. സിവിൽ സപ്ലൈസ് വകുപ്പ്
15. പോലീസ് വകുപ്പ്
16. ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്
17. വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്
18. റവന്യൂ വകുപ്പ്
19. കോളേജ് വിദ്യാഭ്യാസ വകുപ്പ്
20. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

23-11-2012-ലെ 21145/AR12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരവും, 20-12-2012-ലെ 14944/AR 12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2 (ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പുപ്രകാരം അടിയന്തരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി സെക്രട്ടറിതല ചർച്ചകൾ നടത്തുകയും, വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 1-9-2011-ൽ ഒരു പ്രാഥമിക ചർച്ചയും 22-10-2012-ൽ വിശദമായ ചർച്ചയും നടത്തിയിട്ടുണ്ട്.

(സി) ഈ നിയമം നടപ്പിലാക്കിവരുന്നതേയുള്ളൂ.

### സേവനാവകാശ നിയമം ബാധകമാകുന്ന വകുപ്പുകൾ

5 (3558) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് ;

(ബി) സേവനാവകാശനിയമത്തിന്റെ പരിധിയിൽവരുന്ന പോലീസുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) ഉണ്ട്. 2012 നവമ്പർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നിട്ടുണ്ട്.

(ബി) ചുവടെപ്പറയുന്ന സേവനങ്ങൾ, പോലീസ് വകുപ്പുമായി ബന്ധപ്പെട്ട്, സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നു.

1. ഉച്ചഭാഷണിക്കുള്ള അനുമതി
2. ജാഥയ്ക്കുള്ള അനുമതി
3. പാസ്പോർട്ട് അന്വേഷണം
4. പരാതി അന്വേഷണം
5. പരാതി ലഭിക്കുമ്പോൾ രസീത് നൽകുന്നത്
6. പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്
7. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്
8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകൽ
9. ആയുധങ്ങൾ, സ്ഫോടകവസ്തു മുതലായവയ്ക്കുള്ള എൻഒസി

LIBRARY ARCHIVES Kerala Legislative Assembly

10. ജോലി സംബന്ധമായ പരിശോധന/അന്വേഷണം
11. വിദേശികളുടെ രജിസ്ട്രേഷൻ
12. നടപടിക്രമം പൂർത്തിയാക്കി കസ്റ്റഡിയിലുള്ള വാഹനങ്ങൾ മോചിപ്പിക്കൽ
13. സമൻസ് നൽകുന്നതും വാറണ്ട് നടപ്പിലാക്കുന്നതും
14. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള അന്വേഷണം.

**വിവരാവകാശ നിയമം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

6 (3559) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവരാവകാശനിയമം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സേവനാവകാശനിയമം നിലവിൽ കേരളത്തിൽ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വിവരാവകാശ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും വിവരാവകാശ വാരാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് യോഗങ്ങളും തിരുവനന്തപുരം ഐ.എം.ജി.യുമായി സഹകരിച്ച് ഏകദിന ശിൽപ്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് വിവരാവകാശ നിയമത്തെക്കുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും അവബോധമുണ്ടാക്കുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ ചുമതലയും ഐ.എം.ജി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) സേനവാകാശ നിയമം താഴെപ്പറയുന്ന വകുപ്പുകളിൽ നടപ്പിലാക്കി വരുന്നു.

1. വനം-വന്യജീവി വകുപ്പ്
2. ട്രഷറി വകുപ്പ്
3. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4. പട്ടികജാതി വികസനവകുപ്പ്, സെക്രട്ടേറിയറ്റ്

LIBRARY ARCHIVES Kerala Legislative Assembly

5. പട്ടികജാതി വികസന വകുപ്പിനുകീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി
6. പട്ടികജാതി വികസന വകുപ്പ്
7. പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
8. എക്സൈസ് വകുപ്പ്
9. ലോട്ടറി വകുപ്പ്
10. രജിസ്ട്രേഷൻ വകുപ്പ്
11. വാണിജ്യ നികുതി വകുപ്പ്
12. സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്
13. സൈനികക്ഷേമ വകുപ്പ്
14. സിവിൽ സപ്ലൈസ് വകുപ്പ്
15. പോലീസ് വകുപ്പ്
16. ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്
17. വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്
18. റവന്യൂ വകുപ്പ്
19. കോളേജ് വിദ്യാഭ്യാസ വകുപ്പ്
20. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്

(സി) 23-11-2012-ലെ സർക്കുലർ നമ്പർ, 21145/AR12(1)/12ഉ.ഭ.പ.വ. പ്രകാരവും, 20-12-2012-ലെ സർക്കുലർ നമ്പർ, 14944/AR 12(1)/12ഉ.ഭ.പ.വ. പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2 (ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പുപ്രകാരം അടിയന്തരമായി ഗസറ്റ് വിജ്ഞാപനം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**കോട്ടയം ജില്ലയിലെ ജനസമ്പർക്ക പരിപാടി**

7 (3560) ശ്രീ. കെ അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ തുടരാലോചനകൾ നടത്തിയിട്ടുണ്ടോ ;

(ബി) ജനസമ്പർക്കപരിപാടിക്കുശേഷം തീർപ്പാകാതിരുന്ന എത്ര പരാതികൾ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനസമ്പർക്കപരിപാടികൾ തുടരാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജനസമ്പർക്ക പരിപാടിക്കുശേഷം 7,737 അപേക്ഷകൾകൂടി തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(സി) തീരുമാനം എടുത്തിട്ടില്ല.

### ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടി

8 (3561) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നടന്ന ജനസമ്പർക്കപരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചു; തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ളത് എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു, എത്ര പേർക്ക് എന്തുതുക സഹായധനമായി അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ആലപ്പുഴ ജില്ലയിലെ ജനസമ്പർക്ക പരിപാടിയിൽ 48,309 അപേക്ഷകൾ ലഭിച്ചു. അതിൽ 45,614 എണ്ണത്തിൽ തീർപ്പുകൽപ്പിച്ചു. തീർപ്പാക്കാൻ ശേഷിക്കുന്ന 2,695 അപേക്ഷകളുടെ വിവരം ഇനംതിരിച്ച് അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന് 6909 അപേക്ഷകൾ ലഭിച്ചു. ഇതിൽ 5,497 പേർക്ക് 2,81,17,500 രൂപയുടെ സഹായം അനുവദിച്ചു. വിതരണം ചെയ്ത തുകയുടെ മണ്ഡലം തിരിച്ചുള്ള വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

### മുഖ്യമന്ത്രിയുടെ കാൾസെന്ററുകളുടെ പ്രവർത്തനം

9 (3562) ശ്രീ. പാലോട് രവി:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ കാൾസെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എന്തെല്ലാം സേവനങ്ങളാണ് ഈ കാൾസെന്ററുകൾ വഴി ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നവർക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ 24 മണിക്കൂറും (മൂന്ന് ഷിഫ്റ്റുകളിലായി) പ്രവർത്തിക്കുന്ന കാൾസെന്ററിലേക്ക് 1800 425 1076 എന്ന ടോൾ ഫ്രീ നമ്പറിൽ പരാതികളും നിർദ്ദേശങ്ങളും വിളിച്ചുപറയാവുന്നതാണ്. പ്രസ്തുത പരാതി/ നിർദ്ദേശം സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ പരാതിക്കാരന്റെ പേര്, വിലാസം, ഫോൺ നമ്പർ, ഇ മെയിൽ അഡ്രസ്, റേഷൻകാർഡ്/ഇലക്ഷൻ ഐഡന്റിറ്റി കാർഡ് എന്നീ വിവരങ്ങൾ ശേഖരിക്കുന്നു. പരാതി കേട്ട് ബോധ്യപ്പെട്ടതിനുശേഷം രജിസ്റ്റർ ചെയ്യേണ്ടവ രജിസ്റ്റർ ചെയ്ത് ഡോക്കറ്റ് നമ്പർ കൊടുക്കുകയും വകുപ്പുതല നടപടികൾക്ക് അയക്കാനുള്ള ബന്ധപ്പെട്ട വകുപ്പിലേക്ക് ഓൺലൈനായി അയച്ചുകൊടുക്കുകയും ചെയ്യുന്നു. മറ്റ് പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഫോണിൽകൂടി നിർദ്ദേശങ്ങൾ നൽകി തീർപ്പാക്കുകയും ചെയ്യുന്നു. സർക്കാരിനെ സംബന്ധിച്ച വിവരങ്ങൾ അറിയാൻ വിളിക്കുന്നവർക്ക് ആയത് ലഭ്യമാക്കുന്നു. കൂടാതെ www.kerala.cm gov.in എന്ന വെബ്സൈറ്റിൽ petition to cm എന്ന ഓപ്ഷനിൽ പരാതികൾ നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോണിലൂടെയും വെബ്സൈറ്റിലൂടെയും രജിസ്റ്റർ ചെയ്യുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നടപടികൾക്കായി ഓൺലൈനിൽകൂടി അയച്ചുകൊടുക്കുന്നു.

(ബി-ഡി) ജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടി സ്വീകരിക്കുകയാണ് ഉദ്ദേശ്യലക്ഷ്യം. പരാതികൾ ഓൺലൈനായി അയക്കുന്നതിനാൽ ഉടൻതന്നെ ഉദ്യോഗസ്ഥർക്ക് ലഭിക്കുകയും ഫയൽ പ്രോസസിംഗിനുള്ള കാലതാമസം ഒഴിവാകുകയും ചെയ്യുന്നു. ഓൺലൈനായും ഫോണിൽകൂടിയും പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതും, സർക്കാരിനെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതും, അടിയന്തര ഘട്ടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഫോണിൽകൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്ത പരാതികളിൽ സ്വീകരിച്ച നടപടിക്രമങ്ങൾ ഓൺലൈനായി പരാതിക്കാർക്ക് ഏതുസമയത്തും അറിയുവാനും കഴിയും.

## വിദ്യാഭ്യാസ വായ്പ

10 (3563) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ പല ബാങ്കുകളും വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനതല ബാങ്കുകളുടെ അവലോകനയോഗത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതുസംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു സമിതി എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഇതിൽ ലീഡ് ബാങ്ക് മാനേജർ, പ്രധാന ബാങ്കുകൾ, ജില്ലയിലെ ആസൂത്രണ-സാമ്പത്തിക കാര്യവകുപ്പ് പ്രതിനിധി എന്നിവർ അംഗങ്ങളാണ്. പരാതികളിൽ ഈ സമിതി തീർപ്പുകൽപ്പിക്കാറുണ്ട്. ഇതുകൂടാതെ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് നേരിട്ട് പരാതി ലഭിക്കുകയാണെങ്കിൽ ആയത് അതാത് ബാങ്കുകളുമായി ബന്ധപ്പെട്ട് പരിഹരിക്കാറുണ്ട്.

**പൊതുമേഖലാ ബാങ്കുകൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പ**

11 (3564) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ വിദ്യാഭ്യാസ വായ്പക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര വിദ്യാർത്ഥികൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്;

(സി) പല ബാങ്കുകളും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ മതിയായ താല്പര്യം കാണിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ബാങ്കുകൾക്കെതിരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം, സെപ്റ്റംബർ 30 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ വിദ്യാഭ്യാസ വായ്പക്കായി 22456 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ 21062 വിദ്യാർത്ഥികൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പരാതി സംസ്ഥാനതല ബാങ്കിംഗ് സമിതിയിൽ ചർച്ച ചെയ്യുകയും സമിതിക്ക് അയച്ചുകൊടുക്കുകയും ചെയ്യാറുണ്ട്.

**സർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീ-പുരുഷ ജീവനക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ**

12 (3565) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ വിവിധ വകുപ്പുകളിലുള്ള സ്ഥാപനങ്ങളിൽ സ്ത്രീ-പുരുഷ ജീവനക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ നടത്തുന്ന അന്വേഷണത്തിൽ നീതി ലഭിക്കാതെ പല ജീവനക്കാരും ബഹുമാനപ്പെട്ട കോടതിയെ സമീപിക്കാൻ ഉണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള പരാതിയിന്മേൽ ഉന്നതാധികാരിയുടെ രേഖാമൂലമുള്ള അനുവാദം ലഭിക്കാതെ കീഴ്ജീവനക്കാരായ സ്ത്രീകളോട് മേലുദ്യോഗസ്ഥർ ക്രമവിരുദ്ധമായി നടത്തുന്ന തെളിവെടുപ്പുകളും ഏകപക്ഷീയമായ റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെതിരെ ചട്ടപ്രകാരം എന്തെല്ലാം നടപടിയാണ് സ്വീകരിക്കുന്നത് ;

(സി) ഉന്നതാധികാരികൾ ചുമതലപ്പെടുത്തുന്ന അന്വേഷണ കമ്മീഷൻ ഇത്തരത്തിലുള്ള മേലുദ്യോഗസ്ഥന്മാരുടെ പക്ഷപാതപരമായ മൊഴിയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഏകപക്ഷീയമായ റിപ്പോർട്ടുകൾ പലപ്പോഴും പരാതിക്കാർക്ക് എതിരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അധികാരദുർവിനിയോഗം നടത്തുകയും അന്വേഷണ കമ്മീഷനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന മേലുദ്യോഗസ്ഥർക്കെതിരെ 'വിശാഖ' നിയമത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിക്കാവുന്നതല്ലേ ;

(ഇ) പരാതിക്കാരിയുടെ മൊഴി മുഖവിലയ്ക്കെടുക്കാതെ പ്രതിയുടേയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെയും മൊഴിയുടെ പിൻബലത്തിൽ പരാതിക്കാരിക്ക് എതിരായി നൽകുന്ന റിപ്പോർട്ടുകളാണ് അവർ കോടതിയെ സമീപിക്കാൻ നിർബന്ധിതരാക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) ഇരകളുടെ വാക്കുകൾക്ക് പ്രാധാന്യം കൊടുക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ തള്ളിക്കളയാനും, ഇരകൾക്ക് നീതി ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി**

13 (3886) <u>ശ്രീ ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിലവിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 63,851 ഫയലുകൾ

(ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് IMG, ISTM ന്യൂഡൽഹി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ സെക്രട്ടേറിയറ്റിലെ ചില വകുപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം '100 ദിന പരിപാടി'യിൽ ഉൾപ്പെടുത്തി 2011, ജൂൺമാസംമുതൽ സെപ്തംബർവരെ 'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതിയിലൂടെ ധാരാളം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും പഴക്കം ചെന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

## പങ്കാളിത്ത പെൻഷൻ

14 (3567) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. റ്റി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ 2013 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുവാൻ ഉത്തരവായതോടെ ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം നിക്ഷേപിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള പി.എഫ്.ആർ.ഡി.എ. വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളിലാണോ അതോ സംസ്ഥാന ട്രഷറിയിലാണോ വിഹിതം നിക്ഷേപിക്കുന്നതെന്ന് പറയാമോ ;

(സി) കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ള പി.എഫ്.ആർ.ഡി.എ. ബിൽ ഇതുവരെയും നിയമമാകാത്ത സാഹചര്യത്തിൽ അതിൽ പറയുന്ന സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിൽ വിഹിതം നിക്ഷേപിക്കുന്നതിന്റെ നിയമസാധുത വെളിപ്പെടുത്തുമോ ;

(ഡി) അല്ലെങ്കിൽ പി.എഫ്.ആർ.ഡി.എ. ബിൽ നിയമമാക്കുന്നതിനുമുമ്പു തന്നെ പ്രസ്തുത ധനകാര്യസ്ഥാപനങ്ങളുമായി എന്തെങ്കിലും ചർച്ചകളോ ധാരണകളോ ഉണ്ടായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇപ്രകാരം യാതൊരുവിധ നിയമപരമായ വ്യവസ്ഥകളും തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സുരക്ഷിതമായി സംസ്ഥാന ട്രഷറിയിൽ തന്നെ നിക്ഷേപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

## ഉത്തരം

(എ&ബി) ദേശീയ പെൻഷൻ പദ്ധതിയിൽ ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം നിക്ഷേപിക്കുന്നത് കേന്ദ്ര സർക്കാരിന്റെയും പി.എഫ്. ആർ.ഡി.എ.-യുടെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിന് SBI,UTI, LIC എന്നീ സ്ഥാപനങ്ങളെ ഫണ്ട് മാനേജർമാരായി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ സെക്യൂരിറ്റി വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾകൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 14-8-2008-ലെ F.No.5 (88)/ 2006-PR നമ്പർ വിജ്ഞാപനം പ്രകാരമാണ്.* ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ടുകൾ നിക്ഷേപിക്കുന്നത് പി.എഫ്.ആർ.ഡി.എ. ബിൽ നിയമമാകുമ്പോൾ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരിക്കും ഫണ്ടുകൾ നിക്ഷേപിക്കുക.

(ഡി) ദേശീയ പെൻഷൻ പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ NPS Trust, NSDL എന്നിവയുമായാണ് കരാറിൽ ഏർപ്പെടുന്നത്. പെൻഷൻ ഫണ്ട് മാനേജർമാർ ഉൾപ്പെടെയുള്ളവരുമായി സംസ്ഥാന സർക്കാർ എന്തെങ്കിലും ചർച്ചകളോ ധാരണകളോ നടത്തേണ്ട ആവശ്യമില്ല.

(ഇ) കേന്ദ്ര സർക്കാരിന്റെയും പി.എഫ്.ആർ.ഡി.എ.-യുടെയും വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് നിലവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഫണ്ടുകൾ നിക്ഷേപിക്കുന്നത്. ഫണ്ടുകൾ നിക്ഷേപിക്കപ്പെടുന്ന സർക്കാർ സെക്യൂരിറ്റികളുടെ വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

### സർക്കാർ ജീവനക്കാരുടെ പണിമുടക്ക്

15 (3568) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യായമായി സസ്പെൻഡ് ചെയ്ത എത്ര ജീവനക്കാരെ നാളിതുവരെ തിരിച്ചെടുത്തിട്ടുണ്ട് ;

(ബി) സസ്പെൻഷനിലുള്ള മുഴുവൻ ജീവനക്കാർക്കും ഉപജീവനബത്ത നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സർക്കാർ ജീവനക്കാരുമായി നടത്തിയ പണിമുടക്ക് ഒത്തുതീർപ്പ് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മേൽ ചുമത്തിയ കേസ്സുകളും സസ്പെൻഷനും പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പണിമുടക്കുമായി ബന്ധപ്പെട്ട് അന്യായമായി ആരെയും സസ്പെന്റ് ചെയ്തിട്ടില്ല. 26-12-2012-ലെ സ.ഉ. (പി) നമ്പർ 385/12/പൊഭവ ഉത്തരവ് പ്രകാരം പണിമുടക്കുമായി ബന്ധപ്പെട്ട് സസ്പെൻഷനിലാകുന്നവർക്ക് ഉപജീവന ബത്തയ്ക്ക് അർഹതയില്ല.

(സി) 19-1-2013-ലെ സ.ഉ. (പി) നമ്പർ 17/13/പൊഭവ ഉത്തരവിന് വിധേയമായി നടപടി സ്വീകരിച്ചുവരുന്നു.

### ജീവനക്കാർ നടത്തിയ പണിമുടക്ക്

16 (3569) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനുവരി 8 മുതൽ സംസ്ഥാനത്തെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ ഓരോ ദിവസത്തെയും കണക്കുകൾ ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൊബേഷൻ കാലാവധിയുള്ള എത്ര ജീവനക്കാർ സമരത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും, സർക്കാർ അവരോട് എന്ത് നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8-1-2013-ന് 1600 പേരും 9-1-2013-ന് 1368 പേരും 10-1-2013-ന് 1210 പേരും 11-1-2013-ന് 997 പേരും ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പണിമുടക്കിൽ പങ്കെടുത്തു. സംസ്ഥാനത്തെ ഇതര വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) സമരത്തിൽ പങ്കെടുത്ത പ്രൊബേഷണർമാരുടേതുമാത്രമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. 26-12-2012 തീയതിയിലെ ജി.ഒ. (പി) 385/12/ പൊഭവ ഉത്തരവിലേയും, 19-1-2013 തീയതിയിലെ ജി.ഒ. (പി) 17/13/പൊ.ഭ.വ. ഉത്തരവിലേയും വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും സമരത്തിൽ പങ്കെടുത്ത പ്രൊബേഷണർമാർക്കെതിരെ നടപടികൾ സ്വീകരിക്കുക.

**പണിമുടക്കിൽ പങ്കെടുത്ത് സസ്പെൻഷനിലായവരുടെ ഉപജീവനബത്ത**

17 (3570) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരി 8 മുതൽ നടന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി എത്ര ജീവനക്കാരെയും അദ്ധ്യാപകരെയും സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) കേരള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാർക്ക് ഉപജീവനബത്തയ്ക്ക് അർഹതയില്ലേ ;

(സി) സർക്കാർ ചട്ടത്തിന് വിരുദ്ധമായി, സമരത്തിൽ പങ്കെടുത്തതിന്റെ ഭാഗമായി സസ്പെന്റ് ചെയ്യുന്ന ജീവനക്കാരന് ഉപജീവനബത്ത നിഷേധിച്ച് ഉത്തരവിറക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ;

(ഡി) ഉപജീവനബത്ത നിഷേധിക്കുന്ന തരത്തിൽ സർവ്വീസ് ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2013 ജനുവരി 8 മുതൽ നടന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി സസ്പെന്റ് ചെയ്തിട്ടുള്ള ജീവനക്കാരെയും അദ്ധ്യാപകരെയും സംബന്ധിച്ച ലഭ്യമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.* പൂർണ്ണമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) 26-12-2012-ലെ സാ.ഉ. (പി) നമ്പർ 385/12/പൊഭവ പ്രകാരം സമരത്തിൽ പങ്കെടുത്ത് സസ്പെൻഷനിലാകുന്നവർക്ക് ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**സസ്പെൻഷനിലായ ജീവനക്കാരനെ തിരിച്ചെടുക്കാത്ത നടപടി**

18 (3571) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനുവരി 8 മുതൽ 13 വരെ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കിന്റെ ഒത്തുതീർപ്പ് വ്യവസ്ഥയിൽ ക്രിമിനൽ കേസ്സിൽ പ്രതിയാകാത്ത എല്ലാ ജീവനക്കാരുടെയും സസ്പെൻഷൻ പിൻവലിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവോ ; പ്രസ്തുത വ്യവസ്ഥ പൂർണ്ണമായും വകുപ്പുമേധാവികൾ പാലിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമരത്തിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ മാത്രം സസ്പെൻഷനിലായ വ്യവസായ പരിശീലന വകുപ്പിലെ ജീവനക്കാരനെ ഒരു മാസം കഴിഞ്ഞിട്ടും തിരിച്ചെടുക്കാതെ ഹിയറിംഗിന് വിളിച്ചത് സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണോ ;

(സി) അല്ലെങ്കിൽ സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച വകുപ്പുമേധാവിയുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) സമരത്തിൽ പങ്കെടുത്തു എന്ന ഒറ്റക്കാരണം കൊണ്ട് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് അനുഭാവപൂർവ്വം പുന:പരിശോധിക്കുന്നതാണെന്നും ഓരോ കേസ്സും അതാതിന്റെ മെരിറ്റിൽ പരിശോധിക്കുന്നതാണെന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്.

(ബി) പൊതുപണിമുടക്കുമായി ബന്ധപ്പെട്ടുള്ള സസ്പെൻഷൻ എന്ന നിലയ്ക്കല്ലാതെ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുംവിധം പ്രവർത്തിക്കുകയും സഹപ്രവർത്തകനെതിരെ വധഭീഷണി മുഴക്കി ജോലിയിൽ നിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു എന്ന നിലയിലാണ് വ്യാവസായിക പരിശീലന വകുപ്പിലെ കോട്ടയം ആർ.ഐ. സെന്ററിലെ ട്രെയിനിംഗ് ഓഫീസറെ ടിയാന്റെ ഭാഗം കേൾക്കുന്നതിനായി നേരിട്ട് ഹാജരാകുവാൻ മെമ്മോ നൽകിയത്.

(സി) വകുപ്പുമേധാവി സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ല.

**പണിമുടക്ക് സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകളിൻമേലുള്ള തുടർനടപടി**

19 (3572) ശ്രീ. കെ. കെ. ജയചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പെൻഷൻ നയങ്ങൾക്കെതിരെ യുവതീ-യുവാക്കളും അദ്ധ്യാപകരും ജീവനക്കാരും ഇപ്പോഴും ആശങ്കയിലാണെന്ന കാര്യം അറിയുമോ ;

(ബി) ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളിന്മേൽ ഒരു സർക്കാരിന് യോജിച്ച നിലയിലുള്ള നിലപാടുകൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസർക്കാരും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചതാണ് ദേശീയ പെൻഷൻ പദ്ധതി. നിലവിലുള്ള പെൻഷൻകാർക്കും ജീവനക്കാർക്കും ഭാവിയിൽ നിയമിക്കപ്പെടുന്നവർക്കും പെൻഷൻ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഇതുസംബന്ധിച്ച് ജീവനക്കാരുമായി ചർച്ച ചെയ്ത് ആശങ്കകൾ ദൂരീകരിച്ചിട്ടുണ്ട്.

(ബി) ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളിന്മേൽ വേണ്ടത്ര പരിഗണന നൽകുന്ന ഒരു സർക്കാരിന് യോജിച്ച നിലയിലുള്ള നിലപാടുകളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്.

## ഐ.പി.എസ്. പ്രൊമോഷൻ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി

20 (3573) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തവരും ക്രിമിനൽ കേസിൽ കോടതി നടപടികൾ നേരിടുന്നവരുമായ എത്ര പോലീസ് ഉദ്യോഗസ്ഥർ യു.പി.എസ്.സി.യുടെ 21-12-2012-ലെ കേരള കേഡർ ഐ.പി.എസ് പ്രൊമോഷനിലുള്ള താല്ക്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടു ; വിശദാംശങ്ങൾ നൽകുമോ ;

(ബി) യോഗ്യരായ പോലീസ് ഉദ്യോഗസ്ഥരെ മറികടന്ന് ഇപ്രകാരം കേസുകളിൽ ഉൾപ്പെട്ടവരും സംസ്ഥാന സർക്കാർ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകാത്തവരുമായ പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത ലിസ്റ്റിൽ എപ്രകാരം ഉൾപ്പെട്ടുവെന്ന് അടിയന്തരമായി അന്വേഷിക്കുമോ ;

(സി) പ്രസിഡന്റിന്റെ പോലീസ് മെഡൽ ഉൾപ്പെടെ നല്ല സർവ്വീസ് റെക്കോർഡ് ഉള്ളവരും മേൽ പ്രമോഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെക്കാൾ യോഗ്യരുമായ ഉദ്യോഗസ്ഥരെ ഒഴിവാക്കിയാണ് പ്രസ്തുത ഐ.പി.എസ്. പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത സെലക്ഷൻ ലിസ്റ്റ് അംഗീകരിക്കുന്നതിന് കേരളത്തിന്റെ പ്രതിനിധികളും കേന്ദ്ര ആഭ്യന്തര വകുപ്പ് പ്രതിനിധികളും യു.പി.എസ്.സി. ഉദ്യോഗസ്ഥരും അടങ്ങുന്ന ബോർഡ് 2010, 2011 വർഷങ്ങളിലെ 47 ഫയലുകളും അഞ്ചുവർഷത്തെ എ. സി. ആറും പരിശോധിച്ച് ഗ്രേഡിംഗ് നടത്തിയത് കേവലം ഒന്നര മണിക്കൂർ കൊണ്ടായിരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഡി.വൈ.എസ്.പി. ആയി എട്ടുവർഷം സർവ്വീസ് ഇല്ലാത്തതും സീനിയോറിറ്റി ലിസ്റ്റിൽ ഏറെ പിറകിലുമായിരുന്ന ഉദ്യോഗസ്ഥനും സുപ്രീം കോടതിയുടെ ഉൾപ്പെടെയുള്ള റൂളിംഗിന് വിരുദ്ധമായി വയസ്സ് തിരുത്തിയ ഉദ്യോഗസ്ഥനും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(എഫ്) പ്രസ്തുത ബോർഡ്, യോഗം ചേർന്ന 21-12-2012 രാവിലെ ഒരു കേരള കേഡർ ഐ.എ.എസ്. പോസ്റ്റിനുവേണ്ടി ചെലവഴിച്ച സമയം മൂന്നുമണിക്കൂർ ആയിരുന്നുവെന്ന് പറയപ്പെടുന്നത് കണക്കിലെടുത്താൽ ഐ.പി.എസ്. പ്രമോഷനുവേണ്ടിയുള്ള ഗ്രേഡിംഗ് നടത്തിയത് വേണ്ടത്ര പരിശോധന കൂടാതെ ആയിരുന്നില്ലേ; എങ്കിൽ ക്രമവിരുദ്ധമായി തയ്യാറാക്കിയ പ്രസ്തുത ലിസ്റ്റ് ക്യാൻസൽ ചെയ്യുന്നതിന് ഫലപ്രദമായ എന്തുനടപടി സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ജി) ക്രിമിനൽ കേസ്സുകളിൽ കോടതി നടപടികൾ നേരിടുന്നവരും സംസ്ഥാന സർക്കാരിന്റെ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തവരുമായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യു.പി.എസ്.സി. തയ്യാറാക്കിയതും പ്രസ്തുത ബോർഡ് യോഗത്തിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ഒപ്പുവച്ചതുമായ പ്രസ്തുത ഐ.പി.എസ്. പ്രമോഷൻ ലിസ്റ്റ് ക്യാൻസൽ ചെയ്ത് പകരം നല്ല സർവ്വീസ് റെക്കോർഡുള്ള സീനിയോറിറ്റിയുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലും യു.പി.എസ്.സി. ചെയർമാനേയും നേരിട്ടുബന്ധപ്പെടാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(എച്ച്) ഐപിഎസ് പ്രമോഷൻ ലിസ്റ്റും മറ്റും തയ്യാറാക്കുമ്പോൾ ഇപ്രകാരം അനർഹർ കടന്നുകൂടുന്നതുപോലെയുള്ള ക്രമവിരുദ്ധ നടപടികൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ഫലപ്രദമായ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 21-12-2012-ൽ നടന്ന ഐ.പി.എസ്. സെലക്ഷൻ കമ്മിറ്റി മീറ്റിംഗ്വഴി സംസ്ഥാന പോലീസ് സർവ്വീസിൽനിന്നും ഐ.പി.എസ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ സെലക്ട് ലിസ്റ്റ് യു.പി.എസ്.സി. അന്തിമമായി അംഗീകരിക്കുകയോ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) യു.പി.എസ്.സി. നടത്തിയ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് തികച്ചും രഹസ്യ സ്വഭാവമുള്ളത് ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) "എ" പിരിവിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ജി) ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.

(എച്ച്) സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് ഐ.പി.എസ്. പ്രമോഷൻ ലിസ്റ്റും മറ്റും തയ്യാറാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ

21 (3574) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള കേഡറിലുള്ള എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അന്യത്രസേവനവ്യവസ്ഥ പ്രകാരം മറ്റു മേഖലകളിലേയ്ക്ക് പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മറ്റു കേന്ദ്ര-സംസ്ഥാന കേഡറുകളിലുള്ള എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അന്യത്രസേവനവ്യവസ്ഥ പ്രകാരം കേരളത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യത്രസേവനവ്യവസ്ഥപ്രകാരം മറ്റ് മേഖലകളിൽ ജോലിചെയ്യുന്ന ഐ.എ.എസ്. ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഐ.എ.എസ്.

| | | |
|---|---|---|
| കേന്ദ്ര ഡെപ്യൂട്ടേഷൻ | – | 15 |
| യു.എൻ. ഡെപ്യൂട്ടേഷൻ | – | 1 |

ഐ.പി.എസ്.

| | | |
|---|---|---|
| കേന്ദ്ര ഡെപ്യൂട്ടേഷൻ | – | 4 |

(വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.)*

(ബി) ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം ആസ്സാം - മേഘാലയ കേഡറിലെ ശ്രീ. ശ്യാം ജഗന്നാഥൻ ഐ.എ.എസ്. (എ.എം. 1997) കേരളത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. മറ്റ് കേന്ദ്ര/സംസ്ഥാന കേഡറുകളിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരുംതന്നെ അന്യത്രസേവനവ്യവസ്ഥ പ്രകാരം കേരളത്തിൽ സേവനമനുഷ്ഠിക്കുന്നില്ല.

## കാസർഗോഡ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രം

22 (3575) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക ജില്ലയായ കാസർഗോഡ് കേന്ദ്രീകരിച്ച് ഒരു സിവിൽ സർവ്വീസ് പരീക്ഷാപരിശീലനകേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

**ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയുള്ള അതിക്രമങ്ങൾ**

23 (3576) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൻ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഐ.എ.എസ്. , ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കയ്യേറ്റവും കയ്യേറ്റശ്രമവും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഓരോ സംഭവത്തിലും ആരൊക്കെയാണ് പ്രതികളെന്നും അവരുടെ രാഷ്ട്രീയകക്ഷി ബന്ധവും വിശദമാക്കുമോ ;

(സി) ഈ ഓരോ കേസിലും പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ തുടർച്ചയായി അക്രമമുണ്ടാവുന്നത് കാരണം ഉദ്യോഗസ്ഥർ കേരളം വിടാൻ തയ്യാറാവുന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്. ഉദ്യോഗസ്ഥരെ കയ്യേറ്റം നടത്തിയിട്ടില്ല. എന്നാൽ 2 കയ്യേറ്റശ്രമം ഉണ്ടായിട്ടുണ്ട്. ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ 2 കയ്യേറ്റങ്ങളും 2 കയ്യേറ്റശ്രമങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) ഈ സംഭവങ്ങളോടനുബന്ധിച്ച് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരും അവരുടെ രാഷ്ട്രീയ ബന്ധങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഓരോ കേസിലും പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നതിൽ കണ്ടാലും.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന ഐ.എ.എസ്. തസ്തികകൾ**

24 (3577) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡെപ്യൂട്ടി കളക്ടർമാരുടെ പ്രമോഷൻവഴി നികത്തപ്പെടേണ്ട എത്ര ഐ.എ.എസ്. തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ;

(ബി) നാലുവർഷം സേവനം പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരെ പോലീസ് വകുപ്പിൽ നോൺ-ഐ.എ.എസ്., എസ്.പി. എന്നതുപോലെ നോൺ-ഐ.എ.എസ്. കേഡർ നൽകി പ്രസ്തുത ഒഴിവുള്ള തസ്തികകളിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇപ്രകാരം നിയമിക്കുന്നതുമൂലം സർക്കാരിനുള്ള ലാഭവും പൊതുജനങ്ങൾക്കുള്ള പ്രയോജനവും തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 19 തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) പരിഗണനയിലില്ല.

(സി) ബാധകമല്ല.

**ഐ. പി. എസ്. പരിഗണിക്കുന്നതിനുള്ള ലിസ്റ്റ്**

25 (3578) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.പി.എസ്-ലേക്ക് പരിഗണിക്കുന്നതിനുള്ള ലിസ്റ്റിൽ എത്ര പേരുണ്ടെന്നും പ്രസ്തുത ലിസ്റ്റ് എപ്പോഴാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്രപേർക്ക് ഐ.പി.എസ്. നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അച്ചടക്ക നടപടികൾക്ക് വിധേയരായവർ ലിസ്റ്റിലുണ്ടോയെന്നും എങ്കിൽ എത്രയെന്നും വ്യക്തമാക്കുമോ ; നിലവിൽ സർവ്വീസിൽ ഇല്ലാത്ത എത്രപേർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് ; ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ആർക്കെങ്കിലുമെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പരാതികൾ പരിഹരിച്ച് ലിസ്റ്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-2011 വർഷങ്ങളിലെ ഒഴിവുകളിലേക്ക് സംസ്ഥാന പോലീസ് സർവ്വീസിൽനിന്നും ഐ.പി.എസ്സിലേക്ക് പരിഗണിക്കുന്നതിനായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ലിസ്റ്റിൽ 2010 വർഷത്തെ പരിഗണന ലിസ്റ്റിൽ 23 പേരും 2011 വർഷത്തെ പരിഗണന ലിസ്റ്റിൽ 24 പേരും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് 15-10-2012-ലാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) 2010 വർഷത്തിൽ 13 ഒഴിവും 2011 വർഷത്തിൽ 8 ഒഴിവുമാണ് നിലവിലുള്ളത്.

(സി) 2010 വർഷത്തിലെ പരിഗണന ലിസ്റ്റിൽ അച്ചടക്ക നടപടി നേരിട്ട ഒന്നും 2011 വർഷത്തിലെ പരിഗണന ലിസ്റ്റിൽ അച്ചടക്കനടപടി നേരിട്ട രണ്ടും, നിലവിൽ സർവ്വീസിൽ ഇല്ലാത്ത 4 പേർ 2010 വർഷത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സർവ്വീസിൽ ഇല്ലാത്തവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. ഡി. മധു
2. ശ്രീ. അലക്സ് എം. വർക്കി
3. ശ്രീ. ഡി. സാലി
4. ശ്രീ. കെ. എൽ. ഹരികുമാർ



LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2010-2011 വർഷങ്ങളിലെ സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും ഐ.പി.എസ്സിലേക്ക് തെരഞ്ഞെടുക്കാനുള്ള പട്ടിക യു.പി.എസ്.സി.ക്ക് അയച്ചുകൊടുക്കുന്നതിനുമുമ്പായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആർക്കെതിരെയും പൊതുഭരണ വകുപ്പിന് പരാതി ലഭിച്ചിട്ടില്ല. എന്നാൽ അതിനുശേഷം പെരുമാറ്റദൂഷ്യം ആരോപിച്ചുകൊണ്ട് ശ്രീ. ബി. അശോകനെതിരെയും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്നാരോപിച്ചുകൊണ്ട് ശ്രീ. ഉണ്ണിരാജക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഐ.പി.എസ്സിന് പരിഗണിക്കുന്നവരുടെ ലിസ്റ്റിൽ ശ്രീ. ഗോപാൽകൃഷ്ണനെ ഉൾപ്പെടുത്തിയതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഇന്റർ ലോക്യൂട്ടറി ആപ്ലിക്കേഷനും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) ശ്രീ. ബി. അശോകന് സംസ്ഥാന സർക്കാർ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ശ്രീ. ഉണ്ണിരാജയ്ക്ക് എതിരായ പരാതി ആഭ്യന്തരവകുപ്പിന്റെ പരിഗണനയിലാണ്.

## സെക്രട്ടേറിയറ്റ് ഭരണസംവിധാനം

26 (3579) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിനായി സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റിൽ ഓരോ തലത്തിലുമുള്ള ഫയലുകളിൽ നീക്കം ഉറപ്പാക്കാൻ സമയപരിധി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) പരാതികളുമായി വരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി 3 സന്ദർശക സഹായക കേന്ദ്രങ്ങളും ജനങ്ങൾക്ക് ഏതുസമയവും സർക്കാരിനെ സമീപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്ററും സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളാണ്. മാത്രമല്ല, പ്രവർത്തി ദിവസങ്ങളിൽ സെക്രട്ടേറിയറ്റിലെത്തുന്ന ജനങ്ങൾക്ക് ജീവനക്കാരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നതിനായി പഞ്ചിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജീവനക്കാർക്കും ഫലപ്രദമായും സമയബന്ധിതമായും ട്രെയിനിംഗുകൾ നൽകുകയും ചെയ്ത് വരുന്നുണ്ട്. ഇതുകൂടാതെ, സെക്രട്ടേറിയറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തൽസ്ഥിതി പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ വരാതെതന്നെ അറിയുന്നതിനായി IDEAS എന്ന ഇന്റർനെറ്റ് അധിഷ്ഠിത ഫയൽ ട്രാക്കിംഗ് സിസ്റ്റം വിജയകരമായി നടപ്പിലാക്കിവരുന്നു. ഇത്തരം വിവിധങ്ങളായ പ്രവർത്തനങ്ങൾ സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം ഫലപ്രദവും കാര്യക്ഷമവും ആക്കുന്നതിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികളാണ്. മറ്റ് പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) സെക്രട്ടേറിയറ്റിൽ ഓരോ തലത്തിലുമുള്ള ഫയലുകളിൽ നീക്കം ഉറപ്പാക്കാൻ സമയപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പ്രാബല്യത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പൊതുഭരണത്തിലെ വ്യക്തിഗതപ്രവർത്തനം വിലയിരുത്തുന്നതിനുള്ള മാനദണ്ഡം

27 (3580) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമ്പ്രദായം നിലവിലുണ്ട്. ഈ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്ന ഉയർന്ന തസ്തികയിലേക്ക് നിയമനത്തിന് തെരഞ്ഞെടുക്കലിലൂടെ അർഹരാകുന്ന ജീവനക്കാരുടെ വ്യക്തിഗത പ്രവർത്തനങ്ങൾ വിലയിരുത്തി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ രേഖപ്പെടുത്തി മേലധികാരിക്ക്/റിവ്യൂവിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും മേലധികാരി/ റിവ്യൂവിംഗ് ഓഫീസർ പ്രസ്തുത റിപ്പോർട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത്.

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## തൃശ്ശൂർ ജില്ലയിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

28 (3581) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2012 ജൂലൈ മാസത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിലെ സംയുക്ത പരിശോധന പൂർത്തിയാക്കിയ മലയോര കർഷകർക്കും പുളിയിലപ്പാറ നിവാസികൾക്കും മേച്ചിൽപ്പുറ നിവാസികൾക്കും മറ്റുവിവിധ പുറമ്പോക്കുകളിലെ നിവാസികൾക്കും രണ്ടുമാസത്തിനുള്ളിൽ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഇനിയും പട്ടയം അനുവദിച്ചു നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിൽ 1-1-1977-നുമുമ്പ് വനഭൂമി കുടിയേറിയവർക്ക് കേരള ഭൂമി പതിവ് സ്പെഷ്യൽ റൂൾ 1993 പ്രകാരം കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ നിയമാനുസൃതമുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കി സ്ഥലപരിശോധന നടത്തി തൃശ്ശൂർ വനഭൂമി പതിവ് യൂണിറ്റ് നമ്പർ 1 സ്പെഷ്യൽ തഹസീൽദാർ മുഖാന്തിരം പട്ടയം നൽകിയിട്ടുള്ളതാണ്. രേഖകൾ ലഭ്യമാകാത്ത കേസുകളിൽ ആയത് ലഭ്യമാക്കി പട്ടയം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ജില്ല, മുകുന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന പെരിങ്ങൽക്കുത്ത് പ്രദേശത്തുള്ള പുളിയിലപ്പാറ നിവാസികളുടെ കൈവശമുള്ള ഭൂമിക്ക് വൈദ്യുതി-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ചർച്ചയിലെ തീരുമാനങ്ങൾക്ക് വിധേയമായി സംയുക്ത പരിശോധന നടത്തി നിയമാനുസൃതം അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ജില്ലയിലെ വിവിധ താലൂക്കുകളിലായി കന്നുകാലി മേച്ചിൽ സ്ഥലത്ത് താമസിക്കുന്ന കൈവശക്കാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സമ്മതപത്രം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ടി ഭൂമികൾ റവന്യൂ പുറമ്പോക്കായി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. മറ്റ് പുറമ്പോക്കുകളിൽ താമസിക്കുന്ന കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുംഭഭരണിക്കും കായംകുളം ജലോൽസവത്തിനും പൊതുഅവധി അനുവദിക്കുന്നതിനുള്ള നടപടി

29 (3582) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിശ്വ വിഖ്യാതമായ ചെട്ടികുളങ്ങര കുംഭഭരണിക്ക് ആലപ്പുഴ ജില്ലയിൽ പൊതുഅവധിയായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) നെഹ്റു ട്രോഫിയ്ക്ക് സമാനമായി കായംകുളത്ത് നടക്കുന്ന പ്രസിദ്ധമായ കായംകുളം ജലോത്സവത്തിൽ കാർത്തികപ്പള്ളി, മാവേലിക്കര, കരുനാഗപ്പള്ളി താലൂക്കുകളിൽ പ്രാദേശിക അവധി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെട്ടികുളങ്ങര ദേവി ക്ഷേത്രത്തിലെ കുംഭഭരണിക്ക് മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകൾക്ക് പ്രാദേശികാവധി അനുവദിച്ചിട്ടുണ്ട്. പുതുതായി പ്രാദേശിക അവധികളോ, പൊതു അവധികളോ അനുവദിക്കേണ്ടതില്ല എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയ്ക്ക് പൊതുഅവധി പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മുൻസിഫ്, മജിസ്ട്രേറ്റുമാരുടെ ഒഴിവുകൾ

30 (3583) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മജിസ്ട്രേറ്റ് കോടതികളിൽ മുൻസിഫ്, മജിസ്ട്രേറ്റുമാരുടെ എത്ര ഒഴിവുകളുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് മുൻസിഫ്/മജിസ്ട്രേറ്റുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(സി) നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) തസ്തിക മാറ്റംവഴി എത്ര പേർക്ക് മുൻസിഫ് മജിസ്ട്രേറ്റായി നിയമനം നൽകിയിട്ടുണ്ട് ; ഇതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഇ) മുൻസിഫ്/മജിസ്ട്രേറ്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഇതിൽ നിന്നും സംവരണാടിസ്ഥാനത്തിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ ?

### ഉത്തരം

(എ) 22 ഒഴിവുകളുണ്ട്.

(ബി) 210 തസ്തികകൾ നിലവിലുണ്ട്.

(സി) നിലവിൽ 2-5-2012 മുതൽ 9 പേർ മുൻസിഫ് മജിസ്ട്രേറ്റ് നിയമനത്തിന് മുന്നോടിയായിട്ടുള്ള ഒരു വർഷം നീളുന്ന ട്രെയിനിംഗിലാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുമ്പോൾത്തന്നെ അവരെ മുൻസിഫ് മജിസ്ട്രേറ്റായി നിയമിക്കുന്നതാണ്. 3 എൻ.സി.എ. ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ പൊതുവിഭാഗത്തിൽ നിന്നും തസ്തികമാറ്റത്തിൽ നിന്നുംകൂടി 55 പേർക്കുകൂടി നിയമന ഉത്തരവ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർ പ്രീ ഇൻഡക്ഷൻ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മുൻസിഫ് മജിസ്ട്രേറ്റായി നിയമിക്കുന്നതാണ്.

(ഡി) കേരള ജുഡീഷ്യൽ സർവ്വീസ് റൂൾ 5 (3) പ്രകാരമാണ് തസ്തിക മാറ്റംവഴി മുൻസിഫ് മജിസ്ട്രേറ്റായി നിയമനം നൽകുന്നത്. ട്രെയിനിംഗിൽ ഉൾപ്പെട്ടിട്ടുള്ള 9 പേരിൽ ഒരാൾക്കും 55 പേരുടെ നിയമനത്തിനായി ഹൈക്കോടതി തയ്യാറാക്കിയ പട്ടികയിൽ 11 പേർക്കും തസ്തികമാറ്റംവഴി നിയമനം ലഭിക്കുന്നതാണ്.

(ഇ) ഉണ്ട്. സംവരണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് റാങ്ക്ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## പ്രത്യേക കോടതികളിൽ വനിതാ അഭിഭാഷകരെ നിയമിക്കുവാൻ നടപടി

31 (3584) ശ്രീ. ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യാൻ കേരള ഹൈക്കോടതി രൂപീകരിച്ചിട്ടുള്ള പ്രത്യേക കോടതികളിൽ കേസ് നടത്തുന്നതിനായി പ്രഗത്ഭരായ വനിതാ അഭിഭാഷകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുവാൻ രൂപീകരിച്ചിട്ടുള്ള പ്രത്യേക കോടതികളിൽ കേസ് നടത്തുന്നതിനായി പ്രഗൽഭരായ അഭിഭാഷകരെ നിയമിക്കാൻ നടപടിയെടുത്തുവരുന്നു. ഹൈക്കോടതിയിലെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക ബെഞ്ചിലെ കേസുകൾ വാദിക്കുന്നതിന് വനിതാ അഭിഭാഷകയായ ശ്രീമതി പ്രെയ്സി ജോസഫിനെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിട്ടുണ്ട്.

## സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ

32 (3585) ശ്രീ. ജോസ് തെറ്റയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തേക്ക് താൽക്കാലികാടിസ്ഥാനത്തിൽ 27 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുവാനുള്ള ആഭ്യന്തര വകുപ്പിന്റെ ഉത്തരവിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇതിന്മേലുള്ള തുടർനടപടികൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതി നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോടതികളുടെ അടിസ്ഥാന സൗകര്യ വികസനം

33 (3586) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോടതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ തുക എത്ര ;

(ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(സി) തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്; മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഹൈക്കോടതി ബഞ്ച്

34 (3587) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ തുക എത്ര ;

(ബി) ഹൈക്കോടതി ബെഞ്ചിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഇതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സമ്മതം ലഭ്യമായതിനുശേഷം മാത്രമേ ഹൈക്കോടതി ബെഞ്ചിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

## 13-ാം ധനകാര്യകമ്മീഷൻ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന കോടതികൾ

35 (3588) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യക്കമ്മീഷൻ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന കോടതികൾ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടതാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത കോടതികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരംഭിക്കുന്നത് എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും, ഏത് തരം കോടതിയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 13-ാം ധനകാര്യ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ സായാഹ്ന കോടതികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കോടതികളുടെ പ്രവർത്തനം സംസ്ഥാനത്തെ സാഹചര്യത്തിൽ വിജയകരമല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സായാഹ്ന കോടതികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം അനുവദിച്ച ഫണ്ടുപയോഗിച്ച് എറണാകുളത്ത് 15, കൊല്ലത്ത് 5, തിരുവനന്തപുരത്ത് 3, തൃശ്ശൂരിൽ 1 എന്നിങ്ങനെ

24 സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികളും എൻ.ഐ. ആക്ട് സംബന്ധിച്ച കേസുകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ കോടതികളും ഉൾപ്പെടെ ആകെ 27 കോടതികൾ സ്ഥാപിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇവയുടെ ലൊക്കേഷൻ, അധികാരപരിധി എന്നിവ സംബന്ധിച്ച് ഹൈക്കോടതി അന്തിമതീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഹൈക്കോടതി സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കോടതികൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

### ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്ഥാപിച്ച ഗ്രാമന്യായാലയങ്ങൾ

36 (3589) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നീതിന്യായസംവിധാനം ജനങ്ങളിൽ എത്തിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എത്ര ഗ്രാമന്യായാലയങ്ങൾ നടപ്പ് വർഷം സ്ഥാപിച്ചു; അത് എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് നടപ്പ് വർഷം ഗ്രാമന്യായാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല.

### ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

37 (3590) ശ്രീ. വി. എസ്. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്തെ പ്രവർത്തനം വിലയിരുത്തുവാനും മെച്ചപ്പെടുത്തുവാനും ഒരു ശാസ്ത്ര സാങ്കേതിക കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്വയം ഭരണാവകാശം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ലെയും മറ്റ് സഹോദരസ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അർഹമായ ഒൻപതാം ശമ്പള കമ്മീഷൻ ആനുകൂല്യം ഇതുവരെയും നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; എപ്പോൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2012 ഡിസംബർ മാസത്തിൽ വിജ്ഞാപനം ചെയ്ത സി.ഡബ്ല്യു. ആർ.ഡി.എം.ലേയ്ക്കുള്ള സ്ഥിരം ഡയറക്ടർ നിയമനം വൈകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സി.ഡബ്ല്യൂ.ആർ.ഡി.എം.-ലെ കേന്ദ്ര ശമ്പള നിരക്ക് ബാധകമായ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും കൊടുത്തുതീർക്കുവാനുമുള്ള 2006 മുതലുള്ള ശമ്പള പരിഷ്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ തരത്തിലുള്ള നിർദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഒൻപതാം ശമ്പളക്കമ്മീഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനായുള്ള സർക്കാർ ഉത്തരവും കൗൺസിൽ ഉത്തരവും 2013 ജനുവരിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശമ്പള പരിഷ്ക്കരണത്തിന്റെയും അസസ്സ്മെന്റ് പ്രൊമോഷന്റെയും കുടിശ്ശിക വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 1200 ലക്ഷം രൂപ അഡീഷണൽ ഗ്രാന്റായി നൽകുകയും സി.ഡബ്ല്യൂ.ആർ.ഡി.എം.-ൽ വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്.

**ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്**

38 (3591) <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത് ;

(ഡി) ഏതെല്ലാം കോഴ്സുകളാണ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ശാസ്ത്ര വിഷയങ്ങളിൽ കഴിവ് വികസിപ്പിക്കാനും, പരിശീലനം നൽകുവാനും വേണ്ടിയുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഒരു സംരംഭകസ്ഥാപനമാണ് ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും സയൻസ് ഗവേഷകർക്കും കോളേജ് സയൻസ് അധ്യാപകർക്കും ശാസ്ത്രത്തിലെ പുത്തൻ വിഷയങ്ങളെക്കുറിച്ച് അവബോധം ലഭ്യമാക്കാൻ ഈ സ്ഥാപനം ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി, ഇത്തരം വിഷയങ്ങളിൽ, സമ്മർ/വിന്റർ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) കൗൺസിലിന്റെ കീഴിലുള്ള ആർ ആന്റ് ഡി സ്ഥാപനങ്ങളുടെയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടിയുടെയും സഹായത്തോടെയാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ് ബിരുദ കോഴ്സുകളോ, ബിരുദാനന്തര കോഴ്സുകളോ നൽകുന്നില്ല. ശാസ്ത്ര, ഗണിത വിഷയങ്ങളിലുള്ള Emerging areas-ൽ സമ്മർ/വിന്റർ ക്ലാസുകളും WEBINARS-ഉം വിദ്യാർത്ഥികളും പ്രശസ്ത ശാസ്ത്രജ്ഞരുമായി ഇന്റർനെറ്റ് അധിഷ്ഠിത ശാസ്ത്ര സംവാദങ്ങളും മറ്റുമാണ് ഈ സ്ഥാപനം ഉദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ. വിദ്യാർത്ഥികൾക്ക് ലോകത്തെവിടെയുമുള്ള ശാസ്ത്രകാരന്മാരുമായി തൽസമയം ശാസ്ത്ര വിഷയങ്ങൾ ചർച്ച ചെയ്യാനും സംവാദങ്ങൾ നടത്താനും ഈ സ്ഥാപനത്തിലൂടെ ഉദ്ദേശിക്കുന്നു.

**ഗണിതശാസ്ത്രത്തിൽ ഗവേഷണം**

39 (3592) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗണിത ശാസ്ത്രത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(ബി) കുന്നമംഗലത്തെ സ്ക്കൂൾ ഓഫ് മാത്തമറ്റിക്സിന്റെ സ്ഥാപന ലക്ഷ്യങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തെ ഗവേഷണ രംഗത്ത് ഉയർത്തിക്കൊണ്ട് വരുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിത ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക, അവരുടെ പ്രയത്നങ്ങൾക്ക് പിന്തുണ കൊടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള സർക്കാരിന്റെ കീഴിലുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഇൻഡ്യ ഗവൺമെന്റിന്റെ കീഴിലുള്ള ആണവോർജ്ജ വകുപ്പും സംയുക്തമായി കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന സ്ഥാപനം തുടങ്ങിയിട്ടുണ്ട്. ഗണിത ശാസ്ത്ര ഗവേഷണം

രാജ്യത്ത്, പ്രത്യേകിച്ചും കേരളത്തിൽ പ്രോൽസാഹിപ്പിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഗണിത ശാസ്ത്രത്തിൽ മികവുള്ള ഗവേഷണ ഫലങ്ങൾ ഉണ്ടാക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യം. ഈ ലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് കെ.എസ്.ഒ.എം.-ന്റേത്. ദേശീയ പ്രാധാന്യമുള്ള ഒരു ഗവേഷണ സ്ഥാപനമായി പ്രവർത്തിക്കുക എന്നതോടൊപ്പം ഗണിത ശാസ്ത്ര ഗവേഷണം കേരളത്തിൽ പരിപോഷിപ്പിക്കുക എന്ന ഉത്തരവാദിത്വംകൂടി ഈ സ്ഥാപനത്തിനുണ്ട്. ഈ സ്ഥാപനം ഗണിത ശാസ്ത്രത്തിലെ ഒരു രാജ്യാന്തര പഠന കേന്ദ്രമായി പ്രവർത്തിക്കുന്നതോടൊപ്പം കേരളത്തിന്റെ ഗണിതശാസ്ത്ര പുരോഗതിക്കുതകുന്ന സംഭാവനകൾ നൽകുകയും ചെയ്യുന്നു. ദേശീയ നിലവാരമുള്ള ഒരു ഗവേഷണ സ്ഥാപനമായി പ്രവർത്തിക്കുന്നതോടൊപ്പം, ശാസ്ത്ര സാങ്കേതിക പുരോഗതിക്കും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസ പുരോഗതിക്കുമുതകുന്ന തരത്തിൽ ഗണിതശാസ്ത്രത്തിന്റെ പ്രത്യേക ശാഖകളിൽ വൈദഗ്ധ്യം നേടാൻ വേണ്ടിയുള്ള ഗവേഷണവും ഗവേഷണ ഫലങ്ങളുമാണ് കെ.എസ്.ഒ.എം.-ന്റെ പ്രവർത്തനം കൊണ്ട് ലഭ്യമാകുന്നത്.

(ബി) 2009 മുതലുള്ള നാല് വർഷത്തെ പ്രവർത്തനം കൊണ്ട് മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ കേരള സ്കൂൾ, ഓഫ് മാത്തമാറ്റിക്സ് ഏറെ മുന്നോട്ടുപോയിട്ടുണ്ട്.

'(സി) ഗണിത ശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഏറെ കർമ്മപദ്ധതികൾ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഗണിതശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപ്പശാലകൾ, പ്രസ്തുത ശിൽപ്പശാലകളുടെ ഏകവിഷയക പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപ്പശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന ക്ലാസ്സുകൾ, ഗണിത ശാസ്ത്രത്തിൽ വിദ്യാർത്ഥികളുടെ താൽപര്യം കൂട്ടുന്നതിനായി ഗണിത ശാസ്ത്ര ഒളിമ്പ്യാഡുകൾ എന്നിവയെല്ലാം ആസൂത്രണം ചെയ്ത കർമ്മപദ്ധതിയിൽ വരുന്നു. കേരളത്തിലെ കോളേജുകളിലെ ഗണിത ശാസ്ത്ര അധ്യാപകർക്കായി മൂന്നാഴ്ചവരെ ദൈർഘ്യമുള്ള പരിശീലന കോഴ്സുകൾ, തുടർ പരിശീലന പരിപാടികൾ, ഉയർന്ന നിലവാരത്തിലുള്ള പരിശീലന ക്ലാസുകൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിത ശാസ്ത്ര പ്രഗൽഭരുടെ ശിൽപ്പശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസുകൾ എന്നിവയെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഗണിതശാസ്ത്രത്തിൽ പ്രഗൽഭരായ ഗവേഷകരുടെ സന്ദർശനവും അവരുമായി സംവദിക്കാനുള്ള അവസരവും ഗവേഷണ വിദ്യാർത്ഥികൾക്കായി ഈ കേന്ദ്രം ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗണിത ശാസ്ത്രത്തിന്റെ ഒരേ പഠന ശാഖയിൽ ഗവേഷണം നടത്തുന്നവരെ സംയോജിപ്പിച്ച് ഗണിത ശാസ്ത്ര ഗവേഷണത്തിൽ ഉന്നത പഠന ഫലം സംജാതമാക്കുവാനും ഈ ഗവേഷണ കേന്ദ്രം പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. വിദേശ യൂണിവേഴ്സിറ്റികളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ശിൽപ്പശാലകൾ, ഗണിത ശാസ്ത്രത്തിലുള്ള കേരളത്തിന്റെ മഹത്തായ ഗവേഷണ പാരമ്പര്യവും ഇൻഡ്യൻ ഗണിത ശാസ്ത്ര ഗവേഷകരുടെ കണ്ടെത്തലുകളെക്കുറിച്ചുമുള്ള പ്രത്യേക ശിൽപ്പശാലകളും ക്ലാസ്സുകളും ആസൂത്രണം ചെയ്തുനടപ്പിലാക്കി കൊണ്ടിരിക്കുന്നു. കൂടുതൽ ഉയർന്ന നിലവാരമുള്ള രണ്ടാം പാദ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഈ മേഖലയിലുള്ള പ്രഗൽഭരെ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളിൽ വ്യാപൃതമാക്കിയിട്ടുണ്ട്.

ഗവേഷണ പദ്ധതികളുടെ ഭാഗമായി ഇവിടെ വിദ്യാർത്ഥികൾ പ്രവേശനം നേടി ഗവേഷണ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. അധ്യാപകർക്കും ഉദ്യോഗസ്ഥർക്കും മറ്റും ഉന്നത നിലവാരത്തിലുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. മറ്റ് ദേശീയ, അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളും ആയി സഹകരിച്ചുകൊണ്ട് ഗവേഷണ പ്രവർത്തനങ്ങളെ കോർത്തിണക്കാൻ കെ.എസ്.ഒ.എം. ശ്രമിക്കുന്നതാണ്. ഗവേഷണ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആവശ്യങ്ങൾക്കനുസരിച്ച് ധാരാളം ഗ്രന്ഥങ്ങളുടെയും, ഇലക്ട്രോണിക് ജേർണലുകളുടെയും ശേഖരം കെഎസ്ഒഎം-ൽ നിലവിലുണ്ട്. ഇവിടെയുള്ള പ്രബന്ധങ്ങളും നടപടിക്രമങ്ങളും ഡിജിറ്റൈസ് ചെയ്യുകവഴി സമാന വിഭാഗങ്ങളിൽ എത്തുകയും അവർക്ക് പ്രയോജനപ്പെടുത്താൻ ഉതകുകയും ചെയ്യുന്നു.

## മൊബൈൽ ടവറുകൾ

40 (3583) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളും നിബന്ധനകളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മൊബൈൽ ടവറുകളെ സംബന്ധിച്ച് കേന്ദ്ര ടെലികോം വകുപ്പ് പുറത്തിറക്കിയ പുതിയ നയം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് വ്യാപകമായി മൊബൈൽ ടവറുകൾ ഉയർന്ന് വരുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ഗൗരവമായി ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) ഒരു കിലോമീറ്റർ ചുറ്റളവിൽ ഒരു ടവർ എന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച നിബന്ധനകൾ കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പാണ് ഉണ്ടാക്കുന്നത്.

a. കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ അനുമതി.

ഇതിനായി നിർമ്മാതാവ് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ (DoT) ലൈസൻസ് വാങ്ങേണ്ടതുണ്ട്. മൊബൈൽ ടവറിൽ നിന്നുള്ള വികിരണം (radiation) സംബന്ധിച്ച `International Commission on Non-Ionising Radiation Protection' (ICNIRP) നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് ടെലികോം ടവറുകളുടെ രൂപരേഖ തയ്യാറാക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും. ഇതിന്റെ മേൽനോട്ടത്തിനായി പ്രാദേശികമായി Telecom Enforcement Resource & Monitoring Cell (TERM)-ന് രൂപം കൊടുത്തിട്ടുണ്ട്. കേരളം ഉൾപ്പെടുന്ന പ്രദേശത്തിന്റെ ഓഫീസ് എറണാകുളത്താണ് സ്ഥിതി ചെയ്യുന്നത്. പുതുതായി (2010 മെയ് 8-നുശേഷം) നിർമ്മിക്കുന്ന എല്ലാ ടവറുകളും വികിരണം സംബന്ധിച്ച പത്രിക TERM-ന് സമർപ്പിച്ചാൽ മാത്രമേ പ്രവർത്തിപ്പിക്കാവൂ.

b. സംസ്ഥാന തദ്ദേശ ഭരണ വകുപ്പിന്റെ അനുമതി

കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ ലൈസൻസ് ലഭിച്ച നിർമ്മാതാവ് സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (Kerala Municipal Building Rules) അടിസ്ഥാനത്തിൽ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൊബൈൽ ടവർ നിർമ്മാണം സംബന്ധിച്ച അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്ന അവസരത്തിൽ ഇതോടനുബന്ധിച്ച് എയർപോർട്ട് അതോറിറ്റി (ടവർ ഉയരം സംബന്ധിച്ച്), വൈദ്യുതി ബോർഡ് (വൈദ്യുതി ലൈൻ ക്ലിയറൻസ് സംബന്ധിച്ച്) പ്രതിരോധ മന്ത്രാലയം (സ്ഥാപനങ്ങളുടെ സാമീപ്യം സംബന്ധിച്ച്) മുതലായ സ്ഥാപനങ്ങളുടെ അനുമതികൾ ആവശ്യമാണോയെന്നുകൂടി നോക്കിയ ശേഷമാണ് അന്തിമഅനുമതി നൽകുന്നത്.

(ബി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ കേന്ദ്ര ടെലികോം വകുപ്പിന്റെ പുതിയ നയം അനുസരിച്ച് അത്യാവശ്യ മാറ്റങ്ങൾ വരുത്തുന്നതിനായി 12-11-2012-ൽ ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മൊബൈൽ ടവറുകളിൽ ഘടിപ്പിച്ചിട്ടുള്ള ആന്റിനയുടെ ഉയരം, എണ്ണം എന്നിവ അടിസ്ഥാനപ്പെടുത്തി, അതിനുനേരെ വരുന്ന കെട്ടിടങ്ങളുടെ ദൂരമാണ് നിജപ്പെടുത്തിയിരിക്കുന്നത്. അതു സംബന്ധിച്ച വ്യവസ്ഥ താഴെച്ചേർക്കുന്നു.

| ആന്റിനയുടെ എണ്ണം (ഒരേ ദിശയിൽ) | കെട്ടിടങ്ങൾക്കും നിർമ്മാതാക്കൾക്കും ഏറ്റവും താഴെയുള്ള ആന്റിനയിൽ നിന്നുനേരെയുള്ള ദൂരം (മീറ്ററിൽ) |
|---|---|
| 2 | 35 |
| 4 | 45 |
| 6 | 55 |
| 8 | 65 |
| 10 | 70 |
| 12 | 75 |

ഒരേ ദിശയിലാകാതെ വിവിധ ദിശകളിലായിട്ടാണ് സാധാരണ ആന്റിനകൾ ഒറ്റ ടവറിൽ സ്ഥാപിക്കുന്നത്. എല്ലാ ഭാഗങ്ങളിലും തടസ്സങ്ങൾ ഉള്ളപക്ഷം, ടവർ സുരക്ഷിതമായ മറ്റ് സ്ഥലത്തേക്ക് മാറ്റേണ്ടതാണ്.

## പരിസ്ഥിതി പ്രാധാന്യ മേഖലകൾ

**41 (3584)** ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി പ്രാധാന്യ മേഖലകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികളിൽ വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പരിസ്ഥിതി പ്രാധാന്യ മേഖലകളായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിന് മുൻപ് ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവിഭാഗം ആളുകളുമായും വിശദമായ ചർച്ചകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി വന്യമൃഗ സങ്കേതങ്ങൾക്കുചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 2011 ഫെബ്രുവരി മാസത്തിൽ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പുറപ്പെടുവിക്കുകയും അതിൻപ്രകാരം ഓരോ വന്യമൃഗ സങ്കേതങ്ങളെ സംബന്ധിച്ചുള്ള ശുപാർശകൾ തയ്യാറാക്കുന്നതിനായി 4 (നാല്) അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വന്യജീവി ബോർഡ് മെമ്പർമാരായ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ 3 (മൂന്ന്) ഉപസമിതികൾ കൂടി വന്യജീവി ബോർഡ് രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം പ്രാദേശിക തലത്തിൽ ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണത്തിനായി യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ കമ്മിറ്റികൾ സംയുക്തമായി എടുത്ത തീരുമാനങ്ങളുടെ വെളിച്ചത്തിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല. എന്നാൽ, ബന്ധപ്പെട്ട പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായി വന്യജീവി ബോർഡിന്റെ ഉപസമിതി ആശയ വിനിമയം നടത്തിയാണ് ശുപാർശകൾ തയ്യാറാക്കിയത്.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ജൈവ വൈവിധ്യം

42 (3595) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ സമ്പത്തിന്റെ സംരക്ഷണവും നീതിപൂർവ്വമായ ഉപയോഗവും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് സർക്കാരിന് എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിക്ക് സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് സമർപ്പിച്ച ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവര ശേഖരണവും അതിന്റെ ക്രോഡീകരണവും അപഗ്രഥനവുമായി ബന്ധപ്പെട്ട് ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി സ്ട്രാറ്റജിക് പ്ലാനിന്റെ (2011-12) നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) നാടൻ വിത്തിനങ്ങൾ, വിളകൾ, കന്നുകാലികൾ, എന്നിവയുടെ സംരക്ഷണത്തിനുള്ള പദ്ധതി, കേരളത്തിലെ തണ്ണീർത്തടങ്ങളുടെ ഭൂപട നിർമ്മാണം, കൊറ്റില്ലങ്ങളുടെ സംരക്ഷണത്തിനുള്ള പദ്ധതി, നാടൻ മൽസ്യ പ്രജനനം, ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിൽ ഉരുത്തിരിഞ്ഞ ശുപാർശകൾ എന്നിവ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012 ഡിസംബർ 21 മുതൽ 30 വരെ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ നിർദ്ദേശങ്ങൾ ബയോഡൈവേഴ്സിറ്റി അതോറിറ്റിക്ക് സമർപ്പിച്ചതിന്റെ സംഗ്രഹം ചുവടെചേർക്കുന്നു :

1. ദേശീയ ജൈവവൈവിധ്യ ശൃംഖല രൂപീകരിക്കുകവഴി ജൈവ വൈവിധ്യ സംരക്ഷണത്തെക്കുറിച്ചുള്ള വിവരങ്ങൾ ശാസ്ത്ര സാങ്കേതിക, ഗവേഷണ, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ലഭ്യമാക്കുക.

2. ജൈവ വൈവിധ്യവുമായി ബന്ധപ്പെട്ട് ഒരു ദേശീയ ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുക.

3. ദേശീയ ജൈവവൈവിധ്യ വിവരാവകാശ പോളിസി തയ്യാറാക്കുക.

4. ഭാവിയിൽ വൈവൈവിധ്യ വിവരങ്ങൾക്ക് ഒരു ഏകജാലക സംവിധാനം രാജ്യമൊട്ടാകെ നടപ്പാക്കുക

5. ജൈവസമ്പത്തിന്റെ മൂല്യനിർണ്ണയം നടപ്പാക്കുക.

6. ജൈവവൈവിധ്യസംരക്ഷണത്തിനും ആവാസവ്യവസ്ഥാ സേവനങ്ങൾക്കും വിപണി ഉണ്ടാക്കുക

7. ഹരിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറുക

8. ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിലെ വിവരങ്ങൾക്ക് സംരക്ഷണം നൽകുക

9. ജനകീയ കാർഷിക ജൈവവൈവിധ്യ മേഖലയെ ശക്തിപ്പെടുത്തുക

10. പരമ്പരാഗത ഭൂമി ഉപയോഗത്തെ പുനരുദ്ധരിക്കുക

11. ഭക്ഷ്യ സുരക്ഷയെയും പോഷകാഹാര സുരക്ഷയെയും പുഷ്ടിപ്പെടുത്തുക

12. രാസകീടനാശിനി ഉപയോഗത്തിൽ നിന്നും ജൈവവൈവിധ്യത്തിന് സംരക്ഷണം നൽകുക

13. പരമ്പരാഗത അറിവും അതുമൂലമുള്ള ഗുണഫലങ്ങളുടെ വീതംവെക്കലും തനത് വിഭാഗങ്ങൾക്ക് നൽകുക.

(സി) കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി.എം.സി.) രൂപീകരിക്കുകയും അതിന്റെ മേൽനോട്ടത്തിൽ അതാതു പ്രദേശത്തെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യുന്നു. ഇതിനെ സഹായിക്കാനായി ഓരോ പഞ്ചായത്തിലും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ നിയോഗിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 496 പഞ്ചായത്തുകളിൽ പി.ബി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. രൂപീകരിച്ച ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതി കേരളം നേടിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി സ്ട്രാറ്റജിക് പ്ലാനിന്റെ (2011-12) നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. 2020 ആകുമ്പോഴേക്കും ലോക ജനതക്ക് ജൈവവൈവിധ്യത്തിന്റെ പ്രാധാന്യവും സംരക്ഷണവും നിലനിർത്തിക്കൊണ്ടുള്ള ഉപയോഗവും പൂർണ്ണമായി മനസ്സിലാക്കിക്കൊടുക്കുക.

2. 2020 ആകുമ്പോഴേക്കും വനനശീകരണവും ആവാസ വ്യവസ്ഥാന നഷ്ടവും പകുതിയിൽ കൂടുതൽ കുറയ്ക്കുകയും കഴിയുമെങ്കിൽ പൂർണ്ണമായും ഇല്ലാതാക്കുകയും ചെയ്യുക.

3. 2020 ആകുമ്പോഴേക്കും ജൈവവൈവിധ്യത്തിന്റെ നിലവാരം പരമാവധി ഉയർത്തുക, ഇതിനുവേണ്ടി ജനിതകവൈവിധ്യത്തെയും സ്പീഷിസ് വൈവിധ്യത്തെയും ആവാസവ്യവസ്ഥാ വൈവിധ്യത്തെയും പരമാവധി സംരക്ഷിക്കുക

4. ജൈവവൈവിധ്യ സേവനങ്ങളും ആവാസവ്യവസ്ഥാന സേവനങ്ങളുടെയും ഗുണഫലങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക

5. വിവര പരിപാലനത്തിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും നാട്ടറിവ് സംരക്ഷണത്തിൽ തദ്ദേശീയരെ സജ്ജരാക്കുക.

**ഗാഡ്ഗിൽ റിപ്പോർട്ടിൻമേൽ നടപടി**

43 (3596) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ:
ശ്രീ. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാഡ്ഗിൽ റിപ്പോർട്ടിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കാവുന്ന നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടികളുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പ്രസ്തുത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഡോ. കസ്തൂരി രംഗൻ സമിതി ഇടുക്കി, വയനാട് ജില്ലകൾ സന്ദർശിക്കണമെന്ന പൊതു ആവശ്യപ്രകാരം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ ; എങ്കിൽ സന്ദർശനവേളയിൽ പൊതുജനങ്ങളുടെയും വിവിധ കർഷക സംഘടനകളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(ഡി) ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ അടങ്ങുന്ന വിശദമായ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന്റെയും ഗാഡ്ഗിൽ സമിതി ശുപാർശകൾ പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച ഉന്നതതല പ്രവർത്തന സമിതിയുടെയും പരിഗണനയ്ക്കായി സമർപ്പിച്ചു.

2. സമിതിയംഗങ്ങളുമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും 19-1-2013-ൽ ചർച്ച നടത്തി, സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ അറിയിക്കുകയും പ്രതിലോമ ശുപാർശകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

3. ഗാഡ്ഗിൽ ശുപാർശകളുടെ മുഖ്യവശങ്ങളെപ്പറ്റി, കസ്തൂരി രംഗൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ വിശദമായി ചർച്ച ചെയ്തു. സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ പരിഗണിക്കേണ്ട സാഹചര്യങ്ങൾ വിശദമാക്കി.

4. ഗാഡ്ഗിൽ ശുപാർശകൾ പനു:പരിശോധിക്കണമെന്ന് ഒരു സർവ്വകക്ഷി നിവേദകസംഘം, കസ്തൂരിരംഗൻ സമിതിയെ സന്ദർശിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മൂന്ന് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണത്തിൽ പരാതിക്കാരന് മറുപടി നൽകുകയും മറ്റുള്ളവ ഉന്നതതല പ്രവർത്തന സമിതിയുടെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇടുക്കി ജില്ലയിൽ സന്ദർശനം നടത്താമെന്ന് ഉന്നതതല സമിതി സമ്മതിച്ചിട്ടുണ്ട്. സന്ദർശനം നടത്തിയിട്ടില്ല.

(ഡി) സമിതി കേന്ദ്ര സർക്കാരിനാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. സമിതിയുടെ കാലാവധി 16-2-2013-ലാണ് അവസാനിക്കുന്നത്.

**ജോലിസമയത്തുള്ള ഇന്റർനെറ്റ് ഉപയോഗം**

**44 (3597)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടറൈസ് ചെയ്തിട്ടുള്ള സർക്കാർ ഓഫീസുകളിൽ ജോലി സമയത്ത് ഉദ്യോഗസ്ഥർ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് തടയുവാനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) അത്യാവശ്യമുള്ളയിടങ്ങളിലല്ലാതെ മറ്റിടങ്ങളിൽ ഇന്റർനെറ്റ് സൗകര്യം പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്**

**45 (3598)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് ഹാർബർ എഞ്ചിനീയറിംഗ് ഇറിഗേഷൻ വകുപ്പുകളിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. എഴുത്ത് പരീക്ഷ നടത്തിയത് എന്നാണ് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർക്ക് കൂടികാഴ്ച നടത്തുന്നതിന് തീയതി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് കൂടികാഴ്ച നടത്തുന്നതിനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 13-5-2009-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കാറ്റഗറി നമ്പർ 168/09 പ്രകാരം ഡിവിഷണൽ അക്കൗണ്ടന്റ് (പൊതുമരാമത്ത്/ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാരിൽനിന്ന് തസ്തികമാറ്റം വഴി), 169/09 പ്രകാരം ഡിവിഷണൽ അക്കൗണ്ടന്റ് (നേരിട്ടുള്ള നിയമനം) കേരള ജനറൽ സർവ്വീസ്, 170/09 പ്രകാരം ഡിവിഷണൽ അക്കൗണ്ടന്റ് (യു.ഡി. ക്ലാർക്ക്/അസിസ്റ്റന്റ് ഗ്രേഡ് I/സീനിയർ അക്കൗണ്ടന്റ്/യു.ഡി.ഓഡിറ്റർ എന്നിവരിൽനിന്ന് തസ്തികമാറ്റം വഴി) എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിക്കുകയും, പ്രസ്തുത തസ്തികകൾക്കായി 29-12-2010, 30-12-2010 31-12-2010 എന്നീ തീയതികളിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മൂന്ന് കാറ്റഗറിയിലുള്ള തസ്തികകളുടെയും ചുരുക്കപ്പട്ടിക 26-9-2012-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) 2013 മാർച്ച് മാസം 21, 22 തീയതികളിലായി പ്രസ്തുത തസ്തികകളുടെ കൂടിക്കാഴ്ച നടത്തുവാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് ആശ്രിതനിയമനത്തിന് അധികയോഗ്യത നിശ്ചയിക്കപ്പെട്ടതിലെ അപാകത

46 (3599) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് 1-7-2011-ലെ സ.ഉ. (എം.എസ്.) നം. 21/2011/പി.ആന്റ്.എ.ആർ.ഡി. പ്രകാരം ഡി.സി.എ. അധികയോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ അംഗീകരിച്ച ഡി.സി.എ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനങ്ങൾക്ക് പ്രസ്തുത ഉത്തരവ് പ്രകാരം ഡി.സി.എ. അധിക യോഗ്യത നേടിയവരെയാണോ നിലവിൽ പി.എസ്.സി. പരിഗണിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) നിലവിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ആശ്രിത നിയമനങ്ങൾക്ക് പ്രസ്തുത ഉത്തരവുപ്രകാരം ഡി.സി.എ. അധിക യോഗ്യത ഉള്ളവരെയാണോ പരിഗണിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ആശ്രിത നിയമനം ഒഴികെയുള്ള നിയമനങ്ങൾക്ക് ഡി.സി.എ. അധികയോഗ്യത ഇല്ലാത്തവരെയും പി.എസ്.സി. പരിഗണിക്കുമ്പോൾ ആശ്രിതനിയമനത്തിനായി മാത്രം, പ്രസ്തുത അധിക യോഗ്യത നിശ്ചയിക്കപ്പെട്ടിട്ടുള്ളതിലെ അപാകത പരിഹരിക്കുന്നതിലേക്കായി പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദുചെയ്യുന്നതിനോ ഭേദഗതി വരുത്തുന്നതിനോ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സർക്കാർ അംഗീകരിച്ച ഡി.സി.എ. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെയും ഡിസിഎയ്ക്ക് തത്തുല്യമായി അംഗീകരിച്ച കോഴ്സുകളുടെയും വിശദാംശമടങ്ങുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഡിഗ്രി മാത്രം യോഗ്യതയുള്ളവരെ പരിഗണിക്കത്തക്ക രീതിയിലാണ് കാറ്റഗറി നമ്പർ 436/12 ആയി സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് 31-7-2012-ൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി&ഡി) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്ക്, 1-7-2011-നുമുമ്പ് സാധുവായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളെ പുതുക്കിയ യോഗ്യത ആർജ്ജിക്കുന്നതിൽനിന്ന് 6-2-2012-ലെ ജി.ഒ.(പി) നമ്പർ 7/12/ഉഭപവ ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുന്നതുവരെ ആശ്രിത നിയമനത്തിനായി സാധുവായ അപേക്ഷ സമർപ്പിക്കുന്നവർക്കും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സെക്രട്ടേറിയറ്റ് സർവ്വീസിൽ തിരിച്ചുവരുന്ന തസ്തികമാറ്റം വഴി ബി.ഡി.ഒ. ആയവർ

47 (3600) ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽനിന്നും തസ്തിക മാറ്റം വഴി ബിഡിഒ. ആയി നിയമനം ലഭിച്ചുപോയവർ പ്രസ്തുത സർവ്വീസിലേക്ക് തിരികെ പ്രവേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്രപേർ തിരികെ വന്നിട്ടുണ്ട് ;

(സി) ഇവരെ ഏതൊക്കെ തസ്തികകളിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം എത്രപേരുടെ പ്രൊമോഷൻ സാധ്യത ഇല്ലാതായി എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ ; വ്യക്തമാക്കാമോ ;

(എഫ്) ഇത്തരത്തിൽ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലേക്ക് തിരികെ വരാനായി മറ്റ് വകുപ്പുകളിൽനിന്നും എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ജി) അവർ ഏതൊക്കെ തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്നവരാണ് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 6 പേർ തിരികെ വന്നിട്ടുണ്ട്.

(സി) പൊതുഭരണവകുപ്പിൽ 4 പേരെയും ധനകാര്യവകുപ്പിൽ 2 പേരെയും സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ആയി തിരിച്ചെടുക്കുകയും അഡീഷണൽ സെക്രട്ടറിതലംവരെ സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ പൊതുഭരണവകുപ്പിൽ അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ച ഒരാൾക്ക് തുടർന്ന് സ്പെഷ്യൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. കെ.എസ്. & എസ്.എസ്.ആർ. ഭാഗം II റൂൾ (8)-ലെ ബന്ധപ്പെട്ട കോടതി വിധികളുടെയും അടിസ്ഥാനത്തിലാണ് ഇവരെയെല്ലാം തിരികെ നിയമിച്ചത്.

(ഡി) അഡീഷണൽ സെക്രട്ടറിതലം മുതൽ താഴേക്ക് അസിസ്റ്റന്റ് തസ്തിക വരെ ഓരോ കേഡറിലും മൂന്ന് പേരുടെ വീതം പ്രമോഷൻ സാധ്യത തടസ്സപ്പെട്ടു. സ്പെഷ്യൽ സെക്രട്ടറി കേഡറിൽ ഒരാൾക്ക് പ്രമോഷൻ നൽകിയതുമൂലം ആ കേഡറിലും ഒരു പ്രമോഷൻ സാധ്യത തടസ്സപ്പെട്ടു.

(ഇ) ഉണ്ട്. W.A.No.1414, 1385, 1825, 1823/11 കേസുകളിൽ 29-6-2012-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLP No.32181-32182/12 കേസിൽ 4-1-2013-ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) കണക്കാക്കിയിട്ടില്ല.

(ജി) ബാധകമല്ല.

**തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം**

48 (3601) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനത്തിന്റെ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായി 31-7-2012-ൽ നിലവിൽവന്ന റാങ്ക്ലിസ്റ്റിൽനിന്നും 92-ാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികളെ നിയമന ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക്ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**പോലീസ് ട്രെയിനിംഗ് സർവ്വീസായി പരിഗണിച്ചുകൊണ്ടുള്ള ഉത്തരവ് മറ്റ് സർക്കാർ വകുപ്പുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി**

49 (3602) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് ട്രെയിനിംഗ് സർവ്വീസായി പരിഗണിച്ചുകൊണ്ടുള്ള ഉത്തരവ്, പോലീസ് വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് മറ്റ് സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്നവർക്കുകൂടി ബാധകമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പോലീസ് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് പോയവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**പി.എസ്.സി ശുപാർശ നൽകിയിട്ടും നിയമന ഉത്തരവ് നൽകാത്ത നിയമനങ്ങൾ**

50 (3603) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടും വകുപ്പു നിയമന ഉത്തരവ് നൽകാത്ത എത്ര നിയമനങ്ങൾ ബാക്കിയുണ്ടെന്ന് വകുപ്പുതിരിച്ചു വ്യക്തമാക്കുമോ;

(ബി) നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി.-യിൽ അധിക തസ്തികകൾ**

51 (3604) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സിയിൽ അധിക തസ്തികകൾ, കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിനായാണ് ഇപ്രകാരം തസ്തികകൾ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകുമോ;

(സി) പി.എസ്.സി.-യിൽ 15% തസ്തികകൾ അധികമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) നിലവിൽ പി.എസ്.സി.-യിൽ ആകെ എത്ര തസ്തികകളാണുള്ളത്; തസ്തിക തിരിച്ചുള്ള വിവരം നൽകുമോ; ഇതിൽ നിലവിൽ ഒഴിവുകളുണ്ടോ; എങ്കിൽ എത്ര; കാറ്റഗറി തിരിച്ചുള്ള വിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

| | | |
|---|---|---|
| അഡീഷണൽ സെക്രട്ടറി | - | 2 |
| ജോയിന്റ് സെക്രട്ടറി | - | 2 |
| അണ്ടർ സെക്രട്ടറി | - | 20 |

| | |
|---|---|
| സെക്ഷൻ ഓഫീസർ | 25 |
| അസിസ്റ്റന്റ് | 96 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ടൈപ്പിസ്റ്റ് | 5 |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 2 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 4 |
| പ്യൂൺ | 6 |
| ആകെ | 163 |

(ബി) 14-12-2012-ലെ ജി.ഒ. (എംഎസ്) നമ്പർ 371/2012/പൊ.ഭ.വ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 30 (മുപ്പത്) തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| കമ്പ്യൂട്ടർ പ്രോഗ്രാമർ/ ടെക്നിക്കൽ അസിസ്റ്റന്റ് | 6 |
| അസിസ്റ്റന്റ് | 20 |
| സെക്ഷൻ ഓഫീസർ | 2 |
| അണ്ടർ സെക്രട്ടറി | 1 |
| അഡീഷണൽ സെക്രട്ടറി (ചെയർമാന്റെ ഓഫീസ്) | 1 |
| ആകെ | 30 |

(സി) പി.എസ്.സി.യിൽ 15% തസ്തികകൾ അധികമാണെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു.

(ഡി) നിലവിൽ പി.എസ്.സി.യിൽ വിവിധ വിഭാഗങ്ങളിലായി 18 താൽക്കാലിക തസ്തികകൾ ഉൾപ്പെടെ 1,638 തസ്തികകളാണുള്ളത്. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* പ്രസ്തുത തസ്തികകളിൽ ഒന്നുംതന്നെ ഒഴിവുകൾ നിലവിലില്ല.

### മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പി.എസ്.സി. അംഗങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച വർക്ക്ഷോപ്പ്

52 (3605) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-ൽ മറ്റുസംസ്ഥാനങ്ങളിൽ നിന്നുള്ള പി.എസ്.സി. അംഗങ്ങളെ ഉൾപ്പെടുത്തി കെ.പി.എസ്.സി. ഒരു വർക്ക് ഷോപ്പ് നടത്തിയിരുന്നോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര സംസ്ഥാനങ്ങളിൽ നിന്ന് എത്ര അംഗങ്ങൾ പ്രസ്തുത വർക്ക്ഷോപ്പിൽ പങ്കെടുത്തുവെന്ന് വിശദമാക്കുമോ ;

(സി) ഇതിലേക്കാവശ്യമായ തുക ഏത് ശീർഷകത്തിൽ നിന്നാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തുകയ്ക്ക് ഭരണാനുമതി ലഭ്യമായിരുന്നോ ?

ഉത്തരം

(എ) നടത്തിയിരുന്നു. 2012 ജൂൺ 12,13,14 എന്നീ തീയതികളിലായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽവച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പി.എസ്.സി. അംഗങ്ങളെ ഉൾപ്പെടുത്തി 3 ദിവസത്തെ വർക്ക്ഷോപ്പ് (National Workshop for Members of State Public Service Commissions) നടത്തിയിരുന്നു.

(ബി) കേരളം ഉൾപ്പെടെ 16 സംസ്ഥാനങ്ങളിൽനിന്നുള്ള പി.എസ്.സി. അംഗങ്ങൾ പ്രസ്തുത വർക്ക്ഷോപ്പിൽ പങ്കെടുത്തിരുന്നു. കേരള പി.എസ്.സി.-യിലെ മുഴുവൻ അംഗങ്ങളും മറ്റ് സംസ്ഥാന പി.എസ്.സി.കളിൽനിന്ന് ഓരോ അംഗവും ടി വർക്ക്ഷോപ്പിൽ പങ്കെടുത്തിരുന്നു.

(സി) ഇതിലേക്കാവശ്യമായ തുക കമ്മീഷന്റെ "ഓഫീസ് എക്സ്പെൻസസ്" എന്ന ശീർഷകത്തിൽ നിന്നാണ് വകയിരുത്തിയത്.

(ഡി) പ്രസ്തുത തുക വർക്ക്ഷോപ്പ് നടത്തിപ്പിനായി വകയിരുത്തിയത് കമ്മീഷന്റെ തീരുമാനപ്രകാരമാണ്.

പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റ്

53 (3606) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ ;

(ഡി) ഇത് സംബന്ധിച്ചുള്ള അവബോധം ഉദ്യോഗാർത്ഥികളിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം 4-2-2013 മുതൽ ആരംഭിച്ചു. പുതിയ വെബ്സൈറ്റിന്റെ വിലാസം www.keralapsc.gov.in എന്നാണ്.

(ബി) ഇല്ല. പുതിയ വെബ്സൈറ്റിൽ 1-2-2013 മുതലുള്ള വിവരങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 31-1-2013 വരെയുള്ള വിവരങ്ങൾ പുതിയ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) തുടരും.

(ഡി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം ആരംഭിച്ച വിവരം പ്രമുഖ പത്രമാധ്യമങ്ങൾ, പി.എസ്.സി. ബുള്ളറ്റിൻ തുടങ്ങിയവ വഴി അറിയിച്ചിട്ടുണ്ട്. പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതുവരെ പുതിയ വെബ്സൈറ്റിൽ നിന്നും പഴയ വെബ്സൈറ്റിലേക്ക് ലിങ്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പി.എസ്.സി. ഓൺലൈൻ പരീക്ഷ

54 (3607) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷ ഓൺലൈനാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തസ്തികയിലേക്കാണ് ഓൺലൈൻ പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ ഉള്ള സമാനരീതികൾ നിരീക്ഷിച്ച് വിലയിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പരീക്ഷകളുടെ ഫലം എത്ര ദിവസത്തിനകം പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പി.എസ്.സി. വിവിധ തസ്തികകൾക്കായി നടത്തുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ത്വരിതപ്പെടുത്തുക എന്നതാണ് ഓൺലൈൻ പരീക്ഷ നടത്തുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഏറ്റവും കുറവ് ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതും സാങ്കേതിക യോഗ്യത ഉള്ളതുമായ പ്രധാന തസ്തികകളിലേക്കാണ് ആദ്യഘട്ടമെന്ന നിലയിൽ ഓൺലൈൻ പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) Staff Selection Commission, Rajasthan PSC, IBPS (Mumbai) എന്നീ സ്ഥാപനങ്ങൾ 3 കമ്മീഷൻ അംഗങ്ങൾ സന്ദർശിക്കുകയും ഓൺലൈൻ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട പഠനം നടത്തി റിപ്പോർട്ട് കമ്മീഷന് സമർപ്പിച്ചിട്ടുമുണ്ട്.

(ഡി&ഇ) പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ച് ഓൺലൈൻ പരീക്ഷാ നടത്തിപ്പിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് C-Dit എന്ന സ്ഥാപനത്തെ Software development-നായി നിയോഗിക്കുകയും തുടർന്ന് 22-12-2012-ൽ ഒരു Mock test വിജയകരമായി നടത്തുകയും ചെയ്തു. പ്രസ്തുത ടെസ്റ്റിനെ തുടർന്ന് C-Dit സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചുവരുന്നു.

## പി.എസ്.സി. വെബ്സൈറ്റ്

**55 (3608)** ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലേക്കുള്ള ഒഴിവുകൾ പിഎസ്.സിക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ ഈ വിവരം അതാത് വകുപ്പുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനോ വകുപ്പ് ഡയറക്ടറേറ്റുകളിൽ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ;

(സി) പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം അതാത് ദിവസം പി.എസ്.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) നിലവിലില്ല. എന്നാൽ 1-6-2012 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ ഇ-മെയിൽ സംവിധാനം വഴി റിപ്പോർട്ട് ചെയ്യണം എന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പി.എസ്.സി.-യുടെ ആസ്ഥാന/ജില്ലാ/മേഖലാ ആഫീസുകളിൽ വിവിധ തസ്തികകൾക്കായി ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ശേഖരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ കമ്മീഷൻ പരമാവധി ശ്രമിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത ഒഴിവുകൾ നിയമന ശുപാർശ ചെയ്യുന്നതുൾപ്പെടെയുള്ള വിവരവും പിഎസ്സി-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംബന്ധിച്ച വിവരങ്ങളും അതാത് ദിവസം പി.എസ്.സി.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പി.എസ്.സി.-ക്ക് വേണ്ടി വാങ്ങിയ വാഹനങ്ങൾ

56 (3609) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യിൽ 2011-12, 2012-13 വർഷങ്ങളിൽ എത്ര വാഹനങ്ങൾ, എന്തെല്ലാം ആവശ്യങ്ങൾക്കായി വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഏതെല്ലാം വാഹനങ്ങളാണ് ഇപ്രകാരം വാങ്ങിയിട്ടുള്ളത്; ഓരോ വാഹനത്തിന്റെയും വിലവിവരമുൾപ്പെടെയുള്ള വിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായുള്ള തുക ഏത് ശീർഷകത്തിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്;

(സി) ഇതിലേക്കായി തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സർക്കാർ അനുമതി വാങ്ങിയിട്ടുണ്ടായിരുന്നോ;

(ഡി) ഇല്ലെങ്കിൽ ഇതിനുത്തരവാദിയായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പി.എസ്.സി.-യിൽ 2011-12, 2012-13 വർഷങ്ങളിൽ ആകെ 19 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. പരീക്ഷാ സംബന്ധമായ ആവശ്യങ്ങൾക്കായി, ആസ്ഥാന ഓഫീസിലേക്കും വിവിധ ജില്ലാ മേഖലാ ആഫീസുകളിലേക്കുമായി 18 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിനായി ഒരു ടൊയോട്ട ഇന്നോവ വാഹനവും വാങ്ങിയിട്ടുണ്ട്. വാഹനങ്ങൾ വാങ്ങിയതിന്റെ വർഷം തിരിച്ചുള്ള വില വിവരം ചുവടെച്ചേർക്കുന്നു:

**2011-2012**

| വാഹനം | എണ്ണം | തുക (രൂപ) |
|---|---|---|
| മാരുതി ഈക്കോ | 2 | 6,31,878 |
| മഹീന്ദ്ര ബൊലീറോ | 5 | 26,99,410 |
| ടൊയോട്ട ഇന്നോവ | 1 | 12,20,488 |
| **2012-2013** | | |
| മഹീന്ദ്ര ബൊലീറോ | 8 | 46,39,568 |
| ഫോഴ്സ് ടെമ്പോ ട്രാവലർ ഗുഡ്സ് വാൻ | 1 | 7,03,331 |
| അശോക് ലെയ്‌ലാന്റ് ഗുഡ്സ്‌വാൻ | 1 | 9,15,360 |
| മഹീന്ദ്ര ബൊലീറോ | 1 | 5,81,509 |

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2051 PSC-102-State PSC-99 PSC-05-Office Expenses-04-other items (OE) ശീർഷകത്തിൽനിന്നാണ് വാഹനങ്ങൾ വാങ്ങുന്നതിനായി തുക ചെലവാക്കിയിട്ടുള്ളത്.

(സി) സർക്കാർ അനുമതി വാങ്ങിയിട്ടില്ല. എന്നാൽ കമ്മീഷന്റെ ഉത്തരവ് അനുസരിച്ചാണ് വാഹനങ്ങൾ വാങ്ങുവാൻ തുക ചെലവഴിച്ചത്.

(ഡി) ബാധകമല്ല.

**അൻപത് ശതമാനത്തിലധികം തസ്തികകളിൽ നേരിട്ടുള്ള നിയമനം**

**57 (3610)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അൻപത് ശതമാനത്തിലധികം തസ്തികകളിൽ നേരിട്ടുള്ള നിയമനം നടക്കുന്നത് ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലേക്കാണ് ; വ്യക്തമാക്കുക ;

(ബി) പ്രസ്തുത തസ്തികകൾ ഏതെന്നും, എത്ര ശതമാനം വീതമാണ് നേരിട്ട് നിയമനം നടത്തുന്നതെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പുകളിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ ഒഴിവുകളിലേക്കായി പ്രസ്തുത വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് സംവരണം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ, ഏതൊക്കെ വകുപ്പുകളിലെന്നും എത്രശതമാനം വീതമെന്നും വെളിപ്പെടുത്താമോ ?

**ഉത്തരം**

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി.-ഒഴിവുകളും നിയമനവും**

**58 (3611)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. മുമ്പാകെ നിലവിൽ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകൾക്കായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഇതിൽ എത്ര തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലെ എല്ലാ റിപ്പോർട്ട് ചെയ്ത ഒഴിവിലേക്കും പി.എസ്.സി. അഡ്വൈസ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് അഡ്വൈസ് നൽകാത്ത തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**തൊഴിൽ സംവരണം**

59 (3612) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിലും പൊതുമേഖലയിലും തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സ്വകാര്യമേഖലയിലും എയിഡഡ് മേഖലയിലും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് അഭിപ്രായം അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിന് നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ&ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സ്ത്രീ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സെൽ**

60 (3613) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സർക്കാർ ഓഫീസുകളിൽ സ്ത്രീ ജീവനക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്ക് വേണ്ട നിയമോപദേശം നൽകുന്നതിനും ഒരു പ്രത്യേക സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**ലക്ചറർ തസ്തികയ്ക്കുള്ള ഗ്രേസ് മാർക്ക്**

61 (3614) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ (കെമിസ്ട്രി/ഫിസിക്സ്) തസ്തികയിൽ ഇന്റർവ്യൂ സമയത്ത് ഗ്രേസ് മാർക്ക് നൽകുന്നതിന് പരിഗണിക്കുന്ന വസ്തുതകൾ എന്ത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയുടെ ഇന്റർവ്യൂ സമയത്തിന് മുമ്പ് പി.എച്ച്.ഡി., എം.ഫിൽ. യോഗ്യത നേടിയവർക്ക് ഗ്രേസ് മാർക്ക് ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ തസ്തികയ്ക്കായുള്ള പരീക്ഷയെത്തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതിനായി വെയിറ്റേജ് മാർക്ക് നൽകുന്നതിന് താഴെപ്പറയുന്ന വസ്തുതകളാണ് പരിഗണിക്കുന്നത്. അടിസ്ഥാന യോഗ്യതയ്ക്ക് പുറമേ M.Phil. യോഗ്യതയുള്ളവർക്ക് 2 മാർക്ക്, Ph.D യോഗ്യതയുണ്ടെങ്കിൽ 4 മാർക്ക്, M. Phil + Ph.D ഉണ്ടെങ്കിൽ 5 മാർക്ക്, Post Doctoral Degree ഉണ്ടെങ്കിൽ 5 മാർക്ക് എന്നിങ്ങനെയാണ് വെയിറ്റേജ് നൽകുന്നത്.

(ബി) ഇന്റർവ്യൂ തീയതിക്കുമുമ്പ് പ്രസ്തുത യോഗ്യതകൾ നേടുന്നവർക്ക് വെയിറ്റേജ് മാർക്കിന് അർഹതയുണ്ട്.

## ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കായി അപേക്ഷിക്കുന്നവർക്ക് ഉത്തരക്കടലാസിന്റെ പകർപ്പുകൂടി നൽകാൻ നടപടി

62 (3615) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂണിനും 2013 ജനവരി 31-നുമിടയിൽ പി. എസ്. സി. പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളിൽ ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കായി 50 രൂപ ഫീസ് ഒടുക്കി അപേക്ഷിക്കുന്നവർക്ക് മാർക്കിൽ എന്തെങ്കിലും വ്യത്യാസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർക്ക്; വിശദാംശം നൽകുമോ ;

(സി) ഇതോടൊപ്പം ഉത്തരക്കടലാസിന്റെ പകർപ്പുകൂടി നൽകുന്നകാര്യം പരിഗണിക്കുമോ; ഇതിന് നിലവിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2011 ജൂണിനും 2013 ജനുവരി 31-നുമിടയിൽ OMR പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളിൽ ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കായി അപേക്ഷിച്ചവരുടെ മാർക്കിൽ വ്യത്യാസം വന്നിട്ടില്ല. എന്നാൽ വിവരണാത്മക എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസ് പുനഃപരിശോധനയ്ക്കായി അപേക്ഷിച്ചവരിൽ ഒരു തസ്തികയിൽ മാർക്കിൽ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനംവകുപ്പിലെ 'റേഞ്ച് ഫോറസ്റ്റ് ആഫീസർ തസ്തികയ്ക്കായി (Cat.No.293/11) 29-12-2011 മുതൽ 31-12-2011 വരെ നടന്ന വിവരണാത്മക പരീക്ഷയിൽ ഉത്തരക്കടലാസ് പുനഃപരിശോധിച്ചപ്പോൾ 4 ഉദ്യോഗാർത്ഥികൾക്ക് മാർക്ക് കൂട്ടി എഴുതിയതിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

(സി) ഒ.എം.ആർ. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം നിശ്ചിത ഫീസായ 200 രൂപയുടെ ചെല്ലാൻ സഹിതം അപേക്ഷിക്കുന്നവരുടെ OMR ഉത്തരക്കടലാസിന്റെ പകർപ്പ് നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. എന്നാൽ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകുവാൻ വ്യവസ്ഥയില്ല. ആയത് നൽകണമെന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ കമ്മീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ആയിട്ടില്ല. വിവരണാത്മക പരീക്ഷയുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നൽകുവാനും നിലവിൽ വ്യവസ്ഥ ഇല്ല.

## ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പത്തോളജിസ്റ്റ്
## തസ്തികയിൽ നിയമനം

63 (3616) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. കാറ്റഗറി നമ്പർ 059/2012 പ്രകാരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നുവോ എന്നറിയിക്കാമോ ;

(ബി) ഇതേ കാറ്റഗറി നമ്പർ ആയി 2013-ൽ വീണ്ടും അപേക്ഷ ക്ഷണിച്ചിരുന്നുവോയെന്നും എങ്കിൽ ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ ;

(സി) ആദ്യം പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം അപേക്ഷിച്ചവർക്ക് പരീക്ഷയെഴുതാൻ അവസരം ലഭിക്കുമോയെന്നും ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ ?

### ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആന്റ് സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയുടെ നിയമനത്തിനായി 59/2012 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി) ഇല്ല. എന്നാൽ പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി 35-ൽനിന്നും 36 ആയി ഉയർത്തിയതിനെത്തുടർന്ന് കാറ്റഗറി നമ്പർ 59/12 ഉൾപ്പെടെയുള്ള വിവിധ തസ്തികകൾക്ക് ടി ഉയർന്ന പ്രായപരിധിയിൽപ്പെട്ടവർക്ക് കൂടി അപേക്ഷിക്കുന്നതിലേക്കായി 31-12-12-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഒരു കൂട്ടിച്ചേർക്കൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പ്രായപരിധി 35-നു 36-നും ഇടയിൽ വരുന്ന ആദ്യ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് 15-1-2013 വരെ അപേക്ഷിക്കാൻ അവസരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കും കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കും ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള യോഗ്യതയുണ്ടെങ്കിൽ ഒരു പരീക്ഷ വഴിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നതെങ്കിൽ പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക

**64 (3617)** ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ വിവരം വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത വകുപ്പുകളിൽ എത്ര എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) 2008 മുതൽ 2013 ജനുവരി മാസം 31-ാം തീയതി വരെയുള്ള വകുപ്പ് തിരിച്ചുള്ള റിട്ടയർമെന്റ് വേക്കൻസികൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനത്തിനായി പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ടും ഇപ്പോഴും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽനിന്നും നിയമനം ലഭിച്ചവർ ഏതെങ്കിലും വകുപ്പുകളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പ് മേധാവികൾക്ക് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ജി) പ്രസ്തുത നിർദ്ദേശത്തിനുശേഷവും ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്ത വകുപ്പ് മേധാവികളെ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭ്യമാണോ ;

(എച്ച്) ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പു മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 2012-13-ൽ ലഭ്യമായ എല്ലാ ഒഴിവുകളും പി.എസ്.സി..ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്&ഐ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ ഒഴിവുകളും 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം**

**65 (3618)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പേർ റോഡപകടങ്ങളിലും മറ്റ് വിധത്തിലുള്ള അപകടങ്ങളിലും മരണപ്പെട്ടിട്ടുണ്ട് എന്നും മരണപ്പെട്ടവർ ആരെല്ലാമെന്നും മരണപ്പെട്ടവരുടെ പൂർണ്ണ വിലാസം സഹിതം വിശദമായി വ്യക്തമാക്കുമോ ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതരിൽ ആരുടെയെല്ലാം ആശ്രിതർക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് ദുരിതാശ്വാസ സഹായം ലഭിച്ചിട്ടുണ്ട് എന്നത് സഹായം ലഭിച്ച ആശ്രിതരുടെ പേര്, വിലാസം സഹിതം വ്യക്തമാക്കുമോ ;

(സി) ദുരിതാശ്വാസ സഹായം ലഭിച്ചിട്ടില്ലാത്ത ആശ്രിതർക്ക് അത് ലഭ്യമാകാത്തതിന് കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ; ഇവർക്ക് ദുരിതാശ്വാസ സഹായം നൽകി മരണപ്പെട്ടവരുടെ കുടുംബത്തെ സംരക്ഷിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ ആരെങ്കിലും അന്ന് അറിവില്ലായ്മകൊണ്ട് അപേക്ഷ നൽകാത്ത സാഹചര്യത്തിൽ ഇപ്പോൾ അപേക്ഷ നൽകിയാൽ ദുരിതാശ്വാസത്തിന് പരിഗണിക്കുമോ ;

(ഇ) കൊയിലാണ്ടി താലൂക്ക് ഓഫീസിലൂടെ 2011 ജൂൺ മുതൽ 2012 ഡിസംബർ വരെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദവിവരം ലഭ്യമാക്കുമോ ;

(എഫ്) സി.എം.ഡി.ആർ.എഫ്-ൽ നിന്നും സഹായം ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എന്നത് വ്യക്തമാക്കുമോ ; മാർഗ്ഗരേഖയുണ്ടെങ്കിൽ അത് വിശദമാക്കുമോ ?

**ഉത്തരം**

(എ) 76 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരുടെ പൂർണ്ണവിലാസം ഉൾപ്പെടെയുള്ള വിവരം ഇതോടൊപ്പം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) സി.എം.ഡി.ആർ.എഫ്-ൽ നിന്ന് ദുരിതാശ്വാസ സഹായം ലഭിച്ചവരുടെ ലിസ്റ്റ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) അപകടമരണം സംഭവിച്ചവരുടെ ആശ്രിതർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണെങ്കിൽ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചാൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

(ഡി) അപകടമരണം സംഭവിച്ച് ഒരു വർഷത്തിനകം ലഭിച്ച അപേക്ഷകൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ട്.

(ഇ) 2011 ജൂൺ മുതൽ 2012 ഡിസംബർ വരെ കൊയിലാണ്ടി താലൂക്കിൽ 1373 പേർക്ക് 91,79,000 രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) 17-10-2012-ലെ 53246/DRF B212/RD. നമ്പർ സർക്കുലർ പ്രകാരം അപകട മരണം സംബന്ധിച്ച കേസുകളിൽ ഒരു വർഷത്തിനകം ലഭിച്ച അപേക്ഷകൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് നിർദ്ദേശമുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം–III ആയി ചേർത്തിരിക്കുന്നു.*

**ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

66 (3619) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ആദ്യമായി രണ്ടാം കൃഷി ആരംഭിച്ച കൈനകരി ഗ്രാമപഞ്ചായത്തിലെ കാക്കനാട് വീട്ടിൽ പി. ബാലന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഭക്ഷ്യ സുരക്ഷയ്ക്ക് മുതൽക്കൂട്ടാകുന്ന രണ്ടാം കൃഷി എന്ന ആശയം കുട്ടനാട്ടിൽ പ്രാവർത്തികമാക്കിയ ബാലന്റെയും പിതാവിന്റെയും വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭക്ഷ്യ സുരക്ഷയ്ക്കും കാർഷിക മേഖലയിലെ അഭിവൃദ്ധിക്കും മുൻതൂക്കം നൽകുന്ന സാഹചര്യത്തിൽ പ്രസ്തുത കുടുംബത്തെ ആദരിക്കുന്നതിനും സഹായിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ സാമ്പത്തികമായി തകർന്ന ബാലന്റെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷ അടിയന്തര റിപ്പോർട്ടിനായി കൃഷി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി-ഡി) പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

67 (3620) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട മണ്ഡലത്തിലെ എത്ര വ്യക്തികൾക്ക്, എത്ര തുക വീതം ദുരിതാശ്വാസ നിധിയിൽനിന്നും ധന സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ച് നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

68 (3621) ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ ഈരേഴവടക്ക് കെ. കെ. നിവാസിൽ പ്രഭാഗോപാലിന്റെ മകൻ അഖിൽ ഗോപാൽ 2-3-2011-ൽ വാഹന അപകടത്തിൽ മരണപ്പെട്ടതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അഖിൽ ഗോപാലിന്റെ കുടുംബത്തിന് പരമാവധി ധനസഹായം ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീമതി പ്രഭാഗോപാലിന്റെ മകൻ അഖിൽ ഗോപാൽ 2-3-2011-ന് വാഹന അപകടത്തിൽ മരണപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ 15-10-2012-ന് ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് സഹിതം അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

69 (3622) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയ ഉത്തരവുകൾ ലഭ്യമാക്കാമോ ;

(ബി) സർക്കാർ ഉത്തരവായി മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ധനസഹായതുക ലഭിക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കണ്ണൂർ ജില്ലയിൽ ഉത്തരവായിട്ടും ഇതുവരെയായി ധനസഹായം നൽകാത്തവരുടെ പേരും മേൽവിലാസവും അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 232 ഗവൺമെന്റ് ഉത്തരവുകളിലായി 6125 അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ധനസഹായം അനുവദിച്ച മുഴുവൻ ഉത്തരവുകളും ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണം ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിരുന്നു. ഇപ്പോൾ ആവശ്യത്തിന് ഫണ്ട് ലഭിച്ചതിനാൽ ധനസഹായ വിതരണം നടക്കുന്നുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ 14 സർക്കാർ ഉത്തരവുകളിലായി 94 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ഇവർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പേരും മേൽവിലാസവും കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ ലഭ്യമാണ്.

## അന്തർസംസ്ഥാന നദീജലക്കരാർ

70 (3623) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ഏതെല്ലാം സംസ്ഥാനങ്ങളുമായിട്ടാണ് നദീജലക്കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കരാറുകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) അന്തർസംസ്ഥാന നദീജലക്കരാർ പാലിക്കുന്നതിനുവേണ്ടി മറ്റു സംസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേന്ദ്ര സഹായം നേടിയിട്ടുണ്ടോ ;

(ഡി) ഇതിനായി കേരളം മുൻകൈ എടുത്ത് സംയുക്ത യോഗം വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരളം തമിഴ്നാടുമായിട്ടാണ് നദീജല കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എ.പി. കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട കരാർ ലംഘനങ്ങൾ താഴെപ്പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. കേരള ഷോളയാറിലെ ജലവിതാനം നിശ്ചിത തീയതികളിൽ (ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും) നിശ്ചിത ലെവലുകളിൽ (FRL +2663 feet)-ൽ നിർത്താതിരിക്കുക.

2. കാടംപാറ ഡാമിന്റെ നിർമ്മാണം

3. ആളിയാർ, തിരുമൂർത്തി ഡാമുകളുടെ താഴെ മിനിഹൈഡൽ പ്രോജക്ടുകളുടെ നിർമ്മാണം

4. പറമ്പിക്കുളത്തെ കെട്ടിടങ്ങൾ പൂർണ്ണമായും കേരളത്തിന് വിട്ടുതരാതിരിക്കുക

5. കോണ്ടൂർ കനാലിന്റെ റീലൈനിംഗ്

6. തമിഴ്നാട് ഷോളയാർ റിസർവോറിൽ ഒരു സാഡിൽ സ്പിൽവേ അധികമായി നിർമ്മിച്ചത്

7. ആളിയാറിലേക്ക് ഒഴുകുന്ന ജലത്തിന്റെ കുറവ്

8. മണക്കടവ് വിയറിൽനിന്ന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്ക് ലഭിക്കേണ്ട ജലം ചില വർഷങ്ങളിൽ ലഭിക്കാത്തത്

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

### ദേശീയ ജലപാത

71 (T.3624) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ദേശീയ ജലപാതയുടെ നീളം എത്ര കിലോമീറ്ററാണ് ;

(ബി) ഇതിൽ നിലവിൽ എത്ര കിലോമീറ്റർ ജലപാതയുണ്ട് ;

(സി) പുതുതായി ക്രിയേറ്റ് ചെയ്യേണ്ടുന്ന ജലപാത എത്ര കിലോമീറ്ററാണ് ; അവ എവിടെയെല്ലാം ; എത്ര കിലോമീറ്റർ വീതം ;

(ഡി) ദേശീയ ജലപാതയിലെ എത്ര കിലോമീറ്റർ ഭാഗത്തിന്റെ പണി പൂർത്തിയായിട്ടുണ്ട് ;

(ഇ) അവശേഷിക്കുന്ന ഭാഗം എവിടെല്ലാം ; എത്ര കിലോമീറ്റർ വീതം ;

(എഫ്) ദേശീയ ജലപാതയിൽ നിലവിലുള്ളതും അവശേഷിക്കുന്നതും പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടായിരുന്നുവോ ;

(ജി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള മൊത്തം എസ്റ്റിമേറ്റ് തുക എത്ര ;

(ഐ) നടപ്പുവർഷം ചെലവഴിക്കുന്ന തുക എത്ര ;

(ജെ) അവശേഷിക്കുന്ന തുക കണ്ടെത്തുന്നത് എപ്രകാരമായിരിക്കും ?

ഉത്തരം

(എ) നിർദ്ദിഷ്ട ദേശീയ ജലപാതയുടെ നീളം 205 കിലോമീറ്ററാണ്. കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നീളം 168 കിലോമീറ്ററാണ് 23 കിലോമീറ്റർ നീളമുള്ള ഉദ്യോഗമണ്ഡൽ കനാലും 14 കിലോമീറ്റർ നീളമുള്ള ചമ്പക്കര കനാലും ദേശീയ ജലപാതയിൽ ഉൾപ്പെടുന്നു.

(ബി) 205 കിലോമീറ്റർ നീളത്തിൽ ജലപാത നിലവിലുണ്ട്.

(സി-ജെ) വിവരം ശേഖരിച്ചുവരുന്നു.

## ദേശീയ ജലപാത

72 (T.3625) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയ ജലപാതയുമായി ബന്ധപ്പെട്ട വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം ഭാഗത്ത് എന്തെല്ലാം പ്രവൃത്തികൾ നടത്തിയെന്ന് വിശദമാക്കാമോ ;

(ഡി) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പ്രവർത്തി പൂർത്തിയാക്കി മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്യുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

## കേരളവും തമിഴ്നാടും തമ്മിൽ ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട കരാറുകൾ

73 (T.3626) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും തമിഴ്നാടും തമ്മിൽ ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് എത്ര കരാറുകളാണ് ഉള്ളതെന്നും പ്രസ്തുത കരാറുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കരാറുകളിൽ നിലവിൽ കാലാവധി കഴിഞ്ഞ ഏതെങ്കിലും കരാറുകൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കരാറുകളിൽ ഏതിലെങ്കിലും തമിഴ്നാട് കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കേരളം പരാതി ഉന്നയിച്ചിട്ടുണ്ടോ ; എങ്കിൽ, ഏതെല്ലാം കരാറുകളിലെന്ന് വ്യക്തമാക്കുമോ ;

(ഡി) തമിഴ്നാടുമായുള്ള കരാറുകളിൽ കരാർ ലംഘനം നടന്നിട്ടുണ്ടെങ്കിൽ ആയതിന് രേഖാമൂലം തമിഴ്നാടിനോ, കേന്ദ്ര ജലക്കമ്മീഷനോ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വെളിപ്പെടുത്തുമോ ;

(ഇ) ജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി മറ്റേതെങ്കിലും കരാറുകളിൽ ഏർപ്പെടുവാൻ സംസ്ഥാനം ഉദ്ദേശിക്കുന്നുണ്ടോ ?

## ഉത്തരം

(എ) മൂന്ന് കരാറുകൾ നിലവിലുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടുമായി ഒപ്പുവച്ച 9-11-1958 മുതൽ മുൻകാല പ്രാബല്യമുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി (പിഎപി) കരാർ, 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള കരാർ, 1886-ൽ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് മദ്രാസും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണ് പ്രസ്തുത കരാറുകൾ.

(ബി) ഇല്ല. 1886-ൽ നിലവിൽവന്ന പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതിക്കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. 29-5-1970-ൽ 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പി.എ.പി. കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) ഉണ്ട്. പി.എ.പി. കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചത് സംബന്ധിച്ച് പരാതി ഉന്നയിച്ചിട്ടുണ്ട്.

(ഡി) പി.എ.പി.-കരാർ പ്രകാരമുള്ള ജലം തമിഴ്നാട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് കരാർ ലംഘനമായി കണക്കാക്കി രേഖാമൂലം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്ന കാര്യത്തിൽ, തമിഴ്നാട് അനുകൂലമായി പ്രതികരിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മുല്ലപ്പെരിയാർ പുതിയ ഡാമിനായി പരിസ്ഥിതി ആഘാതപഠനം

74 (T.3627) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പുതിയ ഡാമിനായി പരിസ്ഥിതി ആഘാതപഠനം നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിരുന്നോ ; എങ്കിൽ എന്നായിരുന്നു എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പഠനം പൂർത്തിയായോ ; അതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) സുപ്രീംകോടതി മുല്ലപ്പെരിയാർ കേസിന്റെ അന്തിമവാദം തുടങ്ങുന്നതിനു മുമ്പായി പ്രസ്തുത പഠനം പൂർത്തിയാക്കി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് പ്രഗതി ലാബ് & കൺസൾട്ടന്റ്സ് ലിമിറ്റഡ്, സെക്കന്തരാബാദ് എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പഠനത്തിന് മുന്നോടിയായി കേന്ദ്രവനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനുള്ള അപേക്ഷ 3-1-2013-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശയോടുകൂടി പ്രസ്തുത അപേക്ഷ കേന്ദ്ര വന്യജീവി ബോർഡിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും അംഗീകാരം ലഭിച്ചശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ച് അനുമതി വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനുശേഷമേ പരിസ്ഥിതി ആഘാതപഠനം തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

## ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ

75 (T.3628) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ ;

(ബി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാം ; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത കേരളത്തിന്റെ വ്യാപാര-ടൂറിസം വികസനത്തിന്റെ നെടുംതൂണായി മാറുമെന്നത് പരിഗണിച്ച്, ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ശേഖരിച്ചുവരുന്നു.

**ദേശീയ ജലപാത നിർമ്മാണപുരോഗതി**

76 (3629) ശ്രീ. പി. കെ. ഗുരുദേവൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാത നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാത എത്രദൂരം ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ; ഏതെല്ലാം ഭാഗങ്ങൾ, വ്യക്തമാക്കാമോ ;

(സി) ദേശീയ ജലപാത പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കാൻ പദ്ധതി രൂപീകരിച്ചിരുന്നോ ;

(ഡി) എങ്കിൽ എത്ര തുകയാണ് വകയിരിത്തിയിരുന്നത് ; ഇനി എത്ര തുക കൂടി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ; വിശദമാക്കാമോ ;

(ഇ) പദ്ധതിക്കുള്ള കേന്ദ്രസഹായം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 10-10-2012-ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും ദേശീയ ജലപാതയുടെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**പത്മ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

77 (3630) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മപുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനായി കേരളം കേന്ദ്ര സർക്കാരിന് കൈമാറിയ പേരുകളടങ്ങിയ പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പട്ടിക എന്നാണ് സമർപ്പിച്ചത് ;

(സി) പട്ടിക കൈമാറുന്നതിന് കേന്ദ്രം നിശ്ചയിച്ചിരുന്ന അന്തിമ തീയതി എന്നായിരുന്നു ;

(ഡി) പത്മപുരസ്കാരങ്ങൾക്ക് പരിഗണിക്കേണ്ടവരുടെ പട്ടിക നൽകുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗരേഖ കൈമാറിയിരുന്നോ ;

(ഇ) പുരസ്കാരങ്ങൾക്ക് പരിഗണിക്കേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നതിന് പ്രത്യേക സമിതി രൂപീകരിക്കാൻ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്ത് ഇങ്ങനെയൊരു സമിതി രൂപീകരിച്ച് അതിനനുസൃതമായാണോ പട്ടിക തയ്യാറാക്കിയത് ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ഇവിടെ പട്ടിക തയ്യാറാക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1(a), 1(b), 1(c) ആയി ചേർത്തിരിക്കുന്നു.*

(ബി) 2012 ഒക്ടോബർ 12-ന് 39 പേരുടെ ലിസ്റ്റും ഒക്ടോബർ 18-ന് മൂന്നുപേരുടെ ലിസ്റ്റും ഡിസംബർ 26-ന് നാലുപേരുടെ ലിസ്റ്റും സമർപ്പിച്ചു.

(സി) കേന്ദ്രം ആദ്യം നിഷ്കർഷിച്ച തീയതി 2012 ഒക്ടോബർ 1-ഉം തുടർന്ന് ദീർഘിപ്പിച്ചു നൽകിയ തീയതി 2012 നവംബർ 20-ഉം ആയിരുന്നു.

(ഡി-ജി) 2013-ലെ പത്മ അവാർഡുകൾക്കായി കേന്ദ്രസർക്കാർമാർഗ്ഗരേഖകൾ നിഷ്കർഷിച്ചിരുന്നു. ശുപാർശ ചെയ്യേണ്ട പേരുകൾ തീരുമാനിക്കാനായി പ്രത്യേക സെർച്ച് കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ശുപാർശ ചെയ്യേണ്ട പേരുകൾ തീരുമാനിക്കുവാനായി ബഹുമാനപ്പെട്ട ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി കൺവീനറും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി എന്നിവർ മെംബർമാരും ചീഫ് സെക്രട്ടറി, സെക്രട്ടറിയായും ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിക്കുകയും 46 പേരുടെ പേരുവിവരങ്ങൾ ഈ വർഷത്തെ പത്മ അവാർഡിനു പരിഗണിക്കുവാൻവേണ്ടി കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും അതനുസരിച്ച് വിശദമായ ശുപാർശ സമർപ്പിക്കുകയും ചെയ്തു.

ഭരണഭാഷ മാതൃഭാഷ

78 (3631) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-ൽ കേരളപ്പിറവി ദിനമായ നവംബർ 1-ന് 6 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമുള്ള 10 വർഷം കൊണ്ട് ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണഭാഷ-മാതൃഭാഷ ആചരണ വർഷത്തിലും ചില മന്ത്രിമാർ പ്രസ്തുത നിർദ്ദേശം ലംഘിച്ച് പല സന്ദർഭങ്ങളിലും സംസ്ഥാനത്തിനകത്തുള്ള വിഷയങ്ങളിൽ സംസ്ഥാനത്തിനകത്തുള്ളവർക്ക് കത്തുകൾ ഇംഗ്ലീഷിൽ അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ 2012 നവംബർ 1 മുതൽ 2013 നവംബർ 1 വരെ ഭരണഭാഷ വർഷമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ പ്രസ്തുത നടപടി ശരിയാണോ എന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും കാര്യാലയങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്ന് അയയ്ക്കുന്ന എല്ലാ കത്തുകളുടെയും മുകളിൽ 'ഭരണഭാഷ-മാതൃഭാഷ' എന്ന വാക്യം പതിക്കണമെന്നും സർക്കാർ ഡയറി, കലണ്ടർ, ലറ്റർപാഡുകൾ തുടങ്ങിയവയിൽ പ്രസ്തുത വാക്യം അച്ചടിക്കണമെന്നും മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ സംസ്ഥാന മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരുടെ കാര്യാലയങ്ങൾ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള ഉത്തരവ് പല വകുപ്പുകളിലും പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(എച്ച്) കഴിയുന്നത്ര വേഗത്തിൽ കോടതി നടപടിക്രമങ്ങളും ഉത്തരവുകളും സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ മലയാള ഭാഷയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2002-ൽ കേരളപ്പിറവി ദിനമായ നവംബർ 1-നുശേഷം 5 സർക്കാർ വകുപ്പുകളിലും (ഔഷധനിയന്ത്രണം, സ്റ്റോഴ്സ് പർച്ചേസ്, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും, ശാസ്ത്ര സാങ്കേതികം, പൊതുഭരണ വകുപ്പ്) 30 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖല-സഹകരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ചില ജില്ലകളിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) എറണാകുളം, കാസറഗോഡ്, പത്തനംതിട്ട ജില്ലകളിൽ ജില്ലാതല അവലോകനയോഗം നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. എറണാകുളം, പത്തനംതിട്ട ജില്ലകളിൽ ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു.

(എച്ച്) കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാരശകൾ ഹൈക്കോടതിയുമായി ആലോചിച്ച് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മറ്റും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മലയാളത്തിലേക്ക് തർജിമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേക്ക് തർജിമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987-ൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ച നിയമ ശബ്ദാവലി ഔദ്യോഗികഭാഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി നിയമ (ഔദ്യോഗികഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പ് എന്ന പേരിൽ സ.ഉ. (കയ്യെഴുത്ത്) നം. 78/2012/നിയമം- തീയതി 2-3-2012 പ്രകാരം ഒരു പുതിയ വകുപ്പ് നിയമവകുപ്പിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

79 (3632) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എപ്പോഴാണ് രൂപവൽക്കരിച്ചത് ; ഇതിന്റെ ഘടന എങ്ങനെയാണ് ; വ്യക്തമാക്കുമോ ;

(സി) സെൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചെയർമാൻ, കൺവീനർ, അംഗങ്ങൾ എന്നിവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിന്റെ 15-10-2011-ലെ സ.ഉ. (സാധാ) 3619/2011/ആ.കു.വ. നമ്പർ ഉത്തരവ് എന്തിനുവേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്.

വിശദീകരണക്കുറിപ്പ്

1. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ട്രേറ്റിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലിൽ ഇതുസംബന്ധിച്ച് പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവഹിക്കുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടറുടെ തസ്തിക താൽക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ചുകൊണ്ട് 8-7-2011-ലെ സ.ഉ. (എംഎസ്) നം.250/2011/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ചികിൽസാ ആശ്വാസനടപടികളുടെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിലവിൽ വഹിക്കുന്നത് മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവ്പ്രകാരം നിയമനം ലഭിച്ച ഡെപ്യൂട്ടി കളക്ടർ (സ്പെഷ്യൽ സെൽ ഫോർ റിഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ്) ആണ്.

2. കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിൽസാ ആശ്വാസ നടപടികൾ നൽകുന്നതിലേക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാകളക്ടർ കൺവീനറായും ഉള്ള എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ 2007 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിലെ എം.പി./എം.എൽ.എ.-മാർ രക്ഷാധികാരികളായ സെല്ലിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ജില്ലയിലെ 11 എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും പി.എച്ച്.സി/സി.എച്ച്.സി.-യിലെ മെഡിക്കൽ ഓഫീസർ കൺവീനറും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ്തല സമിതികളും വിവിധ വകുപ്പുകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ഉപസമിതികളും പ്രസ്തുത സെല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി&ഇ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായിട്ടാണ് 15-10-2011-ലെ സർക്കാർ. (സാധാ) നം.3619/11/ആ.കു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ബഹുമാനപ്പെട്ട കൃഷിമന്ത്രി ചെയർമാനും, ജില്ലാകളക്ടർ

LIBRARY ARCHIVES Kerala Legislative Assembly

കൺവീനറും വിവിധതലങ്ങളിലുള്ള 49 പേർ അംഗങ്ങളായുള്ള ജില്ലാതല സെൽ ആണ് മേൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ചില അവ്യക്തതകൾ ഉള്ളതിനാൽ സെല്ലിന്റെ രൂപഘടനയിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർ ശുപാർശ നടത്തിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ബി.എം.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കുന്നതിനും നടപടി**

**80 (3633)** ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർലമെന്റ് പാസാക്കിയ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 പ്രകാരം കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി.) രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ബി.എം.സി-യുടെ യോഗങ്ങൾ യഥാവിധി നടക്കുന്നുണ്ടോ ;

(സി) ഇതുവരെയും ബി.എം.സി. രൂപീകരിക്കാത്ത പഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റികൾ ഏതൊക്കെയാണ് ;

(ഡി) ബി.എം.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ ;

(ഇ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ജൈവ വൈവിധ്യ രജിസ്റ്റർ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രതിവർഷം ഒരു പരിസ്ഥിതി സംരക്ഷണ പദ്ധതിയെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ ;

(ജി) കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) യോഗങ്ങൾ യഥാസമയം കൂടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ബി.എം.സി. രൂപീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ബി.എം.സി.-കൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാസർഗോഡ് ജില്ലയിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ള പഞ്ചായത്തുകൾ ചുവടെചേർക്കുന്നു :

1. നീലേശ്വരം
2. പീലിക്കോട്
3. കിനാനൂർ കരിന്തളം
4. കയ്യൂർ ചീമേനി
5. ചെങ്കല
6. മധൂര
7. ചെറുവത്തൂർ
8. ഉദുമ
9. ചെമ്മനാട്
10. പള്ളിക്കര
11. മുളിയാർ
12. ബെന്തടുക്ക
13. കുട്ടിക്കോൽ
14. അജാനൂർ
15. കല്ലാർ
16. വെസ്റ്റ് എളേരി
17. പനത്തടി
18. മീഞ്ച
19. എൻമകജേ
20. വലിയപ്പറമ്പ്
21. ബേലൂർ
22. പുല്ലൂർ പെരിയ
23. കുമ്പള
24. മഞ്ചേശ്വരം
25. കാറഡ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രാഥമിക പരിസ്ഥിതി സംരക്ഷണം അതാത് ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) 2011-12 സാമ്പത്തിക വർഷത്തിൽ 180.00 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 225.00 ലക്ഷം രൂപയുമാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബജറ്റ് വിഹിതമായി അനുവദിച്ചത്.

**റോഡ്-റെയിൽ-വ്യോമ-ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ഒരു ഹബ്ബ്**

81 (3634) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും റോഡ്-റെയിൽ-വ്യോമ-ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ഒരു ഹബ്ബ് ഉണ്ടാക്കുന്നത് പരിഗണനയിലുണ്ടോ ; എങ്കിൽ അത് എവിടെയാണെന്നും, അതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അറിയിക്കുമോ ;

(ബി) പ്രസ്തുത ഹബ്ബ് മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ ?

**ഉത്തരം**

(എ&ബി) ഉണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിനോട് ആകാശ, റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗത, കടൽ മാർഗ്ഗേന യാത്രാസൗകര്യം നൽകുന്ന ഒരു മൾട്ടി മോഡൽ ഗതാഗത ഹബ്ബ് ഒരുക്കാനുള്ള നിർദ്ദേശം എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ സമർപ്പിച്ചിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ നവീകരണം ഈ പദ്ധതിയുടെ ഭാഗമാണ്. ഈ സൗകര്യം യാത്രക്കാരുടെയും, ചരക്കിന്റെയും നീക്കം കൂടുതൽ വേഗത്തിലും അനായാസമാക്കുകയും അനുബന്ധ പ്രവൃത്തികളെ പ്രോൽസാഹിപ്പിക്കുകയും എയർപോർട്ടിന്റെയും ചുറ്റുമുള്ള പ്രദേശത്തിന്റെയും വികസനത്തിന് ഹേതുവാകുകയും ചെയ്യും. കോട്ടയം ജില്ലയിൽ കോടിമതയിൽ റോഡ്-റെയിൽ-ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ആധുനിക രീതിയിൽ ഒരു മൊബിലിറ്റി ഹബ്ബ് ഏർപ്പെടുത്താനുള്ള മറ്റൊരു നിർദ്ദേശവും നിലവിലുണ്ട്. ഈ മൊബിലിറ്റി ഹബ്ബിൽ കെ.എസ്.ആർ.ടി.സി., പ്രൈവറ്റ്, ടൂറിസ്റ്റ് ബസ്സുകൾക്കുള്ള ടെർമിനലുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, കാൾ സെന്ററുകൾ, റസ്റ്റ് റൂം, ക്ലോക്ക് റൂം, ടൂറിസ്റ്റ് ടാക്സി ടെർമിനൽ, ഓട്ടോറിക്ഷാ ടെർമിനൽ, പോലീസ് സ്റ്റേഷൻ, മറ്റ് സർക്കാർ ഇതര ആവശ്യ ഓഫീസുകൾ, കോടിമത ബോട്ട്ജെട്ടിയിലേക്കുള്ള കണക്ടിവിറ്റിയും ടൂറിസ്റ്റ് ബോട്ട് ജെട്ടികളും റെയിൽവേയുടെ ഭാവിവികസന പദ്ധതിയിൽപ്പെടുന്ന രണ്ടാം ടെർമിനലിലേക്കുള്ള യാത്രാസൗകര്യങ്ങളും ജലനിർഗ്ഗമന സംരക്ഷണ സംവിധാനങ്ങൾ, റിംഗ് റോഡുകൾ ഭൂവുടമകൾക്കുള്ള പുനരധിവാസം തുടങ്ങിയവ ഈ മൊബിലിറ്റി ഹബ്ബിൽ ഉൾപ്പെടും.



LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ എറണാകുളം ജില്ലയിലെ വൈറ്റില മൊബിലിറ്റി ഹബ്ബിനോട് ജലഗതാഗതം, മെട്രോ റെയിൽ എന്നീ സംവിധാനങ്ങൾകൂടി ബന്ധിപ്പിച്ചുകൊണ്ട് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനവും പരിഗണനയിലുണ്ട്. ഇതിനുംപുറമെ, കോഴിക്കോടും വ്യോമഗതാഗതം, ജലഗതാഗതം, മോണോറെയിൽ കെ.എസ്.ആർ.ടി.സി. എന്നിവ ബന്ധപ്പെടുത്തി മൊബിലിറ്റി ഹബ്ബ് തുടങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്.

**മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ**

82 (3635) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് നടപ്പുവർഷം എത്ര പേർ അർഹത നേടിയിട്ടുണ്ട് എന്നും ആരെല്ലാമെന്നും വെളിപ്പെടുത്തുമോ ;

(സി) അച്ചടക്ക നടപടികൾക്ക് വിധേയരായവർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയെന്നും അറിയിക്കുമോ ;

(ഡി) ഒന്നിൽ കൂടുതൽ തവണ അച്ചടക്ക നടപടികൾക്ക് വിധേയരായവർ പോലീസ് മെഡലിന് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ മെഡൽ തിരിച്ചുവാങ്ങാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1 പോലീസ് ഡിപ്പാർട്ടുമെന്റിൽ കുറഞ്ഞത് 10 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.

2 നിലവിൽ ഇൻക്രിമെന്റ് ബാർ, സെൻഷ്വർ, വിജിലൻസ് കേസ്, നിലവിൽ ഡിപ്പാർട്ടുമെന്റിന്റെ ശിക്ഷാനടപടികൾ അഭിമുഖീകരിക്കുന്നവർ എന്നിവരെ മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് ശുപാർശ ചെയ്യുവാൻ പാടുള്ളതല്ല.

3 മെഡൽ ലഭ്യമായവരിൽ ആരെങ്കിലും പിന്നീട് കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ മെഡൽ തിരികെ കണ്ടുകെട്ടുന്നതാണ്.

4 അതാത് ജില്ലാ പോലീസ് മേധാവികളുടെ ശുപാർശകൾ റേഞ്ച് ഐജി. മുഖേനയാണ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയയ്ക്കുന്നത്. കൂടാതെ ബറ്റാലിയനിലെ ശുപാർശകൾ എ.ഡി.ജി.പി. എ.പി. ബറ്റാലിയൻ മുഖേനയും അയക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5 സേവന പുസ്തകം, പേഴ്സണൽ ഫയൽ മുതലായവരുടെ വിശദമായ പരിശോധന നടത്തിയതിനുശേഷം എ.ഡി.ജി.പി.മാർ, ഐ.ജി. മാർ ഇവരടങ്ങുന്ന കമ്മിറ്റിയിലാണ് സർക്കാരിലേക്ക് അയയ്ക്കുന്ന ശുപാർശകൾ തീരുമാനിക്കുന്നത്.

6 നിലവിൽ ഡിവൈ.എസ്.പി. റാങ്ക് വരെയുള്ളവർക്കാണ് മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ നൽകുന്നത്.

7 ജി.എസ്.ഇ. അപ്രീസിയേഷൻ, കമൻഡേഷൻ സർട്ടിഫിക്കറ്റ്, ക്യാഷ് റിവാർഡ് ഇവയ്ക്ക് മെഡലിനുവേണ്ടി ശുപാർശ ചെയ്യുന്നതിൽ വളരെ പ്രാധാന്യമുണ്ട്.

8 എല്ലാ വർഷവും ജനുവരി 26-ന് മെഡൽ പ്രഖ്യാപിക്കുകയും ആഗസ്റ്റ് 15-ന് മെഡൽ വിതരണം ചെയ്യുകയും ചെയ്യും.

9 ഓരോ റേഞ്ചിനും സ്പെഷ്യൽ യൂണിറ്റുകൾക്കും എത്ര പേരെ നിർദ്ദേശിക്കാം എന്നതിന് പരിധിയുണ്ട്.

10 ഒരു വർഷം പരമാവധി 200 പേർക്കാണ് മെഡൽ നൽകുന്നത്.

11 സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ശുപാർശയോടുകൂടി ലഭിക്കുന്ന മെഡൽ ലിസ്റ്റ് ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി എന്നിവരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചശേഷമാണ് പോലീസ് മെഡൽ നൽകപ്പെടുന്നത്.

(ബി) നടപ്പുവർഷം 115 പേർക്കാണ് മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ പ്രഖ്യാപിച്ചിട്ടുള്ളത്. (സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.)*

(സി) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 7-2-2013-ൽ നൽകിയ കത്തുപ്രകാരം ശ്രീ. ആർ. ജയശങ്കർ, സീനിയർ സി.പി.ഒ. (ഗ്രേഡ്) 9962, തിരുവനന്തപുരം സിറ്റി അച്ചടക്ക നടപടിക്ക് വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളതിനാൽ ടിയാനെ മെഡൽ പട്ടികയിൽനിന്നും ഒഴിവാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുറ്റക്കാരാണെന്ന് തെളിയുന്നപക്ഷം മെഡൽ തിരികെ വാങ്ങുന്നതാണ്.

## പെരുവണ്ണാമൂഴിയിൽ സി.ആർ.പി.എഫ്. ക്യാമ്പ് ആരംഭിക്കുന്നതിനുള്ള നടപടി

83 (3636) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന സി.ആർ.പി.എഫ്. ക്യാമ്പിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) സി.ആർ.പി.എഫ്. ക്യാമ്പിന് എത്ര ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ജലസേചനവകുപ്പിൽനിന്നും ക്യാമ്പിനാവശ്യമായ ഭൂമി കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പെരുവണ്ണാമൂഴിയിൽ സി.ആർ.പി.എഫ്. കേന്ദ്രം ആരംഭിക്കുന്നതിനായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഭൂമിയുടെ കമ്പോളവില സംബന്ധിച്ചുള്ള റിപ്പോർട്ട് ഉൾപ്പെടെയുള്ള വ്യക്തമായ ഭൂമി പതിവ് നിർദ്ദേശം കോഴിക്കോട് ജില്ലാ കളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എഴുതി തള്ളുന്നതിന് നടപടി

84 (T.3637) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുകയും തിരിച്ചടവിനുമുമ്പ് വായ്പ എടുത്ത ആൾ മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അനാഥമാകുന്ന കുടുംബത്തിന്റെ ബാദ്ധ്യത മുഴുവൻ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ പരിഗണനയിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകളിൽ ബി.പി.എൽ. കുടുംബം, പരമ്പരാഗത രംഗത്ത് ജോലി ചെയ്യുന്നവർ, കർഷകർ എന്നിവരുടെ അപേക്ഷയിന്മേൽ അടിയന്തര തീരുമാനം എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) നിലവിലെ സാഹചര്യത്തിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## തിരിച്ചറിയൽ കാർഡുകൾ

85 (3638) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ തിരിച്ചറിയൽ കാർഡും എൻ.പി.ആർ. തിരിച്ചറിയൽ കാർഡും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എൻ.പി.ആർ.-ൽ ഉള്ളതിൽ കൂടുതലായി എന്തൊക്കെ വിവരങ്ങളാണ് ആധാർ കാർഡിൽ ഉൾകൊള്ളിച്ചിട്ടുള്ളത്;

(സി) ആധാറിൽ ഉള്ള അത്രയും വിവരങ്ങൾ എൻ.പി.ആർ.-ൽ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് എൻ.പി.ആർ.-ഉം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) ആധാർ 12 അക്ക ഏകീകൃത തിരിച്ചറിയൽ നമ്പറും എൻ.പി.ആർ. പൗരത്വ രേഖയുമാണ്. എന്നാൽ ആധാർ എൻറോൾമെന്റ് സെന്റർ വഴിയും എൻ.പി.ആർ. വഴിയും വിവരശേഖരണത്തിലൂടെ ലഭിക്കുന്നത് ഒരു 12 അക്ക ഏകീകൃത തിരിച്ചറിയൽ സംഖ്യയാണ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള സെൻസസ് ഡയറക്ടറാണ് ദേശീയ ജനസംഖ്യ റജിസ്റ്റർ (NPR) തയ്യാറാക്കുന്നത് എങ്കിൽ യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇൻഡ്യ (UIDAI) യാണ് ആധാർ പദ്ധതി നടപ്പാക്കുന്നത്. NPR 5 വയസ്സിനുമുകളിൽ ഉള്ളവർക്ക് നിർബന്ധമാണെങ്കിൽ ആധാർ ഇതുവരെ നിർബന്ധമാക്കിയിട്ടില്ല.

(ബി) കൂടുതലായി ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) ആധാർ/എൻ.പി.ആർ. വിവരശേഖരണത്തിലൂടെ ലഭിക്കുന്നത് 12 അക്ക ആധാർ നമ്പർ ആയതിനാൽ ഇതുസംബന്ധിച്ച് പ്രത്യേക നിർദ്ദേശം ഒന്നും നൽകേണ്ടതായിട്ടില്ല.

## ആധാർ കാർഡ് തിരിച്ചറിയൽ രേഖയാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

86 (3639) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് പദ്ധതി കേരളത്തിൽ നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഇതുവരെ കേരളത്തിൽ എത്ര ലക്ഷം പേരാണ് ആധാർ കാർഡ് എടുത്തിട്ടുള്ളത്;

(സി) ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) ആധാർ കാർഡ് സംസ്ഥാനത്ത് എന്തെങ്കിലും കാര്യങ്ങൾക്കുള്ള ഔദ്യോഗിക തിരിച്ചറിയൽ രേഖയായി അംഗീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തിനൊക്കെയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ആധാർ കാർഡ് ഔദ്യോഗികരേഖയല്ലെന്നും കീറിക്കളഞ്ഞാൽ പോലും കുഴപ്പമില്ലെന്നുമുള്ള കേന്ദ്ര ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) കേരള സർക്കാരിന്റെ ഇക്കാര്യത്തിലുള്ള ഔദ്യോഗിക നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 275 ലക്ഷം പേരുടെ വിവരശേഖരണം നടന്നതിൽ 14-2-2013 വരെ 2,18,09,287 പേർക്ക് ആധാർ നമ്പർ ലഭ്യമായിട്ടുണ്ട്.

(സി) ആധാർ പദ്ധതിക്കായി നാളിതുവരെ കേന്ദ്രസർക്കാർ 54,91,62160 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ പദ്ധതിയായതിനാൽ സംസ്ഥാന സർക്കാർ ഇതിനായി തുക ഒന്നുംതന്നെ ചെലവഴിക്കുന്നില്ല.

(ഡി&ഇ) ഉണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷനും റെയിൽവേയും ആധാർ ഒരു ഔദ്യോഗിക തിരിച്ചറിയൽ രേഖയായി പരിഗണിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

**ആധാർ കാർഡ് നിർബന്ധമായ സേവനങ്ങൾ**

87 (3640) ശ്രീമതി പി. അയിഷാപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ആധാർ സംബന്ധമായി പൊതുജനങ്ങളിൽ ഉണ്ടായിട്ടുള്ള സംശയങ്ങൾ നിവാരണം നടത്തുന്നതിന് സർക്കാർ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതുവരെ ആധാർ കാർഡ് എടുക്കാൻ സാധിക്കാതെ പോയവർക്ക് (പ്രവാസികൾ, സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർ ഉൾപ്പെടെ) ആധാർ കാർഡ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) സർക്കാർ ആനുകൂല്യം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന Direct Benefit Transfer Scheme എന്ന കേന്ദ്ര സർക്കാർ പദ്ധതി നടപ്പാക്കുന്ന പത്തനംതിട്ട, വയനാട് ജില്ലകളിൽ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴിയാണ് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ജനനീ സുരക്ഷ യോജന പ്രകാരമുള്ള സാമ്പത്തിക സഹായം എന്നിവ വിതരണം ചെയ്യാൻ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ആധാർ നിർബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുജനങ്ങൾക്ക് സംശയ നിവാരണത്തിനായി ഐ.ടി. മിഷനിൽ ടോൾഫ്രീ നമ്പർ സംവിധാനം ഉൾപ്പെടെ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മതിയായ തിരിച്ചറിയൽ രേഖയുണ്ടെങ്കിൽ ഏതൊരു ഇൻഡ്യൻ പൗരനും ഇൻഡ്യയിൽ എവിടെനിന്നും ആധാർ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പ്രവാസികൾക്കും മറ്റും സംസ്ഥാനത്ത് എത്തുമ്പോൾ ആധാർ രജിസ്ട്രേഷനുള്ള സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

### ഗ്യാസ് പൈപ്പ് ലൈനിന് ഭൂമി നൽകിയ വ്യക്തിക്ക് നഷ്ടപരിഹാരം

88 (3641) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

'ഗെയിൽ' ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ?

ഉത്തരം

ഗെയിൽ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 20 മീറ്റർ വീതിയിൽ സ്ഥലത്തിന്റെ ഉപയോഗാവകാശം ഏറ്റെടുക്കേണ്ടതുണ്ട്. 1962-ലെ പെട്രോളിയം ധാതു-പൈപ്പ്ലൈൻ ആക്ട് ഖണ്ഡം 3 (1) അനുസരിച്ച് ഇതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അനുസരിച്ച് ഭൂമിയുടെ മാർക്കറ്റ് വിലയുടെ 10% ആണ് ഉപയോഗാവകാശം ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചുനൽകാവുന്നത്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് 10 മീറ്റർ വീതിയിൽ മാത്രം ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുവാൻ ഗെയിൽ സമ്മതിച്ചിട്ടുണ്ട്. ആയതിന് ഇപ്പോൾ നിലവിലുള്ള ഫെയർവാല്യുവിന്റെ (ന്യായവില) മൂന്നിരട്ടിയായി ഭൂമിയുടെ മാർക്കറ്റ് വില നിശ്ചയിക്കാനും, സ്ഥിരമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനോ വലിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനോ അനുവദിക്കാത്തതിനാൽ ടി വിലയുടെ 10% ഭൂമിയുടെ ഉപയോഗാവകാശത്തിന് നഷ്ടപരിഹാരമായി നൽകാനും ഉത്തരവായിട്ടുണ്ട്.

### എക്സൈസ് വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങൾ

89 (3642) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ നവീകരണ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചു ;

(സി) എത്ര തുകയുടെ ടോർച്ച് ലൈറ്റ് വാങ്ങിയിട്ടുണ്ട് ; ഇവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമായിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ടോർച്ച് ലൈറ്റുകൾ ഏതു കമ്പനിയുടേതാണ് ;

(ഇ) ടോർച്ച് ലൈറ്റ് പർച്ചേസ് കമ്മിറ്റിയിൽ ആരൊക്കെയുണ്ടെന്ന് വിശദമാക്കാമോ ;

(എഫ്) വില, കമ്പനിയുടെ പേര് എന്നിവ രേഖപ്പെടുത്താത്ത എത്ര തുകയുടെ എന്തൊക്കെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ; വാങ്ങിയ സാധനങ്ങളുടെ ക്വട്ടേഷൻ വിവരങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന്, 1-6-2011 മുതൽ 31-12-2012 വരെ, എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി, താഴെപ്പറയും പ്രകാരം, ആകെ 3,46,18,757 രൂപ ചെലവഴിച്ചിട്ടുണ്ട്. 1-6-2011 മുതൽ 31-3-2012 വരെ - 2,71,08,869 രൂപ, 1-4-2012 മുതൽ 31-12-2012 വരെ 75,09,888 രൂപ

(സി) ആകെ 16,46,100 രൂപ ചെലവഴിച്ചാണ് ടോർച്ച്ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം, ആകെ 5 ടോർച്ചുകൾക്കൊഴികെ മറ്റുള്ളവയുടെ പ്രവർത്തനക്ഷമതയ്ക്ക് തകരാർ സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തകരാർ വന്നതായി റിപ്പോർട്ട് ചെയ്ത മേൽ 5 ടോർച്ചുകളും വാറന്റി പ്രകാരം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ഡി) ശ്രീശക്തി ഇൻഡസ്ട്രിയൽസ്, 225/91, 7th Main Road, Prakash Nagar, Bangalore – 560 021 എന്ന കമ്പനിയിൽ നിന്നാണ് പ്രസ്തുത ടോർച്ച്ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്.

(ഇ) അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) ചെയർമാനും ഫിനാൻസ് ആഫീസർ (എക്സൈസ്) കൺവീനറും ജോയിന്റ് എക്സൈസ് കമ്മീഷണർ (ലാ), അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (ലാ) എന്നിവർ അംഗങ്ങളുമായ വകുപ്പിലെ പർച്ചേസ് കമ്മിറ്റിയാണ് ടോർച്ച്ലൈറ്റ് പർച്ചേസ് നടപടികൾ കൈക്കൊണ്ടത്.

(എഫ്) വില, കമ്പനിയുടെ പേര് എന്നിവ രേഖപ്പെടുത്താത്ത ആകെ 31,71,471 രൂപയുടെ ഉപകരണങ്ങൾ താഴെപ്പറയുംപ്രകാരം വാങ്ങിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | റിഫ്ളക്ടീവ് ജാക്കറ്റ് | - | 3,91,192 രൂപ |
| 2 | സെർച്ച്ലൈറ്റ് (ടോർച്ച്) | - | 16,46,100 രൂപ |
| 3 | ഹാൻഡ്കഫ് | - | 6,72,642 രൂപ |
| 4 | ഹെൽമറ്റ് | - | 4,61,537 രൂപ |

LIBRARY ARCHIVES Kerala Legislative Assembly

ബ്രാന്റോ ബ്രാന്റുകളോ കാണിച്ച് ടെണ്ടർ വിളിക്കുന്നത്, സ്റ്റോർ പർച്ചേസ് മാന്വലിന്, ആയതിന്റെ പാര 24 (ബി) (IV) പ്രകാരം വിരുദ്ധമാണ്. 29-1-2012-ലെ 12/എ2/2010/എസ്.പി.ഡി. നമ്പർ സർക്കാർ സർക്കുലർ അടിസ്ഥാനപ്പെടുത്തിയാണ് മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈക്കൊണ്ടത്. ആയതിലെ ക്വട്ടേഷൻ വിവരങ്ങൾ, അനുബന്ധമായി ചേർത്തിരിക്കുന്നു.*

## എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണ വിഭാഗം

90 (3643) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണ വിഭാഗത്തിന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് എത്ര സ്പിരിറ്റ്-കഞ്ചാവ് കടത്തുകൾ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എക്സൈസ് വകുപ്പിലെ രഹസ്യാന്വേഷണവിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ, രഹസ്യവിവരങ്ങൾ കൈകാര്യം ചെയ്യുന്നതിന് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുതിയ സ്ക്വാഡുകൾ രൂപീകരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പുതിയ സംവിധാനം നിലവിൽ വന്നപ്പോൾ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത സംവിധാനം രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനത്തെ നിർജ്ജീവമാക്കില്ലേ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, വിവിധ കേസുകളിലായി, 38785.500 ലിറ്റർ സ്പിരിറ്റും 599.863 കിലോ കഞ്ചാവും പിടികൂടിയിട്ടുണ്ട്.

(ബി) തൃപ്തികരമാണ്.

(സി) അബ്കാരി കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് യഥാസമയം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഫീൽഡ് യൂണിറ്റുകളെ സഹായിക്കുവാനും, എക്സൈസ് കമ്മീഷണർക്ക് നേരിട്ട് കിട്ടുന്ന രഹസ്യ വിവരങ്ങളിന്മേൽ കാര്യക്ഷമമായി നടപടി എടുക്കുന്നതിനും വേണ്ടിയാണ്, എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പുതിയ സ്ക്വാഡുകൾ രൂപീകരിച്ചത്.

(ഡി) ഇല്ല.

(ഇ) ഇല്ല. പുതിയ സ്ക്വാഡിന്റെ രൂപീകരണത്തോടെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനവും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനവും കൂടുതൽ ഊർജ്ജസ്വലമായിട്ടുണ്ട്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

## സമഗ്ര മദ്യനയത്തിനായി ഏകാംഗ കമ്മീഷൻ

91 (3644) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബാബു. എം. പാലിശ്ശേരി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര മദ്യനയം സംബന്ധിച്ചു മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് ഏകാംഗ കമ്മീഷനെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്താണെന്ന് വിശദമാക്കുമോ ;

(ബി) സമഗ്ര മദ്യനയം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് കമ്മീഷനെ നിയോഗിക്കാൻ തീരുമാനിച്ച ദിവസംതന്നെ ത്രീ-സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ പുന:പരിശോധിക്കുമെന്ന പ്രഖ്യാപനം മുഖ്യമന്ത്രി നടത്തിയതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രഖ്യാപനം ബാർ നടത്തിപ്പുകാരുടെ സമ്മർദ്ദത്തിന് ഇടയാക്കുമെന്നറിയാമോ ;

(ഡി) ത്രീ-സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ പൂർണ്ണമായും എടുത്തുകളയാൻ വ്യവസ്ഥകൾ വേണമെന്ന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) ഉണ്ട്. 23-1-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ 12/2013/നി.വ. പ്രകാരം ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ, WA No.470/2012 dated 27-7-2012-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിലാണ്, സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ ഏകാംഗ കമ്മീഷനെ നിയമിച്ചത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ, SLP (C) Nos. 26241-26243/12 dated 19-9-2012 ഇടക്കാല ഉത്തരവിൻ പ്രകാരം മൂന്ന് നക്ഷത്ര പദവിയുള്ള ചില ഹോട്ടലുകൾക്ക് പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കേണ്ടിവന്ന സാഹചര്യത്തിൽ, പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ച കേസുകൾ, മേൽപ്പറഞ്ഞ ഏകാംഗ കമ്മീഷന്റെ ശുപാർശകൾ കണക്കിലെടുത്ത് പുന:പരിശോധിക്കുമെന്ന നിബന്ധനക്ക് വിധേയമായാണ്; പ്രസ്തുത ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പരാമർശത്തിലുള്ള പ്രഖ്യാപനം നടത്തിയിട്ടുള്ളത്.

(സി) ബാധകമല്ല.

(ഡി) ഇല്ല. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മദ്യഉപഭോഗം

92 (3645) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) മദ്യോപഭോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് എക്സൈസ് വകുപ്പിന് പൊതുജനങ്ങളിൽനിന്ന് സഹകരണം ലഭിക്കുന്നുണ്ടോ ;

(സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി ഈ ദിശയിലേയ്ക്കുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്. മദ്യത്തിൽനിന്നുള്ള വരുമാനം ഒരു മുഖ്യവരുമാന സ്രോതസ്സായി കാണാതെ, ബോധവൽക്കരണത്തിലൂന്നി, ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽനിന്നും 15 ലിറ്ററായി കുറച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറയ്ക്കുകയും, ബാർ ലൈസൻസുകൾ നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. മദ്യ/ലഹരി വിപത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) മദ്യോപഭോഗം കുറച്ചുകൊണ്ടുവരുന്നതിനായി, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, തെരുവ്നാടകങ്ങൾ, ജാഥകൾ, റാലികൾ, കൂട്ടഓട്ടം എന്നിവ നടത്തിവരുന്നു. ഇക്കാര്യത്തിൽ, പൊതുജനങ്ങളിൽനിന്ന് നല്ല സഹകരണമാണ് ലഭിച്ചുവരുന്നത്.

(സി) ത്വരിതപ്പെടുത്തുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച കേരളത്തിന്റെ "വികസനവും കരുതലും" എന്ന ലക്ഷ്യത്തിലേക്കുള്ള "സപ്തധാര" പദ്ധതികളിലെ "നിർഭയ" പദ്ധതിയിൽ, "മദ്യാസക്തിക്കെതിരെ വിപുലമായ പ്രചാരണം നടത്തും" എന്ന പദ്ധതിയുടെ ഭാഗമായി, മദ്യാസക്തിക്കും മയക്കുമരുന്നിനുമെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

## സ്പിരിറ്റ്, വ്യാജമദ്യവേട്ട, മദ്യവർജ്ജന നയം

93 (3646) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) വ്യാജമദ്യകേസ്സുകൾ കാര്യക്ഷമമായി നടത്തുവാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും എക്സൈസ് ഇൻസ്പെക്ടർമാരെ നിയമിക്കുമോ ;

(ഡി) വ്യാജമദ്യവേട്ട നടത്തുന്നതിനോടൊപ്പം മദ്യവർജ്ജനനയം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ, 2011, 2012, 2013 എന്നീ വർഷങ്ങളിൽ, എക്സൈസ് വകുപ്പിന് ഉണ്ടായിട്ടുള്ള പുരോഗതി പട്ടികയായി ചുവടെച്ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം | സ്പിരിറ്റ് (ലിറ്ററിൽ) | വ്യാജമദ്യം (ലിറ്ററിൽ) |
|---|---|---|---|
| 2011 | 9947 | 16832 | 65817.28 |
| 2012 | 14296 | 36902.5 | 45361.32 |
| 2013 (നാളിതു വരെ) | 1411 | 7900 | 1588.69 |

(ബി) വ്യാജമദ്യകേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി, അബ്കാരി കേസ്സുകളുടെ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കി, ഫാസ്റ്റ്ട്രാക് കോടതിയിലും, പ്രത്യേക അബ്കാരി കോടതികളിലും ചാർജ്ജ്ഷീറ്റ് സമർപ്പിച്ചുവരുന്നു.

(സി) തിരുവനന്തപുരം ജില്ലയിലെ മൈനൽ ചെക്ക്പോസ്റ്റായ മുഴിയിൽ തോട്ടം ചെക്ക് പോസ്റ്റ് ഒഴികെ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും എക്സൈസ് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്.

(ഡി) വ്യാജമദ്യവേട്ട നടത്തുന്നതിനോടൊപ്പം, മദ്യവർജ്ജനനയം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിന്റെ ഫലമായി, എക്സൈസ് വകുപ്പിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഒരു ബോധവൽക്കരണ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണത്തിലൂന്നിയുള്ള ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റ് കടത്ത്**

94 (3647) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റ് കടത്ത് നടക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012-ൽ അനധികൃതമായി സ്പിരിറ്റ് കടത്തിയ ലോറികളിൽ എത്ര എണ്ണം പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട് ;

(സി) ചെക്ക് പോസ്റ്റുകളിലൂടെ എക്സൈസുകാരുടെ ഒത്താശയോടു കൂടിയുള്ള സ്പിരിറ്റ് കടത്തുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുതടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-ൽ അനധികൃതമായി സ്പിരിറ്റ് കടത്തിയ 8 ലോറികൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകളിലെ ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും മൂന്ന് മാസത്തിലൊരിക്കൽ പുതിയ ഉദ്യോഗസ്ഥരെ വിന്യസിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, സ്പിരിറ്റ് കടത്തിന് ഒത്താശ ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**അബ്കാരി കേസ്സുകളിൽ പിടിച്ചെടുത്ത വാഹനങ്ങൾ**

**95 (3648)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി കേസുകളിൽ പോലീസ്, എക്സൈസ് വകുപ്പുകൾ ഇതുവരെ പിടിച്ചെടുത്തതും കേസ് പൂർത്തിയാക്കാത്തതിനാൽ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്നതുമായ വാഹനങ്ങളുടെ എണ്ണം വ്യക്തമാക്കാമോ ;

(ബി) പിടിച്ചെടുത്തതും കണ്ടുകെട്ടാൻ സൂക്ഷിച്ചിരുന്നതുമായ എത്ര വാഹനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാണാതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം കേസുമായി ബന്ധപ്പെട്ടവ ആണെന്നും ഏതെല്ലാം മോഡൽ ആണെന്നും വ്യക്തമാക്കാമോ ;

(ഡി) കാണാതായതിന് ശേഷം അന്വേഷണത്തിൽ തിരികെ കിട്ടിയ വാഹനങ്ങളെത്ര ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1070 വാഹനങ്ങൾ.

(ബി) പിടിച്ചെടുത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ ഒന്നും കാണാതായിട്ടില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

**രജിസ്റ്റർ ചെയ്തിട്ടുള്ള അബ്കാരി കേസുകൾ**

**96 (3649) ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;**

**(ബി) പ്രസ്തുത കേസുകളിൽ എത്ര കേസുകൾ തീർപ്പായെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ?**

**ഉത്തരം**

**(എ) ഈ സർക്കാർ അധികാരമേറ്റശേഷം 22056 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**

| ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2310 |
| കൊല്ലം | 2517 |
| പത്തനംതിട്ട | 968 |
| ആലപ്പുഴ | 1927 |
| കോട്ടയം | 1360 |
| എറണാകുളം | 2284 |
| ഇടുക്കി | 913 |
| തൃശ്ശൂർ | 1655 |
| പാലക്കാട് | 1651 |
| മലപ്പുറം | 1684 |
| കോഴിക്കോട് | 1477 |
| വയനാട് | 808 |
| കണ്ണൂർ | 1529 |
| കാസർഗോഡ് | 973 |
| ആകെ | 22056 |

**(ബി) 11,098 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 701 കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട്.**

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വ്യാജച്ചാരായ വേട്ട

97 (3650) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വ്യാജച്ചാരായവേട്ട നടന്നു ;

(ബി) ആയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വ്യാജച്ചാരായ വേട്ടകളിലൂടെ എത്ര ലിറ്റർ വ്യാജച്ചാരായം/ മദ്യമാണ് പിടിച്ചെടുത്തത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ, 21992 വ്യാജച്ചാരായവേട്ട നടന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 195 |
| കൊല്ലം | 68 |
| പത്തനംതിട്ട | 56 |
| ആലപ്പുഴ | 121 |
| കോട്ടയം | 11 |
| ഇടുക്കി | 27 |
| എറണാകുളം | 16 |
| തൃശ്ശൂർ | 21 |
| പാലക്കാട് | 83 |
| മലപ്പുറം | 113 |
| കോഴിക്കോട് | 2184 |
| വയനാട് | 42 |
| കണ്ണൂർ | 11512 |
| കാസർഗോഡ് | 7543 |

(സി) 9305.935 ലിറ്റർ വ്യാജച്ചാരായമാണ് പിടിച്ചെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

## എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ളതായ റിപ്പോർട്ട്

98 (3651) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പിലെ ചില ഉദ്യോഗസ്ഥർക്ക് സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ളതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം ശരിവയ്ക്കുന്ന എന്തെങ്കിലും ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ, എത്ര ഉദ്യോഗസ്ഥർക്ക് സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി&ഡി) സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ളതായി കണ്ടെത്തിയ 5 ഉദ്യോഗസ്ഥരെ, അന്വേഷണ വിധേയമായി, സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## വ്യാജ മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകൾ

99 (3652) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വ്യാജമദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് 2012-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) വ്യാജമദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട് 2012-ൽ ആകെ 1050 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 109 |
| കൊല്ലം | 36 |
| പത്തനംതിട്ട | 52 |
| ആലപ്പുഴ | 127 |
| കോട്ടയം | 7 |
| എറണാകുളം | 28 |
| ഇടുക്കി | 26 |
| തൃശ്ശൂർ | 26 |
| പാലക്കാട് | 130 |
| മലപ്പുറം | 62 |
| കോഴിക്കോട് | 142 |
| വയനാട് | 51 |
| കണ്ണൂർ | 103 |
| കാസർഗോഡ് | 151 |
| ആകെ | 1050 |

## പുതിയ ബാറുകൾക്ക് ലൈസൻസ്

100 (3653) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയ ബാറുകൾ അനുവദിക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, സംസ്ഥാനത്ത് 151 പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 15 |
| കൊല്ലം | 9 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 13 |
| കോട്ടയം | 12 |
| ഇടുക്കി | 3 |
| തൃശ്ശൂർ | 20 |
| പാലക്കാട് | 10 |
| എറണാകുളം | 37 |
| മലപ്പുറം | 8 |
| കോഴിക്കോട് | 10 |
| വയനാട് | 2 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 3 |

(ബി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും ബാറുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുമായി, 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് 9-2-2011 മുതൽ നിർത്താലക്കുകയുണ്ടായി. കൂടാതെ, നിലവിൽ ബാർ ലൈസൻസുള്ള ഹോട്ടലിൽനിന്നും, പഞ്ചായത്ത് പരിധിയിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഒരു കിലോമീറ്ററും കുറയാത്ത അകലത്തിലുള്ള ഹോട്ടലുകൾക്ക് മാത്രമേ പുതിയ ബാർ ലൈസൻസ് നൽകുകയുള്ളൂ എന്ന നിയമഭേദഗതിയും വരുത്തുകയുണ്ടായി. പ്രസ്തുത നിയമഭേദഗതി, ബഹുമാനപ്പെട്ട ഹൈക്കോടതി, 27-7-2012-ൽ റദ്ദ് ചെയ്യുകയുണ്ടായി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി.(സി)-യിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ എത്തിയ കോടതിയലക്ഷ്യ കേസുകളിലുള്ള, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചത്.

## പുതിയ ബാറുകൾക്ക് ലൈസൻസ്

101 (3654) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകി ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത ബാറുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 56.

(ബി) ജില്ലതിരിച്ചുള്ള കണക്ക്, അനുബന്ധമായി ചേർക്കുന്നു.*

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

102 (3655) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാർ എത്രയെന്ന് അറിയിക്കുമോ ;

(ബി) കെ.എസ്.ബി.സി. യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി തുടരുന്നതിന് ഓരോ വർഷവും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കാതെ അനധികൃതമായി കെ.എസ്.ബി.സി.യിൽ തുടരുന്ന ജീവനക്കാർ നിലവിലുണ്ടോ ; എങ്കിൽ എത്ര പേർ ; ഇപ്രകാരം അനധികൃതമായി തുടരാൻ ഇടയാക്കിയ സാഹചര്യം എന്താണ് ; ഇതിന്റെ വെളിച്ചത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ഡി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ഒരു മാസമായിട്ടും മാതൃവകുപ്പിൽനിന്ന് എൻ.ഒ.സി. ലഭിക്കാത്തവരെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.എസ്.ബി.സി.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവരിൽ അഞ്ചുവർഷത്തിലധികമായി ഓഫീസുകളിലും ഓഡിറ്റ് വകുപ്പുകളിലും തുടരുന്നവരിൽ നാളിതുവരെ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യാത്ത പുരുഷ ജീവനക്കാരെ റീട്ടെയിൽ ഔട്ട്ലെറ്റുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) കെ.എസ്.ബി.സി.യിൽ പുതുതായി 548 ക്ലാർക്കുമാർക്കു നിയമനം നൽകാൻ പദ്ധതിയുണ്ടോ ; എങ്കിൽ ഓഫീസുകളിലും ഓഡിറ്റിലുമായി അഞ്ചുവർഷകാലത്തിലധികമായി ജോലിയിൽ തുടരുന്നവരെ പുതിയ നിയമനത്തിന് ആനുപാതികമായി മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ജി) ഇപ്രകാരം ചെയ്യുന്നതിലൂടെ എത്ര തുകയുടെ അധിക ചെലവ് കുറയ്ക്കാൻ കഴിയും ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) 1025 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു.

(ബി) ഉണ്ട്.

(സി) വിടുതൽ ചെയ്യാൻ ഉത്തരവുണ്ടായിട്ടും, പകരം ജീവനക്കാരെ ലഭിക്കാത്തതിനാൽ, 11 പേർ ഇപ്പോഴും ബിവറേജസ് കോർപ്പറേഷനിൽ തുടർന്നുവരുന്നുണ്ട്. കൂടാതെ, കേരള വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ 4 പേർ, ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇപ്പോഴും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരുന്നു. ചില ജീവനക്കാരുടെ എൻ.ഒ.സി. മാതൃവകുപ്പിൽനിന്നും ലഭിക്കാതിരുന്നപ്പോൾ, കോർപ്പറേഷൻ വീണ്ടും എൻ.ഒ.സി.ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകാതെ വരുകയാണെങ്കിൽ, അവരെ തിരിച്ചയക്കുന്നതാണ്.

(ഡി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ഒരു മാസമായിട്ടും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കാത്തവരെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തരനടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിക്കെടുക്കുന്ന ജീവനക്കാരെ, അവരുടെ വിദ്യാഭ്യാസ യോഗ്യതയും, തൊഴിൽ പ്രാവിണ്യവും കോർപ്പറേഷന്റെ ആവശ്യകതയും അനുസരിച്ചാണ്, ഹെഡ് ഓഫീസിലോ, ഓഡിറ്റിലോ, വെയർഹൗസിലോ, റീട്ടെയിൽ ഔട്ട്ലെറ്റുകളിലോ നിയമിക്കുന്നത്.

(എഫ്) 514 എൽ.ഡി.ക്ലാർക്ക്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 513 പേർക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഇതിൽ 150 പേർക്ക് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു. ശേഷിക്കുന്നവർക്ക് ഉടനടി നിയമന ഉത്തരവ് നൽകുന്നതാണ്. സ്ഥിരനിയമനം മുഖേന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അവരുടെ ഡെപ്യൂട്ടേഷൻ സീനിയോരിറ്റി അനുസരിച്ച് മാതൃവകുപ്പുകളിലേക്ക് തിരിച്ചയക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിലവിൽ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 1025 പേരുടെ ശരാശരി ശമ്പളം 18,556 രൂപയാണ്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഒരു എൽഡിക്ലാർക്കിന്റെ ശമ്പളം 14,086 രൂപയായി കണക്കാക്കിയാൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു ജീവനക്കാരനുപകരമായി ഒരു എൽ.ഡി.സി.യെ നിയമിച്ചാൽ ഏകദേശം 4,470 രൂപ ഒരു മാസം ബിവറേജസ് കോർപ്പറേഷന് ലാഭിക്കാൻ കഴിയും. ഇപ്രകാരം 513 എൽ.ഡി.ക്ലാർക്കുമാരെ നിയമിക്കുന്നതുവഴി, കോർപ്പറേഷന് പ്രതിമാസം 22,93,110 രൂപയുടെ അധികച്ചെലവ് കുറയ്ക്കുവാൻ കഴിയും.

## വിഴിഞ്ഞം തുറമുഖ പദ്ധതി

103 (3656) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പ്രവർത്തനത്തിന്റെ പുരോഗതി ചുവടെ ചേർക്കുന്നു :

1 വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി. പഠന റിപ്പോർട്ട് ഉടനെ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2 പദ്ധതിയുടെ നിർമ്മാണത്തിന് ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90% ഏറ്റെടുത്തുകഴിഞ്ഞു. വെയർഹൗസിങ്ങിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

3 പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.

4 പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ.പി.സി. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

5 ബാഹ്യ അടിസ്ഥാനസൗകര്യവികസനം.

**വൈദ്യുതി**

വിഴിഞ്ഞം-ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി.ലൈൻ, ബാലരാമപുരം-കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി.ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**ശുദ്ധജലവിതരണ പദ്ധതി**

പൂർത്തിയായിവരുന്നു.

**റോഡ്**

600 മീറ്റർ നീളമുള്ള റോഡിന്റെ 530 മീറ്റർ പൂർത്തിയായി. ബാക്കിയുള്ള ദൂരം പരിസരവാസികളുടെ എതിർപ്പുമൂലം തൽക്കാലം നിർത്തിവച്ചിരിക്കുന്നു. പദ്ധതിപ്രദേശത്തെ എൻ.എച്ച്.ബൈപ്പാസ്സുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് എൻ.എച്ച്.എ.ഐ.-യുടെ അനുമതി ലഭിക്കേണ്ടതുണ്ട്.

**റെയിൽ**

പദ്ധതിപ്രദേശത്തേയ്ക്കുള്ള റെയിൽനിർമ്മാണം ഇൻഡ്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തലസ്ഥാനത്ത് പുതുതായി അനുവദിച്ച മോണോ റെയിലിന്റെ നിർദ്ദിഷ്ട പാത, തുറമുഖ പദ്ധതിയുടെ മുൻ നിശ്ചയിച്ചിരുന്ന പാതയുമായി കൂട്ടിമുട്ടുന്നതിനാൽ, ആർ.വി.എൻ.എൽ. (റെയിൽ വികാസ് നിഗം ലിമിറ്റഡ്) മോണോ റെയിൽ പദ്ധതിയെ ബന്ധിക്കാതെ തറനിരപ്പിൽ കൂടിയുള്ള ഒരു പുതിയ പാത കണ്ടെത്തി പഠിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് പഠനം നടത്തുകയും വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് റെയിൽവേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാരിസ്ഥിതിക അനുമതി ലഭിച്ചാൽ ഉടൻ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും തുടർന്ന് 3 വർഷംകൊണ്ട് തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

**പൂവാർ അന്താരാഷ്ട്ര കപ്പൽ നിർമ്മാണശാല**

104 (3657) <u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂവാർ അന്താരാഷ്ട്ര കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) കപ്പൽ നിർമ്മാണശാല പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് 10-1-2013-ൽ ചേർന്ന തുറമുഖ വകുപ്പിന്റെ യോഗത്തിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് ;

(സി) പൂവാർ അന്താരാഷ്ട്ര കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്ത് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽനിർമ്മാണശാല സ്ഥാപിക്കുന്നതിനുവേണ്ടി സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കപ്പൽ നിർമ്മാണശാലയ്ക്കനുയോജ്യമായ സ്ഥലങ്ങൾ കൊച്ചിൻ ഷിപ്പ്യാർഡിന്റെ പഠനറിപ്പോർട്ട് പ്രകാരം മുൻഗണനാക്രമത്തിൽ വിഴിഞ്ഞം, പൂവാർ, അഴീക്കൽ എന്നിങ്ങനെയാണ്. പൂവാറിൽ അന്താരാഷ്ട്ര കപ്പൽ നിർമ്മാണശാല ആരംഭിക്കുന്നതിന് ഭാരിച്ച ചെലവ് വേണ്ടിവരും. ഈ ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരുന്ന സാഹചര്യത്തിൽ വിശദമായി പരിശോധിച്ചുവരുന്നു.

## നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് സി.എൽ.ആർ. തസ്തികയിൽ സ്ഥിര നിയമനം

105 (3658) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ഇപ്പോൾ സി.എൽ.ആർ. തസ്തികയിൽ സ്ഥിരനിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത തസ്തികയിൽ 30 വർഷത്തിനു മുകളിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തി നിയമനം നൽകുമോ ;

(ഡി) വിവിധ ആരോഗ്യപ്രശ്നങ്ങളാൽ പ്രസ്തുത തസ്തികയിൽ കഴിഞ്ഞ 30 വർഷത്തിനു മുകളിൽ ജോലി ചെയ്തുവരുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) നീണ്ടകര മൽസ്യബന്ധന തുറമുഖത്ത് ജോലി ചെയ്യുന്ന സി.എൽ.ആർ. ജീവനക്കാർക്കായി പ്രത്യേകം സീനിയോറിറ്റി ലിസ്റ്റില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സി.എൽ.ആർ. തസ്തികയിൽനിന്നും സ്ഥിര നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്.

(ബി) ടി ലിസ്റ്റിൽനിന്നും 23 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) G.O.(P) No.6/90/PW&T. dated, 20-1-1990 പ്രകാരമുള്ള ലിസ്റ്റിൽനിന്നും 19-5-1983-നും 1-4-1987-നും ഇടയിൽ 500 ദിവസം ഹാജർ രേഖപ്പെടുത്തിയിട്ടുള്ളവരെ എസ്.എൽ.ആർ.-തസ്തികയിൽ നിയമിക്കുകയും തുടർന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ എസ്റ്റാബ്ലിഷ്മെന്റിലേക്ക് നിയമിച്ച് സ്ഥിരപ്പെടുത്തുകയും ചെയ്തുവരുന്നു.

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനവും ബോണസ്സും നൽകാറുണ്ട്. വിവിധ ആരോഗ്യ പ്രശ്നങ്ങളാൽ 30 വർഷത്തിനുമുകളിൽ ജോലി ചെയ്തു വരുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

### വൈപ്പിൻ മണ്ഡലത്തിലെ ഫിഷിംഗ് ഹാർബറുകളിൽ ശുദ്ധജലം ലഭ്യമാക്കൽ

106 (3659) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ഫിഷിംഗ് ഹാർബറുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) രാജ്യത്ത് വൻതോതിൽ വിദേശനാണ്യം നേടിത്തരുന്ന മത്സ്യബന്ധന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപ്പുവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

#### ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള ഒരേ ഒരു ഫിഷിംഗ് ഹാർബറായ മുനമ്പം ഫിഷിംഗ് ഹാർബർ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ അധീനതയിലാണ്. സൊസൈറ്റി ഹാർബറിലേക്ക് കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സാങ്കേതികവും പ്രായോഗികവുമായ കാര്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്.

### മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

107 (3660) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസും ഭരണാനുമതിയും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

#### ഉത്തരം

(എ) വിശദമാക്കാം. മഞ്ചേശ്വരത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ CWPRS മാതൃകാപഠനം നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തുകയും KCZMA-യിൽ നിന്നും CRZ Clearance ലഭ്യമാക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് 75% കേന്ദ്ര സഹായപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് 19-12-2012-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ടി പ്രവൃത്തിക്ക് 20-9-2012-ൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 12-2-2013-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന കേന്ദ്ര കൃഷിവകുപ്പിന്റെ പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി, 4890 ലക്ഷം രൂപയുടെ ടി പ്രോജക്ടിന് 75% കേന്ദ്രസഹായ പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

108 (3661) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ?

### ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു :

1 ഏഴോം പഞ്ചായത്തിലെ കോട്ടക്കീൽ മൽസ്യബന്ധന കേന്ദ്രം റോഡിന്റെ നവീകരണ പ്രവൃത്തിക്ക് 54 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവൃത്തിക്ക് 62 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

2 പട്ടുവം പഞ്ചായത്തിലെ അരിയിൽ ധർമ്മക്കിണർ മുള്ളൂൽ റോഡിന്റെ നവീകരണ പ്രവൃത്തിക്ക് 49 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തിക്ക് കരാർവച്ച് പണി പുരോഗമിച്ചു വരുന്നു.

3 മൂന്ന് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കല്ല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് ശ്രീ. മുത്തപ്പൻ ക്ഷേത്രം ഇരിണാവ് പാലം റോഡിന്റെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു.

4 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഏഴോം ഗ്രാമ പഞ്ചായത്തിലെ കോട്ടക്കീൽ മൽസ്യബന്ധന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

## ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണിക്കായുള്ള പദ്ധതികൾക്ക് കേന്ദ്രാനുമതി

109 (3662) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ അറ്റകുറ്റപ്പണിക്കായി സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എന്നാണ് അനുമതി ലഭ്യമായത് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുമതി ലഭിച്ചതിന് ശേഷം ഓരോ തുറമുഖത്തിനുവേണ്ടിയും ചെലവഴിച്ച തുകയും നടത്തിയ പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ ;

(സി) എല്ലാ മെയിന്റനൻസ് ജോലികളും പൂർത്തിയായ എത്ര തുറമുഖങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ശേഷിക്കുന്നവയുടെ ജോലികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൂർത്തീകരിച്ച മൽസ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിൽ (NFDB) നിന്ന് 2706.49 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | മൽസ്യബന്ധന തുറമുഖത്തിന്റെ പേര് | കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായ ഭരണാനുമതിയും തുകയും |
|---|---|---|
| 1 | പുതിയാപ്പ മൽസ്യബന്ധന തുറമുഖം | NFDB/CMF/4FHJ-936/2009 (KER)/8974 തീയതി 29-12-2009-280 ലക്ഷം |
| 2 | കായംകുളം മൽസ്യബന്ധന തുറമുഖം | NFDB/CMF/4/FHJ-939/2009 (KER)/9572 തീയതി 4-2-2010-259 ലക്ഷം |
| 3 | തങ്കശ്ശേരി മൽസ്യബന്ധന തുറമുഖം | NFDB/CMF-FH&LC/M-1/2009-1020/11571 തീയതി 25-8-2010-254.50 ലക്ഷം |
| 4 | നീണ്ടകര & ശക്തികുളങ്ങര മൽസ്യബന്ധന തുറമുഖം | NFDB/CMF-FH&LC/M-3/2010-2011/11670 തീയതി 14-9-2010-1003 ലക്ഷം |
| 5 | ചോമ്പാൽ മൽസ്യബന്ധന തുറമുഖം | NFDB/CMF-/FH&LC/M-5/2009-2010 തീയതി 6-9-2011-336 ലക്ഷം |
| 6 | മുനമ്പം മൽസ്യബന്ധന തുറമുഖം | NFDB/CMF-/FH&LC/2796/2009-2010 തീയതി 10-8-2011-136.82 ലക്ഷം |
| 7 | തോട്ടപ്പള്ളി മൽസ്യബന്ധന തുറമുഖം | NFDB/Infra/FLC/26/2012 തീയതി 8-7-2012-138 ലക്ഷം |
| 8 | ബേപ്പൂർ മൽസ്യബന്ധന തുറമുഖം | NFDB/Infra/22/2011 തീയതി 8-7-2012 299.17 ലക്ഷം |

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുമതി ലഭിച്ചതിനുശേഷം ഓരോ തുറമുഖത്തിനുവേണ്ടി ചെലവഴിച്ച തുകയും നടത്തിയ പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

**1 പുതിയാപ്പ മൽസ്യബന്ധന തുറമുഖം**

പ്രസ്തുത മൽസ്യബന്ധന തുറമുഖ നവീകരണത്തിന്റെ ഭാഗമായി NFDB ധനസഹായത്തോടെ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയയുടെ നിലവാരം മെച്ചപ്പെടുത്തൽ, ജലവിതരണസംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. നാളിതുവരെ 208.45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**2 കായംകുളം മൽസ്യബന്ധന തുറമുഖം**

ടി മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ഓടയുടെ നിർമ്മാണം, ലോഡിംഗ് ഏരിയ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് എന്നിവ പൂർത്തീകരിച്ചു. നെറ്റ്മെൻഡിംഗ് യാർഡ്, ആക്ഷൻ ഹാൾ നവീകരണം, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നാളിതുവരെ 108.44 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**3 തങ്കശ്ശേരി മൽസ്യബന്ധന തുറമുഖം**

NFDB ധനസഹായത്തോടെയുള്ള തങ്കശ്ശേരി മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 229.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**4 നീണ്ടകര, ശക്തികുളങ്ങര മൽസ്യബന്ധന തുറമുഖം**

പ്രസ്തുത മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തിയിൽ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഐസ് പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നാളിതുവരെ 739.12 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**5 ചോമ്പാൽ മൽസ്യബന്ധന തുറമുഖം**

പ്രസ്തുത മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB ധനസഹായത്തോടെ പാർക്കിംഗ് ഏരിയയുടെ നവീകരണം, കവേർഡ് ഫിഷ്ലോഡിംഗ് ഏരിയയുടെ നിർമ്മാണം, ആന്തരിക റോഡുകളുടെ റീസർഫസിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന പ്രവൃത്തികളായ ടോയ്ലെറ്റ് ബ്ലോക്ക്, ആക്ഷൻ ബ്ലോക്ക് നവീകരണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**6 മുനമ്പം മൽസ്യബന്ധന തുറമുഖം**

NFDB ധനസഹായത്തോടെ നടക്കുന്ന മുനമ്പം മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി ചുറ്റുമതിലുകളുടെ പുനരുദ്ധാരണം ഹാർബർ പരിസരത്തിന്റെയും ലേലപ്പുരയുടെയും നിലവാരമുയർത്തൽ/നവീകരണം എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

7 തോട്ടപ്പള്ളി മൽസ്യബന്ധന തുറമുഖം

തോട്ടപ്പള്ളി മൽസ്യബന്ധനതുറമുഖത്തിന് നവീകരണത്തിന്റെ ഭാഗമായി 265 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എങ്കിലും 138 ലക്ഷം രൂപയുടെ ഭരണാനുമതിയേ എൻഎഫ്ഡിബി-യിൽനിന്നും ലഭ്യമായിട്ടുള്ളൂ. ആയതിനാൽ പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള 265 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് NFDB-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

8 ബേപ്പൂർ മൽസ്യബന്ധന തുറമുഖം

ബേപ്പൂർ മൽസ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB-യിൽനിന്നും 8-7-2012-ൽ 299.17 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയുണ്ടായി. നെറ്റ് മെൻഡിംഗ് ഷെഡ്ഡിന്റെ നിർമ്മാണം, ജലവിതരണസംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം മെച്ചപ്പെടുത്തൽ, ഫിഷ് ലോഡിംഗ് ഏരിയ, വാഹനങ്ങളുടെ പാർക്കിംഗ് ഏരിയയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തങ്കശ്ശേരി തുറമുഖത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. നീണ്ടകര, ശക്തികുളങ്ങര തുറമുഖത്തിന്റെ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ശേഷിക്കുന്നവയുടെ പ്രവൃത്തികൾ താഴെപ്പറയുന്ന തീയതികളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| ക്രമനം | മൽസ്യബന്ധന തുറമുഖങ്ങളുടെ പേര് | പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | പുതിയാപ്പ മത്സ്യബന്ധന തുറമുഖം | 30-6-2013 |
| 2 | കായംകുളം മത്സ്യബന്ധന തുറമുഖം | 31-5-2013 |
| 3 | നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖം | 30-9-2013 |
| 4 | ചോമ്പാൽ മത്സ്യബന്ധന തുറമുഖം | 29-8-2013 |
| 5 | മുനമ്പം മത്സ്യബന്ധന തുറമുഖം | 1-9-2013 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 6 | ബേപ്പൂർ മത്സ്യബന്ധന തുറമുഖം | കേരള സർക്കാരിൽനിന്നും 299.17 ലക്ഷം രൂപയുടെ ഭരണാനുമതി 17-10-2012-ൽ ലഭിച്ചിട്ടുണ്ട്. നെറ്റ് മെൻഡിംഗ് ഷെഡ്, ജലവിതരണ സംവിധാനം, ആക്ഷൻഹാൾ നവീകരണം, Covered Fish Loading Area, Effluent treatment plant നവീകരണം എന്നീ ഘടകങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ ഘടകങ്ങളും ക്രമീകരിച്ച് രണ്ടുവർഷത്തിനുള്ളിൽ ടി മൽസ്യബന്ധന തുറമുഖത്തിൽ ഉൾപ്പെടുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

## ചെറുവത്തൂർ ഫിഷിംഗ് ഹാർബർ

**110 (3663)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പണി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഹാർബർ പണിക്ക് ആവശ്യമായ കരിങ്കൽ ലഭ്യമാക്കുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

2014 ഏപ്രിൽ മാസത്തോടുകൂടി ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹാർബർ നിർമ്മാണത്തിനാവശ്യമായ കരിങ്കൽ ലഭ്യമാക്കുന്നതിന് കാസർഗോഡ് ജില്ലയിലെ ചീമേനി പഞ്ചായത്തിലെ പോത്താംകണ്ടം ക്വാറിയിൽനിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനുള്ള ലൈസൻസ് ജില്ലാ കളക്ടറിൽനിന്നും 29-1-2013-ൽ കരാറുകാരന് ലഭിക്കുകയും ആയത് പ്രകാരം ടി ക്വാറിയിൽനിന്നുള്ള കരിങ്കല്ല് ഉപയോഗിച്ച് പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കുട്ടനാട്ടിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി

111 (3664) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽപ്പെടുത്തി കുട്ടനാട്ടിലെ ഏതെല്ലാം റോഡുകൾക്ക് ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭ്യമാക്കുന്നതിന് കുട്ടനാട്ടിലെ ഏതെല്ലാം റോഡുകൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷ സമർപ്പിച്ച, കുട്ടനാട്ടിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ (2012-13) കുട്ടനാട്ടിലെ താഴെ പറയുന്ന 9 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1 പയറ്റുപാക്ക 24-ൽ ജംഗ്ഷൻ മുതൽ ആറുപറ ആലംബ്രാക്കൽ പുന്നത്താനംവഴി ചക്കാലവരെയുള്ള റോഡ്-53.00 ലക്ഷം രൂപ

2 തലവടി പഞ്ചായത്തിൽ 15-ാം വാർഡിൽ കൊച്ചമ്മനം മുതൽ ലക്ഷംവീട് കോളനി വരെയുള്ള റോഡ്-48.30 ലക്ഷംരൂപ

3 തലവടി പഞ്ചായത്തിൽ 1-ാം വാർഡിൽ അഞ്ചേരിൽ ഭാഗം മുതൽ മാമ്മൂട്ടിൽ ഭാഗം വരെയുള്ള റോഡ്-50.50 ലക്ഷം രൂപ

4 എടത്വാ പഞ്ചായത്തിൽ 6-ാം വാർഡിൽ മാർക്കറ്റ് മുതൽ ഇല്ലിയുട്ട് വരെയുള്ള റോഡ്-20.00 ലക്ഷം രൂപ

5 വായനശാല മുതൽ പള്ളിത്തറകടവ് റോഡ് - നീലംപേരൂർ പഞ്ചായത്ത്-30.45 ലക്ഷം രൂപ

6 പയറ്റുപാക്ക പങ്കിയമ്മ പാലം- കിഴക്കെ അംഗനവാടി റോഡ് (നീലംപേരൂർ പഞ്ചായത്ത്)-39.50 ലക്ഷം രൂപ

7 കൈനടി എ.കെ. ജോൺ സ്മാരക സ്ക്കൂൾ-പനച്ചുവട് ക്ഷേത്രം റോഡ്-14.10 ലക്ഷം രൂപ

8 നാരകത്തറ പി.ഡബ്ല്യു.ഡി. റോഡ് സി.ജി.ആർ.എസ്.പി. സ്ക്കൂൾ-കണിയാന്തറ റോഡ്- നീലംപേരൂർ പഞ്ചായത്ത്-41.00 ലക്ഷം രൂപ

9 ചക്കച്ചംപാക്ക-കൊക്കാംപാടം സിഎസ്ഐചർച്ച് പിഡബ്ല്യുഡി റോഡ്.

(ബി) ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു :

2011-12-ഇല്ല

2012-13

1 മുട്ടേൽ മുതൽ കാനാശ്ശേരി വരെയുള്ള റോഡ്

2 കണ്ണത്തുശ്ശേരി പി.ഡബ്ല്യു.ഡി. റോഡ് മുതൽ മുട്ടേൽ പാലം വരെ ആറിന്റെ തീരത്തുകൂടിയുള്ള റോഡ്

3 എ.സി.റോഡിൽനിന്നും മണലാട്ടി ബോട്ടുജെട്ടി വരെയുള്ള റോഡ്

4 കൈനകരി 9-ാം വാർഡിൽ പഞ്ചായത്ത് മുതൽ ആറ്റുതീരം വഴി തെക്കോട്ട് പാഴൂർ ക്ഷേത്രംവരെയുള്ള റോഡ്

5 തോട്ടുവാത്തല പാലം മുതൽ പടിഞ്ഞാറോട്ട് ആറ്റുതീരം വഴി ഇരുമ്പനം ജെട്ടി വരെ

6 പതിമൂന്നാം വാർഡിൽ തോട്ടുതീരത്തെ റോഡ്

7 തേവർകാടുമുതൽ - വെള്ളാമത്ര റോഡ്

8 പത്താം വാർഡിൽ മൂലേച്ചിറ മുതൽ പടിഞ്ഞാറോട്ട് പുളിക്കൽ പറമ്പുവരെയും അവിടെനിന്നും തെക്കോട്ട് സോമതുരചിറവരെ

9 പന്ത്രണ്ടാം വാർഡ് തോട്ടുവാത്തല ഗ്രന്ഥശാല മുതൽ കൂർഷാശ്ശേരി ദേവീക്ഷേത്രം വരെയുള്ള റോഡ്

10 ബേക്കറി പാലം മുതൽ ആറ്റുതീരം വഴി വടക്കോട്ട് ഉച്ചിക്കാരം വരെ ഓട്ടോ റോഡ്

11 പാലുകാരൻതോട്ടിൽ മൂന്നാം വാർഡ് ആട്ടുകടവ് പാലം മുതൽ തെക്കേക്കരയിൽ കിഴക്കോട്ട് ചാക്കോകുളം വരെ

12 ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ പൊയ്കാരകളം ജംഗ്ഷൻ മുതൽ ആറ്റുതീരം വരെ

13 ഗവൺമെന്റ് എൽ.പി.എസ്. മുതൽ തോട്ടയ്ക്കാടുവരെയുള്ള ഭാഗം പൂർത്തീകരിക്കുന്നതിന്

(സി) 1 വട്ടടി കടവുമുതൽ - വാണിയപുരപടി വരെയുള്ള റോഡ്

2 കിഴക്കേ ചേന്നാങ്കരി റോഡ്

3 മാങ്കോട്ടുചിറ ഫിഷ് ഫാം റോഡ്

4 തകഴി പഞ്ചായത്തില 9-ാം വാർഡിൽ മെതികുളംപാലം മുതൽ ആറ്റുതീരം വരെയുള്ള റോഡ്

LIBRARY ARCHIVES Kerala Legislative Assembly

5 എട്ടാം വാർഡിൽ ചെക്കിടിക്കാട് ജംഗ്ഷൻ മുതൽ ആറ്റുതീരം വരെയുള്ള റോഡ്

6 കൈനകരി പഞ്ചായത്തിലെ ബേക്കറി ജംഗ്ഷൻ മുതൽ കിഴക്കോട്ട് വാലൊടിതറ പൊതുകടവുവരെ

7 തകഴി ഗ്രാമപഞ്ചായത്തിലെ ആറ്റുതീരം ജെട്ടി മുതൽ കിഴക്കോട്ട് കേളമംഗലംമുക്കുവരെ

8 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ ചാപ്പൽപടി മുതൽ കിഴക്കോട്ട് ആറ്റുതീരം വരെ

9 എടത്വാ ഗ്രാമപഞ്ചായത്തിലെ പച്ച ജംഗ്ഷൻ മുതൽ പടിഞ്ഞാറേക്ക് പുതുവൽവരെ

10 മെതിക്കുളം പാലം മുതൽ ആറ്റുതീരം വരെയുള്ള റോഡ്

11 മൺട്രോതുരുത്ത് കൊന്നയിൽകടവ് മുതൽ കണ്ണങ്കാട്ട് റെയിൽവേ പാലം വരെയുള്ള റോഡ്

12 പാട്ടംതുരുത്ത് പോസ്റ്റോഫീസ് ജംഗ്ഷൻ മുതൽ ജില്ലാ ടൂറിസം വിശ്രമകേന്ദ്രം വരെയുള്ള റോഡ്

13 പന്ത്രണ്ടാം വാർഡിൽ അൻപത്തഞ്ചിൽ മുട്ടുമുതൽ രാമങ്കരി കടവുവരെയുള്ള റോഡ്

14 നീലംപേരൂർ പഞ്ചായത്തിൽ കാവാലം വില്ലേജിൽ നാരകാത്ര പി.ഡബ്ല്യു.ഡി. റോഡുമുതൽ നാരകാത്ര ബോട്ട്ജെട്ടി വരെ

15 നെടുമുടി പഞ്ചായത്തിലെ 9-ാം വാർഡിൽ ചമ്പക്കുളം ബി.എസ്.എൻ.എൽ.മുതൽ വൈശ്യഭാഗം വരെയുള്ള റോഡ്

16 ചിറംവേലിൽ സി.എഫ്.തോമസ് പടി മുതൽ മുട്ടാർ സെൻട്രൽ റോഡുവരെ

17 വേലിപ്പറമ്പിൽ ജെട്ടി മുതൽ പടിഞ്ഞാറോട്ട് ചിലവേലിപ്പടി വരെയുള്ള റോഡ്

18 ചമ്പക്കുളം പഞ്ചായത്തിലെ കണ്ടങ്കരി ഹെൽത്ത് സെന്റർ തോടിന് കിഴക്കുവശം സാന്തോംപടി മുതൽ ചെറുപുരക്കൽ വരെ റോഡ്

19 പള്ളിക്കുന്ന് പഞ്ചായത്ത് 11,12 വാർഡിലുൾപ്പെട്ട പൊട്ടുമുപ്പതിൽ പാലം മുതൽ കായൽപ്പുറം അഞ്ചിൽ ജംഗ്ഷൻ വരെ

LIBRARY ARCHIVES Kerala Legislative Assembly

## തീരദേശ മത്സ്യത്തൊഴിലാളി വികസന പാക്കേജ്

112 (3665) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയുടെയും സുസ്ഥിരമായ നിലനില്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഏതെങ്കിലും പ്രത്യേക പാക്കേജ് പദ്ധതി ആലോചനയിലുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(ബി) കേരളത്തിന് സ്വന്തമായി ഒരു പാക്കേജ് ഉണ്ടാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരമൊരു പാക്കേജ് കേന്ദ്രത്തിന് എന്ന് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരദേശ മൽസ്യത്തൊഴിലാളികളുടെയും മൽസ്യമേഖലയുടെയും സുസ്ഥിരമായ നിലനിൽപ്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നു. NFWF സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയുള്ള മാതൃകാ മൽസ്യഗ്രാമം പദ്ധതി, ശൗചാലയങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി, സംയോജിത മൽസ്യഗ്രാമ വികസന പദ്ധതി, നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ, ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും, ഫിഷറീസ് ഹാർബറുകളുടെയും വികസനം, സമഗ്ര കടൽ സുരക്ഷാ പദ്ധതി, തീരമൈത്രി പദ്ധതി എന്നിവ അവയിൽ ചിലതാണ്.

(ബി&സി) കേരളത്തിന് സ്വന്തമായി മൽസ്യമേഖലയുടെ സുസ്ഥിര നിലനിൽപ്പും സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോസ്റ്റൽ റഗുലേഷൻ നിയമം

113 (3666) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സഹായകരമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികൾക്കനുയോജ്യമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തീരപ്രദേശത്തെ മൽസ്യത്തൊഴിലാളി വിഭാഗം, മറ്റ് പ്രാദേശിക സമൂഹം എന്നിവരുടെ ജീവസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും സമുദ്രമേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിലെ പ്രകൃതിക്ഷോഭങ്ങളെ കണക്കിലെടുത്ത് വികസന

പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സി.ആർ.ഇസഡ് വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം IIIA (ii) പ്രകാരം മൽസ്യബന്ധനതൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യതീരദേശ സമൂഹത്തിന് വേലിയേറ്റരേഖയിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/പുനർനിർമ്മിതിയോ ചെയ്യുവാൻ അനുമതി നൽകാവുന്നതാണ്. ഈ നിർമ്മിതി പാരമ്പര്യ തീരദേശ സമൂഹവുമായി ചർച്ച ചെയ്ത് അപൽ പരിപാലന കരുതൽ നടപടികൾ ശുചീകരണ നടപടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിശദമായ പദ്ധതി സംസ്ഥാന/കേന്ദ്രഭരണ പ്രദേശം തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തെ സിഇസഡ്.എം.എ.-യുടെ ശുപാർശയോടുകൂടി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിക്കായി എൻ.സി.ഇസഡ്.എം.എ.-ക്ക് നൽകേണ്ടതുണ്ട്. കൂടാതെ 2011-ലെ വിജ്ഞാപനത്തിൽ കേരളത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് കേരളത്തിലെ കായൽ തുരുത്തുകളിൽ വേലിയേറ്റ രേഖയിൽനിന്നും കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ പ്രദേശം സി.ആർ.ഇസഡ് ആയിരിക്കും. പ്രസ്തുത അൻപതു മീറ്ററുകൾക്കപ്പുറമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായുള്ള വാസസ്ഥലം നിർമ്മിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത അൻപതു മീറ്റർ പ്രദേശത്ത് മൽസ്യബന്ധന ജെട്ടികൾ, മീനുണക്കൽ കളങ്ങൾ,വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗതമായ രീതിയിലുള്ള മൽസ്യ സംസ്ക്കരണ പ്രക്രിയകൾ, ബോട്ടിന്റെ അറ്റകുറ്റ പണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ നടത്താവുന്നതാണ്.

എന്നിരുന്നാലും, കേരളത്തിലെ മൊത്തം സമുദ്ര തീരപ്രദേശത്തും കായൽതീരപ്രദേശത്തും മൽസ്യത്തൊഴിലാളികളുടെയും മറ്റ് പ്രാദേശിക സമൂഹങ്ങളുടെയും പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സി.ആർ.ഇസഡ്. അൻപത് മീറ്ററാക്കി ചുരുക്കുന്നതിനും, കായലോരങ്ങളിലും കായൽ ദ്വീപുകളിലും ചെമ്മീൻ കെട്ടുകളിലും പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥല നിർമ്മാണം വേലിയേറ്റ രേഖയിൽനിന്നും കരഭാഗത്തേക്ക് മീൻ സീ ലെവലിൽനിന്നും 1.5 മീറ്റർ ഉയർന്ന പ്രദേശങ്ങളിൽ 10 മീറ്ററുകൾക്കപ്പുറത്തായി നിർമ്മിക്കുന്നതിന് അനുവദിക്കപ്പെടുന്നതിനും നിലവിലുള്ള പ്ലിന്ത് ഏരിയായിൽ അധികമാകാതുള്ള പുനർനിർമ്മാണം. പുനർചിന്തനം ചെയ്യുന്നതിനും 100M$^2$ പ്ലിന്ത് ഏരിയ പുനർ നിർമ്മാണത്തിന് നിജപ്പെടുത്തുന്നതിനും സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ഇളവ് നൽകുന്ന കാര്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-6-2011-ൽ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിക്ക് കത്തെഴുതുകയും ചെയ്തിട്ടുണ്ട്.

### കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി വകയിരിത്തിയിട്ടുള്ള തുക

114 (3887) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ എന്തൊക്കെ പരിപാടികൾ നടപ്പാക്കാനാണ് നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര തുക എന്തൊക്കെ ഇനത്തിൽ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**തീരദേശ സംരക്ഷണ നിയമ ലംഘനത്തിനെതിരെ നടപടി**

**115 (3668)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകമാനം തീരദേശ സംരക്ഷണ നിയമം ലംഘിക്കപ്പെടുന്ന വാർത്തകൾ ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) തീരദേശത്ത് വൻതോതിൽ ഭൂമി വാങ്ങുന്നതും നിയമം ലംഘിച്ച് നിർമ്മാണപ്രവർത്തനം നടത്തുന്നതും സംബന്ധിച്ച് ഏതെങ്കിലും ജില്ലാ കളക്ടർമാർ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം റിപ്പോർട്ടുകളുടേയോ, പരാതിയുടെയോ, വാർത്തയുടെയോ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആലപ്പുഴയിൽ തീരദേശപരിപാലന നിയമം ലംഘിക്കുന്നതിനെതിരെ നടപടി**

**116 (3669)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ സ്വദേശികളും അന്യ സംസ്ഥാനക്കാരുമായ ടൂറിസം വ്യവസായികൾ ഭൂമി വാങ്ങിക്കൂട്ടുന്നതായും തീരദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കളക്ടർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് എന്നാണ് പൂർത്തീകരിച്ചത് ; ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഭരണാനുമതി**

117 (3670) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിച്ച ഏതെല്ലാം തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) 2012-13 ബഡ്ജറ്റിൽ തീരദേശ റോഡുകളുടെ വികസനത്തിനായി എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത് ; അതിൽ എത്ര തുകയുടെ ഭരണാനുമതി നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട താഴെപ്പറയുന്ന രണ്ട് റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1 തോണ്ടൻകുളങ്ങര വാർഡിലെ ചെമ്പൻതറ കലുങ്കിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡ് - 32.50 ലക്ഷം രൂപ.

2 ഇറവുകാട് വാർഡിലെ ചങ്ങനാശ്ശേരിമുക്കിൽനിന്നും സിദ്ധിക്കിന്റെ കടയുടെ മുൻവശത്തുകൂടിയുള്ള റോഡ് - 30.50 ലക്ഷം രൂപ

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിച്ച അമ്പലപ്പുഴ മണ്ഡലത്തിലെ 5 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു :

1 പുന്നപ്രവാടി ബീച്ച്- പുറക്കാട് ബീച്ച് റോഡ് - 37.07 ലക്ഷം രൂപ

2 ഫിഷ് ലാന്റിംഗ് സെന്റർ - പൂമീൻ പൊഴി റോഡ് - 37.00 ലക്ഷം രൂപ

3 സി.ആർ.പി. ജംഗ്ഷൻ - ചുള്ളിക്കൽ കാർമൽ പോളിടെക്നിക് ടെലികോം എക്സ്ചേഞ്ച് റോഡ് - 32.50 ലക്ഷം രൂപ

4 അമ്മൊാലുംകാവ് - കാക്കാഴം പി.ബി. ജംഗ്ഷൻ റോഡ് - 60.00 ലക്ഷം രൂപ

5 അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ വടക്ക് തിരിഞ്ഞ റോഡ് - 09.30 ലക്ഷം രൂപ

(സി) 2012-13-ലെ ബഡ്ജറ്റിൽ 55 കോടി രൂപ തീരദേശ റോഡുകളുടെ വികസനത്തിനായി നീക്കിവച്ചിട്ടുണ്ട്. 31-1-2012 വരെ 92.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ റോഡുകളുടെ വികസനത്തിന് വളരെയധികം ആവശ്യങ്ങളുള്ളതിനാൽ, ചെലവ്, ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തികൊണ്ട് 25. കോടി രൂപയ്ക്കുകൂടെ ഭരണാനുമതി നൽകാൻ സ്പെഷ്യൽ കേസായി പരിഗണിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

## പരവൂരിൽ മിനിഫിഷ് ലാന്റിംഗ് സെന്റർ

118 (3671) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ മിനിഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് മുന്നോടിയായി നടത്തിയ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചുവോ ;

(സി) ഫിഷ്ലാന്റിംഗ് സെന്റർ പരവൂരിൽ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ ; എത്രയും പെട്ടെന്ന് ആയത് സാദ്ധ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ് നടത്തുന്നതിനായി 26-12-2008-ലെ ജി.ഒ. (ആർ.റ്റി) നം.747/08/F&PD തീയതി പ്രകാരം 12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ മേയ് 2012 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും, പരിസ്ഥിതി പഠനം, മാതൃകാപഠനം എന്നിവയും നടത്തുന്നതിനായി 40 ലക്ഷം രൂപയുടെ പുതുക്കിയ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ടി മൽസ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 3 സീസണുകളിലായി നടക്കുന്ന സർവ്വേ പ്രവൃത്തികളിൽ മൺസൂൺ സീസണും പോസ്റ്റ് മൺസൂൺ സീസണും പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഒരു സീസണിലെ സർവ്വെ കൂടി പൂർത്തീകരിക്കാനുണ്ട്.

(സി) മൽസ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായശേഷം മാതൃകാപഠനവും പരിസ്ഥിതി പഠനവും, CRZ Status-ഉം ലഭ്യമാക്കി പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ഫിഷ് കിയോസ്ക്കുകൾ

119 (3672) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിലുള്ള ഫിഷ് കിയോസ്ക്കുകൾ നാളിതുവരെ ഏതെല്ലാം ജില്ലകളിൽ എത്ര വീതം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി തീരദേശവികസന കോർപ്പറേഷൻ എന്തു തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിലുള്ള ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഇതിനായി തീരദേശ വികസന കോർപ്പറേഷന് തുകയൊന്നും കൈമാറി നല്കിയിട്ടില്ല.

### കടൽ രക്ഷാസേനയിൽ മത്സ്യത്തൊഴിലാളികൾക്ക് നിയമനം

120 (3673) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വത്തിനുള്ള സംവിധാനം കണക്കിലെടുത്ത് കടൽരക്ഷാസേനയിൽ മുങ്ങൽ വിദഗ്ദ്ധരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി നിയമിക്കുന്നതിനും മറൈൻ എൻഫോഴ്സ്മെന്റിൽ നീന്തൽ അറിയാവുന്നവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) ഡിസാസ്റ്റർ റിലീഫിൽ നിന്നും ഫണ്ട് ലഭിക്കത്തക്കവിധം മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് സീ റെസ്ക്യൂ എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം കൊണ്ടുവരാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ രൂപീകരിച്ചിട്ടുള്ള കടൽ സുരക്ഷാ സേനയിൽ മൽസ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട നീന്തൽ പ്രാഗൽഭ്യവും ശാരീരിക ക്ഷമതയും, മാനസിക ശക്തിയും ഉള്ള വ്യക്തികളെയാണ് തെരഞ്ഞെടുത്ത് കടൽ രക്ഷാപ്രവർത്തനത്തിൽ ട്രെയിനിംഗ് നൽകി സുരക്ഷാ സേനാംഗങ്ങളായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ടി അംഗങ്ങൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ (NIWS) നിന്നും കടൽ

രക്ഷാ പ്രവർത്തനം, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം പവർബോട്ട് പ്രവർത്തനം എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നീന്തൽ ടെസ്റ്റ് നടത്തിയശേഷമാണ് ടി വിഭാഗത്തിൽ നിയമനം നൽകുന്നത്.

(ബി) നിലവിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തി ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽനിന്നും ഫണ്ട് ലഭിക്കത്തക്കവിധം "മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് സീ റെസ്ക്യൂ" എന്ന പേരിൽ സ്ഥിരം സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അക്വാകൾച്ചർ നയം

121 (3674) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിനായി കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്നും, എപ്പോഴാണ് ലഭിച്ചതെന്നും വിശദമാക്കുമോ ;

(സി) കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## ഉത്തരം

(എ) കേരളത്തിൽ അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് നയം തയ്യാറാക്കുന്നതിന് ഡോ.എം.എൻ. കുട്ടി അദ്ധ്യക്ഷനായ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു.

(ബി) ഉണ്ട്. 21-1-2013-ൽ

(സി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## ട്രോളിംഗ് നിരോധനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

122 (3675) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത് എന്നാണെന്നും എന്തിനാണെന്നും വ്യക്തമാക്കാമോ ;

(ബി) ട്രോളിംഗ് നിരോധനത്തെ തുടർന്ന് കേരള തീരത്ത് മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(സി) ട്രോളിംഗ് നിരോധനത്തിന് മുൻപും തുടർന്ന് ഓരോ വർഷവും ലഭിച്ച മത്സ്യസമ്പത്ത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1988 മുതലാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി തുടങ്ങിയത്. മൽസ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് മൂലം മൽസ്യസമ്പത്തിനുണ്ടാകുന്ന ദോഷം പരിഹരിക്കുക, പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക, മൽസ്യസമ്പത്ത് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ സംരക്ഷിക്കുക, മൺസൂൺ കാലയളവിൽ പ്രക്ഷുബ്ധമായ കടലിൽ ഉണ്ടാകാനിടയുള്ള അപകടങ്ങൾ ഒഴിവാക്കി മൽസ്യ തൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷിക്കുക, പരമ്പരാഗത മൽസ്യ തൊഴിലാളികളും യന്ത്രവൽകൃത യാനങ്ങളിലെ മൽസ്യതൊഴിലാളികളും തമ്മിൽ ഉണ്ടാകാനിടയുള്ള സംഘർഷങ്ങൾ ഒഴിവാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മൺസൂൺ കാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്.

(ബി) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കിയതിനുശേഷം കടൽ മൽസ്യോൽപ്പാദനത്തിൽ, ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് മുമ്പുള്ളതിനേക്കാൾ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധനത്തിനുമുമ്പും തുടർന്നും ഓരോ വർഷവും ലഭിച്ച മൽസ്യത്തിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**മത്സ്യബന്ധനത്തിനുള്ള ദൂരപരിധി കർശനമാക്കാൻ കേന്ദ്രനിയമം**

123 (3676) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധത്തിനുള്ള ദൂരപരിധി കർശനമാക്കാൻ കേന്ദ്രനിയമം കൊണ്ടുവരുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരദേശത്ത് മത്സ്യസമ്പത്ത് ഗണ്യമായി കുറയുകയാണെന്ന പരാതി നിലനിൽക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് അവരുടെ ജീവിതമാർഗ്ഗത്തെതന്നെ ഇല്ലാതാക്കുന്നതല്ലേ ;

(സി) പ്രസ്തുത നിയമം സമുദ്രാതിർത്തി ലംഘിക്കുന്ന കപ്പലുകളെ നടപടികളിൽനിന്നും സംരക്ഷിക്കുന്നതിനും വൻകിട കപ്പലുകൾക്ക് മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ സൗകര്യം ചെയ്യുന്നതിനുമാണെന്നുമുള്ള ആക്ഷേപം പരിശോധിക്കുമോ ;

(ഡി) പ്രസ്തുത വിഷയങ്ങളെല്ലാം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുമോ ?

ഉത്തരം

(എ) 12 നോട്ടിക്കൽ മൈലിനുശേഷം വരുന്ന കടലിലെ പ്രദേശത്ത് മൽസ്യബന്ധനം നിയന്ത്രിക്കുന്നതിനും, ക്രമീകരിക്കുന്നതിനുമായി മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ 2009 എന്ന പേരിൽ ഒരു ബിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിൽ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിശോധിക്കേണ്ടതാണ്.

(സി) അപ്രകാരമുള്ള വ്യവസ്ഥകൾ പ്രസ്തുത ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമം

124 (3677) ശ്രീമതി ഗീതാഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ ഉല്പന്നവില ലഭിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉൾനാടൻ മൽസ്യസമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി അനധികൃത മൽസ്യബന്ധനം കർശനമായി തടയുന്നതിന് ബാക്ക് വാട്ടർ പട്രോളിംഗ് നടത്തുകയും അനധികൃതമായി പ്രവർത്തിക്കുന്ന ഊന്നി/ചീനവലകൾ നീക്കം ചെയ്യുകയും ചെയ്തുവരുന്നു. തോട്ട, നഞ്ച് തുടങ്ങിയവ ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിൽ മൽസ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സാമൂഹ്യ മൽസ്യകൃഷി പദ്ധതി മൽസ്യ/ചെമ്മീൻ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ഉൾനാടൻ മൽസ്യോൽപ്പാദനം 1.5 ലക്ഷം ടണ്ണിൽനിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് 2012 മുതൽ 2015 വരെയുള്ള കാലയളവിൽ മൽസ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ പൊതു ജലാശയങ്ങളിലെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ഓരോ വർഷവും 21 ലക്ഷം രൂപ ചെലവഴിച്ച് മൽസ്യക്കുഞ്ഞുങ്ങളെ അനുയോജ്യമായ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നുണ്ട്. വെള്ളായണി കായലിലെ മൽസ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി അഡാക്ക് മുഖേന "വെള്ളായണി കായൽ സുസ്ഥിര മൽസ്യോൽപ്പാദനവും മൽസ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി" നടപ്പിലാക്കിവരുന്നു. മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി 'ഫിർമ'യും 'അഡാക്കും' നടപ്പിലാക്കുന്നു.

(ബി) ഉൾനാടൻ മൽസ്യോൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിന് താഴെപ്പറയും പ്രകാരം മൽസ്യ/ആറ്റുകൊഞ്ച് വില പുതുക്കി നിശ്ചയിക്കുകയും പ്രസ്തുത വില 11-5-2010 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

| മൽസ്യ ഇനങ്ങൾ | പുതുക്കിയ വില കി.ഗ്രാം രൂപയിൽ |
|---|---|
| കട്‌ല | 75 |
| രോഹു | 75 |
| മൃഗാൾ | 60 |
| ലേബിയോ | 60 |
| സൈപ്രിനസ് | 60 |
| കരിമീൻ | 150 |
| ആറ്റുകൊഞ്ച് | 300 |
| ഗ്രാസ്കാർപ്പ് | 75 |

**മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

**125 (3678)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് നൽകുന്ന വിവാഹ ധനസഹായം 1500 രൂപയിൽനിന്ന് 50,000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വിവാഹധനസഹായ അപേക്ഷകൾ തീർപ്പാക്കി വിതരണം ചെയ്യാൻ ശേഷിക്കുന്നത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ശേഷിക്കുന്നവ എന്ന് അനുവദിക്കുമെന്ന് അറിയിക്കുമോ ?

**ഉത്തരം**

(എ) മൽസ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി മൽസ്യബോർഡ് സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് വിതരണം ചെയ്തുവരുന്നത്. മൽസ്യബോർഡിന്റെ ഉപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വിവാഹധനസഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

(ബി) മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ മേഖല ആഫീസുകളിൽ 2012 ഡിസംബർ മാസംവരെ ലഭിച്ച എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിച്ച് 3964 പേർക്കായി 59.64 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) 2013 ജനുവരി 1 മുതൽ ഫിഷറീസ് ആഫീസുകളിൽ ലഭിച്ചുവരുന്ന അപേക്ഷകളിൽ മാത്രമേ തീർപ്പ് കൽപ്പിക്കാനുള്ളൂ. ആയത് മാർച്ച് 31-ന് മുമ്പായി തീർപ്പ് കൽപ്പിച്ച് വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

126 (3679) ശ്രീമതി ഗീതാഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരിശോധന നടത്തിയശേഷം സംസ്ഥാനത്ത് കടാശ്വാസ ഇനത്തിൽ എത്ര തുക മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ; അതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദീകരിക്കാമോ ?

### ഉത്തരം

(എ) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തശേഷം വിവിധ ലോൺ കുടിശ്ശികകളിൽ മൽസ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി ഇതുവരെ ആകെ വിനിയോഗിച്ചത് 139.52 കോടി രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമനം | വായ്പ എടുത്ത സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | വായ്പയുടെ തുക/ഇനം |
|---|---|---|---|
| 1 | മൽസ്യഫെഡ് | 9,891 | ഹഡ്കോ ഭവനനിർമ്മാണ വായ്പ 5,91,30,000 |
| 2 | മൽസ്യഫെഡ് | 48,335 | NCDC വായ്പ 13,15,15,914 |
| 3 | മൽസ്യഫെഡ് | 9,452 | NMDFC/NBCFDC 11,78,36,928 |
| 4 | മൽസ്യഫെഡ് /ഫിഷറീസ് വകുപ്പ് | 20,620 | 14,23,39,258 |
| 5 | സഹകരണവകുപ്പ് രജിസ്ട്രാർ | 32,168 | 94,08,17,158 |
| 6 | മൽസ്യഫെഡ് | 440 | NMDFC/NBCFDC വായ്പകൾ 35,95,000 |

(ബി) ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽനിന്ന് വായ്പയെടുത്ത് കടാശ്വാസം ശുപാർശ ചെയ്ത കേസുകളിൽ കടാശ്വാസം അനുവദിച്ചുനൽകുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം

127 (3680) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് ആലപ്പുഴ ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആലപ്പുഴയിൽ എത്ര സിറ്റിംഗ് നടത്തി ; അതുവഴി എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ 123 സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കായി 12,17,13,457 രൂപ സഹകരണ വകുപ്പ് രജിസ്ട്രാർ മുഖാന്തരം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) 14 സിറ്റിംഗുകൾ നടത്തി. 14 സിറ്റിംഗുകളിൽ 4789 പേരെ നേരിൽ കേൾക്കുകയും അതിൽ 1549 പേർക്ക് കടാശ്വാസം ശുപാർശ ചെയ്യുകയും ചെയ്തു. മറ്റുള്ളവരുടെ കാര്യത്തിൽ കൂടുതൽ പരിശോധനകളും രേഖകളും ആവശ്യമായതിനാൽ കടാശ്വാസ അർഹത നിശ്ചയിക്കുന്ന നടപടി കമ്മീഷൻ തുടർന്നുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ

128 (3681) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്കുള്ള മോറട്ടോറിയം നീട്ടുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1 ദേശീയ സമ്പാദ്യ സമാശ്വാസ പദ്ധതി

ടി പദ്ധതിയിൽ അംഗമായി ചേർന്നിട്ടുള്ള കടലോര മേഖലയിലെയും ഉൾനാടൻ മേഖലയിലെയും മൽസ്യത്തൊഴിലാളികളായ ഗുണഭോക്താക്കളിൽ നിന്നും തവണകളായി സമാഹരിക്കുന്ന 600 രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 600 രൂപയും കേന്ദ്ര വിഹിതമായ 600 രൂപയും ചേർന്ന് 1800 രൂപ പഞ്ഞമാസക്കാലത്ത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നു.

2 ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി

ടി പദ്ധതി പ്രകാരം വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ 800 വീടുകൾക്കായി 14 കോടി രൂപ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

3 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് ഉപയോഗിച്ച് നടപ്പിലാക്കുന്ന മാതൃകാ മൽസ്യഗ്രാമ പദ്ധതി

ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ ഉൾപ്പെട്ട 32 മൽസ്യഗ്രാമങ്ങളിൽ 2100 വീടുകൾക്കായി വീടൊന്നിന് 2.50 ലക്ഷം രൂപ നിരക്കിൽ നൽകിയിട്ടുണ്ട്.

4 നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ഈ പദ്ധതി പ്രകാരം തീരദേശ ജില്ലകളിൽ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എൻജിനീയറിംഗ് വകുപ്പ് എന്നിവ മുഖേന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

5 സംയോജിത തീരദേശ വികസന പദ്ധതി

ടി പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് യൂണിറ്റൊന്നിന് 17,500 രൂപ വീതം അനുവദിച്ചുനൽകുന്നു.

6 സംയോജിത മൽസ്യഗ്രാമവികസന പദ്ധതി

ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 25 മൽസ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വ്യക്തിഗത ശൗചാലയം, വൈദ്യുതീകരണം, ലൈബ്രറി സപ്പോർട്ട്, പൊതു ശൗചാലയം, ബയോഗ്യാസ്, ഹൈമാസ്റ്റ് ലൈറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

7 മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

മൽസ്യത്തൊഴിലാളികൾ മൽസ്യഫെഡ് വഴി എടുത്തിട്ടുള്ള ഹഡ്കോ ഭവന വായ്പ, എൻ.സി.ഡി.സി. വായ്പാ കുടിശ്ശിക എന്നിവ സർക്കാർ പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ മൽസ്യഫെഡിൽ നിന്നുള്ള എൻ.ബി.സി.എഫ്.ഡി., എൻ.എം.ഡി.

എഫ്സി. വായ്പകൾ, സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നുമുള്ള വായ്പകളും കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്. കൂടാതെ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മൽസ്യതൊഴിലാളികളുടെ ക്ഷേമത്തിനായി 20 പദ്ധതികളും മൽസ്യഫെഡ് മുഖേനയും ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) മൽസ്യത്തൊഴിലാളികളുടെ കടങ്ങൾക്കുള്ള മൊറട്ടോറിയം 26-12-2012-ലെ സ.ഉ.(കൈ.) നമ്പർ 101/12/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെ നീട്ടി ഉത്തരവായിട്ടുണ്ട്.

**തണൽ പദ്ധതി**

129 (3682) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ?

**ഉത്തരം**

(എ) പരമ്പരാഗത മൽസ്യത്തൊഴിലാളി മേഖലയിലെ, 25000 രൂപയോ അതിൽ കുറവോ വാർഷിക വരുമാനമുള്ളവരായ മൽസ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലത്ത് പ്രതിവർഷം 1350 രൂപയിൽ കുറയാത്ത വരുമാന സഹായം നൽകുക എന്നതാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന തണൽ പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) പഞ്ഞമാസക്കാലത്ത് മൽസ്യത്തൊഴിലാളികൾക്ക് തണൽ പദ്ധതി മുഖേന സാമ്പത്തിക താങ്ങൽ നൽകുന്നു. 60 വയസ്സിൽ കുറവ് പ്രായമുള്ള, കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള സജീവ മൽസ്യത്തൊഴിലാളികൾക്കും അനുബന്ധമൽസ്യത്തൊഴിലാളികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. മൽസ്യത്തൊഴിലാളികൾ ഈ പദ്ധതിയിൽ വിഹിതം അടയ്ക്കേണ്ടതില്ല. 1350 രൂപയിൽ കുറയാത്ത ആനുകൂല്യം ഒറ്റത്തവണയായി ലഭ്യമാക്കും.

(സി) തൊഴിൽവകുപ്പ് മുഖേന നടപ്പിലാക്കുന്ന സാമ്പത്തിക താങ്ങൽ പദ്ധതിയുടെ ഭാഗമായാണ് ഫിഷറീസ് വകുപ്പിൽ തണൽ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) തണൽ പദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

130 (3683) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; വിശദമാക്കാമോ ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ; വിശദമാക്കുമോ ?

### ഉത്തരം

(എ) തീരക്കടലിലെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അഴിമുഖങ്ങളിലും പൊഴിമുഖങ്ങളിലും ചെമ്മീൻ വിത്തുകളും മൽസ്യ കുഞ്ഞുങ്ങളെയും നിക്ഷേപിക്കുന്ന, സീ റാഞ്ചിംഗ് പദ്ധതി, നടപ്പാക്കിവരുന്നു. ഈ പദ്ധതിക്കായി 9 തീരദേശ ജില്ലകളിലായി 50 ലക്ഷം രൂപ 2012-13-ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പുതിയതുറ, കരിംകുളം, പൂവ്വാർ എന്നീ മൽസ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 300-റോളം കൃത്രിമപാരുകൾ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന സീറാഞ്ചിംഗ് പദ്ധതിയിൽ കാര ചെമ്മീൻ, നാരൻ ചെമ്മീൻ, മോത എന്നീയിനങ്ങളിലുള്ള മൽസ്യക്കുഞ്ഞുങ്ങളെ തദ്ദേശ സ്ഥാപന പ്രതിനിധികൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിശ്ചിത പദ്ധതി പ്രദേശങ്ങളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

(സി) മൽസ്യത്തൊഴിലാളികളും തീരദേശ നിവാസികളും കൂടാതെ കടൽ മൽസ്യസമ്പത്ത് ഭക്ഷിക്കുന്ന എല്ലാവർക്കും ഇതുമൂലം ഗുണം ലഭിക്കുന്നു.

## നാടൻ മത്സ്യ ഇനങ്ങളുടെ വംശനാശം

131 (3684) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനയ്ക്കായി ഫിഷറീസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന നാടൻമത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ഇതിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾ എവിടെയെല്ലാമാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാടൻ മൽസ്യ ഇനങ്ങളുടെ വംശവർദ്ധനയ്ക്കായി ഫിർമ (സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി) മുഖേന മൽസ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇരിട്ടിപുഴ, ശാസ്ശാംകോട്ട കായൽ, പെരിയാർ, പമ്പയാർ, ചാലിയാർ, നീലേശ്വരം നദി എന്നിവിടങ്ങളിൽ മൽസ്യസങ്കേതം സ്ഥാപിച്ചിട്ടുണ്ട്. 13-ാം ധനകാര്യകമ്മീഷൻ - കുട്ടനാട് പാക്കേജ് പ്രകാരം കുട്ടനാട് ഏരിയയിൽ 2 മൽസ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാടൻ മൽസ്യഇനങ്ങളായ വരാൽ, മുഷി എന്നിവയുടെ വംശ വർദ്ധനവിനായി ഹാച്ചറി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന നാടൻ മൽസ്യ ഇനങ്ങളെക്കുറിച്ചുള്ള പഠന/ഗവേഷണ പ്രവർത്തനങ്ങൾ ഫിർമയാണ് ഫിഷറീസ് വകുപ്പിൽ നടത്തിവരുന്നത്.

## കായൽ-നദീജല മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

132 (3685) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളിലെയും നദികളിലെയും മത്സ്യസമ്പത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായലുകളിലും നദികളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും, മത്സ്യ നശീകരണ പ്രവണതകളെ ചെറുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായലുകളിലും നദികളിലും മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സാമൂഹ്യ മൽസ്യക്കൃഷി പദ്ധതി എല്ലാ ജില്ലകളിലും മൽസ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കി വരുന്നു. അമിത ചൂഷണവും വിനാശകരമായ മൽസ്യബന്ധന രീതികളെയും നിരുൽസാഹപ്പെടുത്തുന്നതിലേക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ഇത്തരം രീതികൾ തടയുന്നതിന് കായലുകളിൽ പട്രോളിംഗും നടത്തിവരുന്നു. ഇതിനുപുറമെ കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിക്കരുതെന്ന് മൽസ്യത്തൊഴിലാളികൾക്ക് നിർദ്ദേശവും നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യ കയറ്റുമതി മേഖല നേരിടുന്ന പ്രതിസന്ധി

133 (3686) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പലവിധ നികുതികൾ കാരണം മത്സ്യമേഖലയുൾപ്പെടെയുള്ള കയറ്റുമതി മേഖല പ്രതിസന്ധി നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011-12 മുതൽ സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി മേഖലയിൽ വരുമാനം കുറഞ്ഞത് മുൻനിർത്തി പ്രസ്തുത മേഖലയുടെ രക്ഷയ്ക്കായി കൂടുതൽ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം

134 (3687) ശ്രീമതി ഗീതാ ഗോപി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ലഭിക്കുന്നതുപോലെയുള്ള റിട്ടയർമെന്റ് ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രായാധിക്യംമൂലം തൊഴിൽ ചെയ്യാൻ സാധിക്കാത്ത മത്സ്യതൊഴിലാളികളുടെ ഉപജീവനം ഉറപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിരി ക്കുന്നതെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ക്ഷേമനിധിയിലെ ഓരോ അംഗത്തിന്റെയും വിഹിതത്തിലേക്ക് അവർ മൽസ്യബോർഡിലേക്ക് അടച്ചിട്ടുള്ള തുകയും അതോടൊപ്പം അതിന് തുല്യമായ സർക്കാർ വിഹിതവും ചേർത്ത് റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിലേക്ക് ഫിഷറീസ് ഡയറക്ടർ, ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ കാലാനുസൃതമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 60 വയസ്സ് പൂർത്തിയായി മൽസ്യബന്ധനത്തിൽനിന്ന് വിരമിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് പ്രതിമാസം 400 രൂപ വാർദ്ധക്യകാല പെൻഷൻ സർക്കാർ മൽസ്യബോർഡ് മുഖേന നൽകുന്നുണ്ട്. വാർദ്ധക്യകാല പെൻഷൻ 2012 ഡിസംബർ ഉൾപ്പെടെ വിതരണം ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി

135 (3688) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും പഞ്ഞമാസങ്ങളിൽ സൗജന്യ റേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ട്രോളിംഗ് നിരോധന കാലയളവിൽ (ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസം) തൊഴിൽരഹിതരാകുന്ന യന്ത്രവൽകൃത യാനങ്ങളിലെ മൽസ്യ തൊഴിലാളികൾ, ഹാർബറിലെ അനുബന്ധ മൽസ്യത്തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്.

## മത്സ്യത്തൊഴിലാളി മേഖലയിൽ പൊതുശ്മശാനം

136 (3689) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ പലയിടങ്ങളിലും മൃതദേഹങ്ങൾ മറവുചെയ്യാൻ സ്ഥലമില്ലാത്തതിനാൽ കടൽത്തീരങ്ങൾ ഇതിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി മേഖലയിൽ പൊതുശ്മശാനം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാന നിർമ്മാണത്തിനും നവീകരിക്കുന്നതിനും ധനസഹായം നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 5 കോടിരൂപ വകയിരുത്തുകയും ഒരു ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ പൊതുശ്മശാനം മൽസ്യത്തൊഴിലാളി മേഖലയിലുള്ള വർക്കുകൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണവും, സമ്പൂർണ്ണ വൈദ്യുതീകരണവും

137 (3690) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ കുടിവെള്ളവിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി 2012-13-ലെ ബഡ്ജറ്റിൽ നീക്കിവച്ച 50 കോടി രൂപയിൽ നാളിതുവരെ ഏതെല്ലാം മത്സ്യഗ്രാമങ്ങളിൽ എന്തു തുക വീതം ചെലവഴിക്കാൻ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

സംയോജിത മൽസ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മൽസ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, സമ്പൂർണ്ണ വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സപ്പോർട്ട് തുടങ്ങിയ പ്രവർത്തികൾ നടപ്പാക്കുന്നതിനായി 2012-13-ലെ ബഡ്ജറ്റിൽ നീക്കിവച്ച 50 കോടി രൂപയിൽ ഓരോ മൽസ്യഗ്രാമങ്ങളിലും ചെലവഴിക്കാനായി ഭരണാനുമതി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമനമ്പർ | മൽസ്യഗ്രാമങ്ങൾ | അടങ്കൽ തുക(ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | പരുത്തിയൂർ | 200.00 |
| 2 | പുതുക്കുറിച്ചി | 199.99 |
| 3 | പൂന്തുറ | 199.59 |
| 4 | വെട്ടൂർ | 171.50 |
| 5 | വിഴിഞ്ഞം | 200.00 |
| 6 | തങ്കശ്ശേരി | 199.55 |
| 7 | ശക്തികുളങ്ങര | 212.50 |
| 8 | കാട്ടൂർ | 176.22 |
| 9 | പള്ളിത്തോട് | 174.80 |
| 10 | അർത്തുങ്കൽ | 189.98 |
| 11 | പുറക്കാട് | 209.23 |
| 12 | കുമ്പളം | 207.60 |
| 13 | പള്ളിപ്പുറം | 193.05 |

| (1) | (2) | (3) |
|---|---|---|
| 14 | ഉദയംപേരൂർ | 207.00 |
| 15 | വടക്കേക്കര | 194.00 |
| 16 | വെങ്കിടങ്ങ് | 88.00 |
| 17 | എടക്കഴിയൂർ | 135.00 |
| 18 | കടപ്പുറം | 175.00 |
| 19 | അരിയല്ലൂർ | 137.00 |
| 20 | പരവണ്ണ | 143.00 |
| 21 | കൊയിലാണ്ടി | 200.06 |
| 22 | എലത്തൂർ | 217.00 |
| 23 | ചാലിൽ ഗോപാൽപേട്ട | 251.11 |
| 24 | ബംഗര മഞ്ചേശ്വരം | 220.60 |
| 25 | കോട്ടിക്കുളം | 207.00 |
| | ആകെ | 4709.23 |

**എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ**

138 (3691) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടംമൂലം നാശം സംഭവിച്ചാൽ എല്ലാത്തരം ഇൻബോർഡ് വള്ളങ്ങൾക്കും മതിയായ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ലെന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ ;

(ബി) ഇൻഷ്വറൻസ് പരിരക്ഷയും, മതിയായ നഷ്ടപരിഹാരവും നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) നാടൻ യാനങ്ങൾക്കും, യന്ത്രവത്കൃത ബോട്ടുകൾക്കും അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ നൽകാൻ ആലോചിക്കുമോ ?

**ഉത്തരം**

(എ&ബി) ഉണ്ട്. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി പ്രകാരം മൽസ്യഫെഡിന്റെ വിവിധ സ്കീമുകളിൽ നൽകുന്ന ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെ എല്ലാത്തരം മൽസ്യബന്ധന ഉപകരണങ്ങൾക്കും ഗുണഭോക്താവ് 50%, മൽസ്യഫെഡ് 50% എന്ന നിരക്കിൽ പ്രീമിയം നൽകി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മൽസ്യബോർഡിൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാടൻ യാനങ്ങൾക്കും, യന്ത്രവൽകൃതബോട്ടുകൾക്കും അപകടം ഉണ്ടായാൽ രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ സുരക്ഷയ്ക്കായി മത്സ്യബന്ധനവേളയിൽ സുരക്ഷാകിറ്റ് (10 items ഉൾപ്പെടെ) വിതരണം ചെയ്തുവരുന്നു. സുനാമി അടിയന്തര പദ്ധതി/പുനരധിവാസപദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 7262 സുരക്ഷാകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. റേഡിയോ ബീക്കൺ, ലൈഫ് ബോയ്, റഡാർ റിഫ്ളക്ടർ, ഹീലിയോഗ്രാഫ്, ഫിഷിംഗ്-കം എമർജൻസി-ഫ്ളാഷ്-ലൈറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്ക്കറ്റ്, കോംപസ്, ജാക്ക്നൈഫ്, കന്നാസ് എന്നീ ഉപകരണങ്ങളാണ് സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മൽസ്യബന്ധനയാന ഉടമകൾക്ക് എ.ഐ.എസ്. (Automatic Identification System) ജി.പി.എസ്., വി.എച്ച്.എഫ് മറൈൻ റേഡിയോ, എക്കോ സൗണ്ടർ, റേഡിയോ ബീക്കൺ എന്നിവ ഉൾപ്പെടുന്ന സുരക്ഷാ കിറ്റുകൾ കേരള തീരദേശ വികസന കോർപ്പറേഷൻ വഴി "Safety at Sea" പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. Integrated Sea Safety പദ്ധതി പ്രകാരം അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ (VHF മറൈൻ റേഡിയോ, radio beaken, Automatic Identification System, holographic registration plate മുതലായവ) നൽകുന്നതുൾപ്പെടെയുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## മുങ്ങൽ വിദഗ്ദ്ധരായ മത്സ്യത്തൊഴിലാളികൾക്ക് കടൽ രക്ഷാസേനയിൽ നിയമനം

139 (3692) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് മുങ്ങൽ വിദഗ്ദ്ധരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി കടൽ രക്ഷാസേനയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) നാടൻ യാനങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും അപകടം ഉണ്ടായാൽ സഹായം അഭ്യർത്ഥിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാസേനാംഗങ്ങളായി പ്രവർത്തിക്കുന്നവർ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ളവരാണ്. നീന്തൽ പ്രാഗൽഭ്യം തെളിയിക്കുന്നതിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ (NIWS) നിന്നും കടൽ രക്ഷാപ്രവർത്തനം, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, പവർബോട്ട് ഉപയോഗിക്കുന്നത്, എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകിയാണ് സേനാംഗങ്ങളായി നിയോഗിച്ചിട്ടുള്ളത്. ടി അംഗങ്ങളെ ദിവസവേതാനടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി സുനാമി അടിയന്തര സഹായ പദ്ധതി/സുനാമി പുനരധിവാസ പദ്ധതി/പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നീ പദ്ധതികൾ പ്രകാരം ബീക്കൺ, ഹീലിയോഗ്രാഫ്, റഡാർ റിഫ്ളക്ടർ, ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്, വൈറ്റമിൻ ബിസ്ക്കറ്റ്, കോമ്പസ്, ഫസ്റ്റ് എയിഡ് കിറ്റ്, ലൈഫ് ബോയ്, ജാക്ക് നൈഫ്, കന്നാസ് (20 ലിറ്റർ) എന്നീ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടുന്ന കിറ്റ് 7262 പരമ്പരാഗതയാന ഉടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന "Safety of Fishermen at Sea" എന്ന പദ്ധതിപ്രകാരം ജി.പി.എസ്., എക്കോസൗണ്ടർ, വാർത്താവിനിമയ ഉപകരണങ്ങൾ, ബീക്കൺ എന്നീ സുരക്ഷാ ഉപകരണങ്ങൾ, പരമ്പരാഗതയാനം/യന്ത്രവൽകൃത യാനയുടമകൾക്ക് നൽകുന്നതിനുള്ള നടപടി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചുവരുന്നു.

### മത്സ്യബന്ധന വള്ളങ്ങളുടെ എൻജിൻ പെർമിറ്റ് റദ്ദാക്കൽ

140 (3693) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 12 വർഷം പഴക്കമുള്ള മത്സ്യബന്ധന വള്ളങ്ങളുടെ എൻജിൻ പെർമിറ്റുകൾ പുതുക്കി നൽകേണ്ടതില്ല എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇപ്രകാരമുള്ള എൻജിനുകളുടെ പെർമിറ്റുകൾ റദ്ദാക്കുവാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്നു പറയാമോ ;

(ബി) 12 വർഷം കഴിഞ്ഞിട്ടും പ്രവർത്തനക്ഷമത തെളിയിച്ച എൻജിനുകൾക്കു പോലും പെർമിറ്റ് പുതുക്കി നൽകേണ്ടെന്നു തീരുമാനിച്ചത് എന്തു കൊണ്ടാണെന്നു പറയുമോ ;

(സി) ഇപ്രകാരമുള്ള തീരുമാനം കൈക്കൊണ്ടതിനാൽ ആലപ്പുഴ ജില്ലയിൽ ഒട്ടേറെ മത്സ്യബന്ധന വള്ളങ്ങളുടെ എൻജിനുകൾക്ക് പെർമിറ്റ് നഷ്ടപ്പെടുകയും മണ്ണെണ്ണ നഷ്ടമാകുകയും ചെയ്തിരിക്കുകയാണെന്നും ഇത് ഒട്ടേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിക്കുമെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. നിലവിലുള്ള പെർമിറ്റുകൾ ഒന്നുംതന്നെ ഇപ്പോൾ റദ്ദാക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ**

141 (3694) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഈ സർക്കാർ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) 2013-14 വർഷം ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാനായി സമർപ്പിച്ച പദ്ധതികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കാനായിട്ടുള്ള പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2013-14 വർഷം NFDB ധനസഹായത്തിനായി പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) കേരള തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം 2012-13-ൽ കോഴിക്കോട് ജില്ലയിൽ പയ്യോളിയിൽ 115.63 ലക്ഷം രൂപ അടങ്കൽ തുക വരുന്ന മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നു.

**സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ അപര്യാപ്തത**

142 (3695) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനഃരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കോസ്റ്റൽ റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ മത്സ്യ തൊഴിലാളികളുടെ പുനഃരധിവാസത്തിന് സഹായകരമല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം വിവിധ ഭവന പദ്ധതികളിൽ വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയപ്പോൾതന്നെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ഓടകൾ, സെപ്റ്റിക് ടാങ്ക്, വൈദ്യുതി, ജലവിതരണ സംവിധാനം എന്നിവ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിരുന്നത്. ആയതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് അപര്യാപ്തതകളൊന്നും തന്നെ നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റ് പ്രാദേശിക സമൂഹം എന്നിവരുടെ ജീവസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും, സമുദ്രമേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിലെ പ്രകൃതിക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി വികസന പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സി.ആർ.ഇസഡ് വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം IIIA (ii) പ്രകാരം മൽസ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിന് വേലിയേറ്റരേഖയിൽനിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/ പുനർനിർമ്മിതിയോ ചെയ്യുവാൻ അനുമതി നൽകാവുന്നതാണ്. ഈ നിർമ്മിതി പാരമ്പര്യ തീരദേശ സമൂഹവുമായി ചർച്ച ചെയ്ത് അപൽപരിപാലന കരുതൽ നടപടികൾ ശുചീകരണ നടപടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിശദമായ പദ്ധതി സംസ്ഥാന/കേന്ദ്രഭരണപ്രദേശം തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാന/ കേന്ദ്രഭരണ പ്രദേശത്തെ സി.ഇസഡ്.എം.എ.യുടെ ശുപാർശയോടുകൂടി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിക്കായി എൻ.സി.ഇസഡ്.എം.എ.-ക്ക് നൽകേണ്ടതുണ്ട്. കൂടാതെ 2011-ലെ വിജ്ഞാപനത്തിൽ കേരളത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് കേരളത്തിലെ കായൽ തുരുത്തുകളിൽ വേലിയേറ്റ രേഖയിൽനിന്നും കരയുടെ ഭാഗത്തേക്ക് അൻപത് മീറ്റർ പ്രദേശം സി.ആർ.ഇസഡ് ആയിരിക്കും. പ്രസ്തുത അൻപത് മീറ്ററുകൾക്കപ്പുറമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായുള്ള വാസസ്ഥലം നിർമ്മിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത അൻപത് മീറ്റർ പ്രദേശത്ത് മൽസ്യബന്ധനജെട്ടികൾ, മീനുണക്കൽ കളങ്ങൾ വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗതമായ രീതിയിലുള്ള മൽസ്യ സംസ്ക്കരണ പ്രക്രിയകൾ, ബോട്ടിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിരുന്നാലും കേരളത്തിലെ മൊത്തം സമുദ്ര തീരപ്രദേശത്തും കായൽതീരപ്രദേശത്തും മൽസ്യത്തൊഴിലാളികളുടെയും മറ്റ് പ്രാദേശിക സമൂഹങ്ങളുടെയും പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സി.ആർ.ഇസഡ് അൻപത് മീറ്ററാക്കി ചുരുക്കുന്നതിനും, കായലോരങ്ങളിലും കായൽ ദ്വീപുകളിലും, ചെമ്മീൻ കെട്ടുകളിലും പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥല നിർമ്മാണം വേലിയേറ്റ രേഖയിൽനിന്നും കരഭാഗത്തേക്ക് മീൻ സീ ലവലിൽനിന്നും 1.5 മീറ്റർ ഉയർന്ന പ്രദേശങ്ങളിൽ 10 മീറ്ററുകൾക്കപ്പുറത്തായി നിർമ്മിക്കുന്നതിന് അനുവദിക്കപ്പെടുന്നതിനും, നിലവിലുള്ള പ്ലിംത് ഏരിയായിൽ അധികമാകാതുള്ള പുനർനിർമ്മാണം പുനർചിന്തനം ചെയ്യുന്നതിനും 100m2 പ്ലിംത് ഏരിയ പിനർനിർമ്മാണത്തിന് നിജപ്പെടുത്തുന്നതിനും സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ഇളവ് നൽകുന്ന കാര്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-6-2011-ൽ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിക്ക് കത്തെഴുതുകയും ചെയ്തിട്ടുണ്ട്.

## പബ്ലിക് മാർക്കറ്റ് നവീകരിക്കുന്ന പദ്ധതി

143 (3696) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയോ, മറ്റേതെങ്കിലും ഏജൻസികളുടെ സഹകരണത്തോടു കൂടിയോ പബ്ലിക് മാർക്കറ്റ് നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നും, എത്ര തുക പ്രസ്തുത ആവശ്യത്തിലേക്ക് അനുവദിച്ചുവെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) മൽസ്യവിപണനം നവീകരിക്കുന്നതിന്റെ ഭാഗമായി ദേശീയ മൽസ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം 50 ആധുനിക മൽസ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതാണ്. ആയതിനാൽ 29 മൽസ്യമാർക്കറ്റുകൾക്ക് ദേശീയ മൽസ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞു.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 2627.81 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 12 ആധുനിക മൽസ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 മൽസ്യമാർക്കറ്റുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി 176.379 ലക്ഷം രൂപ തീരദേശ വികസന കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## മണലൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

144 (3697) ശ്രീ. പി. എ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മണലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന റോഡുകൾ പുനർനിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; (1) അഹമ്മദ് മെമ്മോറിയൽ റോഡ് (2) ശാന്തി റോഡ് (3) ഗാന്ധിജി റോഡ് ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് മണലൂർ നിയോജകമണ്ഡലത്തിൽ വാടാനപ്പിള്ളി പഞ്ചായത്തിൽ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട് :

1 14-ാം വാർഡിലെ അഞ്ചങ്ങാടി ആലുങ്കൽ ക്ഷേത്രം ലിങ്ക്റോഡ് 17.00 ലക്ഷം രൂപ (പ്രവൃത്തി പുരോഗമിക്കുന്നു.)

2 17-ാം വാർഡിലെ ഫറൂക്ക് നഗർ റഹമത്ത് നഗർ റോഡ് - 10.00 ലക്ഷം രൂപ (പ്രവൃത്തി പുരോഗമിക്കുന്നു.)

3 1-ാം വാർഡിലെ മൊയ്തീൻപള്ളി പൊക്കഞ്ചേരി റോഡ് - 37.50 ലക്ഷം രൂപ (പ്രവൃത്തി പുരോഗമിക്കുന്നു.)

(ബി) ടി റോഡുകൾ തീരദേശ റോഡുകളുടെ നവീകരണം പദ്ധതിയിൽ 2012-13-ലെ ലിസ്റ്റ്-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

## രാമന്തളി നടപ്പാലം

145 (3698) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ രാമന്തളി നടപ്പാലം പണിയുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി- വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് ആർ.ഐ.ഡി. എഫ് - XVI -ൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും നടപ്പാലത്തിനുപകരം വാഹന ഗതാഗത യോഗ്യമായ ഒരു ബ്രിഡ്ജ് നിർമ്മിക്കാൻ പിന്നീട് തീരുമാനമായി. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫിഷറീസ് വകുപ്പിന്റെയും തീരദേശ വികസന കോർപ്പറേഷന്റെയും കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ

146 (3699) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ (സി.എ.ഡി.സി.) മുഖേനയും കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര എന്നും വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ ;

(സി) 2013-14 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൽകാൻ ഉദ്ദേശിക്കുന്ന പ്രൊപ്പോസലിൽ ഏതെല്ലാം പ്രവൃത്തികളും പദ്ധതികളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിന് പ്രയോജനം ലഭിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രൊപ്പോസലിൽ ഉൾക്കൊള്ളിച്ച ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ എന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആകെ 200.06 ലക്ഷം രൂപ അടങ്കൽതുക വരുന്ന കുടിവെള്ള പദ്ധതി, സാനിട്ടേഷൻ, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതു കൂടാതെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ചറിൽ ഉൾപ്പെടുത്തി നില വിലെ കൊയിലാണ്ടി പി.എച്ച്.സിക്ക് പുതിയ കെട്ടിടം നിർമ്മിച്ചുനൽകുന്നു. ഇതിന് 20.52 ലക്ഷം രൂപയാണ് അടങ്കൽതുക. കൊയിലാണ്ടി നിയോജക

മണ്ഡലത്തിൽ നടപ്പിലാക്കുന്ന സംയോജിത മൽസ്യഗ്രാമവികസന പദ്ധതിക്കും പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തുകഴിഞ്ഞു. തീരദേശ വികസന കോർപ്പറേഷന് ഫണ്ട് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഒട്ടുമ്പുറം കെട്ടുങ്ങൽ കടവ് പാലത്തിന്റെ നിർമ്മാണം**

147 (3700) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട തീരദേശപാതയ്ക്ക് ഉപയുക്തമാകുന്ന താനൂർ പഞ്ചായത്തിലെ ഒട്ടുമ്പുറത്തേയും പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ കടവിനേയും ബന്ധിപ്പിക്കുന്ന ഒട്ടുമ്പുറം-കെട്ടുങ്ങൽകടവ് പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ;

(ബി) എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കാലത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ആകുമെന്ന് വിശദമാക്കാമോ ?

**ഉത്തരം**

(എ) നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് ഉപയുക്തമാകുന്ന താനൂർ പഞ്ചായത്തിലെ ഒട്ടുമ്പുറത്തേയും പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ കടവിനേയും ബന്ധിപ്പിക്കുന്ന ഒട്ടുമ്പുറം കെട്ടുങ്ങൽകടവ് പാലത്തിന്റെ പ്രവൃത്തിക്കായി നബാർഡ് ആർ.ഐ.ഡി.എഫ്. XVII-ൽ ഉൾപ്പെടുത്തി 2670 ലക്ഷം രൂപയ്ക്ക് നബാർഡിൽനിന്നും ഭരണാനുമതി നൽകിയതനുസരിച്ച് 2670 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 15-2-2013 അവസാന തീയതിയായി മുൻ യോഗ്യതാ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) മുൻ യോഗ്യതാ ദർഘാസിന് പ്രീ-ക്വാളിഫിക്കേഷൻ കമ്മിറ്റിയുടെ അംഗീകാരം നൽകിയശേഷം നിരക്ക് രേഖപ്പെടുത്തിയ പ്രത്യേക കവർ തുറന്ന് പരിശോധിക്കുന്നതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസിന് അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) പ്രവൃത്തി ആരംഭിച്ച് 15 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എരഞ്ഞോളിയിലെ അഡാക്കിന്റെ റീജിയണൽ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി

148 (3701) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി എരഞ്ഞോളിയിലെ അഡാക്കിന്റെ നിർത്തലാക്കിയ റീജിയണൽ ഓഫീസ് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) നിവേദനം പരിഗണിച്ച് റീജിയണൽ ഓഫീസ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അഡാക്കിന്റെ റീജിയണൽ ഓഫീസ് തലശ്ശേരിയിൽ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിലവിൽ എരഞ്ഞോളി ഫാമിൽ ഒരു ആഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതിനാൽ, നിവേദനം പരിഗണിച്ച് തലശ്ശേരിയിൽ റീജിയണൽ ആഫീസ് പുനഃസ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടില്ല.

## ഹൗസ്ബോട്ട് അപകടങ്ങൾ തടയുന്നതിന് നടപടി

149 (3702) ശ്രീ. ചിറ്റയം ഗോപകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന 'ഹൗസ് ബോട്ട്' അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഹൗസ് ബോട്ട് സർവ്വീസുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) ഈയിടെയായി വർദ്ധിച്ചുവരുന്ന ഹൗസ് ബോട്ട് അപകടങ്ങൾ, നിലവിലുള്ള സംവിധാനം പൂർണ്ണമായും പര്യാപ്തമാകുന്നില്ല എന്ന് വെളിപ്പെടുത്തുന്നുണ്ടോ ;

(ഡി) ഹൗസ് ബോട്ട് അപകടങ്ങൾ തടയുന്നതിനുവേണ്ടി എന്തെല്ലാം പുതിയ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഐ.വി. റൂൾ 2010-ലെ ചട്ടങ്ങൾക്ക് വിധേയമായാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നത്. മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്ന ജീവൻരക്ഷാ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ, സ്റ്റെബിലിറ്റി ബുക്കുകൾ, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ്, കോമ്പിറ്റൻസി സർട്ടിഫിക്കറ്റുള്ള ജീവനക്കാർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ജലവാഹനം രജിസ്റ്റർ ചെയ്തുകൊടുക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ സൂക്ഷിക്കേണ്ടത് നിർബന്ധമാണ്. സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയുടെ കാലാവധി ഒരു വർഷമാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങൾ വർഷാവർഷം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ പുതുക്കേണ്ടതുണ്ട്. കൂടാതെ മിന്നൽ പരിശോധനകളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ അനുശാസിക്കുന്നവിധം ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്താറുണ്ട്. കെ.ഐ.വി. റൂൾ 2010 നിയമം നടപ്പിൽ വരുത്തുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് എക്സാമിനർ, ചീഫ് സർവ്വേയർ, സർവ്വേയർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) 1 കേരളത്തിലുള്ള ഭൂരിഭാഗം ജലയാനങ്ങളും യന്ത്രങ്ങൾ ഘടിപ്പിക്കാതെ യാത്ര ചെയ്യുന്നവയാണ്. കടത്തുവള്ളങ്ങൾ, വഞ്ചികൾ എന്നിവയിൽ ധാരാളംപേർ യാത്ര ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷ കണക്കിലെടുത്ത് നോൺ മെക്കനൈസ്ഡ് ബോട്ടുകളെയും കെ.ഐ.വി. ചട്ടത്തിനുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

2 യന്ത്രവൽകൃത ബോട്ടുകൾക്കുള്ള ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യവും പരിശോധനയിലാണ്.

3 ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനുവേണ്ടി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4 ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആലപ്പുഴയിലും കുമരകത്തും ഡ്രൈഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള കെ.ഐ.വി. റൂൾസിൽ ഭേദഗതി ആവശ്യമാണോ എന്നകാര്യം പരിശോധിച്ചുവരുന്നു. കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് വഴി ജീവനക്കാർക്കുവേണ്ട ട്രെയിനിംഗുകൾ നടത്തിവരുന്നു.

## ഹൗസ്ബോട്ട് ദുരന്തങ്ങൾ തടയാൻ നടപടി

150 (3703) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരി 26-ന് ആലപ്പുഴയിൽ ഉണ്ടായ ഹൗസ്ബോട്ട് ദുരന്തത്തെ കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ അപകടകാരണം വിശദമാക്കുമോ ;

(ബി) ഹൗസ് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; വിശദമാക്കുമോ ;

(സി) ഹൗസ് ബോട്ടുകളിൽ യാത്രക്കാരെ കയറ്റുന്നതിനും, ഇറക്കുന്നതിനും ഉള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്. ഹൗസ്ബോട്ട് ജെട്ടിയിൽ അടുപ്പിച്ചതിനുശേഷം യാത്രക്കാരെ കയറ്റുന്നതിനുപകരം, യാത്രക്കാർ മറ്റൊരു ബോട്ടിലൂടെ, യാത്ര പോകേണ്ട ഹൗസ്ബോട്ടിൽ കൂട്ടത്തോടെ കയറിയതാണ് ബോട്ട് മുങ്ങി അപകടം ഉണ്ടാകാൻ കാരണം.

(ബി) കെ.ഐ.വി. റൂൾ 2010-ലെ ചട്ടങ്ങൾക്ക് വിധേയമായാണ് ഹൗസ്ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നത്. മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്ന ജീവൻ രക്ഷാഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ, സ്റ്റെബിലിറ്റി ബുക്കുകൾ, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ്, കോമ്പിറ്റൻസി സർട്ടിഫിക്കറ്റുള്ള ജീവനക്കാർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ജലവാഹനം രജിസ്റ്റർ ചെയ്തുകൊടുക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ സൂക്ഷിക്കേണ്ടത് നിർബന്ധമാണ്. സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയുടെ കാലാവധി ഒരു വർഷമാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങൾ വർഷാവർഷം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ പുതുക്കേണ്ടതുണ്ട്. കൂടാതെ മിന്നൽ പരിശോധനകളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ അനുശാസിക്കുന്നവിധം ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്താറുണ്ട്. കെ.ഐ.വി. റൂൾ 2010 ചട്ടം നടപ്പിൽ വരുത്തുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് എക്സാമിനർ ചീഫ് സർവ്വേയർ, സർവ്വേയർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

(സി) ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## എയർ കേരള പദ്ധതി

151 (3704) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള വിമാനകമ്പനി തുടങ്ങാൻ അപേക്ഷ നൽകിയിട്ടുണ്ടോ ; പ്രസ്തുത അപേക്ഷയിന്മേൽ അനുകൂലമോ പ്രതികൂലമോ ആയ മറുപടി കേന്ദ്ര ഏവിയേഷൻ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) വിദേശ സർവ്വീസ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും ഇളവ് സംസ്ഥാന സർക്കാർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി രൂപീകരിക്കുന്ന കമ്പനിയിൽ സാധാരണക്കാരായ പ്രവാസികൾക്കും ഷെയർ നൽകാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അപേക്ഷ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ബി) ഉണ്ട്. കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ മാനദണ്ഡങ്ങൾക്ക് ഇളവ് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാനമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 8-10-2012-ൽ കത്ത് അയച്ചിട്ടുണ്ട്.

(സി) എയർ കേരള കമ്പനിയിൽ സംസ്ഥാന സർക്കാരിനും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിക്കും കൂടി 26% ഓഹരിയും ബാക്കി ഓഹരി പൊതുജനത്തിനും പ്രവാസി ഇൻഡ്യാക്കാർക്കുമായിരിക്കും എന്ന് നിശ്ചയിച്ചിട്ടുണ്ട്.

## ആറന്മുള വിമാനത്താവളം നിർമ്മാണം

152 (3705) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി സംബന്ധമായി ഉണ്ടായിട്ടുള്ള കേസ്സുകൾ തീർപ്പാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്തിട്ടില്ല. എന്നാൽ കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ് എന്ന പേരിലുള്ള സ്വകാര്യ കമ്പനി സ്വന്തം നിലയിൽ ഭൂമി വിലക്കുവാങ്ങുകയാണ് ഉണ്ടായത്. ടി ഭൂമിയിൽ ഭൂരിഭാഗവും നിലമാണ്. എയർപോർട്ട് സ്ഥാപിക്കുന്നതിന് വളരെയധികം നിലങ്ങൾ നികത്തേണ്ടിവരുമെന്നും ആയത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകും എന്നു സൂചിപ്പിച്ചുകൊണ്ട് ശ്രീമതി സുഗതകുമാരിയും മറ്റുള്ളവരും ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 6004/12 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കാര്യവിവര പത്രിക സമർപ്പിച്ചിട്ടുണ്ട്. പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് WP(C) 3407/12 നമ്പരായി കെ.ജി.എസ്. ആറന്മുള ഗ്രൂപ്പ് നൽകിയ കേസ് കോടതിയിൽ നിലവിലുണ്ട്.

കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ് ശ്രീ. എബ്രഹാം കലമണ്ണിൽ ചെയർമാനായുള്ള കോഴഞ്ചേരി എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിൽനിന്ന് വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച് IA-243/12 നമ്പരായി ശ്രീ. എബ്രഹാം കലമണ്ണിൽ പത്തനംതിട്ട മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ സർക്കാർ കക്ഷിയല്ലാത്തതും കോടതിയുടെ പരിഗണനയിലുമാണ്. കൂടാതെ ശ്രീ. എബ്രഹാം കലമണ്ണിൽ ചെയർമാനായുള്ള കോഴഞ്ചേരി എഡ്യുക്കേഷണൽ സൊസൈറ്റിയുടെ പേരിൽ SMI/12 നമ്പരിൽ മിച്ചഭൂമി കേസ് ബുക്ക്ചെയ്ത് നടപടി നടന്നുവരുന്നു. ടി ഭൂമിയിൽ നല്ലൊരുഭാഗം കെ.ജി.എസ്. ഗ്രൂപ്പ് വിലക്കുവാങ്ങിയതിൽപ്പെട്ടതാണ്.

ആറൻമുള വിമാന കമ്പനിയിൽ സർക്കാർ ഓഹരി

153 (3706) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാന കമ്പനിയിൽ സർക്കാർ ഓഹരി എടുക്കുന്നതിന് എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറന്മുള വിമാനകമ്പനിയിൽ 10% ഓഹരി സൗജന്യമായി സ്വീകരിക്കുവാനും വിമാനത്താവളത്തിന്റെ പ്രവർത്തനത്തിന് അത്യാവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി മാർക്കറ്റ് വില ഈടാക്കി കമ്പനിക്ക് നൽകുവാനും, കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സർക്കാർ നോമിനിക്ക് അംഗത്വം ഉണ്ടായിരിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്.

## വനവിസ്തൃതി

154 (3707) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ആകെ വന വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഏതെങ്കിലും വനം ഡിവിഷനിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ വനഭൂമിയിൽ കുറവ് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) വന വിസ്തൃതി സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടെങ്കിൽ ആ വർദ്ധനവിന് ആനുപാതികമായി വനംവകുപ്പ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ?

### ഉത്തരം

(എ) 11309 ച.കി.മീറ്റർ

(ബി) 2006-07-ൽ വനവിസ്തൃതി 11064 ച.കി.മീറ്റർ ആയിരുന്നു. ഇത് 11309 ച.കി.മീറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) വിശദാംശം ചുവടെ ചേർക്കുന്നു :

| ഡിവിഷന്റെ പേര് | കുറവുവന്ന വനഭൂമിയുടെ വിസ്തൃതി (ച.കി.മീറ്റർ) |
|---|---|
| അച്ചൻകോവിൽ | 0.2571 |
| കോട്ടയം | 32.8980 |
| തൃശ്ശൂർ | 1.40 |
| മണ്ണാർക്കാട് | 107.09 |
| നിലമ്പൂർ സൗത്ത് | 39.8745 |
| പാലക്കാട് | 0.3278 |
| നെന്മാറ | 0.0908 |
| കോഴിക്കോട് | 4.7045 |

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**കയ്യേറിയ വനഭൂമി**

155 (3708) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം കയ്യേറ്റം തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ കയ്യേറിയ വനഭൂമി ഒഴിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) വനം കയ്യേറ്റം തടയുന്നതിന്റെ ഭാഗമായി വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ പട്രോളിംഗ് നടത്തിയും വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും വനാതിർത്തികൾ സർവ്വേ ചെയ്ത് നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല കെട്ടിയും വനഭൂമി സംരക്ഷിച്ചുവരുന്നു.

(ബി) 540.67 ഹെക്ടർ

**വനസംരക്ഷണം**

156 (3709) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) വനഭൂമി കയ്യേറ്റങ്ങളും വനങ്ങൾ വെട്ടിനശിപ്പിക്കലും വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വനഭൂമിയും വനവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുമോ ;

(സി) കയ്യേറ്റം ചെയ്യപ്പെട്ട വനഭൂമിയുമായി ബന്ധപ്പെട്ടും വനങ്ങൾ വെട്ടിനശിപ്പിച്ചതു സംബന്ധിച്ചും നിലവിലുള്ള കേസുകൾ എത്രയാണ് ; വിശദമാക്കുമോ ?

**ഉത്തരം**

(എ) ഇത്തരം വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഇവയുടെ പ്രജനനവും പുനരുത്ഭവവും ത്വരിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, നഴ്സറികളിൽ തൈകൾ വളർത്തി അവയുടെ സ്വാഭാവിക ആവാസ പ്രദേശങ്ങളിൽ നട്ടുപരിപാലിക്കുക, കാട്ടുതീയിൽനിന്നും സംരക്ഷണം നൽകുക, അമിത ശേഖരണം നിയന്ത്രിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ, വനത്തിന് പുറമേയുള്ള വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ജൈവ വൈവിദ്ധ്യത്തെ സംരക്ഷിക്കുന്നതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വംശനാശ ഭീഷണി നേരിടുന്ന ഒട്ടനേകം വൃക്ഷങ്ങൾ കണ്ടുവരുന്ന കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനായുള്ള പ്രത്യേക പദ്ധതികളും സംസ്ഥാനത്ത് വനംവകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) വനഭൂമി കയ്യേറ്റവും വനം വെട്ടിനശിപ്പിക്കലും തടയാൻ വനഭൂമി സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് 6225 കേസുകളാണ് നിലവിലുള്ളത്.

**വന സംരക്ഷണ സമിതി**

157 (3710) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണ സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സമിതിക്ക് പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദമാക്കുമോ ;

(ഡി) സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**ഉത്തരം**

(എ) പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, മരംമുറി, വേട്ടയാടൽ, മോഷണം എന്നിവയിൽനിന്നും സംരക്ഷിക്കുക, അംഗീകൃത സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി വഴിയായി നടപ്പാക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും, വന സംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക, പങ്കാളിത്ത വനപരിപാലന പരിപാടിയിൽ ഉൾപ്പെടാത്ത അയൽ വനപ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുക, വനപരിപാലന കാര്യങ്ങൾക്ക് വനം വകുപ്പിന് എല്ലാ സഹായ സഹകരണങ്ങളും നൽകുക എന്നിവയാണ് വനസംരക്ഷണ സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും.

(ബി) വനത്തിലും വനത്തോടുചേർന്നും താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വനപരിപാലനം നടത്തുക, വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുക, വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുക, സുസ്ഥിരത കൈവരിക്കുക തുടങ്ങിയവയാണ് വനസംരക്ഷണ സമിതികളുടെ പ്രധാന ഉദ്ദേശ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ വനവൽക്കരണ പരിപാടി ദേശീയ ബാംബു മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡ് പദ്ധതി, ഗ്രീൻ ഇൻഡ്യ മിഷൻ തുടങ്ങിയ വനസംരക്ഷണവനവൽക്കരണ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം, ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം വനശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം തുടങ്ങിയവ വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനസംരക്ഷണ സമിതികൾക്ക് നൽകിവരുന്നു. കൂടാതെ ചെറുകിട വനവിഭവങ്ങളെ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്ക്കരണം മൂല്യവർദ്ധനവ് എന്നിവ നടത്തുന്നതിനായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. പദ്ധതി നടത്തിപ്പിലും, ദൈനംദിന പ്രവർത്തനത്തിലും വനസംരക്ഷണ സമിതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം വനംവകുപ്പ് നൽകിവരുന്നുണ്ട്.

(ഡി) വനസംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിവിധ വനവൽക്കരണ വനസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ദേശീയ വനവൽക്കരണ പരിപാടി ദേശീയ ബാംബു മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യബോർഡ് പദ്ധതി, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി എന്നിവയാണ്. കൂടാതെ വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളും വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങളും കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാട്ടുതീ തടയൽ പരിപാടികളിൽ വനസംരക്ഷണ സമിതികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും വനം വകുപ്പിന്റെ സാങ്കേതിക ഉപദേശം നൽകുക വഴിയും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നുണ്ട്.

### വനം മേഖലയുടെ സമഗ്രവികസനം

158 (3711) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനമേഖലയുടെ സമഗ്രവികസനത്തിനുവേണ്ടി കേന്ദ്രത്തിന്റേയോ, മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ പിന്തുണയോടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി, ലോകബാങ്ക് എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളും, ഇന്ത്യാ എക്കോ ഡെവലപ്പ്മെന്റ് പ്രോജക്ട്, കേരളാ സോഷ്യൽ ഫോറസ്ട്രി പ്രോജക്ട് എന്നിവയും ഇപ്പോഴും തുടരുന്നുണ്ടോ ;

(സി) ഇത്തരം പദ്ധതികൾകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടായിട്ടുള്ളത് ; ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ?

### ഉത്തരം

(എ) 100%, 75%, 50% കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന ധനസഹായത്തോടെ വനമേഖലയുടെ സമഗ്രവികസനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ ഇപ്പോൾ തുടരുന്നില്ല.

(സി) ലോകബാങ്കിന്റെ സഹായത്തോടെ, വന്യജീവി വിഭാഗം, ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിലൂടെ പൊതുജന പങ്കാളിത്തത്തോടെ ജൈവ വൈവിധ്യം സംരക്ഷിക്കാനും, സമീപ വാസികളായ ജനസമൂഹത്തിൽനിന്നും വനത്തിനുണ്ടാകുന്ന ആഘാതം കുറയ്ക്കുവാനും, സ്ഥായിയായ വരുമാന മാർഗ്ഗങ്ങളും തൊഴിൽ ലഭ്യതയും ഉറപ്പാക്കി ജനങ്ങളെ വനസംരക്ഷണ പ്രക്രിയയിൽ പങ്കാളികളാക്കാനും, ഇക്കോ ഡവലപ്മെന്റ് പ്രവർത്തനങ്ങൾക്കുവേണ്ട സഹകരണം ഉറപ്പാക്കുവാനും ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംരക്ഷിത മേഖലയുടെ കാര്യക്ഷമമായ പരിപാലനം, ഗ്രാമപരിസ്ഥിതി വികസനം, പരിസ്ഥിതി വിദ്യാഭ്യാസം, ബോധവൽക്കരണം, ഗവേഷണപഠനങ്ങൾ എന്നിവ നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. വൃക്ഷവൽക്കരണം മുഖേന സ്വാഭാവിക വനങ്ങളിന്മേലുള്ള ആശ്രയത്വം കുറയ്ക്കുന്നതിനും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും തടി സംബന്ധമായ ആവശ്യങ്ങൾക്ക് സ്വയംപര്യാപ്തത നേടുന്നതിനും ആഗോള താപനം, കാലാവസ്ഥാമാറ്റം എന്നിവയ്ക്ക് പരിഹാരമുണ്ടാകുന്നതിനും കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ വിഷയങ്ങളിൽ പൊതു സമൂഹത്തിന് ബോധവൽക്കരണം നടത്തുന്നതിനും കേരളാ സോഷ്യൽ ഫോറസ്ട്രി പ്രോജക്ട് പ്രയോജനപ്പെട്ടിട്ടുണ്ട്. ടി സംരംഭങ്ങളിലൂടെ ഭൂമിക്ക് മേലുള്ള ഹരിത കവചത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

### വനങ്ങളുടെ ജൈവ വൈവിധ്യ സംരക്ഷണം

169 (3712) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളുടെ ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

### ഉത്തരം

(എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രധാനമായും താഴെപ്പറയുന്ന കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തുനടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1 വനമേഖലകളുടെ ജൈവവൈവിധ്യ പ്രാധാന്യം കണക്കിലെടുത്ത്, 2 (രണ്ട്) കടുവാസങ്കേതങ്ങൾ, 5 (അഞ്ച്) ദേശീയോദ്യാനങ്ങൾ, 15 (പതിനഞ്ച്) വന്യജീവി സങ്കേതങ്ങൾ എന്നിവ പ്രഖ്യാപിച്ച്, അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ പ്രകാരമുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

2 വംശനാശ ഭീഷണി നേരിടുന്ന കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതോടൊപ്പം മറ്റ് വന്യ ജീവികളുടെയും സംരക്ഷണം ഉറപ്പാക്കാനായി, "പ്രോജക്ട് ടൈഗർ" (Project Tiger) എന്ന പദ്ധതി പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളിൽ നടപ്പിലാക്കിവരുന്നു.

3 ആനകളുടെ വാസസ്ഥലങ്ങളായ ആനമുടി, പെരിയാർ, നിലമ്പൂർ, വയനാട് എന്നീ സ്ഥലങ്ങൾ എലിഫന്റ് റിസർവ്വുകളായി തിരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

4 വനമേഖലകളുടെ ജൈവവൈവിധ്യവും സാംസ്കാരികവൈവിധ്യവും സംരക്ഷിക്കുന്നതിനും സുസ്ഥിര സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനും വേണ്ടി UNESCO നടപ്പിലാക്കുന്ന Man & Biosphere പദ്ധതിയിൽ കേരളത്തിലെ നീലഗിരി, അഗസ്ത്യമല എന്നീ വനമേഖലകളെ ഉൾപ്പെടുത്തി, Biosphere റിസർവ്വുകൾ ആയി പ്രഖ്യാപിച്ച് വനമേഖലകളിലെ ജൈവവൈവിധ്യം സംരക്ഷിച്ചുവരുന്നു.

5 ശാസ്ത്രീയമായ സമീപനത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും വന്യജീവി കണക്കെടുപ്പും സർവ്വേയും നടത്തി വരുന്നു.

6 വനങ്ങളിലെ ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് സംരക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

7 വനമേഖലയിലെ ജൈവവൈവിധ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ കാട്ടുതീ തടയാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8 വനമേഖലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുതകുന്ന ഗവേഷണങ്ങൾ നടത്തുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.

9 ജൈവവൈവിധ്യ സംരക്ഷണത്തിനായി തദ്ദേശവാസികളുടെ സഹകരണം ഇക്കോ ഡവലപ്മെന്റ് സമിതികൾ/വനസംരക്ഷണ സമിതികൾ മുഖേന ഉറപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10 പൊതുജന പങ്കാളിത്തത്തോടെയുള്ള ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി വിദ്യാർത്ഥികൾക്കും, പ്രത്യേക ഗ്രൂപ്പുകൾക്കുമായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധ വൽക്കരണ പരിപാടികൾ, വന്യജീവി വാരാഘോഷം തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

11 ജൈവവൈവിധ്യ സംരക്ഷണത്തിനെതിരെ പൊതുജന വികാരമുണർത്തുന്ന മനുഷ്യ-വന്യജീവി സംഘർഷം തുടയു ന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ വികസനവകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, ഗവേഷണ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ സർക്കാരേതര സ്ഥാപനങ്ങൾ/വ്യക്തികൾ തുടങ്ങിയവരുടെയെല്ലാം സഹായത്തോടെയാണ് ഈ പരിപാടികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

(സി) മുകളിൽ സൂചിപ്പിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും വനംവകുപ്പ് വളരെ മുൻപേ ആരംഭിച്ച് വനമേഖലകളിൽ നടപ്പിലാക്കി വരുന്നതാണ്. ഇവയെല്ലാംതന്നെ ഇതേവിധത്തിൽ ഭാവിയിലും നടപ്പിലാക്കാനുള്ള പരിശ്രമങ്ങളും തുടർന്നുവരുന്നു.

### വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകെട്ടി തിരിക്കൽ

160 (3713) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി മുഴുവൻ സർവ്വേ ചെയ്ത് ജണ്ടകെട്ടി തിരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൃത്യമായ വനഭൂമിയുടെ അളവ് എത്ര ; വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വനമേഖലയുടെ കൃത്യമായ അതിർത്തി നിർണ്ണയിക്കുവാനും വിസ്തൃതി രേഖപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ലഭ്യമായ രേഖകൾ പ്രകാരം കേരളത്തിലെ മൊത്തം വനഭൂമി 11309 ചതുരശ്ര കിലോമീറ്റർ ആണ്.

(സി) ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സാമൂഹ്യ വനവല്ക്കരണത്തിന് ചെലവഴിച്ച തുക

161 (3714) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ ചെലവഴിച്ച തുകയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ചെലവഴിക്കപ്പെടുന്ന തുകയുടെ മൂല്യം തുടർസംരക്ഷണ പരിപാടികളിലൂടെ നിലനിർത്താനും സംരക്ഷിക്കുവാനും ശ്രമിക്കാറുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നിയമസഭാ കാലയളവിൽ ചേർത്തല-അരൂക്കുറ്റി റോഡിന്റെയും എം.എൽ.എ. റോഡിന്റെയും വിവിധ ഭാഗങ്ങളിൽ എം.എൽ.എ. ഫണ്ടും ഡിപ്പാർട്ട്മെന്റ് ഫണ്ടും വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ വച്ചുപിടിപ്പിച്ച എത്ര വൃക്ഷങ്ങൾ വളർന്ന് മെച്ചപ്പെട്ട അവസ്ഥയിൽ നിലനിൽക്കുന്നു ; അവ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നുണ്ടോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ ഡിവിഷനുകളിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത തൈകളുടെ അതിജീവനശതമാനവും വളർച്ചാവിവരവും സ്കൂൾ അധികൃതരുടെ സഹകരണത്തോടെ തിട്ടപ്പെടുത്തിവരുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ, നഗര ഹരിതവത്കരണം എന്നീ പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന തൈകൾക്ക് 2-3 വർഷങ്ങളിലെ പരിപാലന പ്രവർത്തികൾ ചെയ്തുവരുന്നു. കാവുകളുടെ സംരക്ഷണത്തിന് ചെലവഴിക്കുന്ന തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഫണ്ട് വിനിയോഗം കൃത്യമായി നടന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. വഴിയോര തണൽ പദ്ധതി പ്രകാരം നട്ട തൈകൾ ട്രീ ഗാർഡ് വെച്ച് സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

(സി) ചേർത്തല-അരൂകുറ്റി റോഡിൽ 1026 തൈകൾക്ക് അതിജീവനം ഉണ്ട്. ഇതിൽ 516 തൈകൾ വളരെ മെച്ചപ്പെട്ട അവസ്ഥയിലാണ്. ചെങ്ങണ്ട-തൃച്ചാറുകുളം റോഡിൽ 762 തൈകൾക്ക് അതിജീവനം ഉണ്ട്. അതിൽ 370 തൈകൾ വളരെ മെച്ചപ്പെട്ട അവസ്ഥയിലാണ്. ടി തൈകൾക്ക് ട്രീ ഗാർഡുകൾവച്ചും ജലസേചനം നടത്തിയും സംരക്ഷിച്ചുവരുന്നു. തൈകൾ നഷ്ടപ്പെട്ടു പോകാതിരിക്കുവാനുള്ള സംരക്ഷണ നടപടികൾ സ്വീകരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വനം വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി

162 (T.3715) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ "സാറ്റർഡേ പ്രോഗ്രാം" എന്നിവയുടെ ഭാഗമായി വനം വകുപ്പിൽ ദീർഘകാലമായി തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി-ഡി) ദീർഘകാലമായി തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് എത്രയും വേഗം ഉചിതമായ അന്തിമ തീരുമാനമെടുത്ത് ഫയലുകൾ തീർപ്പാക്കി ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ നീതി ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായുള്ള ഊർജ്ജിത നടപടിയുടെ ഭാഗമായി സർക്കാർതലത്തിലും വകുപ്പ് തലത്തിലും അദാലത്തുകൾ സംഘടിപ്പിച്ച് 44731 ഫയലുകൾ അന്തിമ തീർപ്പാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായി ഫയലുകൾ തീർപ്പാക്കാനുള്ള പ്രത്യേക നടപടി സ്വീകരിക്കുകയും റെയിഞ്ച്തലം മുതൽ വനംവകുപ്പ് ആസ്ഥാനംവരെ തീർപ്പ് കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി ഫയലുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചു. അതിന്റെ ഭാഗമായി സർക്കാർതലത്തിൽ 14-11-2012 മുതൽ 17-11-2012 വരെ അദാലത്ത് സംഘടിപ്പിച്ച് 2010 വരെയുള്ള ഫയലുകളിലെ നടപടി ത്വരിതപ്പെടുത്തുകയും അന്തിമ ഉത്തരവ് നൽകാവുന്നത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

2012 ഫെബ്രുവരി മുതൽ വനം വകുപ്പിൽ നടപ്പിലാക്കിവരുന്ന സാറ്റർഡേ പ്രോഗ്രാം പ്രകാരം വനം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും എല്ലാ ആഴ്ചയിലെയും അവസാന പ്രവൃത്തിദിവസം പ്രസ്തുത ഓഫീസിലെ ഓഫീസ് മേധാവി ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും ചേർന്ന് അതാത് ഓഫീസിൽ തന്നെ തീർപ്പാക്കാവുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ ഓഫീസിലും അതാത് ആഴ്ചകൾ തീർപ്പാക്കുന്ന ഫയലുകളുടെ എണ്ണം വനംവകുപ്പ് ആസ്ഥാനത്ത് അറിയിക്കുകയും വകുപ്പ് മേധാവികളുടെ പ്രതിവാര അവലോകന യോഗത്തിൽ ഇതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. കൂടാതെ സർക്കിൾ തലത്തിലും വനംവകുപ്പ് ആസ്ഥാനത്തും സർക്കാർ തലത്തിലും തീർപ്പാക്കാനുള്ള ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. സർക്കാർ തലത്തിൽ 14-11-2012 മുതൽ 17-11-2012 വരെ ഫയൽ അദാലത്ത് നടത്തുകയും 2010 വരെ പഴക്കമുള്ള ഫയലുകൾ അദാലത്തിന്റെ പരിഗണനയ്ക്ക് എടുക്കുകയും ഉചിതമായ തീരുമാനമെടുത്ത് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. സർക്കിൾതല ഓഫീസുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള അദാലത്തുകൾ സർക്കിൾതലത്തിലും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാറ്റർഡേ പ്രോഗ്രാമിന്റെ ഭാഗമായി മാത്രം നാളിതുവരെ 31224 ഫയലുകൾ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ഫോറസ്റ്റ് സ്റ്റേഷനുകൾ

163 (3716) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വനം വകുപ്പിൽ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട് ; പ്രസ്തുത സ്റ്റേഷനുകളിലേക്കായി ഏതെല്ലാം വിഭാഗങ്ങളിലായി എത്ര ജീവനക്കാരുടെ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട് ;

(സി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളിലേക്കായി അനുവദിച്ച തസ്തികകളിൽപ്പെട്ട ജീവനക്കാർ അതാതു സ്റ്റേഷനുകളിൽത്തന്നെയാണോ ജോലി ചെയ്യുന്നതെന്നകാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) പുതിയതായി അനുവദിച്ചതുൾപ്പെടെയുള്ള എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലും വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) പുതിയതായി അനുവദിച്ചതുൾപ്പെടെ എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലേയും ജീവനക്കാർക്ക് സ്റ്റേഷനുകളോടനുബന്ധിച്ചുതന്നെ താമസ സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(എഫ്) താമസസൗകര്യം ഉറപ്പുവരുത്തിയിട്ടില്ലാത്ത ഫോറസ്റ്റ് സ്റ്റേഷനുകളിൽ ജീവനക്കാരെല്ലാം സ്റ്റേഷനുകൾക്ക് സമീപംതന്നെ ഉണ്ടാവണമെന്ന് നിർബന്ധമുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഫോറസ്റ്റ് സ്റ്റേഷനുകളിലെ പ്രധാന ഉദ്യോഗസ്ഥന് ഇതര വകുപ്പുകളിലെ സ്റ്റേഷനുകളുടെ മുഖ്യചുമതലയുള്ള ഉദ്യോഗസ്ഥർക്കുള്ളതുപോലെ പ്രത്യേകം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(എച്ച്) പുതിയതായി രൂപീകരിച്ചതുൾപ്പെടെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകളിൽ നിലവിൽ ജീവനക്കാരുടെ ഒഴിവുകളുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും ഈ ഒഴിവുകൾ എന്ന് നികത്താനാകുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഷനുകളിൽ പുതിയതായി അനുവദിച്ച തസ്തികകളുടെ കണക്ക് ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| ഡെ. റെയിഞ്ചർ | 8 |
| ഫോറസ്റ്റർ | 9 |
| ഫോറസ്റ്റ് ഗാർഡ് | 70 |
| ഡ്രൈവർ | 9 |
| ക്ലാർക്ക് | 10 |
| പി.റ്റി.സ്വീപ്പർ | 10 |

(ബി) പുതിയ സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 105 ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട്.

(സി) ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) നിലമ്പൂർ നോർത്ത് സെക്ഷനിലെ വാണിയമ്പാറ, വാഴച്ചാൽ ഡിവിഷനിലെ മുക്കുംപുഴ എന്നീ സ്റ്റേഷനുകൾ ഒഴികെ മറ്റ് എല്ലാ സ്റ്റേഷനുകളിലും വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാഹനങ്ങൾ, ലഭ്യമല്ലാത്ത സ്റ്റേഷനുകളിൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) എല്ലാ ജീവനക്കാർക്കും പ്രത്യേകം ക്വാർട്ടേഴ്സുകൾ ലഭ്യമാക്കിയിട്ടില്ലയെങ്കിലും ജീവനക്കാർക്ക് ലഭ്യമായ സൗകര്യങ്ങളിൽ സ്റ്റേഷനുകളോടനുബന്ധിച്ചു തന്നെ അടിസ്ഥാന താമസസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ജീവനക്കാർ സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സിൽനിന്നും 8 കി. മീറ്ററിനകത്ത് താമസിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഫോറസ്റ്റ് സ്റ്റേഷനിലെ പ്രധാന ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി റെയിഞ്ചർക്ക് പ്രത്യേക ക്വാർട്ടേഴ്സ് എല്ലാ സ്റ്റേഷനിലും ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പുതിയതായി ക്വാർട്ടേഴ്സുകൾ പണി കഴിപ്പിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എച്ച്) ഡെപ്യൂട്ടി റെയിഞ്ചർമാരുടെയും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെയും സെക്ഷൻ ഫോറസ്റ്റാഫീസർമാരുടെയും ഒഴിവുകൾ ഉണ്ട്. പി.എസ്.സി. മുഖാന്തിരവും വകുപ്പുതല പ്രൊമോഷൻ മുഖേനയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റെയിഞ്ചാഫീസർമാരുടെ പ്രൊബേഷൻ

164 (3717) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ റെയിഞ്ചാഫീസർമാർക്ക് എത്ര വർഷമാണ് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ളത് ;

(ബി) പ്രൊബേഷൻ, സമയപരിധിക്കുള്ളിൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ പാസ്സാവുകയും അതിനുള്ളിൽതന്നെ സേവനം തൃപ്തികരമായി നിർവ്വഹിക്കുകയും ചെയ്തിട്ടുള്ള എത്ര റെയിഞ്ചാഫീസർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ ; ആയതിനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) 2007 മുതൽ 2010 വരെ സർവ്വീസിൽ പ്രവേശിച്ച് വകുപ്പുതല പരിശീലനവും പരീക്ഷകളും പാസ്സായിട്ടുള്ള എല്ലാ റെയിഞ്ചാഫീസർമാരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴിയും തസ്തിക മാറ്റം വഴിയും നിയമനം ലഭിക്കുന്നവരുടെ പ്രൊബേഷൻ കാലം മൂന്നുവർഷത്തെ തുടർച്ചയായ സേവനകാലയളവിനുള്ളിൽ രണ്ടുവർഷത്തെ ഡ്യൂട്ടിയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത യോഗ്യത നേടിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ കൺട്രോളിംഗ് ഓഫീസർ മുഖേന നിയമനാധികാരിക്ക് ലഭിക്കുന്ന മുറയ്ക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്തുനൽകുകയാണ് ചെയ്യുന്നത്. ഇവരുടെ പേരിൽ അച്ചടക്ക നടപടി നിലവിലില്ല എന്ന് ഉറപ്പുവരുത്തിയശേഷമാണ് പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കി ഉത്തരവാകുന്നത്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം ക്രമീകരിച്ചശേഷം പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്നതിന് ചട്ടപ്രകാരമുള്ള യോഗ്യത നേടിയ എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെയും പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2007 മുതൽ 2010 വരെ സർവ്വീസിൽ പ്രവേശിച്ച റെയിഞ്ചർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് വേഗത്തിൽ പ്രൊബേഷൻകാലം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ

165 (3718) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ള കുട്ടി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

## ഉത്തരം

(എ) സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായും തുടർന്നു നടപ്പിലാക്കിയ ഒരു വർഷ കർമ്മപരിപാടിയുടെ ഭാഗമായും വനംവകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1 വനംവകുപ്പിലെ ഓരോ ടെറിട്ടോറിയൽ സർക്കിളുകളിലെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അതാത് സർക്കിൾ പരിധിയിൽവരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസുകൾ പരിശോധിക്കുവാനായി ഒരു പ്രത്യേക ടീം രൂപവൽക്കരിച്ചു.

2 ഓരോ സർക്കിൾ പരിധിയിലും തീർപ്പാകാതെ കിടന്ന പെൻഷൻ കേസുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും പഴക്കംചെന്ന കേസുകൾ മുൻഗണനാക്രമത്തിൽ തരംതിരിച്ച് പ്രത്യേകം നടപടി സ്വീകരിച്ചു.

3 വിജിലൻസ് കേസിൽ ഉൾപ്പെടാത്ത അച്ചടക്ക നടപടികൾ നിലനിൽക്കുന്ന കേസുകളിൽ അവ എത്രയുംപെട്ടെന്ന് തീർപ്പാക്കി പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4 ബാധ്യതകൾ സമയബന്ധിതമായി തിട്ടപ്പെടുത്തി ചട്ടപ്രകാരം പെൻഷണറെ അറിയിക്കുവാനും വിശദീകരണം നൽകുവാൻ 15 ദിവസത്തെ സമയം അനുവദിച്ചശേഷം അന്തിമമായി തീർപ്പാക്കുവാനും നടപടി സ്വീകരിച്ചു.

5 പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണങ്ങൾ പരിശോധിച്ചു.

6 വനംവകുപ്പ് ആസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഭരണം) നേതൃത്വത്തിൽ പ്രത്യേക ടീം രൂപവൽക്കരിച്ചു.

(ബി&സി) തീർപ്പാകാതെ കിടക്കുന്ന പഴക്കംചെന്ന കേസുകൾ മുൻഗണനാ ക്രമത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച് അവ സമയബന്ധിതമായി തീർപ്പാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി സർക്കിൾ തലത്തിൽ രൂപീകരിച്ച പ്രത്യേക ടീം അതാത് സർക്കിൾ പരിധിയിൽവരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടക്കുന്ന പഴക്കംചെന്ന പെൻഷൻ കേസുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിയാണ് ആദ്യം സ്വീകരിച്ചത്. അപ്രകാരം 1-6-2011 തീയതി കണക്കാക്കി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം വനംവകുപ്പിൽ 540 പെൻഷൻ കേസുകൾ തീർപ്പാക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ടായിരുന്നു. വിജിലൻസ്/വകുപ്പുതല കേസുകൾ നിലവിലുള്ളതിനാൽ, ബാധ്യത തിട്ടപ്പെടുത്തുന്നതിൽ ഉണ്ടായ കാലതാമസമാണ് പെൻഷൻ കേസുകൾ തീർപ്പാക്കാൻ തടസ്സമായിട്ടുള്ളതെന്ന് കണ്ടെത്തിയ കേസുകളിൽ വിജിലൻസ് കേസ് നിലവിലുള്ളവ ഒഴികെയുള്ള മറ്റ് വകുപ്പ്തല അച്ചടക്ക നടപടികൾ, ബന്ധപ്പെട്ട അച്ചടക്ക/ശിക്ഷണ അധികാരികൾ സമയബന്ധിതമായി തീർപ്പാക്കുകയും അതനുസരിച്ച് തിട്ടപ്പെടുത്തിയ ബാധ്യതാവിവരം പെൻഷണറെ അറിയിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ അവസരം നൽകുകയുമുണ്ടായി. തുടർന്ന് സർക്കിൾ തലത്തിലും വനംവകുപ്പാസ്ഥാനത്തും 12 പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണം പരിശോധിച്ച് പെൻഷണറുടെ ആവലാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു. പദ്ധതിയുടെ പ്രവർത്തനഫലമായി ഇതിനകം 437 കേസുകൾക്ക് അന്തിമ തീർപ്പുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## വനത്തിനുള്ളിലെ ഫോട്ടോഗ്രാഫി നിരോധനം

166 (3719) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിനുള്ളിൽ ഫോട്ടോഗ്രാഫി നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലില്ല.

(ബി) ബാധകമല്ല.

**ചെറുകിട കർഷകരുടെ ഭൂമി റീ-നോട്ടിഫൈ ചെയ്ത് ഒഴിവാക്കൽ**

167 (3720) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എഫ്.എൽ. നിയമത്തിൽ ചെറുകിട കർഷകരുടെ ഭൂമി റീ-നോട്ടിഫൈ ചെയ്തു ഒഴിവാക്കുന്നതിനുള്ള നിയമഭേദഗതിക്ക് എന്നുമുതലാണ് നിയമപ്രാബല്യം നൽകിയിട്ടുള്ളത് ;

(ബി) എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) എത്ര അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) എത്ര കർഷകർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട് ;

(ഇ) എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ;

(എഫ്) പരിസ്ഥിതിക്ക് കോട്ടം തട്ടാത്തവിധത്തിൽ അനുയോജ്യമായി കൃഷി ചെയ്യാൻ കർഷകരെ അനുവദിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമം 2009-ൽ ഭേദഗതി വരുത്തി 20-8-2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരം 2-6-2000-ൽ 2 ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പ് 10 ബി പ്രകാരമുള്ള കമ്മിറ്റി സ്ഥലപരിശോധന നടത്തി സർക്കാരിലേക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുക്കുന്ന അന്തിമ തീരുമാനത്തിന് അനുസൃതമായിട്ടായിരിക്കും എത്ര ഹെക്ടർ സ്ഥലം ഏതെല്ലാം കർഷകർക്ക് തിരികെ ലഭിക്കുവാൻ അർഹതയുണ്ടെന്നു നിർണ്ണയിക്കപ്പെടുന്നത്.

(ബി) ഇ.എഫ്.എൽ നിയമം വകുപ്പ് 10 (എ) പ്രകാരം ഇതുവരെ 1050 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോട്ടയം | - | 55 |
| ഇടുക്കി | - | 146 |
| തൃശ്ശൂർ | - | 44 |
| പാലക്കാട് | - | 531 |

| | | |
|---|---|---|
| മലപ്പുറം | - | 24 |
| കോഴിക്കോട് | - | 151 |
| വയനാട് | - | 73 |
| കണ്ണൂർ | - | 26 |

(സി) ലഭ്യമായ 1050 അപേക്ഷകളിൽ നിരസിച്ച 605 അപേക്ഷകൾ കഴിച്ച് ബാക്കിയുള്ള 445 അപേക്ഷകളിന്മേൽ ഇ.എഫ്.എൽ. അവകാശ തർക്ക പരിഹാര സമിതി മുഖേന 126 അപേക്ഷകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ഡി) 14 കർഷകർക്ക് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല.

(എഫ്) ഇ.എഫ്.എൽ. നിയമപ്രകാരം 2-6-2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള ഭൂമി കേരള വനനിയമം വകുപ്പ് 5 പ്രകാരം റിസർവ്വ് വനത്തിന്റെ സ്റ്റാറ്റസിലുള്ളതിനാൽ ടി ഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ അനുവദനീയമല്ല.

## പരിസ്ഥിതി ദുർബല മേഖലയുടെ സംരക്ഷണത്തിന് വന്യജീവി ബോർഡിന്റെ തീരുമാനങ്ങൾ

**168 (3721)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവി സങ്കേതങ്ങളുടെ അതിർത്തികളിൽ പരിസ്ഥിതി ദുർബല മേഖലയുടെ സംരക്ഷണത്തിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന വന്യജീവി ബോർഡ് യോഗം ചർച്ച ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ചർച്ചചെയ്ത് തീരുമാനിച്ച കാര്യങ്ങൾ സർക്കാരിനെ ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതിനോട് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണ് ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വന്യജീവി സങ്കേതങ്ങൾക്കുചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഈ വിഷയം സംസ്ഥാന വന്യജീവി ബോർഡ് യോഗം ചർച്ച ചെയ്തിട്ടുണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതം, കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയൊഴികെയുള്ള സംരക്ഷിത പ്രദേശങ്ങളിൽ പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.



LIBRARY ARCHIVES Kerala Legislative Assembly

(സി) വന്യജീവി സംരക്ഷണത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഓരോ പ്രദേശങ്ങളുടെയും പ്രത്യേകതകൾക്കനുസരണമായി പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിലേക്ക് നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**കണ്ടൽ സംരക്ഷണദിനം**

169 (3722) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ടൽ സംരക്ഷണത്തിനുവേണ്ടി പ്രയത്നിച്ച കണ്ടലമ്മച്ചി എന്ന പേരിൽ അറിയപ്പെടുന്ന മറിയാമ്മ കുര്യന്റെ ചരമദിനം കേരളത്തിൽ കണ്ടൽ സംരക്ഷണദിനമായി ആചരിക്കുന്നതിന് തയ്യാറാകുമോ ; ഇല്ലെങ്കിൽ ആയതിന് തടസ്സം എന്താണ് ; വ്യക്തമാക്കുമോ ?

**ഉത്തരം**

ഇക്കാര്യം പരിഗണനയിലില്ല.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

170 (3723) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കണ്ടൽക്കാടുകളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ;

(ബി) വേമ്പനാട്ടുകായലിലെ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) വേമ്പനാട്ടുകായലിലെ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള ബോധവൽക്കരണ ക്ലാസ്സുകളും സ്റ്റഡി ടൂറുകളും ട്രെയിനിംഗുകളും നടത്തിവരുന്നു. കൂടാതെ നാശോന്മുഖമായ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി കണ്ടൽച്ചെടികളുടെ തൈകൾ നഴ്സറികളിൽ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. കണ്ടൽകാടുകളുടെ സംരക്ഷണത്തിനുവേണ്ടി കണ്ടൽ ഉടമകൾക്ക് ധനസഹായവും വനംവകുപ്പ് നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ്

171 (3724) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ പ്രഥമ കമ്മ്യൂണിറ്റി റിസർവ്വായ കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റിസർവ്വിന്റെ പ്രവർത്തനത്തിന് മാർഗ്ഗരേഖയാകേണ്ട മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭ്യമായോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അംഗീകാരം നൽകിയിട്ടില്ല. ആയത് തയ്യാറാക്കുന്നതിനുള്ള പ്രക്രിയകൾ അവസാനഘട്ടത്തിലാണ്.

## അതിരപ്പിള്ളി ടൂറിസം മേഖല

172 (3725) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അതിരപ്പിള്ളി ടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും പാർക്കിംഗ് ഫീസായും പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത വിഹിതം പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിരപ്പിള്ളി-വാഴച്ചാൽ, തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

അതിരപ്പിള്ളി ഇക്കോടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽ നിന്ന് പ്രവേശനഫീസായും, പാർക്കിംഗ് ഫീസായും സർവ്വീസ് ചാർജ്ജായും പിരിച്ചെടുക്കുന്ന സംഖ്യയിൽ സർക്കാർ ഖജനാവിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക ഒടുക്കുകയും സർവ്വീസ് ചാർജ്ജായി ശേഖരിക്കുന്ന തുക പുഴ-വന സംരക്ഷണ നിധിയിൽ ഒടുക്കുകയും ചെയ്യുന്നു. പുഴ-വന സംരക്ഷണനിധി, വനസംരക്ഷണ പ്രവർത്തനത്തിനും, ഇക്കോ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വനസംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾവഴി വന വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ പ്രയോജനപ്പെടുത്തുന്നു. അതിരപ്പിള്ളി ടൂറിസം മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകളിൽനിന്ന് പ്രവേശനഫീസായും പാർക്കിംഗ് ഫീസായും പിരിച്ചെടുക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത വിഹിതം പ്രസ്തുത മേഖലയിലെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനായി അതിരപ്പിള്ളി-വാഴച്ചാൽ, തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വഴിയോരം തണൽമരങ്ങൾ

173 (3726) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിലെ തണൽമരങ്ങളിൽ ആണി തറച്ചും ഭാരമേറിയ ബോർഡുകൾ സ്ഥാപിച്ചും അവയെ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങൾ ചൂണ്ടിക്കാട്ടി മാവേലിക്കര താമരക്കുളം വി.വി.എച്ച്.എസ്.എസ്. പരിസ്ഥിതി സൗഹൃദക്ലബ്ബ് നൽകിയ അപേക്ഷ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശനനടപടി സ്വീകരിക്കുമോ ; നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പാതയോരത്തെ തണൽമരങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് അവ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്ന് പത്രമാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പോലീസിന്റെ സഹായത്തോടെ ഫോറസ്റ്റ് ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും വിദ്യാർത്ഥികളും ചേർന്ന് ബോർഡുകൾ നീക്കം ചെയ്യുകയും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഫുട്ട്പാത്തിലെ മരങ്ങൾ വെട്ടിമാറ്റാൻ അനുമതി

174 (3727) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സി.ആർ.ഐ.പി.-യുടെ കീഴിൽ പണി പൂർത്തിയായ റോഡുകളുടെ ഫുട്ട്പാത്ത് നിർമ്മാണം മരങ്ങൾ വെട്ടിമാറ്റാത്തതു കാരണം തടസ്സപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡരുകിൽ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ അനുവാദം ആവശ്യമുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) മുറിഞ്ഞപാലം-കുമാരപുരം റോഡിൽ ഇത്തരം മരങ്ങൾ നിൽക്കുന്നതുകാരണം ഫുട്ട്പാത്തിന്റെ പണി പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഫുട്ട്പാത്ത് നിർമ്മിക്കാത്തതുകാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് മരങ്ങൾ വെട്ടിമാറ്റുന്നതിന് അനുമതി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആവശ്യമുണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) 68/10/വനം-വന്യജീവി വകുപ്പ് തീയതി 10-2-2010, സർക്കാർ ഉത്തരവ് (ആർ.റ്റി) 172/2010/വനം വന്യജീവി വകുപ്പ് തീയതി 21-4-2010 എന്നിവപ്രകാരം സർക്കാർ, അർദ്ധ-സർക്കാർ പൊതുമേഖല തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു നീക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവുകളാണ്. മേൽ ഉത്തരവ് പ്രകാരം പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ കോർപ്പറേഷൻ പരിധിയിൽ മേയറും മുനിസിപ്പാലിറ്റി പരിധിയിൽ മുനസിപ്പൽ ചെയർമാനും പഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ചെയർമാനായുള്ള കമ്മിറ്റിയാണ് അനുമതി നൽകേണ്ടത്. സ്ഥലം സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ മെമ്പർ ബന്ധപ്പെട്ട കൗൺസിലർ, പഞ്ചായത്ത് പ്രസിഡന്റ്, ടൗൺ പ്ലാനർ, എൻ.ജി.ഒ. പ്രതിനിധികൾ തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളും അതാത് ജില്ലകളിലെ സാമൂഹിക വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ കൺവീനർമാരുമാണ്. റോഡരുകിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് മേൽ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനം ആവശ്യമാണ്.

(സി) പ്രസ്തുത സ്ഥലത്ത് 31 മരങ്ങൾ മുറിക്കുന്നതിന് 7-7-2011, 17-8-2011, 21-12-2011, 25-4-2012 എന്നീ തീയതികളിൽ മേൽവിവരിച്ച സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ടവരിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുകളിൽ പരാമർശിച്ച ഉത്തരവ് പ്രകാരം രൂപീകരിച്ച പരിശോധനാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതാത് ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുന്നതാണ്.

**തൂത്തംപാറ എസ്റ്റേറ്റ് വനംവികസന കോർപ്പറേഷന് നൽകാൻ നടപടി**

175 (3728) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നെല്ലിയാമ്പതി പഞ്ചായത്തിലെ തൂത്തംപാറ എസ്റ്റേറ്റ് കേരള വനം വികസന കോർപ്പറേഷൻ എന്നാണ് ഏറ്റെടുത്തത് ;

(ബി) വനം വികസന കോർപ്പറേഷനിൽനിന്നും തൂത്തംപാറ എസ്റ്റേറ്റ് എന്നുമുതലാണ് വനം വകുപ്പ് തിരിച്ചെടുത്തത് ;

(സി) വനംവകുപ്പ് തിരിച്ചെടുക്കുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) തൂത്തംപാറ എസ്റ്റേറ്റ് വനംവികസന കോർപ്പറേഷന് വീണ്ടും തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തൂത്തംപാറ എസ്റ്റേറ്റ് കേരള വനം വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടില്ല. വിള ശേഖരത്തിനുമാത്രമായി കൈമാറപ്പെട്ട പ്രസ്തുത എസ്റ്റേറ്റ് 24-12-2012-ൽ വനംവകുപ്പ് തിരിച്ചെടുക്കുകയുണ്ടായി.

(സി) പാരിസ്ഥിതാകാഘാതം കുറയ്ക്കുക ലക്ഷ്യമാക്കി ജൈവ വസ്തുക്കൾ മാത്രം ഉപയോഗിച്ച് വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനായി, പ്രസ്തുത എസ്റ്റേറ്റിലെ ഉൽപ്പന്നങ്ങൾക്ക് ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് വനംവകുപ്പ് ടി എസ്റ്റേറ്റ് തിരിച്ചെടുത്തിട്ടുള്ളത്.

(ഡി) മേൽവിവരിച്ച കാരണങ്ങളാൽ ഇപ്പോൾ പരിഗണനയിലില്ല.

തടി ഡിപ്പോകൾ

176 (3729) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിനു കീഴിൽ ആകെ എത്ര തടി ഡിപ്പോകളാണുള്ളതെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) 2011-12-ലും 2012-13-ലും നാളിതുവരെയും ഓരോ തടി ഡിപ്പോയിലും എത്രതവണ വീതം തടി ലേലം നടന്നിട്ടുണ്ട് ; ഓരോ ഡിപ്പോയിൽ നിന്നും എന്തു തുകയുടെ വരുമാനം ഉണ്ടായിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഓരോ തടി ഡിപ്പോകളിൽനിന്നും ഏറ്റവുമധികം വില്പന നടത്തിയിട്ടുള്ള തടി ഇനം ഏതാണ് ; എത്ര ക്യൂബിക് മീറ്റർ തടി വില്പന നടത്തി ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വനംവകുപ്പിന്റെ കീഴിൽ 29 തടി ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് സർക്കിളിൽ ; പാലക്കാട് ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ വാളയാർ, അരുവാക്കോട്, നെടുങ്കയം എന്നീ തടി ഡിപ്പോകൾ ഉണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിനുകീഴിൽ ; കോഴിക്കോട് ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ ചാലിയം, കുപ്പാടി, മഞ്ചക്കൽ, പരപ്പ, കണ്ണോത്ത്, ബാവലി എന്നീ തടിഡിപ്പോകൾ ഉണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിൽ, പെരുമ്പാവൂർ ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ ചാലക്കുടി, വീട്ടൂർ, മുടിക്കൽ, ചെട്ടിക്കുളം, വരാപ്പുഴ എന്നീ തടി ഡിപ്പോകൾ ഉണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിളിൽ, കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ കോതമംഗലം, തലക്കോട്, വെട്ടിക്കാട്, പാറാമ്പുഴ എന്നീ തടി ഡിപ്പോകൾ ഉണ്ട്. കൊല്ലം സതേൺ സർക്കിളിൽ, തിരുവനന്തപുരം ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ ആര്യങ്കാവ് കുളത്തൂപ്പുഴ, തെന്മല, അച്ചൻകോവിൽ, മുള്ളുമല (അനക്സ് ഡിപ്പോ അച്ചൻകോവിൽ) എന്നിവയും പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിൽ തൂയ്യം, പത്തനാപുരം, കടക്കാമൺ, അരീക്കക്കാവ്, കോന്നി, വീയ്യപുരം എന്നീ തടി ഡിപ്പോകളും ഉണ്ട്.

(ബി) മുകളിൽ സൂചിപ്പിച്ച തടി ഡിപ്പോകളിൽ മഞ്ചക്കലുള്ള തടി ഡിപ്പോയിൽ, ഈ കാലയളവിൽ തടി ലേലം നടന്നിട്ടില്ല. മറ്റ് 28 ഡിപ്പോകളിലെ തടിലേലം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.*

(സി) പൊതുവിൽ തടി ഡിപ്പോകളിൽ ഏറ്റവും അധികം വിൽപ്പന നടത്തിയിട്ടുള്ളത് തേക്കാണ്, എന്നാൽ ചില തടി ഡിപ്പോകളിൽ ഈട്ടിയും പലജാതി തടികളും ഏറ്റവും അധികം വിൽപ്പന നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട്.*

## സ്വകാര്യഭൂമിയിലെ തടി ഉൽപ്പാദനം

177 (3730) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ഭൂമിയിലെ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭൂവുടമകൾക്ക് അധിക വരുമാനം ലഭ്യമാക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഇനം മരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സർവ്വസാധാരണ ഉൽപ്പാദിപ്പിക്കുന്ന തടിയിനങ്ങളുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കുമോ ?

### ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. സ്വകാര്യ ഭൂമിയിലെ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഭൂവുടമകൾക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനും, തടി ഉൽപ്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും വേണ്ടി `ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള മാർഗ്ഗരേഖകൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൃക്ഷത്തൈകൾ വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും, തൈകൾക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രോൽസാഹന തുക നൽകുകയും ചെയ്യുന്നു :

(i) 50 മുതൽ 200 വരെ തൈകൾക്ക് തൈ ഒന്നിന് 50 രൂപ,

(ii) 201 മുതൽ 400 വരെ തൈകൾക്ക് തൈ ഒന്നിന് 40 രൂപ കുറഞ്ഞത് 10000 രൂപ

(iii) 401 മുതൽ 625 വരെ തൈകൾക്ക് തൈ ഒന്നിന് 30 രൂപ കുറഞ്ഞത് 16000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മുൻവർഷങ്ങളിൽ നട്ട തൈകൾക്ക് അതായത് ഒരു വർഷം മുതൽ 2 വർഷം വരെ പ്രായമായ തൈകൾക്ക് മാത്രമായിരിക്കും പ്രോൽസാഹന ധനസഹായം നൽകുന്നത്. പ്രോൽസാഹന ധനസഹായത്തിന്റെ 50% ഒന്നാം ഗഡുവായി ആദ്യ വർഷവും ബാക്കി 50% രണ്ടാം ഗഡുവായി 3-ാം വർഷവും നൽകുന്നതാണ്.

(ബി) തേക്ക്, ചന്ദനം, ആഞ്ഞിലി, മഹാഗണി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് തുടങ്ങിയ 10 ഇനം മരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഈ വർഷംമുതൽ നടപ്പിലാക്കുന്ന പദ്ധതിയിൽ മേൽപ്പറഞ്ഞ 10 ഇനം വൃക്ഷങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തന വിജയം കണക്കാക്കി സർവ്വസാധാരണമായി ഉൽപ്പാദിപ്പിക്കുന്ന തടിയിനങ്ങൾകൂടി ഭാവിയിൽ സർക്കാർ ഉത്തരവിന് വിധേയമായി ഉൾപ്പെടുത്തുന്നതാണ്.

## പേപ്പാറ അണക്കെട്ടിന്റെ ഉയരം കൂട്ടാൻ വന്യജീവി ബോർഡിന്റെ ശുപാർശ

178 (T.3731) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേപ്പാറ അണക്കെട്ടിന്റെ ഉയരം മൂന്ന് മീറ്ററായി ഉയർത്താനും അതിനു ബദലായി ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുത്ത് വനം വകുപ്പിനു കൈമാറാനും സംസ്ഥാന വന്യജീവി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ തീരുമാനം എന്താണെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 3-1-2013-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് പേപ്പാറ ജലാശയത്തിന്റെ ജലനിരപ്പ് താഴെപ്പറയുന്ന നിബന്ധനകൾക്കുവിധേയമായി 3 മീറ്റർകൂടി ഉയർത്തുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

1 1400 ഏക്കർ വിസ്തീർണ്ണമുള്ള ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുത്ത് വന്യജീവി സങ്കേതത്തോട് ചേർക്കുക,

2 ചെമ്മാൻകാല എന്ന സ്ഥലത്തുള്ള 60,000 ക്യൂബിക് മീറ്റർ വരുന്ന മണൽ ശേഖരിച്ച് നീക്കം ചെയ്യാൻ വന സംരക്ഷണ നിയമപ്രകാരമുള്ള കേന്ദ്രാനുമതി വാങ്ങി നടപടികൾ കൈക്കൊള്ളുക,

3 വിതുര-പേപ്പാറ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ടാർ ചെയ്യുക,

4 പൊടിയകാല സെറ്റിൽമെന്റിലെ ആദിവാസികൾക്ക് ജലവിതാനം ഉയരുമ്പോൾ നഷ്ടപ്പെടുന്ന ഭൂമി സംബന്ധിച്ച പരാതി വനാവകാശ നിയമപ്രകാരം പരിഹരിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

5 പൊടിയകാല സെറ്റിൽമെന്റിലെ ആദിവാസികൾക്ക് ബസ് സർവ്വീസ് അനുവദിച്ച് അവരുടെ യാത്രാക്ലേശം പരിഹരിക്കുക,

6 പേപ്പാറ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഇക്കോ ടൂറിസം പദ്ധതികൾക്കായി വിട്ടുനൽകുക,

7 ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുക

**മൂർത്തികുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണം**

**179 (3732)** ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ വനം വകുപ്പിനു കീഴിലുള്ള മൂർത്തിക്കുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവൃത്തി വർഷങ്ങൾക്കു മുമ്പ് നിർത്തിവെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണെന്ന് ഒരു വർഷംമുമ്പ് നിയമസഭാ ചോദ്യത്തിനു മറുപടിയായി പറഞ്ഞിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുവരെയും റോഡിന്റെ നിർമ്മാണപ്രവൃത്തി നടക്കാതിരിക്കുവാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ ;

(ഡി) റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പുനഃരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെന്മാറ വനം ഡിവിഷനിൽ ആലത്തൂർ റെയിഞ്ചിലെ മൂർത്തിക്കുന്ന്-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2007-08 സാമ്പത്തിക വർഷത്തിൽ നബാർഡ് RIDF സ്കീമിൽ ഉൾപ്പെടുത്തി ആരംഭിച്ചിരുന്നു. എന്നാൽ പ്രാരംഭഘട്ടത്തിൽത്തന്നെ കാലവർഷം മൂലമുണ്ടായ ശക്തമായ കാറ്റിലും മഴയിലും നിർമ്മിച്ച റോഡ് മുഴുവൻ ഒലിച്ചുപോവുകയും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ നിർത്തിവയ്ക്കേണ്ടതായും വന്നു.

(ബി) ഉണ്ട്. പ്രസ്തുത റോഡിന്റെ പുനഃരുദ്ധാരണം നബാർഡ് RIDF സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് ശ്രമം നടത്തുന്നുണ്ട്.

(സി) മൂർത്തിക്കുന്ന്-തളികക്കല്ല് കാടാർ കോളനി റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുക 1 കോടി 30 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലമാണ് നിർമ്മാണ പ്രവർത്തി നടക്കാതിരിക്കുന്നത്.

(ഡി) റോഡ് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവർത്തനം പുനഃരാരംഭിക്കാൻ കഴിയുകയുള്ളൂ.



LIBRARY ARCHIVES Kerala Legislative Assembly

## കണമല പാലത്തിന്റെ അപ്രോച്ച് റോഡിനായി വിട്ടുനല്കുന്ന വനഭൂമി

180 (3733) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പാതയിലെ കണമലയിൽ നിർമ്മിക്കുന്ന കണമല പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി എത്ര വിസ്തൃതി വനഭൂമിയാണ് വിട്ടുനൽകാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത് ; എന്നാണ് കേന്ദ്രാനുമതി ലഭിച്ചത് ; പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കൈമാറാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) അപ്രോച്ച് റോഡിന് കൈമാറേണ്ട ഭൂമിയിൽ എത്ര മരങ്ങളാണുള്ളത് ; ഇവയ്ക്ക് പകരം മരം നടുന്നതിനും മറ്റുമായി പൊതുമരാമത്തുവകുപ്പ് എത്ര രൂപയാണ് വനംവകുപ്പിന് നൽകിയിട്ടുള്ളത് ;

(സി) മരം മുറിച്ചുമാറ്റുന്നതിന് നിലവിൽ എന്തു തടസ്സമാണുള്ളത് ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഇതു സംബന്ധിച്ച തീരുമാനം വൈകുന്നത് എന്തുകൊണ്ട് ; വിശദമാക്കുമോ ;

(ഡി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും, സംസ്ഥാന വനംവകുപ്പിന്റെ സഹകരണമില്ലായ്മമൂലം പാലം നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വിട്ടുനൽകാൻ അനുമതി ലഭിച്ച ഭൂമിയിലെ മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റുവാനും പ്രസ്തുത ഭൂമി സമയബന്ധിതമായി പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 0.542 ഹെക്ടർ വനഭൂമി. ഇതിന് 21-9-2012-ലാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സ്ഥലത്ത് നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിനുശേഷം സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതാണ്.

(ബി) 147 മരങ്ങൾ. 5,65,306 രൂപ നെറ്റ് പ്രസന്റ് വാല്യു ആയും, 65,000 രൂപ പകരം മരംവച്ചുപിടിപ്പിന്നുതിലേക്കും അവയുടെ പരിചരണത്തിനുമായി പൊതുമരാമത്ത് വകുപ്പ് ഒടുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) മരങ്ങൾ മുറിച്ചുമാറ്റുന്നതിന് മരങ്ങൾ മാർക്ക് ചെയ്ത് മാർക്കിംഗ് ലിസ്റ്റ്, മാർക്കിംഗ് രജിസ്റ്റർ എന്നിവ തയ്യാറാക്കി, ടി മരങ്ങളിൽനിന്ന് ലഭിക്കാവുന്ന തടി, ബില്ലറ്റ് എന്നിവ മരത്തിന്റെ ഇനം തിരിച്ച് കണ്ടെത്തുക, മരങ്ങൾ മുറിച്ചുമാറ്റുന്ന ജോലികൾക്കുള്ള അടങ്കൽ തയ്യാറാക്കുക, അടങ്കൽ അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് ടി മരങ്ങൾ ടെണ്ടർ മുഖേനയോ, വകുപ്പ് മുഖേനയോ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുക എന്നിവ ചെയ്യേണ്ടതുണ്ട്. ആയതിന്റെ അടങ്കൽ ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അംഗീകരിച്ചിട്ടുണ്ട്. ടി മരങ്ങൾ മുറിച്ചു നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശം അംഗീകൃത അടങ്കൽ സഹിതം റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതിനുള്ള കാലതാമസം കണക്കിലെടുത്ത് ടി ജോലി വകുപ്പുതലത്തിൽ അടിയന്തരമായി പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വെമ്പൂരം തൂക്കുപാലവും

181 (3734) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പെരിയാറിന് കുറുകെ മഹാഗണിതോട്ടത്തിൽ നിന്നും വെമ്പൂരംവരെ പണിപൂർത്തിയാക്കിയിട്ടുള്ള തൂക്കുപ്പാലം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിലെ കാലതാമസം വ്യക്തമാക്കാമോ ;

(ബി) വെമ്പൂരത്തുനിന്നും കപ്രിക്കാട്ട് അഭയാരണ്യം വരെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തൂക്കുപ്പാലത്തിന്റെ നിർമ്മാണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) പ്രസ്തുത തൂക്കുപാലത്തിന്റെ ആരംഭ പ്രദേശമായ പെരുന്തോട് പ്രദേശത്തും, വെമ്പൂരം ദ്വീപിലും മുൻകാലങ്ങളെ അപേക്ഷിച്ച് കാട്ടാനകളുടെ ശല്യം രൂക്ഷമായതിനാൽ പൊതുജനത്തിന് സംരക്ഷണം ഉറപ്പുവരുത്തിയതിനു ശേഷം തൂക്കുപാലം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

### വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടിക

182 (3735) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി ദുർബല പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കി വിജ്ഞാപനം ചെയ്യണമെന്ന് കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് കേന്ദ്രമന്ത്രാലയം എന്തെങ്കിലും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ജനവാസ കേന്ദ്രങ്ങൾ, കാർഷിക-വ്യവസായ കേന്ദ്രങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയുള്ള പ്രദേശങ്ങൾ പ്രസ്തുത രൂപരേഖയിൽ ഉൾപ്പെട്ടാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഇതിനോട് സർക്കാരിന്റെ നയപരമായ സമീപനം എന്താണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ വിജ്ഞാപനം ചെയ്യണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്

(ബി) ഉണ്ട്. 2011 ഫെബ്രുവരി മാസം ഇറക്കിയിട്ടുള്ള, പരാമർശ വിഷയത്തിലുള്ള മാർഗ്ഗരേഖയിൽ പാരിസ്ഥിതിക സംവേദക മേഖലകൾ സൃഷ്ടിക്കപ്പെടേണ്ട പശ്ചാത്തലവും, സാഹചര്യങ്ങളും, പ്രസ്തുത മേഖലകൾ സൃഷ്ടിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളും വിശദീകരിച്ചിട്ടുണ്ട്. ഓരോ വന്യമൃഗസങ്കേതങ്ങൾക്കു ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ നിർണ്ണയിക്കുന്നതുസംബന്ധിച്ച് അഭിപ്രായം സ്വരൂപിച്ച് ശുപാർശ നൽകുവാൻ, അതാത് പ്രദേശത്തെ വൈൽഡ് ലൈഫ് വാർഡൻ ഉൾപ്പെടെയുള്ള 4 (നാല്) അംഗങ്ങളുള്ള കമ്മിറ്റിയെ നിയോഗിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കുചുറ്റുമുള്ള പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യവും, പാരിസ്ഥിതിക പ്രാധാന്യവും കണക്കിലെടുത്ത് ആ പ്രദേശങ്ങളിൽ നിരോധിക്കേണ്ടതും, നിയന്ത്രിക്കേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതുമായ പ്രവർത്തനങ്ങൾ നിശ്ചയിച്ച് ശുപാർശ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

(സി) വിലയിരുത്തിയിട്ടുണ്ട്.

(ഡി) തയ്യാറാക്കിവരുന്നു.

(ഇ) പൊതുജന നന്മയ്ക്കായി പാരിസ്ഥിതിക സംരക്ഷണം ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നയപരമായ സമീപനം.

## വന്യജീവി ആക്രമണങ്ങൾ

183 (3736) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തിലും 2012-13 വർഷത്തിലും കേരളത്തിൽ വിവിധ ഭാഗങ്ങളിലായി എത്ര വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വന്യജീവി ആക്രമണങ്ങളിൽ എത്രയാളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട് ;

(സി) ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് വനംവകുപ്പ് എന്തു തുക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ;

(ഡി) വന്യജീവി ആക്രമണങ്ങളിൽ ആകെ എത്ര രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ഇ) വന്യജീവി ആക്രമണങ്ങളിൽ ജനങ്ങളുടെ വീടുകൾക്കും വസ്തു വകകൾക്കും ആകെ എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2011-12-ൽ 6426 വന്യജീവി ആക്രമണങ്ങളും 2012-13-ൽ 3769 വന്യജീവി ആക്രമണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് വനംവകുപ്പ് 1980-ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടപ്രകാരം താഴെപ്പറയും പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് :

| | |
|---|---|
| ചട്ടം നിലവിൽവന്നതുമുതൽ 14-12-1988 വരെ | 5,000 രൂപ |
| 15-12-1988 മുതൽ 29-10-1999 വരെ | 10,000 രൂപ |
| 30-10-1999 മുതൽ19-1-2005 വരെ | 20,000 രൂപ |
| 20-1-2005 മുതൽ 15-6-2009 വരെ | 50,000 രൂപ |
| 16-6-2009 മുതൽ 6-7-2010 വരെ | 1,00,000 രൂപ |
| 7-7-2010 മുതൽ | 3,00,000 രൂപ |
| 7-7-2010 മുതൽ വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നത് | 1,00,000 രൂപ |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## ഇടുക്കി മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ

184 (3737) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങൾ മനുഷ്യരെ ആക്രമിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വന്യമൃഗങ്ങൾ കൃഷിയിടം നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; അത് ഏതെല്ലാം മേഖലകളിൽ എന്ന് വ്യക്തമാക്കുമോ ;

(സി) മണിയാറൻകുടി, വട്ടമേട്, കാഞ്ചിയാർ എന്നീ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് വനഭൂമിയും റവന്യൂ ഭൂമിയും തിരിച്ച് കമ്പി വേലി കെട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇടുക്കി നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങൾ മനുഷ്യരെ ആക്രമിച്ച 4 (നാല്) സംഭവങ്ങൾ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ഡിവിഷനിലെ അയ്യപ്പൻകോവിൽ റെയിഞ്ചിൽവരുന്ന ലബ്ബക്കട ഭാഗത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ 2 (രണ്ട്) പേർക്കും എരുമേലി റെയിഞ്ചിലെ വള്ളക്കടവ് മൗണ്ട് ഒ.പി. ഭാഗത്ത് കരടിയുടെ ആക്രമണത്തിൽ ഒരാൾക്കും, കോതമംഗലം ഡിവിഷനിൽ പുള്ളിക്കാനം ഭാഗത്ത് കാട്ടുപന്നിയുടെ ആക്രമണത്തിൽ ഒരാൾക്കും പരിക്കേറ്റിരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

## വന്യജീവി ആക്രമണം

185 (3738) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വന്യമൃഗങ്ങളിൽ നിന്ന് പ്രസ്തുത ഭാഗത്തെ കൃഷിയിടങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തര സഹായങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളിൽനിന്ന് പ്രസ്തുത ഭാഗത്തെ കൃഷിയിടങ്ങളെയും ജനങ്ങളെയും രക്ഷിക്കാൻ താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1 ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം

2 സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം

3 വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

4 കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ നിലമ്പൂർ ആസ്ഥാനമാക്കി ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു

5 വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവച്ചുകൊല്ലുന്നതിനുള്ള ഉത്തരവ് നിലവിലുണ്ട്.

6 അപകടകാരികളായ മൃഗങ്ങളെ മയക്കുവെടിവച്ച് പിടിച്ചശേഷം, ആവാസ വ്യവസ്ഥയ്ക്ക് പുറത്തേക്കുമാറ്റി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് 1980-ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

## വന്യമൃഗ ആക്രമണത്തിൽപ്പെടുന്നവർക്ക് ധനസഹായം

186 (3739) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണവും അംഗവൈകല്യം ഉൾപ്പെടെയുള്ള സാരമായ പരിക്കുകളും സംഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) നിലവിൽ കൊല്ലം ജില്ലയിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതരും, അംഗവൈകല്യം ഉൾപ്പെടെയുള്ള സാരമായ പരിക്ക് സംഭവിച്ചവരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം അതാത് പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സംഭവം നടന്ന് 3 (മൂന്ന്) മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മരണപ്പെട്ടവരുടെ ആശ്രിതർ അനന്തരാവകാശ സർട്ടിഫിക്കറ്റും സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവരും പരിക്കേറ്റവരുമായ അപേക്ഷകർ കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ചാഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

(ബി)

| | | |
|---|---|---|
| 2012-13-ൽ ലഭിച്ച അപേക്ഷകൾ | - | 35 |
| തീർപ്പ് കൽപ്പിച്ച അപേക്ഷകൾ | - | 19 |
| അവശേഷിക്കുന്ന അപേക്ഷകൾ | - | 16 |

LIBRARY ARCHIVES Kerala Legislative Assembly

### കടുവാ സങ്കേതങ്ങൾ

187 (3740) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം വനമേഖലകളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) കടുവാ സങ്കേതത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന വന മേഖലയോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ (റവന്യൂ വില്ലേജ്) ഏതെല്ലാമെന്നു വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിൽ ജനങ്ങൾക്ക് ആവാസ യോഗ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളത് ;

(ഡി) ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി പെരിയാറും, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി പറമ്പിക്കുളവുമാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) കുമളി, പെരിയാർ, മ്ലാപ്പറ, മഞ്ജുമല, ചിറ്റാർ, സീതത്തോട്, കൊല്ലമുള, എരുമേലി സൗത്ത് എന്നീ വില്ലേജുകൾ പെരിയാർ കടുവാ സങ്കേതത്തോടും മുതലമട, നെല്ലിയാമ്പതി, കുറ്റിച്ചിറ, കോടശ്ശേരി, വെള്ളിക്കുളങ്ങര, പരിയാരം എന്നീ വില്ലേജുകൾ പറമ്പിക്കുളം കടുവാ സങ്കേതത്തോടും ചേർന്നു കിടക്കുന്നു.

(സി&ഡി) കടുവാ സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമം, 1980-ലെ സംസ്ഥാന വന സംരക്ഷണ നിയമം, 1961-ലെ സംസ്ഥാന വനനിയമം എന്നിവ പ്രകാരമുള്ള നിയന്ത്രണങ്ങളാണ് നിലവിലുള്ളത്.

### ആനകളെ ഉത്സവങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ

188 (3741) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവങ്ങൾക്കിടയിൽ ആനയിടഞ്ഞ് നിരവധിപേരുടെ ജീവൻ അപഹരിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ആനകളെ ഉത്സവങ്ങളിൽ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആനകളുടെ ആക്രമണത്തിൽ മരണപ്പെട്ടവർക്കും ചികിത്സയിൽ കഴിയുന്നവർക്കും ധനസഹായം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്സവാഘോഷങ്ങൾക്കിടയിൽ ആനയുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനംവകുപ്പ് സഹായങ്ങളൊന്നും നൽകുന്നില്ല.

**കായിക വികസന ഫണ്ട്**

189 (3742) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ സംസ്ഥാന കായിക മിഷന്റെ ശുപാർശയനുസരിച്ച് 'കായിക വികസന ഫണ്ട്' രൂപീകരിക്കുമെന്ന് 2012-13-ലെ പ്രഖ്യാപനം അനുസരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(ബി) ഈ ഫണ്ടിലേക്ക് വകയിരുത്തുമെന്ന് പ്രഖ്യാപിച്ച 1 കോടി രൂപ ഏതൊക്കെ ആവശ്യങ്ങൾക്കായാണ് നീക്കിവെച്ചിട്ടുള്ളത് ;

(സി) ഇതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിനും പ്രസ്തുത ഫണ്ട് സ്പോർട്സ് വകുപ്പുമന്ത്രി ചെയർമാനായി രൂപീകരിക്കുന്ന ട്രസ്റ്റിൽ നിക്ഷിപ്തമാക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ട്രസ്റ്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു. തുകയൊന്നും ഇതേവരെ ചെലവഴിച്ചിട്ടില്ല.

**കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട്**

190 (3743) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള സ്പോർട്സ് ഡവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) കായികതാരങ്ങൾക്ക് അന്തർദേശീയ തലത്തിൽ അവസരങ്ങൾ ലഭിക്കുന്നതിനും വിദേശകായിക പരിശീലകരെ ഏർപ്പെടുത്തുവാനും പ്രസ്തുത ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്തുവാനുമാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1 ദേശീയ/അന്തർദേശീയ തലങ്ങളിൽ മികവ് നേടുന്നതിനായി സ്പോർട്സിന് പൊതുവായും ചില പ്രത്യേക സ്പോർട്സ് ഇനങ്ങൾക്കും വ്യക്തികൾക്കും പ്രത്യേകമായും ഫണ്ട് ഉപയോഗപ്പെടുത്തുക

2 പ്രധാനപ്പെട്ട കായിക ഇനങ്ങളിൽ പരിശീലകർ, കളിക്കാർ കായികവിദഗ്ദ്ധർ മുതലായവർക്ക് പ്രത്യേക പരിശീലനം നൽകുക

3 കായിക മികവ് വളർത്തുന്നതിന് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തുക

4 കായിക മികവ് വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കായിക ഉപകരണങ്ങൾ നൽകുക

5 കായികരംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തി റിസർച്ച് വികസനാത്മക പഠനം മുതലായവ കായിക രംഗത്തും അനുബന്ധ ശാസ്ത്രങ്ങളിലും നടത്തുക

6 തനത് കായികയിനങ്ങളുടെ വികസനം ലക്ഷ്യമാക്കി അന്തർദ്ദേശീയ സഹകരണം വളർത്തുക

7 പരിക്കിന്റെ സ്വഭാവം അടിസ്ഥാനമാക്കി പരിശീലന സമയത്തോ, മൽസരത്തിനിടയ്ക്കോ അപകടം സംഭവിച്ച മികവുറ്റ കായിക താരങ്ങൾക്ക് സഹായം നൽകുക

8 മികവുറ്റ കായിക താരങ്ങൾക്ക് കളികൾക്കിടയിലോ പരിശീലനത്തിനിടയിലോ ഉണ്ടായ അപകടങ്ങൾ കാരണം വൈകല്യം സംഭവിച്ചുവെങ്കിൽ ചികിൽസയ്ക്കും പുനഃരധിവാസത്തിനുമായി സഹായം നൽകുക

9 രജിസ്റ്റേർഡ് കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ് നൽകുക തുടങ്ങിയവ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

10 മേൽപ്പറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിലുള്ളതോ പലിശരഹിതമായതോ ആയ വായ്പകൾ നൽകുക

(സി&ഡി) ഫണ്ട് സ്വരൂപിക്കുന്നതിനും ചെലവഴിക്കുന്നതിനുമുള്ള മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ദേശീയ ഗെയിംസ് അടിസ്ഥാന സൗകര്യ വികസനം

191 (3744) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ ഗെയിംസ് സംസ്ഥാനത്തു വച്ചു നടത്തുന്നതിന്റെ ഭാഗമായി പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഭാഗമായി പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് എന്ന പേരിൽ സർക്കാർ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന കൺസൾട്ടന്റുമാരുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൺസൾട്ടന്റുമാർ :

1 കിറ്റ്കോ, രവിപുരം, കൊച്ചി

2 ബി.എസ്.എൻ.എൽ., തിരുവനന്തപുരം

3 ആർ.കെ. രമേഷ്, കോർപ്പറേഷൻ ഓഫീസ് റോഡ്, കോഴിക്കോട് (ആർക്കിടെക്റ്റ്)

4 പ്രൈസ് വാട്ടർ കൂപ്പേഴ്സ് (പി ഡബ്ലിയു.ഡി) ഗുഡ്ഗാവ്

5 എസ്.റ്റി.യു.പി. കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്, അണ്ണാശാല, ചെന്നൈ.

താഴെപ്പറയുന്ന ഏജൻസികൾക്കാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ നൽകിയിട്ടുള്ളത് :

കരാറുകാർ

1 ഹാരിസൺ മലയാളം ലിമിറ്റഡ്, വില്ലിംഗ്ടൺ ഐലന്റ്, കൊച്ചി

2 ഫിൻസ് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പൊൻകുന്നം റോഡ്, തൃശ്ശൂർ

3 ലീ ബിൽഡേഴ്സ്, കാലടി ജംഗ്ഷൻ, പെരുമ്പാവൂർ

4 ഉബൈദ് അസോസിയേറ്റ്സ്, വാഴക്കാട് പി.ഒ., മലപ്പുറം

5 കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വൈറ്റില, കൊച്ചി-19.

6 ഗ്രിഫോൺസ് ഇൻഡ്യ കൺസ്ട്രക്ഷൻ, കാരന്തൂർ, കോഴിക്കോട്

7 സി.റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, നവറോജി റോഡ്, ചേട്ട്പേട്ട്, ചെന്നൈ

8 കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, തിരുവനന്തപുരം

9 ശ്രീ. റ്റി.ജി. സജീവ്, കോൺട്രാക്ടർ, കോലാഴി, തൃശ്ശൂർ

10 ഐ.എൽ. & എഫ്.എസ്. ബാന്ദ്ര, മുംബൈ

11 ആനോൺ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാരിപ്പള്ളി, കൊല്ലം

12 അഭിരാം ഇൻഫ്രാ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ബൻജാര ഹിൽസ്, ഹൈദരാബാദ്

13 ശ്രീ. എസ് ചന്ദ്രദാസ്, പി.ഡബ്ലിയു.ഡി, കോൺട്രാക്ടർ, നെല്ലിമൂട്, തിരുവനന്തപുരം

14 ശ്രീ. പി. മുരുകൻ, പി.ഡബ്ലിയു.ഡി, കോൺട്രാക്ടർ, പൂജപ്പുര, തിരുവനന്തപുരം

15 ഹാരിസൺ ഇൻഡസ്ട്രീസ്, സഫ്ദർജംഗ് എൻക്ലേവ്, ന്യൂഡൽഹി

**ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാം**

192 (3746) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നത് ;

(സി) പ്രോഗ്രാമിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളത്തിൽ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ് :

1 അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വാസനക്ഷമതാ പരിപാടികളിൽ പങ്കെടുക്കുന്ന 9-നും 17-നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക.

2 ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9-നും 17-നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 60%-ൽ അധികമായി ഉയർത്തുക.

3 കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യസംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9-നും 17-നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.

4 സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിക്കുക.

5 ഔദ്യോഗികാംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്നവിധം ഗ്രേഡിംഗ് രീതി വികസിപ്പിക്കുക.

6 ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

7 വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും ദൃശ്യസഹായികളും വികസിപ്പിച്ചെടുക്കുക.

(സി&ഡി) പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടുത്താത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി.തലം മുതൽ ഹയർ സെക്കന്ററിതലം വരെ സ്കൂളുകളിൽ ആവശ്യമായ കായികാദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### പ്ലേ എ ഗെയിം പദ്ധതി

193 (3746) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പി. എ. മാധവൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. റ്റി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലേ എ ഗെയിം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിലാണ് അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

#### ഉത്തരം

(എ) പ്രൈമറി സ്കൂൾതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽതന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമതയുള്ളവരാക്കി സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബായി മാറ്റുന്നതുമാണ് `പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) കായികയുവജന കാര്യാലയമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ സംസ്ഥാനത്തെ 14 സ്കൂളുകളിൽ പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളുകളിൽ ക്രിക്കറ്റ് ബാറ്റ്, ബാസ്ക്കറ്റ് ബോൾ, റോമൻ റിംഗ്, മാട്രസ്സ് തുടങ്ങിയ വിവിധ കായിക ഉപകരണങ്ങൾ ലഭ്യമാക്കി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ സംസ്ഥാനത്തെ 14 സ്കൂളുകളിൽ `പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് സ്റ്റേറ്റ്ലെവൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

1 ഗവൺമെന്റ് മോഡൽ എൽ.പി. സ്കൂൾ, ഗേൾസ്, പട്ടം

2 ഗവൺമെന്റ് ടി.ടി.ഐ., മണക്കാട്

3 ഗവൺമെന്റ് യു.പി. സ്കൂൾ, കൊഞ്ചിറവിള

4 പൊന്നറ ശ്രീധരൻ മെമ്മോറിയൽ ഗവൺമെന്റ് യു.പി. സ്കൂൾ, മുട്ടത്തറ

LIBRARY ARCHIVES Kerala Legislative Assembly

5 ഗവൺമെന്റ് യു.പി. സ്കൂൾ, കണിയാപുരം

6 ഗവൺമെന്റ് എൽ.പി. സ്കൂൾ, കന്യാകുളങ്ങര

7 ഗവൺമെന്റ് എൽ.പി. സ്കൂൾ, കരകുളം

8 ഗവൺമെന്റ് യു.പി. സ്കൂൾ, നേമം

9 ഗവൺമെന്റ് യു.പി. സ്കൂൾ, പോത്തൻകോട്

10 ഗവൺമെന്റ് എൽ.പി. സ്കൂൾ, തോന്നയ്ക്കൽ

11 സെന്റ് ഫിലോമിനാസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, പൂന്തുറ

12 സെന്റ് റോച്ചേസ് എൽ.പി.സ്കൂൾ, ശംഖുമുഖം

13 ഗവൺമെന്റ് മോഡൽ എൽ.പി. സ്കൂൾ, തൈക്കാട്

14 ഗവൺമെന്റ് യു.പി.സ്കൂൾ, നെടുങ്കാട്

### പ്ലേ ഫോർ ഫൺ പദ്ധതി

194 (3747) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലേ ഫോർ ഫൺ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിലാണ് അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

#### ഉത്തരം

(എ) പ്രൈമറി സ്കൂൾ തലംമുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽതന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമതയുള്ളവരാക്കുന്നതും സ്കൂളുകളെ ഒരു സ്പോർട്ടിംഗ് ഹബ്ബായി മാറ്റുന്നതും ലക്ഷ്യമിട്ടാണ് `പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' നടപ്പിലാക്കുന്നത്

(ബി) കായികയുവജന കാര്യാലയമാണ് പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ സംസ്ഥാനത്തെ 14 സ്കൂളുകളിൽ പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളുകളിൽ ക്രിക്കറ്റ് ബാറ്റ്, ബാസ്ക്കറ്റ് ബോൾ, റോമൻ റിംഗ്, മാട്രസ്സ് തുടങ്ങിയ വിവിധ കായിക ഉപകരണങ്ങൾ ലഭ്യമാക്കി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ സംസ്ഥാനത്തെ 14 സ്കൂളുകളിൽ 'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് സ്റ്റേറ്റ്ലെവൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

1 ഗവൺമെന്റ് മോഡൽ എൽ.പി. സ്കൂൾ, ഗേൾസ്, പട്ടം

2 ഗവൺമെന്റ് ടി.ടി.ഐ., മണക്കാട്

3 ഗവൺമെന്റ് യു.പി. സ്കൂൾ, കൊഞ്ചിറവിള

4 പൊന്നറ ശ്രീധരൻ മെമ്മോറിയൽ ഗവൺമെന്റ് യു.പി. സ്കൂൾ, മുട്ടത്തറ

5 ഗവൺമെന്റ് യു.പി. സ്കൂൾ, കണിയാപുരം

6 ഗവൺമെന്റ് എൽ.പി. സ്കൂൾ, കന്യാകുളങ്ങര

7 ഗവൺമെന്റ് എൽ.പി. സ്കൂൾ, കരകുളം

8 ഗവൺമെന്റ് യു.പി. സ്കൂൾ, നേമം

9 ഗവൺമെന്റ് യു.പി. സ്കൂൾ, പോത്തൻകോട്

10 ഗവൺമെന്റ് എൽ.പി. സ്കൂൾ, തോന്നയ്ക്കൽ

11 സെന്റ് ഫിലോമിനാസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, പൂന്തുറ

12 സെന്റ് റോച്ചേസ് എൽ.പി.സ്കൂൾ, ശംഖുമുഖം

13 ഗവൺമെന്റ് മോഡൽ എൽ.പി. സ്കൂൾ, തൈക്കാട്

14 ഗവൺമെന്റ് യു.പി.സ്കൂൾ, നെടുങ്കാട്

### കേരളത്തിലെ ഫുട്ബോൾ മികവ് വീണ്ടെടുക്കുന്നതിന്

195 (3748) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളത്തിനുണ്ടായിരുന്ന മികവ് വീണ്ടെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂൾ തലം മുതൽ ഫുട്ബോളിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നതിന് പദ്ധതികളാവിഷ്കരിക്കുമോ ;

(സി) കേരള ഫുട്ബോളിന് മികച്ച പരിശീലകരെ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സന്തോഷ് ട്രോഫി ഫുട്ബോൾ മൽസരങ്ങളുടെ ടീം സെലക്ഷനും, മൽസരങ്ങളിൽ ടീമിനെ പങ്കെടുപ്പിക്കുന്നതും കേരള ഫുട്ബോൾ അസോസിയേഷനാണ്. സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ട് നിയന്ത്രണമില്ല.

(ബി) ആവിഷ്ക്കരിച്ചിട്ടുണ്ട്. 2008-09 മുതൽ ആരംഭിച്ച വിഷൻ ഇൻഡ്യ കേരള പദ്ധതി തുടർന്നുവരുന്നുണ്ട്. 14 ജില്ലകളിലെ തിരഞ്ഞെടുത്ത 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് ടി പദ്ധതിയുടെ കീഴിൽ ഫുട്ബോൾ പരിശീലനം നൽകിവരികയും എല്ലാവർഷവും ജില്ലാ/സംസ്ഥാനതല ലീഗ് മൽസരങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാന ലീഗ് മൽസരങ്ങളിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും 1000 രൂപ വീതവും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് ട്രോഫിയും വ്യക്തിഗത മെഡലുകളും സമ്മാനമായി സ്പോർട്സ് കിറ്റുകളും നൽകുകയുണ്ടായി. വിഷൻ ഇൻഡ്യ കേരള പദ്ധതിയുടെ കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ബൂട്ട്സ്, ജേഴ്സി, സ്റ്റോക്കിംഗ്സ്, ഷിൻ ഗാർഡ് പരിശീലനത്തിനാവശ്യമായ ബോളുകളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്കൂൾ/കോളേജ്/സ്പോർട്സ് ഹോസ്റ്റലുകളിലും ഫുട്ബോളിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകിവരുന്നു.

(സി) ശാസ്ത്രീയമായി പരിശീലനം ലഭിച്ച ഫുട്ബോൾ പരിശീലകർ സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ ജോലി ചെയ്യുന്നുണ്ട്. അവരെ എല്ലാവർഷവും കായികപരമായ പുതിയ അറിവുകൾ നേടുന്നതിനായി ദേശീയ/അന്തർദേശീയ പരിശീലന കോഴ്സുകളിൽ പങ്കെടുപ്പിക്കാറുണ്ട്.

**ഗ്രാമീണതലത്തിൽ കായിക വിനോദങ്ങളുടെ പരിപോഷണം**

196 (3749) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിക്കറ്റിന്റെ പ്രചാരം ഏറിയതോടെ ശ്രദ്ധേയമല്ലാതായിത്തീർന്നിട്ടുള്ള വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക വിനോദങ്ങൾ പരിപോഷിപ്പിക്കുന്നതിന് ഗ്രാമീണ തലത്തിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ബി) ഇല്ലെങ്കിൽ, സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ക്രിക്കറ്റിന്റെ പ്രചാരം ഏറിയ സാഹചര്യത്തിൽ കേരളത്തിൽ വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക വിനോദങ്ങൾ ശ്രദ്ധേയമല്ലാതായി തീർന്നിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**കേരള സ്കൂൾ സ്പോർട്സ് മാന്വൽ പരിഷ്കരണം**

197 (3750) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക് ഇനങ്ങളായ വാൾപയറ്റ്, അമ്പെയ്ത്ത് എന്നീ കായിക ഇനങ്ങളുടെ സംസ്ഥാന ടീമുകളെ ദേശീയ സ്കൂൾ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ ;

(സി) ദേശീയ സ്കൂൾ ഗെയിംസിൽ ഉൾപ്പെട്ടിട്ടുള്ള കായിക ഇനങ്ങളെ ഉൾപ്പെടുത്തി കേരളാ സ്കൂൾ സ്പോർട്സ് മാന്വൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന സ്കൂൾ കായികമേള മാന്വൽ പ്രകാരം ഒരു പുതിയ ഇനം സ്കൂൾ കായികമേളയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ആ ഇനത്തെ പ്രതിനിധീകരിക്കുമ്പോൾ ഉണ്ടാകുന്ന ചിലവുകൾ ചുരുങ്ങിയത് തുടർച്ചയായ മൂന്ന് വർഷത്തേക്ക് അതാത് അസോസിയേഷനുകൾ തന്നെ വഹിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ പാലിക്കുന്നില്ലാത്തതിനാലാണ് വാൾപയറ്റ്, അമ്പെയ്ത്ത് എന്നീ കായിക ഇനങ്ങളുടെ സംസ്ഥാന ടീമുകളെ ദേശീയ മൽസരത്തിൽ പങ്കെടുപ്പിക്കാനാവാത്തത്.

(സി) വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ സർവ്വീസിൽ കായികതാരങ്ങളുടെ നിയമനം**

198 (3751) ശ്രീ. പി. കെ. ഗുരുദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സർക്കാർ സർവ്വീസിൽ കായികതാരങ്ങളെ നിയമിക്കുന്നത് പ്രതിവർഷം 20-ൽനിന്ന് 50-ആയി വർദ്ധിപ്പിച്ചിരുന്നുവോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17-7-2009-ലെ സ.ഉ.(പി)170/2009/പൊ.ഭ.വ. ഉത്തരവുപ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം 104 കായികതാരങ്ങൾക്കും മന്ത്രിസഭയുടെ പ്രത്യേക തീരുമാനപ്രകാരം 2 കായികതാരങ്ങൾക്കും സർക്കാർജോലി നൽകി ഉത്തരവായിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ടയിൽ നിയമനം

199 (3752) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

### ഉത്തരം

(എ) 22-8-1985-ലെ സ.ഉ.(പി)361/85/പൊ.ഭ.വ. എന്ന ഉത്തരവുപ്രകാരം സ്പോർട്സ് ക്വാട്ടാനിയമനത്തിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് താഴെപ്പറയുന്നവയാണ്.

വിജ്ഞാപനപ്രകാരം നീക്കിവച്ചിരിക്കുന്ന ഒഴിവുകളിലേക്ക് ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്താരാഷ്ട്ര മൽസരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുള്ളവർ, ദേശീയ തലത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സമ്മാനാർഹരായവർ, അന്തർ സംസ്ഥാന യൂണിവേഴ്സിറ്റി മൽസരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർ, സംസ്ഥാനതല മൽസരങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുള്ളവർ തുടങ്ങിയ കായികനേട്ടങ്ങൾ കൈവരിച്ചിട്ടുള്ള മികവുറ്റ കായികതാരങ്ങളെയാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നത്. ഇവർക്ക് ജോലിക്ക് അനുസൃതമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം. എല്ലാ വർഷവും 20 കായികതാരങ്ങൾക്കാണ് ഇപ്രകാരം നിയമനം നൽകിയിരുന്നത്. എന്നാൽ 17-7-2009-ലെ സ.ഉ(പി) 170/09/പൊ.ഭ.വ. പ്രകാരം ഇത് 50 ആയി ഉയർത്തിയിട്ടുണ്ട്.

പൊതുഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന പോലീസ് മേധാവി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവർ അംഗങ്ങളുമായ സെലക്ഷൻ കമ്മിറ്റിയാണ് കായിക താരങ്ങളുടെ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുന്നത്. സജീവ കായിക രംഗത്ത് തുടരുന്ന കായികതാരങ്ങളെ സൂപ്പർന്യൂമററി തസ്തികളയിൽ നിയമിക്കുകയും സജീവകായികരംഗത്തുനിന്നും വിരമിക്കുന്ന മുറയ്ക്ക് അവരെ റഗുലർ തസ്തികയിൽ നിയമിക്കുകയും ചെയ്യും. സജീവകായികരംഗത്തുനിന്നും വിരമിച്ചവരെ റഗുലർ തസ്തികയിലേക്കുതന്നെ നേരിട്ട് നിയമനം നൽകുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നവർക്ക് കായിക പരിശീലനത്തിനുള്ള സൗകര്യം കേരള സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ അതാത് വകുപ്പുമേധാവികൾ കൈക്കൊള്ളുന്നതായിരിക്കും.

ഒരുവർഷം സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി തിരഞ്ഞെടുക്കുന്ന സജീവകായികരംഗത്തുനിന്ന് വിരമിച്ച കായികതാരങ്ങളുടെയും സജീവകായിരംഗത്ത് തുടരുന്ന കായികതാരങ്ങളുടെയും എണ്ണവും നിയമനം നൽകുന്ന വകുപ്പുകളും സർക്കാർ തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് ക്വാട്ടാനിയമനത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകളേയും പ്രസ്തുത ഒഴിവുകളിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകളെയും കായികരംഗത്ത് മികച്ചനേട്ടം കൈവരിച്ചിട്ടുള്ള കായികതാരങ്ങൾക്ക് നൽകുന്ന വിദ്യാഭ്യാസ യോഗ്യതാ ഇളവുകളെക്കുറിച്ചും നിയമനം നൽകുന്ന വകുപ്പുകളെക്കുറിച്ചും കാലാകാലങ്ങളിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. സർക്കാർ സർവ്വീസുകൾക്ക് ബാധകമായ കെ.എസ്.ആന്റ് എസ്.എസ്.ആർ 1958, പ്രായം, പ്രൊബേഷൻ എന്നിവ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസ് തുടങ്ങിയവ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും ബാധകമായിരിക്കും. എന്നാൽ സംവരണം സംബന്ധിച്ചുള്ള നിയമങ്ങളൊന്നുംതന്നെ ബാധകമായിരിക്കില്ല. കെ.എസ്.ആന്റ് എസ്.എസ്.ആർ. 1958 പാർട്ട് II ജനറൽ റൂൾ 9 (a) (i) പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ആദ്യം താൽക്കാലിക തസ്തികയിൽ നിയമനം നൽകുകയും പിന്നീട് ആവശ്യമായ രേഖകൾ പരിശോധിച്ച് നിയമനം ക്രമപ്പെടുത്തുകയും ചെയ്യും. സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത് ഓരോ കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാകുന്നു.

(ബി) സ്പോർട്സ് ക്വാട്ടാനിയമനങ്ങൾക്കായി പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ വിജ്ഞാപനമായ 4-9-2010-ലെ നം.72859/എസ്.ഡി.1/09/പൊ.ഭ.വ. വിജ്ഞാപനപ്രകാരം 1428 കായികതാരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിരുന്നു.

### ദേശീയ താരങ്ങൾക്ക് അർഹമായ ആനുകൂല്യം

200 (3753) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വോളീ ബോൾ കിരീടം കേരളത്തിന് സ്വന്തമാക്കിയ ടീം അംഗങ്ങളടക്കമുള്ള കായിക താരങ്ങൾക്ക് നിലവിൽ നൽകിവരുന്ന ദിനബത്തയും അനുബന്ധ ആനുകൂല്യങ്ങളും തികച്ചും പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയ തലത്തിൽ ശ്രദ്ധേയരാകുന്ന കായിക താരങ്ങൾക്കുള്ള ആനുകൂല്യങ്ങളും മറ്റും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് അടിയന്തര ശ്രമമുണ്ടാകുമോ ;

(സി) ദേശീയ കിരീടം നേടുന്ന ടീം അംഗങ്ങൾക്ക് പ്രഖ്യാപിക്കുന്ന പാരിതോഷികത്തിന്റെ തുകയുടെ കാര്യത്തിൽ പൊതുമാനദണ്ഡം നിലവിലുണ്ടോ ;

(ഡി) നിലവിലില്ലെങ്കിൽ അതിനായി ഒരു പൊതു മാനദണ്ഡം കാലോചിതമായി നടപ്പിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ തലത്തിൽ ശ്രദ്ധേയരാകുന്ന കായികതാരങ്ങൾക്കുള്ള ദിനബത്ത കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 29-1-2013-ലെ തീരുമാനപ്രകാരം ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് നൽകിവരുന്ന ദിനബത്ത 200 രൂപയിൽനിന്നും 300 രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. സ.ഉ. (സാധാ)നം.3783/97/പൊ.വി.വ. തീയതി 31-10-1997 പ്രകാരം ദേശീയ/അന്തർദേശീയ മൽസരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡുകൾക്കുള്ള മാനദണ്ഡം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി നിരക്കുകൾ സ.ഉ. (സാധാ) നം2482/07/പൊ.വി.വ തീയതി 4-4-2007 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. 2007 ഏപ്രിൽ മുതൽ പ്രാബല്യത്തിലുള്ള പുതുക്കിയ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**അവശതയനുഭവിക്കുന്ന മുൻ കായികതാരങ്ങൾക്ക് പെൻഷൻ പദ്ധതി**

201 (3754) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന മുൻകായികതാരങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ എത്ര മുൻകായികതാരങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നുണ്ടെന്നും എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) പെൻഷൻ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആയതിനായി എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കുവാൻ ഉണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് പെൻഷൻ പുതുതായി അനുവദിച്ചെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അവശത അനുഭവിക്കുന്ന 153 മുൻകാല കായികതാരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചുവടെ സൂചിപ്പിക്കുന്ന പ്രകാരം അവശകായികതാര പെൻഷൻ ഇനത്തിൽ അനുവദിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | 70 വയസ്സിനുമുകളിൽ | 66 പേർക്ക് | 1000 രൂപ പ്രതിമാസം |
| 2 | 60 വയസ്സിനുമുകളിൽ | 77 പേർക്ക് | 750 രൂപ പ്രതിമാസം |
| 3 | 55 വയസ്സിനുമുകളിൽ | 10 പേർക്ക് | 500 രൂപ പ്രതിമാസം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അവശകായികതാര പെൻഷൻ ലഭിക്കാൻ അർഹമായ യോഗ്യതകൾ ചുവടെച്ചേർക്കുന്നു :

1 65 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ അന്തർജില്ല/ സംസ്ഥാനതല സ്പോർട്സ് മൽസരങ്ങളിൽ പങ്കെടുത്തിരിക്കണം

2 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ അന്തർജില്ല/ സംസ്ഥാനതല സ്പോർട്സ് മൽസരങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനങ്ങൾ കരസ്ഥമാക്കിയിരിക്കണം

3 55 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ ദേശീയ/ അന്തർ സർവ്വകലാശാല മൽസരങ്ങളിൽ പങ്കെടുത്തിരിക്കണം

കളരിപ്പയറ്റ് അഭ്യാസികൾക്ക് താഴെപ്പറയുന്ന യോഗ്യകൾ നിശ്ചയിച്ചിരിക്കുന്നു :

1 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ അന്തർജില്ല/ സംസ്ഥാനതല സ്പോർട്സ് മൽസരങ്ങളിൽ പങ്കെടുത്തിരിക്കണം

2 55 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ അന്തർജില്ല/ സംസ്ഥാനതല സ്പോർട്സ് മൽസരങ്ങളിൽ പങ്കെടുത്ത് ഒന്നാ രണ്ടോ മൂന്നോ സ്ഥാനങ്ങൾ കരസ്ഥമാക്കിയവരാകണം

അപേക്ഷകരുടെ വാർഷിക വരുമാനം 20,000 രൂപയിൽ കൂടുതൽ കവിയുവാൻ പാടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ പുതുതായി അനുവദിച്ചിട്ടില്ല. 40-ഓളം അപേക്ഷകൾ നിലവിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്.

### മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

202 (3755) ശ്രീ. കെ. കെ ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളായ ഹോസ്റ്റൽ കെട്ടിടം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒന്നാംഘട്ട പണി പൂർത്തിയായിട്ടില്ല. ഫുട്ബോളിന് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. സൈക്ലിംഗ്, അത്ലറ്റിക്സ് എന്നിവയുടെ ദേശീയ ക്യാമ്പുകൾ നടത്തിവരുന്നു.

(ബി) സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

### ജി. വി. രാജ സ്പോർട്സ് സ്കൂൾ

203 (3756) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ദേശീയ സ്കൂൾ അത്ലറ്റിക് മീറ്റിൽ ജി. വി.രാജ സ്പോർട്സ് സ്കൂളിൽ നിന്നും എത്ര കുട്ടികളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ; അതിൽ എത്ര പേർ വിജയിച്ചു ;

(ബി) സാധാരണ സ്കൂളിൽ നിന്നും പ്രൈവറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ നിന്നും എത്ര വിദ്യാർത്ഥികളാണ് ദേശീയ സ്കൂൾ അത്ലറ്റിക് മീറ്റിൽ പങ്കെടുത്തത് ; അതിൽ എത്ര പേർ വിജയിച്ചു ;

(സി) ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ആകെ എത്ര പരിശീലകരാണ് ഉള്ളത് ; എത്ര കുട്ടികൾക്കാണ് ഒരു കോച്ച് ഉള്ളതെന്ന, അനുപാതം വെളിപ്പെടുത്തുമോ ;

(ഡി) വോളിബോളിന് പരിശീലകൻ ഉണ്ടോ ; ഇല്ലെങ്കിൽ പരിശീലകനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ നിലവാരം രാജ്യത്തെ മറ്റു സ്കൂളികളിലേക്കാൾ മെച്ചപ്പെട്ടതാക്കുന്നതിനായി സ്പോർട്സ് കൗൺസിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജി. വി. രാജ സ്പോർട്സ് സ്കൂളിൽ നിലവിൽ ആൺകുട്ടികളുടെ ഹോസ്റ്റലിൽ വാർഡനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ സേവനം ലഭിക്കുന്നുണ്ടോ ;

(ജി) പ്രസ്തുത സ്കൂളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂളിന്റെ റഗുലർ സമയം കഴിഞ്ഞ് എക്സ്ട്രാ ക്ലാസ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കഴിഞ്ഞ ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിൽനിന്നും 2 കുട്ടികൾ പങ്കെടുത്തു. ഈ കുട്ടികൾക്ക് ദേശീയ മീറ്റിൽ സ്ഥാനം ലഭിച്ചിട്ടില്ല.

(ബി) സ്പോർട്സ് സ്കൂളുകൾ ഉൾപ്പെടെ ഗവൺമെന്റ് സ്കൂളുകളിൽ നിന്നും 12 കുട്ടികളും മാനേജ്മെന്റ് സ്കൂളുകളിൽനിന്നും 111 കുട്ടികളും ദേശീയ അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്തു. അതിൽ 73 കുട്ടികൾ ദേശീയ മൽസരത്തിൽ വിജയിച്ചിട്ടുണ്ട്.

(സി) ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ആകെ 6 പരിശീലകർ നിലവിലുണ്ട്. പ്രത്യേക അനുപാതക്രമത്തിലല്ല ഇവിടെ പരിശീലകർ ഉള്ളത്.

(ഡി) ജി. വി. രാജ സ്പോർട്സ് സ്കൂളിൽ വോളിബോൾ കോച്ച് നിലവിൽ ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ഇ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും ജി. വി. രാജ സ്കൂളിൽ കായിക പരിശീലനം നൽകുന്നതിലേക്കായി, അത്‌ലറ്റിക്സ്, ഹോക്കി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളിൽ കായിക പരിശീലകരെ നിയോഗിച്ചിട്ടുണ്ട്.

(എഫ്) ജി. വി. രാജ സ്പോർട്സ് സ്കൂളിൽ നിലവിൽ ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഡെപ്യൂട്ടി വാർഡനെ നിയമിച്ചിട്ടുണ്ട്. ടിയാന്റെ സേവനം ലഭ്യമാകുന്നുണ്ട്. സ്കൂൾ പ്രിൻസിപ്പലിനാണ് വാർഡന്റെ ചുമതല നൽകിയിട്ടുള്ളത്.

(ജി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സ് ഹോസ്റ്റലുകൾ

204 (3757) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട് ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ 24 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകൾ സംബന്ധിച്ച വിവരം ചുവടെചേർക്കുന്നു.

1 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, നന്ദിയോട്, തിരുവനന്തപുരം (നീന്തൽ-ആൺകുട്ടികൾ)

2 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പി. ടി. ഉഷ കോച്ചിംഗ് സെന്റർ, തിരുവനന്തപുരം (ബോക്സിംഗ്, ഗുസ്തി ആൺകുട്ടികൾ & പെൺകുട്ടികൾ)

3 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, പിരപ്പൻകോട്, തിരുവനന്തപുരം (നീന്തൽ, ഖോഖോ, തയ്ക്വാൺഡോ-പെൺകുട്ടികൾ)

4 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, വെള്ളായണി, തിരുവനന്തപുരം (കനോയിംഗ് & കയാക്കിംഗ് & റോവിംഗ് ആൺകുട്ടികൾ & പെൺകുട്ടികൾ)

5 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, ഇടവ, തിരുവനന്തപുരം (വോളിബോൾ - ആൺകുട്ടികൾ)

6 വോളിബോൾ അക്കാഡമി വാഴത്തോപ്പ്, ഇടുക്കി (വോളിബോൾ - ആൺകുട്ടികൾ)

7 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കാസർഗോഡ് (വോളിബോൾ, കബഡി, അത്ലറ്റിക്സ് - ആൺകുട്ടികൾ)

8 നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സ്പോർട്സ് ഹോസ്റ്റൽ ഇടുക്കി (അത്ലറ്റിക്സ്, ജൂഡോ, ആർച്ചറി - ആൺകുട്ടികൾ & പെൺകുട്ടികൾ)

9 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, തൃശ്ശൂർ (നീന്തൽ -ആൺകുട്ടികൾ)

10 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കൊല്ലം (അത്ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ-പെൺകുട്ടികൾ)

11 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, പനമ്പിള്ളിനഗർ, എറണാകുളം (അത്ലറ്റിക്സ്, ഫുട്ബോൾ, ഹാന്റ്ബോൾ, ഫെൻസിംഗ് - ആൺകുട്ടികൾ)

12 വോളിബോൾ അക്കാഡമി പ്രക്കാനം - (ആൺകുട്ടികൾ)

13 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, തിരുവല്ല, പത്തനംതിട്ട (അത്ലറ്റിക്സ്, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ-ആൺകുട്ടികൾ)

14 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കോട്ടയം (അത്ലറ്റിക്സ്-ആൺകുട്ടികൾ & പെൺകുട്ടികൾ, വോളിബോൾ, ഫുട്ബോൾ - ആൺകുട്ടികൾ, ഗുസ്തി, ബാസ്ക്കറ്റ്ബോൾ-പെൺകുട്ടികൾ)



LIBRARY ARCHIVES Kerala Legislative Assembly

15 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കോഴിക്കോട് (തയ്ക്വാൺഡോ-ആൺകുട്ടികൾ)

16 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, പയ്യന്നൂർ, കണ്ണൂർ (ഹാന്റ്ബോൾ - ആൺകുട്ടികൾ)

17 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, കണ്ണൂർ (ഗുസ്തി - ആൺകുട്ടികൾ)

18 വോളീബോൾ അക്കാഡമി, നടുവണ്ണൂർ, കോഴിക്കോട് (വോളീബോൾ-ആൺകുട്ടികൾ)

19 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, എച്ച്.എ.റ്റി.സി. മൂന്നാർ (ഫുട്ബോൾ - ആൺകുട്ടികൾ)

20 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, വയനാട് (അത്‌ലറ്റിക്സ്, ഫെൻസിംഗ് - ആൺകുട്ടികൾ & പെൺകുട്ടികൾ, വോളീബോൾ - പെൺകുട്ടികൾ)

21 ആർച്ചറി സ്പോർട്സ് ഹോസ്റ്റൽ പുൽപ്പള്ളി, വയനാട് (ആർച്ചറി-ആൺകുട്ടികൾ & പെൺകുട്ടികൾ)

22 വോളിബോൾ അക്കാഡമി കക്കട്ടിൽ, കോഴിക്കോട് (വോളീബോൾ പെൺകുട്ടികൾ)

23 നിറമരുതൂർ സ്പോർട്സ് ഹോസ്റ്റൽ, മലപ്പുറം (ഖോഖോ-ആൺകുട്ടികൾ)

24 മഞ്ചേരി സ്പോർട്സ് ഹോസ്റ്റൽ മലപ്പുറം (അത്‌ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, ആൺകുട്ടികൾ)

(ബി) സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് മെച്ചപ്പെട്ട ഭക്ഷണവും, താമസ-പഠനസൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കായികതാരങ്ങൾക്ക് ഭക്ഷണത്തിനായി ദിനംപ്രതി നൽകിയിരുന്ന 100 രൂപ 125 രൂപയാക്കി 2013 ജനുവരി മുതൽ വർദ്ധിപ്പിച്ചു നൽകിവരുന്നു. കൂടാതെ കായിക ഉപകരണങ്ങൾ (വിദേശത്ത് നിന്നുള്ളവ ഉൾപ്പെടെ) വാങ്ങിനൽകുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിലെ മികച്ച കായിക താരങ്ങളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകി അന്തർദ്ദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നു. കൂടാതെ കായിക താരങ്ങൾക്ക് സ്പോർട്സ് കിറ്റ് (ട്രാക്ക്സ്യൂട്ട്, ഷൂ, ബാഗ് ഉൾപ്പെടെ) ഓരോ വർഷവും നൽകിവരുന്നു. വിവിധ കായിക മൽസരങ്ങളിൽ പങ്കെടുക്കുന്നതിനും അവധികാലത്ത് സ്വന്തം വീടുകളിൽ പോയിവരുന്നതിനും, ഹോസ്റ്റൽ കായിക താരങ്ങൾക്ക് ടി.എ./ഡി.എ. നൽകിവരുന്നു. സ്പോർട്സ് ഹോസ്റ്റലിൽ അംഗമായിരിക്കുന്ന കായിക താരങ്ങൾക്ക് ചികിൽസാ ധനസഹായവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഡേ-ബോർഡിംഗ് സെന്ററുകൾ

**205 (3758)** ശ്രീ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11-ൽ സംസ്ഥാനത്ത് ആരംഭിച്ച ഡേ-ബോർഡിങ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഡേ-ബോർഡിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം, എത്ര വീതം അറിയിക്കുമോ ;

(സി) ഡേ-ബോർഡിംഗ് സെന്ററിലെ കായികതാരങ്ങൾക്ക് ലഘു ഭക്ഷണത്തിനായി പ്രതിദിനം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ; ഇത് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്പോർട്സ് കൗൺസിൽ മുഖാന്തിരം വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്.

തിരുവനന്തപുരം

1 വലിയതുറ ഫുട്ബോൾ അക്കാഡമി

2 ഗവൺമെന്റ് എച്ച്എസ്എസ് ഫോർ ഗേൾസ്, കന്യാകുളങ്ങര

3 ഗവൺമെന്റ് വൊക്കേഷണൽ എച്ച്എസ്എസ്, കരകുളം

4 ഗവൺമെന്റ് മോഡൽ എച്ച്.എസ്., തൈക്കാട്

5 ഗവൺമെന്റ് എച്ച് എസ്., വട്ടിയൂർക്കാവ്

6 കാർമ്മൽ ഗേൾസ് എച്ച്എസ്.

കൊല്ലം

1 ഗവൺമെന്റ് എച്ച്. എസ്., കോയിക്കൽ

പത്തനംതിട്ട

1 ബിഷപ്പ് അബ്രഹാം മെമ്മോറിയൽ കോളേജ്, പത്തനംതിട്ട

2 സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി

ആലപ്പുഴ

ലിയോ XIII എച്ച്.എസ്.എസ്., ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം

1 സി.കെ.എച്ച്.എസ്.എസ്., കോരുത്തോട്

2 സെന്റ് ഡൊമിനിക്സ് കോളേജ്, കാഞ്ഞിരപ്പള്ളി

3 കെ.എം.എച്ച്.എസ്., മേവള്ളൂർ

4 മെഡിക്കൽ കോളേജ് എച്ച്.എസ്., കോട്ടയം

5 കൈപ്പൂത്തിട്ട യു.പി.എസ്., ആർപ്പൂക്കര

6 സെന്റ് അലോഷ്യസ് സ്കൂൾ, ആതിരമ്പുഴ

എറണാകുളം

1 ISFAT (Inter Southern Football Academi), പെരുമ്പാവൂർ

2 സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ

പാലക്കാട്

1 എച്ച്.എസ്.എസ്. മുണ്ടൂർ

2 സി.എഫ്.ഡി.വി.എച്ച്.എസ്.എസ്. മാത്തൂർ

3 അസോസിയേഷൻ ഓഫ് പ്രമോഷൻ ഓഫ് ഫുട്ബോൾ ടാലന്റ്സ്, പാലക്കാട്

കോഴിക്കോട്

1 പോയിൽക്കാവ് എച്ച്.എസ്.എസ്., കൊയിലാണ്ടി

2 ഗവൺമെന്റ് എച്ച്.എസ്.എസ്. ബാലുശ്ശേരി

3 ജവഹർ സ്പോർട്സ് & ആർട്സ് ക്ലബ്ബ്, മാവൂർ

(സി) ഡേ ബോർഡിംഗ് സെന്ററിലെ കായികതാരങ്ങൾക്ക് ലഘു ഭക്ഷണത്തിനായി പ്രതിദിനം 15 രൂപ വീതം 2012 ഡിസംബർ മാസംവരെ അനുവദിച്ചുതന്നിരുന്നു. ആയത് ജനുവരി 2013 മുതൽ പ്രതിദിനം 25 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**രാജാകേശവദാസ് സ്മാരക അന്താരാഷ്ട്ര നീന്തൽക്കുളം**

206 (3759) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ രാജാ കേശവദാസ് സ്മാരക അന്താരാഷ്ട്ര നീന്തൽക്കുളത്തിന്റെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും അന്താരാഷ്ട്ര, ദേശീയ, പ്രാദേശിക നീന്തൽ മത്സരങ്ങളോ, പരിശീലന പരിപാടികളോ സംഘടിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ പ്രസ്തുത നീന്തൽക്കുളത്തിന്റെ ചുമതല ആർക്കാണുള്ളത്;

(ഡി) അറ്റകുറ്റപ്പണികൾക്കും, നവീകരണത്തിനുമായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതിന്റെ നവീകരണത്തിനായി കൺസൾട്ടന്റായ കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 99.44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രകാരം ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി ഏറ്റെടുക്കാൻ ആരും സന്നദ്ധമാകാത്തതിനാൽ റീടെണ്ടർ ചെയ്തിരിക്കുകയാണ്.

(ബി) ആലപ്പുഴയിലെ രാജാ കേശവദാസ് സ്മാരക അന്താരാഷ്ട്ര നീന്തൽക്കുളത്തിൽ അന്താരാഷ്ട്ര ദേശീയ, പ്രാദേശിക നീന്തൽ മത്സരങ്ങളോ പരിശീലന പരിപാടികളോ സംഘടിപ്പിച്ചിട്ടില്ല.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്

(ഡി) ഇതിനായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഘട്ടമായിട്ടേയുള്ളൂ എന്നതിനാൽ തുക ചെലവഴിച്ചിട്ടില്ല.

**നീന്തൽകുളങ്ങളുടെ നിർമ്മാണം**

**207 (3760)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലാശയങ്ങളിലുണ്ടാകുന്ന ദുരന്തങ്ങൾ കണക്കിലെടുത്തും കായിക ക്ഷമതയുണ്ടാക്കുവാൻ പറ്റിയ വ്യായാമം എന്ന നിലയിലും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നടപ്പാക്കാൻ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സർക്കാരും സംയുക്ത തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടു ; എത്ര ശതമാനം വിദ്യാർത്ഥികൾക്കിതിന്റെ പ്രയോജനമുണ്ടായി ; വ്യക്തമാക്കുമോ ;

(സി) പരിശീലനത്തിനുള്ള നീന്തൽക്കുളങ്ങളുടെ നിർമ്മാണത്തിനായി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി സംസ്ഥാനത്തെ എട്ടു ജില്ലാ കേന്ദ്രങ്ങളിൽ '25X20' മീറ്റർ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ വീതം 2 കോടി രൂപ ഗ്രാന്റായി നൽകണമെന്നു കാണിച്ചു കത്തെഴുതിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാരംഭ നടപടി എന്ന നിലയിൽ എല്ലാ ജില്ലകളിലും നീന്തൽ പരിശീലകരെ നിയമിക്കാനും വേണ്ടത്ര നീന്തൽ പരിശീലകരുടെ അഭാവത്തിൽ ട്രൈനേഴ്സിനെ നിയമിച്ചുകൊണ്ട് ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ മേൽനോട്ടത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എത്ര ശതമാനം വിദ്യാർത്ഥികൾക്കിതിന്റെ പ്രയോജനമുണ്ടായി എന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. സർക്കാരിന് ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചത് 2010-11 സാമ്പത്തിക വർഷാവസാനം ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചില്ല. എന്നാൽ ആലപ്പുഴയിൽ നിലവിലുള്ള സ്വിമ്മിംഗ്പൂൾ നവീകരണ പ്രവർത്തനങ്ങൾ നടത്തി നീന്തൽ പരിശീലനത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വിമ്മിംഗ്പൂളുകൾ നിലവിലില്ലാത്ത കണ്ണൂരിലും കാസർഗോഡും 50 ലക്ഷം രൂപ ചെലവിൽ ഓരോ സ്വിമ്മിംഗ്പൂൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗെയിംസ് സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്.

### മാവേലിക്കര മണ്ഡലത്തിൽ നീന്തൽക്കുളങ്ങളും സ്റ്റേഡിയവും

208 (3761) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ തെരഞ്ഞെടുത്ത കുളങ്ങൾ നവീകരിച്ച് നീന്തൽക്കുളങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം ഇല്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുമോ ; സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(ബി) ഉണ്ട്. ആയത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല.

### മിനി സ്റ്റേഡിയം

209 (3762) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മിനി സ്റ്റേഡിയങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) നെന്മാറ മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) മിനി സ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ 39 സ്ഥാപനങ്ങളിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി 18-11-2012-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 253/12/കാ.യു.വ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിലവിലുള്ള കളിസ്ഥലങ്ങൾ ആധുനിക സിന്തറ്റിക് പ്രതലങ്ങൾ നിർമ്മിച്ച് വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് തുടങ്ങിയ കായികയിനങ്ങൾ പരിശീലിക്കുന്നതിനുതകുന്നവിധം സ്ഥലലഭ്യത അനുസരിച്ച് ഗ്യാലറിയോടുകൂടിയ ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) എ-യിൽ സൂചിപ്പിച്ച വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിലേക്ക് അനുയോജ്യമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലലഭ്യത, സ്കൂളുകൾ/സ്ഥാപനങ്ങളുടെ കായികപരമായ നേട്ടങ്ങൾ തുടങ്ങിയവക്ക് പുറമെ പ്രസ്തുത സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കായികതൽപരരായ ജനങ്ങൾക്കുകൂടെ പ്രയോജനപ്രദമാകുമോ എന്നതും പരിശോധിച്ച് അനുയോജ്യമായ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

## ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

210 (3763) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത്തി അഞ്ചാമത് ദേശീയ ഗെയിംസിന്റെ പ്രധാന വേദികളിൽ ഒന്നായ തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം അറ്റകുറ്റ പണികൾക്കുവേണ്ടി അടച്ചിട്ടിട്ട് എത്ര കാലമായി എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയം അടച്ചിട്ടിരിക്കുന്നതു കാരണം കായിക താരങ്ങൾക്കും പരിശീലകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്റ്റേഡിയം എന്നുമുതൽ തുറന്നു പ്രവർത്തിക്കും എന്നു വ്യക്തമാക്കുമോ ;

(ഡി) ദേശീയ ഗെയിംസിൽ ഈ സ്റ്റേഡിയം ഏതെല്ലാം ഇനങ്ങൾക്കാണ് വേദിയാകുന്നത് ?

ഉത്തരം

(എ) ജനുവരി 2010 മുതൽ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം അറ്റകുറ്റപ്പണികൾക്കുവേണ്ടി അടച്ചിട്ടിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) നാഷണൽ ഗെയിംസിനോടനുബന്ധിച്ച് സ്റ്റേഡിയത്തിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(ഡി) ജിംനാസ്റ്റിക്, ഹാന്റ്ബോൾ എന്നീ ഇനങ്ങൾ.

## ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ സ്ഥിരമായി ഫ്ളഡ് ലൈറ്റ് സ്ഥാപിക്കാൻ നടപടി

211 (3764) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സന്തോഷ് ട്രോഫി മത്സരങ്ങൾക്ക് കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയം വേദിയാണോ ;

(ബി) സന്തോഷ് ട്രോഫി മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; അവ പ്രവർത്തനക്ഷമമാണോ ;

(ഡി) അല്ലെങ്കിൽ മത്സരങ്ങൾക്കായി ഫ്ളഡ് ലൈറ്റുകൾ പ്രവർത്തിപ്പിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) വാടകയ്ക്കെടുക്കാതെ ഫ്ളഡ് ലൈറ്റുകൾ സ്ഥിരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അതേ.

(ബി) കേരളത്തിൽ നടത്തുന്ന നാഷണൽ ഗെയിംസിന്റെ ഭാഗമായി ടി സ്റ്റേഡിയം നവീകരിക്കുന്നുണ്ട്.

(സി) ഉണ്ട്, പ്രവർത്തനക്ഷമമല്ല.

(ഡി) സന്തോഷ് ട്രോഫി മൽസരങ്ങൾക്കായി താത്ക്കാലിക ഫ്ളഡ് ലൈറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ഇ) ടി സ്റ്റേഡിയം കൊല്ലം കോർപ്പറേഷന്റെ അധിനതയിലായതിനാൽ സ്ഥിരമായ ഫ്ളഡ് ലൈറ്റുകൾ സ്ഥാപിക്കുന്ന കാര്യം തീരുമാനിക്കേണ്ടത് കൊല്ലം കോർപ്പറേഷനാണ്.

## കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്

212 (3765) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ സിന്തറ്റിക്ക് ട്രാക്ക് നിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനു കണക്കാക്കിയിട്ടുള്ള ചെലവ് എത്രയാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ സ്പോർട്സ് കൗൺസിലിനു സ്വന്തമായി ഓഫീസുണ്ടോ ; ഇല്ലെങ്കിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന് എത്ര ചെലവ് വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് മുമ്പ് പ്രൊപ്പോസലും എസ്റ്റിമേറ്റും ലഭിച്ചിരുന്നുവോ ; ഇത് യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(സി) ലഭിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽപ്പെടുത്തി തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് കേന്ദ്ര സർക്കാർ തുക അനുവദിച്ചില്ല. ഇപ്പോൾ പരിഗണനയിലില്ല.

## ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പ്രവർത്തനം

213 (3766) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് കായിക താരങ്ങൾക്കായി അവിടെ ഒരുക്കിയിട്ടുള്ളത് ;

(സി) ഇവിടെ ഹോസ്റ്റൽ ആരംഭിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ, വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്റ്റേഡിയത്തിന്റെ അവശേഷിക്കുന്ന പണികൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഇൻഡോർ സ്റ്റേഡിയം ഫുട്ബോൾ കോർട്ട്, 400 മീറ്റർ റണ്ണിംഗ് ട്രാക്ക്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ കോർട്ട് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട് കൂടാതെ SMILE പദ്ധതിയിൽപ്പെടുത്തി സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോംഗ് ജംപ് പിറ്റ്, സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പണികളും, അടുക്കള സൗകര്യങ്ങളും ഒരുക്കുന്ന മുറയ്ക്ക് തിരുവനന്തപുരം ജില്ലയിലുള്ള എല്ലാ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും ഇവിടേക്ക് മാറ്റി സ്ഥാപിച്ചുകൊണ്ട് ഇത് ഒരു പ്രധാന കായിക പരിശീലനകേന്ദ്രമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

## സിനിമാ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക്

214 (3767) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുടനീളം മതിയായ അടിസ്ഥാന സൗകര്യങ്ങളോ വേണ്ടത്ര സാങ്കേതികമികവോ ഇല്ലാത്ത സിനിമാ തീയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സിനിമാ തിയേറ്ററുകളുടെ അടിസ്ഥാനസൗകര്യങ്ങളും സാങ്കേതിക നിലവാരവും നിരീക്ഷിക്കുന്നതിനും അമിതമായ ടിക്കറ്റ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് നടപടിയെടുക്കുന്നതിനും മറ്റുമായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ തലത്തിലുള്ളത് എന്നതിന്റെ വിശദാംശം സഹിതം വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയെ തരംതിരിച്ച് ആയതിന്റെ അടിസ്ഥാനത്തിലും തിയേറ്ററുകളുടെ നിലവാരം കൂടി പരിഗണിച്ച് സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളുടെ ടിക്കറ്റ് ചാർജ് ഏകീകരിക്കുന്നതിനുള്ള നടപടിക്ക് തയ്യാറാകുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിനിമാ തിയേറ്ററുകളുടെ നിലവാരം പരിശോധിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിയേറ്ററുകളുടെ ക്ലാസിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ടിക്കറ്റ് നിരക്ക് ഈടാക്കുന്നു എന്നു ഉറപ്പാക്കാൻ സർക്കാർ ഇ-ടിക്കറ്റിംഗ് സമ്പ്രദായം കൊണ്ടുവരികയാണ്. ഇതുവഴി എല്ലാ തീയേറ്ററുകളുടെയും ടിക്കറ്റ് നിരക്ക് സർക്കാരിൽ അറിയുവാൻ കഴിയുകയും ടിക്കറ്റ് വിതരണം സുതാര്യമാവുകയും പരാതിക്കിടവരാതെ ടിക്കറ്റ് വിതരണം നടത്താൻ കഴിയുന്നതുമാണ്.

(സി) തീയേറ്ററുകളുടെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സിനിമാ ടിക്കറ്റുകളുടെ നിരക്ക് സംബന്ധിച്ച് തീരുമാനം എടുക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ടിക്കറ്റ് ചാർജ് ഏകീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ആധുനിക തിയേറ്റർ സമുച്ചയം

215 (3768) ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആധുനിക തിയേറ്റർ സമുച്ചയം നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആലപ്പുഴയിൽ കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആധുനിക തിയേറ്റർ സമുച്ചയം നിർമ്മിക്കുവാനുള്ള പദ്ധതിയുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാട്ടത്തിന് സ്ഥലം ലഭ്യമാക്കുമെങ്കിൽ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുവാനും പദ്ധതിയുണ്ട്.

(ബി) കുറഞ്ഞ ചെലവിൽ സാധാരണ ജനങ്ങൾക്ക് വിനോദോപാധി ഒരുക്കുക, കൂടുതൽ പ്രേക്ഷകരെ തീയേറ്ററിലേക്ക് ആകർഷിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കി സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ആധുനിക രീതിയിലുള്ള ടോയ്‌ലെറ്റുകൾ, ഫുഡ്‌കോർട്ട്, പാർക്കിംഗ് സൗകര്യം, ഡിജിറ്റൽ പ്രൊജക്ഷൻ, മികച്ച ശബ്ദസംവിധാനം, മികച്ച രീതിയിലുള്ള ഇരിപ്പിടങ്ങൾ, കാര്യക്ഷമതയുള്ള എയർ കണ്ടീഷനിംഗ്, സി.സി.ടി.വി. നിരീക്ഷണം, അച്ചടക്കമുള്ള സെക്യൂരിറ്റി വിഭാഗം, ആധുനിക രീതിയിലുള്ള ക്ലീനിംഗ് വിഭാഗം തുടങ്ങിയ സവിശേഷതകൾ ഒരുക്കിയാണ് തിയേറ്ററുകൾ നിർമ്മിക്കുന്നത്. പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര-പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ-നെ പ്രോജക്ട് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ തിയേറ്റർ സമുച്ചയത്തിന്റെ ശിലാസ്ഥാപനകർമ്മം, 8-7-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ആലപ്പുഴ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭഘട്ടത്തിലാണ്. തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുവാനായി ഭൂമി പാട്ട വ്യവസ്ഥയിൽ ലഭ്യമാക്കുവാൻ തൽപ്പരരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കലാസാംസ്കാരിക പ്രവർത്തകർക്കായി ക്ഷേമപദ്ധതി**

216 (3769) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കലാസാംസ്കാരിക പ്രവർത്തകർക്കായി ക്ഷേമ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം കലാമേഖലകളിൽ പ്രവർത്തിക്കുന്നവരെയാണ് ക്ഷേമ നിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് ആരാണ് നേതൃത്വം നൽകുന്നത് ?

ഉത്തരം

(എ) ഉണ്ട്. കലാസാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്കും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 2011 ഫെബ്രുവരി മാസം വിജ്ഞാപനം ചെയ്യുകയും ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം ഒരു ക്ഷേമപദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2010-ലെ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കലാ സാംസ്കാരിക പ്രവർത്തകർ 60 വയസ്സിനുള്ളിൽ തുടർച്ചയായി അംശദായം അടച്ചിട്ടുണ്ടെങ്കിൽ, 60 വയസ്സാകുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷന് അർഹതയുണ്ട്. അതോടൊപ്പം, 60 വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർ അഞ്ച് വർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധിയിൽ അംഗമാകുന്നതോടുകൂടി അവർക്കും പെൻഷന് അർഹതയുണ്ട്. കുറഞ്ഞത് 2 വർഷം അംശദായം അടച്ച അംഗമോ, പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷന് അർഹതയുണ്ട്. കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റേയോ, അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹാവശ്യത്തിനായി ധനസഹായം നൽകുന്ന പദ്ധതിയും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവക്കുപുറമെ അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്, ചില വ്യവസ്ഥകൾക്കു വിധേയമായി, ചികിൽസാ സഹായം അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് നിർവചിച്ചിരിക്കുന്ന സാംസ്കാരിക പ്രവർത്തകൻ/പ്രവർത്തകയെയാണ് ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും, കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാനകലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്സ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, പുരാണപാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം മാപ്പിള കലകൾ, പന്തൽ അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്തുരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലെയുള്ള മറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ പ്രസ്തുത ആക്ടിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനംമൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ, ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും സാംസ്കാരിക ക്ഷേമനിധിയുടെ പരിധിയിൽവരുന്നു.

(ഡി) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡാണ് ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നത്.

### കലാകാര ക്ഷേമനിധിയിൽ ഫോട്ടോഗ്രാഫർമാർക്ക് അംഗത്വം

217 (3770) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാര ക്ഷേമനിധിയിൽ ഫോട്ടോഗ്രാഫർമാർക്ക് അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ ;

(ബി) ഫോട്ടോഗ്രാഫർമാർക്ക് അംഗത്വം നൽകുന്നതിനുള്ള മാനദണ്ഡമെന്താണ് ;

(സി) ക്ഷേമനിധി അംഗത്വത്തിന് ശുപാർശ ചെയ്യുന്നതിന് അധികാരപ്പെട്ടവർ ആരൊക്കെയാണ് ;

(ഡി) ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) അപേക്ഷ അറ്റസ്റ്റ് ചെയ്യുന്നതിന് ഏതെങ്കിലും അക്കാഡമിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇത് ഏത് അക്കാഡമിയെയാണ് എന്നറിയിക്കുമോ ?

### ഉത്തരം

(എ&ബി) 2010-ലെ കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം, സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹരാകുന്ന വ്യവസ്ഥകൾ പ്രകാരം ഫോട്ടോഗ്രാഫിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നയാൾക്ക് ടി കലാ സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട അക്കാഡമിയോ സംഘടനയോ ട്രേഡ് ബോഡിയോ അല്ലെങ്കിൽ, ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും സർക്കാർ അംഗീകരിച്ചതുമായ മറ്റേതെങ്കിലും നികായമോ, സമാജമോ, ശുപാർശ ചെയ്യുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വത്തിനായുള്ള അപേക്ഷ സമർപ്പിക്കാവുന്നതും ക്ഷേമനിധി ബോർഡ് അപേക്ഷ പരിശോധിച്ച് അംഗത്വം നൽകുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 18 വയസ്സുമുതൽ 60 വയസ്സ് വരെയുള്ള സാംസ്കാരിക പ്രവർത്തകർക്ക് സർക്കാരിന് കീഴിലുള്ള കേരള ചലച്ചിത്ര അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള ഫോക് ലോർ അക്കാഡമി, കേരള കലാമണ്ഡലം, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടോ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ടോ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സാംസ്കാരിക പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമോ ശുപാർശ ചെയ്യുന്ന മുറയ്ക്ക് ക്ഷേമനിധി ബോർഡ് അപേക്ഷ പരിശോധിച്ചാണ് അംഗത്വം നൽകുന്നത്.

(ഡി) 2010-ലെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ പ്രസക്ത ഭാഗം ഇതോടൊപ്പം ലഭ്യമാക്കുന്നു.*

(ഇ&എഫ്) സർക്കാരിന് കീഴിലുള്ള കേരള ചലച്ചിത്ര അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള ഫോക് ലോർ അക്കാഡമി, കേരള കലാമണ്ഡലം, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടോ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ടോ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സാംസ്കാരിക പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് അപേക്ഷ ശുപാർശ/അറ്റസ്റ്റ് ചെയ്യുന്നതിന് 2010-ലെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം അധികാരമുണ്ട്.

### കുറ്റകൃത്യങ്ങൾ തടയുന്നതിന് സംവിധാനം

218 (3771) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി എല്ലാ സ്ഥലങ്ങളിലും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ ;

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 24 മണിക്കൂറും ഇത് നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് വകുപ്പ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി രാത്രി പകൽ ഭേദമന്യേ പട്രോളിംഗും, ബീറ്റ് ഡ്യൂട്ടികളും ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയ്ക്കായി ഷാഡോ പോലീസിനെ വിന്യസിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നത് കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി കുറ്റാന്വേഷണവിഭാഗത്തെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാന വിഭാഗത്തെയും രണ്ടായി വേർപ്പെടുത്തുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റി ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഉദ്യോഗസ്ഥർക്ക് അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്രമസമാധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) നഗര സുരക്ഷയുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി "Safe Kochi Secure Kochi" എന്ന പേരിൽ കൊച്ചി സിറ്റിയിൽ Integrated Digital Security Plan-ന്റെ ഔപചാരിക ഉദ്ഘാടനം നടത്തിയിട്ടുണ്ട്. നിലവിൽ ട്രാഫിക്, സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ക്യാമറകളും, മറ്റ് സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളും കൂടാതെ Vital Installations സ്വകാര്യ/സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജനങ്ങൾ ഒത്തുകൂടുന്ന മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവരവരുടെ സ്പോൺസർഷിപ്പിൽ ഡിജിറ്റൽ ക്യാമറകൾ സ്ഥാപിക്കുന്നതിനും അവയുടെ ലിസ്റ്റ് പോലീസ് കൺട്രോൾ റൂമിലും, പോലീസ് സ്റ്റേഷനുകളിലും നൽകി 24 മണിക്കൂറും ക്യാമറ നിരീക്ഷണത്തിൽകൂടി സിറ്റിയുടെ സുരക്ഷ വർദ്ധിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇതിൽ വിഭാവനം ചെയ്തിട്ടുള്ളത്. വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ CCTV സംവിധാനം ഉൾപ്പെടെയുള്ള കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി 60 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ വാങ്ങി തിരുവനന്തപുരം സിറ്റി (27 എണ്ണം), കൊച്ചി സിറ്റി (15 എണ്ണം), കോഴിക്കോട് സിറ്റി (18 എണ്ണം) എന്നീ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി (8 എണ്ണം), കൊല്ലം സിറ്റി (14 എണ്ണം) കൊച്ചി സിറ്റി (6 എണ്ണം), തൃശ്ശൂർ സിറ്റി (16 എണ്ണം) കോഴിക്കോട് സിറ്റി (6 എണ്ണം) എന്നീ പോലീസ് ജില്ലകളിൽ മൊത്തം 50 ട്രാഫിക് സെക്യൂരിറ്റി ക്യാമറകൾ കൂടി വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ ഹൈവേകളിൽ 50 സ്ഥലങ്ങളിലായി 100 ക്യാമറകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) കൺട്രോൾ റൂമുകളിൽ പ്രസ്തുത ക്യാമറകളിലൂടെയുള്ള ദൃശ്യങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ട്.

### ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനു നടപടി

219 (3772) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊലപാതകം, കൂട്ടക്കവർച്ച, മാലപൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം-മയക്കുമരുന്നുകേസ്സുകൾ തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇവ ഓരോന്നിന്റെയും 2012-ലെ കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പെരുകിവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിംഗ് ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 50 ട്രൈബൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 100 പുതിയ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള 740 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ അതിവേഗം കണ്ടെത്തി തടയുന്നതിനായി ട്രാഫിക് മോണിറ്ററിംഗ് ക്യാമറകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കേസുകളിൽ സത്യസന്ധവും നീതിയുക്തവും പഴുതടച്ച അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ ഫലമായി കുറ്റവാളികൾ ആരുംതന്നെ രക്ഷപ്പെടുവാൻ അനുവദിച്ചിട്ടില്ലാത്തതുമാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിംഗ് ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 50 ട്രൈബൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 100 പുതിയ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള 740 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ അതിവേഗം കണ്ടെത്തി തടയുന്നതിനായി ട്രാഫിക് മോണിറ്ററിംഗ് ക്യാമറകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കേസുകളിൽ സത്യസന്ധവും നീതിയുക്തവും പഴുതടച്ച അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ ഫലമായി കുറ്റവാളികൾ ആരും തന്നെ രക്ഷപ്പെടുവാൻ അനുവദിച്ചിട്ടില്ലാത്തതുമാണ്. ഇതിനുപുറമെ ഊർജ്ജിതമായ പോലീസ് പട്രോളിംഗും സംശയമുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണങ്ങളും സ്ഥിരം കുറ്റവാളികളെ കണ്ടെത്തി നിരീക്ഷിച്ച് അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി കുറ്റകൃത്യ സാഹചര്യങ്ങൾ ഒഴിവാക്കി വരികയും ചെയ്തുവരുന്നു.

തലസ്ഥാനത്തെ കവർച്ചകൾ തടയാൻ നടപടി

220 (3773) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ തലസ്ഥാനത്തും പരിസരങ്ങളിലും അടുത്തകാലത്തായി വൻതോതിലുള്ള മോഷണങ്ങൾ തുടർച്ചയായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൻകവർച്ചകൾ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മോഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട കവർച്ചാ സംഭവങ്ങളിൻമേൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതാന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി വരുന്നുണ്ട്. ഇത്തരം കവർച്ചകൾ തടയുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ രാത്രി പകൽ ഭേദമന്യേ പോലീസ് പട്രോളിംഗ് കാര്യക്ഷമമാക്കി നിരീക്ഷണത്തിൽ വയ്ക്കുകയും രാത്രി കാലങ്ങളിൽ വാഹനപരിശോധനകൾ ഊർജ്ജിതമായി നടത്തിയും വരുന്നു. അന്യസംസ്ഥാന പോലീസിന്റെ സഹായം ആവശ്യമായി വരുന്ന സംഗതികളിലേക്കും നടപടികൾ സ്വീകരിച്ചുവരുന്നു.

## അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ കുറ്റകൃത്യങ്ങൾ

221 (3774) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ കുറ്റകൃത്യങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ നാദാപുരം സർക്കിൾ പരിധിയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ പേരിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## അന്യ സംസ്ഥാന തൊഴിലാളികളുടെ മറവിൽ വിധ്വംസക പ്രവർത്തനം

222 (3775) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ വിധ്വംസക പ്രവർത്തനം നടത്തുന്നവർ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ ആരെങ്കിലും വിധ്വംസക പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശവിരുദ്ധ ശക്തികളോ വിഘടനവാദികളോ വിധ്വംസക പ്രവർത്തകരോ കടന്നുകയറുന്നത് തടയാൻ മുൻകരുതൽ എന്ന നിലയ്ക്ക് നിരീക്ഷണം നടത്താൻ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം പോലീസ് സ്റ്റേഷനുകളിലെ എസ് എച്ച് ഒ



LIBRARY ARCHIVES Kerala Legislative Assembly

മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് അന്യ സംസ്ഥാന തൊഴിലാളികളുടെ പേര്, മേൽവിലാസം, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ അതതു പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്ററിൽ സൂക്ഷിച്ചുവരുന്നു. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതുസംബന്ധിച്ച കരട് ബില്ലിൽ (Kerala Migrant Workers Conditions of Service and Compulsory Registration) Social Security Act) അന്യ സംസ്ഥാന തൊഴിലാളികൾ എന്ന പേരിൽ ഇവിടെയെത്തുന്നവർ അന്യരാജ്യക്കാർ ആണോ എന്ന് പരിശോധിച്ചശേഷമേ ഇവർക്കു തിരിച്ചറിയൽ കാർഡും രജിസ്ട്രേഷനും നൽകേണ്ടതുള്ളൂ എന്നും ഇവരുടെ പ്രവർത്തന പശ്ചാത്തലവും ക്രിമിനൽ പശ്ചാത്തലവും വിലയിരുത്തണമെന്നുമുള്ള ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്.

### തമിഴ് തൊഴിലാളികൾക്കിടയിൽ കേരള വിരുദ്ധ വികാരം

223 (3776) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിലെ തോട്ടം മേഖലയിൽ തമിഴ് തൊഴിലാളികൾക്കിടയിൽ കേരള വിരുദ്ധവികാരം വളർത്തുന്ന പ്രവർത്തനങ്ങൾ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുപിന്നിൽ ചില തീവ്രവാദസംഘടനകൾ ആണെന്ന ആരോപണം ശരിയാണോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനുപിന്നിൽ തീവ്രവാദസംഘടനകൾ ആണെന്ന ആരോപണം ശരിയല്ല. എന്നാൽ "വിടുതലൈ ശിരുതൈ" എന്ന സംഘടന, തമിഴ് ഭാഷ പ്രാദേശിക വിഭാഗത്തിലുള്ള ആളുകൾക്കും മലയാളികൾക്കും തമ്മിൽ ഐക്യമില്ലായ്മ, ശത്രുതാ മനോഭാവം, വെറുപ്പ്, വിദ്വേഷം എന്നിവ ഉണ്ടാക്കുന്നതും ഉണ്ടാക്കാൻ ഇടയാക്കാവുന്നതും അങ്ങനെ ദേശീയോദ്ഗ്രഥനത്തിന് ഹാനികരമാകുന്ന തരത്തിൽ തമിഴ് വൈകാരികത ഉണർത്തുന്ന തരത്തിലുള്ള സിഡി വിതരണം നടത്തിയ സംഭവം അടുത്തിടെ ഉണ്ടായിട്ടുണ്ട്.

### ശാസ്ത്രവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്കെതിരെയുള്ള നടപടി

224 (3777) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ ക്ഷിപ്രവിശ്വാസ സാധ്യതയെ മുതലെടുത്തുകൊണ്ട് കേരളത്തിൽ ഒട്ടേറെ തട്ടിപ്പുവീരന്മാർ പ്രത്യക്ഷപ്പെടുകയും ഏലസ്സുകളുടെയും സ്വർണ്ണച്ചേനയുടേയും നിധിയുടെയും തുടങ്ങി നിരവധി നുണക്കഥകളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിച്ച് ജനങ്ങളെ വഞ്ചിച്ചുവരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം കേസ്സുകൾ എത്ര എണ്ണത്തിൽ കുറ്റവാളികളെ പിടികൂടുവാനും ശിക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ടെന്ന് പറയുമോ ;

(സി) ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കുവാൻ ജനങ്ങളുടെ ശാസ്ത്രബോധം വളർത്തുകയും അവരെ ബോധവൽക്കരിക്കുകയുമാണ് വേണ്ടതെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ശാസ്ത്ര ബോധമുള്ള ഒരു ജനതയെ വളർത്തിയെടുക്കുവാനും ശാസ്ത്രവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 കേസുകളിൽ 5 എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 4 കേസുകൾ വിചാരണാവസ്ഥയിലാണ്. പ്രതികളെ ആരെയും ശിക്ഷിച്ചിട്ടില്ല.

(സി) ബോധവൽക്കരണം ഒരു പരിധിവരെ സഹായകരമാകും. എന്നാലും ഇത്തരം തട്ടിപ്പുകളിൽ വീഴാതിരിക്കുവാനും തട്ടിപ്പുകാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുവാനും ഓരോ പൗരനും കടമയുണ്ട്. രാഷ്ട്രീയ സാമൂഹ്യ യുവജന സംഘടനകൾ ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് സഹായകരമാകും.

(ഡി) ചൂഷണങ്ങൾക്ക് ജനങ്ങളെ വിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമ വ്യവസ്ഥയിൽ പോലീസിന് ചുമതലപ്പെടുത്തിയിട്ടുള്ള അധികാരം ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനായിട്ടുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം**

225 (3778) ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിന്റെ ദുരുപയോഗം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ ഈ നിയമം വഴി കേസെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ക്രിമിനലുകൾ നാട്ടിലെങ്ങും വിഹരിക്കുമ്പോൾ, അവരെ തടയുന്നതിന് തയ്യാറാകാതെ ജനകീയ സമരങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ കേസെടുക്കുന്നതായി പറയപ്പെടുന്ന പോലീസ് നടപടികൾ, സർക്കാരിന്റെ അറിവോടു കൂടിയാണോ ; എങ്കിൽ, വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമായതിനാൽ ഏതെങ്കിലും തരത്തിലുള്ള അധികാര ദുർവിനിയോഗമോ നിയമത്തിന്റെ ദുരുപയോഗമോ തടയുന്നതിന് നിയമത്തിൽ തന്നെ വ്യവസ്ഥകൾ ഉണ്ട്. മാത്രമല്ല, ഒരാളെ കരുതൽ തടങ്കലിൽ വയ്ക്കുന്നതു സംബന്ധിച്ച് ഭരണഘടനയിലും കൃത്യമായ രക്ഷാവ്യവസ്ഥകൾ ഉണ്ട്. ഈ നിയമത്തിൻകീഴിൽ ജില്ലാ മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന തടങ്കൽ ഉത്തരവ് 12 ദിവസത്തിനകം സർക്കാർ അംഗീകരിക്കേണ്ടതുണ്ട്. അതിനുശേഷം കരുതൽ തടങ്കൽ ഉത്തരവിന്റെ സാധുത പരിശോധിക്കുന്നതിന്, കേസ്, റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള ഉപദേശക ബോർഡിന് സർക്കാർ റഫർ ചെയ്യേണ്ടതുണ്ട്. ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശക ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് എന്നതിനാൽ നിയമത്തിന്റെ ദുരുപയോഗം ഉണ്ടാകുന്നില്ല.

(ബി&സി) ജനകീയ സമരത്തിൽ പങ്കെടുക്കുന്നതുകൊണ്ടുമാത്രം ഒരാൾക്കെതിരെ ഈ നിയമത്തിൻകീഴിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ല. അറിയപ്പെടുന്ന റൗഡി അല്ലെങ്കിൽ അറിയപ്പെടുന്ന ഗുണ്ട എന്ന നിലയിൽ ആർക്കൊക്കെയെതിരെ, ഏതെല്ലാം സാഹചര്യത്തിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാമെന്നത് സംബന്ധിച്ച് നിയമത്തിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. ഇത്തരത്തിൽ നിയമാനുസരണം പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കുമാത്രമാണ് സർക്കാർ അംഗീകാരം നൽകുന്നത്. കരുതൽ തടങ്കലിന് മതിയായ കാരണമുണ്ടോ എന്ന കാര്യം റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഉപദേശക ബോർഡ് നിയമപരമായി പരിശോധിക്കുന്നുണ്ട്. കരുതൽ തടങ്കൽ സംബന്ധിച്ച് ഭരണഘടനയിലും ബന്ധപ്പെട്ട നിയമത്തിലും ഉള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

## സ്ത്രീകൾക്ക് കായിക പരിശീലനം നൽകാൻ നടപടി

226 (3779) <u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്ത്രീകൾക്കെതിരായി വ്യാപകമായ അതിക്രമങ്ങൾ റിപ്പോർട്ടുചെയ്യുന്ന സാഹചര്യത്തിൽ സ്വയം പ്രതിരോധത്തിനും, മനോധൈര്യം പകർന്ന് നൽകാനുമുള്ള കായിക പരിശീലനം, പോലീസിന്റെയോ മറ്റ് സേനകളുടെയോ സഹായത്തോടെ അവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പോലീസിന്റെ സഹായത്തോടെ സമൂഹത്തിലെ മുഴുവൻ വനിതകൾക്കും കായിക പരിശീലനം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ സ്കൂൾതലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പോലീസിന്റെ സഹായത്തോടുകൂടി കായിക പരിശീലനം നൽകി വരുന്നുണ്ട്.

**പോലീസിന്റെ ആധുനികവൽക്കരണം**

227 (3780) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനും വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പോലീസ് ആധുനികവൽക്കരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) പോലീസ് ആധുനികവൽക്കരണത്തിനായി 2012-13 വർഷത്തെ ആനുവൽ ആക്ഷൻ പ്ലാനിന് നാളിതുവരെ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടില്ല. നോൺ പ്ലാൻ ഇനത്തിൽ കേന്ദ്രവിഹിതമായി 30.82 കോടി രൂപയും സംസ്ഥാന വിഹിതമായി 19.66 കോടി രൂപയും പ്ലാൻ ഇനത്തിൽ കേന്ദ്രവിഹിതമായി 24.51 കോടി രൂപയും സംസ്ഥാനവിഹിതമായി 16.26 കോടി രൂപയും ഉൾപ്പെടെ 91.25 കോടി രൂപയുടെ ഒരു വിശദമായ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ, എം.പി. 5 ഗണ്ണുകൾ, സ്നിഫർ റൈഫിളുകൾ തുടങ്ങിയവ, ഡിജിറ്റൽ മൊബൈൽ റേഡിയോ രീതി ഉൾപ്പെടെയുള്ള ആധുനിക കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ആയുധ പരിശീലന സിമുലേറ്ററുകൾ ഉൾപ്പെടെയുള്ള ട്രെയിനിംഗ് ഉപകരണങ്ങൾ, എക്സ്പ്ലോസീവ് ഡിറ്റക്ഷൻ ഉപകരണങ്ങൾ, മൊബൈൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോമുകൾ, സെക്യൂരിറ്റി ക്യാമറകൾ, മൊബൈൽ കമാന്റ് ആന്റ് കൺട്രോൾ യൂണിറ്റ് തുടങ്ങി ആധുനിക ഉപകരണങ്ങൾ, ട്രാഫിക് കൺട്രോൾ ഉപകരണങ്ങൾ, പോലീസ് സ്റ്റേഷനുകൾക്കാവശ്യമായ വാഹനങ്ങൾ, മോട്ടോർ സൈക്കിളുകൾ, ഫോറൻസിക് ലാബ് ഉപകരണങ്ങൾ, വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പോലീസ് വകുപ്പിലെ അഡ്മിനിസ്ട്രേഷൻ വിംഗുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. ഇതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) 1-9-2012 മുതൽ നടപ്പിൽവരുത്തിക്കഴിഞ്ഞു. ഇതിലൂടെ ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി ഫയലിൽ നടപടി സ്വീകരിക്കുവാൻ കഴിയും. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) എനേബിൾഡ് ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു. ഇതിലൂടെ കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനുകളിലേക്കുമുള്ള പരാതികൾ ഓരോ പോലീസ് സ്റ്റേഷനുകളിൽനിന്നും അയയ്ക്കാവുന്നതാണ്. പോലീസ് സംബന്ധമായ വിവരങ്ങളും ഫയൽ നടപടിക്രമങ്ങളും ടച്ച്സ്ക്രീൻ കയോസ്കുകളിലൂടെ അറിയാൻ കഴിയുന്ന സംവിധാനം നടപ്പിൽവന്നുകഴിഞ്ഞു. അഞ്ച് സിറ്റികളിലും മറ്റ് ചില ജില്ലകളിലും ഇലക്ട്രാണിക് ബീറ്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ സ്വിഫ്റ്റ് ആക്ഷൻ ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ലോഗോസ് ജംഗ്ഷനിലും കൊച്ചി സിറ്റിയിലെ വൈറ്റിലയിലും അഡ്വാൻസ്ഡ് ട്രാഫിക് റെഗുലേറ്ററി സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി സി.സി.റ്റി.എൻ.എസ്. (ക്രൈം ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്ക് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പോലീസിനെ ജനകീയമാക്കുന്നതിനും ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനുമായി രൂപം നൽകിയ ജനമൈത്രി സുരക്ഷാ പദ്ധതി അഥവാ കമ്മ്യൂണിറ്റി പോലീസിംഗ് ആദ്യ മൂന്നുഘട്ടങ്ങളിലായി 148 സ്റ്റേഷനുകളിലാണ് ആരംഭിച്ചത്. നാലാംഘട്ടത്തിൽ ഇത്, 50 ട്രൈബൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ, 100 പോലീസ് സ്റ്റേഷനുകളിൽകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആകെ 248 പോലീസ് സ്റ്റേഷനുകളിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളത്. ബീറ്റ് സംവിധാനം കുറച്ചുകൂടി ഊർജ്ജിതമാക്കുന്നതിനും അത് പരിശോധിക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം നടപ്പിൽവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് വകുപ്പിലെ അഡ്മിനിസ്ട്രേഷൻ വിംഗിൽ ഇ-ഗവേണൻസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. തപാൽ സ്വീകരിക്കൽ, ഫയൽ സമർപ്പിക്കൽ, പോലീസ് വകുപ്പിനകത്തുള്ളവ, വിവരങ്ങളും സന്ദേശങ്ങളും അയയ്ക്കൽ, സ്റ്റോർ പർച്ചേസ് സംബന്ധമായ നടപടിക്രമങ്ങൾ, പെറ്റീഷൻ മാനേജ്മെന്റ് തുടങ്ങിയവ കമ്പ്യൂട്ടർ വൽക്കരിച്ചുകഴിഞ്ഞു. കമ്മ്യൂണിറ്റി പോലീസിംഗ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എന്നിവ വ്യാപകമാക്കിവരുന്നു. സർവ്വയലൻസ് ക്യാമറകൾ ഉപയോഗപ്പെടുത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുന്നതിന് വിവിധ സംവിധാനങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ട്. ICT എനേബിൾഡ് ഹെൽപ്പ് ഡെസ്ക്കുകളിൽകൂടി ഏത് പോലീസ് സ്റ്റേഷനെ സംബന്ധിച്ചുള്ള പരാതിയും എപ്പോൾ വേണമെങ്കിലും ആർക്കും നൽകാൻ കഴിയുന്നതാണ്. പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കയോസ്കുകൾവഴി പോലീസ് സംബന്ധമായ വിവരങ്ങളും, ഫയൽ സംബന്ധമായ വിവരങ്ങളും അറിയുവാൻ കഴിയുന്നതിനുള്ള സംവിധാനം ഉടൻതന്നെ നടപ്പിൽവരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ജില്ലാ പോലീസ് മീഡിയാ സെന്ററുകൾ

228 (3781) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലകളിൽ പോലീസ് മീഡിയാ സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് സെന്ററുകളിൽ നിന്ന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി, എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ-ഡി) സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലും മീഡിയാ സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടി വകുപ്പുതലത്തിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

## പോലീസ് സേനയിൽ ബാഹ്യ ഇടപെടലുകൾ

229 (3782) ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ ബാഹ്യഇടപെടലുകൾമൂലം നീതി നിർവ്വഹണം ഉറപ്പാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉന്നതങ്ങളിൽ നിന്നുള്ള നിയമവിരുദ്ധ നിർദ്ദേശങ്ങളും സമ്മർദ്ദങ്ങളും പോലീസിന്റെ മനോവീര്യം തകർക്കാനിടയാക്കിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാരുടെ പീഡനംമൂലം പോലീസ് ഉദ്യോഗസ്ഥർ ജോലിയിൽ തുടരാൻ വിസമ്മതിച്ചതും ആത്മഹത്യ ചെയ്തതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരം ഒരു സാഹചര്യം ഉണ്ടായിട്ടില്ല.

(ബി&സി) ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ല.

**രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ പോലീസ് സംവിധാനം ദുരുപയോഗം ചെയ്യപ്പെടുന്നതായുള്ള ആക്ഷേപങ്ങൾ**

**230 (3783)** ശ്രീ. എളമരം കരീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ പ്രതിയോഗികളെ വേട്ടയാടാൻ പോലീസ് സംവിധാനം ദുരുപയോഗം ചെയ്യപ്പെടുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരമൊരു അവസ്ഥയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; പോലീസിനെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കാമോ ; വിശദമാക്കുമോ ;

(ബി) മേൽ സാഹചര്യത്തിൽ മാഫിയ-ക്വട്ടേഷൻ സംഘങ്ങളും പെൺവാണിഭക്കാരും, കവർച്ചക്കാരും, മണൽ-ഭൂ-മദ്യമാഫിയ സംഘങ്ങളും സംസ്ഥാനത്ത് സാർവ്വത്രികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം ശക്തികളെ അമർച്ച ചെയ്യുന്നതിനായി പോലീസിനെ ഫലപ്രദമായി വിനിയോഗിക്കാനും ദുരുപയോഗം തടയാനും തയ്യാറാകുമോ ?

ഉത്തരം

(എ) ആക്ഷേപങ്ങൾ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിഷ്പക്ഷവും നീതിപൂർവ്വവും രാഷ്ട്രീയഭേദമെന്യേയുമാണ് പോലീസ് പ്രവർത്തിച്ചുവരുന്നത് എന്നതുകൊണ്ട് ആക്ഷേപത്തിൽ കഴമ്പില്ലാത്തതാണ്.

(ബി&സി) ഇത്തരം ശക്തികളെ അമർച്ച ചെയ്യുന്നതിനായി പോലീസ് സംവിധാനം സദാജാഗരൂകമാണ്. കുറ്റക്കാർക്കെതിരെ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**കേരള തണ്ടർബോൾട്ട്**

**231 (3784)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കമാൻഡോ വിഭാഗമായ കേരള തണ്ടർ ബോൾട്ടിന്റെ സവിശേഷതകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) തീവ്രവാദം ഉൾപ്പെടെയുള്ളവയെ നേരിടാനുള്ള പ്രവർത്തനത്തിൽ ഈ വിഭാഗത്തെ എങ്ങനെ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ വിഭാഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

ഉത്തരം

(എ) തണ്ടർബോൾട്ട് കമാൻഡോ വിംഗിൽ നിലവിൽ 157 കമാണ്ടോകളാണ് ഉള്ളത്. ഇൻഡ്യൻ എയർഫോഴ്സ്, നേവി എന്നീ സേനകളിൽ പരിശീലനവും കൗണ്ടർ ഇൻസർജൻസി ആന്റ് ടെററിസ്റ്റ്, ആന്റി മോഡൽ ഓപ്പറേഷൻ എന്നിവയിൽ വൈദഗ്ദ്ധ്യം നേടിയവരാണ് ഇവർ. കഠിനമായ 20 മാസത്തെ ട്രെയിനിംഗ് പൂർത്തിയാക്കിയ എല്ലാവരും 23 വയസ്സിൽ താഴെയുള്ളവരും നേരിട്ട് കമാൻഡോ ആയി തിരഞ്ഞെടുത്തവരുമാണ്. ഇവർക്ക് സൈക്കോളജി, സൈക്യാട്രി ടെസ്റ്റ് എന്നിവ നടത്തിയിട്ടുമുണ്ട്.

(ബി) ഏതു സാഹചര്യത്തെയും നേരിടാനുള്ള സുസജ്ജമായ സേനാ വിഭാഗമാണ് ഇത്. ആയതിലേക്ക് വിദഗ്ദ്ധ രീതിയിലുള്ള ട്രെയിനിംഗ് തുടർന്നു കൊണ്ടിരിക്കുന്നു. ഇവർക്ക് ആധുനിക ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഓപ്പറേഷൻ കൺട്രോൾ സംസ്ഥാന പോലീസ് മേധാവിക്കാണ്.

(സി) തീവ്രവാദത്തെ അമർച്ച ചെയ്യൽ, അടിയന്തര സാഹചര്യങ്ങളിൽ തീവ്രവാദികളുടെ ആക്രമണങ്ങളെ കാര്യക്ഷമമായി നേരിടുക, അതിവിശിഷ്ട വ്യക്തികളുടെ സുരക്ഷ എന്നിവയാണ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

**സ്വകാര്യ സ്ഥാപനങ്ങളിലെ പൊതുജന സുരക്ഷ**

232 (3785) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ പൊതുജന സുരക്ഷയ്ക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) സ്വകാര്യ സ്ഥാപനങ്ങളിൽ ഇതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ-ഡി) സ്വകാര്യ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സ്വകാര്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് അത്തരം സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ സുരക്ഷയ്ക്ക് ആവശ്യമായ സെക്യൂരിറ്റി ഗാർഡ്, അലാറം, സർവൈലൻസ് ക്യാമറ തുടങ്ങിയവ സ്ഥാപിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന വ്യവസായ സംരക്ഷണ സേന (SISF) രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയുമാണ്.

## പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കൽ

233 (3786) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര സേവനാവകാശങ്ങളാണ് നിയമംവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനെ സംബന്ധിച്ച വേണ്ടത്ര പ്രചാരണം നൽകുവാൻ നടപടി എടുക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

## ഉത്തരം

(എ) സർക്കാരിന്റെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 237 മുഖേന 29-1-2013 മുതൽ സേവനാവകാശ നിയമം പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1 മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം

2 പ്രൊസഷനുകൾ നടത്തുന്നതിനുള്ള അനുവാദം

3 പാസ്പോർട്ട് അന്വേഷണം

4 പരാതി അന്വേഷണം

5 പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്

6 എഫ്.ഐ.ആർ-ന്റെ പകർപ്പ് നൽകുന്നത്

7 പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്

8 പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്

9 ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്

10 ജോലി സംബന്ധമായ വെരിഫിക്കേഷൻ

11 വിദേശികളുടെ രജിസ്ട്രേഷൻ

12 കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്

13 സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും

14 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം

(സി) നിലവിലുള്ള സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നത്.

(ഡി) സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസിന്റെ ഇൻഫർമേഷൻ സെന്റർ മുഖേനയും പ്രചരിപ്പിച്ചിട്ടുണ്ട്. കേരള പോലീസിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഐ.ജി.പി. എസ്.സി.ആർ.ബി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### എയർപോർട്ടുകൾ വഴിയുള്ള മനുഷ്യക്കടത്ത്

234 (3787) ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ചവിട്ടിക്കടത്തൽ' എന്ന മറുപേരിൽ അറിയപ്പെടുന്ന എയർപോർട്ടുകൾ വഴിയുള്ള മനുഷ്യക്കടത്തിന് പിന്നിൽ പ്രവർത്തിക്കുന്നവരെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) എയർപോർട്ടുകളിലെ എമിഗ്രേഷൻ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെയാണിത് നടന്ന് വരുന്നതെന്നറിയാമോ ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സംസ്ഥാനത്തെ എയർപോർട്ടുകൾ വഴിനടന്ന മനുഷ്യക്കടത്ത് സംബന്ധിച്ച് വിശദമാക്കാമോ ; എത്ര സ്ത്രീകൾ അപ്രകാരം കടന്നുപോയിട്ടുള്ളതായി കരുതുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങൾവഴി വ്യാജ യാത്രാരേഖകൾ ഉപയോഗിച്ച് വിദേശത്തേക്ക് കടക്കുന്നതിന് ഒത്താശ ചെയ്ത സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(ബി) എയർപോർട്ടിലെ ചില എമിഗ്രേഷൻ ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് ഇത്തരത്തിലുള്ള ചില സംഭവങ്ങൾ നടന്നുവന്നിരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**മനുഷ്യക്കടത്തിനു പിന്നിലെ ഉദ്യോഗസ്ഥരടങ്ങുന്ന ശൃംഖല**

235 (3788) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചില വിമാനത്താവളങ്ങളിലൂടെ വൻതോതിൽ മനുഷ്യക്കടത്ത് നടക്കുന്നതായും ഇതിന് പിന്നിൽ ഉദ്യോഗസ്ഥരും ഏജന്റുമാരും ഉൾപ്പെട്ട വൻ ശൃംഖലയാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃതമായി വിദേശത്ത് കടക്കാൻ ഉദ്ദേശിക്കുന്നവർക്ക് സദുദ്ദേശമല്ല എന്ന കാര്യം മുൻനിർത്തി ഇതിനെക്കുറിച്ചുള്ള അന്വേഷണം കാര്യക്ഷമമാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദവിവരം നൽകുമോ ?

**ഉത്തരം**

(എ) വിമാനത്താവളങ്ങൾവഴി മനുഷ്യക്കടത്ത് നടത്തുന്നത് സംബന്ധിച്ചും ഇതിൽ എമിഗ്രേഷൻ വിഭാഗത്തിലെ ചില ഉദ്യോഗസ്ഥർക്കും ട്രാവൽ ഏജന്റുമാർക്കും പങ്കുള്ളതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസുകൾ ക്രൈംബ്രാഞ്ച് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. കേരളത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗങ്ങളെല്ലാം ഇപ്പോൾ ഐ.ബി.-യുടെ നിയന്ത്രണത്തിലാണ്.

**കുട്ടികളുടെ അരക്ഷിതാവസ്ഥ**

236 (3790) ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികൾ അരക്ഷിതാവസ്ഥയിലാണെന്ന കാര്യം സർക്കാരിനറിയാമോ ; ക്രൂരതയിൽ നിന്നും ചൂഷണത്തിൽ നിന്നും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) കുട്ടികൾ ശാരീരിക പീഡനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച് ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ രണ്ടുവർഷത്തെ കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ലഭ്യമാണോ ;

(ഡി) ഏതെല്ലാം നിലയിലുള്ള പീഡനങ്ങൾക്കാണ് കുട്ടികൾ വിധേയരാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ കുട്ടികൾ അരക്ഷിതാവസ്ഥയിലാണെന്ന് കരുതാൻ കഴിയില്ല. കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുംവേണ്ടി നിലവിലുള്ള Juvenile Justice Act, Protection of Childrens from Sexual Offences Act എന്നീ നിയമങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ ഇടയിൽ ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സ്റ്റുഡന്റ്സ് പോലീസ് പദ്ധതി, ജനമൈത്രി പോലീസ് പദ്ധതി എന്നിവ മുഖേന നടത്തിവരുന്നുണ്ട്.

(ബി) കുട്ടികൾ ശാരീരിക പീഡനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത് സംബന്ധിച്ച് 2011-ൽ 768 കേസുകളും 2012-ൽ 858 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പോലീസ് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, മാനഭംഗം, പൂവാലശല്യം, ദേഹോപദ്രവം, കൊലപാതകം, ലൈംഗിക പീഡനം, ബാലവേല തുടങ്ങിയ പീഡനങ്ങൾക്കാണ് കുട്ടികൾ വിധേയരാകുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരാതിപ്പെട്ടികൾ

237 (3791) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിന് ആഭ്യന്തര വകുപ്പ് പദ്ധതിയിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ&ബി) ജനമൈത്രി സുരക്ഷാ പദ്ധതിയുടെയും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള അനാശാസ്യ പ്രവർത്തനങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ അധികാരികളുടെയും പോലീസിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനായിട്ടാണ് പ്രസ്തുത പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളത്.

(സി) പരാതിപ്പെട്ടികൾ ആഴ്ചയിലൊരിക്കൽ അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെയും, സ്കൂൾ പ്രിൻസിപ്പൾമാരുടെയും സാന്നിദ്ധ്യത്തിൽ തുറക്കുകയും പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ**

238 (3782) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് ;

(സി) കോഴിക്കോട് നാർക്കോട്ടിക് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സിൽവർ ഹിൽസ് ഹയർസെക്കണ്ടറി സ്കൂൾ പരിസരത്തുവച്ച് 2011 നവംബർ മാസത്തിൽ ഒരു കേസ് റിപ്പോർട്ടാവുകയും ക്രൈം നമ്പർ 579/2011 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(സി) കോഴിക്കോട് സിറ്റിയിൽ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിലും കോഴിക്കോട് റൂറലിൽ ഒരു ഡി.വൈ.എസ്.പി.-യുടെ കീഴിലുമാണ് നാർക്കോട്ടിക് സെൽ പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് ജില്ലയിൽ മയക്കുമരുന്ന് കടത്തുകാരെയും വിൽപ്പനക്കാരെയും സംബന്ധിച്ച് രഹസ്യാന്വേഷണങ്ങൾ നടത്തിയും സംശയമുള്ള സ്ഥലങ്ങളിൽ അപ്രതീക്ഷിത റെയിഡുകൾ നടത്തിയും കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനായി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്ത് കാണാതാകപ്പെടുന്ന കുട്ടികൾ

239 (3783) ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര കുട്ടികളെ കാണാതായിട്ടുണ്ട് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്രപേരെ ഇനിയും കണ്ടെത്താനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) കുട്ടികളെ തട്ടിക്കൊണ്ട് പോകുന്ന ലോബികൾ ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ 7714 കുട്ടികളെ കാണാതായിട്ടുണ്ട്. വർഷംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ 603 പേരെ ഇനിയും കണ്ടെത്താനുണ്ട്.

(സി&ഡി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന ലോബികൾ ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തീവണ്ടിയാത്രക്കാരുടെ സുരക്ഷ

240 (3794) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവണ്ടിയാത്രക്കാരുടെ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തീവണ്ടി യാത്രക്കാരുടെ സുരക്ഷ കേന്ദ്ര സർക്കാർ ഏറ്റെടുക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്ത് തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പട്രോളിംഗ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. വനിതാ കംപാർട്ടുമെന്റുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ലഭ്യതയ്ക്കനുസരിച്ച് വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും കൂടാതെ വനിതാ കമ്പാർട്ടുമെന്റുകൾക്ക് സമീപമുള്ള കമ്പാർട്ടുമെന്റുകളിൽ പ്രത്യേകം പോലീസ് പട്രോളിംഗും നടത്തിവരുന്നു. ട്രെയിനുകൾ നിർത്തുന്ന അവസരങ്ങളിൽ കമ്പാർട്ടുമെന്റുകളുടെ അരികിലെത്തി പോലീസ് ഉദ്യോഗസ്ഥർ യാത്രക്കാരോട് വിവരങ്ങൾ ചോദിച്ചറിയുകയും മറ്റ് നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ട്രെയിനുകളിൽ കുറ്റക്കാർ ഉണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും കണ്ടെത്തി നിയമാനുസൃതമായി എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ ജില്ലകളിൽനിന്നുള്ള ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ആഫീസിൽ പ്രവർത്തിക്കുന്ന റെയിൽ അലർട്ട് സംവിധാനം 9846200100 എന്ന നമ്പറിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരുടെ ബുദ്ധിമുട്ടുകളും പരാതികളും ഈ നമ്പറിൽ വിളിച്ചറിയിക്കുന്ന മുറയ്ക്ക് തൽസമയംതന്നെ അടിയന്തര സഹായം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീവണ്ടി യാത്രക്കാരുടെ സുരക്ഷയ്ക്കായി ട്രെയിനുകളിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 200 അധിക തസ്തികകൾ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. നേരത്തെ പ്രഖ്യാപിച്ച ആർ.പി.എഫ്.-ലെ മഹിളാവാഹിനി കമാന്റോ സംഘ രൂപീകരണം ത്വരിതപ്പെടുത്തുക, സംസ്ഥാനത്തെ എല്ലാ റെയിൽവേ സ്റ്റേഷനുകളിലും എആർപിഎഫ് ഔട്ട്പോസ്റ്റുകൾ ആരംഭിക്കുക, ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ചും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ വനിതാ ഉദ്യോഗസ്ഥരുൾപ്പെടുന്ന ആർപിഎഫ്-നെ നിയമിക്കുക, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുക, സംസ്ഥാന പോലീസിന് ആവശ്യമുള്ളത്ര പാസ്സ് നൽകുക, വനിതാ യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി പ്ലാറ്റ്ഫോമുകളിലും സ്റ്റേഷനുകളിലും മതിയായ വെളിച്ചം നൽകുന്ന ലൈറ്റുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**പോസ്റ്റ്മോർട്ടം ചട്ടങ്ങൾ**

241 (3795) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പോസ്റ്റ്മോർട്ടം ചട്ടങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് ചട്ടങ്ങളിൽ വരുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ?

ഉത്തരം

(എ) ഇതിനായി ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ട്രെയിനുകളിൽ യാത്രക്കാർക്ക് സുരക്ഷാസംവിധാനം**

**242 (3798)** ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സാജു പോൾ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിനുകളിൽ യാത്രക്കാർക്ക് സുരക്ഷാസംവിധാനം ഏർപ്പെടുത്തേണ്ട ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; മുഴുവൻ സമയ കാവൽ, വനിതാ കാവൽക്കാർ, ഉടൻ പരാതിപരിഹാര സംവിധാനം തുടങ്ങിയ പ്രഖ്യാപനങ്ങൾ നടപ്പിലാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രെയിനുകളിലെ സുരക്ഷയ്ക്കുള്ള പോലീസിന്റെ അംഗബലവും സുരക്ഷാസംവിധാനവും സംബന്ധിച്ച് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ പൊതുവായ ക്രമസമാധാനത്തകർച്ചയുടെ പ്രതിഫലനം ട്രെയിനുകളിലും ശക്തിപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സ്ഥിതി കൂടുതൽ വഷളാവാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മലബാർ എക്സ്പ്രസ്സിൽ സ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചയാളെ യാത്രക്കാർ പിടികൂടി പോലീസിൽ ഏൽപ്പിച്ച സംഭവത്തിൽ പോലീസ് സ്വീകരിച്ച നിലപാടിൽ ദുരൂഹതയുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്. നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാന റെയിൽവേ പോലീസിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ സബ് ഇൻസ്പെക്ടർ മുതൽ വനിതാ സി.പി.ഒ. വരെയുള്ള മുഴുവൻ പേരും ട്രെയിനുകളിലെ സുരക്ഷയ്ക്കായി നിയോഗിക്കപ്പെട്ടവരാണ്.



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| റെയിൽവേ പോലീസ് സൂപ്രണ്ട് | - | 1 |
| ഡെപ്യൂട്ടി റെയിൽവേ പോലീസ് സൂപ്രണ്ട് | - | 4 |
| റെയിൽവേ പോലീസ് ഇൻസ്പെക്ടർ | - | 4 |
| സബ് ഇൻസ്പെക്ടർ | - | 19 |
| അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | - | 6 |
| സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 100 |
| സിവിൽ പോലീസ് ഓഫീസർ | - | 504 |
| വനിതാ സിവിൽ പോലീസ് ഓഫീസർ | - | 37 |

(സി) സംസ്ഥാനത്ത് ക്രമസമാധാന തകർച്ച ഉണ്ടായിട്ടില്ല. ട്രെയിനുകളിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ റെയിൽവേ പോലീസ് വിഭാഗം പ്രത്യേകം ശ്രദ്ധിക്കുകയും ഊർജ്ജിതമായ ട്രെയിൻ പട്രോളിംഗും അനുബന്ധ നടപടികളും സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ഗതാഗത നിയന്ത്രണത്തിന് പോലീസ് സേന

243 (3797) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം പെരുകുന്നതിനനുസൃതമായി ഗതാഗത നിയന്ത്രണത്തിന് മതിയായ പോലീസ് സേനയെ വിന്യസിക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപകടനിരക്ക് കുറച്ചുകൊണ്ടുവരാൻ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട് ;

(ഡി) സബ് ഇൻസ്പെക്ടർമാരുടെ സെലക്റ്റ് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽനിന്ന് ഒഴിവുകൾ എന്ന് നികത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടനിരക്ക് കുറച്ചുകൊണ്ടുവരുന്നതിനായി അംഗസംഖ്യ പരിമിതമെങ്കിലും സംസ്ഥാനത്തെ നഗരങ്ങളിലെ പ്രധാന പോയിന്റുകളിലും മറ്റും പോലീസുദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും വിന്യസിച്ച് ഗതാഗതം നിയന്ത്രിച്ചുവരുന്നു. അതോടൊപ്പം തന്നെ തിരക്കേറിയ റോഡുകളിൽ ട്രാഫിക്ക് ഡിവൈഡറുകളും കോണുകളും ട്രാഫിക് ബ്ലോക്കറുകളും സൈൻ ബോർഡുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ച് വാഹന ഗതാഗതം ക്രമീകരിച്ചിട്ടുണ്ട്. അമിത വേഗത്തിലും അപകടകരമായും വാഹനങ്ങൾ ഓടിച്ചുവരുന്ന ഡ്രൈവർമാർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ പെറ്റികേസുകൾ ഫയൽ ചെയ്തും പിഴ ഈടാക്കിയും വരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തി ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചു വരുന്നതും അതോടൊപ്പംതന്നെ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതുമാണ്.

(സി) നിലവിൽ 30 സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ഡി) നിലവിലുണ്ട് ടി സെലക്ട് ലിസ്റ്റിൽനിന്നും സബ് ഇൻസ്പെക്ടർമാരെ സർക്കിൾ ഇൻസ്പെക്ടർമാരായി നിയമിക്കുന്ന നടപടികൾ നടന്നുവരുന്നു.

## പ്രധാന ജംഗ്ഷനുകളിലെ ഓഫീസ് സമയത്തെ അപകടങ്ങളും ഗതാഗതക്കുരുക്കും

244 (3798) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ജംഗ്ഷനുകളിലെ ഓഫീസ് സമയത്തെ അപകടങ്ങളും ഗതാഗതകുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്കൂൾ-ഓഫീസ് സമയങ്ങളിൽ ചരക്കുവാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി ഗതാഗതകുരുക്കും അപകടങ്ങളും കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനത്തിരക്കേറിയതും വാഹനപ്പെരുപ്പമേറിയതുമായ ജംഗ്ഷനുകൾ തെരഞ്ഞെടുത്ത് അവിടേക്ക് വലിയ ചരക്ക് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി സ്കൂൾ-ഓഫീസ് സമയങ്ങളിൽ ഗതാഗതക്കുരുക്കും അപകടങ്ങളും കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ലൗ ജിഹാദ്

245 (3799) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൗ ജിഹാദുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലൗ ജിഹാദ് സംസ്ഥാനത്ത് നടക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ ?

#### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര മതത്തിൽപെട്ട പെൺകുട്ടികളെ പ്രണയംനടിച്ച് മതം മാറ്റുന്ന സംഭവങ്ങളെ സംബന്ധിച്ചാണ് മാധ്യമങ്ങൾ ലൗജിഹാദ് എന്ന പേരിൽ വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നത്. ഈ പദം ഇത്തരത്തിൽ ഉപയോഗിക്കുന്നതിനെതിരെ ചില മതസംഘടനകൾ ബഹു.ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഔദ്യോഗികമായി ആ പദം ഉപയോഗിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി നിരുൽസാഹപ്പെടുത്തിയിട്ടുണ്ട്. ചില മതമൗലികവാദ സംഘടനകളുടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ കാമ്പസുകൾ കേന്ദ്രീകരിച്ചു വിദ്യാർത്ഥിനികളെ മത പരിവർത്തനം ചെയ്യുന്നതിന് യുവാക്കളെ നിയോഗിച്ചിരുന്നതായി ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### വാഹനാപകടങ്ങൾ തടയുന്നതിനുള്ള നടപടികൾ

246 (T.3800) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ മാസങ്ങളോളം റോഡ് സൈഡിൽ, പ്രത്യേകിച്ച് പോലീസ് സ്റ്റേഷനുകളുടെ മുന്നിൽ പാർക്ക് ചെയ്തിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അടിയന്തിരമായി സ്വീകരിക്കുന്ന നടപടി എന്താണെന്ന് അറിയിക്കുമോ ?

#### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനഗതാഗതം കൂടുതലുള്ള സമയങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയമിച്ചുവരുന്നു. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും സ്കൂൾ കുട്ടികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വാഹന പരിശോധനയ്ക്കായി ഹൈവേ പെട്രോൾ, മൊബൈൽ പെട്രോൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തി നിയമ ലംഘനങ്ങൾ തടഞ്ഞുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസൽ ചെയ്യുന്നതിനായി ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് റിപ്പോർട്ട് അയച്ചും, റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ചും, റിഫ്ളക്ടർ സൈൻ ബോർഡുകൾ വച്ചും ലൈനുകൾ വരച്ചും, സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും, ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനായി ക്യാമറകൾ സ്ഥാപിച്ചും, ട്രാഫിക് നിയമലംഘനം നടത്തുന്നവരുടെ പേരിൽ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ പരമാവധി മാർഗ്ഗതടസ്സം കൂടാതെയാണ് പാർക്ക് ചെയ്തുവരുന്നത്. കേസുകളുടെ നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ വാഹനങ്ങൾ മുന്നാം സ്ഥാനകച്ചീട്ടിന്മേൽ നിയമാനുസരണം ഉടമസ്ഥർക്ക് വിട്ടുനൽകാറുണ്ട്. മറ്റ് തരത്തിൽ വാഹനങ്ങൾ ദീർഘകാലം സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടിവരുന്ന സാഹചര്യത്തിൽ കോടതിക്ക റിപ്പോർട്ട് ഹാജരാക്കി തീർപ്പ് കൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ സർക്കാരിലേക്ക് മുതൽകൂട്ടുന്നതിന് പരസ്യമായി ലേലനടപടികൾ സ്വീകരിച്ചുംവരുന്നു.

## ഗതാഗത നിയമം തെറ്റിക്കുന്നവരിൽനിന്നും പിഴ

247 (3801) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമം തെറ്റിക്കുന്നവരിൽ നിന്നും പെറ്റിക്കേസ്സ് എടുത്ത് പിഴ ഈടാക്കാറുണ്ടോ ; ഉണ്ടെങ്കിൽ, കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷം ജനുവരി വരെയും എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ പിരിച്ചെടുക്കുന്ന തുകയിൽ ഒരു നിശ്ചിത ശതമാനം റോഡ് സുരക്ഷാ അതോറിറ്റിക്ക് നല്കണമെന്ന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ, ഈ കാലയളവിൽ ഇതുവരെ എത്രതുക നല്കിയിട്ടുണ്ട് ; ഇല്ലെങ്കിൽ, ഈ വ്യവസ്ഥ ലംഘിച്ചതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കുഴപ്പത്തിലായി രിക്കുന്നതിനാൽ പോലീസ് പിരിച്ചെടുക്കുന്ന തുകയിൽനിന്നും അർഹതപ്പെട്ട തുക അതോറിറ്റിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പിഴ ഈടാക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 34,02,90,050 രൂപയും ഈ സാമ്പത്തിക വർഷം ജനുവരിവരെ 42,81,55,746 രൂപയും പിഴയായി ലഭിച്ചിട്ടുണ്ട്.

(ബി&സി) പെറ്റി കേസുകളിൽനിന്നും പിരിച്ചെടുക്കുന്ന തുക ട്രഷറിയിൽ അടച്ചുവരികയാണ് പോലീസ് ചെയ്യുന്നത്. പ്രസ്തുത തുകയുടെ 50 ശതമാനം റോഡ് സുരക്ഷാ അതോറിറ്റിക്ക് സർക്കാർ നൽകുന്നു. 2011-12, 2012-13 വർഷങ്ങൾ റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിലേക്ക് 15 കോടി രൂപവീതം സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്.

## പോലീസിന്റെ വാഹന പരിശോധന

248 (3802) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് എത്ര പേരുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട് ;

(ബി) സംസ്ഥാനത്ത് വാഹന പരിശോധന നടത്തുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) പോലീസിന്റെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ആരുടെയും ജീവൻ നഷ്ടപ്പെട്ടിട്ടില്ല.

(ബി) യാത്രക്കാർക്ക് ബുദ്ധിമുട്ടും ഗതാഗതതടസ്സവും ഉണ്ടാകാത്ത തരത്തിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരാണ് വാഹന പരിശോധന നടത്തിവരുന്നത്. വാഹന പരിശോധന സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

## നിരീക്ഷണ ക്യാമറകൾ

249 (3803) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിരക്കേറിയ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എത്രരൂപ വിനിയോഗിച്ചിട്ടുണ്ട് ;

(ബി) ഇങ്ങനെ സ്ഥാപിച്ച ക്യാമറകൾ പലതും പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇത്തരം ക്യാമറകൾ സ്ഥാപിക്കുന്നതിന് ഏതൊക്കെ കമ്പനികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ;

(ഡി) ഇത്തരം ക്യാമറകളിലൂടെ എന്തെല്ലാം നിയമലംഘനങ്ങളാണ് നിരീക്ഷിക്കുന്നത് ;

(ഇ) ഇത്തരം ക്യാമറകൾ സ്ഥാപിച്ചതിലൂടെ പിഴയിനത്തിൽ എത്ര രൂപയാണ് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മോഡേണൈസേഷൻ ഫണ്ടിൽ നിന്നും 60 സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും ആയതിലേക്ക് 3,10,05,862 രൂപ വിനിയോഗിച്ചിട്ടുമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെൽട്രോണുമായിട്ടാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത്.

(ഡി) അമിതവേഗത, ഓവർടേക്കിംഗ്, ട്രാഫിക് സിഗ്നൽ ലംഘനങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവ നിരീക്ഷിക്കാവുന്നതാണ്.

(ഇ) ആകെ 88,50,300 രൂപ പിഴയിനത്തിൽ ലഭിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | പിഴ തുക |
|---|---|
| തിരുവനന്തപുരം സിറ്റി | 52,64,700 |
| കൊല്ലം സിറ്റി | 7,200 |
| എറണാകുളം സിറ്റി | 2,66,800 |
| എറണാകുളം റൂറൽ | 2,600 |
| പാലക്കാട് | 3,100 |
| കോഴിക്കോട് സിറ്റി | 33,05,900 |
| ആകെ | 88,50,300 |

കാസർകോട് ട്രാഫിക് യൂണിറ്റ്

250 (3804) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഇപ്പോൾ പ്രവർത്തിക്കുന്നത് ട്രാഫിക്ക് യൂണിറ്റാണോ ട്രാഫിക്ക് പോലീസ് സ്റ്റേഷനാണോ എന്ന കാര്യം വ്യക്തമാക്കുമോ ;

(ബി) ട്രാഫിക്ക് യൂണിറ്റാണെങ്കിൽ, ട്രാഫിക്ക് പോലീസ് സ്റ്റേഷനായി ഉയർത്താൻ, എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ട്രാഫിക്ക് യൂണിറ്റ് ട്രാഫിക്ക് പോലീസ് സ്റ്റേഷനായി പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കാസർഗോഡ് ഇപ്പോൾ പ്രവർത്തിക്കുന്ന ട്രാഫിക്ക് യൂണിറ്റിനെ ട്രാഫിക്ക് പോലീസ് സ്റ്റേഷനായി ഉയർത്തിക്കൊണ്ട് 2-4-2012-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിനുശേഷമേ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കരട് നോട്ടിഫിക്കേഷൻ സർക്കാരിന്റെ പരിശോധനയിലാണ്.

**സൂര്യനെല്ലി കേസിൽ സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധി**

251 (3805) ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി പി. അയിഷാ പോറ്റി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലി കേസിൽ സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ഉൾപ്പെടെ സുപ്രീം കോടതിയിലെ കേസിൽ കക്ഷി ചേർന്ന് സ്ഥിതിഗതികൾ ബോദ്ധ്യപ്പെടുത്തിയതിന്റെ കൂടി ഫലമാണ് ഇപ്പോഴത്തെ വിധി എന്നറിയാമോ ;

(സി) പെൺകുട്ടിക്ക് നീതി ഉറപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇനി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കേസിൽ രക്ഷപ്പെട്ട ഉന്നതൻ തന്നെ പീഡിപ്പിച്ചുവെന്ന പെൺകുട്ടിയുടെ ആവർത്തിച്ചുള്ള മൊഴികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കോടതിയുടെ പരിഗണനയിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ ;

(ഇ) പീഡനത്തിനെതിരെ കേസെടുക്കാൻ 'ഇര'യുടെ മൊഴി മാത്രം മതി എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ലഭിച്ചതായി കാണുന്നില്ല.

(ബി) അറിയില്ല.

(സി-ഇ) ഇരയായ പെൺകുട്ടി പുതുതായി വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഒരു പുതിയ നിലപാട് സ്വീകരിക്കാനാവില്ല.

**സൂര്യനെല്ലിക്കേസിന്റെ പുനഃരന്വേഷണം**

252 (3806) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലിക്കേസിൽ ശ്രീ. പി. ജെ. കുര്യനെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കുന്നതിന് സാങ്കേതികമായോ നിയമപരമായോ തടസ്സങ്ങളുണ്ടെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വ്യക്തമാക്കാമോ ;

(സി) സൂര്യനെല്ലി കേസുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. കുര്യൻ ഇതുവരെ ഏതെങ്കിലും കോടതിയിൽ വിചാരണയ്ക്ക് വിധേയനായിട്ടുണ്ടോ ;

(ഡി) സുപ്രീംകോടതി തീർപ്പുണ്ടാക്കിയ അഞ്ചേരി ബേബി വധം, ജയകൃഷ്ണൻ വധം എന്നീ കേസുകളിൽ പുനരന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ, സൂര്യനെല്ലി കേസിൽ എന്തുകൊണ്ട് പുനഃരന്വേഷണം സാധ്യമല്ലെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സൂര്യനെല്ലിക്കേസിൽ ശ്രീ. പി. ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തുന്നത് നിയമപരമായി നിലനിൽക്കില്ലെന്നാണ് ഇതുസംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച നിയമോപദേശം.

(സി) ക്രിമിനൽ നടപടി സംഹിത അനുസരിച്ച് പ്രതിക്കെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സാധൂകരിക്കത്തക്കവിധം മതിയായ തെളിവില്ലെന്നുകണ്ടാൽ ക്രിമിനൽ നടപടി സംഹിത 227-ാം വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തമാക്കിക്കൊണ്ട് കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാം. ശ്രീ. പി. ജെ. കുര്യനെതിരെയുള്ള കുറ്റാരോപണങ്ങളിൽ മതിയായ തെളിവില്ലെന്ന കുര്യനെതിരെയുള്ള കേസ് കളവാണെന്നും അപകീർത്തികരമാണെന്നും കണ്ടെത്തി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി Crl.RP.3921/2006 നമ്പർ കേസിൽ 4-4-2007-ാം തീയതി ശ്രീ. പി. ജെ. കുര്യനെ കുറ്റവിമുക്തമാക്കിയതും ആയതിന്റെ വെളിച്ചത്തിൽ കുര്യൻ കുറ്റവിചാരണ നേരിട്ടിട്ടില്ലാത്തതുമാണ്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ വിധി സുപ്രീം കോടതി ശരി വച്ചിട്ടുള്ളതുമാണ്. ഇപ്പോഴും പ്രസ്തുത വിധി ഫലത്തിലും ബലത്തിലും ഉള്ളതുമാണ്.

(ഡി) ഉണ്ട്. സർക്കാരിനു ലഭിച്ച നിയമോപദേശത്തിന്റെ വെളിച്ചത്തിൽ സൂര്യനെല്ലി കേസിൽ തുടരന്വേഷണം നിലനിൽക്കാത്തതുകൊണ്ട് സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനഃരന്വേഷണമോ നടത്താൻ നിർവ്വാഹമില്ല.

സൂര്യനെല്ലികേസ്

253 (3807) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലി കേസിൽ ഇരയായ പെൺകുട്ടി തുടരന്വേഷണം ആവശ്യപ്പെട്ട് നല്കിയ ഹർജിയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) സർക്കാരിന് ഇത് സംബന്ധമായി ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) സൂര്യനെല്ലി കേസിലെ ഏറ്റവും ഒടുവിലത്തെ സുപ്രീംകോടതി വിധി സർക്കാരിൽ ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ട നിലപാട് വെളിപ്പെടുത്താമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനഃരന്വേഷണമോ സാദ്ധ്യമല്ലായെന്ന് സർക്കാരിന് കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, സൂര്യനെല്ലി കേസിലെ ഇരയായ പെൺകുട്ടി തുടരന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ യാതൊരു മേൽനടപടിയും സ്വീകരിക്കാൻ നിർവ്വാഹമില്ല.

(ബി) ഇതിനകംതന്നെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി). സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

സൂര്യനെല്ലി കേസിൽ അന്വേഷണം

254 (3808) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലി കേസിൽ ബഹു. സുപ്രീംകോടതിയുടെ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. പി. ജെ. കുര്യനെതിരെ കേസ് എടുക്കുന്നതിനും അന്വേഷണത്തിന് ഉത്തരവിടുന്നതിനും എന്താണ് നിയമതടസ്സം ; വിശദാംശം നൽകുമോ ;

(ബി) മുൻകാലങ്ങളിൽ ബഹു. ഹൈക്കോടതിയും ബഹു. സുപ്രീംകോടതിയും വിധി പ്രസ്താവിച്ച പല കേസ്സുകളിലും പുനഃരന്വേഷണത്തിന് ഉത്തരവിട്ട നിരവധി കേസ്സുകൾ ഉണ്ടായിട്ടും ശ്രീ. പി. ജെ. കുര്യനെതിരെ പുനഃരന്വേഷണത്തിന് തയ്യാറാവാത്തതിന്റെ കാരണം വിശദീകരിക്കുമോ ;

(സി) നിരവധി കേസ്സുകളുടെ പുനരന്വേഷണത്തിന് ഈ സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ നിന്നും എന്തു വ്യത്യാസമാണ് സൂര്യനെല്ലി കേസിൽ പുനഃരന്വേഷണത്തിന് തടസ്സമായി നിൽക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ക്രിമിനൽ നടപടി സംഹിത അനുസരിച്ച് പുനരന്വേഷണത്തിന് വ്യവസ്ഥയില്ല. 173 (8) Cr.PC അനുസരിച്ച് തുടരന്വേഷണം നടത്താൻ മാത്രമേ പാടുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാതൊരു കേസും പുനഃരന്വേഷണത്തിന് ഉത്തരവിട്ടിട്ടില്ല. പുനഃരന്വേഷണമോ, പുതിയ അന്വേഷണമോ നിയമപരമായി ക്രിമിനൽ നടപടി സംഹിതയിൽ വിവക്ഷിച്ചിട്ടില്ലെന്ന് സുപ്രീം കോടതി നിരവധി വിധിന്യായങ്ങളിൽ നിരീക്ഷിച്ചിട്ടുള്ളതാണ്. പുതിയ തെളിവുകളുടെ വെളിച്ചത്തിൽ തുടരന്വേഷണം മാത്രമേ നടത്താൻ പാടുള്ളൂ. തുടരന്വേഷണത്തിന് രേഖാപരമോ വാമൊഴിയാലോ ലഭിക്കുന്ന പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതിയെ അറിയിച്ച് തുടരന്വേഷണം നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനഃരന്വേഷണമോ നിയമപരമായി സാദ്ധ്യമല്ലായെന്ന്, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും, സൂര്യനെല്ലി കേസിൽ സുപ്രീം കോടതിയിൽ കേരളാ സർക്കാരിനുവേണ്ടി ഹാജരായ സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനും മുൻ ഹൈക്കോടതി ജഡ്ജിയുമായ ശ്രീ. പത്മനാഭൻ നായരും, നിയമവകുപ്പ് സെക്രട്ടറിയും നൽകിയ പ്രത്യേക നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സൂര്യനെല്ലി കേസിൽ തുടരന്വേഷണമോ പുനഃരന്വേഷണമോ നടത്തുന്നതിന് നിർവ്വാഹമില്ല.

## ശ്രീ. പി. ജെ കുര്യനെതിരെ നടപടി സ്വീകരിക്കാതിരിക്കാനുള്ള ന്യായീകരണങ്ങൾ

255 (3809) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലി കേസിൽ രാജ്യസഭാ ഉപാധ്യക്ഷൻ ശ്രീ പി ജെ കുര്യനെതിരെ നിയമ നടപടികൾ സ്വീകരിക്കാതിരിക്കാനും അന്വേഷണം നടത്താതിരിക്കാനുമുള്ള ന്യായീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പല വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പുനഃരന്വേഷണവും, അന്വേഷണവും നടത്താൻ നിർദ്ദേശം നൽകുകയും, കേസ് ചാർജ് ചെയ്യുകയും ചെയ്തിട്ടുള്ള കേസുകൾ ഏതെല്ലാം ;

(സി) ഓരോ കേസിന്റെയും വിശദവിവരം വ്യക്തമാക്കുമോ ; അന്വേഷിക്കാൻ ഉത്തരവിട്ട പ്രസ്തുത കേസുകൾ പുനഃരന്വേഷിക്കാൻ കാണുന്ന ന്യായീകരണങ്ങൾ എന്തെല്ലാം ; ഓരോ കേസിനെ സംബന്ധിച്ചും വിശദമാക്കുമോ ; പ്രസ്തുത കേസുകളിന്മേൽ ഇപ്രകാരം നിലപാടെടുക്കുന്നതിന് സർക്കാരിന് നിയമോപദേശം തേടേണ്ടതില്ല എന്ന നിലയിൽ നടപടികൾ എടുക്കാൻ പരിഗണിച്ച ഘടകങ്ങൾ, സാഹചര്യങ്ങൾ എന്നിവ വിശദീകരിക്കുമോ ;

(ഡി) നിയമം നിയമത്തിന്റെ വഴിക്കുതന്നെ എന്ന പ്രഖ്യാപിത നിലപാടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ജെ. കുര്യനെതിരെ അന്വേഷണം നടത്തുന്നതിന് നിയമപരമായി തടസ്സമില്ല എന്ന നിയമജ്ഞരുടെ അഭിപ്രായവും അന്വേഷണം നടത്തിയാൽത്തന്നെ നിയമം നിയമത്തിന്റെ വഴിക്കാണ് പോവുക എന്ന സ്ഥിതി നിലനിൽക്കെ ശ്രീ. പി. ജെ. കുര്യനെതിരെ അന്വേഷണത്തിന് നിയമപരമായി തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) പുനഃരന്വേഷണത്തിന് ഉത്തരവിട്ട കേസുകളിൽ നിയമം നിയമത്തിന്റെ വഴിക്ക് എന്ന തത്വം എപ്രകാരമാണ് നടപ്പിലാക്കിയത് എന്നത് ഓരോ കേസിന്റെയും സാഹചര്യത്തിലൂടെ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൂര്യനെല്ലിക്കേസിൽ ശ്രീ. പി.ജെ. കുര്യനെതിരെ തുടരന്വേഷണം നടത്തുന്നത് നിയമപരമായി നിലനിൽക്കില്ലെന്നാണ് ഇതു സംബന്ധിച്ച് ഗവൺമെന്റിനു ലഭിച്ച നിയമോപദേശം.

(ബി) പുനഃരന്വേഷണം നടത്താൻ നിർദ്ദേശം നൽകിയ കേസുകൾ ഇല്ല. തുടരന്വേഷണം നടത്താൻ അനുമതി നൽകിയവ ചുവടെചേർക്കുന്നു.

1 അഞ്ചേരി ബേബി വധക്കേസ്,

2 മുള്ളൻചിറയിൽ മത്തായി വധക്കേസ്,

3 മുട്ടുകാട് നാണപ്പൻ വധക്കേസ്,

4 ബാലു @ ബാലസുബ്രഹ്മണ്യൻ വധക്കേസ്,

5 കെ.ടി. ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ്

(സി) ഉദിക്കുന്നില്ല.

(ഡി) ഇത്തരം (എ)യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

## നിയമസഭാ കവാടത്തിലേക്കു മുദ്രാവാക്യം വിളിച്ചെത്തിയ സ്ത്രീകൾക്കെതിരെ പോലീസ് കേസ്

256 (3810) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലി കേസിൽ ഇരയുടെ മൊഴി അനുസരിച്ച് ശ്രീ. പി. ജെ. കുര്യനെതിരെ തുടർ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിലേക്ക് മുദ്രാവാക്യം വിളിച്ച് എത്തിയ സ്ത്രീകൾക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ, ഏതെല്ലാം വകുപ്പു പ്രകാരം ആർക്കെല്ലാം എതിരെ കേസെടുത്തിട്ടുണ്ട് ;

(സി) ഏതെല്ലാം വനിതാ സംഘടനയിൽപ്പെട്ട എത്ര പേർക്കെതിരെ കേസുകൾ എടുക്കുകയുണ്ടായി ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) (1) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 169/2013, u/s 143,147,149,283,188 IPC & Sec 4 (1) r/w 6 of Public Ways (Restriction of Assemblies and Processions) Act 2011 & 39 r/w 121 of KP Act പ്രകാരം നൂറോളം ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർക്കെതിരെ ഒരു കേസും (2) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം 170/2013 u/s. 143,147.149.183 IPC & Sec. 4(1) r/w 6 of Public Ways Act 2011 and 39 r/w121 KP Act പ്രകാരം CPI വനിതാ സംഘടനയായ കേരളാ മഹിളാ സംഘത്തിലെ മുപ്പതോളം പ്രവർത്തകർക്കെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഐസ്ക്രീം പാർലർ കേസ്

257 (3811) ശ്രീ. എസ്. ശർമ്മ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐസ്ക്രീം പാർലർ കേസ് അട്ടിമറിക്കാൻ കോഴ നൽകിയെന്ന ആരോപണത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) അന്വേഷണ രേഖകൾ നൽകുന്നത് സംബന്ധിച്ച കോഴിക്കോട് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവിനെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ, അതിനുള്ള കാരണം വെളിപ്പെടുത്താമോ ; ഇക്കാര്യത്തിലുള്ള സർക്കാരിന്റെ താല്പര്യം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഐസ്ക്രീം കേസിലെ പ്രതികളുടെയും കേസ് അട്ടിമറിക്കാൻ ശ്രമിച്ചതായി ആരോപിക്കപ്പെട്ടവരുടെയും രക്ഷയാണ് സർക്കാർ നടപടികളിലൂടെ ഉണ്ടാകുക എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കേസിൽ, സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേസന്വേഷണം പൂർത്തിയാക്കി അന്തിമ തീരുമാന റിപ്പോർട്ട് 13-6-2012 തീയതി ബഹുമാനപ്പെട്ട കോഴിക്കോട് ജെ.എഫ്.സി.എം.-1 കോടതി മുമ്പാകെ സമർപ്പിച്ചു.

(ബി&സി) പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## പെൺവാണിഭ സംഭവങ്ങൾ വർദ്ധിച്ചുവരുന്നകാര്യം

258 (3812) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീമതി കെ. കെ. ലതിക:
ശ്രീമതി കെ. എസ്. സലീഖ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൺവാണിഭ സംഭവങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങളിൽ നിയമാനുസൃതവും ഊർജ്ജിതവുമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് പ്രതികൾ രക്ഷപ്പെടുന്നതും വാണിഭങ്ങൾ വർദ്ധിക്കുന്നതെന്നും സർക്കാരിനറിയുമോ ; നിയമാനുസരണം കർത്തവ്യ നിർവ്വഹണത്തിലിടപെടാൻ പോലീസ് മേധാവികൾക്കുപോലും കഴിയാത്ത സാഹചര്യം ഇല്ലാതാക്കുമോ ;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിലുണ്ടായ എത്ര പെൺവാണിഭ കേസുകളിലെ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനായി ബാക്കി നില്പുണ്ട്; എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട് ;

(ഡി) സ്ത്രീകൾ കൊല്ലപ്പെടുകയും ബലാത്സംഗത്തിനിരയാവുകയും പെൺകുട്ടികൾ പീഡനങ്ങൾക്കിരയാവുകയും ചെയ്തതു സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് പെൺവാണിഭ സംഭവങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പെൺവാണിഭ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിലെല്ലാം കുറ്റവാളികളെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുന്നിൽ കൊണ്ടുവരുവാൻ പോലീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ചെയ്തിട്ട് ആരെയും രക്ഷപ്പെടാൻ അനുവദിക്കാത്തവിധം പഴുതില്ലാത്ത കുറ്റാന്വേഷണ രീതിയാണ് ടി കേസുകളിൽ പോലീസ് അവലംബിച്ചുവരുന്നത്.

(സി) കഴിഞ്ഞ രണ്ടുവർഷത്തിനിടെ രജിസ്റ്റർ ചെയ്യപ്പെട്ട പെൺവാണിഭ കേസുകളിൽ 19 എണ്ണത്തിലായി 32 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനായി ബാക്കി നിൽപ്പുണ്ട്. മേൽകാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ 26 എണ്ണത്തിന്മേൽ കുറ്റപത്രം സമർപ്പിക്കാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ത്രീകൾ കൊല്ലപ്പെടുകയും ബലാൽസംഗത്തിനിരയാവുകയും പെൺകുട്ടികൾ പീഡനത്തിനിരയാവുകയും (Rape Cases) ചെയ്തതു സംബന്ധിച്ച് കഴിഞ്ഞ 2 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | 2011 | 2012 |
|---|---|---|
| Rape Cases | 1131 | 1021 |
| Murder Cases | 107 | 119 |
| Rape Cases (Minor girls) | 423 | 462 |

## പോലീസ് ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി

259 (3813) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളോട് മോശമായി പെരുമാറിയ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ; ഇതിൽ ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) മണൽ മാഫിയ ബന്ധമുണ്ടെന്ന് ഇന്റലിജൻസ് കണ്ടെത്തിയ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്നും ഇവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്ത്രീകളോട് മോശമായി പെരുമാറിയതിനു 91 പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 20-1-2013 വരെ മണൽമാഫിയ ബന്ധമുണ്ടെന്നു സംസ്ഥാന ഇന്റലിജൻസ് കണ്ടെത്തി നിയമനടപടികൾക്ക് വിധേയരായവർ 51 പേരാണ്. വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## കുമ്പള സ്ത്രീ പീഡന കേസ്

260 (3814) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൺകുട്ടിയെ കൂട്ട ബലാത്സംഗം ചെയ്തു കാസർകോട് ജില്ലയിലെ കുമ്പള ടൗണിൽ ഉപേക്ഷിച്ചുപോയവരെ സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുമ്പള ബസ്സ്റ്റാന്റിൽ ഉപേക്ഷിക്കപ്പെട്ട പെൺകുട്ടി വീണ്ടും നാലുപേരുടെ പീഡനങ്ങൾക്കിരയാവുകയുണ്ടായോ ;

(സി) സംഭവത്തിൽ എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കി നിൽപ്പുണ്ട് ;

(ഡി) പെൺകുട്ടിയുടെ മൊഴി പൂർണ്ണമായും പോലീസ് രേഖപ്പെടുത്തുക ഉണ്ടായോ ; പെൺകുട്ടിയെ കോടതിയിൽ ഹാജരാക്കി മൊഴി എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നം.818/2012 u/s 376 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ ടി കേസിൽ IPC 354 r/w 34 എന്നീ സെക്ഷനുകൾകൂടി ചേർത്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഒരാളുടെ ബലാൽസംഗത്തിന് ഇരയായി.

(സി) ടി കേസിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തു.

(ഡി) പെൺകുട്ടിയുടെ മൊഴി പൂർണ്ണമായും പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. പെൺകുട്ടിയുടെ മൊഴി 164 CrPC പ്രകാരം രേഖപ്പെടുത്തുന്നതിന് 9-1-2013 തീയതി ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ച പ്രകാരം പെൺകുട്ടിയുടെ മൊഴി ബഹുമാനപ്പെട്ട കോടതി രഹസ്യമായി രേഖപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ സർട്ടിഫൈഡ് പകർപ്പിനുവേണ്ടി അപേക്ഷ നൽകിയിട്ടുള്ളതുമാണ്.

ഗാംഗ് റേപ്പ് കേസ്സുകൾ

261 (3815) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ പീഡന കേസ്സുകൾ കൈകാര്യം ചെയ്യുവാൻ ഇപ്പോൾ സംസ്ഥാനത്ത് ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉണ്ടോ ; ഇല്ലെങ്കിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗാംഗ് റേപ്പ് കേസ്സുകൾ നിലനിൽക്കുന്നു ; ഇതിൽ, വിചാരണയിൽ ഇരിക്കുന്ന കേസ്സുകൾ എത്ര ; അപ്പീൽ കേസ്സുകൾ എത്ര എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി എറണാകുളത്ത് ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് കോടതി (ഫാസ്റ്റ്ട്രാക്ക്) സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി ഓരോ ഫാസ്റ്റ് ട്രാക്ക് കോടതികൾ കൂടി സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിൽ 65 ഗാംഗ് റേപ്പ് കേസുകൾ ഉണ്ട്. ഇതിൽ വിചാരണ കേസുകൾ 43-ഉം അപ്പീൽ കേസ് ഒന്നുമാണ്.

**കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെ അസ്വാഭാവിക മരണങ്ങൾ**

262 (3816) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെ എത്ര അസ്വാഭാവിക മരണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇവ ഏതെല്ലാമാണെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്രയെണ്ണത്തിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും അറിയിക്കാമോ ;

(സി) കുറ്റപത്രം സമർപ്പിക്കാത്ത കേസുകൾ ഏതെല്ലാമാണെന്നും അവ അന്വേഷിക്കുന്നത് ഏതെല്ലാം ഉദ്യോഗസ്ഥരാണെന്നും അറിയിക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെ 196 അസ്വാഭാവിക മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതുസംബന്ധിച്ച് 194 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 5 കേസുകൾ അന്വേഷണാവസ്ഥയിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl:No. | Crime No | Investigation Officer |
|---|---|---|
| 1 | Adhur PS Cr.No.60/12 u/s 174 Cr.PC | SI Adhur |
| 2 | Adhur PS Cr.No.470/12 u/s 174 Cr.PC | DySP Kasargod |
| 3 | Nileswar PS Cr.No.740/12 u/s 174 Cr.PC | SI Nileswar |
| 4 | Chittarikkal PS Cr.No.406/12 u/s 174 Cr.PC | SI Chittarikkal |
| 5 | Badiadukka PS Cr.No.59/12 u/s 174 Cr.PC | SI Badiadukka |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കന്യാന സ്വദേശിയായ യുവതിയെ പീഡിപ്പിച്ച സംഭവം

263 (3817) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കന്യാന സ്വദേശിയായ യുവതിയെ പ്രണയം നടിച്ച് പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; പ്രതികളെല്ലാം പോലീസ് കസ്റ്റഡിയിലുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ കേസ്സിൽ പ്രതികളായവർ ജില്ലയിലെ മറ്റേതെങ്കിലും പോലീസ് സ്റ്റേഷൻ പരിധിയിലെ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത പീഡനക്കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ നിസ്സാരവകുപ്പുകൾ ചേർത്ത് കേസ്സ് എടുത്ത് രക്ഷപ്പെടാൻ പഴുത് ഒരുക്കുകയും പീഡനത്തിനിരയായ പെൺകുട്ടിയെ സ്റ്റേഷനിൽ മർദ്ദിച്ച കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ, ഇതു സംബന്ധിച്ച് അന്വേഷിച്ച് ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം അറിയിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച കുമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 818/2012 u/s 376 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ ടി കേസിൽ IPC 354 r/w 34 എന്നീ സെക്ഷനുകൾ കൂടി ചേർത്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ (1) ഹുസൈൻ, (2) മുഹമ്മദ് യുനുസ്, (3) മുഹമ്മദ് കുഞ്ഞി, (4) ഗണേഷ് എന്നീ പ്രതികളെ അറസ്റ്റ ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ഒന്നുമുതൽ മൂന്ന് വരെയുള്ള പ്രതികൾക്ക് ബഹുമാനപ്പെട്ട കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതും നാലാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരുന്നതുമാണ്.

(സി) മേൽപ്പറഞ്ഞ പ്രതികളിൽ ഒന്നും മൂന്നും പ്രതികൾ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന സി.പി.എം./ലീഗ് സംഘട്ടന കേസുകളിൽ മുസ്ലീംഗ് ലീഗ് അനുഭാവികളായി പ്രതിചേർക്കപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

(ഡി&ഇ) പെൺകുട്ടിയുടെ മൊഴിപ്രകാരം മേൽപ്പറഞ്ഞ പ്രതികൾ ചെയ്തതായ കുറ്റങ്ങൾക്കനുസരിച്ച് ഒന്ന്, രണ്ട് പ്രതികളെ IPC 354 r/w 34 സെക്ഷൻ പ്രകാരവും നാലാം പ്രതിയെ IPC 376 വകുപ്പുപ്രകാരവുമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. പെൺകുട്ടിയെ പോലീസ് മർദ്ദിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അനീഷിന്റെ അപകടമരണവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതി

264 (3818) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. അനീഷ്, തെരുവുകാലായിൽ പെരുമ്പായിക്കാട് പി.ഒ. കോട്ടയം എന്നയാളുടെ അപകടമരണവുമായി ബന്ധപ്പെട്ട കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് 360/08-ാം നമ്പർ (എഫ്.ഐ.ആർ.) പ്രകാരമുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണ് ; വിശദമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച് കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ മരണപ്പെട്ട അനീഷിനെ ഇടിച്ചിട്ട കാർ വിവിധ തരത്തിലുള്ള അന്വേഷണം നടത്തിയിട്ടും കണ്ടെത്താൻ സാധിക്കാത്തതിനാൽ ഊർജ്ജിത അന്വേഷണത്തിനായി ടി കേസ് 26-5-2010-ൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ക്രൈം നമ്പർ 417/CR/HHW-11/EKM/2010 U/s 279, 304 (A) IPC & 34 (a) (b) of MV Act പ്രകാരം റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിട്ടുള്ളതും കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലുമാണ്.

## രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതി

265 (3819) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതികളും മറ്റ് വിവരങ്ങളും അറിയുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സംവിധാനം വഴി എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഈ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളിൽ പുതുതായി നടപ്പിലാക്കിവരുന്ന CCTNS (Crime Criminal Tracking & Network System) സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതിയും മറ്റ് വിവരങ്ങളും അറിയാൻ സാധിക്കുന്നതാണ്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് അവർ നൽകിയ പരാതിയുടെ പുരോഗതി അറിയാവുന്നതാണ്. വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ടച്ച്സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രസ്തുത സംവിധാനത്തിലൂടെ കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനുകളിലും നൽകിയ പരാതിയുടെ അന്വേഷണ പുരോഗതിയും മറ്റ് വിവരങ്ങളും അറിയുവാൻ സാധിക്കുന്നതാണ്.

(ബി&സി) സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സി.സി.റ്റി.എൻ.എസ്.ടച്ച് സ്ക്രീൻ കിയോസ്ക്ക് എന്നീ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് അവർ നൽകിയ പരാതിയുടെ അന്വേഷണപുരോഗതിയും മറ്റ് വിവരങ്ങളും അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനങ്ങൾക്കെല്ലാം തുടക്കം കുറിച്ചിട്ടുണ്ട്.

## കേരളത്തിലെ കൊലപാതക കേസുകളുടെ പുരോഗതി

266 (3820) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൊലപാതക കേസുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ്റ്റാന്റിൽവച്ച് രഘു എന്നയാൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട്, എത്ര പ്രതികൾ അറസ്റ്റിലായിട്ടുണ്ട് ; എത്ര പേർ ഇനിയും അറസ്റ്റിലാകാനുണ്ട് ;

(സി) പ്രതികൾ പിടിക്കപ്പെടാതിരിക്കുന്നുവെങ്കിൽ അവരെ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിക്കുമോ ;

(ഡി) പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥൻ സർക്കാർ തയ്യാറാക്കിയ പോലീസിലെ ക്രിമിനൽ പട്ടികയിൽ ഇടം നേടിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തു നടന്ന കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാനും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ഒരാളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

(സി) പ്രതികളുടെ പേരുവിവരവും മറ്റും വെളിവായിട്ടില്ലാത്തതിനാൽ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ചിട്ടില്ലാത്തതാണ്.

(ഡി) പോലീസ് ഉദ്യോഗസ്ഥൻ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടാൽ തയ്യാറാക്കപ്പെടുന്ന ക്രിമിനൽ പട്ടികയിൽ പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ ക്രൈം നം 1652/11-ാം നമ്പർ കേസിലെ പ്രതിയായ സതീഷ് (CPO 1944, തിരുവനന്തപുരം സിറ്റി എ.ആർ.ക്യാമ്പ്) എന്ന പോലീസുകാരനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ജയകൃഷ്ണൻ വധക്കേസിൽ സംസ്ഥാന പോലീസിന്റെ പുനഃരന്വേഷണം

267 (3821) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതി തീർപ്പ് കൽപ്പിച്ച ജയകൃഷ്ണൻ വധക്കേസിൽ സംസ്ഥാന പോലീസിന്റെ പുനഃരന്വേഷണം നടക്കുന്നുണ്ടോ ;

(ബി) പുനഃരന്വേഷണത്തിനനുകൂലമായ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ, ഈ നിയമോപദേശം ആരിൽ നിന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ; പകർപ്പ് സഭയുടെ മേശപ്പുറത്തു വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിൽ നിന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. ആഭ്യന്തരവകുപ്പിന്റെ സീക്രട്ട് സെക്ഷനിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച രേഖകൾ രഹസ്യമായി സൂക്ഷിക്കാറാണ് പതിവ്.

## ടാക്സി ഡ്രൈവർ കൊലചെയ്യപ്പെട്ട സംഭവം

268 (3822) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര ചെട്ടിത്തെരുവ് ആലയ്ക്കപ്പറമ്പിൽ മുത്തുമകൻ ടാക്സി ഡ്രൈവർ രഘു 2012 ഡിസംബർ 7-ന് പാലക്കാട് ജില്ലയിൽ നെല്ലായിപാലത്തിനു സമീപം കൊലചെയ്യപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കൊലപാതകത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) കൊലപാതകകേസ്സിലെ പ്രധാന പ്രതിയെ ഉൾപ്പെടെയുള്ളവരെ ഇനിയും പിടികൂടേണ്ടതായിട്ടുണ്ടോ ;

(എഫ്) പ്രസ്തുത പ്രതികളെ മുഴുവൻ അറസ്റ്റു ചെയ്യുവാനും കാലതാമസം കൂടാതെ അന്വേഷണം പൂർത്തിയാക്കി നിയമത്തിനു മുമ്പിലെത്തിക്കുവാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ പരിധിയിലെ തിരുനെല്ലായി പുഴ പാലത്തിനുസമീപം 7-12-2012-ാം തീയതി ഉദ്ദേശം 7 മണിയോടുകൂടി ഏകദേശം 38 വയസ് പ്രായംവരുന്ന ഒരു യുവാവിന്റെ മൃതശരീരം കഴുത്തിനും വയറിനും തലയ്ക്കും ഗുരുതരമായി പരിക്കുപറ്റി വെള്ളത്തിൽ കാണപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് പാലക്കാട് ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം 2705/12 u/s 302,397,201,120 (B), 118 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്നുള്ള അന്വേഷണത്തിൽ മരണപ്പെട്ടയാൾ രഘു @ കണ്ണൻ (S/o. മുത്തു, വയസ്സ് 38, ആലക്കപ്പറമ്പിൽവീട്, ചെട്ടിത്തെരുവ്, ചേലക്കര,തൃശ്ശൂർ) എന്നയാൾ KL 49 B 8523 എന്ന കാറിന്റെ ഡ്രൈവറാണെന്നും രഘുവിനെ കൊലപ്പെടുത്തി വാഹനം മോഷ്ടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി 8 പേരടങ്ങുന്ന പ്രതികൾ ടിയാനെ കൊലപ്പെടുത്തി തിരുനെല്ലായി പുഴയിൽ ഉപേക്ഷിക്കുകയും വാഹനമായ ടവേര കാർ മോഷ്ടിച്ച് കടന്നുകളഞ്ഞതായും വെളിയായിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ വാഹനം പിടിച്ചെടുക്കുകയും 2 മുതൽ 8 വരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

(സി&ഡി) ഇല്ല. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

(ഇ) ഉണ്ട്. ടി കേസിലെ ഒന്നാം പ്രതിയായ പ്രസാദ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

(എഫ്) ടി കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. ഒന്നാംപ്രതിയെ അറസ്റ്റ് ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ നിയമത്തിനു മുമ്പിലെത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

നാൽപ്പാടി വാസു വധക്കേസിൽ പുനഃരന്വേഷണം

269 (3823) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് നാൽപ്പാടി വാസു വധക്കേസിൽ ബന്ധുക്കളുടെ നിവേദനം ലഭിച്ചാൽ പുനഃരന്വേഷണം നടത്തുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിരുന്നോ ;

(ബി) ഈ ആവശ്യം ഉന്നയിച്ച് നാൽപ്പാടി വാസുവിന്റെ ബന്ധുക്കൾ ആഭ്യന്തരമന്ത്രിയ്ക്ക് നിവേദനം നൽകിയിരുന്നോ ;

(സി) ഇതേത്തുടർന്ന് ഈ കേസ് പുനഃരന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പുനഃരന്വേഷണം നടത്താത്തത് എന്ന് വ്യക്തമാക്കുമോ ;

(ഇ) പുനഃരന്വേഷണത്തിനെതിരായ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആരാണ് ഈ നിയമോപദേശം നൽകിയതെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) നിവേദനം ലഭിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

(ബി-എഫ്) നാൽപ്പാടി വാസു വധക്കേസ് പുനഃരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് സഹോദരൻ മുമ്പ് സമർപ്പിച്ച നിവേദനം പരിശോധിക്കുകയും അഡ്വക്കേറ്റ് ജനറലിന്റെ ശുപാർശയിന്മേൽ കേസ് പുനരന്വേഷണം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതുപ്രകാരം 31-1-1997 മുതൽ സിബിസിഐഡി കണ്ണൂർ യൂണിറ്റിൽ അന്വേഷണം നടത്തി ശ്രീ. കെ. സുധാകരനെ 12-ാം പ്രതിയാക്കി ചേർത്തുകൊണ്ട് അന്വേഷണം നടത്തി കുറ്റപത്രം മട്ടന്നൂർ കോടതി മുമ്പാകെ സമർപ്പിക്കുകയും തുടർന്ന് ടി കേസ് തലശ്ശേരിയിലേക്ക് കമ്മിറ്റ് ചെയ്യുകയും ചെയ്തിരുന്നു. 22-1-2000-ൽ അഡീ. സെഷൻസ് കോടതി 12 പ്രതികളെയും വെറുതെ വിട്ടുകൊണ്ട് ഉത്തരവാകുകയും അതിനെതിരെ വാദിഭാഗം ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. 31-1-2006-ൽ കീഴ്ക്കോടതി ഉത്തരവ് ശരിവച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. ഹൈക്കോടതി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുന്നതിന് സ്കോപ്പ് ഇല്ലെന്ന് നിയമോപദേശം ലഭിച്ചിരുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ നാൽപ്പാടി വാസു വധക്കേസിൽ പുനഃരന്വേഷണത്തിന് സാധ്യത ഇല്ലെന്ന് 18-10-2012-ലെ സർക്കാർ കത്തുപ്രകാരം ശ്രീ. നാൽപ്പാടി രാജനെ അറിയിക്കുകയാണുണ്ടായത്.

## പണിമുടക്കുമായി ബന്ധപ്പെട്ട മർദ്ദനങ്ങൾ

270 (3824) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ അനിശ്ചിതകാല പണിമുടക്കിനോടനുബന്ധിച്ച് ജീവനക്കാരെയും സമരസഹായ സമിതി പ്രവർത്തകരെയും വിവിധ കേന്ദ്രങ്ങളിൽ പോലീസ് ക്രൂരമായി മർദ്ദിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഏതെല്ലാം കേന്ദ്രങ്ങളിൽ എത്രപേരെയാണ് പോലീസ് മർദ്ദിച്ചതെന്ന് വിശദമാക്കാമോ ;

(സി) പണിമുടക്കിനോടനുബന്ധിച്ച് സംസ്ഥാനത്താകെ എത്ര കേസ്സുകളാണ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ഡി) മർദ്ദനത്തിന് നേതൃത്വം നൽകിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പണിമുടക്കിനോടനുബന്ധിച്ച് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളിൽ 63 എണ്ണം കോടതിയിൽ ചാർജ്ജ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | 16 |
| തിരുവനന്തപുരം റൂറൽ | - | 2 |
| കൊല്ലം സിറ്റി | - | 2 |
| എറണാകുളം റൂറൽ | - | 3 |
| തൃശ്ശൂർ സിറ്റി | - | 3 |
| തൃശ്ശൂർ റൂറൽ | - | 5 |
| പാലക്കാട് | - | 15 |
| മലപ്പുറം | - | 1 |
| കോഴിക്കോട് സിറ്റി | - | 6 |
| കോഴിക്കോട് റൂറൽ | - | 3 |
| കണ്ണൂർ | - | 3 |
| കാസർഗോഡ് | - | 4 |

(ഡി) പോലീസ് ഉദ്യോഗസ്ഥർ ആരെയും മർദ്ദിച്ചിട്ടില്ല.

കസ്റ്റഡി മർദ്ദനം

271 (3825) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ :
ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് അന്വേഷണങ്ങളുടെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരെ മർദ്ദിക്കുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് കസ്റ്റഡിയിൽ ഭീകരമർദ്ദനങ്ങൾക്ക് ഇരയായതു സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ടോ ; നിലവിലുള്ള എത്ര കേസുകളിൽ ഇത്തരത്തിൽ പരാതികൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രാകൃതമായ മൂന്നാംമുറകളും മറ്റും പ്രയോഗിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണനിയമത്തിന്റെ സംരക്ഷണം നൽകുന്നുണ്ടോ ;

(ഡി) പോലീസ് കസ്റ്റഡിയിൽ മരണമോ പരിക്കോ സംഭവിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) പോലീസ് അന്വേഷണങ്ങളുടെ ഭാഗമായി കസ്റ്റഡിയിൽ എടുക്കുന്നവരെ മർദ്ദിച്ചതായിട്ടുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടല്ല, നിയമലംഘനമായിട്ടാണ് കാണുന്നത്.

(ബി) 6 കേസുകളിൽ

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിൽ മരണം സംഭവിച്ച മൂന്ന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ രണ്ടെണ്ണം ആത്മഹത്യയും ഒരെണ്ണം അസുഖം മൂലമുള്ള മരണവുമായിരുന്നു. പരിക്ക് പറ്റിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് മാദ്ധ്യമ പ്രവർത്തകർക്ക് നേരെയുള്ള മർദ്ദനം**

272 (3826) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ സ്കൂൾ കലോത്സവത്തിൽ വിദ്യാർത്ഥികൾക്ക് നൽകിയ ഭക്ഷണത്തിൽ പുഴുവിനെ കണ്ടെത്തിയത് റിപ്പോർട്ടു ചെയ്ത മാാധ്യമപ്രവർത്തകർ ക്രൂരമായി മർദ്ദിക്കപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ആക്രമണത്തിന് നേതൃത്വം നൽകിയവർക്കെതിരെ കേസെടുക്കുകയുണ്ടായോ ; അവർ ആരൊക്കെയായിരുന്നു ; ആക്രമണത്തിൽ ഏതെല്ലാം മാധ്യമപ്രവർത്തകർക്ക് പരിക്ക് പറ്റുകയുണ്ടായി ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷിക്കുകയുണ്ടായി. ഈ സംഭവത്തിൽ കണ്ടാലറിയാവുന്ന അദ്ധ്യാപകർക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്. കേസ് അന്വേഷണത്തിലാണ്. ആക്രമണത്തിൽ "ദീപിക" ഫോട്ടോഗ്രാഫറായ ഷിജിമോന് പരിക്കേൽക്കുകയുണ്ടായി.



LIBRARY ARCHIVES Kerala Legislative Assembly

## വളഞ്ഞനടക്കാവ് ലക്ഷംവീട് കോളനി ആക്രമണം സംബന്ധിച്ച കേസ്

273 (3828) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിൽ വളഞ്ഞനടക്കാവ് ലക്ഷംവീട് കോളനിയിൽ ജനുവരി 13, ഫെബ്രുവരി 2 എന്നീ തീയതികളിൽ ഒരു കൂട്ടം സാമൂഹ്യവിരുദ്ധർ മാരകായുധങ്ങളുമായി കോളനി നിവാസികളെ ഭീഷണിപ്പെടുത്തുകയും പ്രസ്തുത കോളനിയിലെ ശ്രീമതി പുഷ്പവല്ലി, മരുമകൻ അജിഭവനത്തിൽ ഷിജു എന്നിവരെ ആക്രമിക്കുകയും, വീട് തല്ലിത്തകർക്കുകയും, പ്രസ്തുത കോളനിയിലെ താമസക്കാരനായ ശ്രീജിയുടെ ഓട്ടോറിക്ഷ തല്ലിത്തകർക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, കുറ്റക്കാരായ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ ; കേസിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കായംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 87/2013 എന്ന കേസിലെ മൂന്ന് പ്രതികളിൽ ഒന്നാം പ്രതിയെയും ക്രൈം നമ്പർ 221/2013 എന്ന കേസിലെ നാല് പ്രതികളിൽ ഒന്നാം പ്രതിയെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ട് കേസുകളും അന്വേഷണാവസ്ഥയിലാണ്.

## പട്ടികജാതിക്കാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസുകൾ

274 (T.3829) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജനുവരി മുതൽ ഡിസംബർ 31 വരെ പട്ടികജാതിക്കാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 2012 ജനുവരി മുതൽ ഡിസംബർ 31 വരെ പട്ടികജാതിക്കാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് 569 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉണ്യാൽ മുസ്ലീം പള്ളിക്കുനേരെ അക്രമം

275 (3830) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ താനൂർ പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട ഉണ്യാൽ മുസ്ലീം പള്ളിക്കുനേരെ സി.പി.എമ്മുകാർ അക്രമമഴിച്ചുവിട്ടിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിൽ കുറ്റക്കാർക്കെതിരെ കർശനനടപടിയെടുക്കുമെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉറപ്പു നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ, എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(ഡി) മതിയായ നടപടിയുണ്ടായിട്ടില്ലെങ്കിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് താനൂർപോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 129/10 കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയുമാണ്.

## വൃദ്ധദമ്പതികൾ കഴിയുന്ന വീടുകളിൽ അക്രമം

276 (3831) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇത് തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) വൃദ്ധ ദമ്പതികളുടെ സംരക്ഷണത്തിനായി പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ&ബി) സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സുരക്ഷാ പദ്ധതി (CARE) യുടെ ഭാഗമായി വോളന്റിയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും തനിച്ച് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ചും ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചും മുതിർന്ന പൗരന്മാർക്കായി ഹെൽപ്പ്ഡെസ്ക്കുകൾ ആരംഭിച്ചും അടിയന്തര ഘട്ടങ്ങളിൽ ആവശ്യമുള്ള ഫോൺ നമ്പരുകൾ ഹെൽപ്പ് ഡയറികൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അടങ്ങിയ ബ്രോഷറുകളും വിതരണം ചെയ്തിട്ടുമുണ്ട്. മുതിർന്ന പൗരന്മാർ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകളിൽ പട്രാ ബുക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മേൽനടപടികൾ എല്ലാംതന്നെ മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി കാര്യക്ഷമമായിത്തന്നെ പ്രവർത്തിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കാസർഗോഡ് നെല്ലിക്കുന്ന് പ്രദേശത്ത് വർഗ്ഗീയ സംഘർഷം**

277 (3832) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നെല്ലിക്കുന്ന് പ്രദേശത്ത് 2013 ജനുവരി 13 ഞായറാഴ്ച മുതൽ സ്കൂട്ടറുകൾ കത്തിക്കുകയും വീടുകൾക്ക് കല്ലെറിയുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെല്ലിക്കുന്ന് കടപ്പുറത്ത് തുടക്കം കുറിക്കുന്ന നിസ്സാര സംഭവങ്ങളാണ് തുടർന്ന് വർഗീയസംഘർഷമായി മാറുന്നത് എന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) മുമ്പ് എത്രതവണ ഈ കടപ്പുറത്ത് ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പ്രതികളുണ്ട് ; വിശദമാക്കുമോ ;

(ഡി) നിരന്തരം സംഘർഷം ഉണ്ടാകുന്ന നെല്ലിക്കുന്ന് കടപ്പുറത്ത് സ്ഥിരം പോലീസ് പിക്കറ്റോ എയ്ഡ് പോസ്റ്റോ സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സമീപകാലത്തായി ഈ സ്ഥലത്ത് 12-1-2013 മുതൽ പല സംഭവങ്ങളിലായി രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ നെല്ലിക്കുന്ന് ജംഗ്ഷൻ, ചേരങ്കൈ, നെല്ലിക്കുന്ന് ബീച്ച് ജംഗ്ഷൻ മുതലായ സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2 ബൈക്ക് പട്രോളിംഗ്-1, മൊബൈൽ പട്രോളിംഗ് മുതലായവ ഡ്യൂട്ടിയിലുണ്ട്. നെല്ലിക്കുന്ന് കടപ്പുറത്ത് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

**ക്രമസമാധാന പാലനത്തിനായി പ്രത്യേക പോലീസ് സംവിധാനം**

278 (3833) ശ്രീ. പി. റ്റി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ക്രമസമാധാന പാലനത്തിനായി പ്രത്യേക പോലീസ് സംവിധാനം നിലവിലുണ്ടോ;

(ബി) ഇതിനായി, പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ സ്വീകരണങ്ങളും പൊതുയോഗങ്ങളും നടത്തുമ്പോൾ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാവുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) കാസർഗോഡ് ജില്ലയിൽ ക്രമസമാധാനപാലനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, താഴെപ്പറയുന്ന 175 അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | - | 15 |
| സിവിൽ പോലീസ് ഓഫീസർ | - | 150 |
| ഡ്രൈവർ/സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 10 |

(സി) രാഷ്ട്രീയ പാർട്ടികൾ സ്വീകരണങ്ങളും പൊതുയോഗങ്ങളും നടത്തുമ്പോൾ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാവുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**രഘുചന്ദ്രനെ വീടുകയറി അക്രമിച്ച സംഭവം**

279 (3834) ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, ഭരണികാവ് ഗ്രാമപഞ്ചായത്തിൽ, തെക്കേമങ്കുഴി കൈതവന കിഴക്കേതിൽ ലക്ഷ്മീനിവാസിൽ ശ്രീ. രഘുചന്ദ്രനെ 2012 നവംബർ 6-ാം തീയതി രാത്രി 12.45-ന് 4 അംഗ മുഖമൂടി സംഘം പ്രസ്തുത ആളിന്റെ വീട്ടിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് വീടിന്റെ മുൻവാതിൽ ചവിട്ടിത്തുറന്ന് അമ്മയുടേയും, ഭാര്യയുടേയും, പിഞ്ചുകുഞ്ഞുങ്ങളുടേയും മുന്നിലിട്ട് മാരകമായി നിരവധി തവണ വെട്ടി മുറിവേൽപ്പിക്കുകയും, ഇരുമ്പ് ദണ്ഡുകൊണ്ട് മർദ്ദിച്ച് ഗുരുതരാവസ്ഥയിലാക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ, ഇതിനു പിന്നിൽ പ്രവർത്തിച്ച പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ ;

(സി) നിലവിൽ ഈ കേസിന്റെ അവസ്ഥ വിശദമാക്കാമോ ;

(ഡി) ആക്രമണത്തിനിരയായ രഘുചന്ദ്രന്റെ ചികിത്സാ ചെലവുകൾ വഹിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രതികളെ കണ്ടെത്തുവാനായിട്ടില്ല.

(സി) ഇതുസംബന്ധിച്ച് വള്ളിക്കുന്നം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 866/12 u/s 452, 324, 506 (ii), 427, 308 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

### സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

280 (3835) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജനുവരി മുതൽ ഡിസംബർ 31 വരെ സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പോലീസ് വകുപ്പിന് ലഭിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ലഭിച്ച പരാതികളിൽ കൂടുതലും ഏതു വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ്; വിശദമാക്കുമോ ;

(സി) പോലീസ് ആസ്ഥാനത്തെ ഹൈടെക് സെല്ലിന് പ്രസ്തുത കാലയളവിനുള്ളിൽ എത്ര പരാതികൾ കൈമാറി ; വ്യക്തമാക്കാമോ ;

(ഡി) എപ്രകാരമുള്ള പരാതികളാണ് ഹൈടെക് സെല്ലിലേക്ക് കൈമാറുന്നത് ; വിശദമാക്കുമോ ;

(ഇ) ഈ കാലയളവിനുള്ളിൽ എത്ര പരാതികളിന്മേൽ കേസെടുത്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) പോലീസ് ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, ഇ-മെയിൽ വെബ്സൈറ്റ് ഹാക്കിംഗ്, മൊബൈൽ ഫോൺ ദുരുപയോഗം, സാമ്പത്തിക തട്ടിപ്പ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ് കൂടുതൽ പരാതികളും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ ആകെ 2887 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയും ഉള്ള ഭീഷണിപ്പെടുത്തൽ/അപകീർത്തിപ്പെടുത്തൽ/ശല്യം ചെയ്യൽ, ഹാക്കിംഗ്, ഓൺലൈൻ തട്ടിപ്പുകൾ, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ, മൊബൈൽ ഫോൺ മോഷണം എന്നീ വിഷയങ്ങളെ സംബന്ധിച്ച പരാതികളാണ് ഹൈടെക് സെല്ലിലേക്ക് കൈമാറുന്നത്.

(ഇ) കേസെടുത്ത 324 പരാതികളിന്മേൽ 54 എണ്ണത്തിൽ കുറ്റപത്രം സമർപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

## ടൈറ്റാനിയം അഴിമതിക്കേസ് അന്വേഷണം

281 (3836) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈറ്റാനിയം അഴിമതിക്കേസ് അന്വേഷണം വൈകുന്നത് സംബന്ധിച്ച് 2013 ഫെബ്രുവരി 5-ന് വിജിലൻസ് വകുപ്പിനെതിരെ തിരുവനന്തപുരം വിജിലൻസ് പ്രത്യേക കോടതി രൂക്ഷ വിമർശനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ, പ്രസ്തുത കേസ്സിൽ ആരൊക്കെ നിലവിൽ പ്രതികളെന്നും ഇതിൽ എത്രപേർ ഇപ്പോഴത്തെ മന്ത്രിസഭയിൽ ഉണ്ടെന്നും എത്ര കോടി രൂപയുടെ അഴിമതി സംബന്ധിച്ചാണ് അന്വേഷണം നടക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) വിജിലൻസിന്റെ അന്തിമ റിപ്പോർട്ട് എപ്പോൾ നൽകാനാണ് വിജിലൻസ് പ്രത്യേക കോടതി ഉത്തരവ് നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സ് എത്ര വർഷമായി നടക്കുന്നു ; കേസ്സ് അന്വേഷിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥൻ ആരാണ് ; അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കോടതി നിർദ്ദേശം നൽകിയ അവസരങ്ങളിലെല്ലാം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ച് കൂടുതൽ സമയം ആവശ്യപ്പെടുന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ സമീപനമാണോ കോടതിയെ പ്രകോപിപ്പിക്കാൻ കാരണമായത് ; വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കേസ്സ് അടിയന്തരമായി തീർപ്പാക്കി കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകിയില്ലെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടിവരുമെന്ന കോടതി നിർദ്ദേശം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണം (വി.ഇ.30/2006/എസ്.ഐ.യു.) നടന്നുവരുന്നു. നിലവിൽ ആരെയും പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ശ്രീ. സെബാസ്റ്റ്യൻ ജോർജ് എന്ന വ്യക്തി സർക്കാരിന് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്. ശ്രീ. ജി. സുനിൽ വിജിലൻസ് കോടതിയിൽ സമർപ്പിച്ച

സി.എം.പി. 845/2006-ൽ എതിർകക്ഷികളുമായി ശ്രീ. ഈപ്പൻ ജോസഫ്, ശ്രീ. ജി.സന്തോഷ്കുമാർ, ശ്രീ. എ.എം. ഭാസ്ക്കരൻ, ശ്രീ. തോമസ് മാത്യു, ശ്രീ. ബി. ഗോപുകുമാരൻ നായർ തുടങ്ങിയവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പരാതി നിലവിലുള്ള വിജിലൻസ് അന്വേഷണത്തിനോടൊപ്പം ചേർത്ത് അന്വേഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീ. ഈപ്പൻ ജോസഫിനെയും, ശ്രീ. രാജീവനെയും എതിർകക്ഷികളായി ഉൾപ്പെടുത്തി "സേവ് ടൈറ്റാനിയം ഫോറം" എന്ന പേരിൽ ലഭിച്ച ഒരു പരാതിയിലെ ആരോപണങ്ങൾ നിലവിലുള്ള വിജിലൻസ് അന്വേഷണവുമായി ചേർത്ത് അന്വേഷിക്കുവാൻ ഉത്തരവിട്ടിരുന്നു.

നിലവിലുള്ള അന്വേഷണം തുടരവെ, ശ്രീ. ജയൻ എന്ന വ്യക്തി തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സി.എം.പി. 802/2011 നൽകി. സി.എം.പി. 802/2011-ലെ 6-9-2011-ലെ ഉത്തരവുപ്രകാരം നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തിലെ (വിഇ30/2006/എസ്ഐയു.) വിഷയം സമാനസ്വഭാവമുള്ളതിനാൽ പ്രസ്തുത പരാതികൂടി പരിഗണിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവിട്ടിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മലിനീകരണ നിവാരണ പദ്ധതിക്കായി 19-5-2005 തീയതിയിലെ ജി.ഒ. (എം.എസ്.) 51/2005/വ്യ.വ. പ്രകാരം അംഗീകാരം നൽകിയതുവഴി 256.10 കോടി രൂപയുടെ അഴിമതി നടന്നു എന്നതു സംബന്ധിച്ചാണ് പരാതിയിൽ പറഞ്ഞിട്ടുള്ളത്.

(സി&ഡി) 5-3-2013 തീയതിക്കുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാണ് വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുള്ളത്. പ്രസ്തുത വിജിലൻസ് അന്വേഷണം ഏഴു വർഷമായി നടന്നുവരുന്നു. ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥൻ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായ ശ്രീ. വി. അജയകുമാറാണ്. അന്വേഷണ റിപ്പോർട്ട് നൽകാൻ കോടതി നിർദ്ദേശിച്ച സമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ സാധിക്കാതെ റിപ്പോർട്ട് നൽകിയതുകൊണ്ടാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) അന്തിമ റിപ്പോർട്ട് കോടതി ഉത്തരവ് പ്രകാരം യഥാസമയം ഹാജരാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

### അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ ക്രഷറുകൾക്കും പാറമടകൾക്കും എതിരായ ജനകീയ സമരം

282 (3837) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ ക്രഷറുകൾക്കും പാറമടകൾക്കും എതിരായ ജനകീയ സമരത്തിന്റെ മറവിൽ 28-1-2013-ൽ അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ നടന്ന അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പേരിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷനിൽ നടത്തിയ അക്രമസംഭവത്തെ കുറിച്ചുള്ള സബ്-ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് (1) ബിജു (അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), (2) സാജു, (3) ഫ്രാൻസിസ് എന്നിവർക്കെതിരെ അയ്യമ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 23/2013 u/s 448,332,294 (b), 34 IPC & Sec.3 (1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

**ശ്രീ. കെ. സുധാകരൻ എം. പി. ക്കെതിരെയുള്ള അന്വേഷണം**

**283 (3838) ശ്രീ. കെ. കെ. ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് കണ്ടുവെന്ന് ശ്രീ. കെ. സുധാകരൻ, എം.പി. പൊതുവേദിയിൽ വെളിപ്പെടുത്തിയതിന്റെ പേരിൽ, തങ്ങൾ അന്വേഷണം നടത്തുന്നില്ലെന്ന സി.ബി.ഐ.-യുടെ കത്ത് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, എപ്പോൾ ; അതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) സി.ബി.ഐ. കേസ് അന്വേഷിക്കുന്നതിനാൽ, സംസ്ഥാനത്തെ കേസ് എഴുതിത്തള്ളണമെന്ന് വിജിലൻസ് പ്രത്യേക കോടതിയിൽ പോലീസ് ആവശ്യപ്പെടുകയുണ്ടായോ ; പോലീസ് ആവശ്യം കോടതിയിൽ സമർപ്പിച്ചത് എപ്പോഴാണ് ; കേരള ഗവൺമെന്റിന് സി.ബി.ഐ.-യുടെ കത്ത് ലഭിച്ചത് എപ്പോഴാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ സി.ബി.ഐ. ചെന്നൈ യൂണിറ്റിൽനിന്നും 28-8-2012-ലെ No.1/MISC/Czmp/2011/CZ/2131 നമ്പർ കത്ത് തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റിൽ അന്വേഷണം നടത്തിവരുന്ന മ്യൂസിയം പി.എസ്.ക്രൈം 123/12-ാം നമ്പർ കേസിലെ അന്വേഷണ ഉദ്യോഗസ്ഥന് 3-9-2012-ൽ ലഭിച്ചിട്ടുള്ളതാകുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല. എന്നാൽ ഈ കേസിൽ വിജിലൻസ് ആംഗിൾ ഒന്നുമില്ലാത്തതിനാൽ വിജിലൻസ് ബ്യൂറോയുടെ അന്വേഷണ പരിധിയിൽ വരാത്തതും ആയതിനാൽ Mistake of Law ആയി പരിഗണിച്ച് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ആയത് കോടതി അംഗീകരിച്ചിട്ടുമുണ്ട്. ഗവൺമെന്റിന് സി.ബി.ഐ.യുടെ കത്ത് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്-പോലീസ് കേസുകൾ

284 (3839) ശ്രീ. കെ. വി. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട പോലീസ് കേസ്സുകൾ സംബന്ധിച്ച് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഏതെല്ലാം കേസിൽ, എത്ര സഹകാരികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

### ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ Fort Police Station Cr. No.205/13, U/s 151 Cr. PC എന്ന കേസിൽ സഹകാരിയുടെ പേരിലും കോഴിക്കോട് ജില്ലയിൽ Kasaba Police Station, Cr.No. 109/13, U/L.C. 151 CrPc എന്ന കേസിൽ ഒരു സഹകാരിയുടെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ നടത്തിയ അഴിമതി

285 (3840) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. സി. പി. മുഹമ്മദ്:
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായുള്ള കരാർ ഉപേക്ഷിച്ച സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ മെഡിക്കൽ വിദ്യാർത്ഥി പ്രവേശനത്തിന് സീറ്റ് കച്ചവടം വഴി അഴിമതി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യ സർവ്വകലാശാലയുടെ അന്വേഷണ കമ്മീഷൻ കണ്ടെത്തിയതായ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) കണ്ണൂർ അഞ്ചരക്കണ്ടി സ്വാശ്രയ മെഡിക്കൽ കോളേജിലും പാലക്കാട് ചിറ്റൂർ കരുണ മെഡിക്കൽ കോളേജിലും, കരാറിൽനിന്നും പിൻവാങ്ങിക്കൊണ്ട് യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് മെഡിക്കൽ പ്രവേശനം നടത്തിക്കൊണ്ട് എത്ര കോടി രൂപയുടെ അഴിമതി നടത്തിയതായിട്ടാണ് പോലീസ് അന്വേഷണത്തിൽ വെളിവായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) അപേക്ഷിച്ചിട്ടില്ലാത്തവർക്കും മുഹമ്മദ് കമ്മറ്റിക്ക് വ്യാജരേഖ നൽകിക്കൊണ്ട് വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുണ്ടോ ; എങ്കിൽ, ഇത് സംബന്ധിച്ച അന്വേഷണം ഏതുവരെയായി ?

ഉത്തരം

(എ) 2012-13 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ കരുണാ മെഡിക്കൽ കോളേജ്, പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകൾ മെരിറ്റ് മാനദണ്ഡം അട്ടിമറിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) കേസ് രജിസ്റ്റർ ചെയതിട്ടില്ലാത്തതിനാൽ പോലീസിൽ വിവരം ലഭ്യമല്ല.

## നൂറനാട് പുലിമേൽ കുമ്പിളൂർ വീട്ടിൽ ഷാജിക്ക് പോലീസ് സംരക്ഷണം

286 (3841) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പുലിമേൽ കുമ്പിളൂർ വീട്ടിൽ ഷാജിക്ക് പോലീസ് സംരക്ഷണം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ, ഇതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത വ്യക്തി നൂറനാട് പോലീസ് സ്റ്റേഷനിൽ 2006-ന് ശേഷം കൊടുത്ത പരാതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; പ്രസ്തുത പരാതികളിൽ രേഖപ്പെടുത്തിയ സാക്ഷികൾ ആരൊക്കെ ; ഓരോ കേസിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഓരോ കേസിലും സാക്ഷികളായി ചേർത്തിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത വ്യക്തിക്കെതിരെ 2013-ൽ തിരുവനന്തപുരം പൂജപ്പുര സ്റ്റേഷനിൽ പീഡനക്കേസിൽ പ്രതിയാക്കി കേസെടുത്തിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേസ് നിലനിൽക്കുമ്പോഴും ഇയാൾക്ക് പോലീസ് പ്രൊട്ടക്ഷൻ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പ്രസ്തുത കേസിൽ ഷാജിയെ നൂറനാട് സ്റ്റേഷൻ അതിർത്തിയിൽ ഉണ്ടെന്ന വിവരം ലഭ്യമായിട്ടും നൂറനാട് പോലീസ് അറസ്റ്റ് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത വ്യക്തി കൊടുത്ത പരാതിയിൽ സാക്ഷികളായി സൂചിപ്പിച്ചിരിക്കുന്നവരിൽ ചിലർ കുറ്റം നടന്നു എന്നുപറയുന്നദിവസം വിദേശത്താണെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ, അടിയന്തിരമായി പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഓർഡർ നമ്പർ W/P(C) 1260/13 പ്രകാരം 17-1-2013 മുതൽ മൂന്നാഴ്ചത്തേക്ക് നൂറനാട്, പുലിമേൽ കുമ്പിളൂർ വീട്ടിൽ ഷാജിക്ക് പോലീസ് സംരക്ഷണം നൽകുവാൻ ഓർഡറാകുകയും ടിയാന് അന്നുമുതൽ പോലീസ് സംരക്ഷണം നൽകിയിരുന്നതുമാണ്. എന്നാൽ 1-2-2013-ൽ ടിയാൻ പോലീസ് സംരക്ഷണം നിരസിച്ചിട്ടുള്ളതിനാൽ, നിലവിൽ പോലീസ് സംരക്ഷണം ഇല്ല. കൂടാതെ 6-2-2013-ൽ ടി ഷാജി പ്രതിയായി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 173/13 u/s 366 (A), 506 (ii), 323, 34 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി&സി) ടിയാൻ വാദിയായുള്ള കേസുകളുടെ വിവരം അനുബന്ധം (1)* ആയും, സാക്ഷികളായി ചേർത്തിരിക്കുന്നവരുടെ വിശദാംശങ്ങൾ അനുബന്ധം (2)* ആയും ചേർത്തിട്ടുണ്ട്.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ച് പൂജപ്പുര പോലീസ് സ്റ്റേഷനിൽ 5-2-2013-ൽ ക്രൈം നമ്പർ 138/2013 u/s 366 (A), 376, 506 (ii), 323, 34 IPC & Sec. 3 (a) (iv) of Protection of Child from sexual offence Act 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും, സംഭവസ്ഥലം നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാൽ ടി സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതുമാണ്. (നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 173/2013 u/s 366( A), 376, 506 (ii), 323, 34 IPC & Sec.3 (a) (iv) of Protection of Child from sexual offence Act 2012)

(ഇ) ഇല്ല. അന്വേഷണത്തിൽ, ടിയാൻ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്.

(എഫ്) ടി കേസുകളിൽ ഇത് പരിശോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആത്മഹത്യ ചെയ്ത പോലീസുകാരുടെ എണ്ണം

287 (3842) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തെന്ന് വെളിപ്പെടുത്താമോ ;

(ബി) ആത്മഹത്യ ചെയ്തവരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ ക്രിമിനൽ, ഗുണ്ടാ, മാഫിയാ സംഘങ്ങളുടെ ആക്രമണത്തിനു വിധേയമായി എത്ര പോലീസുദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16 പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തു. ആത്മഹത്യ ചെയ്തവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ കാലയളവിൽ ക്രിമിനൽ, ഗുണ്ടാ, മാഫിയാ സംഘങ്ങളുടെ ആക്രമണത്തിനുവിധേയമായി ഒരു പോലീസ് ഉദ്യോഗസ്ഥൻ മരണപ്പെട്ടിട്ടുണ്ട്. 49 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

## കേരള സിവിൽ പോലീസ് കേഡർ

288 (3843) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ സായുധസേനയിൽ ഇൻസ്പെക്ടർ മുതൽ കമാണ്ടന്റ് വരെയുള്ള ഉദ്യോഗസ്ഥരുടെ ഇന്റഗ്രേഷൻ സമയബന്ധിതമായി എപ്പോൾ നടപ്പിലാക്കുമെന്ന് അറിയിക്കുമോ ?

## ഉത്തരം

ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

## പോത്തൻകോട് പോലീസ് സ്റ്റേഷൻ

289 (3844) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോത്തൻകോട് പോലീസ് സ്റ്റേഷനിലെ നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ് ;

(ബി) ശാന്തിഗിരി ആശ്രമം ഉൾപ്പെട്ട പ്രധാന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പ്രദേശത്തുള്ള പോത്തൻകോട് പോലീസ് സ്റ്റേഷനിലെ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇതിന്മേൽ പോലീസ് വകുപ്പിൽനിന്നും എന്തെങ്കിലും ശുപാർശ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്നാണ് ലഭിച്ചത് ; എന്തു നടപടി സ്വീകരിച്ചു ;

(ഡി) പോത്തൻകോട് കേന്ദ്രമായി ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) 2013-14 സാമ്പത്തികവർഷം പോത്തൻകോട് കേന്ദ്രമാക്കി ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14

| | |
|---|---|
| എസ്.ഐ. | 1 |
| എ.എസ്.ഐ. | 1 |
| സീനിയർ സിവിൽ പോലീസ് ഓഫീസർ | 2 |
| സിവിൽ പോലീസ് ഓഫീസർ | 10 |
| ആകെ | 14 |

(ബി-ഇ) ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**പോലീസ് സ്റ്റേഷൻ**

290 (3845) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ, വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എട്ട് പോലീസ് സ്റ്റേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) തിരുവനന്തപുരം റൂറൽ (അരുവിക്കര, മാരായമുട്ടം, അയിരൂർ) | 3 |
| കൊച്ചി സിറ്റി | 2 (മുട്ട്, ഇൻഫോപാർക്ക്) |
| പാലക്കാട് | 1 (കല്ലടിക്കോട്) |
| മലപ്പുറം | 2 (കാടാമ്പുഴ, പൂക്കോട്ടുംപാടം) |

(സി&ഡി) ഗുരുവായൂർ ശ്രീകൃഷ്ണടെമ്പിൾ, വൈറ്റില (കൊച്ചി), പുളിങ്ങോം (കണ്ണൂർ), മുളംകുന്നത്തുകാവ് (തൃശ്ശൂർ) എന്നിവിടങ്ങളിൽ പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഇടുക്കി ജില്ലയിലെ തങ്കമണി, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ അച്ചൻകോവിൽ എന്നീ ഔട്ട്പോസ്റ്റുകൾ പോലീസ് സ്റ്റേഷനായി ഉയർത്തുന്നതും സംബന്ധിച്ച് എസ്-പി-സി-യിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

## കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്റ്റേഷൻ ഓഫീസുകൾ

291 (3846) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഇപ്പോൾ ഏതെല്ലാം സ്റ്റേഷൻ ഓഫീസുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇവിടെ പുതുതായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു ;

(സി) ട്രാഫിക്ക് യൂണിറ്റിന് പുതിയ കെട്ടിടവും, സ്ത്രീകളടക്കമുള്ള പരാതിക്കാർക്ക് നിർഭയമായി സ്റ്റേഷനിൽ പ്രവേശിക്കുന്നതിന് 'സ്ത്രീ സൗഹൃദ ഫ്രണ്ട് ഓഫീസ്' സംവിധാനവും ഇവിടെ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ, കൊണ്ടോട്ടി സർക്കിൾ ഓഫീസ്, കൊണ്ടോട്ടി ട്രാഫിക് യൂണിറ്റ് എന്നീ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക്ക്, സ്ത്രീകൾക്ക് ഇരിക്കുന്നതിന് പ്രത്യേകം റൂം എന്നിവ ഇപ്പോൾ നിലവിലുണ്ട്. ട്രാഫിക് യൂണിറ്റിന് പ്രത്യേക കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

## നെടുമങ്ങാട് പോലീസ് സ്റ്റേഷൻ

292 (3847) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കിൾ ഇൻസ്പെക്ടർ, ഡിവൈഎസ്പി എന്നീ ആഫീസുകൾക്കും സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽ ഉണ്ടോ ;

(സി) പ്രസ്തുത ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, ഡിവൈ.എസ്.പി. ഓഫീസ് (സബ് ഡിവിഷണൽ പോലീസ് ഓഫീസ്) എന്നിവ സംയോജിപ്പിച്ചുകൊണ്ട് നെടുമങ്ങാട് ഒരു കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി 54.95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പേപ്പാറയിൽ നിർമ്മിക്കുവാനുദ്ദേശിച്ച 20 ലക്ഷം രൂപയുടെ ടൂറിസ്റ്റ് പോലീസ് പ്രൊട്ടക്ഷൻ സെന്റർ നെടുമങ്ങാട് പോലീസ് സ്റ്റേഷനോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതിനാൽ മൊത്തം അനുവദിച്ച തുക 74.95 ലക്ഷം രൂപയാണ്.

(ഇ) കെട്ടിടനിർമ്മാണ് പുരോഗമിച്ചുവരുന്നു. 2013 സെപ്റ്റംബർ മാസത്തോടെ പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

### കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ

283 (3[illegible]) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷന് ഒരു ജില്ലയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) കൊല്ലം, റൂറൽ ജില്ലയിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് അനുവദിച്ചിട്ടില്ലാ എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റൂറൽ ജില്ലയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനും ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന് പ്രസ്തുത യൂണിറ്റിന്റെ ചുമതല നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിന് ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## പുതുതായി നിയമിക്കുന്ന വിക്ടിം ലെയ്സൺ ഓഫീസർമാർ

294 (3849) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേസന്വേഷണത്തിനായി പുതുതായി എത്ര വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ത്രീകൾ പ്രതികളായ സ്ത്രീപീഡന കേസുകളിലും അന്വേഷണ ഉദ്യോഗസ്ഥരായി വനിത വി.എൽ.ഒ. മാരെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കൊലപാതകം, സ്ത്രീപീഡനം എന്നീ കുറ്റകൃത്യങ്ങൾക്ക് ഇരയായിട്ടുള്ള കുടുംബാംഗങ്ങളും അന്വേഷണ ഉദ്യോഗസ്ഥരും തമ്മിൽ അന്വേഷണത്തെ സഹായിക്കുന്ന തരത്തിൽ ഒരു ബന്ധമുണ്ടാക്കുന്നതിനായിട്ടാണ് വിക്ടിം ലെയ്സൺ ഓഫീസർ (VLO) എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്. അന്വേഷണ സംഘത്തിൽപ്പെട്ട സീനിയർ സിവിൽ പോലീസ് ഓഫീസർ/ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ റാങ്കിലുള്ള അന്വേഷണ ഉദ്യോഗസ്ഥരെയാണ് VLOമാരായി നിയമിക്കുന്നത്. കേസിന്റെ സ്വഭാവവും അന്വേഷണത്തിന്റെ രീതിയും അനുസരിച്ചാണ് VLOമാരെ നിയമിക്കുന്നത്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗുരുതരമായ അതിക്രമങ്ങളിൽ പ്രതികൾ ആരെന്ന് നോക്കാതെ വനിതാ സിവിൽ പോലീസ് ഓഫീസർമാർ ഉൾപ്പെടെയുള്ള VLO-മാരെ നിയമിക്കുന്നുണ്ട്.

## പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനം

295 (3850) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷം സംസ്ഥാന പോലീസിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പ്രകാരം എത്ര കായികതാരങ്ങളെ നിയമിക്കുകയുണ്ടായി ; വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങളെ പോലീസിൽ നിയമിക്കുകയുണ്ടായിയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 62 കായികതാരങ്ങളെ നിയമിക്കുകയുണ്ടായി.

(ബി) 86 കായികതാരങ്ങളെ പോലീസിൽ നിയമിക്കുകയുണ്ടായി.



LIBRARY ARCHIVES Kerala Legislative Assembly

### പോലീസ് വകുപ്പിൽ കായികതാരങ്ങൾക്ക് നിയമനം

296 (3851) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ കായിക താരങ്ങൾക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നടത്താറുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കായിക ഇനങ്ങളിൽ പങ്കെടുത്തവരെയാണ് നിയമനത്തിനായി പരിഗണിക്കുന്നതെന്നും ഇതിനുള്ള മാനദണ്ഡമെന്തെന്നും വ്യക്തമാക്കാമോ ;

(സി) കായിക ഇനമായ ഹോക്കി മത്സരയിനങ്ങളിൽ പങ്കെടുത്തവരെ മികവിന്റെ അടിസ്ഥാനത്തിൽ പോലീസിൽ നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ, ജില്ലാ, സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ച ഹോക്കി കളിക്കാർക്ക്, പോലീസ് വകുപ്പിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

#### ഉത്തരം

(എ&ബി) പോലീസ് വകുപ്പിൽ കായിക താരങ്ങൾക്ക് സായുധ ബറ്റാലിയനിലെ ഹവീൽദാർ തസ്തികയിലാണ് നേരിട്ട് നിയമനം നൽകാറുള്ളത്. വ്യക്തമായ മാനദണ്ഡങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത്. വകുപ്പിന് ഭാവിയിൽ മുതൽക്കൂട്ടാവുന്നതും നിലവിൽ കായികരംഗത്ത് ശോഭിക്കുന്നവരെയും മാത്രമാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്പോർട്സ് ക്വാട്ടാ മുഖാന്തിരം പരിഗണിക്കുന്നത്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലൂടെ അപേക്ഷ ക്ഷണിച്ചാണ് സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത്. വളരെ പരിമിതമായ ഒഴിവുകൾ മാത്രമാണ് ഇപ്രകാരം മാറ്റിവച്ചിട്ടുള്ളത്. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അപേക്ഷിക്കുന്ന മികച്ച നേട്ടം കൈവരിച്ചിട്ടുള്ളവരെ, മുൻഗണനാ ക്രമത്തിൽ പട്ടിക തയ്യാറാക്കിയാണ് നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്. സംസ്ഥാനതലത്തിലോ, ദേശീയതലത്തിലോ പങ്കെടുത്തുവെന്ന കാരണത്താൽ മാത്രം സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടായിൽ നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലുള്ള കായികയിനങ്ങളിൽ സെലക്ഷൻ ട്രയിൽസ് നടത്തിയാണ് പോലീസിന്റെ സായുധ സേനാ ബറ്റാലിയനുകളിൽ ഹവീൽദാർ തസ്തികയിൽ കായികാതരങ്ങളെ നിയമിക്കുന്നത്. അപേക്ഷ ക്ഷണിക്കുന്ന വർത്തിനുമുമ്പുള്ള രണ്ട് വർഷത്തിൽ സംസ്ഥാനത്തെയോ സർവ്വകലാശാലയയോ ദേശീയ തലത്തിലോ, അന്തർസർവ്വകലാശാലാതലത്തിലോ സോൺ/ജൂനിയർ/യൂത്ത്/സീനിയർ സ്ക്കൂൾ ചാമ്പ്യൻഷിപ്പ് വിഭാഗങ്ങളിൽ പ്രതിനിധീകരിച്ചിട്ടുള്ള കായികതാരങ്ങളെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനത്തിനായി പരിഗണിക്കുന്നത്. ഇതിലേക്കുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത +2 പരീക്ഷ പാസ്സായിരിക്കേണ്ടതും പ്രായം 18-ഉം 23-ഉം മദ്ധ്യേയായിരിക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) സ്പോർട്സ് ക്വാട്ടാ മുഖാന്തിരം നിയമനത്തിനായി പരിഗണിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതും മികവിന്റെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കി മുൻഗണനാക്രമത്തിൽ നിയമനം നടത്തുന്നതുമാണ് നിലവിലെ രീതി.

## ഹോം ഗാർഡുകളുടെ സേവനം

297 (3852) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ഉണ്ടെങ്കിൽ, സംസ്ഥാനത്ത് ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഹോം ഗാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ ഹോം ഗാർഡുകളെ നിയമിക്കുന്നതിന് എന്തെല്ലാം യോഗ്യതകൾ പരിഗണിക്കുന്നുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) ഇവർക്ക് നിർബന്ധമാക്കിയിട്ടുള്ള യൂണിഫോം സംവിധാനം എന്തെല്ലാമാണ് ;

(ഇ) ഹോം ഗാർഡുകളുടെ വേതന വ്യവസ്ഥയെകുറിച്ചുള്ള വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്; പോലീസ് വകുപ്പിൽ ട്രാഫിക് ഡ്യൂട്ടിയിലും ഉൽസവം, മറ്റ് ആഘോഷങ്ങൾ, ബന്തവസ്സ് ഡ്യൂട്ടി, മെസഞ്ചർ ജോലി എന്നിവയ്ക്ക്, പോലീസിനെ സഹായിക്കുന്നതിന് ഹോംഗാർഡ്സിനെ നിയോഗിക്കുന്നു. അഗ്നിരക്ഷാസേവന വകുപ്പിൽ രക്ഷാപ്രവർത്തനങ്ങൾക്കും മെസഞ്ചർ ജോലിക്കും സ്റ്റാൻഡ്ബൈ ഡ്യൂട്ടിക്കും ഹോം ഗാർഡുകളുടെ സേവനം ഉപയോഗിക്കുന്നുണ്ട്.

| | | |
|---|---|---|
| (ബി) | തിരുവനന്തപുരം | 368 |
| | കൊല്ലം | 178 |
| | ആലപ്പുഴ | 200 |
| | പത്തനംതിട്ട | 85 |
| | കോട്ടയം | 200 |
| | എറണാകുളം | 390 |
| | കണ്ണൂർ | 192 |
| | മലപ്പുറം | 200 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| കോഴിക്കോട് | 390 |
| വയനാട് | 99 |
| ഇടുക്കി | 95 |
| തൃശ്ശൂർ | 199 |
| പാലക്കാട് | 197 |
| കാസർഗോഡ് | 100 |
| ആകെ | 2893 |

(സി) യോഗ്യതകൾ :

1 ആർമി, നേവി, എയർഫോഴ്സ്, ബി.എസ്.എഫ്., സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ്., എൻ.എസ്.ജി., എസ്.എസ്.ബി., ആസാം റൈഫിൾസ് തുടങ്ങിയ സൈനിക/അർദ്ധസൈനിക വിഭാഗങ്ങളിൽനിന്നും കേരള പോലീസ്, ഫയർ & റസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നീ വകുപ്പുകളിൽ നിന്നും സേനാംഗങ്ങളായി വിരമിച്ചവരെയും ;

2 പ്രസ്തുത വിഭാഗത്തിൽ 35-നും 58-നും ഇടയിൽ പ്രായമുള്ളവരെയും ;

3 എസ്.എസ്.എൽ.സി. പാസ്സായവരെയും (എസ്.എസ്.എൽ.സി. പാസ്സായവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. പാസ്സാകാത്തവരെയും) ;

4 നല്ല ശാരീരിക യോഗ്യതയുള്ളവരെയും പരിഗണിക്കുന്നുണ്ട്.

(ഡി)

| | | | |
|---|---|---|---|
| 1 | ഷർട്ട് ഹാഫ് സ്ലീവ് | - | കാക്കി |
| 2 | പാന്റ്സ് | - | കാക്കി |
| 3 | വെബ് ബെൽ | - | കാക്കി |
| 4 | സോക്സ് | - | കാക്കി |
| 5 | ഷൂസ് | - | ബ്ലാക്ക് |
| 6 | ബെരെറ്റ് ക്യാപ്പ് | - | നേവി ബ്ലൂ |
| 7 | ക്യാപ്പ് ബാഡ്ജ് | - | 8 പോയിന്റഡ് സ്റ്റാർ |
| 8 | ലാൻയാർഡ് | - | ബ്ലൂ |
| 9 | ഷോൾഡർ ബാഡ്ജ് | - | കെ.എച്ച്.ജി |
| 10 | വിസിൽ | | |

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജോലി ചെയ്യുന്ന ദിവസം പ്രതിദിനം സ്റ്റൈപന്റായി 350 രൂപ നൽകുന്നു. കൂടാതെ നിയമനം ലഭിക്കുന്ന സമയത്ത് യൂണിഫോം അലവൻസായി 3000 രൂപയും നൽകുന്നു.

**ആംഡ് ബറ്റാലിയനുകൾ**

**298 (3853)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് ബറ്റാലിയനുകളിൽ ആകെ എത്ര ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് ബറ്റാലിയൻ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) എയർപോർട്ട് എമിഗ്രേഷനുകൾ, ഇന്റലിജൻസ് ബ്യൂറോ ഏറ്റെടുത്തപ്പോൾ പുറത്താകുന്ന ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരെ എവിടെ പോസ്റ്റ് ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

**ഉത്തരം**

(എ) ആംഡ് പോലീസ് ബറ്റാലിയനുകളില ആകെ 38 ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളാണ് ഉള്ളത്.

| യൂണിറ്റ് | സ്ഥിര ഒഴിവ് | താൽക്കാലിക ഒഴിവ് (ട്രെയിനിംഗിനു വേണ്ടി) | ആകെ |
|---|---|---|---|
| എം.എസ്.പി. | 3 | 4 | 7 |
| കെ.എം.പി.1 | 3 | 4 | 7 |
| കെ.എം.പി.2 | 3 | ... | 3 |
| കെ.എം.പി.3 | 2 | 3 | 5 |
| കെ.എം.പി.4 | 5 | 3 | 8 |
| കെ.എം.പി.5 | 5 | 3 | 8 |
| ആകെ | 21 | 17 | 38 |

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 16441/2011 വിധിയെത്തുടർന്നുള്ള 21-01-2012 ജി.ഒ. (ആർ.ടി.) 188/2012/ആഭ്യന്തരനമ്പർ പ്രകാരമുള്ള ഉത്തരവിനെത്തുടർന്നും 11-3-2005-ലെ 152/Camp ADGP (Trg.)/ 2005 നമ്പരിലുള്ള ഹൈലെവൽ കമ്മിറ്റി റിപ്പോർട്ടിലെ തീരുമാനങ്ങൾ കർശനമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിക്കൊണ്ട് ഈ 19-1-1984 മുതൽ ബറ്റാലിയനിലെ എല്ലാ തസ്തികകളിലേക്കും സീനിയോറിറ്റി ലിസ്റ്റുകൾ പരിഷ്ക്കരിച്ചുവരികയാണ്. അതിന്റെ ഭാഗമായി 1-1-1984 മുതൽ 1-1-1998 വരെയുള്ള ആംഡ് പോലീസ് ബറ്റാലിയൻ ഹവിൽദാർ റാങ്കിലേക്കും ഈ കാലയളവിലെ ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിലേക്കുമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റും അതിനനുസൃതമായ സെലക്ട് ലിസ്റ്റുകളും തയ്യാറാക്കിയിട്ടുള്ളതും തുടർന്ന് ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ റാങ്കിലേക്കുള്ള പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അന്തിമ സീനിയോരിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധികരിക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തയ്യാറാക്കപ്പെടുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിലവിലുള്ള ഒഴിവുകൾ നികത്താൻ നിർവ്വാഹമുള്ളൂ. മാത്രമല്ല, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിനെ തുടർന്നുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാതെ തുടർന്നുവരുന്ന ആംഡ് പോലീസ് ഇൻസ്പെക്ടർമാർ/അസിസ്റ്റന്റ് കമാണ്ടർമാരെ കേഡർ തസ്തികകളിൽ ക്രമീകരിക്കുന്നതിനായി തരംതാഴ്ത്തേണ്ടിയും വരുന്നതാണ്. നിലവിലുള്ള വേക്കൻസികൾക്കുപുറത്ത് ഇപ്രകാരം ആരെങ്കിലും ഉണ്ടായാൽ അവരെക്കൂടി ഉൾപ്പെടുത്തുന്നതിന് ഈ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികകൾ വിനിയോഗിക്കേണ്ടിവരും.

(സി) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് 166 ആണ്. ആയതിനാൽ എമിഗ്രേഷൻ വിഭാഗത്തിൽനിന്നും മടങ്ങിവരുന്ന ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരെ കേഡർ സ്ട്രെങ്തിനു പുറത്താണെങ്കിൽ ജൂനിയർമാരായിട്ടുള്ളവരെ ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായി റിവർട്ട് ചെയ്യേണ്ടതായിവരും.

## പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പുനർനാമകരണം

298 (3854) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പേര് സിവിൽ പോലീസ് ഓഫീസർ എന്ന് പുനഃർനാമകരണം ചെയ്ത് ഉത്തരവിറങ്ങിയത് എപ്പോഴാണെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) പോലീസുകാരുടെ പേരിന് പകരം നമ്പർ ഉപയോഗിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പോലീസുകാരുടെ ഓഫീസ് സംബന്ധമായ എല്ലാ രേഖകളിലും പേരിന് പകരം നമ്പർ ഉപയോഗിച്ചുവരുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ഇത് ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പേര് സിവിൽ പോലീസ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്തത് 10-12-2010-ലെ ജി.ഒ. (പി) നം. 268/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

സർക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകളുടെ എണ്ണം

300 (3855) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ ഉള്ളത് ;

(ബി) പ്രസ്തുത തസ്തികകൾ എന്നുമുതലാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിൽ സബ്ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനു കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് എസ്.ഐ.-മാർക്ക് സ്ഥാനക്കയറ്റം നൽകി എന്നത്തേക്ക് നിയമിക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(ഇ) സി.ഐ.-മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സംസ്ഥാനത്ത് ക്രമസമാധാനപാലനരംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സർക്കിൾ ഇൻസ്പെക്ടർമാരുടെ 30 ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) 2013 ജനുവരി ഒന്നുമുതൽ ഇതുവരെ ഉണ്ടായ ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്.

(സി&ഡി) നിലവിലെ സെലക്ട് ലിസ്റ്റിൽനിന്നും യോഗ്യരായ എസ്ഐമാരെ സി.ഐ.മാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഒഴിഞ്ഞുകിടക്കുന്ന സി.ഐ. തസ്തികകൾ**

301 (3856) ശ്രീ. കെ. കെ. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സി.ഐ. മാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം വൈകിപ്പിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള പ്രൊമോഷൻ ലിസ്റ്റിൽ ആരെല്ലാമുണ്ടെന്ന് സീനിയോറിറ്റി അനുസരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) സിഐ-മാരുടെ 30 ഒഴിവുകൾ നിലവിലുണ്ട്. എവിടെയെല്ലാമാണെന്നുള്ള വിവരം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) നിലവിലെ എസ്ഐ-മാരുടെ സെലക്ട് ലിസ്റ്റിൽനിന്നും സിഐ-മാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) നിലവിലെ സെലക്ട് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം II* ആയി ചേർക്കുന്നു.

**ഡി.ജി.പി.യുടെ 3/2011-ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശം**

302 (3857) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ 3/2011-ലെ സർക്കുലർ പ്രകാരം സിവിൽ പോലീസ് കേഡർ ഓപ്ഷൻ നൽകിയ പോലീസ് കോൺസ്റ്റബിൾമാരും ഹെഡ് കോൺസ്റ്റബിൾമാരും നിലവിലുള്ള ജനറൽ എക്സിക്യൂട്ടീവിന്റെ യൂണിഫോം ധരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സിവിൽ പോലീസിലേക്ക് മാറ്റി നിയമനം

303 (3858) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് രൂപീകരിച്ചതിനു ശേഷം സിവിൽ പോലീസിലേക്ക് എത്ര പേരിൽ നിന്നും ഓപ്ഷനുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓപ്ഷൻ നൽകിയവരിൽ നിന്നും എത്രപേരെയാണ് സിവിൽ പോലീസിലേക്ക് മാറ്റി നിയമിച്ചതെന്നും ഇവർ ഏതു ജില്ലയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ) 6159 പേരിൽനിന്നും ഓപ്ഷനുകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഓപ്ഷൻ നൽകിയ ജില്ലാ സായുധ സേന വിഭാഗത്തിൽപ്പെട്ട 4457 പേർക്ക് സിവിൽപോലീസിലേക്ക് മാറ്റം നൽകിയിട്ടുണ്ട്. ഇവർ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം സിറ്റി, പാലക്കാട്, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽപ്പെട്ടവരാണ്.

## ട്രെയിനിംഗ് പിരീഡ് സർവ്വീസായി പരിഗണിക്കൽ

304 (3859) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ ട്രെയിനിംഗ് പീരിഡ് സർവ്വീസായി പരിഗണിച്ച് ഇറക്കിയ G.O.(Ms.)185/2011/ Home തീയതി 22-8-2011 എന്ന ഉത്തരവ് അനുസരിച്ച് 2008-നുശേഷം സർവ്വീസിൽ നിന്നും വിരമിച്ച പോലീസ് സേനാംഗങ്ങൾക്ക് ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, ഇത്തരക്കാർക്കു കൂടി ഈ ആനുകൂല്യം നൽകാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ, എന്നത്തേക്കു നൽകാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ബി) സർവ്വീസിലുള്ള പോലീസ് സേനാംഗങ്ങൾക്ക് ഈ ഉത്തരവുപ്രകാരം ലഭിക്കുന്ന ആനുകൂല്യം സർവ്വീസിൽ നിന്നും വിരമിച്ചവർക്കുകൂടി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ, അതിനുള്ള നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) സർവ്വീസിൽനിന്നും വിരമിച്ച പോലീസ് സേനാംഗങ്ങൾക്ക് G.O. (M.s.) No.185/2011/Home തീയതി, 22-8-2011 എന്ന ഉത്തരവിന്റെ ആനുകൂല്യം നൽകുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ആംഡ് റിസർവ്വ്, ലോക്കൽ പോലീസ് ഇന്റഗ്രേഷൻ**

305 (3860) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് റിസർവ്വ്, ലോക്കൽ പോലീസ് ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് G.O.(P) No. 268/2010/Home dated, 10-12-2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ആയിട്ടുണ്ടോ ;

(ബി) പ്രാബല്യത്തിൽ ആയിട്ടുണ്ടെങ്കിൽ എ. ആർ. ക്യാമ്പുകളിൽ വില്ലിംഗ്നസ് കൊടുത്ത് ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്ന എത്ര എച്ച്സി, എഎസ്ഐ, എസ്.ഐ.-മാർ ഇത് പ്രകാരം നാളിതുവരെ ലോക്കൽ സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ആയിട്ടുണ്ട് ;

(സി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ സീരിയൽ നമ്പർ VI(F) പറഞ്ഞിട്ടുള്ളതുപ്രകാരം പ്രസ്തുത സേനാംഗങ്ങൾക്ക് അവർ അവരുടെ ബാച്ചിലെ സേനാംഗങ്ങൾക്കൊപ്പം ലോക്കൽ സ്റ്റേഷനുകളിലേക്ക് മുൻപ് പോകുമായിരുന്നെങ്കിൽ കിട്ടുമായിരുന്ന സീനിയോറിറ്റി നൽകിയിട്ടുണ്ടോ ;

(ഡി) അപ്രകാരം സീനിയോറിറ്റി നൽകിയിട്ടുണ്ടെങ്കിൽ തന്റെ ബാച്ചിലെ സേനാംഗങ്ങളെപ്പോലെ ഗ്രേഡ് എച്ച്.സി., എച്ച്.സി. റാങ്കുകൾ ലഭിക്കുന്നതിന് യോഗ്യതയുള്ള 16 മുതൽ 22 വർഷം വരെ സർവ്വീസുള്ള സേനാംഗങ്ങളെ എച്ച്.സി. ടെസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സിവിൽ പോലീസിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ള 39 ഡയറക്ട് റിക്രൂട്ട് ആർ.എസ്.ഐ.മാർക്ക് 1-8-2012 മുതൽ വിവിധ പോലീസ് സ്റ്റേഷനുകളില ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നൽകിവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**ആലപ്പുഴ ജില്ലയിലെ ടൂറിസം പോലീസ് തസ്തികയിലെ ഒഴിവുകൾ**

306 (3861) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ടൂറിസം പോലീസ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഒരു സിവിൽ പോലീസ് ഓഫീസറുടെ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**വനിതാ സിവിൽ പോലീസ് ആഫീസർമാർക്ക്**
**അഡ്വൈസ് ലഭിച്ച ജില്ലയിൽ നിയമനം**

307 (3862) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ അഡ്വൈസ് ചെയ്ത് നിയമനം ലഭിച്ചശേഷം വേക്കൻസിയില്ല എന്ന കാരണത്താൽ എത്ര വനിതാ സിവിൽ പോലീസ് ആഫീസർമാർ, അന്യ ജില്ലകളിൽ ജോലി നോക്കിവരുന്നു ;

(ബി) അവർക്ക് നിയമനം ലഭിച്ച കൊല്ലം ജില്ലയിലേക്ക് തിരിച്ചുവരുന്നതിൽ നിയമതടസ്സമുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) മറ്റ് ജില്ലകളിൽ ഇപ്രകാരമുള്ള വനിതാ സിവിൽ പോലീസ് ഓഫീസർമാർ ജോലി നോക്കി വരുമ്പോൾ ട്രാൻസ്ഫർവഴി കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികയിലേക്ക് എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്നും അവർ എവിടെയെല്ലാം ജോലി നോക്കുന്നു എന്നുമുള്ള വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 36 പേർ

(ബി) ഒഴിവില്ല എന്നതല്ലാതെ മറ്റ് തടസ്സങ്ങളൊന്നും നിലവിലില്ല.

(സി) ട്രാൻസ്ഫർവഴി കൊല്ലം ജില്ലയിലേക്ക് 157 പേരെ കെ.എ.പി. 3 ബറ്റാലിയനിൽനിന്നും 11 പേരെ മറ്റ് ജില്ലകളിൽനിന്ന് അന്തർജില്ലാ സ്ഥലം മാറ്റം വഴിയുമാണ് നിയമിച്ചിട്ടുള്ളത്. ട്രാഫിക് പോലീസ് സ്റ്റേഷനും കോസ്റ്റൽ പോലീസ് സ്റ്റേഷനും ഒഴികെയുള്ള സ്റ്റേഷനുകളിൽ ഇവർ ജോലി നോക്കിവരുന്നു.

**രാജപുരം എസ്.ഐ. രവീന്ദ്രന്റെ സസ്പെൻഷൻ**

308 (3863) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ രാജപുരം എസ്.ഐ.-യായിരുന്ന രവീന്ദ്രനെ സർവ്വീസിൽനിന്ന് അടുത്തകാലത്തായി സസ്പെന്റ് ചെയ്തിരുന്നോ ; എങ്കിൽ, ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഈ ഉദ്യോഗസ്ഥനെ ഇപ്പോൾ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ, തിരിച്ചെടുക്കുന്നതിലേക്ക് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം എന്താണെന്ന് അറിയിക്കാമോ ;

(സി) ഈ ഉദ്യോഗസ്ഥൻ സർവ്വീസിൽ ഇതുവരെ വകുപ്പുതലത്തിൽ എത്ര പ്രാവശ്യം നടപടിക്ക് വിധേയമായിട്ടുണ്ട് ; ഇതിന് ഓരോന്നിനും ഉണ്ടായ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ ;

(ഡി) സ്ത്രീപീഡനകേസ്സുകളിൽ ഉൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ ഇത്ര പെട്ടെന്ന് തിരിച്ചെടുക്കുന്നത്, സേനയിലെ അച്ചടക്കത്തെ ബാധിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സസ്പെന്റ് ചെയ്തിരുന്നു. ശ്രീ. രവീന്ദ്രൻ നീലേശ്വരം പോലീസ് സ്റ്റേഷനിൽ ജോലിചെയ്തുവരവെ രാജപുരം എന്ന സ്ഥലത്ത് ഒരു പരാതിയുമായി ബന്ധപ്പെട്ട് പരിചയത്തിലായ പരാതിയിലെ എതിർകക്ഷിയുടെ വീട് അസമയത്ത് സന്ദർശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ചില പ്രദേശവാസികൾ ടി കാര്യം ചോദ്യം ചെയ്തതിനെത്തുടർന്ന് 8-11-2012-ാം തീയതി 8.30 മണിക്ക് നീലേശ്വരം കടിഞ്ഞിമൂല കോളനി ജംഗ്ഷൻ റോഡിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായതിനാൽ, അച്ചടക്കസേനയിലെ ഒരു അംഗത്തിന് നിരക്കാത്ത രീതിയിലുള്ള പെരുമാറ്റ ദൂഷ്യം ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാലാണ് ടിയാനെ സസ്പെന്റ് ചെയ്തത്.

(ബി) തിരിച്ചെടുത്തിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ എസ്ഐ.യുടെ അപേക്ഷപ്രകാരം ടിയാനെതിരെയുള്ള വാക്കാലന്വേഷണത്തെ സ്വാധീനിക്കില്ല എന്ന് ഉറപ്പ് വരുത്തിയതിനുശേഷം ശിക്ഷണാധികാരി ടിയാനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുള്ളത്. ടിയാനെ കാസർഗോഡ് ജില്ലാ ഡി.സി.ആർ.ബി.യിലാണ് ഇപ്പോൾ നിയമിച്ചിരിക്കുന്നത്.

(സി) 1 9-12-1980 തീയതിയിൽ മലപ്പുറം എം.എസ്.പി.-യിൽവച്ച് പ്രക്ഷോഭമുണ്ടാക്കുന്ന രീതിയിൽ പ്രകടനത്തിൽ പങ്കെടുത്തതിന് ഈ ഉദ്യോഗസ്ഥന്റെ ശമ്പളത്തിലെ ഒരു വാർഷിക വർദ്ധനവ് ആവർത്തനസ്വഭാവമില്ലാതെ തടഞ്ഞുവച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

2 8-12-1980 തീയതിയിൽ മലപ്പുറം എം.എസ്.പി.-യിൽ മെസ്സുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാക്കിയതിന് ഒരു "ബ്ലാക്ക് മാർക്ക്" നൽകി ഉത്തരവായിട്ടുണ്ട്.

3 13-1-2005 തീയതി ഹൊസങ്കടിയിലുള്ള ഒരു ലോഡ്ജിൽ ഭാര്യയെന്ന് കളവായി പരിചയപ്പെടുത്തി ഒരു സ്ത്രീയോടൊപ്പം സംശയകരമായ സാഹചര്യത്തിൽ കാണപ്പെട്ടതിന് അന്വേഷണം നടത്തിയതിൽ ടിയാനെതിരെയുള്ള ആരോപണം തെളിയാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്.

4 മണൽമാഫിയയുമായി ബന്ധമുണ്ടെന്ന ആരോപണത്തെത്തുടർന്ന് അന്വേഷണം നടത്തിയതിൽ ടിയാനെതിരെയുള്ള ആരോപണം തെളിയാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഉത്തരവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ത്രീപീഡന രൂപത്തിലുള്ള ഒരു പ്രവർത്തി ടിയാൻ ചെയ്തതായി ആരോപിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരു പരാതിയുമായി ബന്ധപ്പെട്ട് പരിചയത്തിലായ ഒരു സ്ത്രീയുടെ വീട് അസമയത്ത് സന്ദർശിച്ചതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ തുടർന്നുള്ള അന്വേഷണത്തിൽ ടിയാന്റെ ഭാഗത്തു നിന്നും അച്ചടക്കസേനയിലെ ഒരു അംഗത്തിന് നിരക്കാത്ത രീതിയിലുള്ള പെരുമാറ്റദൂഷ്യം ഉണ്ടായതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ളതും ഇതുസംബന്ധിച്ചുള്ള അന്വേഷണം തുടർന്നുവരികയുമാണ്.

## രാസദുരന്തങ്ങളും രക്ഷാപ്രവർത്തനങ്ങളും

309 (3864) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാസദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ദുരന്തമുണ്ടായാൽ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു മാനുവൽ തയ്യാറാക്കിയിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇതിനുവേണ്ടി റവന്യൂ, പോലീസ്, ഫയർഫോഴ്സ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) രാസദുരന്തങ്ങൾ ഉൾപ്പെടെ ഏതുതരത്തിലുള്ള ദുരന്തം ഉണ്ടായാലും അടിയന്തര രക്ഷാപ്രവർത്തനം നടത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫോഴ്സ് (എസ്.ഡി.ആർ.എഫ്.) രൂപീകരിച്ചിട്ടുണ്ട്. രാസവ്യാവസായിക ദുരന്തങ്ങൾ നേരിടുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കേരളാ അഗ്നിശമന രക്ഷാ സേവന വകുപ്പിലെ ആഫീസർമാർക്കും ജീവനക്കാർക്കും കൊച്ചിൻ റിഫൈനറിയിൽവച്ച് അഞ്ച് ഘട്ടങ്ങളിലായി രണ്ട് ദിവസംവീതം രാസദുരന്തങ്ങൾ ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനെ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്.

(ബി) തയ്യാറാക്കിവരുന്നു.

(സി) ഉണ്ട്. ഓരോ ജില്ലയിലെയും ജില്ലാ കളക്ടർമാരുടെ കീഴിൽ റവന്യൂ, പോലീസ്, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയാണ് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഫയർ സ്റ്റേഷൻ നിർമ്മാണം**

310 (3865) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഫയർസ്റ്റേഷൻ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

**ഉത്തരം**

(എ&ബി) ഇല്ല. നിർമ്മാണത്തിനായി 130 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്തുവകുപ്പ് ചീഫ് എഞ്ചിനീയർമാർക്ക് സമർപ്പിച്ചിട്ടുണ്ട്.

**കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ**

311 (3866) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ, വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ അപേക്ഷ ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഉണ്ടെന്നും ആയത് സൗകര്യപ്രദമാണെന്നുമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾ സർക്കാരിന് നൽകിയിട്ടും നാളിതുവരെ തുടർനടപടി സ്വീകരിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മൂന്ന് വർഷത്തോളമായി നിരവധി പ്രാവശ്യം നൽകിയ അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അന്വേഷിക്കുമോ ;

(ഡി) മനഃപൂർവ്വമായ കാലതാമസം ഒഴിവാക്കി ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ലഭിച്ചിരുന്നു.

(ബി&സി) പോലീസ് വകുപ്പിന്റെ വക ഭൂമി ഈ വകുപ്പിന് കൈമാറ്റം ചെയ്തുലഭിക്കുന്നതിന് പോലീസ് വകുപ്പിന്റെ സമ്മതപത്രം ആവശ്യമാണ്. ആയതിന് പോലീസ് വകുപ്പ് മേധാവിയുമായി കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ പോലീസ് മേധാവിയിൽനിന്നും ഭൂമി കൈമാറ്റം നൽകുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ആസ്ഥാനമാക്കി ഫയർഫോഴ്സ് ഡിവിഷൻ ഓഫീസ്

312 (3867) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ വകുപ്പിൽ എത്ര ഡിവിഷൻ ഓഫീസുകളാണുള്ളത് ; ഓരോ ഡിവിഷനുകീഴിലും എത്ര ജില്ലകളാണുള്ളത് ; വിശദാംശം നൽകുമോ ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകളും അസിസ്റ്റന്റ് ഡിവിഷൻ ഓഫീസുകളുമാണുള്ളത് ;

(സി) ഏഴിമല നേവൽ അക്കാദമി, കോസ്റ്റ്ഗാർഡ് അക്കാദമി, കണ്ണൂർ വിമാനത്താവളം, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ യൂണിവേഴ്സിറ്റി, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് കണ്ണൂർ ആസ്ഥാനമാക്കി ഫയർഫോഴ്സ് ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച്

| | | |
|---|---|---|
| തിരുവനന്തപുരം ഡിവിഷൻ | - | തിരുവനന്തപുരം, കൊല്ലം ജില്ലകൾ |
| കോട്ടയം ഡിവിഷൻ | - | പത്തനംതിട്ട, കോട്ടയം, ആലപ്പുഴ |
| എറണാകുളം ഡിവിഷൻ | - | എറണാകുളം, ഇടുക്കി, |
| പാലക്കാട് ഡിവിഷൻ | - | തൃശ്ശൂർ, മലപ്പുറം, പാലക്കാട് |
| കോഴിക്കോട് ഡിവിഷൻ | - | കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്. |

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 14 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും രണ്ട് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസുകളും

(സി) പരിശോധിച്ചുവരുന്നു.

## ചാലക്കുടി ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം

313 (3868) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഫയർ സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം ഇല്ലാത്തതും ആവശ്യത്തിന് ജീവനക്കാരോ ഉപകരണങ്ങളോ ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫയർ & റെസ്ക്യൂ വകുപ്പിൽ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ നിയമനം

314 (3869) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & റെസ്ക്യൂ വകുപ്പിൽ, ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതിൽ, എത്ര പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകി ; ഇതിൽ, എത്രപേർക്ക് വകുപ്പ്, നിയമനം നൽകി ;

(ബി) വകുപ്പ്, നിയമനം നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവർക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; മാർച്ച് 31-ന് മുമ്പ് ഇവർക്ക് നിയമനം നൽകുമോ ?

ഉത്തരം

(എ) ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർമാരുടെ 264 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 239 പേർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ ആർക്കും ഇപ്പോൾ നിയമനം നൽകിയിട്ടില്ല.

(ബി&സി) പോലീസ് വെരിഫിക്കേഷൻ കഴിഞ്ഞ എല്ലാപേർക്കും 4-3-2013 മുതൽ ട്രെയിനിംഗ് നൽകുന്നതിന് നിയമനാധികാരികളായ എല്ലാ ഡിവിഷണൽ ഓഫീസർമാർക്കും, വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിലെ ട്രെയിനിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർ

315 (3871) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർ ഉണ്ടോ ; ഉണ്ടെങ്കിൽ, ഇവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്; വിവരം ചുവടെ ചേർക്കുന്നു.

| കുറ്റാരോപിതർ | വിജിലൻസ് കേസ്/ വിജിലൻസ് അന്വേഷണം |
|---|---|
| ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്., ഡി.ഐ.ജി., ക്രൈംബ്രാഞ്ച് | വി.സി.06/10/എസ്.ഐ.യു. |
| ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ഐ.പി.എസ്., മുൻമാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് | വി.സി.03/07/എസ്.സി.ഇ. |
| ശ്രീ. കെ. ബി. ബാലചന്ദ്രൻ, ഐ.പി.എസ്. | വി.ഇ.07/12/എസ്.ആർ.റ്റി.<br>വി.ഇ.12/12/എസ്.ആർ.റ്റി. |

**വിജിലൻസ് ജീവനക്കാർക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്**

316 (3872) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വിജിലൻസിലെ ഒരു വിഭാഗം ജീവനക്കാർ മാസപ്പടി പറ്റുന്നതായി വിജിലൻസ് എ.ഡി.ജി.പി. അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിജിലൻസ്, അടുത്ത സമയങ്ങളിൽ നടത്തിയ റെയ്ഡുകൾ വിജയിക്കാതിരുന്നത് വിജിലൻസിൽ നിന്നുതന്നെ വിവരം ചോർത്തി നൽകിയതുകൊണ്ടാണെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ, ഇത്തരത്തിൽ പ്രവർത്തിച്ച എത്ര വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് പദവി ഉൾപ്പെടെ വെളിപ്പെടുത്തുമോ ;

(ഡി) വിജിലൻസ് ഉദ്യോഗസ്ഥരെ നാലുവർഷം കൂടുമ്പോൾ പ്രസ്തുത വകുപ്പിൽനിന്നും മാറ്റണമെന്നതുൾപ്പെടെ മറ്റ് എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ട് മുഖേന നൽകിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വിജിലൻസിലെ ഒരു വിഭാഗം ജീവനക്കാർ മാസപ്പടി പറ്റുന്നതായി വിജിലൻസ് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) ബാധകമല്ല.

ജയിലുകളിലെ വൈദ്യുതി സ്വയംപര്യാപ്തത

317 (3873) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളെ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജയിലുകളിൽ ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എല്ലാ ജയിലുകളിലേക്കും ഇത്തരം സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ) 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ജയിലുകളെ ഊർജ്ജസ്വയംപര്യാപ്തമാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതിക്ക് 25.56 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും 30% സബ്സിഡി ആനുകൂല്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ ഏഴ് ജയിലുകളിൽ സൗരോർജ്ജവൽക്കരണം നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പരിശോധിക്കാവുന്നതാണ്.

ജയിലുകളിൽ ഡെയറി പവർലോൺ യൂണിറ്റുകൾ

318 (3874) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളോടനുബന്ധിച്ച് ഡെയറി യൂണിറ്റ് സ്ഥാപിക്കുകയും അതുവഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഒരു പൊതു ബ്രാൻഡിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജയിലുകളിൽ പവർ ലോൺട്രി യൂണിറ്റുകൾ തുടങ്ങുന്നത് പരിഗണിക്കുമോ ;

(സി) സർക്കാർ സ്ഥാപനങ്ങളിലെ അലക്കു ജോലികൾ ഈ യൂണിറ്റിന് നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും തിരുവനന്തപുരം, നെട്ടുകാൽത്തേരി, ചീമേനി തുറന്ന ജയിലുകളിലും, കണ്ണൂർ വനിതാ ജയിലിലും ഡയറി യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

### എറണാകുളം ജില്ലാ ജയിൽ

319 (3875) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലാ ജയിലിൽ പുതിയ ബ്ലോക്ക് പണിയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, പുതിയ ബ്ലോക്ക് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി തുക നീക്കിവെച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉദിക്കുന്നില്ല.

### ദേവികുളം സബ്ജയിലിന്റെ സുരക്ഷ

320 (3876) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം സബ്ജയിലിലെ മാലിന്യ നിക്ഷേപവും സെപ്റ്റിക് ടാങ്ക് ചോർച്ചയും കോമ്പൗണ്ട് വാൾ ഇടിഞ്ഞ് അപകടാവസ്ഥയിലിരിക്കുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പണം അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത പണം ഉപയോഗിച്ചോ ; നിലവിലെ സ്ഥിതി എന്താണ് ;

(സി) പ്രസ്തുത ജയിലിന്റെ സുരക്ഷയ്ക്ക് എന്തെല്ലാം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 13-ാം ധനകാര്യ കമ്മീഷൻ ധനസ്ഹായത്തിൽ ഉൾപ്പെടുത്തി, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അഞ്ചുലക്ഷം രൂപ കൈമാറി, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. 2013-14 സാമ്പത്തികവർഷത്തിൽ 13-ാം ധനകാര്യ കമ്മീഷൻ ചുറ്റുമതിൽ പണിയുന്നതിന് അനുവദിച്ച ഇരുപത്തിമൂന്നുലക്ഷം രൂപ വിനിയോഗിച്ച് പണി നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു.

(സി) ഇതുസംബന്ധിച്ച് SILK, KSCC, KPHCC എന്നിവിടങ്ങളിൽനിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

വടകര സബ് ജയിലിലെ അസൗകര്യങ്ങൾ

**321 (3877)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര സബ്ജയിലിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിലെ റൂറൽ എസ്.പി. ഓഫീസ്, ആർ.റ്റി. ഓഫീസ് തുടങ്ങിയ ഓഫീസുകൾ ഉള്ള വടകരയിൽ റിമാന്റ് പ്രതികളെ താമസിപ്പിക്കുവാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വടകര സബ്ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലം അന്വേഷിച്ചുവരികയാണ്.

(ബി) വടകരയിൽ പുതിയ ജയിൽ സ്ഥാപിക്കുന്നതിന് ഒന്നര ഏക്കർ സ്ഥലം എസ്.പി. ഓഫീസിന് അടുത്തായി കണ്ടെത്തിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(3788, 3827, 3870 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

## II ചരമോപചാരം

### കെ. കെ. നായരുടെ നിര്യാണം

മി. സ്പീക്കർ : മുൻ നിയമസഭാംഗം കെ. കെ. നായർ 2013 ഫെബ്രുവരി 7-ന് അന്തരിച്ചു. പത്തനംതിട്ട ജില്ലയിലെ മണിമല നെടുവേലിൽ

9.30 A.M]

കെ. ആർ. കൃഷ്ണപിള്ളയുടെയും ലക്ഷ്മി അമ്മയുടെയും മകനായി 1931 ഫെബ്രുവരി 2-ന് കെ. കെ. നായർ ജനിച്ചു. 1959-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി പൊതുപ്രവർത്തനരംഗത്തെത്തിയ കെ. കെ. നായർ തൊഴിലാളി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽ

സജീവമായി. 1960 മുതൽ 2006 വരെ നടന്ന പന്ത്രണ്ട് നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച കെ. കെ. നായർ പത്തനംതിട്ട നിയോജകമണ്ഡലത്തിൽനിന്നും 1967-ൽ മൂന്നാം കേരള നിയമസഭയിലും തുടർന്ന് നാല്, ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്, പതിനൊന്ന് സഭകളിലും അംഗമായി. 37 വർഷം പത്തനതിട്ട നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച കെ. കെ. നായർ കാര്യങ്ങൾ പഠിച്ച് സഭയിൽ അവതരിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. നിയമസഭാംഗമെന്ന നിലയിൽ മൂന്ന് പതിറ്റാണ്ടിലേറെ സ്തുത്യർഹമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. പത്തനംതിട്ട ജില്ലയുടെ രൂപീകരണത്തിന് സുപ്രധാന പങ്ക് വഹിച്ച അദ്ദേഹം ജില്ലയുടെ വികസനത്തിനായി ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകി. ,പത്തനംതിട്ട പ്ലാന്റേഷൻ ലേബർ യൂണിയൻ പ്രസിഡന്റ്, മലനാട് ട്രേഡ് യൂണിയൻ കോൺഗ്രസ് ചെയർമാൻ, പ്രസിഡന്റ്, കൊല്ലം ജില്ലാ കർഷകസംഘം വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുള്ള കെ.കെ. നായരുടേതായി `നിയമസഭയും നിയോജക മണ്ഡലവും', `ഭരണ യന്ത്രവും കാർഷിക സംരക്ഷണവും' എന്നീ ലേഖന സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ. കെ. നായരുടെ നിര്യാണത്തോടെ സംശുദ്ധിയും ലാളിത്യവും കാത്തുസൂക്ഷിച്ച ഒരു പൊതു പ്രവർത്തകനെയും മികച്ച ഒരു സാമാജികനെയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## III. അടിയന്തരപ്രമേയം

### വൈദ്യുതിമേഖല സ്വകാര്യവത്കരിക്കാനുള്ള നീക്കം

മി. സ്പീക്കർ: വൈദ്യുതിവിതരണം സ്വകാര്യവത്കരിക്കൽ ഉൾപ്പെടെയുള്ള ഉപാധികളടങ്ങിയ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ ചേരാനുള്ള സന്നദ്ധത സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചതിനെത്തുടർന്ന് വൈദ്യുതി വിതരണ മേഖല സ്വകാര്യവത്കരിക്കാനുള്ള കർമ്മ പദ്ധതി തയ്യാറാക്കി പതിനഞ്ച് ദിവസത്തിനകം അറിയിക്കാൻ കേന്ദ്ര പവർ ഫിനാൻസ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും കത്ത് ലഭ്യമായിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ച് ഇവിടെ ഉന്നയിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ലെറ്റർ ഞാൻ വായിക്കാൻ ഉദ്ദേശിക്കുകയാണ്. "During the 6th Power Ministers'

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Conference held on February 2013, the merit and de-merit of various distribution model, namely hundred percent public co-opt, public-private partnership, hundred percent private own and franchisee model were presented during the presentation. I was highlighted the private entities, public-private partnership, franchisee model were generally fairy much better than Government own utilities. ഇതാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ഒരു കാര്യം. രണ്ടാമത്തെ ഖണ്ഡികയിൽ പറയുന്നത്, "Recommendation of high level panel headed by V. K. Sukla, Ex. CAG to adopt franchisee model for specified towns- 255 numbers, and that of task force headed by V. K. Chathurvedi, Member, Planning Commission, that the State may choose public-private partnership or franchisee model whichever the thing is more suited to their needs were also shared with partnership". ഇത് ശുക്ല കമ്മീഷന്റെയും ചതുർവേദി കമ്മീഷന്റെയും റെക്കമെന്റേഷനുകളാണ്. ഒന്ന് ഫ്രാഞ്ചൈസി മോഡലും മറ്റൊന്ന് പി.പി.പി മോഡലുമാണ്. മൂന്നാമത്തെ ഖണ്ഡികയിൽ, "In view of improving the financial health of the overall power sector, it is therefore very important that the State initiate action for improvement of efficiency either through privatization of distribution utilities or recommended by aforesaid two Committees or otherwise". That is most important one. "Needless to mention that your utility is made more profit, Rs. 241 crores during 2011-12." വളരെ ക്ലിയറാണ്.

ഡോ. ടി.എം. തോമസ് ഐസക് : സർ, ഒന്നുകൂടി വായിക്കാമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇനിയും വായിച്ചാൽ സമയം പോകില്ലേ? ഞാൻ കോപ്പി തരാം. I bound to lay on the table. So you will get a copy of these. നാലാമത്തെ ഖണ്ഡികയിൽ പറയുന്നത്, "Since PFC (Power Finance Corporation) has committed financial assistance of Rs. 2028 crore to all the three segments of power, (ie. generation, transmission and distribution) we were concerned about the financial health of your distribution utility. The future commitment disbursement to any of three segments in your State shall be depended on action initiated by you in respect of efficiency improvement as envisaged above. ഇതിൽ മൂന്ന് ഓപ്ഷനുണ്ട്. പവർ മിനിസ്റ്റേഴ്സിന്റെ പ്രസന്റേഷനിൽ ഫ്രാഞ്ചൈസി മോഡലോ പി.പി.പി മോഡലോ കുറച്ചുകൂടി ബെറ്ററായി കണ്ടു. ഇത് ശുക്ല കമ്മീഷന്റെയും ചതുർവേദി കമ്മീഷന്റെയും അഭിപ്രായമാണ്. ഇതല്ലാത്തതും ആകാവുന്നതാണ്. അതാണ് 'otherwise' എന്നുപറയാനുള്ള കാരണം. എഫിഷ്യൻസി കൂട്ടാനുള്ള മാർഗ്ഗം ആരായണമെന്നാണ് മൂന്നാമത്തെ ഖണ്ഡികയിൽ പറയുന്നത്. പ്രൈവറ്റൈസേഷൻ വേണമെന്നോ ഫ്രാഞ്ചൈസി മോഡൽ വേണമെന്നോ പറഞ്ഞിട്ടില്ല. എഫിഷ്യൻസി കൂട്ടണമെന്നാണ് പറഞ്ഞിട്ടുള്ളത്. 2011-12-ൽ 241 കോടി പ്രോഫിറ്റുണ്ടാക്കിയതായി കാണുന്നു എന്ന് അവർതന്നെ പറയുന്നു. ഞാൻ ഇതിൽ otherwise ആണ് അംഗീകരിക്കുന്നത്. എഫിഷ്യൻസി കൂട്ടാനുള്ള

മാർഗ്ഗം നമ്മുടെ മാർഗ്ഗമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇവർ പറഞ്ഞതും അതാണ്. നമ്മുടെ സംസ്ഥാനത്തെ ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ലോസ് 2001-ൽ 31 ശതമാനവും 2006 മാർച്ചിൽ 22 ശതമാനവും ആയിരുന്നത് ഇപ്പോൾ 17 ശതമാനമാണ്. അതിന്റെ അർത്ഥം നമ്മുടെ സിസ്റ്റമാണ് ഏറ്റവും നല്ല സിസ്റ്റമെന്നാണ്. ബഹുമാനപ്പെട്ട എ.കെ. ബാലൻ കുറെ കോൺട്രിബ്യൂട്ട് ചെയ്തിട്ടുണ്ട്. ഞാൻ അതൊക്കെ അംഗീകരിക്കുന്നു. അതുകൊണ്ട് ഈ സർക്കുലർ നമ്മുടെ സിസ്റ്റം അംഗീകരിക്കുന്നതിനോ അല്ലെങ്കിൽ പ്രൈവറ്റൈസേഷൻ നടത്തണമെന്നോ ഒരിക്കലും നിഷ്ക്കർഷിക്കുന്നില്ല. ഇതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, തെറ്റായ നയങ്ങൾക്കെതിരായി ഇൻഡ്യൻ ജനതയുടെ അവകാശപ്പോരാട്ടത്തിന് മണിക്കൂറുകൾ മാത്രം അവശേഷിക്കുന്ന ഘട്ടത്തിലാണ് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. പ്രതിഷേധത്തിന്റെ അഗ്നിജ്വാലയ്ക്ക് തിരികൊളുത്തി 48 മണിക്കൂർ നമ്മുടെ രാജ്യം സ്തംഭിക്കാൻ പോവുകയാണ്. ഈ പശ്ചാത്തലത്തിലാണ് നവഉദാരവൽക്കരണ നയം - കേരളത്തിന്റെ അഭിമാനമായ, പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ മേഖലയിൽ ആദ്യം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി എന്തുപറഞ്ഞാലും ലഭ്യമായ വിവരങ്ങൾവച്ച് സംസ്ഥാന വൈദ്യുതി വിതരണമേഖല സ്വകാര്യവൽക്കരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് മൂടിവയ്ക്കുന്നതിനുള്ള ശ്രമമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നത്. അതീവ ഗുരുതരമായ ഈ പ്രശ്നം അതുകൊണ്ടുതന്നെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്. യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരാൻ അതുകൊണ്ട് നമുക്ക് കഴിയും. 6-2-2013-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 55-ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞത്, വൈദ്യുതിവിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലെന്നാണ്. വൈദ്യുതി മേഖലയിൽ കടം വരുത്തിയ ഡിസ്ട്രിബ്യൂഷൻ കമ്പനികളെ സഹായിക്കുന്നതിനു വേണ്ടി കേന്ദ്രം കൊണ്ടുവന്ന പദ്ധതിയാണ് ഫിനാൻഷ്യൽ റീ-സ്ട്രക്ച്ചറിംഗ് പാക്കേജ്. ഈ സ്കീമിൽ ചേരാൻ 31-12-2012-വരെ വിവിധ സംസ്ഥാനങ്ങൾക്ക് കാലാവധി നൽകി. ഈ പാക്കേജുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 14-11-2012-ൽ കത്തയച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ കത്ത് സംസ്ഥാന ഗവൺമെന്റിന് നൽകുന്നത് 30-1-2012-നാണ്. ഈ പാക്കേജിലെ സ്വകാര്യവൽക്കരണ നടപടികൾ സ്വീകരിച്ചാൽ, അതിനുള്ള മാൻഡേറ്ററി നിബന്ധനകൾ അംഗീകരിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് ഈ കത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാന ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി. The mandatory conditions stated in this scheme have far reaching implications and the acceptance of the State Government is required'. ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന മുന്നറിയിപ്പ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാന ഗവൺമെന്റിന് നൽകിയതാണ്. 17-12-2012-ൽ ഊർജ്ജ വകുപ്പ് സെക്രട്ടറി കേന്ദ്ര ഊർജ്ജവകുപ്പ് സെക്രട്ടറിക്ക് കത്തയച്ചു. കത്തിൽ പറയുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദിഷ്ട സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ എല്ലാ മാൻഡേറ്ററി കണ്ടീഷനും അംഗീകരിക്കുന്നുവെന്നാണ്. 17-12-2012-ന് ഊർജ്ജവകുപ്പ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റിനയച്ച കത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം "We also agree to abide by all mandatory conditions of this scheme as contained in the part (c) of the scheme. Further recommendatory conditions of this scheme will be considered and implemented in the State Distribution Companies in future" എന്നാണ്. ഇങ്ങനെ ഉറപ്പ് കൊടുത്തുകഴിഞ്ഞു. ഇത് വ്യക്തമാക്കുന്നതെന്താണ്; സ്വകാര്യ വൽക്കരണത്തിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവെന്നല്ലേ. എന്തിനാണിത് മറച്ചുവയ്ക്കുന്നത്. ഇതിന്റെ ഭാഗമായി പാർട്ട് (സി) പ്രകാരം താരിഫ് പെറ്റീഷൻ കൊടുക്കണം. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് ഡിസംബർ മാസം 31-ാം തീയതി താരിഫ് പെറ്റീഷൻ കൊടുത്തു. എന്താണ് മാൻഡേറ്ററി കണ്ടീഷൻ; അതിൽ 26 എണ്ണമുണ്ട്. അതിൽ 7 എണ്ണം റെക്കമെന്റേഷനാണ്. പ്രധാനമായും വൈദ്യുതി വിതരണരംഗം - സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തണം. ആ സ്കീമിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർക്ക് ആവശ്യമാണെങ്കിൽ ഞാനത് മേശപ്പുറത്ത് വയ്ക്കാം. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഞാൻ ഇവിടെ പറയുന്നില്ല. 26 എണ്ണവും കംപ്ലൈ ചെയ്തു വെന്ന് പറഞ്ഞാണ് ഊർജ്ജവകുപ്പ് സെക്രട്ടറി കത്ത് കൊടുക്കുന്നത്. വൈദ്യുതി വിതരണരംഗം സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തണം. അതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ franchisee or other mode of private participation. എല്ലാ വർഷവും ഏപ്രിൽ മാസം 1-ാം തീയതി പുതുക്കിയ താരിഫ് നിലവിൽ വരത്തക്കവണ്ണം റെഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകണം. അത് നമ്മൾ കൊടുത്തുകഴിഞ്ഞു. ക്രോസ് സബ്സിഡി കുറയ്ക്കണം, open access. കേരളത്തിന് ഇതിന്റെ ഭാഗമായി എന്ത് നേട്ടമാണ് ഉണ്ടാകുന്നത്; ഹ്രസ്വകാല ബാദ്ധ്യതയുടെ പകുതി സംസ്ഥാനം വഹിച്ചാൽ അതിന്റെ നാലിലൊന്ന് കേന്ദ്രം തരുമെന്നാണ് ഇതിൽ പറയുന്നത്. 6-2-2013-ൽ എന്റെ ചോദ്യത്തിന് ഉത്തരമായി ശ്രീ. ആര്യാടൻ മുഹമ്മദ് നൽകിയിട്ടുള്ള മറുപടിയിൽ, ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്ന് വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിന് തത്വത്തിലുള്ള സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു. ഹ്രസ്വകാല വായ്പകളുടെ പകുതി സംസ്ഥാനം വഹിച്ചാൽ അതിന്റെ നാലിലൊന്ന് ഗ്രാന്റായി കേന്ദ്രം തരുമെന്നാണ് പറയുന്നത്. അതിന്റെ അർത്ഥമെന്താണ് ? കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൊതുകടം ഇപ്പോൾ 2640 കോടി രൂപയാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4500 കോടി രൂപയായിരുന്നത് വി.എസ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 1500 കോടി രൂപയാക്കി ചുരുക്കി. ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്നാൽ 2640 കോടി രൂപയിൽ പകുതി 1320 കോടി രൂപ സംസ്ഥാന ഗവൺമെന്റ് കൊടുത്താൽ അതിന്റെ നാലിലൊന്ന്, അതായത് 330 കോടി രൂപ കേന്ദ്രം

തരുമെന്നാണ് പറയുന്നത്. ഇതിനുതന്നെ ഈ പാക്കേജിൽ ഒരു കണ്ടീഷനുണ്ട്. പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരണം. അതിന് 15 ശതമാനം നിലവിലുള്ള പ്രസരണ നഷ്ടം, അതായത് ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഇപ്പോഴുള്ള 16.5 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറച്ചുകൊണ്ടുവരും. ആ 15 ശതമാനത്തിൽ നിന്ന് കുറയ്ക്കുന്നതിന് സമാനമായിട്ടുള്ള വൈദ്യുതിയുടെ കാശ് കേന്ദ്രഗവൺമെന്റ് തരും, not exceeding Rupees 330 crores. അങ്ങനെ 330 കോടി രൂപയാണ് പരമാവധി തരുന്നത്. സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിന്റെ നാലിലൊന്നാണ് തരുന്നത്. അതിനേക്കാൾ കൂടുതൽ തരില്ല. അതുതന്നെ കിട്ടണമെങ്കിൽ നിലവിലുള്ള 15 ശതമാനം പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരണം. ഒരുശതമാനം പ്രസരണ നഷ്ടം കുറച്ചാൽ നമുക്ക് 66 കോടി രൂപയാണ് കിട്ടുന്നത്. 2 ശതമാനം പ്രസരണ നഷ്ടം കുറച്ചാൽ 132 കോടി രൂപ കിട്ടും. എങ്ങനെ വിചാരിച്ചാലും പ്രസരണനഷ്ടം പരമാവധി 13 ശതമാനത്തിൽ താഴെ കുറയ്ക്കാൻ കഴിയില്ല. എന്നാൽത്തന്നെ 132 കോടി രൂപയേ കിട്ടുകയുള്ളൂ. ആ 132 കോടി രൂപയ്ക്ക് വിതരണരംഗം സ്വകാര്യവൽക്കരിക്കേണ്ടതുണ്ടോ ; ഈ പൊതുസ്വത്ത് കൊള്ളയടിക്കാൻ സ്വകാര്യമേഖലകളെ ക്ഷണിച്ച് വരുത്തേണ്ടതുണ്ടോ ? ഇതിന് തുടക്കം കുറിച്ചത് 2003-ലെ ഇലക്ട്രിസിറ്റി ആക്ടാണ്. ഈ നിയമപ്രകാരം പുനഃസംഘടനയും വിഭജനവും നടത്തി ഇൻഡ്യാരാജ്യത്തിന്റെ മിക്ക സംസ്ഥാനങ്ങളും ഇലക്ട്രിസിറ്റിമേഖല സ്വകാര്യവൽക്കരിക്കുന്ന ഘട്ടത്തിലാണ്. അതിനുബദലായി ഒരു ബദൽനയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇൻഡ്യാരാജ്യത്ത് ആദ്യമായി വൈദ്യുതി മേഖല പരിപൂർണ്ണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചത്. ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റ് ആളെപ്പറ്റിക്കുന്ന രീതിയിലുള്ള ഈ സ്കീം മുന്നോട്ട് വയ്ക്കുന്നത്.

പൊതുമേഖലയിൽ ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു കമ്പനി ഒരു രൂപത്തിലും സ്വകാര്യവത്കരിക്കാൻ സാധാരണ നിലയിൽ സാധിക്കാത്ത സാഹചര്യത്തിൽ, ഒരു വളഞ്ഞവഴി ഉപയോഗപ്പെടുത്തിക്കൊണ്ട്, കേന്ദ്ര ഗവൺമെന്റ് ഒരു വലിയ സാമ്പത്തികമായ സഹായം ഞങ്ങൾ ചെയ്യുന്നുവെന്ന വ്യാജേന കേരളത്തിലെ അതിശക്തമായ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രി തിരിച്ചറിയണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് ഈ വഴി ഉപയോഗിച്ച് തകർക്കുന്നതിനെ തിരിച്ചറിയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. കേന്ദ്രനിയമം വന്നതിനുശേഷം ഒരു ലക്ഷത്തി എഴുപത്തി ഏഴായിരം കോടി രൂപയുടെ നഷ്ടമാണ് ഉദാരവൽക്കരണ - സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി ഇൻഡ്യാ രാജ്യത്തിന്റെ ഊർജ്ജ മേഖലയിൽ ഉണ്ടായിട്ടുള്ളത്. അനുഭവത്തിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഈ നയത്തിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുകയാണ് നമ്മൾ വേണ്ടത്. രണ്ടാം യു.പി.എ. ഗവൺമെന്റ് യഥാർത്ഥത്തിൽ പൊതുമേഖലയുടെ അന്തകനാണ്. അത് ബഹുമാനപ്പെട്ട



LIBRARY ARCHIVES Kerala Legislative Assembly

അങ്ങേക്കുതന്നെ അറിയാമല്ലോ. കെ.എസ്.ആർ.ടി.സി.-യുടെ അനുഭവം ഒരു പാഠമാണല്ലോ, താങ്കളുടെ മുമ്പിൽതന്നെയുണ്ടല്ലോ, വില നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് വേണ്ടായെന്ന് തീരുമാനിച്ചതോടുകൂടി നമ്മുടെ രാജ്യം തകരുകയല്ലേ; ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥയുടെ സ്വീകാര്യതയല്ലേ ഇവിടെ വെല്ലുവിളിക്കപ്പെടുന്നത്. രാജ്യത്തിന്റെ സ്വാതന്ത്ര്യമല്ലേ, പരമാധികാരമല്ലേ ഇതിന്റെ ഭാഗമായി വെല്ലുവിളിക്കപ്പെടാൻ പോകുന്നത്. ഇതൊരു കേവലം വിലപ്രശ്നത്തിന്റെ ഭാഗം മാത്രമാണോ; ഈ വ്യവസ്ഥയോടുതന്നെ, പാർലമെന്ററി ജനാധിപത്യത്തോടുതന്നെ പരമ പുച്ഛമല്ലേ ജനങ്ങൾക്ക് തോന്നുന്നത്; ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഞങ്ങൾ ഒന്നുംചെയ്യില്ല, ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായ വിലക്കയറ്റത്തിൽ ഞങ്ങൾ ഒന്നും ചെയ്യില്ല, ഒരു നിയന്ത്രണവും ഞങ്ങൾക്ക് വേണ്ട. അതെല്ലാം ഞങ്ങൾ സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തിരിക്കുന്നു; കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കുന്നുവെന്ന് പറഞ്ഞുകഴിഞ്ഞാൽ..... നമ്മുടെ രാജ്യത്തിലെ തീവ്രവാദികളും മാവോ വാദികളും എല്ലാം പറയുന്നത് ഇതുതന്നെയാണ്. അതുകൊണ്ട് ഇതൊരു കേവലം വിലവർദ്ധനവിന്റെ മാത്രം പ്രശ്നമായി നമ്മൾ കാണരുത്. ഇതൊരു നയത്തിന്റെ പ്രശ്നമാണ്. അത് തിരിച്ചറിയാനുള്ള കഴിവ് നമുക്കുണ്ടാകണം. കള്ളപ്പണം ഉപയോഗിച്ച് ജനാധിപത്യത്തെ വിലയ്ക്കെടുക്കാമെന്ന് ഒന്നാം യു.പി.എ. ഗവൺമെന്റ് തെളിയിച്ചില്ലേ. നമ്മുടെ രാജ്യത്തെ ഈ ഉദാരവൽക്കരണ നയത്തിന്റെയും ആഗോളീകരണ നയത്തിന്റെയും ഭാഗമായി നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യത്തെ, പരമാധികാരത്തെ, എങ്ങനെയാണ് വെല്ലുവിളിക്കുന്നതെന്ന് നമ്മൾ കണ്ടതല്ലേ ? ഇതിനെതിരായ അതിശക്തമായ പ്രതികരണം നമ്മുടെ രാജ്യത്തിന്റെ പൊതുമേഖലകൾ സംരക്ഷിക്കുക, വിലക്കയറ്റം തടയുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മിനിമം കൂലി പ്രതിമാസം 10,000 ആക്കുക, കരാർ തൊഴിൽ അവസാനിപ്പിക്കുക, തുല്യജോലിക്ക് തുല്യ വേതനം, ട്രേഡ് യൂണിയനുകളെ അംഗീകരിക്കുക, എല്ലാ തൊഴിലാളികൾക്കും പെൻഷൻ എന്നീ മുദ്രാവാക്യങ്ങൾ വച്ചുകൊണ്ടാണ് ഈ ഫെബ്രുവരി 20, 21 തീയതികളിൽ......

മി. സ്പീക്കർ: സമരപ്രചരണ പ്രഖ്യാപനം നിയമസഭയിൽ പാടില്ല. അങ്ങ് പ്രസംഗിച്ചാൽ മതി.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പ്രഖ്യാപിക്കുന്നതല്ല, അപ്പുറത്തുള്ള ഐക്യജനാധിപത്യ മുന്നണിയുടെ കൂടെ നിൽക്കുന്ന എല്ലാ ഘടകകക്ഷികളുമായി ബന്ധമുള്ള ട്രേഡ് യൂണിയനുകളടക്കം ഇന്ന് സമരരംഗത്ത് നിൽക്കുന്നത് ഈ നയത്തിനെതിരായിട്ടുള്ള പോരാട്ടത്തിന്റെ ഭാഗമായിട്ടാണ്. സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതിയിൽ അപേക്ഷ നൽകിയ 9 സംസ്ഥാനങ്ങളാണ് ഇൻഡ്യാരാജ്യത്തുള്ളത്. അതിൽ പഞ്ചാബും മദ്ധ്യപ്രദേശും ഉൾപ്പെടും. ഈ പാക്കേജ് അംഗീകരിക്കാൻ കഴിയില്ലെന്നും ഡിസ്ട്രിബ്യൂഷൻ രംഗം ഒരു രൂപത്തിലും സ്വകാര്യവൽക്കരിക്കാൻ ഞങ്ങൾ സമ്മതിക്കില്ലായെന്നും മദ്ധ്യപ്രദേശും പഞ്ചാബും പറഞ്ഞു. ഇതിന്റെ വ്യവസ്ഥയോട് ഞങ്ങൾക്ക് യോജിക്കാൻ പറ്റില്ലെന്നും ചില ഭേദഗതികൾ ഉണ്ടെന്നും ശേഷിക്കുന്ന 6 സംസ്ഥാനങ്ങളും പറഞ്ഞു. എന്നാൽ ഒരു ഭേദഗതിയും നിർദ്ദേശിക്കാതെ ഈ പാക്കേജിലെ എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് വിതരണരംഗം 100 ശതമാനവും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. അതുകൊണ്ടുതന്നെ നമ്മൾ ലജ്ജിക്കേണ്ടതാണ്, ഇത് മാറ്റണം. ഇത് രാജ്യദ്രോഹപരവും ജനവിരുദ്ധവുമാണ്. സാധാരണനിലയിൽ പല പ്രശ്നങ്ങളുമുണ്ടാകുന്ന സമയത്ത് ശക്തമായി പ്രതികരിക്കുന്ന ഒരാളാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. ഈ നയത്തിനെതിരായി ശക്തിയായി അദ്ദേഹം പ്രതികരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. പല പ്രാവശ്യവും നയങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളിൽ, ഐ.എൻ.റ്റി.യു.സി.യിൽ നിന്ന് വളർന്നുവന്ന ഒരാളാണ് എന്നുള്ളതുകൊണ്ടുതന്നെ ജനപക്ഷത്തു നിൽക്കുന്നതിനുള്ള ശ്രമം അദ്ദേഹം കാട്ടിയിട്ടുണ്ട്. ഇന്ദിരാഗാന്ധി ചിക്കമംഗ്ളൂരിൽ മത്സരിച്ച സമയത്തുപോലും കോൺഗ്രസ്സിൽനിന്ന് വിട്ടുപോയി ഇടതുപക്ഷത്തോടൊപ്പം അദ്ദേഹം വന്നു. മുസ്ലീം ലീഗ് ഉയർത്തുന്ന വർഗ്ഗീയ വെല്ലുവിളിക്കെതിരായി ശക്തമായ നിലപാടെടുത്തു. അങ്ങനെയുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് ഈ പ്രശ്നത്തിൽ, അപമാനകരമായ ഒരു സ്ഥിതിവിശേഷത്തിൽ അദ്ദേഹം ഈ രണ്ടുവകുപ്പും കൈകാര്യം ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു എന്നുള്ളതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ നിലവിലുള്ള ഇമേജും തകരാൻ പോകുന്നുവെന്ന് മനസ്സിലാക്കി, ഈ നയത്തിനെതിരായി ശക്തമായി താൻ പ്രതികരിക്കുമെന്ന് ഈ സഭയോട് പ്രഖ്യാപിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് ഞാൻ ആദ്യം നന്ദിപറയുന്നു. ഇവിടെ ഈ പറഞ്ഞ കണക്കുകളിലും കാര്യങ്ങളിലുമൊക്കെ അർദ്ധസത്യങ്ങളാണുള്ളത്. 132 കോടി രൂപയെന്നുപറയുന്നത് ശരിയല്ല, നമുക്കിപ്പോൾ 2640 കോടി രൂപയുടെ ഷോർട്ട് ടേം ലോണും അതുപോലെ കടബാധ്യതയുമാണുള്ളത്. ബാങ്കിന്റെ 50% മുഴുവൻ ഫ്രീസ് ചെയ്യുകയാണ്. 50% ഗവൺമെന്റ് ഗ്യാരണ്ടി കൊടുക്കും. ഗവൺമെന്റ് ഗ്യാരണ്ടി കൊടുത്തുകഴിഞ്ഞാൽ, ഈ സ്കീമിലുള്ളത്, നമുക്ക് തൽക്കാലം യാതൊരു പ്രയാസവും കൂടാതെ മുന്നോട്ടുപോകാൻ സാധിക്കും. എന്നുമാത്രമല്ല, ഇന്നത്തെ നമ്മുടെ സ്ഥിതി കൂടി പരിഗണിക്കേണ്ടതാണ്. ഇന്ന് ബാങ്കുകൾ നമുക്ക് അഡ്വാൻസ് തരുന്നില്ല. അതേയവസരത്തിൽ ഇന്ത്യാ ഗവൺമെന്റ് പവർ ഫിനാൻസ് കോർപ്പറേഷന്റെയും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെയും പണം വാങ്ങിക്കൊണ്ടാണ് ചെയ്യുന്നത്. നമ്മുടെ റവന്യൂ 700 കോടി രൂപയാണ്. ഒരുമാസം പവർ വാങ്ങാൻ ചെലവാക്കുന്നത് 770 കോടി രൂപയാണ്. അതിനുപുറമെ ശമ്പളം, പെൻഷൻ, മെയിന്റനൻസ്, റിപ്പയർ ഇതെല്ലാം ചേർത്ത് മാസാന്ത്യം 200 കോടി രൂപയാണ് ഇവിടെ നഷ്ടം. പവർ വാങ്ങാനുള്ള പണംപോലും നമ്മൾ ഇന്ന് കടമെടുക്കുകയാണ്. ഈ ഒരു സാഹചര്യമാണ് ഇന്നുള്ളത്. എന്നാലും ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഈ സാഹചര്യത്തിൽ ഇതുപോലുള്ള ഒരു സ്കീം ഇവിടെ ആവശ്യമാണ്. അഞ്ചു കൊല്ലക്കാലത്തേക്ക് ഒരു ഇളവ് കിട്ടുന്നു. ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചു, നമുക്കൊന്നും കുറവുവരില്ലായെന്ന്. കുറയും. ആർഎപിഡിആർപി സ്കീം - ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതാണ്. ആ സ്കീം അനുസരിച്ച് 15 ശതമാനംവരെ കൊണ്ടുവരേണ്ടതുണ്ട്. ഈ സ്കീമനുസരിച്ച് ആ 15 ശതമാനത്തിന്റെ താഴെ കൊണ്ടുവന്നാൽ അതിലുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സേവിംഗ്സ് മുഴുവൻ ഗ്രാന്റ് ഇൻസെന്റീവാണ്. എത്രത്തോളം താഴെ കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതിൽ എനിക്ക് യാതൊരു സംശയവുമില്ല, കുറച്ചുകൊണ്ടുവരാൻ സാധിക്കും. ഇപ്പോൾ നമ്മൾ ആർ.എ.പി.ഡി.ആർ.പി സ്കീം ഇംപ്ലിമെന്റ് ചെയ്യുകയാണ്. ആ സ്കീം നമ്മൾ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ 3-4 ശതമാനത്തിന്റെ കുറവുണ്ടാകും. •17 എന്നത് ഇന്ത്യാ ഗവൺമെന്റിന്റെ കണക്കാണ്. ശരിക്കും 16 ആണ് നമ്മെ സംബന്ധിച്ചിടത്തോളം ഇന്നുള്ളത്. അങ്ങനെ വന്നാൽ ആ എമൗണ്ട് മുഴുവൻ നമുക്ക് ഗ്രാന്റ് ഇൻസെന്റീവായാണ് കിട്ടുന്നത്. അതിനുപുറമെ 1320 കോടിരൂപയ്ക്കാണ് കേരള ഗവൺമെന്റ് ബോണ്ട് കൊടുക്കുന്നത്. അങ്ങനെ ബോണ്ട് കൊടുക്കുമ്പോൾ ആ എമൗണ്ടിന്റെ 25 ശതമാനവും നമുക്ക് ഗ്രാന്റായി കിട്ടും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കണക്കിലെ മിസ്റ്റേക്ക് ഈ രണ്ടു കാര്യങ്ങളിലും ഈ പറയുന്ന സംഖ്യ ഉൾപ്പെടുത്തിയില്ല എന്നതാണ്. രണ്ടു ഗുണമാണുള്ളത്; താത്കാലികമായ സാമ്പത്തിക പ്രയാസത്തിൽനിന്ന് മുക്തി നേടാൻ നമുക്ക് സാധിക്കും. രണ്ടാമത്, ഇത് ഇഫക്ടീവായി ചെയ്തു കഴിഞ്ഞാൽ ഈ പറയുന്ന ലാഭം നമുക്കുണ്ടാകും. ഒരു കാര്യം, ഇതിന് പ്രൈവറ്റൈസേഷൻ ആകാം എന്ന് ഞങ്ങൾ ഒരിക്കലും സമ്മതിച്ചിട്ടില്ല. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിൽ വളരെ വ്യക്തമായി പറഞ്ഞത് ഞങ്ങളുടെ ഭരണകാലത്ത്...., നിങ്ങൾ വന്നാൽ എന്താകുമെന്ന് എനിക്ക് പറയാൻ കഴിയില്ല; വരാൻ സാധ്യത കുറവാണെന്ന് നമുക്ക് രണ്ടു പേർക്കുമറിയാം. എന്നാലും ഞാൻ പറയുന്നു, ഞങ്ങളുടെ ഭരണകാലത്ത് ഒരു ഷെയർ പോലും ഞങ്ങൾ ഡിസ്ഇൻവെസ്റ്റ് ചെയ്യില്ല, ഒരു സംശയവും നിങ്ങൾക്ക് അക്കാര്യത്തിൽ വേണ്ട. ബഹുമാനപ്പെട്ട എ.കെ.ബാലൻ വേറൊരു രൂപത്തിലേ വ്യാഖ്യാനിക്കൂ എന്നറിയാം. ആ വ്യാഖ്യാനമാണ് വന്നതെങ്കിൽ യാതൊരു സംശയവും വേണ്ട, ഈ സഭയ്ക്ക് ഉറപ്പുതരാൻ ആഗ്രഹിക്കുകയാണ്, അങ്ങനെ വന്നാൽ ഈ പറയുന്ന സ്കീം ഞങ്ങൾക്ക് വേണ്ട എന്നുപറയാൻ ഈ ഗവൺമെന്റിന് യാതൊരു മടിയുമുണ്ടാകില്ല. ഒരു കാര്യം ഞാൻ പറയുന്നു, മൂന്ന് മെത്തേഡാണല്ലോ ഇതിലുള്ളത്. ആ മൂന്ന് മെത്തേഡിൽ - ഞങ്ങളുടെ മെത്തേഡെന്നുപറയുന്നത് നിങ്ങളുടെ മെത്തേഡ് തന്നെ. നിങ്ങളും ഞങ്ങളും ഒന്നാണ് - ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിക്കുമ്പോൾ പറഞ്ഞു, ബംഗാൾ വേണ്ടായെന്നു പറഞ്ഞപ്പോൾ ആവശ്യപ്പെട്ടത് ഈ കേരളം മാത്രമാണെന്ന്. ബഹുമാനപ്പെട്ട മെമ്പർ, 18 സ്റ്റേറ്റ് വാങ്ങിക്കഴിഞ്ഞു. കേരളത്തിന്റേത് ഇതുവരെ ആലോചിക്കുക പോലും ചെയ്തിട്ടില്ല. ഇതാണ് വസ്തുത. നമ്മൾ ഇത് മുഴുവൻ പഠിക്കാതെ......... അതുകൊണ്ടാണ് അവർ 15 ദിവസം കൊണ്ട് അറിയിക്കണമെന്നുപറഞ്ഞത്. അങ്ങനെ അറിയിക്കണമെന്ന് പറഞ്ഞതിൽ മൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, ഫ്രാഞ്ചൈസി മോഡൽ, ഈ കത്തിൽ ഞാൻ വായിച്ചു. രണ്ട്, പി.പി.പി മോഡൽ, മൂന്ന്, അദർവൈസ്. That is our model. ഇതാണ് ഇതിനകത്തുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് മറുപടി പറയണം, ഒരുപാട് വഴങ്ങിയാലുണ്ടാകുന്ന പ്രശ്നം......,

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതുകൊണ്ടല്ലേ വഴങ്ങാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതല്ല, വഴങ്ങിക്കൊള്ളൂ. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത ഓർമ്മിപ്പിച്ചതാണ്. ശ്രീ. എ. കെ. ബാലൻ ഇവിടെ......., എല്ലാവർക്കും നാട്ടിൽപോയി സമരം വിജയിപ്പിക്കണ്ടേ ; അത്രയേയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആ ബോധം എനിക്കുണ്ട്, അദ്ദേഹത്തിനില്ല. അതുകൊണ്ടാണ് നീട്ടിക്കൊണ്ടുപോകുന്നത്. ചില സന്ദർഭങ്ങളിൽ ഇന്ത്യാ

10.00 A. M] ഗവൺമെന്റിന്റെ ചില കണ്ടീഷനുകളെല്ലാം നമ്മൾ അംഗീകരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും. ഞാനും താങ്കളും അത് ചെയ്തിട്ടുണ്ട്. 2005-ൽ ഞാൻ മന്ത്രിയായിരിക്കുമ്പോൾ ആർ.ജി.ജി.വി.വൈ (Rajiv Gandhi Grameen Vidyutikaran Yojana) സ്കീം വന്നു, ഫ്രാഞ്ചൈസി വേണമെന്നതായിരുന്നു അതിലുള്ള കണ്ടീഷൻ, ഞാൻ അംഗീകരിച്ചു. 10-3-2010-ൽ, താങ്കളുടെ കാലത്ത് അപ്രൂവ് ചെയ്ത ഓർഡറിൽ ഫ്രാഞ്ചൈസി വേണമെന്നതായിരുന്നു വ്യവസ്ഥ. അത് താങ്കൾ അംഗീകരിച്ചില്ലേ; താങ്കൾ അംഗീകരിച്ചു. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. താങ്കളും നടപ്പാക്കിയില്ല, ഞാനും നടപ്പാക്കിയില്ല. ഫ്രാഞ്ചൈസിയെ സംബന്ധിച്ച് ഞാൻ ഒരു വാദം കൂടി കൊണ്ടുവന്നു. പക്ഷെ ഇതിലൊരു പ്രത്യേക ഫ്രാഞ്ചൈസി നടക്കുകയില്ല. എന്താണ് ഫ്രാഞ്ചൈസി; നമ്മൾ വിൽക്കുന്നു, അവർ വിതരണം ചെയ്യുന്നു. ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഫ്രാഞ്ചൈസി ആവശ്യമാണ്. പല സ്ഥലത്തും കുഗ്രാമങ്ങളിലെ കൺസ്യൂമേഴ്സിന് മീറ്റർ ഇല്ല. അവിടെയാണ് ഫ്രാഞ്ചൈസികളുടെ ആവശ്യം. നമ്മുടെ സംസ്ഥാനത്ത് മീറ്ററില്ലാത്ത ഒരു കൺസ്യൂമറുമില്ല ; നിങ്ങളുടെ കാലത്തുമില്ല, ഞങ്ങളുടെ കാലത്തുമില്ല. അതുകൊണ്ട് ഇവിടെ ഫ്രാഞ്ചൈസിയുടെ ആവശ്യമില്ല. യാതൊരു സംശയവുമില്ല. പിന്നെ, ടെക്നിക്കലായി പറഞ്ഞാൽ നമുക്ക് ഫ്രാഞ്ചൈസിയുണ്ട്, ടാറ്റ, ഫിൻലെ അടക്കമുള്ള എട്ട് കമ്പനികൾ, നിങ്ങളുടെ കാലത്തുമുണ്ട്, ഞങ്ങളുടെ കാലത്തുമുണ്ട്. അവർ നമ്മളിൽനിന്നും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. വേണമെങ്കിൽ അത് നമുക്ക് വാങ്ങാം. ഇനിയിപ്പോൾ വേണമെന്ന് പറഞ്ഞാൽത്തന്നെ ഈ കാര്യത്തിൽ ഫ്രാഞ്ചൈസി ആകാമെന്ന് ഞങ്ങൾ സമ്മതിക്കുകയില്ല, പി.പി.പി. വേണമെന്ന് ഞങ്ങൾ സമ്മതിക്കുകയില്ല. നിലവിലുള്ള സിസ്റ്റംതന്നെ വേണമെന്ന് പറയും. പിന്നെ അങ്ങ് ഇവിടെ വേറൊരു കാര്യം പറഞ്ഞു, ഇതിന്റെ അടിസ്ഥാനത്തിൽ അതാത് വർഷം താരിഫ് ഫയൽ ചെയ്യണമെന്നത്. ഇതിന്റെ കണ്ടീഷനാണ്, ശരിയാണ്. ഇതുകൂടാതെ വേറൊരു കണ്ടീഷൻ ഇന്ത്യയിൽ നിലവിലുണ്ട്. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും അതാത് വർഷം തന്നെ താരിഫ് പെറ്റീഷൻ ഫയൽ ചെയ്യണമെന്ന് സെൻട്രൽ റെഗുലേറ്ററി കമ്മീഷൻ വിധിക്കുകയുണ്ടായി. എന്നുമാത്രമല്ല, ഏതെങ്കിലും സംസ്ഥാനം താരിഫ് പെറ്റീഷൻ ഫയൽ ചെയ്യാതിരുന്നാൽ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷൻ suo moto ആയി താരിഫ് ഫിക്സ് ചെയ്യണമെന്നും ആ വിധിയിൽ പറഞ്ഞിട്ടുണ്ട്. സെൻട്രൽ റെഗുലേറ്ററി കമ്മീഷന്റെ ആ ഓർഡർ ഞങ്ങൾ അംഗീകരിക്കുന്നു, അതുകൊണ്ട് ഫയൽ ചെയ്തു. 2003-ലെ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് അതിപ്പോൾ സ്റ്റാറ്റ്യൂട്ടറിയായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ ഫയൽ ചെയ്തു. താരിഫ് വർദ്ധിപ്പിക്കണമോ വേണ്ടയോ എന്നതിൽ അവസാനം സർക്കാർ തീരുമാനമെടുക്കും. വർദ്ധിപ്പിക്കില്ലെന്നും വർദ്ധിപ്പിക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നില്ല. സാഹചര്യം കണക്കിലെടുത്തുകൊണ്ട് ചെയ്യും എന്നുമാത്രമാണ് ഞാൻ പറയുന്നത്. അതും ഈ റീ-സ്ട്രക്ച്ചറുമായി യാതൊരു ബന്ധവുമില്ല. പിന്നെ, മൂന്ന് കമ്പനികളാക്കുന്ന കാര്യം പറഞ്ഞു, ഞങ്ങളത് ചെയ്യുകയില്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ, താങ്കളുടെ കാലത്ത് ഒരു കമ്പനിയായിരുന്നു, ഞങ്ങളുടെ കാലത്തും ആ കമ്പനി തന്നെ. മൂന്ന് ആക്കുന്നതിനുള്ള ഒരു നയം നേരത്തെ ഇവിടെ വന്നത് അറിയാമല്ലോ; അത് ആരുടെ നയമായിരുന്നുവെന്നും പറയേണ്ടതില്ലല്ലോ. ആ നയം ഞങ്ങൾക്കില്ല. അങ്ങ് പറഞ്ഞു, ബംഗാൾ........, ബംഗാളിൽ, കൽക്കട്ടയിലെ വൈദ്യുതി വിതരണം ആരുടെ കൈകളിലാണെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കുത്തകക്കാരനായ ടാറ്റയുടെ കൈയിലാണ്. ഞങ്ങൾ ഒന്നും ചെയ്യുന്നില്ല, ചെയ്യാനും പോകുന്നില്ല. ഏതായാലും ഈ സഭയ്ക്ക്..........., ഞാൻ അധികം നീട്ടിക്കൊണ്ട് പോകുന്നില്ല.

ശ്രീ. സി. ദിവാകരൻ : സർ, സംസ്ഥാന സർക്കാരിന്റെ പവർ നയമാണ് അങ്ങിവിടെ പ്രഖ്യാപിച്ചത്. പക്ഷേ, 2003-ലെ സെൻട്രൽ ആക്ടിന്റെ പ്രൊവിഷനിൽ വരുന്നതെല്ലാംതന്നെ, suo moto സംസ്ഥാനങ്ങൾക്ക് ബാധകമാണ്. അങ്ങേക്ക് അത് അറിയാവുന്നതാണ്, ഈ കത്തിൽ, "I therefore request you to indicate an action plan for privatization of distribution within 15 days from the date of issue of this letter." ഇതിനെന്താണ് മറുപടി ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതിന്റെ മറുപടിയാണ് വളരെ വ്യക്തമായി ഞാൻ പറഞ്ഞത്. "With a view to improve the financial health of several power sectors, it is therefore very important in the State to initiate action for improvement of the efficiency either through privatization or distribution utilities or recommended by aforesaid two committees or otherwise. That is our method. Therefore, I request you to indicate the action plan for privatization of distribution within 15 days............." അത് ഈ നാലാമത്തെ പാരഗ്രാഫിന് ബാധകമായിട്ടാണ്. ഞാൻ ഒന്നേ പറയുന്നുള്ളൂ, മൂന്നാമത്തെ പാരഗ്രാഫിന് ബാധകമായിട്ടാണ് നാലാമത്തെ പാരഗ്രാഫ്. ആദ്യത്തെ പാരഗ്രാഫിന് ബാധകമാണ് രണ്ടാമത്തേത്, രണ്ടാമത്തേതിന് ബാധകമാണ് മൂന്നാമത്തേത്, എല്ലാത്തിനും ബാധകമാണ് നാലാമത്തേത്. ഈ നാലാമത്തെ പാരഗ്രാഫിന്റെ ഉദ്ദേശ്യം എന്താണെന്നറിയാമോ ? ഇപ്പോൾ ഒറ്റ കമ്പനിയാണ് നമുക്കുള്ളത്, പ്രൈവറ്റൈസേഷനില്ല, ഫ്രാഞ്ചൈസിയില്ല. മറിച്ച് അഭിപ്രായമുണ്ടെങ്കിൽ 15 ദിവസംകൊണ്ട് അറിയിക്കാനാണ് പറഞ്ഞിരിക്കുന്നത്. മറിച്ചൊരഭിപ്രായം ഞങ്ങൾക്കില്ല, അതുകൊണ്ട് അറിയിക്കേണ്ട കാര്യമില്ല. പക്ഷേ, ഞങ്ങൾ അറിയിക്കും, എന്താണ് എഴുതാൻ പോകുന്നത് എന്നറിയുമോ ?..........., ഇന്നലെയാണ് ഈ കത്ത് ലഭിച്ചത്. നിങ്ങൾക്ക് ഇത് മിനിഞ്ഞാന്ന് കിട്ടിയോയെന്ന് എനിക്കറിയില്ല. എനിക്ക് ഇന്നലെയാണ് കിട്ടിയത്. ഏതായാലും ഞങ്ങൾ ഇതിൽ അറിയിക്കാൻ പോകുന്നത്........,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഫെബ്രുവരി 13-ാം തീയതി അയച്ചിട്ടുള്ള കത്താണ്. അതിൽ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വ്യാഖ്യാനമാണ് ശരിയെങ്കിൽ ഒരു പ്രശ്നവുമില്ല. പക്ഷെ, action plan for privatization of distribution within 15 days എന്ന് എഴുതാനുള്ള കാരണം നിങ്ങൾ ആദ്യം തന്നെ കേന്ദ്രത്തിന് വില്ലിംഗ്നെസ്സ് അയച്ചു. നിങ്ങൾ അയച്ചതുകൊണ്ടാണ് ഈ കത്ത് വന്നത്, അല്ലെങ്കിൽ വരില്ലായിരുന്നു. എല്ലാ കണ്ടീഷനുകളും കംപ്ലൈ ചെയ്യാമെന്നുപറഞ്ഞുകൊണ്ട് കത്തയച്ചതിന്റെ ഭാഗമായിട്ടാണ് ഈ കത്ത് വന്നത്. ഒരു കാര്യംകൂടി, ഒരു ചോദ്യത്തിന് ഉത്തരമായി അങ്ങ് പറഞ്ഞ മറുപടി, 2,640 കോടി രൂപയാണ് നമ്മുടെ ബാധ്യത, അതിന്റെ 1/8, അതായത് 330 കോടി രൂപയാണ് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നത് എന്നതാണ്. അതിൽ കൂടുതൽ ലഭിക്കുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധിത നിബന്ധനകൾ പാലിക്കുന്നപക്ഷം സ്റ്റേറ്റ് ഗവൺമെന്റിന്റെ ലയബിലിറ്റിയുടെ 25% കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി നൽകും, അത് മാക്സിമം 330 കോടി രൂപയേ വരുകയുള്ളൂ. 330 കോടി രൂപ ലഭിക്കണമെങ്കിൽത്തന്നെ ട്രാൻസ്മിഷൻ ലോസ് കുറച്ചുകൊണ്ടുവരണം. 15%-ൽ നിന്ന് എങ്ങനെ ട്രാൻസ്മിഷൻ ലോസ് കുറച്ചാലും 13%-നപ്പുറം പോകുകയില്ല. അതുവഴി ലഭിക്കാൻ പോകുന്നത് 125-130 കോടി രൂപ മാത്രമാണ്. അതിനുവേണ്ടിയാണ് നിങ്ങൾ ഈ കത്തയച്ചത്. .... (മൈക്ക് ഓഫ്)......... ഈ കത്തുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് മറുപടിയാണ് നൽകാനുള്ളത് ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതെല്ലാം അദ്ദേഹം ആദ്യം പറഞ്ഞു, ഞാൻ അതിന് മറുപടിയും നൽകി. ഇതിനുപുറമേ ഒന്നുകൂടിയുണ്ട്, ഗ്രാന്റ് ഇൻസെന്റീവ്. സേവിംഗ്സ് എത്രയാണോ ആ സംഖ്യ മുഴുവനും ഗ്രാന്റ് ഇൻസെന്റീവാണ്. അത് ഈ 25%-നുപുറമെയാണ്. ഞാൻ ഈ കത്തിനെക്കുറിച്ച് പറയാം. ഒരു സംശയവും വേണ്ട ഇവിടെ യാതൊരു കാരണവശാലും പ്രൈവറ്റൈസേഷനില്ല എന്നുമാത്രമല്ല, ഈ കത്തിന്റെ അവസാനത്തെ പാരഗ്രാഫിന് മൂന്നാമത്തെ പാരഗ്രാഫ് ചൂണ്ടിക്കാണിച്ചുള്ള മറുപടി ഞങ്ങൾ അയയ്ക്കുന്നുണ്ട്. ഞാൻ ആമുഖ പ്രസംഗത്തിൽ പറഞ്ഞിരുന്നു, അതായത് ഇന്ന് ഇന്ത്യയിൽ ഏറ്റവുമധികം ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലോസ് കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഇന്നും ഇന്ത്യാ ഗവൺമെന്റിന്റെ കണക്കനുസരിച്ച് 241 കോടി രൂപ ലാഭമുണ്ടാക്കിയ സ്ഥാപനമാണ്. അതുകൊണ്ട് ഇവിടെ ഈ സിസ്റ്റംതന്നെ തുടരും, ഈ അദർവൈസിലാണ് ഞങ്ങൾ നിൽക്കുന്നത്, ഞങ്ങൾക്കിത് സ്വീകാര്യമല്ല എന്നുതന്നെ അറിയിക്കും. യാതൊരു സംശയവുംവേണ്ട. ഒന്നുകൂടി ഞാൻ പറയുന്നു, ഇനി മൂന്ന് വർഷംകൂടി കാത്തിരിക്കൂ, ഞങ്ങൾ ഇത് ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളത് നിങ്ങൾക്ക് അപ്പോൾ അറിയാം. ഞങ്ങൾ ചെയ്യില്ല. ഏതെങ്കിലും കാലത്ത് നിങ്ങൾക്ക് വരാൻ സാധിച്ചാൽ ചെയ്യരുതെന്നുള്ള ഒരു അപേക്ഷയും വച്ചുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ട്രാൻസ്പോർട്ടിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ എതിർക്കാൻ, അല്ലെങ്കിൽ അത് നടപ്പിലാക്കാൻ തയ്യാറാകാത്തവിധത്തിൽ, സ്വകാര്യവത്ക്കരണം നടപ്പിലാക്കാൻ ശ്രമിച്ചാൽ ഞങ്ങൾ അതിൽ വീഴുന്നതല്ലായെന്ന് പരസ്യമായി, വളരെ ശക്തമായി ഈ സഭയിൽ പറഞ്ഞ സ്ഥിതിക്ക് ആ നടപടിക്ക് ഞങ്ങളുടെ ശക്തമായ പിന്തുണയുണ്ടാകും. അങ്ങനെ കേന്ദ്രത്തിന്റെ ഈ നയങ്ങൾക്കെതിരായി ഒരുമിച്ച് പോരാടാമെന്നുകൂടി അറിയിച്ചുകൊണ്ട്, അങ്ങനെയുള്ള ഒരു നയം കേന്ദ്രം തിരുത്താൻവേണ്ടി നാളെമുതൽ നടക്കാൻപോകുന്ന ഈ സമരത്തിനുതന്നെ ഇതൊരു പ്രചോദനമായിത്തീരട്ടെ എന്ന് ആശിച്ചുകൊണ്ട്........,ഇതിനെ സംബന്ധിച്ചുള്ള വാക്കൗട്ടിന്റെ പ്രശ്നമേ ഉദിക്കുന്നില്ല, അതിനെ അനുകൂലിക്കുന്നു എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ : എല്ലാവരോടും ഒരു കാര്യം എപ്പോഴും പറയുന്നതാണ്. ഒരു പ്രാവശ്യംകൂടി പറയുകയാണ്, ഇനി ആവർത്തിക്കുകയില്ല. ഇവിടെ പണിമുടക്കിന്റെ കാര്യമെല്ലാം പറഞ്ഞു. അത് നടത്തുന്നവരുടെ വിഷയമാണ്. അത് യാത്രക്കാരെയെല്ലാം ബാധിക്കുമോ എന്ന് എനിക്ക് അറിയില്ല. ഇവിടെയിന്ന് 47 സബ്മിഷനുകളുണ്ട്, അതിനുമുമ്പ് രണ്ട് ശ്രദ്ധക്ഷണിക്കലുണ്ട്, നാല് ബില്ലുകളുമുണ്ട്. ഈ നാല് ബില്ലുകളിലുമായി 12 ഡിസെന്റിംഗും 8 ഭേദഗതികളുമുണ്ട്. കൂടാതെ, സ്വാഭാവികമായും അസംബ്ലി തീരുന്ന ഒരു ദിവസമായതിനാൽ അവകാശ ലംഘനവുമായി ബന്ധപ്പെട്ട് ചെയറിന് കുറച്ചുസമയം വേണ്ടിവരും. ഇവിടെ ഡിസെന്റിംഗിന് സമയ ക്ലിപ്തതയൊന്നുമില്ല. പക്ഷെ, മുൻകാലത്ത് ഇവിടെയിരുന്ന സ്പീക്കർമാർ ഡിസെന്റിംഗിനുപോലും കർശനമായി പത്ത് മിനിട്ട് എന്നു പറയുമായിരുന്നു. ഞാനിവിടെ അഞ്ച്, പത്ത് എന്നൊന്നും പറയുന്നില്ല. അത് ഞാൻ നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്നു. ഇതാണ് സ്ഥിതി. 47 സബ്മിഷൻ, രണ്ട് ശ്രദ്ധക്ഷണിക്കൽ, നാല് ബിൽ, 20 പ്രസംഗം ഇതെല്ലാം നിങ്ങളുടെ അറിവിനുവേണ്ടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഇന്നത്തെ സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കാതെ അതിനുള്ള മറുപടികൾ മന്ത്രിമാർ ബഹുമാനപ്പെട്ട മെമ്പർമാർക്ക് അയച്ചുകൊടുത്താൽ മതി. സബ്മിഷൻ ഇവിടെ അവതരിപ്പിക്കേണ്ട.

മി. സ്പീക്കർ : സബ്മിഷൻ ഇന്ന് സഭയിൽ അവതരിപ്പിക്കേണ്ടതില്ലെന്ന ഒരു പ്രൊപ്പോസൽ വന്നിട്ടുണ്ട്. എല്ലാത്തിന്റെയും മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മെമ്പർമാർക്ക് എത്തിച്ചുകൊടുക്കണം. ഇത് ഇന്നത്തെ ദിവസത്തേക്ക് മാത്രമാണ്. ശ്രദ്ധക്ഷണിക്കൽ......., ശ്രീ. തോമസ് ഉണ്ണിയാടൻ, ശ്രീ. വി. ശിവൻകുട്ടി, നിങ്ങൾ രണ്ടുപേരും സന്ദർഭത്തിനനുസരിച്ച് ഉയരുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, സബ്മിഷൻ അവതരിപ്പിക്കാനില്ലാത്തവരാണ് ഇന്നത്തെ സബ്മിഷൻ അവതരിപ്പിക്കേണ്ടതില്ലെന്നുപറയുന്നത്. അവർ പറയുന്നതുകേട്ട് അങ്ങ് തീരുമാനമെടുക്കുകയാണോ ?

മി. സ്പീക്കർ : ഇതൊന്നും ചെയറിന്റെ അഭിപ്രായമല്ല, ചെയർ അടിച്ചേൽപ്പിച്ചതുമല്ല. ആവശ്യമില്ലാതെ തർക്കിക്കേണ്ട കാര്യമില്ല. ഇന്നത്തെ ദിവസമായതുകൊണ്ട് പറയുന്നതാണ്. ആരുടെയും അവകാശത്തെ ലംഘിക്കുന്നതിന് ചെയറിന് താൽപ്പര്യമില്ല. ശ്രദ്ധക്ഷണിക്കൽ, ശ്രീ. തോമസ് ഉണ്ണിയാടൻ....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## IV ശ്രദ്ധക്ഷണിക്കൽ

### 1 മനുഷ്യരിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന മരുന്ന് പരീക്ഷണങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നിലവിലുള്ള മാനദണ്ഡങ്ങളും തത്വങ്ങളുമെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് വൻകിട ഔഷധ നിർമ്മാണ കമ്പനികൾക്കുവേണ്ടി മനുഷ്യശരീരത്തിൽ നടത്തുന്ന മരുന്നുപരീക്ഷണത്തിനെതിരെ സമൂഹ മനസ്സാക്ഷിയെ ഉണർത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നിലവിൽ നമ്മുടെ രാജ്യത്ത് മരുന്നു പരീക്ഷണത്തിന് ഒരു നിയമമില്ല. അതിന്റെ അഭാവത്തിൽ നിയമത്തിന് തുല്യമായി പ്രാധാന്യമർഹിക്കുന്ന മാർഗ്ഗരേഖകളാണുള്ളത്. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെയും അന്താരാഷ്ട്ര സ്ഥാപനങ്ങളുടെയുമെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതിലുള്ളത്. ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ നടപടിക്രമങ്ങളും ഇന്ത്യയിൽ നിലവിലുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലും 1947-ൽ പ്രസിദ്ധീകൃതമായ ന്യൂറംബെർഗ് (Nuremberg) നിയമസംഹിതയിലുമാണ് മരുന്നുപരീക്ഷണത്തിനുള്ള നിയമങ്ങളും നിർദ്ദേശങ്ങളുമെല്ലാം ഉള്ളത്. ഈയൊരു സന്ദർഭത്തിൽ ലാഭക്കൊതിയോടുകൂടി മരുന്നുകമ്പനികൾ മനുഷ്യശരീരത്തിൽ നിരവധി പരീക്ഷണങ്ങൾ നടത്തിക്കൊണ്ട് വലിയ ലാഭം കൊയ്യുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. മരുന്നുമേഖലയിലെയും ചികിത്സാമേഖലയിലെയും പരീക്ഷണങ്ങൾ വൈദ്യശാസ്ത്രത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. അവ നടത്തുന്നതിന് വൈദ്യശാസ്ത്രം ചില നിയന്ത്രണങ്ങളും തത്വങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ദുഷ്ഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നതാണ് അവയുടെയെല്ലാം അന്തസ്സത്ത. എന്നാൽ ഇത്തരം നിയന്ത്രണങ്ങളുടെയും ധാർമ്മികതയുടെയും ലംഘനങ്ങൾ ഈ രംഗത്ത് വ്യാപകമാണ്. അനധികൃതമോ സുതാര്യമോ അല്ലാത്ത പരീക്ഷണങ്ങൾ എവിടെയെല്ലാം നടക്കുന്നുവെന്ന് കണ്ടുപിടിക്കാൻപോലും കഴിയാത്ത സ്ഥിതിയാണ് ഇന്ന് ഇന്ത്യയിലും കേരളത്തിലുമുള്ളത്. രോഗശമനത്തിന് ഉപകരിക്കുമെന്നുള്ളതുകൊണ്ട് ഔഷധങ്ങൾക്ക് വിപണനത്തിനപ്പുറത്ത് ഒരു മൂല്യമുണ്ട്. അത് വൈദ്യശാസ്ത്ര ലോകവും സമൂഹവും പണ്ടേ കൽപ്പിച്ചുനൽകിയിട്ടുള്ള ഒന്നാണ്. എന്നാൽ ബഹുരാഷ്ട്ര കുത്തകകൾ ഔഷധങ്ങളെയൊക്കെത്തന്നെയും കച്ചവടക്കണ്ണിലൂടെ മാത്രം കാണുകയും കൊള്ളലാഭത്തിനുള്ള വഴികൾ തേടാൻ തുടങ്ങിയതോടെയും കാര്യങ്ങളെല്ലാം മാറിയിരിക്കുകയാണ്. നിരോധിച്ച മരുന്നുകളുടെ വിൽപ്പന, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ആധിക്യം, കുതിച്ചുയരുന്ന മരുന്നുവില തുടങ്ങിയവ ഈ പ്രവണതയുടെ ദുഷ്ഫലങ്ങളാണ്. വൈദ്യശാസ്ത്രത്തിന്റെ മൂല്യങ്ങളോ അതുപോലെതന്നെ ധാർമ്മികതയുടെ മൂല്യങ്ങളോ വിലകൽപ്പിക്കാതെ ഈ രംഗത്ത് പ്രവർത്തിക്കുമ്പോൾ, ഇങ്ങനെയുള്ള ലാഭക്കൊതിയന്മാർ ഏതറ്റംവരെ പോകുമെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് ഇത്തരത്തിലുള്ള പ്രവണതകൾ. 2010-11 വർഷങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മരുന്നുപരീക്ഷണംമൂലം 1144 പേർ മരിച്ചിട്ടുണ്ട്. കാൻസർ, വാർദ്ധക്യ രോഗങ്ങൾ, മരണത്തിന് കാരണമായേക്കാവുന്ന മറ്റ് രോഗങ്ങൾ

എന്നിവ ബാധിച്ചവരാണ് മരുന്നുപരീക്ഷണത്തിന് വിധേയരായവർ, അങ്ങനെ മരിച്ചവരുടെ എണ്ണം 1106 ആണ്. അതോടൊപ്പം തന്നെ മരുന്നുപരീക്ഷണത്തിന്റെ പ്രത്യാഘാതമായി 38 പേർ മരണപ്പെട്ടുവെന്നും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ഗുലാംനബി ആസാദ് 21-8-2012-ൽ രാജ്യസഭയിൽ വെളിപ്പെടുത്തുകയുണ്ടായി. ഇന്ത്യയിൽ മരുന്നുപരീക്ഷണം നടത്തുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ച് പാർലമെന്ററി സമിതിയുടെ മുന്നറിയിപ്പ് ഉണ്ടായിട്ടുണ്ട്. ദരിദ്രരും നിരക്ഷരരുമായിട്ടുള്ള ജനങ്ങളെ മരുന്നുമാഫിയകൾ പരീക്ഷണത്തിന് ഇരയാക്കുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ ആക്ഷേപം.

സർ, അലഹബാദ് ഹൈക്കോടതിയിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും മരുന്നു പരീക്ഷണങ്ങളെ സംബന്ധിച്ച കേസുകൾ പുരോഗമിക്കുകയാണ്. അവയുടെ വിധി വരുന്നമുറയ്ക്ക് കേന്ദ്ര സർക്കാർ വേണ്ട നടപടികളോ നിയമനിർമ്മാണങ്ങളോ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി രാജ്യസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്.....പ്ലീസ്, കൺക്ലൂഡ്. ...

ശ്രീ. തോമസ് ഉണ്ണിയാടൻ : മരുന്നുകമ്പനികളുടെ പരീക്ഷണത്തിന് മനുഷ്യരെ ഉപയോഗിക്കുന്നു എന്ന ആരോപണത്തിന്മേൽ കേന്ദ്ര സർക്കാരിനോടും വിവിധ സംസ്ഥാനങ്ങളോടും വിശദീകരണം നൽകണമെന്ന് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ജസ്റ്റിസുമാരായ ആർ. എം. ലോധ, എ.ആർ.ദേവ് എന്നിവരടങ്ങുന്ന ഡിവിഷൻ ബഞ്ച് 8-10-12-ൽ ഇപ്രകാരം വിധി പ്രസ്താവിച്ചിരുന്നതാണ്. ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഇത്തരം പരീക്ഷണങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി അഭിപ്രായപ്പെടുകയുണ്ടായി. മനുഷ്യരെ ഗിനിപ്പന്നികളാക്കുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പിക്കണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്.....പ്ലീസ് കൺക്ലൂഡ്. ...പ്ലീസ്....

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇത്തരത്തിലുള്ള സമീപനങ്ങൾ നമ്മുടെ മനുഷ്യരാശിയെത്തന്നെ വല്ലാത്ത ഒരവസ്ഥയിലേക്ക് കൊണ്ടുപൊയ് കൊണ്ടിരിക്കുകയാണ്. ഒഴിവാക്കാനാവാത്ത അവസ്ഥയിൽ മാത്രമേ മനുഷ്യശരീരത്തിൽ മരുന്നുപരീക്ഷണം നടത്താവൂ എന്നിരിക്കെ മനുഷ്യരെ മൃഗത്തിനെക്കാൾ മോശമായ നിലയിൽ അമിതമായ ലാഭത്തിനുവേണ്ടി മരുന്നുകമ്പനികൾ ഉപയോഗിക്കുന്നത് തടയേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യേസ്..... ബഹമാനപ്പെട്ട ഉണ്ണിയാടൻ, പ്ലീസ്, കൺക്ലൂഡ്....

ശ്രീ. തോമസ് ഉണ്ണിയാടൻ : നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയുള്ള ചില ആക്ഷേപങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അതേക്കുറിച്ച് അന്വേഷിക്കാൻവേണ്ടി ഒരു സമിതിയെ വയ്ക്കുകയുണ്ടായി. ആ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് രണ്ട് മാസക്കാലാവധിയായിരുന്നു നൽകിയിരുന്നത്. വീണ്ടും രണ്ടുമാസംകൂടി ദീർഘിപ്പിച്ചുനൽകുകയുണ്ടായി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആറുമാസമായി, എന്നിട്ടും പ്രത്യേകമായൊരു കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട സമിതി റിപ്പോർട്ട് നൽകിയിട്ടില്ല എന്നൊരു ആക്ഷേപംകൂടി നിലനിൽക്കുന്നുണ്ട്. ഏതായാലും ഇക്കാര്യത്തിൽ കേരളം ഉൾപ്പെടെ ഇന്ത്യയിൽ മരുന്നുപരീക്ഷണത്തിന് മനുഷ്യശരീരം ഉപയോഗിച്ചുകൊണ്ട് വല്ലാത്ത ഒരവസ്ഥ സൃഷ്ടിക്കുന്ന സാഹചര്യത്തെ നാം ഗൗരവത്തോടെ കാണണം. സംസ്ഥാന ഗവൺമെന്റും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രത്തിന് മാത്രമേ നിയമം നിർമ്മിക്കാൻ സാധിക്കൂ എന്ന് എനിക്കറിയാം. അനധികൃതമായി, സുതാര്യമല്ലാത്ത തരത്തിൽ, നമ്മുടെ സംസ്ഥാനത്ത് ഈ പരീക്ഷണം മനുഷ്യശരീരത്തിൽ നടത്തുന്നത് അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ എത്രതന്നെ പറഞ്ഞിട്ടും യാതൊരു നിയന്ത്രണവും അംഗങ്ങളുടെ ഭാഗത്തുനിന്നില്ല. അതുകൊണ്ട് ചെയർ നിയന്ത്രിക്കുന്നില്ല. എത്ര സമയം വേണമെങ്കിലും നമുക്കിവിടെ ഇരിക്കാം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ സൂചിപ്പിച്ചത് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇന്ത്യയിൽ നടക്കുന്ന ക്ലിനിക്കൽ ട്രയലുകൾക്ക് അനുമതി നൽകുന്നതും അവ നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ഡ്രഗ്സ് കൺട്രോളർ ജനറൽ മേലധികാരിയായിട്ടുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമാണ് (ഐ.സി.എം.ആർ.). ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അനുവാദവും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ `y'-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ഡ്രഗ്സ് കൺട്രോളിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ക്ലിനിക്കൽ ട്രയൽ പരിശോധന സംബന്ധിച്ച് അധികാരങ്ങളൊന്നും നിലവിൽ നൽകിയിട്ടില്ല. മരുന്നുനിർമ്മാതാക്കൾ ഗവേഷണം നടത്തി ഒരു പുതിയമരുന്ന് കണ്ടെത്തിക്കഴിഞ്ഞാൽ അത് ക്ലിനിക്കൽ ട്രയലിന് വിധേയമാക്കേണ്ടതുണ്ട്. ആദ്യം മൃഗങ്ങളിലും ജീവജാലങ്ങളിലും പരീക്ഷണം നടത്തി വിജയിച്ചാൽ മാത്രമേ മനുഷ്യശരീരത്തിൽ പരീക്ഷണം നടത്താറുള്ളൂ. ഇപ്രകാരം ട്രയൽ നടത്തുന്നതിന് അംഗീകൃത ഏജൻസികളെയോ പ്രമുഖ ആശുപത്രികളെയോ ഏൽപ്പിക്കാറുണ്ട്. കേന്ദ്ര ഡ്രഗ്സ് കൺട്രോൾ ജനറലിന്റെ അംഗീകാരത്തോടെ മാത്രമേ ഇപ്രകാരം ഏജൻസികളെ ഏൽപ്പിക്കാറുള്ളൂ. മരുന്ന് പരീക്ഷിച്ച് ഫലപ്രദമാണോയെന്ന് കണ്ടെത്തുന്നതിനുമുൻപ് വിവരം പരീക്ഷണവിധേയമാകുന്ന വ്യക്തിയെ ധരിപ്പിക്കുകയും പ്രസ്തുത വ്യക്തിയുടെ സമ്മതം വാങ്ങുകയും ചെയ്യണമെന്നുണ്ട്. പരീക്ഷണം നടത്തുമ്പോൾ എല്ലാവിധ മെഡിക്കൽ സപ്പോർട്ടും പരീക്ഷണം നടത്തുന്ന ഏജൻസി നൽകേണ്ടതാണ്. പാർശ്വഫലങ്ങളുണ്ടായാൽ അത് തടയുന്നതിനും പ്രസ്തുത ഏജൻസി നടപടികൾ സ്വീകരിക്കണം. മരുന്നിന്റെ ഫലം എന്താണെന്ന് പീരിയോഡിക്കലായി പരിശോധിക്കുകയും വിവരം യഥാർത്ഥ നിർമ്മാതാവിനെ അറിയിക്കുകയും ചെയ്യും. പാർശ്വഫലങ്ങളില്ലെങ്കിൽ മരുന്ന് വിപണിയിലിറക്കും. ട്രയൽ കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ Indian Pharmacopoeia-യും ഇതിനെ അംഗീകൃത ഡ്രഗ്ഗായി കണക്കാക്കുകയുള്ളൂ. എല്ലാ നടപടിക്രമങ്ങൾക്കും കേന്ദ്ര ഡ്രഗ്സ് കൺട്രോളർ ജനറലിന്റെ ലൈസൻസും അനുമതിയും വേണം. അനധികൃതമായി മരുന്നുപരീക്ഷണം നടത്തുന്നുവെന്ന് നമ്മുടെ സംസ്ഥാനത്ത് ചില മാധ്യമങ്ങളിൽ വാർത്തകൾ വന്നപ്പോൾ തന്നെ സർക്കാർ 18-8-2012-ലെ ജി.ഒ. പ്രകാരം 6 പേരടങ്ങുന്ന ഒരു ഉന്നതതല സമിതിയെ രൂപീകരിക്കുകയുണ്ടായി. സയൻസ് ആന്റ് ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. വി. എൻ. രാജശേഖരൻപിള്ള ചെയർമാനായുള്ള വിദഗ്ദ്ധ സമിതിയാണ് സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളത്. കേരളത്തിൽ അനധികൃതമായ മരുന്നുപരീക്ഷണങ്ങൾ നടക്കുന്നുണ്ടോയെന്നത് അന്വേഷിക്കുന്നതിനും ഇത്തരം പരീക്ഷണങ്ങൾ ഉണ്ടെങ്കിൽ ആയത് തടയുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനുമാണ് പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്. കമ്മിറ്റി ഈ മാസം 28-നുമുമ്പ് അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗൗരവമുള്ള ഈ പ്രശ്നത്തെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്യുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സമിതി രൂപീകരിച്ചിട്ടുള്ളത്, ഒരു പ്രത്യേക വിഷയം സംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയാണ്. എന്റെ ചോദ്യം, കേന്ദ്ര നിയമം വരുന്നതുവരെ കേരളത്തിൽ അനധികൃതമായ മരുന്നുപരീക്ഷണം നടക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ ശക്തമായ ഒരു സമിതിക്ക് രൂപം കൊടുക്കുമോ; സമിതിയുടെ പ്രവർത്തനത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ കൃത്യമായ ഇടപെടലും മേൽനോട്ടവും ഉണ്ടാകുമോ ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ മരുന്നുകളെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം കേന്ദ്ര നിയമത്തിന്റെ പരിധിയിലാണ് വരുന്നത്. ലൈസൻസ് കൊടുക്കുന്നതും അതുമായി ബന്ധപ്പെട്ട ട്രയൽ നടത്തുന്നതും വില നിശ്ചയിക്കുന്നതുമായ എല്ലാ കാര്യങ്ങളും കേന്ദ്രഗവൺമെന്റിന്റെ പരിധിയിലാണ് വരുന്നത്. ഇവിടെ അനധികൃതമായ ചില നടപടികൾ ഈ മേഖലയിൽ നടക്കുന്നുവെന്നുള്ള പരാതികൾ ചില ദൃശ്യമാധ്യമങ്ങളിൽ വന്നതിന്റെ പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഒരു സമിതിയെ വച്ചത്. എന്തായാലും ആ സമിതിയുടെ റിപ്പോർട്ടിൽ ഈ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിക്കുമെന്നാണ് കരുതുന്നത്. ആ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചശേഷം ഇതുമായി ബന്ധപ്പെട്ടിട്ടുള്ള ഗുരുതരമായ പ്രശ്നം സംബന്ധിച്ച്, സ്ഥിരമായ ഒരു കമ്മിറ്റി വേണമോയെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്. ഈ ഇരുപത്തിയെട്ടാം തീയതിക്കുമുമ്പ് സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

2 സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

ശ്രീ. വി. ശിവൻകുട്ടി: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ദിവസങ്ങളോളം ചർച്ചചെയ്ത് നിയമസഭ ഏകകണ്ഠമായി പാസാക്കിയ സ്പോർട്സ് ആക്ടിനെ നിർജ്ജീവമാക്കിക്കൊണ്ടുപ്രഖ്യാപിച്ച ഈ ഗവൺമെന്റിന്റെ പുതിയ കായികനയം ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ ഒന്നുകൂടി പ്രഖ്യാപിച്ച് ജനാധിപത്യ സമ്പ്രദായത്തിൽ കാലാകാലങ്ങളായി വളരെ നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന സംസ്ഥാന സ്പോർട്സ് കൗൺസിലിനെ നോക്കുകുത്തിയാക്കി പിന്തിരിപ്പൻ നിയമങ്ങൾ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ഈ കായികനയത്തെ ഒരു തരത്തിലും ആർക്കും പിന്തുണയ്ക്കാൻ കഴിയില്ല. 1954-ൽ കേണൽ ഗോദവർമ്മ രാജയുടെ നേതൃത്വത്തിൽ നിലവിൽവന്ന കേരള സ്പോർട്സ് കൗൺസിലിനുകീഴിൽ 36 സ്പോർട്സ് അസോസിയേഷനുകൾ നിലവിലുണ്ട്. ഈ സർക്കാരിന്റെ ഏറ്റവും വികലമായ കായിക നയത്തിന്റെ ഫലമായി ദേശീയ-അന്തർദ്ദേശീയ തലങ്ങളിലുള്ള കേരളത്തിന്റെ മികവിന് ഇടിവ് വന്നു കൊണ്ടിരിക്കുകയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ 60 ഹോസ്റ്റലുകളിലായി 1500-ഓളം കായികതാരങ്ങൾ പഠിക്കുന്നു. എന്നാൽ 136 കുട്ടികൾ പങ്കെടുത്ത കേരളാ ടീമിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽനിന്ന് ഉണ്ടായിരുന്നത് വെറും 11 പേർ മാത്രമാണ്. മികവുറ്റ കായികതാരങ്ങൾ, പ്രഗൽഭരായ പരിശീലകർ, പരിചയസമ്പന്നരായ സംഘാടകർ എന്നീ ഘടകങ്ങൾ ഒത്തിണങ്ങിയാൽ മാത്രമേ കായികരംഗത്ത് പുരോഗതി ഉണ്ടാകൂവെന്നത് ഉറപ്പാണ്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 10 ശതമാനം കായികതാരങ്ങളെ നമ്മൾ അറിയുമ്പോൾ 90 ശതമാനവും പരിക്കുപറ്റുകയോ വേണ്ടത്ര ശാസ്ത്രീയവും ആധുനികവുമായ പരിശീലനം ലഭിക്കാതെയോ കായിക രംഗത്തുനിന്ന് അപ്രത്യക്ഷമാകുന്ന ദയനീയ കാഴ്ചയാണ് നാം കാണുന്നത്. ലോകനിലവാരത്തിലേക്കുയരുമ്പോൾ ശാരീരികമികവ് മാത്രംപോര. സ്പോർട്സ് മെഡിസിന്റെയും സ്പോർട്സ് സൈക്കോളജിയുടെയും പിന്തുണ കൂടി ആവശ്യമാണ്. ഇത് സ്വന്തമാക്കുവാൻ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് റിസർച്ച് സെന്ററുകൾ നമുക്ക് അനിവാര്യമാണ്. കായിക താരങ്ങൾക്ക് നീക്കിവച്ചിട്ടുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങളിൽ വെള്ളം ചേർക്കുന്ന നടപടിയാണ് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടക്കുന്നത്. ഉദാഹരണത്തിന് കോമൺവെൽത്ത് ഗെയിംസും കോമൺവെൽത്ത് ചാമ്പ്യൻ ഷിപ്പും രണ്ടായിരിക്കെ കോമൺവെൽത്ത് ഗെയിംസിന്റെ മാനദണ്ഡം ഉപയോഗിച്ച് ഒരാൾക്ക് ജോലി നൽകിയിരിക്കുന്നു. അത് കിട്ടാൻ യഥാർത്ഥത്തിൽ യോഗ്യതയും അർഹതയുമുള്ള വനിതാ കായികതാരത്തിന് ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തുവാൻ കഴിയാത്തതു കാരണം നിഷ്കരുണം തഴയപ്പെട്ടിരിക്കുന്നു. അതിന്റെ ഡീറ്റെയിൽസ് അങ്ങേയ്ക്ക് വേണമെങ്കിൽ തരാം. ബഹുമാനപ്പെട്ട കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് അത് വളരെ രഹസ്യമാക്കി വച്ച് അർഹതയില്ലാത്ത സർട്ടിഫിക്കറ്റുപയോഗിച്ചാണ് പി.ഡബ്ല്യു.ഡി-യിൽ യോഗ്യതയില്ലാത്ത വ്യക്തിക്ക് നിയമനം നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് നീതി പൂർവ്വമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ദേശീയ മത്സരങ്ങളിലേക്ക് പോകുന്ന ദേശീയ കായിക താരങ്ങൾ തീവണ്ടിയിൽ അനുഭവിക്കുന്ന ദുരവസ്ഥ സർക്കാർ ഏറെ ഗൗരവമായി കാണുകയും അങ്ങ് ഈ കാര്യത്തിൽ ഇടപെട്ടിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി കായികതാരങ്ങൾക്ക് ട്രെയിനിൽ എ.സി. യാത്രാസൗകര്യം നൽകുമെന്ന് വാഗ്ദാനം ചെയ്തത് ഇപ്പോഴും ജലരേഖയാണ്. സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് കൃത്യമായി മാസംതോറും ശമ്പളം കൊടുക്കാൻപോലും ഈ സർക്കാർ തയ്യാറാകുന്നില്ല. കായിക താരങ്ങൾക്ക് കൊടുക്കുന്ന റ്റി.എ.-യും ഡി.എ.-യും വർദ്ധിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന സ്പോർട്ട്സ് കമ്മീഷനിൽ രാജ്യത്തെ ഏറ്റവും പ്രഗല്ഭരായിരുന്ന അംഗങ്ങൾ സമർപ്പിച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുകയാണ് വേണ്ടത്. 2000-ലാണ് കേരള നിയമസഭ സ്പോർട്ട്സ് ആക്ട് ഏകകണ്ഠമായി പാസ്സാക്കിയത്. പ്രസ്തുത ആക്ട് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയാൽത്തന്നെ സ്പോർട്ട്സ് കൗൺസിലും കേരളത്തിലെ കായികരംഗവും ഉടച്ചുവാർക്കപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവശ സിനിമാകലാകാരന്മാർ, അവശ നാടകകലാകാരന്മാർ, അവശതയനുഭവിക്കുന്ന സാഹിത്യകാരന്മാർ തുടങ്ങി സമസ്തമേഖലകളിലും അവശതയനുഭവിക്കുന്നവർക്കുവേണ്ടി ക്ഷേമനിധികൾ നിലവിലുണ്ട്. എന്നാൽ കായിക-സ്പോർട്ട്സ് മേഖലയിൽ തങ്ങളുടെ കഴിവും പ്രാഗൽഭ്യവും തെളിയിക്കുകയും സംസ്ഥാനത്തിനുവേണ്ടിയും രാജ്യത്തിനുവേണ്ടിയും നിരവധി മെഡലുകളും പുരസ്ക്കാരങ്ങളും നേടുകയും ചെയ്തിട്ടുള്ള അനേകം കായികതാരങ്ങൾ ഇപ്പോൾ അവശതയനുഭവിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികാരികളോ സർക്കാരോ അവരെ തിരിഞ്ഞുനോക്കാത്ത അവസ്ഥയാണുള്ളത്. ഇവരിൽ കായിക ഇനങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കെ സാരമായി പരിക്കുപറ്റി ജീവിക്കാൻ പോലും നിവൃത്തിയില്ലാതെ, സഞ്ചരിക്കാൻപോലും നിവൃത്തിയില്ലാതെ കഴിഞ്ഞുകൂടുന്ന നിരവധി ആൾക്കാരുണ്ട്. സംസ്ഥാന കായികരംഗത്തിനുവേണ്ടി അളവറ്റ സംഭാവന ചെയ്ത ഈ കായികതാരങ്ങളെ സംരക്ഷിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയാണ്. അതുകൊണ്ടുതന്നെ അവരെ കറിവേപ്പിലപോലെ ഉപേക്ഷിക്കാതെ, സംസ്ഥാനത്തെ കായികതാരങ്ങൾക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. കായികതാരങ്ങൾക്കുമാത്രമല്ല പരിശീലകർക്കും സംഘാടകർക്കും ഈ ക്ഷേമനിധികൊണ്ട് പ്രയോജനമുണ്ടാകണം. അവരെയും ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. അതുപോലെതന്നെ, കേരളത്തിൽ മാത്രമല്ല ലോകത്തുതന്നെ ഏറ്റവും കൂടുതൽ ആരാധകരുള്ള കളിയാണ് ഫുട്ബോൾ. എന്നാൽ ഇവിടെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന കായികയിനവും ഫുട്ബോൾ തന്നെയാണ്. സംസ്ഥാനത്ത് നടക്കുന്ന ജി.വി.രാജ ഫുട്ബോൾ ടൂർണ്ണമെന്റിന് താങ്കൾ മന്ത്രിയായശേഷം 5 ലക്ഷം രൂപ നൽകി സഹായിക്കുകയുണ്ടായി. ഇത് 25 ലക്ഷം രൂപയാക്കി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലബാർ മേഖല ഉൾപ്പെടെ സംസ്ഥാനത്തിന്റെ ഗ്രാമീണമേഖലയിൽ ഏറ്റവും വലിയ വികാരമാണ് ഫുട്ബോളിനുള്ളത്. സർക്കാർ ഇനിയെങ്കിലും അതിന് പരിഗണന കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സിനിമയിലേതുപോലെയോ, കർഷകത്തൊഴിലാളികളുടേതുപോലെയോ അല്ലെങ്കിൽ കെട്ടിടനിർമ്മാണത്തൊഴിലാളികളുടേതുപോലെയോ ക്ഷേമനിധിയുടെ വിഹിതം അടയ്ക്കുന്നതിന് കായിക താരങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും. ആ വിഹിതം സർക്കാർ വഹിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇത് അനുഭാവപൂർവ്വം പരിഗണിക്കണം. കേരളത്തിലെ മറ്റെല്ലാ ജനവിഭാഗങ്ങൾക്കും ക്ഷേമനിധിയുണ്ട്. കായികതാരങ്ങൾക്കുമാത്രമാണ് ക്ഷേമനിധി ഇല്ലാത്തത്. കായികരംഗത്ത് ഒരുപാട് മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അങ്ങ് ഇത് വളരെ ഗൗരവത്തോടുകൂടി കാണണമെന്ന് അപേക്ഷിക്കുകയാണ്.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞുതുടങ്ങിയത് കായികനയത്തെക്കുറിച്ചാണ്. കായികനയത്തെക്കുറിച്ച് സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സ്പോർട്സ് താരങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള ഒരു നയമാണ് ഈ സർക്കാർ കൊണ്ടുവന്ന നയം. കേരളത്തിലെ എല്ലാ ജില്ലകളിലേയും കായികരംഗത്ത് പ്രവർത്തിക്കുന്നവരുമായി സംവാദം നടത്തിയതിനുശേഷമുണ്ടായതാണ് 2012 ഒക്ടോബറിലെ കായികനയം. ബഹുമാനപ്പെട്ട അംഗം തന്നെ സൂചിപ്പിക്കുകയുണ്ടായി, നിയമനങ്ങളടക്കമുള്ള കാര്യങ്ങളിൽ വൻക്രമക്കേടുകളും അഴിമതികളും ഇവിടെ നടക്കുന്നുണ്ടായിരുന്നു. 2000-ലാണ് ആദ്യമായി കേരള നിയമസഭ ഒരു നിയമം കൊണ്ടുവന്നത്. അത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നപ്പോൾ അതിൽ ഒരുപാട് ലൂപ്ഹോൾസുണ്ടായിരുന്നു. അഴിമതി നടത്തുന്നവർക്ക് രക്ഷപ്പെടുവാനും ക്രമക്കേട് ചെയ്യുന്നവർക്ക് തണൽ നൽകുന്നതുമായ ചില വകുപ്പുകൾ അതിനകത്തുണ്ട്. മറ്റൊരവസരത്തിൽ അതിനെക്കുറിച്ച് അങ്ങയുമായി വ്യക്തിപരമായി സംസാരിക്കാൻ ഞാൻ തയ്യാറാണ്. അത്തരത്തിൽ ഇതെല്ലാം പരിഹരിച്ചുകൊണ്ടുള്ള ഒരു പുതുക്കിയ നിയമം തയ്യാറായിട്ടുണ്ട്, അത് ഈ സഭയിൽ കൊണ്ടുവരും. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ, സുതാര്യത ഉറപ്പുവരുത്തുന്ന കായികതാരങ്ങളായിരിക്കണം കായികരംഗത്തെ നയിക്കേണ്ടത്. അല്ലാതെ കണ്ടുകൊണ്ടുനിൽക്കുന്നവരും കാശടിക്കുന്നവരുമാകാൻ പാടില്ല എന്ന് സർക്കാരിന് നിർബന്ധമുണ്ട്. നിയമം പെട്ടെന്നുവരും, നിയമം റെഡിയാണ്. അടുത്ത സഭാസമ്മേളനത്തിൽ കൊണ്ടുവരാനുള്ള ഷെഡ്യൂളിംഗിലാണ്. ബാക്കിയുള്ളതെല്ലാം റെഡിയാണ്. ആ അഴിമതി അവസാനിപ്പിക്കും. നിയമനത്തിൽ ക്രമക്കേടുകൾ ഉണ്ടായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പലരും കോടതിയെ സമീപിച്ചു. ഇപ്പോൾ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്, ഇനി നിയമനത്തിന് കമ്പ്യൂട്ടറൈസ്ഡ് ആയിട്ടുള്ള ഒരു സംവിധാനത്തിലൂടെ, അപ്ലൈ ചെയ്യുന്നവർക്ക് അവരവരുടെ നേട്ടങ്ങൾ കമ്പ്യൂട്ടറിൽ പ്രവേശിപ്പിക്കാം. അത് കാണാൻ ലോകം മുഴുവൻ അവസരം കൊടുക്കും. ആർക്കാണ് കൂടുതൽ മാർക്ക് എന്നുള്ള കാര്യം എല്ലാവർക്കും സുതാര്യമാകും. അങ്ങനെ തർക്കങ്ങൾ ഉണ്ടാകാതെ ഒരു ലിസ്റ്റ്, അതായത് എഞ്ചിനീയറിംഗ്-മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്ക് എൻട്രൻസ് ലിസ്റ്റുള്ളതുപോലെ ഒരു റാങ്ക്ലിസ്റ്റ് ഉണ്ടാക്കുന്ന ഒരു സോഫ്റ്റ്വെയർ എൻ.ഐ.സി. ഡെവലപ് ചെയ്തിട്ടുണ്ട്. അത് ഞങ്ങൾ പരിശോധിച്ചു, സ്പോർട്സ് സെക്രട്ടറി പരിശോധിച്ചു. ഇനി മുഖ്യമന്ത്രിയെക്കൂടി അത് ബോധ്യപ്പെടുത്തിയാൽ ആ സോഫ്റ്റ്വെയറിന്റെ അടിസ്ഥാനത്തിലായിരിക്കും ജി.എ.ഡി. വഴി നിയമനമുണ്ടാകുന്നത്. ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി ഒരു അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കളി കാണാൻപോയ വോളിബോൾ താരങ്ങളിൽ ചിലർ - കളിയിൽ പങ്കെടുക്കാനല്ല, ടീമിനോടൊപ്പം പോകുകയും കോർട്ടിലിറങ്ങാതിരിക്കുകയും ചെയ്ത ആളുകൾ -നിയമനം നേടി എന്ന ഒരു ആരോപണത്തിൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതി ഒരു അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ധാരാളം ക്രമക്കേടുകളുണ്ട്, ഇല്ലെന്ന് പറയുന്നില്ല. ആ ക്രമക്കേടുകൾ പരിഹരിക്കുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം രണ്ടുവർഷത്തെ ബാക്ക്ലോഗ് പരിഹരിച്ച് 102 പേർക്ക് ജോലി കൊടുത്തു. ഇനി രണ്ടുവർഷത്തേതു കൂടിയുണ്ട്. ഇനി എന്തുവന്നാലും,

LIBRARY ARCHIVES Kerala Legislative Assembly

പുതിയ കമ്പ്യൂട്ടർ സംവിധാനവും പുതിയ നിയമങ്ങളും വന്നശേഷം മാത്രമേ നിയമിക്കുകയുള്ളൂ. അത് ഉടൻ തന്നെയുണ്ടാകും. രണ്ടുമൂന്നു മാസത്തിനുള്ളിൽ അത് നിലവിൽ വരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമയം ചോദിച്ച് അദ്ദേഹം അത് ഒന്നുകണ്ട് അപ്രൂവ് ചെയ്യുന്നതിനുള്ള താമസമേയുള്ളൂ. ഇതിൽ ക്രമക്കേടുകളുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസ്സിലാക്കണം, ഈ നയത്തെ എതിർക്കുന്നവർ ഇതിൽ അഴിമതി നടത്തുന്നവരാണ് എന്ന് ഉറപ്പിച്ചുപറയാം. ക്രമക്കേട് ആവശ്യമില്ലാത്തവർ, സുതാര്യത ആവശ്യമുള്ളവർ ഇതിനെ എതിർക്കില്ല. കാരണം ഇത് കായികതാരങ്ങളെ മുൻനിർത്തിക്കൊണ്ടുള്ളതാണ്. Injury പറ്റുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനുശേഷം സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ടുണ്ടാക്കിയിട്ടുണ്ട്. ആ ഫണ്ടിന്റെ ഉദ്ദേശ്യം എന്നുപറയുന്നത് വിദേശരാജ്യങ്ങളിൽ അയച്ച് കോച്ചിംഗ് നൽകുക, കുട്ടികൾക്ക് നല്ല കോച്ചിംഗ് കൊടുക്കുക, അവർക്ക് പരിക്ക് പറ്റിയാൽ ചികിത്സിക്കുക എന്നിവയാണ്. ഏറ്റവും ആധുനിക ഉപകരണങ്ങളുള്ള സ്പോർട്ട്സ് മെഡിസിൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. രണ്ടോ മൂന്നോ മാസത്തിനുള്ളിൽ അതും ഉദ്ഘാടനം ചെയ്യാൻ കഴിയും. സ്പോർട്ട്സിനെക്കുറിച്ച് റിസർച്ച് വേണം. ഇന്ത്യയിലും ലോകത്തും ലഭ്യമാകുന്ന എല്ലാ ആധുനികമായ സംവിധാനങ്ങളും കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. അങ്ങയുടെ മണ്ഡലത്തിൽപോലും നിർമ്മാണം നടക്കുന്ന അത്യന്താധുനികമായ സ്റ്റേഡിയങ്ങൾ, സ്മൈൽ പ്രോജക്ട് കേരളത്തിലെ 100 സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നത്. സ്പോർട്ട്സ് കൗൺസിലിലെയും സ്പോർട്ട്സ് ഡയറക്ടറേറ്റിലെയും പണം ദുർവിനിയോഗം ചെയ്യാതെ അതിനെ കൃത്യതയോടെ ഉപയോഗിച്ചപ്പോൾ ഏതാണ്ട് 23 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സ്പോർട്ട്സ് വകുപ്പിൽ നടക്കുന്നത്. 35-ാമത് ദേശീയ ഗെയിംസിന്റെ എഞ്ചിനീയറിംഗ് വിംഗ് ഓരോ ടെണ്ടറും ഓരോ രേഖകളും ഓരോ നടപടികളും എഗ്രിമെന്റുകളും എല്ലാം വെബ്സൈറ്റിൽ നൽകിക്കൊണ്ട് സുതാര്യതയോടെ അഴിമതിയില്ലാതെ മുന്നോട്ടുപോകുകയാണ്. ഈ രംഗത്തുള്ള ക്രമക്കേടുകൾ പരിഹരിക്കണം. അതിന് ഈ നയവും, നയം നടപ്പിലാക്കാൻവേണ്ടി നമ്മൾ കൊണ്ടുവരാൻ പോകുന്ന നിയമവ്യവസ്ഥകളും ഗുണം ചെയ്യുമെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. മനസ്സിലാക്കാൻ സമയം കണ്ടെത്തിയാൽ തീർച്ചയായും അത് താങ്കളെ ബോദ്ധ്യപ്പെടുത്താം. ഈ സഭയെ ബോദ്ധ്യപ്പെടുത്തും. ഈ സഭയിലേക്കാണ് നിയമം വരാൻ പോകുന്നത്. അങ്ങ് പറഞ്ഞു, ഹോസ്റ്റലിൽ താമസിക്കുന്ന ആരുമില്ല എന്ന്. എന്തുകൊണ്ട് അത് സംഭവിച്ചു എന്ന് എല്ലാ അംഗങ്ങളും പഠിക്കണം. കാരണം കായികക്ഷമതയുള്ള കുട്ടികൾക്കുപകരം മുൻകാലങ്ങളിൽ ശുപാർശയുടെ അടിസ്ഥാനത്തിൽ കായികശേഷി പോലുമില്ലാത്ത കുട്ടികളെ അവിടെ പഠിപ്പിക്കുകയാണ്. എനിക്കുതന്നെ പലപ്പോഴും തുടക്കത്തിൽ ശുപാർശ കിട്ടിയിട്ടുണ്ട്. എന്റെ ബന്ധപ്പെട്ട ഒരാളാണ്, അദ്ദേഹത്തിന്റെ മകനാണ്, മകളാണ്, സാമ്പത്തികമായി വളരെ പുറകിലാണ് ജീവിക്കാൻ നിർവ്വാഹമില്ല, അതിനാൽ ഹോസ്റ്റലിൽ അഡ്മിഷൻ കൊടുക്കണം. മന്ത്രിക്ക് അതിന് അധികാരമുണ്ടോ ? അങ്ങനെ ചെയ്യാൻ പാടില്ല. ഇപ്പോൾ സെലക്ഷൻസ് വളരെ കറക്ടാണ്. ഈ മികവുള്ള കുട്ടികൾ എവിടെയാണ് പോകുന്നത്? ഇപ്പോൾ സ്കൂൾ ഗെയിംസിൽ ഒരു കുട്ടി മികവ് നേടിയാൽ കോച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആ കുട്ടിയെ ഏറ്റെടുക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒളിമ്പിക്സിൽ പോയിവന്ന ആറുപേർക്കും ഇവിടെ ഗസറ്റഡ് റാങ്കിൽ ജോലിയും ഓരോരുത്തർക്കും വേണ്ടി നാലഞ്ചുകോടി രൂപ ചെലവഴിച്ച് ലോകനിലവാരമുള്ള കോച്ചിംഗ് കൊടുക്കാം എന്ന് ഒരു ഓഫർ വച്ചു. പക്ഷേ ആരും വന്നില്ല. എന്താണ് കാര്യമെന്ന് അറിയാമോ ? കാരണം പലരും പല കോച്ചുകളുടേയും കൈയിലാണ്. അന്തർദ്ദേശീയ നിലവാരമുള്ള കോച്ചിംഗ് കൊടുക്കാൻ ആ കോച്ചുകൾ അവരെ വിടില്ല. ഉദാഹരണം പറഞ്ഞാൽ, എട്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് നല്ല ഒരു ടീച്ചറെ വച്ചു. ടീച്ചർക്ക് കുട്ടിയെ വളരെ സ്നേഹമാണ്. രക്ഷകർത്താവിനും വളരെ ഇഷ്ടമാണ്. പക്ഷേ ആ കുട്ടി എഞ്ചിനീയറിംഗിന് ചെല്ലുമ്പോഴും ടീച്ചർ തന്നെ പഠിപ്പിക്കണം എന്ന് രക്ഷകർത്താവും കുട്ടിയും ആഗ്രഹിച്ചാൽ എന്തായിരിക്കും സ്ഥിതി ? എഞ്ചിനീയറിംഗിന് പഠിക്കാനുള്ള യോഗ്യതയായി. പക്ഷേ എട്ടാം ക്ലാസിൽ പഠിപ്പിച്ച ടീച്ചർ നല്ല ടീച്ചറാണ് അതുകൊണ്ട് ആ ടീച്ചർ തന്നെ പഠിപ്പിച്ചോട്ടെ എന്ന അവസ്ഥയാണ്. ഈ രീതിയിലാണ് സ്പോർട്ട്സ് വളരുന്നത്. പിന്നെങ്ങനെയാണ് ഇവർക്ക് അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നത് ? അന്തർദ്ദേശീയ മത്സരത്തിന് പോകണമെങ്കിൽ അതിനുകഴിയുന്ന ലോകോത്തരനിലവാരമുള്ള കോച്ചുകളെ വയ്ക്കുകയും വിദേശരാജ്യങ്ങളിൽവരെ അയച്ച് നമ്മുടെ കായികതാരങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം. അങ്ങനെയാണ് എല്ലാ രാജ്യങ്ങളും ചെയ്യുന്നത്. നമുക്കത് ചെയ്യാൻ അവസരമില്ല. ഒരു കോച്ചിന്റെ കൈയിൽപ്പെട്ടുകഴിഞ്ഞാൽ ആ കോച്ച് കൊണ്ടുപോകും. ആ കോച്ചിന്റെ പരമാവധി കപ്പാസിറ്റി അനുസരിച്ച് കോച്ച് ചെയ്യും. ഇതൊക്കെ ശരിയാണെന്ന് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഈ നയം ഒരു നല്ല നയമാണ്. ഇത് ഈ മേഖലയിൽ നടക്കുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കാൻ ഉതകും. ഏത് രംഗത്തും കഴിവുള്ളവൻ മുന്നോട്ടുവരണം, കഴിവില്ലാത്തവർ പുറകോട്ടുനിൽക്കട്ടെ. കഴിവില്ലാത്തവനെ തിരുകിക്കയറ്റുന്ന പരിപാടി സങ്കടകരമാണ്. അങ്ങേക്കുതന്നെ അറിയാം പല സംഘടനകളിലും പ്രവർത്തനം ശരിയാണോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ വിചാരിച്ചാൽ ഒരാൾക്ക് സർക്കാർ സർവ്വീസിൽ ജോലി കൊടുക്കാൻ സാധിക്കില്ല. പക്ഷേ കേരളത്തിലെ ചില സ്പോർട്സ് സംഘടനകളുടെ ഭാരവാഹികൾ വിചാരിച്ചാൽ ഒരു വർഷം ഒരാൾക്ക് സർക്കാർ ജോലി കൊടുക്കാം. ഇത് നമുക്ക് അംഗീകരിക്കാൻ സാധിക്കുന്ന കാര്യമാണോ ? ഇത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുമോ ? ആ ആളിന്റെ ക്വാളിറ്റി പ്രശ്നമല്ല. ഒരു സംഘടനയുടെ പ്രസിഡന്റോ സെക്രട്ടറിയോ വിചാരിച്ചാൽ ഒരാൾക്ക് സർക്കാർ ജോലി കൊടുക്കാൻ കഴിയും, ഏത് കാറ്റഗറിയിലാണെന്ന് ഞാൻ പറയില്ല. അത് സ്വകാര്യമായി ചോദിച്ചാൽ ഞാൻ പറഞ്ഞുതരാം. ഇത് അന്യായമല്ലേ. ആ അന്യായത്തിന് നമുക്ക് കൂട്ടുനിൽക്കാൻ സാധിക്കുമോ ? അതുകൊണ്ട് ഈ രംഗത്ത് ഒരു സുതാര്യത ഉറപ്പാക്കാനാണ് ഈ നയം. ഈ നയത്തെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ അനുകൂലിക്കുകയും ഇതനുസരിച്ചുള്ള ഒരു നിയമം കൊണ്ടുവരികയും വേണം. ഒരു കൊള്ള നടക്കുന്നത് കണ്ടുകൊണ്ട് മിണ്ടാതെ നിൽക്കാൻ കഴിയില്ല. കായികരംഗത്ത് മികവുണ്ടാകും. ഇപ്പോഴുള്ള സെലക്ഷൻ അങ്ങേക്ക് പരിശോധിക്കാം. ഇപ്പോൾ എല്ലാ ഹോസ്റ്റലുകളിലും നടക്കുന്ന സെലക്ഷൻ വളരെ സ്ട്രിക്ടാണ്. ആരുടെയും ശുപാർശകൾ സ്വീകരിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

കായികമികവുള്ള കുട്ടികളെ നമ്മൾ ഹോസ്റ്റലിലേക്ക് കൊണ്ടുവരും. അവർക്ക് കൂടുതൽ സൗകര്യം കൊടുക്കും. എയർ കണ്ടീഷൻ ട്രെയിനിൽ കൊണ്ടുപോകുന്ന കാര്യങ്ങളൊക്കെ ഞാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. നേരത്തെ ഞാൻ പറഞ്ഞതാണ്. അതിന് റെയിൽവേയുമായി ചർച്ചകൾ നടക്കുന്നുണ്ട്. ധനകാര്യ വകുപ്പുകൂടി അത് അംഗീകരിക്കേണ്ടതുണ്ട്. ഏതായാലും ഇന്ന് കൊണ്ടുപോകുന്നതിനേക്കാൾ, ട്രെയിനിൽ എയർ കണ്ടീഷനിൽ കൊണ്ടുപോകുമ്പോൾ 90 ലക്ഷം രൂപ ഒരു വർഷം കൂടുതൽ ചെലവ് വരുന്നുണ്ട്. അതിനുള്ള പണം ധനകാര്യ വകുപ്പ് പ്രൊവൈഡ് ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി അക്കാര്യം ചർച്ച ചെയ്യുന്നുണ്ട്, അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് മാത്രം പറയുകയാണ്. ഇതിൽ ഒരു ആശങ്കയുടെ കാര്യമില്ല. ഈ നയവും ഇതിനെത്തുടർന്ന് വരാൻപോകുന്ന നിയമവും കായികരംഗത്ത് കൂടുതൽ ഗുണം ചെയ്യും എന്ന് ഞാൻ പറയുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞതെല്ലാം സ്വാഗതം ചെയ്യുകയാണ്. സ്പോർട്ട്സിനെ സംബന്ധിച്ച് ആദ്യമായിട്ടാണ് ഒരു ശ്രദ്ധക്ഷണിക്കൽ ഇവിടെ വരുന്നത്. സംസ്ഥാനത്തെ സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള 60 ഹോസ്റ്റലുകളിലായി 1500 കുട്ടികൾ പഠിക്കുന്നുണ്ട്. 1500 കുട്ടികളിൽ 136 കുട്ടികൾ പങ്കെടുത്ത കേരള ടീമിൽ ആകെ 11 പേർക്കുമാത്രമാണ് സെലക്ഷൻ കിട്ടിയിരിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. രാജ്യത്തിനുവേണ്ടി ഒരുപാട് സംഭാവനകൾ ചെയ്തിട്ടുള്ള കായികതാരങ്ങൾക്ക് ഒരു ക്ഷേമനിധിയില്ല. ഇപ്പോൾ ക്ഷേമനിധിയില്ലാത്ത മറ്റൊരു സംഘവുമില്ല, 36 ക്ഷേമനിധികൾ കേരളത്തിലുണ്ട്. അതിനാൽ, സംസ്ഥാന ഗവൺമെന്റിന്റെ ഒരു വിഹിതം കൊടുത്തുകൊണ്ട് കായികതാരങ്ങൾക്ക് ക്ഷേമനിധി തുടങ്ങുന്നതിനെസംബന്ധിച്ച് അങ്ങയുടെ കാലഘട്ടത്തിൽ ഗൗരവമായി ആലോചിക്കുവാൻ തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സ്പോർട്ട്സിനെക്കുറിച്ചുള്ള ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നതിൽ നന്ദിയുണ്ട്. അങ്ങ് ക്ഷേമനിധി ആരംഭിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇവിടത്തെ പല ക്ഷേമനിധികൾക്കും -കർഷകത്തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചർച്ചയുണ്ടായി - അതിന്റെ ഒരു അംശദായം അടയ്ക്കുവാൻപോലും കഴിയാത്ത സ്ഥിതിയാണ്. ക്ഷേമനിധിയിലെ ആളുകളുടെ എണ്ണം വളരെ കുറവാണ്. പക്ഷേ സ്പോർട്ട്സ് താരങ്ങൾക്ക് കൊടുക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ക്ഷേമനിധിയെക്കുറിച്ച് നമുക്ക് ആലോചിക്കാം, പക്ഷേ ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കണം. അങ്ങ് പറഞ്ഞതുപോലെ, അതിനുവേണ്ടി പ്രത്യേകമായി ഫണ്ട് മാറ്റിവച്ചെങ്കിൽ മാത്രമേ ക്ഷേമനിധി മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കൂ. കേരളത്തിലെ പല ക്ഷേമനിധികളുടെയും സ്ഥിതിയെന്നുപറയുന്നത്, അവിടെയുള്ള ആളുകൾക്ക് ശമ്പളം കൊടുത്ത് പോവുകയെന്നതിനുപരിയായി ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം കിട്ടുന്നില്ല എന്നതാണ്. സിനിമയ്ക്കുവേണ്ടി സാംസ്കാരിക ക്ഷേമനിധി കൊണ്ടുവന്നു. സിനിമ ടിക്കറ്റിൽ നിന്ന് മൂന്ന് രൂപവച്ച് പിരിക്കുവാൻ തീരുമാനിച്ചുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി survive ചെയ്യുവാൻ പോകുന്നത്. അല്ലെങ്കിൽ survive ചെയ്യില്ല. ഈ നിയമസഭ പാസ്സാക്കിയ നിമയത്തിനെതിരെ ചില തിയറ്റർ ഉടമകൾ കോടതിയെ സമീപിച്ചിരിക്കുകയാണ്. അത് വളരെ മോശമാണ്. അത്തരത്തിൽ ഒരു ക്ഷേമനിധി വരുമ്പോൾ അതിനുള്ള അംശദായവും മറ്റ് വരുമാനങ്ങളും എന്തൊക്കെയാണെന്ന് നോക്കണം. ഉദാഹരണത്തിന്, കേരളത്തിൽ നടക്കുന്ന ക്രിക്കറ്റിന്റെ ടിക്കറ്റ് കളക്ഷനിൽനിന്ന് ഒരു ഓഹരി ക്ഷേമനിധിയിൽ കൊടുക്കുവാൻ സമ്മതിച്ചാൽ ക്ഷേമനിധി നന്നായി നടത്തുവാൻ സാധിക്കും. അത് അതിന്റെ കച്ചവട വശമാണ്, അത് സാമ്പത്തികമായി എങ്ങനെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുമെന്നുള്ളതാണ്. ക്ഷേമനിധി ആരംഭിക്കുന്നതുസംബന്ധിച്ച് തീർച്ചയായും പരിഗണിക്കാവുന്നതാണ്, ആലോചിക്കാവുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചതിനുശേഷം മാത്രമേ ഒരു മറുപടി പറയുവാൻ കഴിയൂ. തീർച്ചയായും ഇത് നല്ലൊരു ആശയമാണ്, എത്രത്തോളം പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് നോക്കണം. കാരണം മറ്റ് ക്ഷേമനിധികൾ പലതും ഞെരുങ്ങുകയാണ്. പുതിയ ഒരു ക്ഷേമനിധി സർക്കാരിന്റെ ബാധ്യതയോടുകൂടി തുടങ്ങുന്നത് ബുദ്ധിമുട്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും നോക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു ശ്രദ്ധക്ഷണിക്കലിന്റെ മറുപടിക്ക് 10 മിനിറ്റ് സമയം എടുത്തു.

## V സബ്മിഷൻ

### 1 സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തര ചടങ്ങ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കാസർഗോഡ് ജില്ലയിലെ അറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഇ. കൃഷ്ണൻ മാസ്റ്റർ 15-ാം തീയതി മരണപ്പെട്ടു. അദ്ദേഹത്തിന് 93 വയസ്സായിരുന്നു. സാധാരണഗതിയിൽ സർക്കാരിന്റെ ബഹുമതിയോടുകൂടിയാണ് സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തരച്ചടങ്ങുകൾ നടത്തുന്നത്. ജില്ലാ ഭരണകൂടം അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയാണ് സംസ്ഥാനത്ത് സാധാരണ നടന്നുവരുന്ന പതിവ്. എന്നാൽ ഇ. കൃഷ്ണൻ മാസ്റ്ററുടെ ചരമവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു നടപടിയും ജില്ലാ ഭരണകൂടം സ്വീകരിച്ചില്ല. അതിനെതിരായി ആ നാട്ടിലാകെ വലിയ പ്രചാരണം നടക്കുകയാണ്. ഇ. കൃഷ്ണൻ നായരുടെ ഭൗതിക ശരീരത്തോട് കാണിച്ച അനാദരവിനെക്കുറിച്ച് വലിയ ന്യൂസാണ് ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വന്നിട്ടുള്ളത്. എന്തുകൊണ്ട് അങ്ങനെ ചെയ്തുവെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് അറിയാമോ; മരണവിവരം അറിഞ്ഞപ്പോൾ ജില്ലാ ഭരണകൂടത്തെക്കൊണ്ട് കാര്യങ്ങൾ ചെയ്യിപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പും ഭരണകൂടവും എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്ന കാര്യം അറിയുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സ്വാതന്ത്ര്യ സമര സേനാനി ഇ. കൃഷ്ണൻ മാസ്റ്റർ 15-2-2013-ൽ മരണപ്പെട്ടതിനെത്തുടർന്ന് വില്ലേജ് ഓഫീസർ, കാസർഗോഡ് തഹസിൽദാർ, ജില്ല കളക്ടർ എന്നിവർ മരണാനന്തര ചടങ്ങിൽ പങ്കെടുക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യ സമരസേനാനികൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിന് ഔദ്യോഗിക ബഹുമതി നൽകാറില്ല. റീത്ത് സമർപ്പിക്കുകയും മരണാനന്തരച്ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തികസഹായം നൽകുകയുമാണ് ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## 2. ദേശീയ ദിനാചരണത്തിന് പണം ലഭ്യമാക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും നമുക്ക് നൽകുന്ന ആഹ്ലാദവും രോമാഞ്ചവും വർണ്ണനാതീതമാണ്. ആ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ആഘോഷിക്കുന്നതിൽ സർക്കാർ നിർവികാരത പുലർത്തുന്നുവെന്നത് അക്ഷന്തവ്യമായ അനാസ്ഥയാണ്. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ആഘോഷിക്കുവാൻ സർക്കാരിന്റെ കയ്യിൽ പണമില്ലെന്നുണ്ടോ; 64-ാമത് റിപ്പബ്ലിക് ദിനാഘോഷനടത്തിപ്പിന് സംസ്ഥാന സർക്കാർ ഒരു രൂപപോലും അനുവദിച്ചില്ല. സംഭാവനയും സഹകരണവും തേടിയാണ് ജില്ലാതലത്തിൽ റവന്യൂ അധികൃതർ ആഘോഷം പൊലിപ്പിക്കുവാൻ ഒരുങ്ങിയത്. വർഷങ്ങളായി തുടരുന്ന രീതി തെറ്റായ കീഴ്‌വഴക്കങ്ങൾക്ക് വഴി വയ്ക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഏകദേശം ഒന്നര ലക്ഷം രൂപയാണ് ജില്ലാതല റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ബഡ്ജറ്റ്. അത് കണ്ടെത്തുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തുകയാണ് വർഷങ്ങളായുള്ള പതിവ്. അവർ വില്ലേജ് തലത്തിലേക്ക് ക്വാട്ട നിശ്ചയിച്ച് പിരിവ് ഏൽപ്പിക്കുന്നു. ദേശീയ ദിനാഘോഷത്തിനുള്ള തുക മണൽ കടത്തുകാരിൽ നിന്നും ക്വാറി ഉടമകളിൽ നിന്നുമാണ് പലപ്പോഴും വില്ലേജ് അധികൃതർ പിരിക്കുന്നത്. ദേശീയദിനാചരണത്തിന്റെ മുന്നോടിയായി രണ്ടുദിവസം പരിശീലനവും നടക്കാറുണ്ട്. അതിന് കുട്ടികളെയും പോലീസുകാരെയും എത്തിക്കുവാനും തിരിച്ച് കൊണ്ടാക്കുവാനുമുള്ള ചെലവ് കൂടുതലാണ്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.-ക്കുതന്നെ പതിനായിരക്കണക്കിന് രൂപ ജില്ലാഭരണകൂടങ്ങൾ നൽകാനുണ്ട്. വാടകയും ഇന്ധനച്ചെലവും നൽകാമെന്ന ഉറപ്പിൽ സർവ്വീസ് നടത്തിയതിനുശേഷം പണം കിട്ടാത്ത സ്വകാര്യ വാഹന ഉടമകളുമുണ്ട്. പരിശീലനത്തിന് എത്തുന്നവർക്ക് ഭക്ഷണം നൽകുന്ന വകയിലും ചെലവേറെയാണ്. ഇത്തരത്തിലുള്ള ആഘോഷത്തിന് പണം സർക്കാർ അനുവദിക്കണമെന്ന ആവശ്യത്തിന് പഴക്കമേറെയാണ്. എന്നാൽ അത് സർക്കാരിന് ബാധ്യതയില്ലാത്ത രീതിയിൽ നടത്തിക്കൊണ്ടുപോയാൽ മതിയെന്ന നിലപാട് തുടരുകയാണിപ്പോഴും. ഈ നിലപാട് മാറ്റണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനാചരണത്തിന് നിലവിൽ ജില്ലാ ഭരണകൂടങ്ങൾക്ക് സർക്കാർ പ്രത്യേകമായി പണം അനുവദിക്കാറില്ല. ഇതിനായി പ്രത്യേക അക്കൗണ്ടും നിലവിലില്ല. എന്നാൽ ദേശീയ ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളെയും, സ്കൗട്ട്സ്, ഗൈഡ്സ്, എൻ.സി.സി കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളെയും ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി, അവരുടെ യാത്രയ്ക്കും ലഘുഭക്ഷണത്തിനുമുള്ള ചെലവുകൾ ജില്ലാഭരണകൂടം വഹിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. പല ജില്ലകളിലും ഈ വകയിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശികയുള്ളതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്. പ്രധാനമായും കെ.എസ്.ആർ.ടി.സി.-ക്കും സ്വകാര്യ ബസ്സുകൾക്കുമാണ് കൊടുക്കുവാനുള്ളത്. ജില്ലാഭരണകൂടങ്ങൾവഴി കൊടുത്തുതീർക്കേണ്ടതായ കുടിശ്ശിക കൊടുത്തു തീർക്കുവാൻ പണം അനുവദിക്കണമെന്ന് ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

### 3. കണ്ണൂർ സൈബർ പാർക്ക് നിർമ്മാണ പ്രവർത്തനം

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂർ സൈബർ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമംകുറ്റൂർ പഞ്ചായത്തിൽ സൈബർ പാർക്കിനുവേണ്ടി 25.63 ഏക്കർ ഭൂമി അനുവദിക്കുകയും മുൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തിരുന്നു. കെട്ടിട നിർമ്മാണത്തിനുവേണ്ടി 21.4 കോടിരൂപ നബാർഡ് വായ്പ അനുവദിച്ചിരുന്നു. നബാർഡിന്റെ വ്യവസ്ഥപ്രകാരം 2014 മാർച്ചിൽ നിർമ്മാണപ്രവർത്തനത്തിന്റെ ഒരു ഘട്ടം പൂർത്തിയാക്കേണ്ടതാണ്. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല. സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ സൈബർ പാർക്കിന്റെ സ്ഥലത്തേക്ക് റോഡ് സൗകര്യമില്ലാത്തതാണ് പ്രശ്നം. അതിനുവേണ്ടി 80 സെന്റ് ഭൂമിയുടെ ആവശ്യമുണ്ട്. അതുകൊണ്ടാണ് താമസം വരുന്നത്. എന്തായാലും സെസ് പദവി പുതുക്കി നൽകിയിട്ടുണ്ട്. താമസിയാതെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

### 4. വിദ്യാഭ്യാസ വായ്പയ്ക്ക് മൊറട്ടോറിയം

ശ്രീ. സി. ദിവാകരൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 3,68,307, വിദ്യാർത്ഥികൾ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നായി 7,269 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. ഈ കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കിയെങ്കിലും അവർക്ക് ജോലി കിട്ടിയില്ല. അവരിപ്പോൾ ആത്മഹത്യയുടെ വക്കിലാണ്. അവരുടെ വീടുകളെല്ലാം ജപ്തി ചെയ്യുകയാണ്. അവർ എടുത്ത വായ്പയിന്മേൽ പലിശയും കൂട്ടുപലിശയുമായി 20 ശതമാനം പലിശയായിട്ടുണ്ട്. ആർക്കും ഇതുവരെ ജോലി കിട്ടിയില്ല. കൂടുതൽ പേരും നഴ്സിംഗും ഹോട്ടൽ മാനേജുമെന്റുമാണ് പഠിച്ചത്. വെളിയിൽ പോകാനോ ഇവിടെ നിൽക്കാനോ നിവൃത്തിയില്ലാത്ത അവസ്ഥയാണ് അവർക്കുള്ളത്. അതിനാൽ വിദ്യാഭ്യാസ വായ്പയ്ക്ക് അനന്തമായി മൊറട്ടോറിയം പ്രഖ്യാപിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഉന്നയിച്ചത് വളരെ ഗൗരവമായ വിഷയമാണ്. പക്ഷ മന്ത്രിയായിരുന്ന അദ്ദേഹത്തിന് അനന്തമായി മൊറട്ടോറിയം വേണമെന്ന് പറയുവാൻ കഴിയുന്നതിൽ എനിക്ക് അത്ഭുതമുണ്ട്. 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായവരുടെ പഠനകാലത്തെ പലിശ ബാധ്യത കേരളാ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. 2009-നുശേഷമുള്ള പലിശ ബാദ്ധ്യത കേന്ദ്രഗവൺമെന്റും ഏറ്റെടുത്തിട്ടുണ്ട്. അതിൻപ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അർഹരായവരെ കണ്ടെത്താനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ മുഖേനയും ബാങ്കുകൾ നേരിട്ടും സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ 10-4-2012 മുതൽ 6 മാസം നിർത്തിവയ്ക്കുകയുണ്ടായി. 10-10-2012 മുതൽ വീണ്ടും അടുത്ത 6 മാസക്കാലത്തേക്ക് റിക്കവറി നീട്ടിവച്ചിട്ടുണ്ട്, മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി കഴിയുന്നത് 10-4-2013-ലാണ്. ഇപ്പോൾ റിക്കവറി നടക്കുന്നില്ല. ഈ കാലാവധി കഴിയുന്ന അവസരത്തിൽ അക്കാര്യം ആലോചിക്കാം.

## 5. നിർമ്മാണ പ്രവർത്തന സാമഗ്രികൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അതിന് പ്രധാന കാരണം കല്ലിന്റെയും മണലിന്റെയും ലഭ്യതക്കുറവാണ്. അവിടെ റവന്യൂ ഭൂമിയിലെ ക്വാറികളാണ് കൂടുതലായിട്ടുള്ളത്. ഇതൊരു മാഫിയയുടെ കയ്യിലാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ തോന്നിയ രീതിയിൽ കല്ല് പൊട്ടിക്കുന്ന സ്ഥിതിയാണുള്ളത്. ഇപ്രകാരം പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ നിർത്താനും വയനാട് ജില്ലയ്ക്ക് ആവശ്യമായ കല്ല് ലഭ്യമാക്കുന്നതിന് നിയമപ്രകാരം ക്വാറികൾക്ക് അനുമതി നൽകി ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള സാഹചര്യം ഉണ്ടാക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി ഫണ്ടുകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. കഴിഞ്ഞ ഒരാഴ്ചയായി അവിടെ സമരമാണ്. മറ്റുള്ള ജില്ലകളിൽനിന്നും കല്ല് കൊണ്ടുവരാൻപോലും സമ്മതിക്കുന്നില്ല. അനധികൃതമായി ഖനനം നടത്തുന്ന ക്വാറി ഉടമകളും അതുമായി ബന്ധപ്പെട്ട ആളുകളുമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. പാരിസ്ഥിതിക ആഘാതം കുറഞ്ഞരീതിയിലുള്ള ക്വാറികൾക്ക് അനുമതി നൽകി ക്വാറികളുടെ പ്രവർത്തനം നിയമാനുസൃതമാക്കാനും ഈ പ്രശ്നം പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 27-2-2012-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ ഖനന പ്രവൃത്തികൾക്കും Ministry of Environment and Forest-ന്റെ environmental clearance നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം ജില്ലയിലെ എല്ലാ ഖനനപ്രവർത്തനങ്ങളും നിർത്തിവച്ചു. കരിങ്കൽ ഉൽപ്പന്നങ്ങളുടെ ക്ഷാമം പരിഗണിച്ച് 23-11-2012-ൽ ജി.ഒ.(എം. എസ്.) 140/12/ഐ.ടി., 11-12-2012-ലെ ജി.ഒ.(എം. എസ്.) 144/12/ഐ.ടി. എന്നിവ പ്രകാരം സ്വകാര്യ ഭൂമിയിലെ ചെറുകിട ഖനനങ്ങൾക്ക് കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾക്ക് വിധേയമായി ഒരു വർഷക്കാലയളവിലേക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിന് ജില്ലയിൽ നിലവിലുള്ള അംഗീകൃത കടവുകളിൽനിന്ന് തുടർന്നും മണൽ നീക്കംചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കടവുകളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 21-1-2013-ൽ ചേർന്ന റിവർ മാനേജുമെന്റ് ഫണ്ട് ജില്ലാതല വിദഗ്ദ്ധസമിതി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## 6 ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃശ്ശൂർ ജില്ലയിൽ ലോട്ടറി ഏജന്റുമാരും വിൽപ്പനക്കാരുമായി 7000-ത്തോളം പേരുണ്ട്. ഇവരിൽ മഹാഭൂരിപക്ഷവും ചെറുകിട ഏജന്റുമാരും വിൽപ്പനക്കാരുമാണ്. ഇവരെല്ലാം ഒരു പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലേക്ക് നീങ്ങുകയാണ്. ചെറുകിട ഏജന്റുമാർക്ക് വിൽപ്പനയ്ക്കായി ആവശ്യാനുസരണം ടിക്കറ്റ് നൽകുന്നില്ല എന്നതാണ് അവരുടെ പരാതി. എന്നാൽ വിരലിലെണ്ണാവുന്ന വൻകിട ഏജന്റുമാർക്ക് മൊത്തമുള്ള ടിക്കറ്റിന്റെ വലിയൊരു പങ്കും നൽകുകയാണ്. തൃശ്ശൂർ ജില്ലാ ലോട്ടറി ആഫീസിൽ വിജിലൻസ് ഉദ്യോഗസ്ഥർ രണ്ടാഴ്ചമുമ്പ് റെയ്ഡ് നടത്തിയിരുന്നു. അതിൽ വൻകിട ഏജന്റുമാർക്ക് യാതൊരു മാനദണ്ഡവുമില്ലാതെ ധാരാളം ടിക്കറ്റുകൾ നൽകിയതായിട്ടുള്ള ക്രമക്കേട് കണ്ടെത്തിയത് മാധ്യമങ്ങളിൽ വാർത്തയായി വന്നിട്ടുണ്ട്. 2012 വർഷത്തിൽ 2000 കോടിയോളം രൂപയുടെ ടിക്കറ്റുകളാണ് കേരളാ ലോട്ടറിയുടേതായി വിറ്റഴിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമങ്ങളിലും ബസ്സ്റ്റാന്റുകളിലും റോഡുകളിലും ഓഫീസുകളിലും കച്ചവടസ്ഥാപനങ്ങളിലുമൊക്കെ നടന്നും സൈക്കിളിലുമൊക്കെയായി ടിക്കറ്റ് വിൽപ്പന നടത്തുന്ന ഒരു ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ ചെറുകിട ഏജന്റുമാരും വിൽപ്പനക്കാരും വഴിയാണ് ഈ വലിയനേട്ടം കേരളാലോട്ടറി കൈവരിച്ചത്. സർക്കാരിന്റെ പ്രചരണത്തോടൊപ്പം ചെറുകിട ഏജന്റുമാരുടെ കഠിനാദ്ധ്വാനവും ഇതിനുപുറകിലുണ്ട്. ചെറുകിട ഏജന്റുമാർക്ക് ആവശ്യാനുസരണം ടിക്കറ്റ് നൽകാതെ ആരുടെയൊക്കെയോ സമ്മർദ്ദത്തിനുവഴങ്ങി ലോട്ടറി വകുപ്പ് വൻകിട ഏജന്റുമാർക്ക് യഥേഷ്ടം ടിക്കറ്റ് നൽകുന്നത്, കേരളാ ലോട്ടറിയേയും അതിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ചെറുകിട ലോട്ടറി ഏജന്റുമാരെയും വിൽപ്പനക്കാരെയും തകർക്കാനേ ഉപകരിക്കൂ. ഈ കാര്യം അതീവ ഗൗരവമായി എടുത്ത് ചെറുകിട ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ആവശ്യാനുസരണം ടിക്കറ്റുകൾ നൽകി അവരേയും കേരളാ ലോട്ടറിയേയും സംരക്ഷിക്കുന്ന നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചെറുകിട ഏജന്റുമാരുടെ സേവനം പൂർണ്ണമായും മനസ്സിലാക്കുന്നൊരു ഗവൺമെന്റാണിത്. 20 രൂപ മുഖവിലയുള്ള ടിക്കറ്റിന്റെ വർദ്ധിച്ച ഡിമാന്റ് കണക്കിലെടുത്ത് ഈ ടിക്കറ്റിന്റെ എണ്ണം 35 ലക്ഷത്തിൽ നിന്നും 45 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്ക് കുറഞ്ഞത് 125 ടിക്കറ്റെങ്കിലും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ടിക്കറ്റിന്റെ അച്ചടി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ഇപ്പോൾ യാതൊരു പരാതിയും ചെറുകിട ഏജന്റുമാർക്കില്ലെന്ന് ലോട്ടറി വകുപ്പ് എഴുതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## 7 രൂക്ഷമായ വരൾച്ച

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, മലമ്പുഴ മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായിരിക്കുകയാണ്. ഭൂഗർഭ ജലനിരപ്പ് താഴ്ന്നതിനാൽ കുഴൽക്കിണറുകൾപോലും വറ്റിവരണ്ടിരിക്കുന്നു. രൂക്ഷമായ ജലക്ഷാമം പരിഹരിക്കുവാൻ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. പുതുശ്ശേരി, എലപ്പുള്ളി, കൊടുമ്പ് എന്നീ പഞ്ചായത്തുകൾ പൂർണ്ണമായും വരൾച്ചയിലും കുടിവെള്ളക്ഷാമത്തിലുമാണ്. ജില്ലാ ഭരണാധികാരികൾ ഇക്കാര്യത്തിൽ വലിയ അനാസ്ഥയാണ് കാണിക്കുന്നത്. പാലക്കാട് ജില്ലയാകെ വമ്പിച്ച വരൾച്ചയുടെ പിടിയിലാണ്. വരൾച്ചാബാധിതാ ജില്ലയായി പ്രഖ്യാപിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ പ്രശ്നത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മലമ്പുഴ നിയോജക മണ്ഡലത്തിലെ അതിരൂക്ഷമായ വരൾച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് 31-1-2012-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രതിനിധി എന്നുള്ള നിലയിൽ ശ്രീ. എ. പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാപഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെയും യോഗം ചേരുകയും വിവിധ പ്രതിനിധികൾ സമർപ്പിച്ച കർമ്മപദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. മലമ്പുഴ പഞ്ചായത്തിലെ പൂക്കാട് പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ലോറിയിൽ വെള്ളം നൽകണമെന്ന് അവിടത്തെ പഞ്ചായത്ത് പ്രതിനിധികളും മുണ്ടൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കണമെന്ന് മുണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രതിനിധികളും ആവശ്യപ്പെട്ടു. കൂടാതെ അകത്തേത്തറ, എലപ്പുള്ളി, മരുതറോഡ്, കൊടുമ്പ്, പുതുശ്ശേരി എന്നീ പഞ്ചായത്ത് പ്രതിനിധികളും ഇത്തരത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ളം എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകുന്നതാണ്.

## 8 മോട്ടോർവാഹനവകുപ്പ് ജീവനക്കാരുടെ ദൗർലഭ്യം

ശ്രീമതി പി. അയിഷാ പോറ്റി: സർ, മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 1957-58 കാലഘട്ടത്തിലാണ്

11.00 A.M.] ഈ വകുപ്പ് രൂപീകരിച്ചത്. അന്ന് കേരളത്തിൽ 11,184 വാഹനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോഴത്തെ കണക്കനുസരിച്ച് 2012 ഒക്ടോബർ 31 വരെ കേരളത്തിൽ 75,34,056 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, വീണ്ടും രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാംവേണ്ടിയുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം 596 മാത്രമേ നിലവിലുള്ളൂ. അതിൽത്തന്നെ 105 പേർ 19 മോട്ടോർ ചെക്ക്പോസ്റ്റുകളിലായി വർക്ക് ചെയ്യുകയാണ്. ബാക്കിയുള്ള 491 സാങ്കേതികവിഭാഗം ജീവനക്കാരെക്കൊണ്ടാണ് വാഹനങ്ങളുടെ പരിശോധനയും നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുകയുമൊക്കെ ചെയ്യുന്നത്. അതുവഴി സർക്കാരിന് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാകുന്നുവെന്നുമാത്രമല്ല, ജോലി കിട്ടാൻ സാധ്യതയുള്ളവർക്ക് ജോലിക്കുള്ള അവസരം നിഷേധിക്കപ്പെടുന്ന സ്ഥിതിയുമുണ്ട്. ഇത് പരിഗണിച്ച് കൂടുതൽ ജീവനക്കാരെ ജോലിക്കെടുത്താൽപ്പോലും അതിന്റെ എത്രയോ ഇരട്ടി വരുമാനം സർക്കാരിനുണ്ടാകുന്ന ഒരു അവസ്ഥയാണെന്നുള്ളതുകൊണ്ട് സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ മോട്ടോർ വാഹനവകുപ്പിൽ നിയമിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. 2004-ലെ സി.എ.ജി. റിപ്പോർട്ടിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ വേണ്ടത്ര മോട്ടോർ വെഹിക്കിൾ സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ആക്സിഡന്റുകൾ കൂടുന്നു, പരിശോധിക്കാൻ ആളില്ല, റവന്യൂ വരുമാനം വളരെയധികം കുറയുന്നു എന്നൊക്കെ പറഞ്ഞു. 2004-ലെ റിപ്പോർട്ട് 2006-ലാണ് പുറത്തുവന്നത്. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തില്ല. അതാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. എന്നാലും ആ തെറ്റ് ഞങ്ങൾ ഇപ്പോൾ തിരുത്താൻ നോക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ 17 സ്ക്വാഡുകൾ ഏർപ്പെടുത്തി, അതിലേക്ക് 144 ആളുകളെ പുതുതായി നിയമിച്ചു. ഇപ്പോൾ 529 ആളുകളെ നിയമിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് മുഴുവൻ അല്ലെങ്കിലും അതിന്റെ ഒരു ഭാഗമെങ്കിലും ആളുകളെ അടിയന്തരമായി നിയമിക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും.

## 9 വനഭൂമി കയ്യേറ്റം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നിലമ്പൂർ താലൂക്കിൽ പുള്ളിപ്പാടം വില്ലേജിൽ സർവ്വേ നമ്പർ-I-ൽ ഉൾപ്പെടുന്ന ഏകദേശം 8900 ഏക്കർ ഭൂമിയിൽ മങ്ങാട്, തണ്ണിക്കുഴി മലവാരത്തിൽപ്പെട്ട വനഭൂമിയുടെ ഭൂരിഭാഗവും കയ്യേറ്റത്തിന് വിധേയമായി എന്ന പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആദിവാസികളുടെ കൈവശമുണ്ടായിരുന്ന ഭൂമി പൂർണ്ണമായും നഷ്ടമായിരിക്കുന്നതായി വില്ലേജാഫീസർതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. തണ്ണിക്കുഴി മലവാരത്തിൽ 2 മുതൽ 8 ഏക്കർ വരെയുള്ള ആദിവാസികളുടെ കൈവശമുള്ള ഭൂമി 800 മുതൽ 1500 രൂപ വരെ നൽകി ആദിവാസികളിൽ നിന്നും തട്ടിയെടുത്തിട്ടുള്ളതായി നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 1978-1982 കാലയളവിൽ ഭൂരഹിതർക്ക് പതിച്ചുനൽകാനായി വനംവകുപ്പ് റവന്യൂ വകുപ്പിനെ ഏൽപ്പിച്ച 100 കണക്കിന് ഏക്കർ ഭൂമിയും കയ്യേറ്റത്തിന് വിധേയമായിരിക്കുകയാണ്. ഈ ഭൂമിയിൽനിന്ന് വൻതോതിൽ മരം മുറിച്ചുകൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. വനംവകുപ്പിന്റെ ജണ്ട അടക്കം പൊളിച്ചുമാറ്റി ജെ.സി.ബി. ഉപയോഗിച്ച് റോഡ് വെട്ടിയാണ് മരം കടത്തുന്നത്. ആദിവാസികളുടെ ഭൂമിയും വനം-റവന്യൂ ഭൂമിയും സംരക്ഷിക്കുന്നതിനായി ഈ പകൽക്കൊള്ള അടിയന്തരമായി അവസാനിപ്പിക്കേണ്ടതുണ്ട്. ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി കൊടുത്ത ഭൂമി ഭൂരഹിതർക്ക് കൊടുക്കാതിരുന്നതിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിച്ചത്. വനം-റവന്യൂ വകുപ്പുകൾ അടിയന്തരമായി സർവ്വേ നടപടികൾ പൂർത്തിയാക്കി വനത്തിന്റെ അതിർത്തി നിർണ്ണയിക്കണമെന്നും ആദിവാസികൾക്ക് നഷ്ടമായ ഭൂമി വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നിലമ്പൂർ താലൂക്കിൽ പുള്ളിപ്പാടം വില്ലേജിൽ സർവ്വേ നമ്പർ I-ൽ 8983.61 ഏക്കർ സ്ഥലമാണുള്ളത്. മങ്ങാട്, തണ്ണിക്കുഴി എന്നീ മലവാരങ്ങൾ ഈ സർവ്വേ നമ്പരിൽ ഉൾപ്പെട്ടുവരുന്നതാണ്. നിലമ്പൂർ താലൂക്കിൽ ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിക്കുപകരം ഭൂമി നൽകുന്നതിന് വിവിധ ഇടങ്ങളിലായി



LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കണ്ടെത്തുകയും അതനുസരിച്ച് പെരിന്തൽമണ്ണ റവന്യൂ ഡിവിഷന് കീഴിൽ നിലമ്പൂർ താലൂക്കിൽ ഉൾപ്പെടെ 28 കേസ്സുകളിൽ 74.73 ഏക്കർ ഭൂമി പ്ലോട്ടുകളായിതിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിലൊന്നും തന്നെ ഭൂമി പിന്നീട് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. വനം വകുപ്പിന്റെ ജണ്ട പൊളിച്ചുമാറ്റി വഴി വെട്ടിയിട്ടുള്ളതായും മരംമുറിച്ചുമാറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുള്ളിപ്പാടം വില്ലേജിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള സംയുക്ത പരിശോധനാ ടീമിന്റെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി വനത്തിന്റെ അതിർത്തി നിർണ്ണയിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂ.

## 10 കാൻസർ രോഗികൾക്കുള്ള വാർഷിക വരുമാന പരിധി ഉയർത്തൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കാൻസർ രോഗികളായ ആളുകൾക്ക് സർക്കാർ പെൻഷൻ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അത് 525 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അത് നല്ല കാര്യമാണ്. പക്ഷേ ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി മാസം 200 രൂപ, അതായത് വർഷം 2400 രൂപയാണ്. വളരെ അപര്യാപ്തമായ ഈ തുക കാരണം ബഹുഭൂരിപക്ഷംപേർക്കും അർഹമായ പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം കാര്യമായി പരിഗണിക്കുന്നതാണ്. ഈ വരുമാനപരിധി ഉയർത്തണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. എത്ര ഉയർത്തണമെന്നുള്ളത് പിന്നീട് ആലോചിക്കാം.

## 11 വെഞ്ഞാറമൂടിൽ ഡിവൈ.എസ്.പി. ഓഫീസ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ആറ്റിങ്ങൽ പോലീസ് സബ് ഡിവിഷനിൽ ആറ്റിങ്ങൽ, വക്കം, കടയ്ക്കാവൂർ, കഴക്കൂട്ടം, വെഞ്ഞാറമൂട്, കിളിമാനൂർ എന്നീ ആറ് സർക്കിളുകളിലായി 15 പോലീസ് സ്റ്റേഷനുകളും നെടുമങ്ങാട് സബ്ഡിവിഷനിൽ നെടുമങ്ങാട്, ആര്യനാട്, പാലോട്, കാട്ടാക്കട എന്നീ നാല് സർക്കിളുകളിലായി 12 പോലീസ് സ്റ്റേഷനുകളും നിലവിൽ പ്രവർത്തിക്കുന്നു. വിവിധ സർക്കിളുകളുടെ വിസ്തൃതിയും കേസ്സുകളുടെ ബാഹുല്യവും ഭരണപരമായ മറ്റ് അസൗകര്യങ്ങളും കൂടി പരിഗണിച്ച് നീതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആറ്റിങ്ങൽ, നെടുമങ്ങാട് സബ്ഡിവിഷനുകളെ മൂന്നാക്കി വിഭജിക്കണമെന്ന പ്രൊപ്പോസൽ നേരത്തെ തന്നെയുണ്ടായിരുന്നതാണ്. ആയതിനാൽ, മേൽപ്പറഞ്ഞ സബ് ഡിവിഷനുകളെ മൂന്നായി വിഭജിച്ച് വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു പുതിയ സബ്ഡിവിഷൻ കൂടി ആരംഭിക്കണമെന്നും ഇനിപ്പറയുംപ്രകാരം ഇവയെ പുനഃക്രമീകരിക്കണമെന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനുള്ള സ്ഥലവും കെട്ടിടവുമൊക്കെ വെഞ്ഞാറമൂട്ടിൽ ഉണ്ട്.

കിളിമാനൂർ സർക്കിളിൽ കിളിമാനൂർ, പള്ളിക്കൽ, പാങ്ങോട്; വെഞ്ഞാറമൂട് സർക്കിളിൽ വെഞ്ഞാറമൂട്, വട്ടപ്പാറ, പോത്തൻകോട്; പാലോട് സർക്കിളിൽ പാലോട്, പൊൻമുടി, വിതുര; ആറ്റിങ്ങൽ സർക്കിളിൽ ആറ്റിങ്ങൽ, ചിറയിൻകീഴ്, മംഗലപുരം; വർക്കലയിൽ വർക്കല, കല്ലമ്പലം; കടയ്ക്കാവൂരിൽ കടയ്ക്കാവൂർ,

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുതെങ്ങ്; കഴക്കൂട്ടത്ത് കഴക്കൂട്ടം, കഠിനംകുളം; നെടുമങ്ങാട് സബ്ഡിവിഷനിൽ നെടുമങ്ങാട്, വലിയമല; ആര്യനാട് സർക്കിളിൽ ആര്യനാട്, വിളപ്പിൽശാല, മലയിൻകീഴ്; കാട്ടാക്കട സർക്കിളിൽ കാട്ടാക്കട, നെയ്യാർ ഡാം, മാറനല്ലൂർ. ഇങ്ങനെ വിഭജിച്ചാൽ വളരെയധികം സൗകര്യപ്രദമായിരിക്കും. കഴക്കൂട്ടവും കഠിനംകുളവും തിരുവനന്തപുരം സിറ്റിയിലേക്ക് പോയാലും ബുദ്ധിമുട്ടില്ല. അങ്ങനെ പോയാലും അവിടെ ഈ പറഞ്ഞ രീതിയിലുള്ള എല്ലാ പ്രവർത്തനത്തിനും സൗകര്യമാണ്. അത് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആറ്റിങ്ങൽ ഡിവൈഎസ്പി-യെ ചുമതലപ്പെടുത്തിയതുപ്രകാരം സബ്-ഡിവിഷൻ ഓഫീസിനാവശ്യമായ സ്ഥലവും കെട്ടിടവും കണ്ടെത്തിക്കഴിഞ്ഞു. അധികാരപരിധി തിരിച്ച് മാപ്പ് തയ്യാറാക്കിയുള്ള പ്രൊപ്പോസൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പരിശോധിച്ച് എല്ലാ നടപടികളും സ്വീകരിക്കാം.

## 12 കൊലപാതകങ്ങളിലെ പ്രതികളുടെ അറസ്റ്റ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ വിഷയം മൂന്നാമത്തെ പ്രാവശ്യമാണ് സഭയിൽ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ ദേശമംഗലം എന്നുപറയുന്ന പ്രദേശത്ത് 2011 ആഗസ്റ്റ് 8-ാം തീയതി ആസിയ എന്ന ഒരു സഹോദരിയെ പട്ടാപ്പകൽ കഴുത്തറുത്ത് കൊലപ്പെടുത്തുകയുണ്ടായി. കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. എന്റെ മണ്ഡലത്തിൽത്തന്നെ കഴിഞ്ഞ ഡിസംബർ 7-ാം തീയതി ഒരു ടാക്സി ഡ്രൈവറായ രഘു എന്ന ഒരു സഹോദരനെ ടാക്സി വിളിച്ചുകൊണ്ടുപോയി പാലക്കാടുവച്ച് കഴുത്തറുത്ത് കൊലപ്പെടുത്തുകയുണ്ടായി. ആ കൊലപാതകികളിൽ ചിലരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മുഹമ്മദാലി എന്നുപേരായ ഒരാളെയും മറ്റ് ഏതാനും പേരെയുമാണ് അറസ്റ്റ് ചെയ്തത്. അവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തപ്പോഴാണ് ആസിയയെ കൊലചെയ്തതും ഈ ടീം തന്നെയാണെന്ന് വ്യക്തമായത്. പ്രധാന പ്രതിയായ പ്രസാദിനെ ഇതുവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസാദ് നിരവധി കൊലപാതക കേസ്സുകളിലെ പ്രതിയാണ്. അയാളുടെ കൊലപാതക രീതി ഏറ്റവും ഭീകരമാണ്. കഴുത്തറുത്ത് ഒരു പ്രത്യേക രീതിയിൽ കൊല്ലുക എന്നുള്ളതാണ് അയാളുടെ സമീപനം. പ്രസാദിനെ അറസ്റ്റ് ചെയ്യാത്തതുകൊണ്ട് പാലക്കാട്, തൃശ്ശൂർ ജില്ലയുടെ ബോർഡറിലുള്ള ജനങ്ങൾ വളരെ ഭീതിയോടുകൂടിയാണ് ജീവിക്കുന്നത്. വലിയ പ്രയാസമനുഭവിക്കുന്ന കുടുംബമാണ് രഘുവിന്റേത്. പ്രായമായ, രോഗികളായ അച്ഛനും അമ്മയും, രോഗിയായ ഒരു സഹോദരി, ഭാര്യ, രണ്ട് കുട്ടികൾ ഇത്രയുംപേരടങ്ങുന്നതാണ് രഘുവിന്റെ കുടുംബം. ഏറ്റവും നിർദ്ധനമായിട്ടുള്ള ഒരു കുടുംബമാണ്. രഘുവിന്റെ ജീവൻ നഷ്ടപ്പെട്ടതോടുകൂടി ആ കുടുംബത്തിന്റെ ആശ്രയമാണ് ഇല്ലാതായിരിക്കുന്നത്. ആസിയ കൊലപാതകത്തിലെ കൊലപാതകികളെ കണ്ടെത്തിയിരുന്നെങ്കിൽ രഘു കൊലചെയ്യപ്പെടുമായിരുന്നില്ല എന്നുള്ള ചർച്ചയും നാട്ടുകാർക്കിടയിലുണ്ട്. എത്രയും പെട്ടെന്ന് പ്രസാദ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട കൊലയാളികളെ കണ്ടെത്താനായി ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. രഘുവിന്റെ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കുന്നതുസംബന്ധിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭരണകക്ഷിയിൽപ്പെട്ട ചില ആളുകൾ സമരം ആരംഭിച്ചിട്ടുണ്ട്. അതുകൂടി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, രണ്ട് കാര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചത്. ഒന്ന്, ആസിയയുടെ കൊലപാതകം. രണ്ട്, ശ്രീ. രഘുവിന്റെ കൊലപാതകം. ഈ കൊലപാതകങ്ങൾ സംബന്ധിച്ചുള്ള അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. ക്രൈംബ്രാഞ്ച്, എച്ച്എസ്.ഡബ്ല്യു.-2 എറണാകുളം യൂണിറ്റിൽ നിന്ന് 'റീ-നമ്പർ ചെയ്ത് പാലക്കാട് സബ്‌യൂണിറ്റിലെ ഡിവൈഎസ്പി. അന്വേഷണം നടത്തിവരികയാണ്. അതിലുള്ള പ്രതികളെ പിടിക്കാൻ സാധിക്കും. 5-1-2013-ലെ കേസ്സിൽ ഫോർമലായി മുഹമ്മദാലിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. രഘുവിന്റെ കൊലപാതകത്തിൽ മൊത്തം 8 പ്രതികളാണുള്ളത്. അതിൽ 7 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസാദിനെ ഇതുവരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ലുക്കൗട്ട് നോട്ടീസ് കൊടുത്തിട്ടുണ്ട്. പ്രതിയെ പിടിക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷ. അതിനുവേണ്ടിയുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## 13 ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജനം

ശ്രീ. എം. പി. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒല്ലൂർ പോലീസ് സ്റ്റേഷന്റെ ദൂരപരിധി 30-35 കിലോമീറ്ററാണ്. അതിന്റെ ഒരുഭാഗം വ്യാപകമായ മലനിരകളാണ്. അവിടെയൊരു ക്രൈം നടന്നാൽ അവിടെനിന്ന് അറിയിച്ച് പോലീസ് വരണമെങ്കിൽത്തന്നെ വളരെയധികം സമയമെടുക്കും. പോലീസ് സ്റ്റേഷന്റെ പരിധി കുറച്ച് ഒല്ലൂർ സ്റ്റേഷനെ വിഭജിച്ച് പുതിയൊരു പോലീസ് സ്റ്റേഷനുണ്ടാക്കേണ്ട ആവശ്യകതയിലേക്കാണ് ഈ സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജിച്ച് വെട്ടുകാട് മന്ദാമംഗലം പ്രദേശത്ത് പുത്തൂർ പോലീസ് സ്റ്റേഷനെന്ന പേരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൃശ്ശൂർ സിറ്റിയിലെ പോലീസ് മേധാവി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. എന്നാൽ ആ പ്രൊപ്പോസലിലുള്ള ചില ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് 23-1-2013-ൽ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## 14 പട്ടികജാതിയിൽപ്പെട്ട യുവാവിന് പോലീസ് മർദ്ദനം

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട ചാലക്കുടി മുനിസിപ്പൽ അതിർത്തിയിലുള്ള വിആർ. പുരം ദേശത്ത് പറമ്പത്ത് സുബ്രഹ്മണ്യൻ മകൻ അരുൺ, 19 വയസ്, 12-2-2011-ൽ ചാലക്കുടി സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലെ ഒരു പോലീസ് ഉദ്യോഗസ്ഥൻ സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും പോലീസുകാർ ക്രൂരമായി മർദ്ദിക്കുകയുമുണ്ടായി. മർദ്ദനമേറ്റ് അവശനായ അരുണിനെ, തുടർന്ന് ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഇപ്പോൾ അരുൺ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരപരാധിയായ അരുണിനെ ആളുമാറിയാണ് കസ്റ്റഡിയിലെടുത്തതും മർദ്ദിച്ചതെന്നുമാണ് അറിയാൻ കഴിഞ്ഞത്. അരുണിനെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അടിയന്തര നിയമനടപടികൾ സ്വീകരിക്കണമെന്നും അരുണിന്റെ ചികിത്സയ്ക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തൃശ്ശൂർ കൊടകര പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വെള്ളാഞ്ചിറയിൽ റെയിൽവേ ട്രാക്കിനടത്തുള്ള പറമ്പിൽ മുറിച്ചിട്ടിരുന്ന രണ്ട് തെങ്ങിൻതൈത്തെ കഷണങ്ങൾ 3-10-2012-ന് രാത്രി ആരോ റെയിൽവേ ട്രാക്കിൽകൊണ്ടിട്ട് ട്രെയിൻ അട്ടിമറിക്കാൻ ശ്രമിച്ചതുസംബന്ധിച്ച് ഇന്ത്യൻ റെയിൽവേ ആക്ട് 147, 150 (ഐ) എ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1343/2012 ആയി കൊടകര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം നടന്നു. ഈ അന്വേഷണവേളയിൽ വിജയരാഘവപുരത്തെ പറമ്പത്തുവീട്ടിൽ സുബ്രഹ്മണ്യന്റെ മകനും ഓട്ടോറിക്ഷാ ഡ്രൈവറുമായ അരുണിന് ഈ കേസ്സിന്റെ അന്വേഷണത്തിന് ഉപകാരപ്രദമായ വിവരങ്ങൾ നൽകാൻ സാധിക്കുമെന്നുള്ള സൂചന ലഭിച്ചതിനാൽ അന്വേഷണസംഘത്തിലെ എ.എസ്.ഐ. വൽസകുമാറും സി.പി.ഒ.-മാരും ചേർന്ന് പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് ചോദ്യം ചെയ്തതിനുശേഷം ഉച്ചയ്ക്ക് 3.30 മണിയോടുകൂടി വിട്ടയച്ചു. ജോബ് എന്ന പോലീസുകാരനും കണ്ടാലറിയാവുന്ന മൂന്ന് പോലീസുകാരും ചേർന്ന് മർദ്ദിച്ചുവെന്നാരോപിച്ച് അരുൺ 12-2-2012-ന് രാത്രി 10.25 മണിക്ക് ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അഡ്മിറ്റായി. ആശുപത്രിയിൽനിന്ന് ഇന്റിമേഷൻ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനിൽനിന്നും ആശുപത്രിയിലെത്തി അരുണിന്റെ മൊഴി രേഖപ്പെടുത്തി. ആശുപത്രിയിൽ അഡ്മിറ്റായതോടൊപ്പം അരുൺ ചാലക്കുടി ഡിവൈ.എസ്.പി.-ക്ക് ഒരു പരാതി നൽകിയിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈ.എസ്.പി. ആശുപത്രിയിലെത്തി അരുണിന്റെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്.

## 15 കോങ്ങാട് ഫയർ സ്റ്റേഷൻ

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് അസംബ്ലി മണ്ഡലത്തിലെ കോങ്ങാട് പഞ്ചായത്തിൽ കൈമാറ്റം ചെയ്തുകിട്ടിയ 50 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. പശ്ചിമഘട്ട മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന കോങ്ങാട് നിയോജകമണ്ഡലം തികച്ചും മലയോര പ്രദേശമാണ്. കാട്ടുതീ പടർന്നുപിടിച്ചും മണ്ണിടിഞ്ഞുവീണും ഉരുൾപൊട്ടലിലൂടെയുമുള്ള മലയിടിച്ചിലും ഇവിടെ നിത്യ സംഭവമാണ്. ഈ അടുത്തകാലത്താണ് കോങ്ങാട് പടക്കനിർമ്മാണശാലയിൽ പൊട്ടിത്തെറിയുണ്ടായി രണ്ടുപേർ മരണപ്പെട്ടത്. ഈ അവസരങ്ങളിലെല്ലാം 34 കിലോമീറ്റർ ദൂരെനിന്നാണ് ഫയർ സർവ്വീസ് അവിടെ എത്തിയത്. ഇതുമൂലം സമയം വൈകിയെത്തുന്ന സ്ഥിതിയും ഉണ്ടാകുന്നു. ഇത് പരിഹരിക്കുന്നതിനാണ് കോങ്ങാട് കേന്ദ്രമാക്കിയുള്ള ഫയർ സ്റ്റേഷന്റെ ആവശ്യമുയരുന്നത്. കോങ്ങാട് മെയിൻ റോഡ്സൈഡിൽ സ്ഥിതിചെയ്യുന്ന 50 സെന്റ് സ്ഥലത്ത് തൊട്ടടുത്തുകിടക്കുന്ന മണിക്കശ്ശേരി പുഴയിൽനിന്ന് അതിനാവശ്യമായ ധാരാളം ജലവും ലഭിക്കും. ഷൊർണ്ണൂർ, പാലക്കാട് ഫയർ സ്റ്റേഷനുകളിൽനിന്ന് 35 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന കോങ്ങാട് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്ന് പാലക്കാട് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) സർട്ടിഫൈ ചെയ്ത് രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. അതുകൊണ്ട് മുൻഗണനാ ലിസ്റ്റിലുൾപ്പെടുത്തി കോങ്ങാട് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ കാര്യത്തിനുവേണ്ടി മൃഗസംരക്ഷണ വകുപ്പിൽനിന്ന് 40 സെന്റ് സ്ഥലം ഇതുവരെയും അഗ്നിശമന വകുപ്പിന് കൈമാറ്റം ചെയ്തുകിട്ടിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തികസ്ഥിതി, സ്ഥലം ലഭിച്ചുകഴിഞ്ഞാൽ പരിശോധിക്കാവുന്ന കാര്യമാണ്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കോങ്ങാട് അഗ്നിശമന രക്ഷാനിലയം ആരംഭിക്കുന്ന കാര്യം പരിശോധിക്കും.

## 16 സൂര്യനെല്ലി പെൺകുട്ടിയെക്കുറിച്ചുള്ള പരാമർശം

ശ്രീമതി കെ. എസ്. സലീഖ: സർ, സൂര്യനെല്ലിക്കേസ്സിലെ പെൺകുട്ടിയെക്കുറിച്ച് കോൺഗ്രസ്സിന്റെ നേതാവും പാർലമെന്റ് മെമ്പറുമായ കെ. സുധാകരൻ നടത്തിയ ആഭാസപ്രതികരണം മനുഷ്യത്വരഹിതവും സാംസ്കാരിക കേരളത്തോടുള്ള വെല്ലുവിളിയുമാണ്. അദ്ദേഹം മസ്ക്കറ്റിൽ പോയപ്പോൾ സ്വകാര്യ യാത്രയ്ക്കിടെ നടത്തിയ പ്രതികരണം ഹതഭാഗ്യയായ സൂര്യനെല്ലിയിലെ പെൺകുട്ടിയെ മാനസികമായി തളർത്തുന്നതിനുള്ള ലക്ഷ്യമാണ് ഇതിന്റെ പിന്നിലുള്ളതെന്ന് വ്യക്തമാണ്. അതിനെതിരായ പ്രതികരണം രണ്ടുമൂന്ന് ദിവസങ്ങളായി ദൃശ്യ മാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലുമെല്ലാം വന്നിട്ടുപോലും കേരളത്തിന്റെ ഭരണകൂടം അക്കാര്യത്തിന് നേതൃത്വം കൊടുക്കുന്ന യു.ഡി.എഫ്.-ന്റെ നേതാക്കൾ ഇത് കണ്ടില്ലായെന്ന് നടിക്കുന്ന ഒരു സ്ഥിതിയും ഇന്ന് കേരളത്തിലുണ്ട്. പ്രതികരിക്കുന്നില്ലായെന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും കോൺഗ്രസ്സിന്റെ നേതാക്കൾ ഉൾപ്പെടെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു കാര്യം വ്യക്തമാണ്, പി.ജെ. കുര്യനെ രക്ഷിക്കാനാണ് കേരളത്തിലെ യു.ഡി.എഫ് ഭരണകൂടത്തിന്റെ താൽപര്യമെന്നത് വളരെ വ്യക്തമാണ്. അതുകൊണ്ട് പ്രകോപനപരമായി, നിയമവിരുദ്ധമായി എന്തുചെയ്താലും യു.ഡി.എഫ്. സർക്കാരിന്റെ പൂർണ്ണപിന്തുണ നൽകുമെന്നുള്ള ധാർഷ്ട്യമാണ് ശ്രീ. സുധാകരന്റെ ആവർത്തിച്ചുള്ള ഈ പ്രതികരണമെന്നതിൽ യാതൊരു തർക്കവുമില്ല. സ്ത്രീകൾക്കെതിരായി പുതിയ നിയമം വരികയാണ്. ഓർഡിനൻസ് കേന്ദ്രത്തിൽ വന്നുകഴിഞ്ഞു. നിയമം വരാൻപോകുകയാണ്. പാർലമെന്റിനകത്തിരുന്ന് ചർച്ച ചെയ്യേണ്ട വ്യക്തിയിൽനിന്നാണ് ഇത്തരം നിലപാടുണ്ടാകുന്നതെന്നത് ആ ബില്ലിന്റെ കാര്യത്തിലുണ്ടാകുന്ന സ്ഥിതി എന്തെന്ന് ഞങ്ങളെ ആശങ്കപ്പെടുത്തുകയാണ്. നേതാക്കൾ സ്ത്രീകളോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കോൺഗ്രസ്സിന്റെ നേതാവായ രേണുകാ ചൗധരി അവരുടെ നേതാക്കളെതന്നെ വിലയിരുത്തിക്കൊണ്ട് പറയുകയാണ്. മഹിളാ അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറി തുറന്ന കത്ത് മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. അതുപോലെതന്നെ കേന്ദ്രത്തിൽ ഞങ്ങളുടെ നേതാവ് വൃന്ദാ കാരാട്ട് ഇക്കാര്യത്തെ സംബന്ധിച്ച് പ്രതികരിച്ചിട്ടുണ്ട്. എല്ലാ കാര്യത്തിനും കേസ്സെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ ഭരണകൂടം കേരളത്തിലെ സ്ത്രീകളോട് വെല്ലുവിളിച്ചിട്ടുള്ള, പ്രത്യേകിച്ച് സൂര്യനെല്ലിയിലെ പെൺകുട്ടി 17 വർഷക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനത്തിന് ഒന്നുകൂടി ആക്കംകൂട്ടുന്ന രീതിയിലേക്ക് നിലപാട് സ്വീകരിച്ചിട്ടുള്ള എം.പി. സുധാകരന്റെ പേരിൽ നടപടിയെടുക്കാൻ, കേസ്സെടുക്കാൻ ഭരണകൂടം തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം........ ശ്രീ. പി. ജെ. കുര്യനെ കൂടി ഇതിനകത്ത് ചേർത്ത് പറഞ്ഞതുകൊണ്ട് ഒരു വാക്ക് ഞാൻ പറയാം. ശ്രീ. പി. ജെ. കുര്യന്റെ കേസ് അന്വേഷിച്ചത് ബഹുമാനപ്പെട്ട കെ. എസ്. സലീഖയുടെ രാഷ്ട്രീയകക്ഷി ഇവിടെ ഭരിച്ചുകൊണ്ടിരുന്ന കാലത്താണ്. രാഷ്ട്രീയം പറഞ്ഞതുകൊണ്ടാണ്, ഞാൻ രാഷ്ട്രീയം പറയില്ലായിരുന്നു. ഞാൻ പറയാനേ വന്നതല്ല, ഞാൻ അത് തൊടാൻപോലും വന്നതല്ല. പക്ഷേ സത്യം നമ്മൾ അറിയണ്ടേ ? ഇവിടെ ശ്രീ. പി. ജെ. കുര്യനെ ഒഴിവാക്കുന്നതിനുവേണ്ടി ശ്രമം നടത്തിയെന്ന പ്രതിപക്ഷ നേതാവിന്റെ ആക്ഷേപം കേട്ടാൽ പോലും അറിയാമല്ലോ എവിടെയാണ് കാര്യം പോയിനിൽക്കുന്നതെന്ന്. ഞാൻ രാഷ്ട്രീയം പറയാൻ വന്നതല്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ശ്രീ. കെ. സുധാകരൻ നടത്തിയ ഒരു പ്രസ്താവനയാണ്. അത് ഈ ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നമേയില്ല. ഗവൺമെന്റിന് അങ്ങനെ ഒരു അഭിപ്രായവുമില്ല. പൊളിറ്റിക്കലായ പൊസിഷനാണ് ലീഡർഷിപ്പ് പറയുന്നത്. എന്റെ രാഷ്ട്രീയ പാർട്ടി അതിന്റെ പൊസിഷൻ പറഞ്ഞുകഴിഞ്ഞു. അത് വളരെ ക്ലിയർകട്ടാണ്. ഏത് നിലപാടിലാണ് നിൽക്കുന്നതെന്ന് പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ : അങ്ങയുടെ പാർട്ടി അങ്ങനെ ഒരു നിലപാട് സ്വീകരിച്ചുവെങ്കിൽ ആ എം.പി.ക്കെതിരെ നടപടി സ്വീകരിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങേക്ക് അറിയരുതോ ? ഇവിടെ എന്റെ രാഷ്ട്രീയ പാർട്ടി പൊളിറ്റിക്കലായിട്ടുള്ള പൊസിഷൻ പറയുന്നു. ആ ലീഡർഷിപ്പാണ് പറയേണ്ടത്. ലീഡർഷിപ്പ് ആ ഉത്തരവാദിത്വം ചെയ്തിട്ടുണ്ട്. ലീഡർഷിപ്പ് പറഞ്ഞിട്ടില്ല എന്ന് ശ്രീമതി കെ. എസ്. സലീഖ ആവർത്തിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് ഓർമ്മിപ്പിക്കേണ്ടിവന്നത്. ലീഡർഷിപ്പ് ആ കാര്യം പറഞ്ഞിട്ടുണ്ട്. രണ്ടാമത്തേത്, ഗവൺമെന്റിനെ ബാധിക്കുന്ന കാര്യമാണ്. അത് കേരളത്തിലുണ്ടായ കാര്യമല്ലാത്തതുകൊണ്ടാണ് നമുക്കുള്ള പ്രശ്നം. അതുകൊണ്ട് നമ്മൾ ഈ കാര്യത്തിൽ ഒരു ....................,ഗവൺമെന്റ് ഇത് അക്സപ്റ്റ് ചെയ്യുന്ന പ്രശ്നമേയില്ല. ഗവൺമെന്റിന്റെ നിലപാട് വേറെയാണ്.

ഡോ. ടി.എം. തോമസ് ഐസക് : സർ, കേരളത്തിലെ ടി.വി.-കളുടെ മുമ്പിലിരുന്ന് നിങ്ങളും ഞാനും കേൾക്കുന്നതല്ലേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ടിവി-യുടെ മുമ്പിലിരുന്ന് കേട്ടാൽ വരുന്നത് 500-ഉം 501-ഉം അനുസരിച്ച് ഡിഫമേഷനാണ്. ആ ഡിഫമേഷനുള്ള പോസിബിലിറ്റി എന്താണ്; അങ്ങേക്ക് അറിയാമല്ലോ ? അങ്ങേക്ക് ഈ കാര്യത്തിൽ നല്ല ജ്ഞാനമുള്ള ആളല്ലേ ? അങ്ങേക്ക് അറിയുമല്ലോ ഒരു ഡിഫമേഷൻ.............. ഞാനൊന്ന് പറഞ്ഞോട്ടേ, നിങ്ങൾ എഴുതിത്തന്നതിന് മറുപടിയാണ് ഞാൻ പറയുന്നത്. നിങ്ങളെല്ലാവരും കൂടിച്ചേർന്നാണ് ശ്രീമതി കെ. എസ്. സലീഖയെ ചുമതലപ്പെടുത്തിയത്. നിങ്ങൾ അഞ്ച് ആളുകൾ ഒരുമിച്ച് എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ. എസ്. സലീഖയെ സംസാരിക്കാൻ സ്പീക്കർ അനുവദിക്കുകയായിരുന്നു. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ കൂടി ചേർത്താണ് ഞാൻ ഈ മറുപടി പറയുന്നത്. അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന്റെ തലയിൽ ചാരണ്ട. ഇതിലെ പ്രധാനപ്പെട്ട പ്രശ്നത്തെ പി. ജെ. കുര്യന്റെ കേസുമായി ബന്ധപ്പെടുത്തേണ്ട. ഇതിന്റെ പൊളിറ്റിക്കൽ പൊസിഷനും നിയമപരമായ വശവും ഞാനിവിടെ പറയുകയാണ്. ഞങ്ങൾ ഇതിനെ സപ്പോർട്ട് ചെയ്യുന്ന പ്രശ്നമില്ല. ഒന്നുംകൂടി ഞാൻ പറയുകയാണ്, ഈ ഗവൺമെന്റ് സ്ത്രീകളുടെ മാന്യതയും ഡീസെന്റ്സിയും കീപ്പ് ചെയ്യുന്ന കാര്യത്തിൽ നൂറ് ശതമാനം കമ്മിറ്റഡാണ്. അതിനകത്തൊന്നും ഒരു മാറ്റവുമുണ്ടാകുന്ന പ്രശ്നമില്ല. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്.

LIBRARY ARCHIVES Kerala Legislative Assembly

## 17 അൽഅമീന്റെ മോചനം

ശ്രീ. പി. റ്റി. എ. റഹീം: സർ, ഒരാൾ ഒരു മാസമായി പോലീസ് സ്റ്റേഷനിൽ കിടക്കുകയാണ്. പോലീസ് നിസ്സഹായരാണ്. .............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം, ഞാൻ അടുത്ത ആളിനെ വിളിക്കട്ടെ, അങ്ങ് അവതരിപ്പിക്കൂ.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഒരു മാസമായി കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ തടവിൽ കഴിയുന്ന അൽ അമീനെ മോചിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ അവതരിപ്പിച്ചു. ഒരാൾ ഒരു മാസമായി പോലീസ് സ്റ്റേഷനിൽ തടങ്കലിലാണ്. അയാളെ വിട്ടയയ്ക്കാൻ പോലീസിന് സാധിക്കുന്നില്ല. നിയമപരമായി അയാൾക്ക് സഹായം കൊടുക്കാൻ സാധിക്കുന്നില്ല. അയാളെ ഏതെങ്കിലും രൂപത്തിൽ മോചിപ്പിക്കുന്നതിനുള്ള നടപടിയെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുന്നമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മേൽപ്പടിയാന് ഒന്നര വർഷം തടവും ആയിരം രൂപ പിഴയും ശിക്ഷ വിധിച്ചു. തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ ശിക്ഷ പൂർത്തിയാക്കിയ ആളിനെ കോടതി ഉത്തരവ് പ്രകാരം 15-1-2013-ൽ അതിർത്തി കടത്തിവിടുന്നതിന് പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും ഏറ്റുവാങ്ങി. മേൽപ്പടിയാനെ അതിർത്തി കടത്തി വിടുന്നതിനാവശ്യമായ യാത്രാരേഖകൾ ബംഗ്ലാദേശ് എംബസ്സിയിൽ നിന്നും ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 28-1-2013-ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ഫാക്സ് സന്ദേശം നൽകിയിട്ടുണ്ട്. രേഖകൾ ലഭിച്ചാലുടൻതന്നെ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## 18 മലബാർ സിമെന്റ്സിലെ അഴിമതി

ശ്രീ. എം. ചന്ദ്രൻ: സർ, മലബാർ സിമെന്റ്സിലെ കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രനും അദ്ദേഹത്തിന്റെ മക്കളും മരണപ്പെട്ടത് 2011 ജനുവരിയിലാണ്. ഇത് കൊലപാതകമാണെന്ന് ശശീന്ദ്രന്റെ ഭാര്യയും ബന്ധുക്കളും പറഞ്ഞു. നിയമസഭയിൽ ഈ പ്രശ്നം ഞാൻ സബ്മിഷനായി ഉന്നയിച്ചപ്പോൾ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ സി.ബി.ഐ. അന്വേഷണം നടത്തുമെന്ന് നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. മലബാർ സിമെന്റ്സിലെ അഴിമതിയുമായി ശശീന്ദ്രന്റെയും കുട്ടികളുടെയും മരണത്തിന് ബന്ധമുണ്ടെന്നുപറഞ്ഞ് സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു. വിജിലൻസ് അന്വേഷിച്ച അഴിമതികൾ സി.ബി.ഐ. അന്വേഷണത്തിന് വിടുന്നതിന് സമ്മതമാണെന്ന് സർക്കാർ നിയമസഭയിൽ പറഞ്ഞെങ്കിലും ഇതിന് വിരുദ്ധമായ സമീപനമാണ് ഹൈക്കോടതിയിൽ സ്വീകരിച്ചത്. വിവാദ വ്യവസായി ചാക്ക്രാധാകൃഷ്ണനെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ് ജനങ്ങളുടെ സംസാരം. അതുകൊണ്ട് മലബാർ സിമെന്റ്സിലെ അഴിമതികളും സി.ബി.ഐ. സംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് ആവശ്യപ്പെട്ടിരുന്നത് മലബാർ സിമെന്റ്സിലെ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്നാണ്. അതാണ് അങ്ങ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇവിടെ മലബാർ സിമെന്റ്സിലെ മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും കുട്ടികളുടെയും ദുരൂഹ മരണം സി.ബി.ഐ. അന്വേഷണത്തിന് വിട്ടുകൊണ്ട് ജി.ഒ.

LIBRARY ARCHIVES Kerala Legislative Assembly

(എം.എസ്.) നമ്പർ 45/2011/ഹോം 17-2-2011 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മലബാർ സിമെന്റ്സ് അഴിമതി സംബന്ധിച്ച് വിസി. 3/2008 പാലക്കാട്, 7/2008 പാലക്കാട്, 8/2008 പാലക്കാട്, 1/2009 പാലക്കാട്, 8/2011 പാലക്കാട് എന്നീ അഞ്ച് വിജിലൻസ് കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് കൊടുക്കുകയും അഞ്ചാമത്തേതിൽ അന്വേഷണം നടത്തിവരികയുമാണ്. ചാർജ്ഷീറ്റ് ചെയ്ത നാല് കേസുകളിലും തൃശ്ശൂർ വിജിലൻസ് കോടതി കേസ് നമ്പർ അലോട്ട് ചെയ്തിട്ടുണ്ട്. സി.സി. നമ്പർ 32/2010, 22/2011, 2/2011, 34/2011 എന്നിവയാണ് ആ കേസുകളുടെ നമ്പറുകൾ. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ച് കോടതിയിൽ ചാർജ്ഷീറ്റ് ചെയ്തതടക്കം കേസുകളിൽ സി.ബി.ഐ. അന്വേഷണം വേണമെന്നാവശ്യപ്പെട്ടാണ് മരണപ്പെട്ട ശശീന്ദ്രന്റെ പിതാവ് വേലായുധൻ മാസ്റ്റർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9666/2012-ൽ പ്രധാനമായും ആവശ്യപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന നിലപാട് സ്വീകരിച്ചു. അതാണ് ഫയലിൽ കുറിച്ചതായിട്ട് അങ്ങ് പറയുന്നത്. Government of Kerala has no objection in allowing CBI to enquire into the alleged matters under investigation by VACB. അതാണ് ഞാൻ ഫയലിൽ കുറിച്ചിട്ടത്. ഫയലിൽ കുറിച്ചിട്ടതിന്റെ കോപ്പി എല്ലാവരുടെയും കയ്യിലുള്ളതായിട്ട് ആ രേഖകൾ പലതും കണ്ടപ്പോൾ എനിക്കും ബോധ്യപ്പെട്ടു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച ഏത് രേഖകളും പരിശോധിക്കാൻ സി.ബി.ഐ.-ക്ക് നൽകുന്നതിന് സംസ്ഥാന സർക്കാരിന് സമ്മതമാണെന്നും ആഭ്യന്തര വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 16-1-2013-ൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുമുണ്ട്. ഇതാണ് അതിന്റെ സത്യം.

## 19 ജീവകാരുണ്യ പ്രവർത്തനത്തിന് ഫണ്ട്

ശ്രീ. പുരുഷൻ കടലുണ്ടി: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് ജീവകാരുണ്യ പ്രവർത്തന രംഗത്ത് മാതൃകാപരമായ ഇടപെടലുകളാണ് മുമ്പ് നടത്തിയിരുന്നത്. അതിന്റെ തുടർച്ച ഇപ്പോൾ നടക്കുന്നുണ്ട്. എന്നാൽ ഇന്ത്യക്ക് മാതൃകയായ ഈ പ്രവർത്തനത്തിന് തുടർച്ചയായി ജീവകാരുണ്യ പ്രവർത്തനം ശക്തിപ്പെടുത്താൻ സർക്കാർ ബഡ്ജറ്റിൽ വലിയ തുക വകയിരുത്തണം. കേരളത്തിലും ഇന്ത്യയിലും അന്താരാഷ്ട്രരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഏജൻസികളും സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളും വഴി സഹായം പ്രയോജനപ്പെടുത്താൻ സാമൂഹ്യ സുരക്ഷാ മിഷനിലൂടെ സാമൂഹ്യനീതി വകുപ്പ് തയ്യാറാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പാക്കിക്കൊണ്ട് കരുണയും സഹായവും ആവശ്യമായ ഏതൊരാൾക്കും എപ്പോഴും സഹായ ഹസ്തവുമായി നിലകൊള്ളണമെങ്കിൽ വൻതോതിലുള്ള ഫണ്ട് ആവശ്യമാണ്. അതിന് ബഡ്ജറ്റിന് പുറത്തുനിന്നും തുക കണ്ടെത്തേണ്ടതായി വരും. കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സാമൂഹിക



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവാദിത്വം നിറവേറ്റുവാനുള്ള അവരുടെ ഫണ്ടിൽ നിന്നും തുക നൽകുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ഇതിനായി മുന്നോട്ടുവന്നു കഴിഞ്ഞു. വി കെയർ എന്ന പേരിൽ തുടങ്ങുന്ന പദ്ധതിയിൽ പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ രാജ്യത്തിനകത്തും പുറത്തും നിന്നുള്ള ജീവകാരുണ്യ പ്രസ്ഥാനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും ഫണ്ട് ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി സംബന്ധിച്ച് പല ഉന്നതതല യോഗങ്ങൾ ഇതിനകം ചേരുകയുണ്ടായി. ഫണ്ട് സമാഹരിക്കുന്ന ഏജൻസിയെ നിർണ്ണയിക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ സമാഹരിക്കുന്ന തുക ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് അനുസരിച്ചുള്ള അനുവാദത്തിനായി കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2013 ജനുവരി 30-ന് ചേർന്ന യോഗത്തിൽ ഏപ്രിൽ 7-ന് പദ്ധതി നിലവിൽ വരണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പേമെന്റ് ഗേറ്റ്‌വേ സാദ്ധ്യമാകുന്നതോടുകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളുപയോഗിച്ച് ഇന്റർനെറ്റുവഴി ഫണ്ടിലേക്ക് സംഭാവന നൽകാൻ കഴിയും. റെസീപ്റ്റ് നെറ്റ് വഴി തന്നെ അവർക്ക് ലഭിക്കും. ഇത് സുതാര്യമായി ചെയ്യുന്നതിനായി സോഷ്യൽ ഓഡിറ്റ് ചെയ്യുവാൻ മാധ്യമപ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ ഒരു സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. കേരള ഗവൺമെന്റിന്റെ ഏറ്റവും തിളക്കമാർന്ന ഈ നൂതന പദ്ധതി ലോകത്തിന് തന്നെ മാതൃകയായി മാറണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

## 20 വിദ്യാഭ്യാസ വായ്പ

ശ്രീ എം. എ. ബേബി: സർ, ശ്രീ സി. ദിവാകരൻ വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട പ്രശ്നം നേർത്തെ ഇവിടെ അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല, ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ നിയമസഭയിലെ പ്രഖ്യാപനം 2012 മാർച്ച് 23-ാം തീയതിയിലെ പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തതാണ്. “2003 മുതൽ 2009 വരെയുള്ള എല്ലാ വിദ്യാഭ്യാസ വായ്പകളുടേയും പലിശബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന് മന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞു. ബഡ്ജറ്റിൽ ബി.പി.എൽ.-കാർക്ക് മാത്രം പ്രഖ്യാപിച്ച ആനുകൂല്യമാണ് വിപുലീകരിച്ചിരിക്കുന്നത്.” പിന്നീട് ബി.പി.എൽ. വിദ്യാർത്ഥികളുടെ വായ്പയുടെ കാര്യത്തിൽ മാത്രമേ ഗവൺമെന്റ് ഉത്തരവാദിത്തം ഏറ്റെടുക്കുകയുള്ളൂ എന്നൊരു പ്രഖ്യാപനമാണ് മുഖ്യമന്ത്രി ഒക്ടോബറിൽ നടത്തിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പ് നടപ്പാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ എ.പി.എൽ./ ബി.പി.എൽ വേർതിരിവ് പാടില്ല. മറ്റൊന്ന് സമീപ സംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുന്ന കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ ബാധ്യത ഏറ്റെടുക്കാൻ കഴിയില്ല എന്നുള്ള നിലപാട് ചില ബാങ്കുകൾ എടുക്കുന്നുണ്ട്. അത് തിരുത്തണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം ബാങ്കുകളുടെ മാനേജ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് അഭ്യർത്ഥിക്കേണ്ടതല്ല, കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ അത് നടപ്പിലാക്കേണ്ടതാണ്. അക്കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് ഉറച്ച സമീപനമെടുക്കണം. ഈ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിൽ ഗവൺമെന്റ് ഉറച്ചു നിൽക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, 2009 മുതൽ വിദ്യാഭ്യാസ വായ്പയ്ക്കുള്ള ബി.പി.എൽ. അപേക്ഷകരുടെ പലിശ ഇളവ് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എന്റെ കൈയിലുള്ള രേഖകൾ പ്രകാരം 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തിനുശേഷം ജോലി കിട്ടാത്തതിനെത്തുടർന്ന് അവശതയനുഭവിക്കുന്നതും ആയ ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശബാധ്യത സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുമെന്നാണ്. അങ്ങ് പറഞ്ഞതു പോലെ ബി.പി.എൽ.-ന് പുറത്ത് പലിശബാധ്യത ഏറ്റെടുക്കുമെന്നുപറഞ്ഞ ഒരു രേഖയും ഞങ്ങളുടെ കൈവശമില്ല. അങ്ങനെയൊരു രേഖ നൽകിയാൽ പരിശോധിക്കാം.

ശ്രീ. എം. എ. ബേബി : 2012 മാർച്ച് 22-ാം തീയതിയിലെ നിയമസഭാ രേഖകൾ പരിശോധിച്ചാൽ മതി.

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ കൈയിലുള്ള ഫയൽ അനുസരിച്ച് അങ്ങനെയുള്ള പ്രഖ്യാപനം കാണുന്നില്ല. അങ്ങ് രേഖ നൽകിയാൽ അത് പരിശോധിക്കാം. പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം. 2009-ലാണ് കേന്ദ്രം പലിശ ഇളവ് ചെയ്യുമെന്ന് പറഞ്ഞത്. 2009-നുശേഷം 2012-ലെ ബഡ്ജറ്റിൽ മാത്രമാണ് കേരളത്തിൽ ഈ ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ കൊടുക്കുമെന്ന് പറഞ്ഞത്. അന്നുവരെ ഉണ്ടായിരുന്ന ഗവൺമെന്റ് ഇക്കാര്യം ആലോചിച്ചില്ല. ഇപ്പോഴത്തെ ഗവൺമെന്റാണ് ബി.പി.എൽ. വിഭാഗത്തിനെങ്കിലും പലിശ ഇളവുചെയ്യാൻ തീരുമാനിച്ചത്. അതനുസരിച്ച് 2004 മുതലുള്ള ബി.പി.എൽ. വിഭാഗത്തിന്റെ പലിശ ഇളവ് ചെയ്യുന്നതുസംബന്ധിച്ച നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള റവന്യൂ റിക്കവറി നിർത്തിവച്ചിട്ടുണ്ട്, മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. അത് 10-12-2012 മുതൽ ആറു മാസത്തേക്ക് നീട്ടിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതായ രേഖകൾ ഹാജരാക്കാമെങ്കിൽ അക്കാര്യം പരിശോധിക്കാം.

## 21 കാസർഗോഡ് ജില്ലയിലെ കർഷകർക്ക് പ്രത്യേക പാക്കേജ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്ക് ഒരു പ്രത്യേക പാക്കേജ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു ; ശ്രീ. ടി. എം. തോമസ് ഐസക് പത്തുകോടി രൂപ അടയ്ക്കാ കർഷകർക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ തുക കൃഷിക്കാർക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ആവർത്തിച്ച് സഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അടയ്ക്കാകർഷകരിൽനിന്നും അപേക്ഷ ക്ഷണിക്കുകയും കൃഷിഭവനിലൂടെ ആയിരക്കണക്കിന് കൃഷിക്കാരുടെ അപേക്ഷ ശേഖരിക്കുകയും ചെയ്തിട്ട് വർഷങ്ങളായി. ഇക്കാലമത്രയും കാത്തിരിപ്പല്ലാതെ ആ തുക അവരുടെ കൈകളിലെത്തിയിട്ടില്ല. ഇപ്പോൾ അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വത്തിൽ വമ്പിച്ചതോതിൽ കമുക് കർഷകരുടെ നേതൃത്വത്തിൽ സമ്മേളനം നടത്തുകയും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയുമാണ്. ഇനിയെങ്കിലും അത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ഇ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് ഭരണാനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുവെങ്കിലും ഫണ്ട് നീക്കിവച്ചിരുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കഴിഞ്ഞ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ ഇതിനുവേണ്ട തുക കണ്ടെത്താൻ കഴിയാത്തതിനെത്തുടർന്ന് കാർഷിക മേഖലയ്ക്കായി ഈ വർഷത്തെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിനുള്ളിൽനിന്ന് ഉചിതമായ പുന:ക്രമീകരണങ്ങളിലൂടെ പദ്ധതിക്കാവശ്യമായ വിഹിതം കണ്ടെത്തുവാൻ സ്വീകരിച്ച നടപടിയും ഫലവത്തായില്ല. ഈ സാഹചര്യത്തിൽ 2013-14 ബഡ്ജറ്റിൽ അടയ്ക്കാ കർഷക പാക്കേജ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## 22 ആനത്തൊട്ടാവാടിമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ആനത്തൊട്ടാവാടി എന്ന സസ്യം സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിലും കൃഷിപ്രദേശങ്ങളിലും വാസസ്ഥലങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യനും മൃഗങ്ങൾക്കും ജീവജാലങ്ങൾക്കും ഒരുപോലെ ഹാനികരമായ ഈ സസ്യം, വ്യാപിക്കുന്നതിന്റെ ഭാഗമായി വലിയതോതിൽ സസ്യസമ്പത്ത് നശിക്കുകയാണ്. കടുത്ത ചൂടുള്ള പ്രദേശങ്ങളിൽ മാത്രം കണ്ടിരുന്ന സസ്യമാണിത്. കേരളത്തിന്റെ ഭൂപ്രദേശങ്ങളിൽ ഇത് വ്യാപിക്കുന്നതുതടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. മൃഗങ്ങളുടെ ദേഹത്ത് ഉണ്ടായിരുന്ന ടിക്ക് ജീവി മനുഷ്യന്റെ ദേഹത്ത് വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങേക്ക് ഒരു കത്ത് തന്നിരുന്നു. അതും ഇത്തരത്തിൽ വളരെ ഗൗരവമായി എടുക്കേണ്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽ ഈ വിഷയങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സംസ്ഥാനത്തെ വനമേഖലകളിലും റബ്ബർ കൃഷി മേഖലകളിലും കണ്ടുവരുന്ന ആനത്തൊട്ടാവാടി പുറംനാട്ടിൽ നിന്നും വന്നിട്ടുള്ള കളസസ്യമാണ്. ഇതിന്റെ ശാസ്ത്രീയ നാമം മൈമോസ ഇൻവിസ എന്നാണ്. ഇവ വളരെവേഗത്തിൽ വ്യാപിക്കുന്നതും നിലവിലുള്ള കൃഷി പ്രദേശത്തെ സസ്യസമ്പത്തിനെ നശിപ്പിക്കുന്നതും മനുഷ്യനും മൃഗങ്ങൾക്കും ഒരുപോലെ ഹാനികരവുമാണ്. ആയതിനാൽ ഇതിനെ നശിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കേരള കാർഷിക സർവ്വകലാശാല നടത്തിയ പഠനങ്ങളിൽ 10 മില്ലിലിറ്റർ ഗിൽഫോസ് ഫോസ്ഫേറ്റ് എന്ന കളനാശിനി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചാൽ ആനത്തൊട്ടാവാടി എന്ന കളസസ്യത്തെ നശിപ്പിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. ആനത്തൊട്ടാവാടിയുടെ വ്യാപനം തടയുന്നതിന് നിലവിൽ കൃഷിവകുപ്പുമുഖേന പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പാക്കാത്തതിനു കാരണം ഇത് സംസ്ഥാന വ്യാപകമായിട്ടുള്ള പ്രശ്നമല്ലെന്നുള്ളതാണ്. ഇതിനെതിരെയുള്ള കളനാശിനി പ്രയോഗം വനമേഖലയിൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ വ്യാപകമായ കളനാശിനിപ്രയോഗം

പ്രായോഗികമല്ല. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് പ്രോഗ്രാം, ഡൽഹി യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ എൻവയോൺമെന്റ് മാനേജ്മെന്റ് ഓഫ് ദ ഡ്രേഡഡ് ഇക്കോ സിസ്റ്റംസ് എന്നീ സ്ഥാപനങ്ങൾ ചേർന്ന് ഇതുസംബന്ധിച്ച് ദേശീയതലത്തിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ വിദേശ അധിനിവേശ കളകളെക്കുറിച്ച് കേരള വനഗവേഷണകേന്ദ്രം സംസ്ഥാനത്ത് നടത്തിയ പഠനത്തിൽ ആവാസ വ്യവസ്ഥകൾക്ക് ഭീഷണിയായി കണ്ടെത്തിയ സസ്യങ്ങളിൽ ആനത്തൊട്ടാവാടിയും ആവാസവ്യവസ്ഥകൾക്ക് പ്രത്യേകിച്ചും, വനങ്ങൾക്ക് ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ വ്യാപനം തടയുന്നതുസംബന്ധിച്ചുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കേരള കാർഷിക യൂണിവേഴ്സിറ്റിയും മറ്റ് അനുബന്ധ വകുപ്പുകളും മുഖാന്തിരം ശേഖരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## 23 സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് വലിയ ആശ്വാസകരമായിരുന്നു. എന്നാൽ ഇപ്പോൾ അത് നിലച്ച മട്ടിലാണ്. ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിച്ചിരുന്ന ഈ പദ്ധതി 2013 ഏപ്രിൽ മുതൽ റിലയൻസിനെ ഏൽപ്പിക്കാൻ പോകുന്നു എന്നുകേട്ടു. ഇപ്പോൾ ആശുപത്രികളൊന്നും രോഗികളെ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഓരോ ആശുപത്രിക്കും കുടിശ്ശികയായി കിടക്കുന്നത്. പ്രീമിയം അടയ്ക്കാൻ സർക്കാർ തയ്യാറാകുന്നില്ല എന്നാണ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി ആശുപത്രി ഭാരവാഹികളോട് പറയുന്നത്. വടകര-കൊയിലാണ്ടി താലൂക്കിന്റെ കിഴക്കൻ പ്രദേശത്തുള്ള ഏക ആശുപത്രിയാണ് പേരാമ്പ്രയിലെ ഇ.എം.എസ്. സഹകരണ ആശുപത്രി. അവിടെ 62 ലക്ഷം രൂപ കുടിശ്ശിക കിടക്കുകയാണ്. ആ തുക വാങ്ങിക്കൊടുക്കാൻ ജില്ലാ നോഡൽ ഓഫീസർ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. ഏപ്രിൽ മുതലുള്ള സാമ്പത്തിക വർഷത്തിൽ പുതിയ ഇൻഷ്വറൻസ് കമ്പനി വരികയാണെങ്കിൽ അതുവരെയുള്ള സംഖ്യ ആശുപത്രികൾക്ക് കൊടുക്കാൻ ആവശ്യമായ നടപടിയെടുത്ത് ഇത്തരം സഹകരണ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും രക്ഷിക്കാൻ തയ്യാറാകണമെന്നാണ് ഉന്നയിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഭാഗികമായി ശരിയാണ്. അല്പം വൈകി എന്നുള്ളത് ഒരു വസ്തുതയാണ്. ഈ വർഷം തുടക്കത്തിൽത്തന്നെ ക്രമാതീതമായി ഇൻഷ്വറൻസ് പ്രീമിയം വർദ്ധിച്ചു. 748 കോടിയായിരുന്നത് ഒറ്റയടിക്ക് 1274 കോടി രൂപയായി ടെണ്ടർ വർദ്ധിച്ചു. ആ സമയത്ത് ബഡ്ജറ്റിൽ അതിനാവശ്യമായ പ്രൊവിഷൻ സംബന്ധിച്ച പോരായ്മയുണ്ടായി. എന്നാൽ അത് ചർച്ചചെയ്ത് 1274 കോടി ആയിരുന്നത് 1100 കോടി രൂപയായി കുറവ് ചെയ്യിച്ചു. ഏപ്രിൽ മുതലുള്ള ആ കാലയളവിൽ ചർച്ചകൾ നടന്നപ്പോൾ പ്രീമിയം കൊടുക്കാൻ വൈകി. ജൂലൈ മാസത്തിലെ പ്രീമിയം തുകയായ 15 കോടി രൂപയും നേരത്തെയുള്ള 5 കോടിയും ചേർത്ത് 20 കോടി രൂപ കൊടുത്തു. തുടർന്ന് കൃത്യമായി കൊടുത്തുകൊണ്ടിരുന്നു. ബഡ്ജറ്റിംഗ് പ്രൊവിഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രോബ്ലം കൊണ്ടുതന്നെ ക്രമാതീതമായി 308 കോടി രൂപയായിരുന്നു അവർക്ക് കൊടുക്കേണ്ടിയിരുന്നത്. അങ്ങനെ വന്നതുകൊണ്ടാണ് പിന്നീട് കാലതാമസമുണ്ടായത്. സ്റ്റേറ്റിന്റെ വിഹിതമായ 45 കോടി രൂപ, അതാണ് അവസാനം കൊടുക്കാൻ ഉണ്ടായിരുന്നത്, കഴിഞ്ഞ 15-ാം തീയതി അതിന്റെ ജി.ഒ. ആയിട്ടുണ്ട്. അതിപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഉടൻ പരിഹരിക്കപ്പെടും. ഇതിന്റെ ഗ്രീവൻസ് സെൽ ഫലപ്രദമല്ല എന്ന കാര്യം കൂടി അദ്ദേഹം സബ്മിഷനിൽ എഴുതിത്തന്നിരുന്നു. ഒരുപാട് ക്രമക്കേടുകൾ സ്വകാര്യമേഖലയിലെ ആശുപത്രികൾ നടത്തിയിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇൻപേഷ്യന്റ് സ്കീമാണെങ്കിലും വഴിയേ പോകുന്നവരെ പിടിച്ച് കിടത്തി ചികിത്സിപ്പിക്കുന്ന സംവിധാനംകൂടി വന്നതാണ് പ്രീമിയം ഇത്രയും വർദ്ധിക്കാൻ കാരണമായത് എന്നാണ് ആർഎസ്ബിവൈ - കേന്ദ്ര ഗവൺമെന്റ് അക്കാര്യത്തിൽ കണ്ടെത്തിയത്. എന്താണെങ്കിലും ഈ വർഷം നമുക്കെല്ലാം വലിയ താൽപര്യമില്ലെങ്കിൽപ്പോലും റിലയൻസ് ഇൻഷ്വറൻസിനെയാണ് ഈ പദ്ധതി ഏൽപ്പിക്കുന്നത്. കഴിഞ്ഞ വർഷം 1274-ഉം പിന്നീട് 1109 കോടി രൂപയായും യുണൈറ്റഡ് ഇൻഷ്വറൻസ് ക്വാട്ട് ചെയ്തിരുന്ന സ്ഥാനത്ത് 738 കോടി രൂപയാണ് റിലയൻസ് ഇൻഷ്വറൻസ് ക്വാട്ട് ചെയ്തിരിക്കുന്നത്. 150 കോടി രൂപയുടെ ലാഭമാണ് സംസ്ഥാന ഗവൺമെന്റിന് വന്നിട്ടുള്ളത്. നമ്മുടെ ഏജൻസിയെ ശക്തിപ്പെടുത്തി കൃത്രിമങ്ങൾ നടക്കാതെ നോക്കാനും ഈ പദ്ധതി ഫലപ്രദമാക്കി ജനങ്ങൾക്ക് ഗുണം നൽകുന്ന നിലയിലേക്ക് മുന്നോട്ടുകൊണ്ടുപോകുന്നതിനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## 24 കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ സാമ്പത്തികപ്രതിസന്ധി

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, കേരളത്തിലെ കർഷക തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി 1990-ൽ നടപ്പിലാക്കിയ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി ഇന്ന് തകർച്ചയുടെ വക്കിലാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമായിരിക്കുകയാണ്. ക്ഷേമനിധി ബോർഡിന്റെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതിന്റെ ഫലമായി അംഗങ്ങളായ തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ ക്ഷേമനിധി ബോർഡിന് കഴിയുന്നില്ല. ഇതിലേറ്റവും ഖേദകരമായ ഒരു സ്ഥിതി ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ മരണപ്പെട്ടാൽ സംസ്കാര ചടങ്ങിനായി അടിയന്തരമായി കൊടുക്കേണ്ട തുക ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല എന്നതാണ്. അങ്ങനെ ഏകദേശം 1198 പേരുടെ അപേക്ഷ ഇപ്പോൾ പണം കൊടുക്കാൻ നിവൃത്തിയില്ലാതെ കിടക്കുകയാണ്. കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞ ഗവൺമെന്റ് 114.9 കോടി രൂപ കുടിശ്ശിക തീർക്കുവാനായി കൊടുത്തിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി ഒരാനുകൂല്യവും കൊടുക്കുവാൻ കഴിയുന്നില്ല. ഏതാണ്ട് 2,19,386 പേരുടെ അപേക്ഷ ഇപ്പോഴും തീർപ്പാക്കാൻ കഴിയാതെ, പണം കൊടുക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണ്. അതിവർഷ ആനുകൂല്യം 1,55,517 പേർക്ക് നൽകാനുണ്ട്. വിവാഹധന സഹായം 57,203 പേർക്കും മരണാനന്തര ധനസഹായം 5,114 പേർക്കും പ്രസവ ധനസഹായം 944 പേർക്കും ചികിത്സാ സഹായം 614 പേർക്കും നൽകാനുണ്ട്. 121.47 കോടി രൂപ ഉണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഈ ആനുകൂല്യം കൊടുക്കുവാൻ സാധിക്കുകയുള്ളു. കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ കയ്യിൽനിന്നും ഇപ്പോൾ 5 രൂപയാണ് പിരിക്കുന്നത്. കർഷക തൊഴിലാളി ക്ഷേമനിധിബോർഡ് ആ തുക 10 രൂപയാക്കി വർദ്ധിപ്പിക്കുകയും ഭൂവുടമകളുടെ വിഹിതം ഇപ്പോൾ പിരിക്കുന്നതോടൊപ്പം തന്നെ ഒരു പ്രത്യേക സെസ് ഏർപ്പെടുത്തുകയും ഭൂമിയുടെ ക്രയവിക്രയത്തിലൂടെ ലഭിക്കുന്ന തുകയിൽ പ്രത്യേകം സെസ് ഏർപ്പെടുത്തുകയും വേണം. അതുപോലെ തൊഴിലാളികളുടെ ഗ്രാന്റിന് തുല്യമായി മാച്ചിംഗ് ഗ്രാന്റ് അനുവദിക്കാനും ഗവൺമെന്റ് തയ്യാറാവണം. ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് എത്രയുംപെട്ടെന്ന് കുടിശ്ശിക ആനുകൂല്യം കൊടുക്കുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയുംകൂടി ഇടപെട്ട് വേണ്ടനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇതേ വിഷയം കഴിഞ്ഞ ദിവസം ശ്രദ്ധ ക്ഷണിക്കലായി വരികയും വിശദമായ മറുപടി പറയുകയും ചെയ്തതാണ്. ഞാനും 121 കോടി രൂപ കൊടുക്കാൻ ഉണ്ടെന്നുപറഞ്ഞതാണ്. 2001 മുതൽ 2009 വരെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 114.9 കോടി രൂപ കൊടുത്തു എന്നുള്ളത് വസ്തുതയാണ്. അത് 9 വർഷത്തെ കുടിശ്ശികയാണ്. ആ ഗവൺമെന്റുതന്നെ അതിനുശേഷമുള്ള വർഷങ്ങളിലൊന്നും കൊടുത്തിട്ടില്ല. ഇപ്പോൾ മൂന്നുവർഷമായിട്ടുള്ള കുടിശ്ശിക നിലനിൽക്കുന്നുണ്ട്. പക്ഷേ, ഇന്നത്തെ സാമ്പത്തിക സ്ഥിതിവച്ച് സർക്കാരിൽനിന്ന് അതെടുത്തു കൊടുക്കുക എളുപ്പമല്ല. അതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഒരു ഉറപ്പ് നൽകാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്, അതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം നിർദ്ദേശിച്ചതുപോലെ ഇതിലുള്ള അഞ്ച് രൂപയെന്നുള്ളതുവർദ്ധിപ്പിച്ച് പത്ത് രൂപയാക്കി ക്ഷേമനിധി ബോർഡുകളെപ്പോലെ 20 രൂപ ആക്കണമെന്നുള്ള വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുമുള്ളത്. ആ നിലയിൽ ഭൂവുടമകളുടെ വരുമാനവും വർദ്ധിപ്പിച്ച് ഇതിലെ ബോഗസ് മെമ്പർഷിപ്പ്, വഴിയെപോകുന്നവരെല്ലാം ഇപ്പോൾ മെമ്പറാകുന്നു എന്ന അവസ്ഥ ഒഴിവാക്കിക്കൊണ്ട് ഇത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് പരിശ്രമിക്കുകയും തീർച്ചയായും ഈ കാര്യങ്ങൾ ഗൗരവത്തിൽ എടുക്കുകയും ചെയ്യുന്നതാണ്.

## 25 പുകയിലതോപ്പ് കോളനിയിലെ വികസന പ്രോജക്ട്

ശ്രീ. വി. ശശി: സർ, പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഹെഡ്ഡുകളിലായി 150-ൽപരം കോടി രൂപ കഴിഞ്ഞവർഷവും ഈ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു നയം സർക്കാർ സ്വീകരിച്ചുകാണുന്നില്ല. കഴിഞ്ഞ വർഷം പൂൾഡ് ഫണ്ടിൽ നിന്നും 416 പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 15 ലക്ഷം രൂപ വീതം 62.40 കോടി രൂപ അനുവദിച്ചുകൊണ്ട് സർക്കാർ 13-3-2012-ൽ ഒരു ഉത്തരവിറക്കിയിരുന്നു. എന്നാൽ 31-3-2012-ൽ അനുവദിച്ച 30 കോടി രൂപ ആ വർഷം ചെലവഴിക്കാതെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിരിക്കുകയായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ തുക കൂടി വിനിയോഗിച്ചുകൊണ്ട് നടപ്പുവർഷം മറ്റൊരു പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. 120 പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം സമഗ്ര വികസനം നടപ്പാക്കാനായിരുന്നു ആ പരിപാടി. ഇത് നടപ്പാക്കാൻ പട്ടികജാതി സങ്കേതങ്ങൾ എം.എൽ.എ.-മാർ തെരഞ്ഞെടുത്തുകൊടുത്തു. ഏത് ഏജൻസിയെകൊണ്ട് ഇത് നടപ്പാക്കും എന്ന കാര്യവും അവർ നിർദ്ദേശിക്കുകയുണ്ടായി. എന്റെ നിയോജക മണ്ഡലത്തിൽ 150-ഓളം പട്ടികജാതികുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പുകയിലതോപ്പ് എന്ന കോളനിയാണ് നിർദ്ദേശിച്ചത്. പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി. അവർ സമഗ്ര വികസനം എന്ന ലക്ഷ്യം മനസ്സിൽ കണ്ടുകൊണ്ട് അവിടെ സർവ്വേ നടത്തി അഞ്ചുകോടി രൂപയുടെ പ്രൊപ്പോസലാണ് തയ്യാറാക്കി സമർപ്പിച്ചത്. വീടില്ലാത്തവർക്ക് വീട്, റോഡ്, കക്കൂസ് അതുപോലെയുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു. എന്നാൽ ഒരു കോടി രൂപ മാത്രമാണ് ഈ പ്രഖ്യാപനത്തിലുള്ളത്. ഇതുസംബന്ധിച്ച് വ്യക്തമായ ഒരുത്തരവ് സർക്കാർ ഇതുവരെ കൊടുത്തിട്ടില്ല. നിലവിലുള്ള ഉത്തരവ് എന്നുപറയുന്നത് 15 ലക്ഷം രൂപയുടേതാണ്. ഇത് മാറ്റി ഒരു കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കുന്നതിന് വ്യക്തമായ ഒരു സർക്കാർ ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതുകൊണ്ട് ഈ പ്രോജക്ട് തയ്യാറാക്കുന്ന കാര്യത്തിൽ ഒട്ടേറെ കാലതാമസം വരുന്നുണ്ട്. ഇനി അവശേഷിക്കുന്ന കുറച്ചുനാളുകളെയുള്ളൂ. കഴിഞ്ഞ കൊല്ലം കൊടുത്ത 30 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല. ഇക്കൊല്ലം പൂൾഡ് ഫണ്ടിൽ നിന്നാണോ കോർപ്പസ് ഫണ്ടിൽനിന്നാണോ പൈസ കൊടുത്തതെന്നറിയില്ല. അങ്ങനെ സമന്വയിപ്പിച്ചാണ് നടപ്പാക്കാൻ പോകുന്നതെന്നുകാണിച്ചുകൊണ്ടുള്ള ഒരുത്തരവും സർക്കാർ ഇറക്കിയിട്ടില്ല. ഇപ്പോൾ ഈ പദ്ധതി നടപ്പാക്കുന്നതിൽ മൊത്തത്തിൽ ഗുരുതരമായ വീഴ്ചയുണ്ട്. പുകയിലതോപ്പ് കോളനി വിഷയത്തിലും ഈ വിഷയത്തിലാകെയും പ്രൊപ്പോസൽ തയ്യാറാക്കാൻ ഈ പ്രശ്നങ്ങൾ കാരണം സാധിച്ചിട്ടില്ല. ഈക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ കൊണ്ടുവന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശശി മൂന്നുമിനിട്ടാണ് ഒരു സബ്മിഷനുവേണ്ടി എടുത്തത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ചെലവഴിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്, കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഈ വർഷം സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നുള്ള രീതിയിൽ 50 കുടുംബങ്ങൾ അധികം താമസിക്കുന്ന 436 കോളനികൾ തെരഞ്ഞെടുത്ത് സെൽഫ് സഫിഷ്യന്റ് വില്ലേജാക്കി മാറ്റുവാനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 120 ജനപ്രതിനിധികൾ പറയുന്ന 120 സ്വയംപര്യാപ്ത ഗ്രാമങ്ങൾ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സെലക്ട് ചെയ്ത ഗ്രാമങ്ങളിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അംഗത്തിന്റെ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ട പുകയിലതോപ്പ് കോളനികൂടി ഉണ്ടായിരുന്നു. ഞാൻ നേരിട്ട് 100 എം.എൽ.എ.-മാർക്ക് വ്യക്തമായി കത്ത് എഴുതിയതാണ്. ഒരു കോടി രൂപയുടെ പദ്ധതിയാണ് പറഞ്ഞിരുന്നത്. എസ്റ്റിമേറ്റ് എടുത്തപ്പോൾ ഏതാണ്ട് നാലുകോടി ഇരുപത്തിരണ്ട് ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഗവൺമെന്റിലേക്ക് സമർപ്പിച്ചത്. അതുകൊണ്ട് ഈ എസ്റ്റിമേറ്റ് ചുരുക്കി ഒരു കോടിയിൽ ക്ലിപ്തപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് തിരിച്ചയച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് എടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മാർച്ച് ആദ്യവാരത്തോടുകൂടി ആരംഭിക്കുന്നതാണ്. അതിനാവശ്യമായ പണവുമുണ്ട്.

## 26 ഫെസ്റ്റിവലുകൾക്ക് സാമ്പത്തിക സഹായം

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ടൂറിസം ഫെസ്റ്റിവലിനെ സംബന്ധിച്ച സബ്മിഷൻ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ പൈതൃകങ്ങളും സാംസ്കാരികത്തനിമയും ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുന്നതിന് വളരെ വലിയ സംഭാവനകൾ നൽകുന്ന വിവിധ ഫെസ്റ്റിവലുകൾക്ക് ടൂറിസം വകുപ്പ് സാമ്പത്തിക സഹായം അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം നേടുന്നതിനായുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഇതിനെ സംബന്ധിച്ചുള്ള മറുപടിയും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ പൈതൃകവും, സംസ്കൃതിയും സംസ്കാരവും സംരക്ഷിക്കുന്നതിലും ആ മഹത്തായ പാരമ്പര്യത്തെ ലോകജനതയ്ക്കുമുമ്പിൽ വിളംബരം ചെയ്യുന്നതിലും സംസ്ഥാനമെമ്പാടും സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ ഫെസ്റ്റിവലുകൾ നിർണ്ണായക പങ്കുവഹിക്കുന്നു. വിദേശത്തുനിന്നുള്ള വിനോദ സഞ്ചാരികൾക്കുപുറമെ തദ്ദേശീയരായ വിനോദ സഞ്ചാരികളെയും സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിൽ ഇത്തരം ഫെസ്റ്റിവലുകൾ വലിയ പങ്കുവഹിക്കുന്നുണ്ട്.

ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപ്പുസാമ്പത്തികവർഷം പ്രൊമോഷൻ ഓഫ് ലോക്കൽ കൾച്ചറൽ പ്രോഗ്രാംസ്, ബോട്ട് റെയ്സസ്, ഫെയർ ആന്റ് ഫെസ്റ്റിവൽസ് എന്ന ശീർഷകത്തിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക കേരളത്തിലെ വിവിധ പാരമ്പര്യ കലാരൂപങ്ങളുടെ വളർച്ചയും പ്രോൽസാഹനവും ലക്ഷ്യമിട്ടുള്ള കർമ്മ പരിപാടികൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. ഇതിനുപുറമെ ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന "ഉത്സവം" എന്ന പരിപാടിയിലൂടെ ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള എല്ലാ ശനി, ഞായർ ദിവസങ്ങളിലുമായി എഴുപതോളം വേദികളിൽ ആയിരത്തിലേറെ കലാകാരന്മാർ പങ്കെടുക്കുന്ന മുന്നൂറ്റി അൻപതോളം കലാപ്രദർശനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ, ഓണാഘോഷ പരിപാടികളുടെ ഭാഗമായി എല്ലാ ജില്ലകളിലും കേരളത്തനിമയുള്ള പാരമ്പര്യകലകളെ ആസ്വദിക്കാനും അടുത്തറിയാനുമുള്ള അവസരവും ഒരുക്കിവരുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

വിനോദ സഞ്ചാരികളെ ആകർഷിക്കുന്നവിധത്തിൽ സംഘടിപ്പിച്ചു വരുന്ന ഫെസ്റ്റിവലുകളുടെ സുഗമമായ നടത്തിപ്പിനായി ടൂറിസം വകുപ്പിൽനിന്ന് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ ഇത്തരം ഫെസ്റ്റിവലുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവയുടെ വിപുലവും സുഗമവുമായ നടത്തിപ്പിനായി ടൂറിസം വകുപ്പിൽനിന്ന് നൽകിവരുന്ന ധനസഹായം യഥാസമയം അനുവദിച്ചുനൽകുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. പ്രസ്തുത ഫെസ്റ്റിവലുകൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചുനൽകുന്ന കാര്യവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്. 2014 മുതൽ സംസ്ഥാനത്തെ ടൂറിസം ഫെസ്റ്റിവലുകൾക്ക് പ്രത്യേക കലണ്ടർ പ്രസിദ്ധീകരിക്കും.

## 27 ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ

ശ്രീ. വർക്കല കഹാർ: സർ, ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. എന്റെ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷമാണിത്. ഫിഷിംഗ് ഹാർബറിന് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഉൾപ്പെടുന്ന പ്രദേശമാണ് ചിലക്കൂർ. എല്ലാ ഗവേഷണ നടപടികളും പൂർത്തിയായിട്ടുള്ളതാണ്. മുൻമന്ത്രിമാരായിരുന്ന ശ്രീ. കെ.വി.തോമസ്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. എസ്. ശർമ്മ തുടങ്ങിയവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരെല്ലാവരും ഈ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നതായി സഭയെ അറിയിച്ചിട്ടുള്ളതുമാണ്. നിരന്തരമായി ഈ ആവശ്യം ഉന്നയിച്ചിട്ടും ഒച്ചിഴയുന്ന രീതിയിലായിരുന്നു ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങിയിരുന്നത് എന്ന സങ്കടകരമായ കാര്യം സഭയുടെ മുന്നിൽ ഉന്നയിക്കുന്നു. അതുകൊണ്ട് ചിലക്കൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കാൻ സത്വര നടപടികൾ ബഹുമാന്യനായ മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ചിലക്കൂർ മിനി ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചുകഴിഞ്ഞു. കടലിലെ മണ്ണ് പരിശോധനയ്ക്കായി ബോറിംഗ് നടത്തി അതിന്റെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ & ബേസ് സാമ്പിൾ കളക്ഷൻസ്, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വെ, വിൻഡ് & ടൈഡ് ഡാറ്റ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. മോറൽ സ്റ്റഡീസ് റിപ്പോർട്ട് കിട്ടുന്നതിനായി ഒരുപ്രാവശ്യം ഉദ്യോഗസ്ഥരെ പൂനെയിലേക്ക് അയച്ചിരുന്നു. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കേന്ദ്ര സഹായ പദ്ധതിക്കായി സമർപ്പിക്കാവുന്നതാണ്. പ്രവൃത്തികളുടെ മാതൃകാപഠനം നടത്തുന്നതിന് സിഡബ്ല്യുപിആർഎസ്, പൂനെ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി, ഫിസിക്കൽ വേവ് മോഡൽ സ്റ്റഡി എന്നിവ നടത്തേണ്ടതുണ്ട്. ഈ വർഷം അർത്തുങ്കൽ, മഞ്ചേശ്വരം, താനൂർ, വെള്ളയിൽ എന്നീ ഹാർബറുകൾക്കും മുഴപ്പിലങ്ങാട്ട്/മുഴയ്ക്കൽക്കടവ് ഫിഷിംഗ് ഹാർബറിനും കേന്ദ്ര ഗവൺമെന്റിൽനിന്നും ഭരണാനുമതി ലഭിച്ചു. 15 ദിവസത്തിനുള്ളിൽ പൂനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിലിമിനറി റിപ്പോർട്ട് ലഭിക്കും. ഒന്നര മാസത്തിനുള്ളിൽ ഫൈനൽ റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ചർച്ചയ്ക്കായി ഉദ്യോഗസ്ഥരെ വീണ്ടും പൂനെയിലേക്ക് ഉടൻ അയയ്ക്കുന്നതാണ്. ഈ റിപ്പോർട്ട് കിട്ടിയാൽ കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ച് അടുത്ത സാമ്പത്തികവർഷം നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## 28 ഫിഷറീസ് ഡിസ്പെൻസറി

ശ്രീ. കെ. ദാസൻ : സർ, തീരദേശ മണ്ഡലമായ കൊയിലാണ്ടിയിൽ മത്സ്യത്തൊഴിലാളികളുടെയും തീരപ്രദേശത്ത് താമസിക്കുന്ന ജനവിഭാഗങ്ങളുടെയും ആവശ്യത്തെതുടർന്ന് മൂന്ന് പഞ്ചായത്തുകളിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കുന്നതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. കണ്ണങ്കടവ്, ഏഴുകുടിക്കൽ ബീച്ച്, അയനിക്കാട് എന്നീ സ്ഥലങ്ങളിലാണ് അനുവദിച്ചത്. ഇതിനെത്തുടർന്ന് പയ്യോളി പഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിരുന്നു. ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ ഡിസ്പെൻസറിക്കുവേണ്ട സ്ഥലം ലഭ്യമായിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ തൊഴിലിന്റെ കാഠിന്യവും സ്വഭാവവും കണക്കിലെടുത്ത് അനുവദിച്ച ഡിസ്പെൻസറി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ കെ. ബാബു) : സർ, നിലവിലുള്ള കൊയിലാണ്ടി പബ്ലിക് ഹെൽത്ത് സെന്ററിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കാൻ 13-8-2012-ൽ ഭരണാനുമതി നൽകി. തീരദേശ വികസന കോർപ്പറേഷൻ ഇതിനായി 20.52 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് ഉടൻ ടെണ്ടർ ചെയ്യുന്നതാണ്. ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം മാത്രമാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. പോസ്റ്റ് ക്രിയേഷൻ ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളും തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതും ആരോഗ്യ വകുപ്പാണ്. അപ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഈ കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 39 ഫിഷറീസ് ഡിസ്പെൻസറികളും 4 മൊബൈൽ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കോട്ടയ്ക്കൽ, മാടമ്പള്ളി, വടകര, ഏഴുകുടിക്കൽ, പുതിയാപ്പ, അയനിക്കാട് എന്നീ സ്ഥലങ്ങളിൽ ഫിഷറീസ് ഡിസ്പെൻസറികൾ നിലവിലുണ്ട്. ഡിസ്പെൻസറിക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. ഇക്കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

## 29 ഡിപ്ലോമയും ബി.എഡ്ഡും തുല്യമാക്കിക്കൊണ്ടുള്ള ഉത്തരവ്

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഫെബ്രുവരി 11-ാം തീയതി ഇറക്കിയ ഉത്തരവുപ്രകാരം എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി കോഴ്സുകൾ, ഇത് രണ്ടും പരീക്ഷാ കമ്മീഷണർ നടത്തുന്ന ഭാഷാ അധ്യാപകർക്കുള്ള കോഴ്സുകളാണ്. അത് ബി.എഡ്-ന് തുല്യമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവാണ് ഇറക്കിയിരിക്കുന്നത്. എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഇത്തരമൊരു ഉത്തരവിറക്കിയിരിക്കുന്നത്. വിദ്യാഭ്യാസവകുപ്പ് കഴിഞ്ഞ കുറെ നാളുകളായി ഈ മേഖലയിൽ തുടർന്നു വരുന്ന മാനദണ്ഡ ലംഘനങ്ങളുടെ അവസാനത്തെ ഉത്തരവാണ് ഇപ്പോൾ ഇറക്കിയിരിക്കുന്നത്. ബി.എഡ് കോഴ്സ് മറ്റേതെങ്കിലും കോഴ്സിന് തുല്യമാണോ എന്ന് തീരുമാനിക്കേണ്ടത് സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസും അക്കാദമിക് കൗൺസിലുമാണ്. അവർ ഇത്തരമൊരു കാര്യത്തെക്കുറിച്ച് ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുപോലുമില്ല. എസ്.സി.ഇ.ആർ.ടി-യുടെ സ്കൂൾ കരിക്കുലം കമ്മിറ്റി ഈ രണ്ട് കോഴ്സും ബി.എഡ്-നു തുല്യമാണെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവിറക്കിയിരിക്കുന്നത്. ഡിഗ്രി, ബി.എഡ്, എം.എഡ്, എം.എ, പിഎച്ച്ഡി, എം.ഫിൽ ഇവയെല്ലാമുള്ള ആളുകൾ നമ്മുടെ സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി കോഴ്സുകൾക്കുള്ള ബേസിക് യോഗ്യത 10-ാം ക്ലാസ്സാണ്. ഇവരിൽ പലരും ഇപ്പോൾ പഠിപ്പിക്കുന്നവരേക്കാൾ സീനിയോറിറ്റി കൂടിയവരായിരിക്കും. അവരെ ഹെഡ്മാസ്റ്റർമാരും ഹെഡ്മിസ്ട്രസ്സുമാരുമാക്കാനുള്ള വളഞ്ഞ വഴിയാണ് വിദ്യാഭ്യാസ വകുപ്പ് ഈ ഉത്തരവിലൂടെ ഇറക്കിയിരിക്കുന്നത്. ഇത് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിഞ്ഞിട്ടുണ്ടോ; ഇത് അറിയേണ്ടവർ ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ; മന്ത്രിസഭ ചർച്ച ചെയ്തിട്ടുണ്ടോ; ഈ നിയമസഭയുടെ മുമ്പിൽ ഇതിനെക്കുറിച്ച് പറയേണ്ടതല്ലേ; സർവ്വകലാശാലയോട് ആലോചിച്ചിട്ടുണ്ടോ; തോന്നിയതുപോലെ ഉത്തരവിറക്കുകയാണ്. ആ ഉത്തരവ് പിൻവലിച്ചില്ലെങ്കിൽ അത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന കുപ്രസിദ്ധമായ ഒരു ഉത്തരവാകുമെന്നുള്ളതുകൊണ്ട് ഈ ഉത്തരവ് ഗവൺമെന്റ് എത്രയുംവേഗം പിൻവലിക്കണം. വിദ്യാഭ്യാസ മേഖലയിൽ കാണിക്കുന്ന ഇത്തരം പ്രവണതകൾക്ക് അറുതിവരുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ കാര്യം മുഴുവൻ മനസ്സിലാക്കാതെയാണ് ഈ സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ മറുപടി പറഞ്ഞുകഴിയുമ്പോൾ എന്താണെന്ന് മനസ്സിലാകും. പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി. കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് കോഴ്സിന് തുല്യമാക്കി 11-2-2013-ലെ ജി.ഒ. (എം. എസ്.) നം. 49/2013 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2005 വരെ എൽ.ടി.ടി.സി അഥവാ ലാംഗേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന കോഴ്സ് 2005-നുശേഷമാണ് ഡി.എൽ.ഇ.ഡി. അഥവാ ഡിപ്ലോമ-ഇൻ-ലാംഗേജ് എഡ്യുക്കേഷൻ എന്ന് പുനർനാമകരണം ചെയ്തത്. ബി.എഡ്-ന് അഡ്മിഷൻ നൽകുന്നതുപോലെതന്നെ എസ്.എസ്.എൽ.സി-ക്കുശേഷം (10+2+3) മാനദണ്ഡം പാലിച്ചുകൊണ്ടുതന്നെയാണ് എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി. കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നത്. ഹിന്ദി (എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി.)-ക്ക് അഡ്മിഷൻ നൽകുന്നത് കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം ബി.എ-യ്ക്ക് തുല്യമായി അംഗീകരിച്ച പ്രവീൺ ഡിഗ്രിക്കുശേഷം എൻട്രൻസിന്റെ അടിസ്ഥാനത്തിലും അറബി, ഉറുദു (എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി.)-ക്ക് അഡ്മിഷൻ നൽകുന്നത് എസ്.എസ്.എൽ.സി-ക്കുശേഷം പ്ലസ്ടു/പി.ഡി.സി.-ക്ക് തുല്യമായ രണ്ട് വർഷ പ്രിലിമിനറിയും ശേഷം മൂന്നുവർഷ ഡിഗ്രി കോഴ്സായ ബി.എ. അഫ്സൽ ഉലമ/അദീബേ ഫാസിൽ ഉറുദു ഡിഗ്രി കോഴ്സും കഴിഞ്ഞ് മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷാ കമ്മീഷണർ അഡ്മിഷൻ നൽകുന്നത്. ഡിപ്ലോമ ഇൻ ഹിന്ദി ടീച്ചിംഗ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തുന്ന ബി.എഡ് ഹിന്ദി കോഴ്സിന് തുല്യമായി പരിഗണിക്കുന്നതുസംബന്ധിച്ച് 29-11-2011-ൽ ചേർന്ന 34-ാമത് സംസ്ഥാനതല സ്കൂൾ കരിക്കുലം കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുകയും സബ്കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. സമാന വിഷയങ്ങളായ അറബിക്, ഉറുദു എന്നിവയുടെ കാര്യവും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സബ്കമ്മിറ്റി ഈ വിഷയം സമഗ്രമായി പരിശോധിച്ചു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉള്ളടക്കം, വിലയിരുത്തൽ രീതി, പ്രാക്ടിക്കൽ മുതലായവ പരിശോധിക്കുകയും ഡിപ്ലോമ ഇൻ ഹിന്ദി ടീച്ചിംഗ്, എൽ.ടി.ടി.സി./ഡി.എൽ.ഇ.ഡി. കോഴ്സുകൾ ബി.എഡ്-നു തുല്യമായി അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. 23-12-2011, 24-12-2011 എന്നീ തീയതികളിൽ ചേർന്ന കരിക്കുലം സബ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും എൽ.ടി.ടി.സി./ഡി.എൽ.ഇ.ഡി. കോഴ്സ് ബി.എഡ് കോഴ്സുകൾക്ക് തുല്യമായി അംഗീകരിക്കാമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി. കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് കരിക്കുലവുമായി തുല്യമായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ, കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നടത്തുന്ന ബി.എഡ് (ഹിന്ദി, അറബിക്, ഉറുദു) കോഴ്സ് കേരള പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി കോഴ്സുകൾക്ക് തുല്യമാണെന്ന എസ്.സി.ഇ. ആർ.ടി-യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി. കോഴ്സ് ബി.എഡ്-നു തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേന വിവിധ കോഴ്സുകൾ ബി.എഡ്-ന് തുല്യമാക്കി അംഗീകരിച്ചിട്ടുണ്ട്. ഉദാഹരണം:

i രാഷ്ട്രീയ സാംസ്കൃത് സനാതൻ നടത്തുന്ന ശിക്ഷാ ശാസ്ത്രി സംസ്കൃതം ബി.എഡ്ന് തുല്യമാക്കി ജി.ഒ. (എം.എസ്) നം. 204/73/പൊ.വി.വ. തീയതി 17-12-1973

ii ദക്ഷിണ ഹിന്ദി പ്രചാരസഭ മദ്രാസ് നടത്തുന്ന ബി.എഡ് കോഴ്സ്, കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി. എഡ് കോഴ്സിന് തുല്യമാക്കി 23-03-1988-ലെ ജി.ഒ.(എം.എസ്) നം. 71/88/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

iii കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സും ദക്ഷിൺ ഭാരത് ഹിന്ദി പ്രചാരസഭ നടത്തുന്ന 'ശിക്ഷാ സനാതക്' കോഴ്സും കേരള ഹിന്ദി ബി.എഡ്-ന് തുല്യമാക്കി 3-10-1988-ലെ ജി.ഒ.(എം.എസ്) നം. 150/88/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

iv എൽ.ടി.ടി.സി-ക്ക് തുല്യമായ മലയാളം വിദ്വാൻ കോഴ്സ് ബി.എഡ്-ന് തുല്യമായി 29-3-2001-ലെ ജി.ഒ (ആർ.ടി) നം. 1319/2001/പൊ.വി.വ. ഉത്തരവ് പ്രകാരം അംഗീകരിച്ചു.

ചുരുക്കത്തിൽ, പ്രതിപാദ്യ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് തികച്ചും നിയമപരവും മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള സമാന ഉത്തരവുകളുടെ തുടർച്ചയുമാണെന്നറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## 30 ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ്സ്

ശ്രീ. പി. ഉബൈദുള്ള : സർ, ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ് എത്രയുംവേഗം പ്രവർത്തനമാരംഭിക്കേണ്ട ആവശ്യകതയിലേക്കാണ് ഞാൻ സഭയുടെ മുമ്പാകെ ഈ

12.00 NOON]

സബ്മിഷൻ അവതരിപ്പിക്കുന്നത്. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സാധ്യമാകുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചുച്ചാട്ടം ഉണ്ടാകാൻ പോകുകയാണ്. 14 ഭാഷകളിലുള്ള പഠനമാണ് ഇപ്പോൾ നടക്കുന്നത്. ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ്, പോർച്ചുഗീസ്, പേർഷ്യൻ, ടർക്കിഷ്, ഇറ്റാലിയൻ, ചൈനീസ്, കൊറിയൻ, ഹിന്ദി എന്നീ വ്യത്യസ്ഥ ഭാഷകളിലുള്ള വിദഗ്ദ്ധ കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. ഇത്രയും ഭാഷാ വൈവിദ്ധ്യങ്ങളുള്ള യൂണിവേഴ്സിറ്റിയുടെ വരവ് നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിനും സാമൂഹ്യ പുരോഗതിക്കും ആക്കം കൂട്ടും. വ്യത്യസ്ഥ ഭാഷകളുടെ സംഗമകേന്ദ്രമാകുന്ന, "ഇഫ്ളു"-വിൽ പഠനം നടത്തുന്നവർ, ലോകത്തിന്റെ ഏത് കോണിലുള്ള ജനങ്ങളുമായും ആശയവിനിമയം നടത്താൻ പ്രാപ്തരാകും. ഇത്രയുമധികം വിദേശഭാഷകളിലുള്ള വിവിധ കോഴ്സുകൾ പൂർത്തീകരിച്ച് പുറത്തു വരുന്നവർക്കുമുമ്പിൽ ലോകമെമ്പാടും ധാരാളം തൊഴിലവസരങ്ങൾ തുറക്കപ്പെടും. ഇതെല്ലാംകൊണ്ടും നമ്മുടെ നാടിന്റെ അഭിവൃദ്ധിക്ക് വഴിതെളിയിക്കുന്ന ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിനുവേണ്ടി മലപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുള്ള ഭൂമിയിൽ നിന്ന് 75 ഏക്കർ സ്ഥലവും 25 ഏക്കർ പൊതുആവശ്യത്തിനും ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകാൻ തീരുമാനിച്ചിട്ട് മാസങ്ങളേറെ ആയെങ്കിലും ഇതുവരെയും ഭൂമി കൈമാറ്റം നടന്നിട്ടില്ല. യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദിഷ്ട ഭൂമി കൈമാറുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും എത്രയുംവേഗം പൂർത്തീകരിച്ച്, അടുത്ത അദ്ധ്യയന വർഷത്തിൽതന്നെ പഠനം ആരംഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് കാമ്പസ് കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 22-3-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 95/12 ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിൽ ഒരു കാമ്പസ് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി. ഇങ്കെൽ സംയുക്ത സംരംഭമായ 'ഇങ്കിഡ്'-ന്റെ പക്കൽ നിന്ന് 75 ഏക്കർ ഭൂമിയും പൊതുആവശ്യത്തിനായി മറ്റൊരു 25 ഏക്കർ ഭൂമിയും പങ്കിടാനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സർവ്വകലാശാലയിൽ ഇംഗ്ലീഷ് ഭാഷയ്ക്കും സാഹിത്യത്തിനും പുറമെ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ധാരാളം വിദേശ ഭാഷകളും അതോടൊപ്പംതന്നെ അമേരിക്കൻ ആന്റ് കരീബിയൻ ലിറ്ററേച്ചർ, മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻ, ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ഫിലിം സ്റ്റഡീസ് ആന്റ് വിഷ്വൽ കമ്മ്യൂണിക്കേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദി ആന്റ് ഇന്ത്യൻ സ്റ്റഡീസ്, അറബിക്, പേർഷ്യൻ, ചൈനീസ്, ജർമ്മൻ, ഫ്രഞ്ച്, റഷ്യൻ ഇറ്റാലിയൻ സ്റ്റഡീസ് തുടങ്ങി മറ്റനേകം പഠന വിഷയങ്ങളുണ്ട്. 11-12-2012-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഇഫ്ളുവിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു. 18-2-2013-ൽ (അതായത് ഇന്നലെ) കൂടിയ മന്ത്രിസഭായോഗം ഇഫ്ളുവിന്റെ ഓഫ് കാമ്പസ് മലപ്പുറത്ത് സ്ഥാപിക്കുന്നതിന് 75 ഏക്കർ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം അംഗീകരിച്ചിരിക്കുകയാണെന്നുള്ള വിവരം അറിയിക്കുന്നു.

### 31 കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫുൾടൈം ഡയറക്ടർമാർ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക് നിലവാരമുയർത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.എം.എസ്.എ./എസ്.എസ്.എ. എന്നിവയുടെ ഫണ്ടുകൾ സ്കൂളുകളുടെ ആകെയുള്ള പുരോഗതിക്ക് ഉപയോഗിക്കുന്നില്ലായെന്ന പരാതി നിലനിൽക്കുകയാണ്. ഈ പദ്ധതിക്കാവശ്യമായ ഫണ്ടുകൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാർച്ച് മാസത്തിലാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. യഥാസമയം തുക ലഭ്യമാകാത്തതുമൂലം വ്യക്തമായ ആസൂത്രണത്തോടെ തുക ചെലവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ലഭിക്കുന്ന തുകയുടെ 20 ശതമാനം മാത്രമാണ് ചെലവാക്കാൻ സാധിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ബാക്കി തുക ലാപ്സായി പോകുന്നു. ഈ രണ്ട് പദ്ധതികൾക്കും ഫുൾടൈം ഡയറക്ടർമാരില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. ആയതിനാൽ, ഡയറക്ടർമാരെ നിയമിച്ച് പദ്ധതി സുഗമമായി നടപ്പിലാക്കാൻ സ്കൂളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി നടപടി സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പം തന്നെ ഇപ്പോൾ അഡീഷണൽ ചാർജ് നൽകിയിട്ടുള്ള ശ്രീ. രാജമാണിക്യത്തെ ഫുൾടൈം ആയി നിയോഗിച്ചിട്ടില്ല. അത് ഇതിന്റെ വലിയൊരു പോരായ്മയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്തുവാൻ ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ള ആർ.എം.എസ്.എ./എസ്.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ചാണ് നടന്നുവരുന്നത്. ആർ.എം.എസ്.എ.-ക്ക് ഈ വർഷം 60 കോടി രൂപ അനുവദിച്ചുകൊണ്ട് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക കിട്ടുന്ന മുറയ്ക്ക് വിനിയോഗിക്കുന്നതാണ്. 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുക, അവർക്ക് ഗുണകരമായ വിദ്യാഭ്യാസം ഉറപ്പാക്കുക, പഠനത്തിൽ വിവേചനം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക, ഹൈസ്കൂൾ ഇല്ലാത്ത സ്ഥലത്ത് യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ ഹൈസ്കൂളുകൾ അനുവദിക്കുകയോ ചെയ്യുക, വിദ്യാഭ്യാസ നിലവാരം ഉയർത്താനാവശ്യമായ വിവിധങ്ങളായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ആർ.എം.എസ്.എ.-യുടെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ. എസ്.എസ്.എ.-യ്ക്ക് ലഭിക്കുന്ന ഫണ്ട് പ്രധാനമായും താഴെപ്പറയുന്ന ഇടപെടലുകൾക്കായി ഉപയോഗിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1 പുതിയ അദ്ധ്യാപകർക്കുള്ള ശമ്പളം (ഹെഡ് ടീച്ചർ, പാർട്ട് ടൈം ഇൻസ്ട്രക്ടർമാർ)

2 ബ്ലോക്ക് റിസോഴ്സ് സെന്റർ

3 ക്ലസ്റ്റർ റിസോഴ്സ് സെന്റർ

4 നിർമ്മാണ പ്രവർത്തനങ്ങൾ

5 സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുടെ വിദ്യാഭ്യാസം

6 സൗജന്യ പാഠപുസ്തക വിതരണം

7 സൗജന്യ യൂണിഫോം വിതരണം

8 നൂതന വിദ്യാഭ്യാസം

9 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം

10 മെയിന്റനൻസ് ആന്റ് റിപ്പയർ ഗ്രാന്റ്

11 മാനേജ്മെന്റ് ആന്റ് എം.ഐ.എസ്.

12 ഗവേഷണവും മൂല്യനിർണ്ണയവും, സൂപ്പർവിഷനും മോണിറ്ററിംഗും

13 സ്കൂൾ ഗ്രാന്റ്

14 ടീച്ചർ ഗ്രാന്റ്

15 അദ്ധ്യാപക പരിശീലനം

16 കമ്മ്യൂണിറ്റി ട്രെയിനിംഗ്

17 ടീച്ചിംഗ് - ലേണിംഗ് എക്യൂപ്മെന്റ്

18 സ്റ്റേറ്റ് പ്രോജക്റ്റ് ഓഫീസ് - മാനേജ്മെന്റ് കോസ്റ്റ്

എസ്.എസ്.എ.-ക്ക് 2012-13 വർഷം 523.01 കോടി രൂപയാണ് അംഗീകരിച്ച പദ്ധതിയടങ്കൽ. ഇതിൽ നാളിതുവരെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച ആകെ 344.52 കോടി രൂപയിൽ 31-1-2013 വരെ 262.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.എം.എസ്.എ.യ്ക്ക് ഇപ്പോൾ ഫുൾ ടൈം ഡയറക്ടർ ഉണ്ട്. എസ്.എസ്.എ.യെ സംബന്ധിച്ചിടത്തോളം അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ മുഴുവൻ സമയ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ട് ഡയറക്ടർമാരില്ലാത്ത അവസ്ഥ സംജാതമായിട്ടില്ല.

## 32 നിർമ്മാണ രംഗത്തെ വ്യാജസ്ഥാപനങ്ങൾ

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, സംസ്ഥാനത്ത് ഫ്ളാറ്റ്, മറ്റ് കൊമേഴ്സ്യൽ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുനൽകുന്ന കമ്പനികൾ, വ്യക്തികൾ എന്നിവയിൽ ചിലതെങ്കിലും ഉപഭോക്താക്കളെ വഞ്ചിക്കുന്നുണ്ട്. മോഹന വാഗ്ദാനങ്ങൾ നൽകി വ്യാപകമായി പരസ്യം ചെയ്ത് ഫ്ളാറ്റുകൾക്കുവേണ്ടി ഉപഭോക്താക്കളിൽനിന്ന് അഡ്വാൻസ് തുക സമാഹരിച്ച് നീങ്ങുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗം കമ്പനികൾ, ക്വാളിറ്റി കുറഞ്ഞ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചും സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മാണം നടത്താതെയും വേണ്ടത്ര മുൻപരിചയമില്ലാതെയും നടത്തുന്ന നിർമ്മിതിയിലൂടെ ഉപഭോക്താക്കളെ വഞ്ചിക്കുന്ന മറ്റൊരു വിവാദവും തുടക്കത്തിൽ നിശ്ചയിക്കുന്ന നിർമ്മാണം പൂർത്തിയാകുമ്പോൾ വീണ്ടും വില വർദ്ധിപ്പിക്കുന്ന മറ്റൊരു തരം തട്ടിപ്പുകളും ഇതിനൊക്കെ വിധേയരാകുന്നതിൽ ഭൂരിഭാഗം ഗൾഫ് മലയാളികളുമാണ്. അന്യനാടുകളിൽപോയി ചോര നീരാക്കി പണിയെടുത്ത് നാട്ടിലേക്ക് വിദേശനാണ്യം എത്തിച്ചുതന്ന് നാടിന്റെ സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്ന ഗൾഫ് മലയാളികളെ ഉൾപ്പെടെ ചതിക്കുഴിയിലാക്കുന്ന ഇത്തരം നിയമലംഘകരെ നിയന്ത്രിക്കുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഫ്ളാറ്റ്, വില്ല, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ച് നൽകാമെന്ന് പരസ്യം നൽകി അഡ്വാൻസ് തുകയും വാങ്ങി എഗ്രിമെന്റ് വച്ചശേഷം ആവശ്യക്കാർ പലരീതിയിൽ പറ്റിക്കപ്പെടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുക, നിലവാരം കുറഞ്ഞ സാധനസാമഗ്രികൾ ഉപയോഗിക്കുക, നിശ്ചിത സമയത്തിനകം നിർമ്മാണം പൂർത്തീകരിച്ച് ഉടമയ്ക്ക് കൈമാറാതിരിക്കുക, അംഗീകൃത പ്ലാനിൽനിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തുക, യഥാസമയം പൂർത്തിയാക്കാതെയിരിക്കുക, ബിൽഡറുടെ ഉടമസ്ഥതയിൽ ഇല്ലാത്ത ഭൂമിയിൽ നിർമ്മാണം നടത്തുക, മതിയായ പാർക്കിംഗ് സൗകര്യമേർപ്പെടുത്താതിരിക്കുക, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പാർക്കിംഗ് ഏരിയ വാണിജ്യാവശ്യങ്ങൾക്കായി മാറ്റുക, തുറസ്സായി ഇടേണ്ട സ്ഥലം പാർക്കിംഗിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുക തുടങ്ങിയ പരാതികളാണ് പ്രധാനമായും ഉയർന്നുവന്നിട്ടുള്ളത്. കെട്ടിട നിർമ്മാതാക്കളുടെ ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിനും സാധാരണക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമായി 'The Real Estate Regulation & Development Bill' കൊണ്ടുവരുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതേ മാതൃകയിൽ സംസ്ഥാനത്തിന് യോജിച്ച ഒരു നിയമം സർക്കാർ കൊണ്ടുവരുന്നുണ്ട്.

## 33 പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം

ശ്രീ. ബി. സത്യൻ: സർ, ദൈനംദിനം അന്യ ജില്ലകൾ ഉൾപ്പെടെ ഏതാണ്ട് 280-ലേറെ പ്രൈവറ്റ് ബസ്സുകൾ വന്നുപോകുന്ന ആറ്റിങ്ങൽ പട്ടണത്തിൽ അനുയോജ്യമായ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റ് ഇപ്പോഴില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏതാണ്ട് 100 വർഷങ്ങൾക്കുമുമ്പ് രാജകുടുംബം അനുവദിച്ചു നൽകിയ സ്ഥലം പ്രയോജനപ്പെടുത്തി ആറ്റിങ്ങൾ മുനിസിപ്പാലിറ്റിയിൽ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തനം ആരംഭിച്ചപ്പോഴാണ് രാജകുടുംബത്തിൽപ്പെട്ട ഒരാളാണെന്ന അവകാശവാദവുമായി ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും



LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അതിന്റെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയുമാണ്. ഇല്ലാത്ത അവകാശവും അധികാരവും പ്രയോജനപ്പെടുത്തി കൃത്രിമമായ രേഖകളുണ്ടാക്കി ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കാതിരിക്കുന്നതിനുള്ള ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന് പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് മുനിസിപ്പാലിറ്റിയെയും അതുപോലെ ജനപ്രതിനിധികളെയും കൂട്ടി ഒരു യോഗം വിളിച്ച് ഈ പ്രൈവറ്റ് ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വളരെ വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ആറ്റിങ്ങൽ നഗരസഭ ബസ് സ്റ്റാന്റ്, നിലവിലുള്ള സ്ഥലത്തുനിന്നും വിശാലമായ മാമം ഗ്രൗണ്ടിലേക്ക് മാറ്റുന്നതിന് ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിച്ചുവന്നിട്ടുള്ളതുമാണ്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് ശ്രീമതി ലളിതാംബിക ഭായി മുതൽപേർ 2006-ൽ അവകാശവാദമുന്നയിക്കുകയും ടി സ്ഥലത്ത് ബസ് സ്റ്റാന്റിനുവേണ്ടി നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും സ്ഥിരം നിരോധന ഉത്തരവിനുവേണ്ടി ബഹുമാനപ്പെട്ട ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ ഒ.എസ്. 314/06 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ആയതിൻപ്രകാരം പുതിയ ബസ് സ്റ്റാന്റ് നിർമ്മിക്കാനുള്ള നഗരസഭയുടെ പ്രവൃത്തിയെ തടഞ്ഞുകൊണ്ട് നിരോധന ഉത്തരവ് ഉണ്ടായിട്ടുള്ളതുമാണ്. നിരോധന ഉത്തരവ് നീക്കി കേസിൽ തീരുമാനമാകുന്ന മുറയ്ക്ക് ടി സ്ഥലത്ത് പുതിയ ബസ്സ്റ്റാന്റ് നിർമ്മാണ പ്രവൃത്തികളാരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ, അതിൽ യാതൊരു സംശയവുമില്ല, സർക്കാർ ആ കാര്യത്തിൽ മുൻകൈയെടുക്കുന്നതാണ്.

## 34 വൈക്കം സത്യാഗ്രഹ സ്മാരകം

ശ്രീ. കെ. അജിത്: സർ, 1923-ൽ കാക്കനാട് കോൺഗ്രസ്സിൽ ടി.കെ. മാധവൻ അവതരിപ്പിച്ച പ്രമേയത്തിന്റെ ഭാഗമായിട്ടാണ് വൈക്കം സത്യാഗ്രഹ സമരം തുടങ്ങുകയും 1936-ൽ വിജയകരമായി സമാപിക്കുകയും ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ആ സമരത്തിൽ പങ്കെടുത്ത ദേശീയ നേതാക്കൻമാരുടെ സ്മരണ പുതുക്കുന്ന സ്മാരകങ്ങൾ വൈക്കത്ത് ഇപ്പോഴുമുണ്ട്. ആ സമരത്തിൽ പങ്കെടുത്ത ഇ. വി. രാമസ്വാമികളുടെ പേരിൽ തമിഴ്നാട് ഗവൺമെന്റ് വൈക്കത്ത് സ്മാരകം പണിതു. ശ്രീനാരായണ ഗുരുവിനും ടി. കെ മാധവനും എസ്.എൻ.ഡി.പി.ക്കാരും മന്നത്ത് പത്മനാഭന് എൻ.എസ്.എസ്.കാരും സ്മാരകം പണിതു. പക്ഷേ ആ സമരത്തിൽ മുഖ്യമായി പങ്കെടുത്ത ഗാന്ധിജിക്ക് സ്മാരകം പണിയണമെന്ന് ദീർഘകാലമായി വൈക്കത്തെ ജനങ്ങൾ ആഗ്രഹിക്കുകയാണ്. വൈക്കം മുനിസിപ്പാലിറ്റി പണി കഴിപ്പിച്ച വൈക്കം സത്യാഗ്രഹ മെമ്മോറിയൽ ഹാളിനുമുന്നിൽ ഗവൺമെന്റ് മേൽനോട്ടത്തിൽ ഈ സമരത്തിൽ പങ്കെടുത്ത നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഓർമ്മയ്ക്കായി ഒരു പ്രതിമ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട സ്മരണ നിലനിർത്തുന്നതിന് വൈക്കം ബോട്ട്ജെട്ടിക്ക് സമീപം നഗരസഭ സത്യാഗ്രഹ സ്മാരക മന്ദിരം പണിതിട്ടുണ്ട്. ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി വൈക്കം സന്ദർശിച്ചിട്ടുള്ളതുമാണ്. സത്യാഗ്രഹ സ്മാരകത്തിനുമുന്നിൽ മഹാത്മാഗാന്ധിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കണമെന്ന് നഗരസഭ സാംസ്കാരിക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈക്കത്തിന്റെ ചരിത്രപരമായ പ്രത്യേകത പരിഗണിച്ച് സത്യാഗ്രഹ സ്മാരകത്തിന് മുൻവശം രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കുന്ന വിഷയം പരിശോധിച്ച് ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

### 35 തെരുവുനായ്ക്കളുടെ ശല്യം

ശ്രീ. കെ.എം. ഷാജി: സർ, തെരുവിൽ അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും രൂക്ഷമാണ്. തെരുവുനായ്ക്കൾ പെറ്റുപെരുകി അവയുടെ എണ്ണം വർദ്ധിക്കുന്നതിനുപുറമെ വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് പ്രായമേറുകയോ രോഗംവന്ന് അവശതയിലാകുകയോ ചെയ്യുമ്പോൾ അവയെ തെരുവിലുപേക്ഷിക്കുന്ന ശീലവും വളർന്നുവരുന്നു. ഭക്ഷണ ദൗർലഭ്യമോ പ്രദേശത്തെ അംഗസംഖ്യാ വർദ്ധനവോ ഉണ്ടാകുമ്പോൾ ഇവ അക്രമാസക്തരായി വഴിയാത്രക്കാരെയും നഗരവാസികളെയും ആക്രമിക്കുകയും ചെയ്യുന്നു. തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരിക്ക് പറ്റുന്ന നിരവധിപേർ ദിനംപ്രതി ആശുപത്രികളിലെത്തുന്നുണ്ട്. അവയുടെ കണക്കെടുത്താൽ ഈ സ്ഥിതി എത്രമാത്രം സ്ഫോടനാത്മകമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വിദേശ സഞ്ചാരികളെ നായ്ക്കൾ ആക്രമിക്കുന്ന സംഭവങ്ങളും വിരളമല്ല. വിദേശ സഞ്ചാരമേഖലയ്ക്ക് ഇത് വലിയ തിരിച്ചടിയാണ്. വളർത്തുമൃഗങ്ങളെയും കുട്ടികളെയും ആക്രമിച്ച് ജീവഹാനി വരുത്തുന്ന സംഭവങ്ങളും നിരവധിയാണ്. വന്ധ്യംകരണംപോലുള്ള പരിഹാര നടപടികൾ ഒന്നുംതന്നെ പര്യാപ്തമായിട്ടില്ല എന്നുമാത്രമല്ല പരാജയപ്പെട്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ പ്രായോഗികമായ പരിഹാര നടപടികൾ അടിയന്തരമായി ഉണ്ടാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തെരുവുനായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനവും ശല്യവും മനുഷ്യജീവന് ഭീഷണിയായ സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിന് പ്രായോഗികവും ശാസ്ത്രീയവുമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 50575 ആളുകൾ സർക്കാർ ആശുപത്രികളിൽ മാത്രം ചികിത്സ തേടിയത് ഇതിന്റെ ഗൗരവത്തെയാണ് കാണിക്കുന്നത്. ഇവരിൽ 6 പേർ പേ വിഷബാധയെത്തുടർന്ന് മരിക്കുകയും ചെയ്തിട്ടുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി തടഞ്ഞിരിക്കുകയാണ്. നായ്ക്കളെ കൊല്ലുന്നത് Prevention of Cruelty Animal Act (Central Act 26 of 1982) പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റമാണ്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ ലോക്കൽ അതോറിറ്റികളുടെയും ജന്തുസംഘടനകളുടെയും പങ്കാളിത്തത്തോടെ തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തിയും രോഗപ്രതിരോധ കുത്തിവയ്പ് നൽകിയും വിട്ടയയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പേ വിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. പേ വിഷബാധയ്ക്കെതിരെ ഐ.ഡി.ആർ.വി, എ.ആർ.വി മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികൾവഴി വിതരണം ചെയ്യുന്നുണ്ട്. പൊതുജനങ്ങൾക്കും വാഹന ഗതാഗതത്തിനും ഭീഷണിയുണ്ടാക്കുന്നതും തെരുവുകളിൽ അലഞ്ഞുതിരിയുന്നതും ഉടമസ്ഥർ ഉപേക്ഷിച്ചതുമായ നായ്ക്കളെ ഭക്ഷണവും ചികിത്സയും നൽകി നഗരസഭകളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കെന്നൽ ക്ലബ്ബ് മോഡലിൽ സംരക്ഷിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. കേരളത്തിൽ ഏകദേശം അഞ്ച് ലക്ഷത്തിലധികംവരുന്ന സ്ട്രേ ഡോഗ്സ് ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മൂന്ന് കെന്നലുകളിലായി അവയെ സംരക്ഷിക്കുന്നതിനുള്ള ഒരു ഡി.പി.ആർ ഉണ്ടാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

## 36 പുതിയ പാലം

ശ്രീ. സി.പി. മുഹമ്മദ്: സർ, എന്റെയും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയുടെയും നിയോജകമണ്ഡലത്തിന്റെ മധ്യത്തിൽക്കൂടി പോകുന്ന, കുന്തിപ്പുഴയിൽ പാലോളികുണ്ടിലും മപ്പാട്ടുകര പുറമത്രയിലും ഒരു പാലം നിർമ്മിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത അങ്ങയെ ബോധ്യപ്പെടുത്തുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കുന്തിപ്പുഴയ്ക്ക് കുറുകെ മപ്പാട്ടുകരയിലും പാലോളികുണ്ടിലും പാലങ്ങൾ നിർമ്മിക്കുന്നത് നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തി 28-4-2012-ൽ യഥാക്രമം 1400 ലക്ഷം രൂപയുടെയും 900 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾക്ക് in principle സാംഗ്ഷൻ നൽകി, ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനുള്ള വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് പാലങ്ങളുടെ നിർമ്മാണത്തിനുള്ള അനന്തരനടപടികൾ സ്വീകരിക്കും.

## 37 ജീവനക്കാരുടെ പുനർവിന്യാസം

ഡോ. ടി.എം. തോമസ് ഐസക്: സർ, പൊതുമരാമത്ത് വകുപ്പിൽനിന്ന് 374 ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിന് ഇപ്പോൾ നിയമപരമായ തടസ്സമില്ല. കോടതി അവരുടെ അപ്പീൽ തള്ളിയിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ പരാതി പരിശോധിച്ച് പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ഉത്തരവുമിറക്കിയിട്ടുണ്ട്. എത്രയുംപെട്ടെന്ന് ജീവനക്കാരുടെ പുനർവിന്യാസം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. പുനർവിന്യാസത്തിന് എതിരല്ലായിരുന്നു. പക്ഷേ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ചില വിധികളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം താല്കാലികമായി തടഞ്ഞുവച്ചത്. അത് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയുമൊക്കെ ശക്തിപ്പെടുത്തുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നിലപാട്.

## 38 പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, എന്റെ മണ്ഡലത്തിലെ ആല-ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണം 2008-ൽ ആരംഭിച്ചതാണ്. 80 ശതമാനം പണിയും പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെ അലൈൻമെന്റിൽ വന്ന മാറ്റത്തെത്തുടർന്ന് അതിന്റെ ഡിസൈൻ മാറ്റാൻ തീരുമാനിച്ചു. അന്ന് പി.ഡബ്ല്യു.ഡി. ഒരു സ്വകാര്യ ഔട്ട്സോഴ്സ് ചെയ്തുകൊണ്ടാണ് ആ ഡിസൈൻ തയ്യാറാക്കിയത്. അത് പിന്നീട് പി.ഡബ്ല്യു.ഡി.തന്നെ ഒബ്ജക്ട് ചെയ്തതിനെത്തുടർന്ന് ഡ്രിക്-നെ ഏൽപ്പിക്കുകയും അതിന്റെ ഡിസൈൻ ലഭിക്കുന്നതിന് ഒന്നര വർഷത്തോളം വൈകുകയും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അതിൽ 18 ശതമാനത്തിലധികം വർദ്ധനവ് വരികയും ചെയ്തതിനെത്തുടർന്ന് കോൺട്രാക്ടർ ആ പണി നിർത്തിവച്ചിരിക്കുകയുമാണ്. നൂറുകണക്കിന് കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണത്. ഇപ്പോൾ അവിടെയുള്ളവർ സഞ്ചരിക്കുന്ന പഴയ പാലം ഏത് സമയത്തും തകർന്നു വീഴാനിടയുണ്ട്. മഹാദുരന്തംതന്നെ സംഭവിക്കാനിടയുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് അങ്ങ് എത്രയും പെട്ടെന്ന് ഇടപെട്ട് ഒരു മീറ്റിംഗ് വിളിച്ചിട്ടാണെങ്കിലും ആ പാലത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്ങിവിടെ ഉന്നയിച്ച സബ്മിഷനിലെ കാര്യങ്ങൾ വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്. ഡിസൈൻ പൂർത്തിയായിട്ടുണ്ട്. 742 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് പ്രത്യേക യോഗം വിളിച്ച് നടപടികളുമായി മുന്നോട്ടുപോകാം.

## 39 ദേശീയപാതാ മീഡിയനുകളിലെ വഴിവിളക്കുകൾ

ശ്രീ. എ.എം. ആരിഫ്: സർ, അരൂർ മുതൽ തങ്കിക്കവല വരെയുള്ള ദേശീയ പാതയിൽ നാലുവരിപ്പാത നിലവിലുള്ള സ്ഥലമാണ്. നാലുവരിപ്പാതയിൽ മീഡിയനിൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റുകളാണ് അവിടെ അപകടങ്ങൾ ഒരു പരിധിയോളം കുറച്ചുകൊണ്ടുവന്നത്. ആ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ട്രാഫിക് അതോറിറ്റിക്കോ മറ്റ് സംവിധാനങ്ങൾക്കോ എൻ.എച്ച്.-നോ ഒന്നിനും

LIBRARY ARCHIVES Kerala Legislative Assembly

തന്നെ യാതൊരുവിധ സൗകര്യങ്ങളോ പണമോ ഇല്ല. ആ സന്ദർഭത്തിലാണ് പഞ്ചായത്തുകളുമായി പരസ്യ ഏജൻസികൾ എഗ്രിമെന്റ് വച്ച് അവിടെ ചെറിയ പരസ്യ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് വഴിവിളക്കുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ എൻ.എച്ച്. അതോറിറ്റിയുടെ ഏതോ ഉത്തരവിന്റെ ഭാഗമായിട്ടോ നിർദ്ദേശത്തിന്റെ ഭാഗമായിട്ടോ ഈ പരസ്യങ്ങളെല്ലാം എടുത്തുകളയാൻ തീരുമാനിച്ചതിന്റെ ഫലമായി ദേശീയപാതയിൽ ഏകദേശം 24 കിലോമീറ്ററോളം ദൂരത്തിൽ വഴിവിളക്കുകൾ ഒരു മാസമായി കത്തുന്നില്ല. അവർ ആ പരസ്യം എടുത്തുകൊണ്ടുപോയി. ആ പരസ്യം ഏതെങ്കിലും തരത്തിലുള്ള അപകടത്തിന് ഹാനികരമായ നിലയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് മാറ്റി സ്ഥാപിക്കാനോ അല്ലെങ്കിൽ ക്രമീകരിച്ചുവയ്ക്കാനോ തയ്യാറായിക്കൊണ്ട് വഴിവിളക്കുകൾ പ്രവർത്തിപ്പിക്കണം. അല്ലെങ്കിൽ, ദേശീയപാത നാലുവരി പാതയായതുകൊണ്ട് നിർബന്ധമായും അവിടെ വഴിവിളക്കുകൾക്ക് പകരം സംവിധാനമുണ്ടാക്കണം. പകരം സംവിധാനമുണ്ടാക്കുന്നതിന് കാലതാമസം വരുമെന്നുണ്ടെങ്കിൽ നിലവിലുള്ള സംവിധാനം തുടരാനുള്ള അനുവാദം കൊടുക്കണം. ഇത്തരത്തിൽ അപകടങ്ങൾ ഒഴിവാക്കാനുള്ള അടിയന്തരമായ ഇടപെടൽ ദേശീയപാതാ വിഭാഗത്തിൽനിന്നുമുണ്ടാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച്. 47-ൽ ചേർത്തല മുതൽ മണ്ണുത്തി വരെയുള്ള ഭാഗം മോഡൽ സേഫ്റ്റി കോറിഡോറായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അവിടെ പരസ്യങ്ങൾ വയ്ക്കുന്നതുമൂലം ഡ്രൈവർമാരുടെ ശ്രദ്ധ ഡീവിയേറ്റ് ചെയ്തുപോകുന്നുവെന്നുള്ള പരാതി ലഭിക്കുകയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഇത്തരത്തിലുള്ള പരസ്യങ്ങൾ നിരുത്സാഹപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ സംഭവിച്ചത്. പരസ്യങ്ങളില്ലാതെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദമുണ്ട്. പരസ്യങ്ങളുടെ കാര്യത്തിൽ ചില സ്പെസിഫിക്കേഷനുകളുണ്ട്. ആ സ്പെസിഫിക്കേഷനുകളിലുള്ള പരസ്യങ്ങൾ വച്ചുകൊണ്ട് വഴിവിളക്കുകൾ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള വരുണ്ടെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയോട് ഏറ്റെടുത്ത് ചെയ്യാൻ പറയാം. വലിയ പരസ്യങ്ങൾ വച്ചാൽ റോഡ് അപകടങ്ങൾ വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കാം.

## 40 പാലം നിർമ്മാണത്തിന് റീ-ടെണ്ടർ

ശ്രീ. വി. പി. സജീന്ദ്രൻ: സർ കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരംകടവ് പാലം ഏകദേശം 80 ശതമാനം പണി പൂർത്തിയാക്കിയിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ താമസിച്ചതുകൊണ്ടാണ് സമയത്ത് പണി പൂർത്തിയാക്കാൻ കഴിയാതിരുന്നത്. ഇപ്പോൾ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികളിൽ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. സാധനസാമഗ്രികളുടെ വിലവർദ്ധനവും അതുപോലെ പി.ഡബ്ല്യു.ഡി. റേറ്റും വർദ്ധിപ്പിച്ചതുമൂലം കോൺട്രാക്ടർ പണി ഉപേക്ഷിച്ച് പോയി. 9 കോടി രൂപ മുടക്കി വകയിരുത്തിയ കോരംകടവ് പാലം റീടെണ്ടർ ചെയ്ത് പാലത്തിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരംകടവ് പാലത്തിന്റെ കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോവുകയാണുണ്ടായത്. പുതിയ എസ്.ഒ.ആർ. നിലവിൽ വന്നിട്ടുണ്ട്. അതനുസരിച്ച് റീ-ടെണ്ടർ ചെയ്ത് പാലത്തിന്റെ പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 41 ബൈപ്പാസ് നിർമ്മാണം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് പട്ടണത്തിന് സമാന്തരമായി മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയതാണ്. നെൽവയലുകളിലൂടെയാണ് ബൈപ്പാസ് നിർമ്മിക്കുന്നത് എന്നതുകൊണ്ട് സ്ഥലമെടുപ്പ് നടപടി സങ്കീർണ്ണമാണ്. ഇതുസംബന്ധിച്ചുള്ള അനുമതി ലഭ്യമായി, സ്ഥലമെടുപ്പ് നടപടി പൂർത്തിയായി വരുന്നു. അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി ബൈപ്പാസ് നിർമ്മാണം ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ബൈപ്പാസാണ്. തണ്ണീർത്തട സംരക്ഷണ സമിതിയുടെ അനുവാദം ലഭിക്കാത്തതുകൊണ്ടാണ് ഭൂമി ഏറ്റെടുക്കൽ നടപടി വൈകിയത്. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം കിട്ടി, നടപടികൾ പുരോഗമിച്ചുവരികയാണ്. ആവശ്യമായി വന്നാൽ വളരെ താമസിയാതെ ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 42 പാലം നിർമ്മാണം

ശ്രീമതി ഗീതാ ഗോപി : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട പാലമാണ് പഴുവിൽപാലം. ശ്രീ.വി.എസ്. സുനിൽകുമാർ, എം.എൽ.എ. യുടെ വളരെ ശ്രമകരമായിട്ടുള്ള ഇടപെടലിന്റെ ഭാഗമായാണ് 2.5 കോടി രൂപ ആ പാലത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ചത്. അതിന്റെ ഡിസൈനും മറ്റും തിരുവനന്തപുരത്തുള്ള ഡ്രിക്-നെ ചുമതലപ്പെടുത്തി കൊടുത്തിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം ഏതുവരെയായി എന്നറിയാൻ ആഗ്രഹമുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പാലം വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ ഡിസൈൻ പ്രവർത്തനനടപടികൾ ഡ്രിക് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഡിസൈൻ ലഭിക്കും. ഡിസൈൻ ലഭിച്ചാൽ 2013 മാർച്ച് മാസത്തിൽത്തന്നെ ടെണ്ടർ വിളിച്ച് നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും. പാലത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

LIBRARY ARCHIVES Kerala Legislative Assembly

## 43 പാലംപണി പൂർത്തീകരണം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല നഗരത്തിന്റെയും നഗരത്തിന്റെ വടക്കൻ പ്രദേശങ്ങളുടെയും വളർച്ചയ്ക്ക് സുപ്രധാനമായ പങ്ക് വഹിക്കേണ്ട ഒന്നാണ് നെടുമ്പ്രക്കാട്-വിളക്കുമരം പാലം. 2001-ൽ നിർമ്മാണമാരംഭിച്ച ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ പകുതിവഴിയിൽ, എങ്ങുമെത്താതെ നിർത്തിവയ്ക്കേണ്ടിവന്നു. അപ്രോച്ച്റോഡിനുള്ള സ്ഥലത്തിന്റെ അക്വസിഷൻ പ്രശ്നമാണ് നേരത്തേ ഉണ്ടായിരുന്നതെങ്കിൽ രണ്ട് വർഷങ്ങൾക്കുമുമ്പ് മുഴുവൻ സ്ഥലത്തിന്റെയും അഡ്വാൻസ് കൺസന്റ് വാങ്ങി റവന്യൂ-പൊതുമരാമത്ത് അധികാരികളെ ഏൽപ്പിച്ചതാണ്. പക്ഷേ, ഇതുവരെ ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ റീ-ടെണ്ടർ നടപടികളോ മറ്റ് കാര്യങ്ങളോ ആയിട്ടില്ല. എത്രയുംവേഗം ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വിളക്കുമരം പാലത്തിന്റെ പണി 15-1-2005-ൽ ആരംഭിച്ചതാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. 22 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽനടപടികൾ പൂർത്തീകരിച്ചശേഷം അഡ്വാൻസ് പൊസഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി കൊടുക്കുന്നകാര്യം ഗൗരവമായി പരിഗണിച്ച് ഭരണാനുമതി കൊടുക്കാം.

## 44 കേന്ദ്രസഹായം ലഭ്യമാക്കൽ

ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് കേന്ദ്രഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി പണം അനുവദിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള ആ പണം വാങ്ങിയെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് 100 ശതമാനം വിജയിച്ചിട്ടില്ലെന്ന സങ്കടമാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഈ പണം വാങ്ങിയെടുക്കുന്നതിന് ഒരു മടിയും കാണിക്കേണ്ട കാര്യമില്ല. ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഈ ആനുകൂല്യം വാങ്ങിയെടുക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ധനസഹായം ലഭിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 2012-13-ൽ പത്രപ്പരസ്യം നൽകിയിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിന് 2012 സെപ്റ്റംബർ 21-ാം തീയതി വൈകുന്നേരം 5 മണിവരെ സമയവും അനുവദിച്ചിരുന്നു. ഇതിനെത്തുടർന്ന് 14 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 434 അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

യഥാസമയം ലഭിക്കുകയും 15 അപേക്ഷകൾ വൈകി ലഭിക്കുകയും ചെയ്തു. അപേക്ഷകളുടെ നടപടിക്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 18-1-2013-ൽ സ്റ്റേറ്റ് ലെവൽ ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റി വിളിച്ചുകൂട്ടുകയുണ്ടായി. അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി 27-2-13-ൽ അടുത്ത ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്മിറ്റി അംഗീകരിക്കുന്ന അപേക്ഷകൾ യഥാസമയം തന്നെ കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കുകയാണ് പതിവ്. കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി പരിശോധിച്ച്, അംഗീകരിച്ച് ധനസഹായം അനുവദിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് ചെലവഴിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതിയും നൽകുന്നുണ്ട്. ഈ നടപടിക്രമം അനുസരിച്ച് കഴിഞ്ഞ വർഷം (2011-12) 123 സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 27.097 കോടി രൂപ വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി നൽകുകയും തുക വിതരണം ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലുമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സഹായം നഷ്ടപ്പെടാതെ അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സമയബന്ധിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

സെക്രട്ടറി, കേരള നിയമസഭ: സർ, കാര്യവിവരപ്പട്ടികയിലെ 3(1) അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 1760, 1790 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 7752, ആറാം സമ്മേളനത്തിലെ 124, 128 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 8106-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 399, 474 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 639-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 683-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കാര്യവിവരപ്പട്ടികയിലെ 3(2) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5339-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# VII നിയമനിർമ്മാണം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### 1 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഇവിടെ വന്നിട്ടുള്ള ഭേദഗതികളിൽ കൂടുതലും ഡെഫനിഷനെ സംബന്ധിച്ചുള്ളതാണ്. ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നാണ് കോമ്പിറ്റന്റ് അതോറിറ്റി എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജിമ. ഇതുസംബന്ധിച്ചാണ് കൂടുതൽ ഭേദഗതികളും വന്നിട്ടുള്ളത്. ഓരോരുത്തരും ഭാവനയനുസരിച്ച് ഓരോ വാക്കുകൾ മാറ്റണമെന്ന് പറയുകയാണ്. ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നുമതി പോരെങ്കിൽ അതിന്റെ ഡിഫക്റ്റ് എങ്ങനെയാണ് പരിഹരിക്കുന്നതുവച്ചാൽ, ഭരണഘടന അനുസരിച്ച് ആർട്ടിക്കിൾ 348(3) അനുസരിച്ചുള്ള ഇംഗ്ലീഷ് വാക്ക് Authorized text എന്നാണ്. മലയാളത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇംഗ്ലീഷ് വേർഷൻ സ്വീകരിച്ചാൽ മതി. കോമ്പിറ്റന്റ് അതോറിറ്റി എന്ന ഇംഗ്ലീഷ് വാക്കുള്ളതുകൊണ്ട് വേറെ വിഷമമില്ല. മാത്രമല്ല, ക്ഷമതയുള്ള അധികാര സ്ഥാപനം' എന്നതാണ് കോമ്പിറ്റന്റ് അതോറിറ്റി എന്ന വാക്കിന് നല്ലത്. വേറെ ഒരിടത്തും അതിന്റെ മലയാളം കാണുന്നില്ല. അതുകൊണ്ട് ഇപ്പോൾ അതിനെക്കുറിച്ചൊന്നും പറയാനില്ല. ഓരോന്നും മൂവ് ചെയ്യുമ്പോൾ പറയാം.

മി. സ്പീക്കർ: ആരുടെയും അവകാശത്തെ ചോദ്യം ചെയ്തുകൊണ്ടല്ല, അവകാശത്തെ നിലനിർത്തിക്കൊണ്ടുതന്നെ പറയുകയാണ്, അനന്തമായി നീണ്ടുനിൽക്കുന്ന വിയോജനക്കുറിപ്പ് പ്രസംഗം സാദ്ധ്യമല്ല. ആദ്യമേ അത് അറിയിക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, എന്റെ സബ്മിഷൻ ഞാൻ അരമിനിട്ടുകൊണ്ടാണ് അവതരിപ്പിച്ചത്.

മി. സ്പീക്കർ: അതുകൊണ്ട് ഒരു മിനിട്ടുകൊണ്ട് തീർക്കാൻ പോവുകയാണോ ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, അല്ല. അഞ്ചുമിനിട്ടുകൊണ്ട് തീർക്കും. ഇന്നത്തെ പ്രാധാന്യം മനസിലാക്കിക്കൊണ്ടുതന്നെ ഞാൻ പ്രസംഗിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യ സംരക്ഷണ ബില്ലുമായി ബന്ധപ്പെട്ട് ഡിസന്റിൽ പറഞ്ഞ കാര്യങ്ങൾ മാത്രമേ ഞാൻ വിശദീകരിക്കുന്നുള്ളു. അതിൽ ഒന്നാമത് പറഞ്ഞിരിക്കുന്നത്, നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമ്പോൾ നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഇതിൽ ഉൾപ്പെടുത്തണം. ചിട്ടിക്കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യപ്പെടാതെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ, മണിചെയിൻ കമ്പനികൾ, മുൻകൂർ നിക്ഷേപം സ്വീകരിച്ച് ആളുകളെ വഞ്ചിക്കുന്ന ഫ്ളാറ്റ് നിർമ്മാതാക്കൾ, അമിത പലിശ വാഗ്ദാനം എന്ന പരസ്യം നൽകി കബളിപ്പിക്കുന്നവർ ഇവരെയൊന്നും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ നാട്ടിൽ ചിട്ടിക്കമ്പനികൾ ഇഷ്ടംപോലെ പ്രവർത്തിക്കുന്നുണ്ട്. ഇവർ നിയമവിരുദ്ധ പ്രവർത്തന നടപടികളാണ് സ്വീകരിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് പണം കിട്ടുമെന്ന് തോന്നിയാൽ ഏത് നിയമവിരുദ്ധ നടപടിക്കും അറിയാതെ ആളുകൾ കൂട്ടുനിൽക്കുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ട്. അത് നിയമനിർമ്മാണത്തിലൂടെ തടയുന്നതിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിക്കണം. തിരുവനന്തപുരത്ത് അമിത പലിശ ഈടാക്കുകയും അതുപോലെതന്നെ നിക്ഷേപത്തിന് ഇരട്ടിപ്പണം കൊടുക്കും എന്ന പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുള്ള സ്ഥാപനം രണ്ടുമൂന്ന് വർഷം മുൻപ് വലിയ വാർത്തയുണ്ടാക്കിയതാണ്. 'ടോട്ടൽ ഫോർ യു'- അതിന്റെ പേരുതന്നെ ഗംഭീര പേരാണ്, എല്ലാം നിനക്കുവേണ്ടി',എന്തു മനോഹരമായ പേരാണ്. ആയിരം രൂപ കൊടുത്താൽ അടുത്തമാസം അതേ തീയതിക്ക് രണ്ടായിരം രൂപ കൊടുക്കും. രണ്ടായിരം രൂപ കൊടുത്താൽ അടുത്തമാസം അതേ തീയതിക്ക് നാലായിരം രൂപ കൊടുക്കും. പതിനായിരം രൂപ കൊടുത്താൽ ഇരുപതിനായിരം രൂപ കൊടുക്കും. ഒരു ലക്ഷം രൂപ കൊടുത്താൽ രണ്ട് ലക്ഷം രൂപ കൊടുക്കും. ഇങ്ങനെ ആളുകളെ പറ്റിച്ച് കോടിക്കണക്കിന് രൂപയുടെ ഇടപാടാണ് നടത്തിയത്. ഇത്തരം സ്ഥാപനങ്ങളെയെല്ലാം നിയന്ത്രിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കപ്പെടേണ്ടതാണ്. ഈ കേസുമായി ബന്ധപ്പെട്ടുവന്നൊരു വിഷയം ഞാൻ പത്രത്തിൽ വായിച്ചതാണ്. ഹൃദയ ശസ്ത്രക്രിയ നടത്താൻ തയാറായിരിക്കുന്ന ആളിന്റെ കൈയിൽ രണ്ടു ലക്ഷം രൂപയുണ്ട്. ചികിത്സയ്ക്ക് നാല് ലക്ഷം രൂപ ചെലവ് വരും. അവിടെ കൊണ്ടുകൊടുത്താൽ അടുത്തമാസം നാല് ലക്ഷം രൂപകിട്ടുമെന്ന് പ്രതീക്ഷിച്ച് ഇവിടെ കൊണ്ടുപോയി കൊടുത്തു, രണ്ട് ലക്ഷം രൂപയും പോയി, നയാപൈസയില്ലാതെ ബുദ്ധിമുട്ടിയ കാര്യം ഇതുമായി ബന്ധപ്പെട്ട് പത്രത്തിൽ വായിച്ചതാണ്. സാധാരണക്കാരൻ സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന സമയത്ത്, വിശ്വാസ്യതയോടുകൂടിയാണ് ഇത് ആദ്യം പ്രവർത്തിക്കുന്നത്. ഏതോ ഒരു ഡോക്ടർ ഒരു കോടി രൂപ കൊടുത്തു. ഒരു കോടി രൂപയെന്നുപറയുന്നത് 100 ലക്ഷം രൂപയാണല്ലോ. ആദ്യം കൊടുക്കുന്ന ആളുകൾക്ക് കൃത്യമായി പൈസ കൊടുക്കും. ആദ്യം കൊടുത്ത പത്തോ നൂറോ ആളുകൾക്ക് കൃത്യമായി പൈസ കൊടുത്തപ്പോൾ കിട്ടിയ ആളുകൾ ഇത് നാടുമുഴുവൻ പ്രചരിപ്പിച്ചു. തുരുതുരായെന്ന് ആളുകൾ കൊണ്ടുപോയി പൈസ കൊടുത്തു. അത്തരമൊരു സ്ഥിതിവിശേഷത്തിന്റെ ഭാഗമായാണ് തട്ടിപ്പ് അരങ്ങേറിയത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ മണിചെയിൻ, ആയിരം രൂപകൊടുത്ത് ഒരാളുടെ കൂടെ ചേർന്നാൽ മൂന്നാളെ ചേർക്കണം. മൂന്ന് ആളുകൾ ഒൻപത് പേരെ ചേർക്കണം. അങ്ങനെയങ്ങ് വർദ്ധിച്ചുപോവുകയാണ്. എവിടെയെങ്കിലും വച്ച് ഇതിന്റെ കണ്ണിപൊട്ടും അതിന്റെ ഭാഗമായി നിരവധി പ്രശ്നങ്ങളുണ്ടാകും. ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെടുത്തിയാണ് കേരളത്തിലെ മറ്റൊരു പ്രധാനപ്പെട്ട മേഖല വന്നിട്ടുള്ളത്. കേരളത്തിൽ പുതിയ വീടുകൾ ഉണ്ടാക്കുന്നത് ഒരു പ്രശ്നം തന്നെയാണ്. പണം കൊടുത്താൽ ഒരു ബുദ്ധിമുട്ടില്ലാതെ വീടുണ്ടാക്കി തരും എന്ന പ്രചരണം നടത്തി വലിയ തട്ടിപ്പ് നടത്തുന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ടായിട്ടുണ്ട്. അതും ശക്തമായ നിയന്ത്രണത്തിന് വിധേയമാക്കേണ്ടതാണ്. അതുപോലെതന്നെ, കോടിക്കണക്കിന് രൂപ തട്ടിയെടുക്കുന്ന ആളുകൾക്ക് ഒരു ലക്ഷം രൂപയുടെ പിഴയാണ് ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളത്. കോടിക്കണക്കിന് രൂപ തട്ടിപ്പ് നടത്തിയ ആൾക്ക് ഒരു ലക്ഷം രൂപയുടെ പിഴയടയ്ക്കാൻ വല്ല ബുദ്ധിമുട്ടുമുണ്ടോ ? അതിനനുസരിച്ചുള്ള കാര്യമായ മാറ്റം ഈ ബില്ലിൽ കൊണ്ടുവരണം. ശക്തമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഇത്തരം സ്ഥാപനങ്ങൾക്ക് നിർബന്ധമായും രജിസ്ട്രേഷൻ, ഏത് സ്ഥാപനവും പ്രവർത്തിക്കുമ്പോൾ നിർബന്ധമായും രജിസ്ട്രേഷൻ വേണമെന്ന ഒരു സമീപനം സ്വീകരിക്കാൻ കഴിയണം. അതുപോലെതന്നെ ശക്തമായ പരിശോധനാസംവിധാനം ഉണ്ടാകണം. ഇത് നടത്തിപ്പുകാരുടെ കൈയിലൊതുങ്ങിപ്പോകുന്ന സ്ഥിതിവിശേഷവും അതിനെ സംബന്ധിച്ച് ശക്തമായ പരിശോധനയില്ല എന്നുള്ള പ്രശ്നവും ഞാൻ ഗൗരവമായി ഉന്നയിക്കുകയാണ്. അതുപോലെതന്നെ പരസ്യം; വലിയ തോതിൽ പരസ്യം നൽകി തട്ടിപ്പ് നടത്തുന്ന നിരവധി സ്ഥാപനങ്ങൾ ഉണ്ട്. സ്വർണ്ണഭൂമി സ്കീം, ഒന്നിന് പകരം പത്ത്, പത്തിന് പകരം നൂറ് എന്നീ നിലയിൽ പ്രചരണം നടത്തി ആളുകളെ പറ്റിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇതൊക്കെ ഫലപ്രദമായ രൂപത്തിൽ തടയുന്നതിനാവശ്യമായ സംവിധാനങ്ങളും ഉണ്ടാകണമെന്നാണ് ഞാൻ ഇതിലൂടെ ആവശ്യപ്പെടുന്നത്. ഇത്തരമൊരു നിയമനിർമ്മാണം നടത്തിയാൽ മാത്രം പോര, ഈ നിയമങ്ങൾ പ്രാവർത്തികം ആക്കുന്നതിനാവശ്യമായ ഇച്ഛാശക്തിയോടുകൂടിയുള്ള ഭരണകൂടത്തിന്റെ നടപടിയുണ്ടാകണം. ഇന്നത്തെ മലയാളമനോരമ പത്രത്തിൽ ഒരു വാർത്തയുണ്ട്, ദേശാഭിമാനിയിലല്ല. ടോട്ടൽ ഫോർ യു, ഞാൻ നേരത്തെ പറഞ്ഞ കക്ഷി, കോടതിയിൽ നിന്ന് ജാമ്യം വാങ്ങി മുങ്ങിയതാണ്. വർഷം രണ്ട് കഴിഞ്ഞു. ഇന്നത്തെ മെട്രോ മനോരമയിലെ വാർത്ത `ഒളിവിലായിട്ട് രണ്ട് കൊല്ലം, പോലീസിന്റെ തോളിൽ കൈയിട്ട് പലയിടത്തും ശബരി'. തിരുവനന്തപുരം പട്ടണത്തിനകത്താണ്. ഇപ്പോഴും തിരുവനന്തപുരത്തെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പലപല പരിപാടികളിൽ അദ്ദേഹം പങ്കെടുക്കുന്നുമുണ്ട്. ഡിവൈ.എസ്.പിയുടെ കൂടെ വർക്കലയിലെ ഒരു റിസോർട്ടിൽ കണ്ടു എന്നാണ് വാർത്ത വന്നിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നിയമം ഉണ്ടായാൽ പോരാ, നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ ഇച്ഛാശക്തിയോടുകൂടിയ നടപടിയാണാവശ്യം. അത്തരമൊരു സമീപനം സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം. ഇത്രയും കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട ഡിസെന്റിന്റെ ഭാഗമായി വളരെ ചുരുക്കി എനിക്ക് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Congratulations ശ്രീ. വി. ചെന്താമരാക്ഷൻ. ശ്രീ ചെന്താമരാക്ഷന്റെ പാതയെല്ലാവരും സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിന്റെ ഉദ്ദേശ്യം നല്ലതാണെങ്കിലും ഇത് സമഗ്രമായില്ലെങ്കിൽ നമ്മുടെ പണമിടപാട് സംവിധാനത്തിന്റെ സുതാര്യതയും സത്യസന്ധതയും നിലനിർത്താൻ പ്രയാസമായിരിക്കും. ഒന്നാമത്തെ പ്രശ്നം, ഇങ്ങനെയുള്ള സംവിധാനത്തിൽ പണം നിക്ഷേപിക്കുന്നവർ ആ പണത്തിന്റെ തന്നെ സത്യസന്ധത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. തട്ടിപ്പ് സംവിധാനത്തിലൂടെ കൂടുതൽ പലിശ കിട്ടാൻവേണ്ടി മനുഷ്യന്റെ മനസ്സിന്റെ മോഹം കൊണ്ടാണ് ഇത്തരത്തിലുള്ള കെണിയിൽ ചെന്നുവീഴുന്നത്. ഒരിക്കലും മനുഷ്യന്റെ മനസ്സിന്റെ മോഹം നിയമംമൂലം നമുക്ക് നിയന്ത്രിക്കാൻ കഴിയില്ല. ഇങ്ങനെ കൊണ്ടിടുന്ന പണം ഏത് തരത്തിലുള്ളതാണ് എന്നുള്ളത് തീർച്ചയായും ഒരു പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. അല്ലെങ്കിൽത്തന്നെ കേരള സമൂഹത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന പണത്തിന്റെ ഒരു പങ്ക് ഇപ്പോഴേ കുറ്റവാളിത്ത സ്വഭാവമുള്ള പണമാണെന്ന് പൊതു ആക്ഷേപമുണ്ട്. അത് ശരിയാണ്. അതുകൊണ്ട് ഇത്തരം പണമിടപാട് സംവിധാനത്തിന്റെ രജിസ്ട്രേഷനും ഇടപാടുകളും പരിശോധിക്കുന്നതിന് ഈ നിയമത്തിന്റെയുള്ളിൽ ശക്തമായൊരു സംവിധാനമുണ്ടാകേണ്ടതുണ്ട്. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ഒരു ഗവൺമെന്റ് സംവിധാനത്തിനും ഗവൺമെന്റ് നിയന്ത്രിക്കുന്ന പണമിടപാട് സംവിധാനത്തിനും അതിന്റെ നിയന്ത്രിതമായ പലിശ, കേരളത്തിലേത് ഏറ്റവും നന്നായി കൈകാര്യം ചെയ്തുകൊണ്ടിരുന്നത് കേരളത്തിലെ സഹകരണ മേഖലയാണ്. സാധാരണക്കാർക്ക് ന്യായമായ പലിശയ്ക്ക് പണം കൊടുക്കുന്ന ഗവൺമെന്റിന് നിയന്ത്രണമുള്ള ഷെഡ്യൂൾഡ് ബാങ്കാണെങ്കിലും സഹകരണ മേഖലയാണെങ്കിലും മറ്റ് ബാങ്കിംഗ് സംവിധാനമാണെങ്കിലും ആ മേഖലകളെ പ്രോത്സാഹിപ്പിക്കുകയല്ലാതെ ഈ മേഖലകളെ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കാൻ പാടില്ല. കാരണം, പണമുള്ളവരുടെ സത്യസന്ധമായ പണം ന്യായമായ പലിശയ്ക്ക് വാങ്ങി സമൂഹത്തിന്റെ വികസനത്തിനും സാധാരണ മനുഷ്യന്റെ ന്യായമായ കാര്യങ്ങൾക്കും ഉപയോഗിക്കുന്നതിന് പറ്റിയ തരത്തിലേക്ക് നീങ്ങുകയും ഇത്തരം സംവിധാനങ്ങളെ നിരുത്സാഹപ്പെടുത്തുകയുമാണ് ഈ ഗവൺമെന്റ് ചെയ്യേണ്ടത്.

അദ്ധ്വാനത്തിന്റേതല്ലാതുള്ള എല്ലാ മുതലും കൊള്ളമുതലാണെന്ന് ബൈബിളിൽ ഒരു വാക്യമുണ്ട്. സത്യത്തിൽ ഇത്തരത്തിൽ വരുന്ന നിക്ഷേപത്തിന്റെ ഒരു പങ്ക് അദ്ധ്വാനത്തിന്റേതല്ലാത്ത പണമാണ്. അദ്ധ്വാനിക്കുന്നവൻ, സത്യസന്ധമായും സുതാര്യമായും പണം സൂക്ഷിക്കുന്നവൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുകയും ഒരു അദ്ധ്വാനവും ഇല്ലാത്തവൻ പണക്കാരനും കോടീശ്വരനുമായി മാറുകയും ചെയ്യുന്ന ഒരു സംവിധാനത്തിലേക്ക് കേരളം സഞ്ചരിക്കാൻ പാടില്ല. അതുകൊണ്ട് യഥാർത്ഥ പണം എവിടെ നിക്ഷേപിക്കണമെന്നുള്ളതും നിക്ഷേപിക്കുന്ന പണം യഥാർത്ഥ പണമാണോ എന്നുള്ളതും പരിശോധിക്കാനുള്ള ഒരു സംവിധാനം ഈ നിയമത്തിനകത്ത് ഉണ്ടാകണം. ഇതിൽപറയുന്ന ഒരു കാര്യത്തിന് വൈരുദ്ധ്യമുണ്ട്. അതായത് ഇങ്ങനെ നിക്ഷേപമായി സ്വീകരിക്കുന്ന പണമെല്ലാം ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ ഗവൺമെന്റ് സംവിധാനത്തിന്റെ കീഴിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിലോ നിക്ഷേപിക്കണമെന്നുപറയുന്നുണ്ട്. അങ്ങനെ നിക്ഷേപിച്ചാൽ അവർ വസ്തു വാങ്ങുന്നതും കെട്ടിടം ഉണ്ടാക്കുന്നതും എങ്ങനെയാണ്? അങ്ങ് എഴുതിവച്ചിരിക്കുന്ന നിയമത്തിൽ സമാഹരിക്കുന്ന പണം മുഴുവൻ ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കണമെന്നുപറയുന്നുണ്ട്. അതിന് കൃത്യതയുള്ള സംവിധാനമുണ്ടെങ്കിൽ, ഒന്നാമത് അവർക്ക് അധിക പലിശ കൊടുക്കാൻ കഴിയില്ല. സുതാര്യമായും സത്യസന്ധമായും മാത്രമേ പണം കൈകാര്യം ചെയ്യാനൊക്കൂ. അപ്പോൾപ്പിന്നെ വസ്തു വാങ്ങുക, പിന്നീട് അത് ഗവൺമെന്റ് ജപ്തി ചെയ്യുക, ജപ്തി ചെയ്യുമ്പോൾ എന്തെങ്കിലും അവകാശമുണ്ടോ എന്നുനോക്കുക എന്നുള്ളതൊക്കെ എങ്ങനെയാണ് സാധിക്കുന്നത്? സത്യസന്ധമായിപ്പോലും പണം നിക്ഷേപിച്ച ഒരാൾക്ക് തിരിച്ചുകിട്ടുമെന്ന് ഉറപ്പില്ലാത്തവണ്ണമാണ് സ്പെഷ്യൽ കോടതി നടപടി പോലും ഈ നിമയത്തിൽ നിർവ്വചിച്ചിരിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഇപ്പോൾ നടക്കുന്ന പണമിടപാട് സംവിധാനത്തിന്റെ സുതാര്യതയും സത്യസന്ധതയും കുറയുന്നതുമൂലം അദ്ധ്വാനിക്കുന്നവന് പണം യഥാർത്ഥത്തിൽ കിട്ടാനുള്ള സംവിധാനം ഉണ്ടാകുന്നില്ല. കേരളത്തിലെ പണമിടപാട് സംവിധാനത്തിൽ ശുദ്ധീകരണ പ്രക്രിയ കുറവാണ്. ഈ സംവിധാനത്തിൽ ഒരുപാട് കള്ളവും ചതിയുമൊക്കെ നടക്കുകയാണ്. അതെല്ലാം കുറയ്ക്കുന്നതിന് ഈ നിയമം ഒട്ടും പര്യാപ്തമല്ല. അങ്ങനെ പര്യാപ്തമാകണമെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ രജിസ്ട്രേഷൻ സമയം മുതൽ ശ്രദ്ധിക്കണം. ആർക്കുവേണമെങ്കിലും രജിസ്ട്രേഷൻ കൊടുക്കുക, എല്ലാ സംവിധാനവും ഒരു കേസ് വരുമ്പോൾ മാത്രം ഉപയോഗിക്കുക എന്നുള്ളതല്ല. അതുപോലെ ഇത്തരം പണംകൊണ്ട് വാങ്ങുന്ന വസ്തുപോലും കൈകാര്യം ചെയ്യുന്നത് ഒരു കുറ്റവാളിത്ത സ്വഭാവത്തോടെയാണ്. ഇങ്ങനെയുള്ളവരും കൂടിച്ചേർന്നാണ് ഭൂമാഫിയാസംവിധാനം കേരളത്തിൽ നടത്തുന്നത്. അതുകൊണ്ട് ആ കുറവുകളെല്ലാം പരിഹരിച്ച് നിലവിലുള്ള പണമിടപാട് സംവിധാനത്തിന്റെ അസത്യമായതും കുറ്റവാളിത്തവുമുള്ള പണം കൈകാര്യം ചെയ്യാവുന്ന ഇന്നത്തെ അവസ്ഥമാറ്റി കഴിയാവുന്നത്ര നിക്ഷേപങ്ങളെല്ലാം ഗവൺമെന്റ് സംവിധാനത്തിൽ ന്യായമായ പലിശയ്ക്ക് ഏറ്റവും ആവശ്യമുള്ളവന് കിട്ടുന്ന സംവിധാനം ഉറപ്പാക്കാൻ, പണത്തിന്റെ പരമാവധി ഗവൺമെന്റ് നിയന്ത്രിക്കുന്ന ബാങ്കിംഗ് സംവിധാനത്തിലേക്കും പ്രത്യേകിച്ച് സഹകരണ മേഖലയിലേക്കും എത്തിച്ചേരാവുന്ന തരത്തിലേക്ക് വഴിതുറക്കാൻ ഈ നിയമം കർശനമാക്കുകയും കുറ്റവാളിത്തമുള്ള പണം നിക്ഷേപിക്കപ്പെട്ടാൽ ആ പണത്തിന്റെ സോഴ്സുകൂടി പരിശോധിക്കാനും അതിനുകൂടി പരിഹാരം കാണാനുമുള്ള സംവിധാനം ഈ നിയമത്തിലുണ്ടാകണം. അങ്ങനെ നിയമത്തെ ശക്തിപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ നിയമം കൊണ്ട് അങ്ങ് ഉദ്ദേശിക്കുന്ന കാര്യം നടക്കണമെങ്കിൽ നമ്മുടെ ജനങ്ങളുടെ മന:സ്ഥിതികൂടി മാറണം. കാരണം മൂന്നുദിവസംകൊണ്ട് പണക്കാരനാകണമെന്നാഗ്രഹിക്കുന്ന മലയാളികളുടെ മോഹമാണ് ഈ നിക്ഷേപത്തിന്റെയെല്ലാം പ്രധാനപ്പെട്ട കാരണം. ആട്, തേക്ക്, മാഞ്ചിയം പോലുള്ള ഒരുപാട് തട്ടിപ്പുകൾ കേരളത്തിൽ എത്രവന്നാലും അതിന്റെ

പിറ്റേദിവസം, ഇത് അതുപോലെയുള്ള കമ്പനിയൊന്നുമല്ല, അതിനെക്കാൾ സെക്യൂവറാണ് എന്നുപറഞ്ഞ് പുതിയ കുറെ ഏജന്റുമാരെ വച്ചിട്ട് പുതിയ പരസ്യം വരും. ഈ കമ്പനിയുടെ ഉടമസ്ഥൻ വലിയ ഒരു മുതലാളിയാണ്, ലോകത്തിലെ ഏറ്റവും വലിയ സമ്പത്ത് അയാളുടെ കയ്യിലുണ്ട്, റിസർവ്വ് ബാങ്കുമായി ബന്ധമുണ്ട് എന്നൊക്കെ പറഞ്ഞ് പ്രചരിപ്പിച്ചുകഴിഞ്ഞാൽ ഇതേ ആളുകൾ തന്നെ വീണ്ടും അവിടെ ഡെപ്പോസിറ്റ് ചെയ്യും. ഇങ്ങനെ വ്യാപകമായി നടക്കുന്ന തട്ടിപ്പുകൾ കേരളത്തിൽ മാത്രം നടക്കുന്ന ഒരു പ്രതിഭാസമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഇവിടെ ഇങ്ങനെ നടക്കുന്നു എന്നറിഞ്ഞുകൊണ്ട് അന്യസംസ്ഥാന തൊഴിലാളികൾ വരുന്നതുപോലെ അന്യസംസ്ഥാന തട്ടിപ്പുകാരൊക്കെ ഇങ്ങോട്ട് വരികയാണ്. ഇപ്പോൾ തമിഴ്നാട്ടിലെ കള്ളന്മാരൊക്കെ കേരളത്തിലേക്കാണ് വരുന്നത്. ഇതുപോലെയുള്ള ഡെപ്പോസിറ്റ് വീരന്മാർ കേരളത്തിലേക്ക് കടന്നുവന്ന് മലയാളികളുടെ സമ്പത്തുമുഴുവൻ കൊള്ളയടിച്ച് കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്.

മി. സ്പീക്കർ: എന്തുവന്നാലും ഈ മലയാളി കൂടെ നിന്നുകൊടുത്തിട്ടല്ലേ ?

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് പറയുന്നത് ശരിയാണ്. എത്ര തവണ പത്രങ്ങളിൽ വന്നാലും, ടോട്ടൽ ഫോർ യൂ എന്ന സ്ഥാപനത്തെക്കുറിച്ച് പത്രത്തിൽ എത്ര തവണ വാർത്ത വന്നു. ഇവിടെ ശ്രീ. ചെന്താമരാക്ഷൻ സൂചിപ്പിച്ചതുപോലെ ആളുകളെല്ലാം ഒരു ലക്ഷം രൂപ നിക്ഷേപിച്ച് ഒരു മാസം കഴിഞ്ഞപ്പോൾ രണ്ട് ലക്ഷം രൂപ തിരിച്ചുകൊടുത്തു. ആ രണ്ട് ലക്ഷം രൂപ കിട്ടിയ ഉടനെത്തന്നെ തിരിച്ചുകൊണ്ടുപോവുകയല്ല ചെയ്തത്, രണ്ട് ലക്ഷം രൂപ വീണ്ടും നിക്ഷേപിച്ചു. കാരണം ഒരുമാസം കഴിയുമ്പോൾ 4 ലക്ഷം രൂപയായി തിരിച്ചുകിട്ടുമല്ലോ. അങ്ങനെ രണ്ടുതവണ തിരിച്ചുകൊടുക്കുന്നു. മൂന്നാമത്തെ തവണ ചെല്ലുമ്പോൾ പൈസയില്ല. അവർക്കൊപ്പം പരിചയമുള്ളവരെ കൊണ്ടുകൂടി ഡെപ്പോസിറ്റ് ചെയ്യിപ്പിക്കുന്നു. അങ്ങനെ രഹസ്യമായ ഒരു വർക്ക് ഇവർതന്നെ നടത്തുകയാണ്. ഡെപ്പോസിറ്റ് ചെയ്യുന്നവർതന്നെ ഇവരുടെ ഏജന്റുമാരായി മാറുകയാണ്. ആ രൂപത്തിലുള്ള ഒരു സിസ്റ്റമാണ് വർക്കൗട്ട് ചെയ്യുന്നത്. ഇങ്ങനെ ആസൂത്രിതമായ തട്ടിപ്പ് നടത്തുന്നതിന് നിന്നു കൊടുക്കുകയാണ് നമ്മുടെ ആളുകൾ. ഇത് നമ്മുടെ നാട്ടിൽ ധനകാര്യസ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നിയമത്തിന്റെ കുറവുകൊണ്ടല്ല. ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്ന ഒരുകാര്യം അതിന് പ്രത്യേക കോടതിയുണ്ടാകുമെന്നാണ്. അതിനർത്ഥമെന്താണ്; അങ്ങനെ ആളുകളിൽ നിന്ന് ഡെപ്പോസിറ്റ് സ്വീകരിക്കാമോ; ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് പ്രത്യേക നിയമങ്ങളുണ്ടല്ലോ. നിയമവിരുദ്ധമായി നടക്കുന്ന ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരുപാട് വിശ്വാസവഞ്ചനകളുൾപ്പെടെയുള്ള കാര്യങ്ങൾക്ക് കേസെടുക്കാനുള്ള നിയമങ്ങളൊക്കെ നമ്മുടെ നാട്ടിലുണ്ട്. ആ നിയമങ്ങളൊക്കെ ഉണ്ടായിട്ടും നടപ്പാക്കാത്തതിന്റെ കാരണം പലപ്പോഴും പോലീസിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയില്ലായ്മ ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഇവിടെ ടോട്ടൽ ഫോർ യുവിന്റെകാര്യം പറഞ്ഞു. ശബരിക്ക് ഒരു കുഴപ്പവുമില്ല. വൻകിട ഉദ്യോഗസ്ഥൻമാരുൾപ്പെടെയുള്ള ആളുകളുമായി വലിയ ബന്ധമാണ്. ഒരുപാട് പരിപാടികൾ സ്പോൺസർ ചെയ്തിരുന്നു. ടോട്ടൽ ഫോർ യൂ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന സ്ഥാപനത്തിന്റെ അരുമശിഷ്യൻമാരായിട്ടുള്ള ഒരുപാട് ആളുകളുണ്ടായിരുന്നു. കാരണം വലിയ വലിയ പരിപാടികൾ, കലോത്സവങ്ങൾ എല്ലാം അവർ സ്പോൺസർ ചെയ്യുകയാണ്. അതാത് പ്രദേശങ്ങളിലുള്ള എന്ത് പരിപാടിക്ക് ചെന്നാലും വാരിക്കോരി കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ പേൾസ് എന്നുപറയുന്ന ഒരു സ്ഥാപനം; ഞാൻ മനസ്സിലാക്കുന്നത്, നമ്മുടെ നാട്ടിൽ ആറന്മുള വള്ളംകളിക്കുൾപ്പെടെ കോടിക്കണക്കിന് രൂപയാണ് കൊടുത്തത്. കോടിക്കണക്കിന് രൂപകൊടുത്തുകൊണ്ട് സ്പോൺസർഷിപ്പ് വാങ്ങി അവർ പരിപാടിയൊക്കെ സംഘടിപ്പിക്കുമ്പോൾ മനസ്സിലാകും ഇത് തട്ടിപ്പാണെന്ന്. കാരണം അവന്റെ കൈയിൽ പൈസയില്ലല്ലോ. പത്തു നയാ പൈസയുടെ മുടക്കമില്ലാതെ നാട്ടുകാരുടെ പണം കൊണ്ടുണ്ടാക്കിയിരിക്കുന്ന ഈ സ്ഥാപനങ്ങൾ ഇതുപോലെയുള്ള പരിപാടികൾക്ക് സ്പോൺസർഷിപ്പ് കൊടുത്തുകൊണ്ട് അവർ ആളുകളെ പ്രോത്സാഹിപ്പിക്കുകയാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും ഇവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം നമ്മുടെ ജനസമൂഹത്തിനിടയിൽ വളർന്നുവരികയാണ്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യമായ നിയമം ഉണ്ടായതുകൊണ്ട് മാത്രം പോര, നിയമപാലകരായ ആളുകളുടെ ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ അത് നിയന്ത്രിക്കാൻ ആവശ്യമായ സംവിധാനവുമുണ്ടാകണം. ഗൾഫിലേക്ക് കൊണ്ടുപോകാമെന്നുപറഞ്ഞ് വിസതട്ടിപ്പ് നടത്തുന്ന ഒരുപാട് ആളുകളിവിടെയുണ്ട്. എത്ര വിസതട്ടിപ്പ് നടത്തിയാലും പിറ്റേദിവസം ആരോടും ചോദിക്കാതെ പൈസകൊണ്ടുകൊടുക്കും. പൈസ കിട്ടാതാകുമ്പോൾ എം.എൽ.എമാരുടേയും പഞ്ചായത്ത് പ്രസിഡന്റിന്റേയും, പാർട്ടി ലോക്കൽ സെക്രട്ടറിയുടേയുമൊക്കെ അടുത്ത് വരും. എന്നിട്ട് പറയും, ഞങ്ങൾ പൈസ അവിടെ കൊടുത്തിരിക്കുകയാണ്. നിങ്ങൾ പൈസ കൊടുത്തതിന് ഈടു വാങ്ങിയോ എന്നു ചോദിച്ചാൽ അവർ പറയും, ഈടൊന്നും വാങ്ങിയില്ല, അദ്ദേഹത്തിന്റെ വർത്തമാനം കേട്ടപ്പോൾ നല്ലയാളാണെന്ന് തോന്നി അതുകൊണ്ടാണ് പൈസ കൊടുത്തതെന്ന്. അങ്ങനെ പാവപ്പെട്ട നിക്ഷേപകരാണ് നമ്മുടെ നാട്ടിൽ ഭൂരിപക്ഷം ആളുകളും. ആ മനോഭാവത്തെ ചൂഷണം ചെയ്യുന്ന ഈ സ്ഥിതിവിശേഷം മാറിയാൽ മാത്രമേ ഈ ഒരു നിയമംകൊണ്ട് ഗുണമുണ്ടാകൂ എന്നു ഞാൻ വിശ്വസിക്കുകയാണ്. ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. മുരളീധരൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ തട്ടിപ്പ് സംഘങ്ങളുടെ എണ്ണം വർദ്ധിക്കുകയും ധനകാര്യ സ്ഥാപനങ്ങളെന്നുപറയുന്ന സ്വകാര്യ കമ്പനിക്കാർ ആളുകളുടെ വികാരങ്ങളെ ചൂഷണം ചെയ്യുകയും അവരുടെ കൈയിലുള്ള സ്വത്തുക്കൾ പിടിച്ചെടുക്കുകയും ഒടുവിൽ അവരെ പറ്റിക്കുകയും ചെയ്യുന്ന ഒരേർപ്പാട് ഇന്ന് വ്യാപകമായിരിക്കുകയാണ്. ഇവിടെ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഭക്തിയെക്കുറിച്ചുപോലും മുതലെടുക്കുന്നുണ്ട്. ശാന്തിമഠത്തിന്റെ വില്ലയിൽ താമസിച്ചാലെ ഗുരുവായൂരപ്പനെ തൊഴാൻ കഴിയൂ എന്നു പറഞ്ഞുകൊണ്ട്.....



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇവിടെ കമ്പനിയുടെ പേര് പറയണ്ട.

ശ്രീ. കെ. മുരളീധരൻ: സർ, ആളുകളെ പറ്റിച്ചതിന് അയാൾ ജയിലിൽ പോയതാണ്. സിനിമാതാരങ്ങളെ ഉൾപ്പെടെവച്ചുകൊണ്ടാണ് ഈ പബ്ലിസിറ്റി നടത്തുന്നത്. ഇവിടെ ശ്രീ. സുനിൽ കുമാർ പറഞ്ഞ വിസതട്ടിപ്പിന്റെ കാര്യം വളരെ ശരിയാണ്. ഇതൊക്കെ ദിവസവും പത്രത്തിൽ വായിച്ചാലും വീണ്ടും രൂപകൊണ്ടുപോയി കൊടുക്കുകയാണ്. പതിനായിരം രൂപ ഒരാൾക്കു കൊടുത്തു, ഒരു ലക്ഷം രൂപ കൊടുത്തു. എങ്ങനെ ഒരു ലക്ഷം രൂപ കൊടുത്തു എന്നു ചോദിച്ചാൽ പറയും ഭാര്യയുടെ കെട്ടുതാലിവരെ പണയംവച്ചും ഉള്ള സ്വത്തു മുഴുവൻ വിറ്റുമാണ് ഒരു ലക്ഷം രൂപ കൊടുത്തത്, അവസാനം ലക്ഷവും കൊണ്ട് അയാൾ മുങ്ങി എന്നു പറയും. പിന്നെ എം.എൽ.എ. മാരുടെ ജോലിയാണ് ആ പണം തിരിച്ച് വാങ്ങിക്കൊടുക്കുകയെന്നുള്ളത്. ഇങ്ങനെ ആളുകളെ നിരന്തരമായി വഞ്ചിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങളൊക്കെ മനസ്സിലാക്കികൊണ്ടാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ തന്നെ ഗവൺമെന്റ് ശ്രമിച്ചത്. ഏതായാലും ഇതൊരു തുടക്കമെന്നുള്ള നിലയിൽ വളരെ നല്ലൊരുകാര്യമായി ഞാൻ കാണുകയാണ്.

ഈ ബില്ലിന്റെ അഞ്ചാം വകുപ്പിൽ ധനകാര്യ സ്ഥാപനങ്ങൾ വീഴ്ച വരുത്തിയാൽ നൽകേണ്ട ശിക്ഷയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പത്തുവർഷംവരെ തടവും ഒരു ലക്ഷം രൂപ പിഴയുമാണ് ഇതിൽ ശിക്ഷയായി പറഞ്ഞിട്ടുള്ളത്. ഇത് വളരെ നല്ലൊരു കാര്യമായി കാണുകയാണ്. തട്ടിപ്പുകൾ ഓരോ വർഷവും വർദ്ധിച്ചു വരികയാണ്. ഇതിലൊരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടത്, കേരളത്തിൽ കൂണുപോലെ മുളച്ചുപൊന്തുന്ന ഫ്ളാറ്റുകളുണ്ട്. മാധ്യമങ്ങളിലെല്ലാം വരുന്ന റിപ്പോർട്ട്പ്രകാരം പല ഫ്ളാറ്റുകളുടെയും മൂന്നിലൊന്ന് ഭാഗം ഒഴിഞ്ഞുകിടക്കുകയാണ്. ഇങ്ങനെ പല ഫ്ളാറ്റുകളും ഒഴിഞ്ഞുകിടക്കുമ്പോൾത്തന്നെ എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഫ്ളാറ്റ് നിർമ്മിക്കുന്നതെന്നത് എത്തുംപിടിയും കിട്ടാത്ത കാര്യമാണ്. ഏറ്റവും രസകരമായ ഒരു സംഭവമെന്നുപറയുന്നത് ബാക്കി എല്ലാ കാര്യങ്ങൾക്കും, ഒരു വൈദ്യുതി പ്രോജക്ടോ മറ്റെന്തെങ്കിലും വികസനമോ വരുകയാണെങ്കിൽ അത് മുടക്കാൻവേണ്ടി പ്രത്യക്ഷപ്പെടുന്ന ബുദ്ധിജീവികളോ സാംസ്കാരിക നായകന്മാരോ കൂണുപോലെ മുളച്ചുപൊന്തുന്ന ഫ്ളാറ്റുകളുടെ കാര്യത്തിൽ ഏതെങ്കിലും രീതിയിലുള്ള സമരം സംഘടിപ്പിക്കാനോ അതിനെതിരായി സ്റ്റേറ്റ്മെന്റ് കൊടുക്കാനോ തയ്യാറാകുന്നില്ല എന്നതാണ്. ആർക്കുവേണ്ടിയാണ് ഈ ഫ്ളാറ്റുകൾ പണിയുന്നത്? ഓരോരുത്തരുടെ കയ്യിൽ നിന്നും കാശ് വാങ്ങാനായി ഫ്ളാറ്റിന്റെ പരസ്യം കൊടുക്കും. പരസ്യം കൊടുത്തതിനുശേഷം ആളുകളുടെ കൈയിൽനിന്നും ബുക്കിംഗ് സ്വീകരിക്കും. കെട്ടുമെന്ന് പറയുന്ന ഫ്ളാറ്റുകൾ മുഴുവനും വിറ്റുതീരുമ്പോൾ ഫ്ളാറ്റിന്റെ പണിയുടെ പകുതിക്കുവച്ച് മുങ്ങുന്ന തട്ടിപ്പ് വിദഗ്ധന്മാരും നമ്മുടെ സൊസൈറ്റിയിലുണ്ട്. അതുപോലെത്തന്നെ ചാനലുകൾ, ഒരുപാട് ചാനലുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ ചാനലുകളിലെല്ലാം വൈകുന്നേരങ്ങളിൽ വരുന്ന സീരിയലുകളെല്ലാം സ്പോൺസർ ചെയ്യുന്നത് ഇതുപോലെയുള്ള തട്ടിപ്പ് സംഘങ്ങളാണ്. കൊച്ചു കുട്ടികളെ ദൈവത്തിന്റെ കഥ കാണിക്കാൻവേണ്ടി ടി.വി.-യുടെ മുന്നിൽ കൊണ്ടുപോയി ഇരുത്തിയാൽ ദൈവം ഒരു മിനിട്ട് പ്രത്യക്ഷപ്പെടുമ്പോൾ പരസ്യം പത്തുമിനിട്ട് പ്രത്യക്ഷപ്പെടും. ഒരു കുട്ടി ടി.വി.-യുടെ മുന്നിലിരിക്കുമ്പോൾ ആ കുട്ടിയുടെ മനസ്സിൽ വരുന്നത് ദൈവത്തിന്റെ ചിത്രമല്ല, ടി.വി.-യിൽ കാണിക്കുന്ന പരസ്യ ചിത്രങ്ങളാണ്. മാത്രമല്ല, ഇതുപോലെയുള്ള തട്ടിപ്പുസംഘങ്ങളെ

പ്രോത്സാഹിപ്പിക്കാൻ വേണ്ടി......, നമുക്കറിയാം, സിനിമാ താരങ്ങൾക്കും സീരിയൽ താരങ്ങൾക്കുമെല്ലാം പണം ലഭിക്കണമെങ്കിൽ സിനിമയിലും സീരിയലിലും അഭിനയിക്കണം. പക്ഷെ അങ്ങനെയുള്ള സിനിമാ താരങ്ങൾ തട്ടിപ്പുസംഘങ്ങളുടെ പരസ്യത്തിലഭിനയിച്ചുകൊണ്ട് ഇത്തരത്തിലുള്ള തട്ടിപ്പ് സംഘങ്ങൾക്ക് നാല്–കാശ് ഉണ്ടാക്കുന്നതിനുവേണ്ടി അവസരം ഉണ്ടാക്കിക്കൊടുക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. ഇതുകൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം, മറ്റൊന്നും കൊണ്ടല്ല, ഇങ്ങനെയുള്ള സ്ഥാപനങ്ങൾ വന്ന് വിളിക്കുമ്പോൾ........., വളരെയധികം റെപ്യൂട്ടേഷനുള്ള സിനിമാ താരങ്ങൾ ഒരു സ്ഥാപനത്തിന്റെ പരസ്യ ചിത്രത്തിൽ അഭിനയിക്കുമ്പോൾ സ്വാഭാവികമായിട്ടും ജനങ്ങൾക്ക് ഈ കമ്പനി നല്ലതായിരിക്കുമെന്ന് തോന്നുകയും അങ്ങനെ ഇത്തരം കമ്പനികളുടെ തട്ടിപ്പിൽപ്പെടുകയുമാണ്. ശാന്തിമഠത്തിന്റെ ഒരു ഉദാഹരണം ഞാൻ പറയാൻ കാരണം അതാണ്. ഇങ്ങനെ ഭക്തിയെയും മനുഷ്യന്റെ വികാരങ്ങളെയും ചൂഷണം ചെയ്യുന്നു, പിന്നെ ഈ പറഞ്ഞതുപോലെ ഒന്നുവച്ചാൽ രണ്ട്, രണ്ട് വച്ചാൽ നാല് എന്ന രീതിയിലുള്ള പരസ്യങ്ങൾ കൊടുക്കുന്നു അങ്ങനെ ആളുകളെ വഞ്ചിക്കുന്നു. വഞ്ചിതരാക്കപ്പെടുന്ന ആളുകളുടെ സംഖ്യ വർദ്ധിക്കുകയും പറ്റിപ്പുകാർ മുങ്ങുകയും ചെയ്യുകയാണ്. ഏറ്റവും രസകരമായ ഒരു കാര്യം, നേരത്തേ ഇവിടെ ടോട്ടൽ ഫോർ യു തട്ടിപ്പുകേസിലെ ശബരീനാഥിനെ സംബന്ധിച്ച് സൂചിപ്പിച്ചു. അദ്ദേഹം ജാമ്യമെടുത്ത് മുങ്ങി. പക്ഷെ, അദ്ദേഹത്തിന് പല പോലീസ് ഉദ്യോഗസ്ഥരുമായും ബന്ധമുണ്ട്. അതിപ്പോൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, കുറേ കാലങ്ങളായി. നഗരത്തിലും മറ്റുമുള്ള ഗുണ്ടാ സംഘങ്ങളുമായും തട്ടിപ്പുവീരന്മാരുമായും പല ഉന്നത ഉദ്യോഗസ്ഥന്മാരുമായുമെല്ലാം ബന്ധമുള്ളതുകൊണ്ടാണ് ഇവരെല്ലാം പലപ്പോഴും പ്രത്യക്ഷപ്പെടുമ്പോഴും പോലീസ് അറസ്റ്റ് ചെയ്യാത്തത്. അപ്പോൾ ഇങ്ങനെയെല്ലാമുള്ള എല്ലാ കാര്യങ്ങളും...........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സിനിമാ താരങ്ങളെ ഉപയോഗിച്ച് പരസ്യ ചിത്രങ്ങൾ നിർമ്മിച്ചാണ് ഇത്തരക്കാർ വിശ്വാസ്യതയുണ്ടാക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ മാധ്യമങ്ങളുടെ വിശ്വാസ്യതയും ഇത്തരക്കാർ ഉപയോഗിക്കുന്നുണ്ട്. മാധ്യമത്തിൽ ഒരു പരസ്യം വരുമ്പോൾ പരസ്യമാണെന്ന് അറിയാമെങ്കിൽപ്പോലും ആ മാധ്യമത്തെക്കൂടി വിശ്വസിച്ചുകൊണ്ടാണ് ചതിയിൽപ്പെടുന്നത്. പക്ഷെ, നമ്മളെക്കാളെല്ലാം ഇത്തരം കാര്യങ്ങൾ അറിയാവുന്നത് മാധ്യമങ്ങൾക്കാണ്. മാധ്യമങ്ങൾ ഒരു അന്വേഷണം നടത്തി ഇത് തട്ടിപ്പാണെങ്കിൽ ഈ പരസ്യത്തിൽ നിന്നും ലഭിക്കുന്ന വരുമാനം വേണ്ട എന്ന ധാർമ്മികമായ ഒരു നിലപാട് സ്വീകരിച്ചുകൊണ്ട് പരസ്യം കൊടുക്കാതിരിക്കുന്ന ഒരു സമീപനം മാധ്യമങ്ങൾക്ക് സ്വീകരിച്ചുകൂടേ ?

ശ്രീ. കെ. മുരളീധരൻ: തീർച്ചയായും, മാധ്യമങ്ങളുടെ ലക്ഷ്യം ഇതുപോലെയുള്ള കുറ്റങ്ങൾ കണ്ടുപിടിക്കലാണല്ലോ. നമ്മുടെയെല്ലാം കുറ്റങ്ങൾ കണ്ടുപിടിക്കാൻ അവർ കാണിക്കുന്ന താൽപ്പര്യം നല്ലതാണ്. കാരണം നമ്മുടെ കുറ്റങ്ങളും ദോഷങ്ങളും നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു പാർട്ടി പരസ്യവുമായി വരുമ്പോൾ അവരുടെ ബാക്ക്ഗ്രൗണ്ട് അറിയാതെ പരസ്യം കൊടുക്കുമ്പോൾ സ്വാഭാവികമായും ഒരു പത്രത്തിൽ............, ഇപ്പോൾ ഒരു ലീഡിംഗ് ന്യൂസ് പേപ്പറിൽ ഒരു പരസ്യം കാണുന്നു; ജനം വിശ്വസിക്കും. കാരണം ജനത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രചാരമുള്ള പത്രമാണ്, പത്ത് നൂറ് വർഷത്തെ പാരമ്പര്യമുണ്ട്, അതുകൊണ്ട് ആ പത്രം പറയുന്നത് ശരിയായിരിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കരുതും. അങ്ങനെയെല്ലാമാണ് ഈ ആട്-മാടിന്റെയെല്ലാം പ്രശ്നം വന്നത്. അങ്ങനെയുള്ള ഒരുപാട് സംഭവങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. ഇതെല്ലാം നിയന്ത്രിക്കുന്നതിനുള്ള ആദ്യഘട്ടം എന്നുള്ള നിലയിലാണ് ഈ ബില്ലിനെ ഞാൻ കാണുന്നത്. തീർച്ചയായിട്ടും ഇത് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അനുമോദിക്കുന്നതിനോടൊപ്പംതന്നെ ഇതിന്റെ റേഞ്ച് ഒന്നുകൂടി വ്യാപിപ്പിക്കാൻ, ഈ പറഞ്ഞതുപോലെ ആളുകളെ പറ്റിക്കുന്ന കമ്പനികളുടെ പരസ്യങ്ങളിൽ അഭിനയിക്കുന്നവരെക്കൂടി, നിങ്ങൾ എന്തുകണ്ടിട്ടാണ് ഈ സ്ഥാപനത്തിന്റെ പരസ്യത്തിൽ അഭിനയിക്കാൻ പോയത് എന്നുള്ളത് അന്വേഷിക്കുകയും അങ്ങനെയുള്ളവരെക്കൂടി ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തുകയും വേണം. നമ്മൾ എന്ത് നിയമം കൊണ്ടുവന്നാലും അതെല്ലാം വയലേറ്റ് ചെയ്യാൻ തക്കവണ്ണമുള്ള ബുദ്ധിമാന്മാരാണ് ഈ തട്ടിപ്പുമായി ഇറങ്ങുന്നത്. കാരണം മറ്റുള്ളവരെക്കാൾ ബുദ്ധി കൂടിയതുകൊണ്ടാണല്ലോ തട്ടിപ്പുകാർ ശാസ്ത്രീയമായി ആളുകളെ പറ്റിക്കുന്നത്. അങ്ങനെയുള്ളവരെക്കൂടി കർശനമായി ഈ നിയമത്തിന്റെ പരിധിയിൽക്കൊണ്ടു വരാൻ ഇതിന്റെ റേഞ്ച് ഒന്നുകൂടി വ്യാപിപ്പിക്കണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ആവിഷ്ക്കാര സ്വാതന്ത്ര്യമാണ്, അവർ തെരുവിലിറങ്ങും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഡിസെന്റിംഗ് നോട്ടിൽ പ്രധാനമായി പറയുന്നത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ, മണിചെയിൻ കമ്പനികൾ, മുൻകൂർ നിക്ഷേപങ്ങൾ സ്വീകരിച്ച് ആളുകളെ വഞ്ചിക്കുന്ന ഫ്ളാറ്റ് നിർമ്മാതാക്കൾ, അമിത പലിശ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ ഇങ്ങനെ കുറേ ഐറ്റംസുകൂടി, കുറേ ഏരിയായുംകൂടി ഇതിന്റെ purview-ലേക്ക് കൊണ്ടുവരണമെന്നതാണ് ഈ വിയോജനക്കുറിപ്പിന്റെ പ്രധാന കാര്യം. ഈ ബില്ലിന്റെ 2(c)-ൽ വ്യക്തമായി പറയുന്നുണ്ട്, അതിൽ മൂന്ന് കാര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. മൂന്ന് കാര്യങ്ങൾ ഒഴിവാക്കിയിരിക്കുന്നത്, ........ but does not include a corporation or a co-operative society under the ownership, control of any State Government, or of the Central Government, or a banking company as defined in clause (c) of Section 5 of the Banking Regulation Act. ഇത് ഒഴികെയുള്ള മുഴുവൻ ധനകാര്യ സ്ഥാപനങ്ങളെയും, ഈ മൂന്ന് ഏരിയ ഒഴിച്ചുള്ള മുഴുവൻ ധനകാര്യ സ്ഥാപനങ്ങളെയും പിടിക്കത്തക്കവിധത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് അതിൽ ഒരു anxiety-യും വേണ്ട. വളരെ വിപുലമായ കവറേജും വ്യാപ്തിയും ജൂറിസ്ഡിക്ഷനും ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുണ്ട്. ബഹുമാനപ്പെട്ട വി. ചെന്താമരാക്ഷൻ സംസാരിച്ചപ്പോൾ അമിതപലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഈ ബില്ലിൽ വ്യവസ്ഥ വേണമെന്ന് പറഞ്ഞു. അതിനുവേണ്ടി അമിതപലിശ നിരോധന നിയമം ഈ സഭ പാസ്സാക്കിക്കഴിഞ്ഞു. അതുകൊണ്ട് വളരെ വ്യത്യാസമാണ് വരാൻ പോകുന്നത്. അക്കാര്യത്തിൽ ഇതിനുമുമ്പുതന്നെ നമ്മൾ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പറഞ്ഞത് പണമിടപാട് സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്യുന്നതുസംബന്ധിച്ച് ഈ ബില്ലിൽ വ്യവസ്ഥയില്ല എന്നാണ്. ഇത് രജിസ്ട്രേഷനുള്ള ബില്ലല്ല. ഈ ബിൽ പണമിടപാട് സ്ഥാപനങ്ങളെ റെഗുലേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. വിവിധ നിയമങ്ങളുണ്ട്, കള്ളപ്പണം നിയന്ത്രിക്കണം, എങ്ങനെയാണ് രൂപ കൊണ്ടുവന്നത്, അതിന്റെ സോഴ്സ് എന്താണെന്നെല്ലാം ചോദിച്ചാൽ ആ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിന് ബുദ്ധിമുട്ട് കാണും. അതിന് നമുക്ക് വേറെ സംവിധാനങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സംവിധാനങ്ങളുണ്ട്, ഇൻകം ടാക്സുകാരുടെ സംവിധാനമുണ്ട്, അവരുടെ റെയ്ഡുകളുണ്ട്. അങ്ങനെയൊക്കെയല്ലാതെ ഓരോ സ്ഥാപനത്തെ സംബന്ധിച്ചും, ഈ പണത്തിന്റെ സോഴ്സ് കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്നുവരില്ല. അതിനുള്ള ബാധ്യതയും അവർക്ക് കൽപ്പിച്ചുകൊടുത്തിട്ടില്ല. ഇതിനെ സംബന്ധിച്ച് വിവിധ നിയമങ്ങളുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ നിക്ഷേപകരെ വഞ്ചിച്ചാൽ അവരുടെ നിക്ഷേപത്തുക തിരികെ വാങ്ങിക്കൊടുക്കുവാൻ നിലവിൽ ഒരു നിയമവുമില്ല. അതാണ് ഈ നിയമത്തിന്റെ സവിശേഷത. അതായത് നിക്ഷേപകരെ വഞ്ചിച്ചുകഴിഞ്ഞാൽ ആ തുക എങ്ങനെയെങ്കിലും അവരിൽ നിന്നും വാങ്ങിയെടുക്കും, അവരെ ജയിലിലടച്ചായാലും അവരുടെ വസ്തു വിറ്റിട്ടായാലും, വസ്തുക്കൾ കൈമാറിയിട്ടുണ്ടെങ്കിൽ അത് പിടിച്ചെടുത്ത് auction ചെയ്ത് പണം തിരികെ നൽകും. അത്രയും മനോഹരമായ ഒരു ബില്ലാണിത്. അതുകൊണ്ട് ഒരു ആശങ്കയും ആവശ്യമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ഈ അടുത്ത ദിവസം പുറത്തുവന്ന ഒരു വാർത്ത യൂലിപ് എന്നുപറയുന്ന നിക്ഷേപത്തിൽ അഞ്ചുവർഷത്തേക്കു വേണ്ടി ഒരു ലക്ഷം രൂപ നിക്ഷേപിച്ചവർക്ക് അഞ്ചുവർഷം കഴിഞ്ഞപ്പോൾ അതിന്റെ ഫേസ് വാല്യൂ 20,000 രൂപയായി കുറഞ്ഞു. ഐ.സി.ഐ.സി.ഐ. പ്രുഡൻഷ്യലിൽ ഒരു ലക്ഷം രൂപ നിക്ഷേപിക്കുന്ന ആളുകൾക്ക് അഞ്ചും ആറും വർഷം കഴിയുമ്പോൾ അത് 60,000–70,000 രൂപയായി കുറയുകയാണ്. ഇത് അംഗീകാരമുള്ള കമ്പനികളാണ്. മലയാളികളുടെ 20,000 കോടിയിലേറെ രൂപ ഈ നിക്ഷേപക കമ്പനികൾ ഇപ്പോൾ തട്ടിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായിട്ടുള്ള ഈ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് സംസ്ഥാനത്തിനുമാത്രമായി പ്രത്യേകിച്ച് നിയമ നിർമ്മാണം നടത്താൻ കഴിയുമോ എന്നുകൂടി ആലോചിക്കുമോ ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നേരത്തേ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം ഇവിടെ കൊണ്ടുവന്നതാണ്. അങ്ങ് അന്ന് പറഞ്ഞത് കേന്ദ്ര ഗവൺമെന്റിന്റെ കാര്യമാണ്, റിസർവ്വ് ബാങ്കിന്റെ കാര്യമാണ്, ഈ പറയുന്നതുപോലെയുള്ള സ്ഥാപനങ്ങൾ നമ്മുടെ നിയന്ത്രണത്തിലുള്ളതല്ല എന്നാണ്. പക്ഷെ കേരളത്തിലെ ആയിരക്കണക്കിനാളുകളെ ഇവരിപ്പോൾ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. രാജു എബ്രഹാം പറഞ്ഞതു പോലെ ഒരു ലക്ഷം രൂപ നിക്ഷേപിച്ചാൽ 70,000 രൂപയൊന്നും കിട്ടുന്നില്ല, 40,000–30,000 എന്നിങ്ങനെ താഴോട്ടുപോകുകയാണ്. ഇതെല്ലാം ഷെയറിലും ഇക്വിറ്റി ഫണ്ടിലുമിട്ടതാണ് എന്നാണ് ഇവർ പറയുന്നത്. പക്ഷെ, ഈ ഇടപാടുകൾ ഒട്ടും സുതാര്യമല്ല. കൂടാതെ, ഈ ഫ്ളാറ്റുകളും നിക്ഷേപമാണല്ലോ, ഫ്ളാറ്റുകൾ പണിതുകൊടുക്കാമെന്നുപറഞ്ഞ് ആളുകളുടെ കൈയിൽനിന്ന് പണം വാങ്ങി പണിതുകൊടുക്കാതിരിക്കുന്ന ആളുകളിൽനിന്നും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൊട്ടക്ഷൻ ലഭിക്കുമോ എന്നുള്ളതുകൂടി വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ഈ ഫ്ളാറ്റുകൾക്കുവേണ്ടി വേറൊരു സംവിധാനം കൊണ്ടുവരാൻ നമ്മൾ ആലോചിച്ചിരുന്നല്ലോ. ഫ്ളാറ്റ് നിർമ്മാതാക്കളെ സംബന്ധിച്ചിടത്തോളം ഫ്ളാറ്റ് നിർമ്മിക്കാൻവേണ്ടി അവർ അഡ്വർട്ടൈസ് ചെയ്യുമ്പോൾ അതിന്റെ പ്രോജക്ട്, സാധ്യത, ഫീസിബിലിറ്റി എല്ലാം ട്രാൻസ്പാരന്റായിരിക്കണം, അതിന് മറ്റ് സംവിധാനങ്ങളും റെസ്ട്രിക്ഷനുകളും കൊണ്ടുവരുന്നുണ്ട്. ശ്രീ. രാജു എബ്രഹാം പറഞ്ഞത് വളരെ വിശാലമായ കാര്യമാണ്. സയന്റിഫിക്കായി എക്സാമിൻ ചെയ്യാതെ അതിനെപ്പറ്റി പറയാൻ കഴിയില്ല. അതിൽ മിക്കതും കേന്ദ്ര ഗവൺമെന്റിനെ ആശ്രയിച്ചിരിക്കുന്ന കാര്യങ്ങളാണ്. സ്റ്റേറ്റിന്റെ കൺട്രോളിൽനിന്നു എന്ന് വരില്ല, സ്റ്റേറ്റിന്റെ കൺട്രോളിനപ്പുറത്താണത്.

മി. സ്പീക്കർ : ശ്രീ. വി. എസ് സുനിൽ കുമാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

1.00 P.M]

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109. ഖണ്ഡം 2(എ)-യിൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരി" എന്നും "നിയമിക്കപ്പെട്ട അധികാരസ്ഥാനം" എന്നതിനുപകരം "അധികാരി" എന്നും ചേർക്കുക.

ശ്രീ. റ്റി.എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ഖണ്ഡം 2 (എ)ക്കുശേഷം താഴെപ്പറയുന്നവ ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക :

(ബി) "ഗസറ്റ്" എന്നാൽ "സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗസറ്റ്" എന്നർത്ഥമാകുന്നു";

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2 (ബി)-യിൽ "സേവനത്തിനുവേണ്ടി" എന്ന വാക്കിന് ശേഷം "അതുമല്ലെങ്കിൽ ഭാവി സുരക്ഷ ഉദ്ദേശിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

113. ഖണ്ഡം 2 (ബി) യിൽ "പണത്തിന്റെ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ സ്വർണ്ണം പോലുള്ള, വിലപിടിപ്പുള്ള വസ്തുക്കളുടെ" എന്നുകൂടിച്ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 (ബി) യുടെ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"പലിശ എന്നാൽ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ എന്നാകുന്നു"

117. ഖണ്ഡം 2 (സി) യിൽ "പരസ്പര ധാരണയുടെയോ കീഴിൽ അല്ലെങ്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "നിയമ വിധേയമല്ലാത്ത" എന്ന വാക്ക് ചേർക്കുക.

പലിശയെ സംബന്ധിച്ച് പറയുമ്പോൾ റിസർവ് ബാങ്ക് നിശ്ചയിച്ച പലിശയെന്ന് പറഞ്ഞില്ലെങ്കിൽ അമിത പലിശയ്ക്കുള്ള അംഗീകാരം കിട്ടും.

നിയമവിധേയമല്ലാത്ത ഡെപ്പോസിറ്റുകൾക്ക് അംഗീകാരം കിട്ടുന്ന ക്ലോസാണ് ഇതിലുള്ളത്. പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് വാങ്ങാമെന്ന് ആക്ടുവഴി അംഗീകാരം കൊടുക്കുകയാണ്. പരസ്പരധാരണയുടെ അടിസ്ഥാനത്തിലല്ലാതെ നിയമവിധേയമല്ലാത്ത നിക്ഷേപങ്ങൾക്ക് അംഗീകാരം കൊടുക്കരുത്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

116. ഖണ്ഡം 2 (സി) യിൽ "പദ്ധതിയുടെയോ" "പരസ്പര ധാരണയുടെയോ" എന്നീ വാക്കുകൾക്കിടയിൽ "വിശേഷിച്ച് കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകൽ എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയുള്ള പദ്ധതിയുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2 (സി) യിൽ "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനി" എന്നീ വാക്കുകൾക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുക :

"സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യപലിശ സ്ഥാപനങ്ങൾ, മുൻകൂർ പണം പറ്റുന്ന മുഴുവൻ ധനകാര്യ സേവനദാതാക്കളും, വട്ടിപ്പലിശക്കാർ"

121. ഖണ്ഡം 2(സി) യുടെ അവസാനത്തിൽ താഴെ പറയുന്നവ കൂട്ടിച്ചേർക്കുക :

"ധനകാര്യ സ്ഥാപനം കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്ന തുകയ്ക്ക് തുല്യമായ സംഖ്യ സർക്കാരിൽ കെട്ടിവെയ്ക്കുകയോ/ തുല്യ തുകയ്ക്കുള്ള വസ്തു ജാമ്യമോ/ബോണ്ടുകളോ സർക്കാരിൽ സമർപ്പിക്കേണ്ടതുമായ നിക്ഷേപകർ കബളിപ്പിക്കപ്പെടുമ്പോൾ പ്രസ്തുത ജാമ്യ വസ്തുവിൽനിന്ന് നിക്ഷേപകർക്ക് കിട്ടേണ്ട തുക അനുവദിക്കേണ്ടതുമാണ്."

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എം. ഹംസ : സർ, ഞാൻ എന്റെ 115-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ :

1 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2 ശ്രീമതി പി. അയിഷാ പോറ്റി
3 ശ്രീ. എ. എം. ആരിഫ്
4 ശ്രീ. എ. എ. അസീസ്
5 ശ്രീ. എം. എ. ബേബി
6 ശ്രീ. ഇ. ചന്ദ്രശേഖരൻ
7 ശ്രീ. വി. ചെന്താമരാക്ഷൻ
8 ശ്രീ. കെ. ദാസൻ
9 ശ്രീ. ബി. ഡി. ദേവസ്സി
10 ശ്രീ. സി. ദിവാകരൻ
11 ശ്രീ. ചിറ്റയം ഗോപകുമാർ
12 ശ്രീ. എം. ഹംസ
13 ശ്രീമതി ജമീലാ പ്രകാശം
14 ശ്രീ. ജെയിംസ് മാത്യു

15 ശ്രീ. ഇ. പി. ജയരാജൻ

16 ശ്രീ. ജോസ് തെറ്റയിൽ

17 ശ്രീ. എളമരം കരീം

18 ശ്രീ. സി. കൃഷ്ണൻ

19 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

20 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

21 ശ്രീ. കോവൂർ കുഞ്ഞുമോൻ

22 ശ്രീ. മാത്യു റ്റി. തോമസ്

23 ശ്രീ. കെ. കെ. നാരായണൻ

24 ശ്രീ. എ. പ്രദീപ്കുമാർ

25 ശ്രീ. പുരുഷൻ കടലുണ്ടി

26 ശ്രീ. എസ്. രാജേന്ദ്രൻ

27 ശ്രീ. ആർ. രാജേഷ്

28 ശ്രീ. രാജു എബ്രഹാം

29 ശ്രീ. മുല്ലക്കര രത്നാകരൻ

30 പ്രൊഫ. സി. രവീന്ദ്രനാഥ്

31 ശ്രീ. എസ്. ശർമ്മ

32 ശ്രീ. വി. ശശി

33 ശ്രീ. ബി. സത്യൻ

34 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

35 ശ്രീ. വി. എസ്. സുനിൽ കുമാർ

36 ശ്രീ. കെ. സുരേഷ് കുറുപ്പ്

37 ശ്രീ. പി. തിലോത്തമൻ

38 ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ :

1 ശ്രീ. പി. ബി. അബ്ദുൾ റസാക്

2 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

3 ശ്രീ. റ്റി. എ. അഹമ്മദ് കബീർ



LIBRARY ARCHIVES Kerala Legislative Assembly

4 ശ്രീ. സി. എൻ. ബാലകൃഷ്ണൻ
5 ശ്രീ. വി. റ്റി. ബൽറാം
6 ശ്രീ. പി. കെ. ബഷീർ
7 ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
8 ശ്രീ. കെ. ബി. ഗണേഷ് കുമാർ
9 ശ്രീ. കെ. സി. ജോസഫ്
10 ശ്രീ. ജോസഫ് വാഴക്കൻ
11 ശ്രീ. വർക്കല കഹാർ
12 ശ്രീ. കെ. എൻ. എ. ഖാദർ
13 ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14 ശ്രീ. റ്റി. യു. കുരുവിള
15 ശ്രീ. പി. എ. മാധവൻ
16 ശ്രീ. സി. മമ്മൂട്ടി
17 ശ്രീ. കെ. എം. മാണി
18 ശ്രീ. കെ. പി. മോഹനൻ
19 ശ്രീ. സി. മോയിൻകുട്ടി
20 ശ്രീ. മോൻസ് ജോസഫ്
21 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
22 ശ്രീ. കെ. മുരളീധരൻ
23 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24 ശ്രീ. ഉമ്മൻ ചാണ്ടി
25 ശ്രീ. അടൂർ പ്രകാശ്
26 ശ്രീ. റ്റി. എൻ. പ്രതാപൻ
27 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
29 ശ്രീ. രമേശ് ചെന്നിത്തല
30 ശ്രീ. റോഷി അഗസ്റ്റിൻ
31 ശ്രീ. വി. പി. സജീന്ദ്രൻ
32 ശ്രീ. ഷാഫി പറമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

33 ശ്രീ. കെ. എം. ഷാജി

34 ശ്രീ. എൻ. ഷംസുദ്ദീൻ

35 ശ്രീ. ആർ. സെൽവരാജ്

36 ശ്രീ. ഷിബു ബേബി ജോൺ

37 ശ്രീ. കെ. ശിവദാസൻ നായർ

38 ശ്രീ. വി. എസ്. ശിവകുമാർ

39 ശ്രീ. സണ്ണി ജോസഫ്

40 ശ്രീ. സി. എഫ്. തോമസ്

41 ശ്രീ. തോമസ് ഉണ്ണിയാടൻ

42 ശ്രീ. എം. ഉമ്മർ

43 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

44 ശ്രീ. എം. എ. വാഹീദ്

45 ശ്രീ. എം. പി. വിൻസെന്റ്

46 ശ്രീ. പി. സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ - 38

പ്രതികൂലിക്കുന്നവർ - 46

ശ്രീ. എം. ഹംസ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി 38-നെതിരെ 46 വോട്ടുകളോടെ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 109, ശ്രീ.റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 111, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 113, ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 116 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 117, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 119, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

124. ഖണ്ഡം 3 (എ)-യിൽ "വീഴ്ച വരുത്തുകയോ" എന്ന വാക്കുകൾ കാണപ്പെടുന്നിടത്തൊക്കെ ആയതിനുശേഷം "വാഗ്ദാന ലംഘനം നടത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

125. ഖണ്ഡം 3 (എ)-യിൽ "വസ്തുക്കൾ നൽകുന്നതിന് വേണ്ടിയോ" "ആകുന്നിടത്ത്" എന്നീ വാക്കുകൾക്കിടയിൽ "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകുന്നതിന് വേണ്ടിയോ" എന്നീ വാക്കുകൾ ചേർക്കുക.

127. ഖണ്ഡം 3 (എ)-യിൽ "അഥവാ വസ്തുക്കൾ", "നൽകുന്നതിൽ", എന്നീ വാക്കുകൾക്കിടയിൽ "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ" എന്നീ വാക്കുകൾ ചേർക്കുക.

136. ഖണ്ഡം 3 (ബി)-യിൽ "ആ ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുവാനോ പലിശ നൽകുവാനോ സേവനം നൽകുവാനോ വസ്തുക്കൾ" എന്നീ വാക്കുകൾക്ക് ശേഷം "കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, വില്ലകൾ" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

128. ഖണ്ഡം 3-(എ)-യിൽ "വസ്തുക്കൾ നൽകുന്നതിൽ വീഴ്ച വരുത്തുകയോ" എന്നീ വാക്കുകൾക്കുശേഷം, "വസ്തുക്കളായോ പണമായോ വാഗ്ദാനംചെയ്ത പ്രതിഫലം നൽകാതിരിക്കുകയോ നിശ്ചിതസമയത്തിനുള്ളിൽ വാഗ്ദാനം ചെയ്തതരത്തിലുള്ള കെട്ടിടമോ വസ്തുക്കളോ സേവനമോ നൽകുന്നതിൽ വീഴ്ച വരുത്തുകയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

129. ഖണ്ഡം 3-(എ)-യിൽ "നിരവധി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3-(എ)-യിൽ "നിരവധി" എന്ന പദം ഒഴിവാക്കുക.

ഖണ്ഡം 3-(എ)-യിലെ നിരവധി നിക്ഷേപകരിൽ നിന്ന് സർക്കാരിന് പരാതി ലഭിക്കുന്നു എന്നുള്ളത് വളരെ അവ്യക്തമാണ്. അതിനാൽ നിരവധി മാറ്റി നിക്ഷേപകർ എന്നാക്കണം. നിരവധി എന്നു പറയുമ്പോൾ അത് രണ്ടുപേരോ പത്തുപേരോ ആകാം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

133. ഖണ്ഡം 3-(എ)-യിൽ "നിരവധി നിക്ഷേപകരിൽ നിന്നും" എന്നീ വാക്കുകൾക്കുപകരം "ഒന്നോ അതിലധികമോ നിക്ഷേപകരിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

140. ഖണ്ഡം 3-(ബി)-യിൽ "മാനേജർ അല്ലെങ്കിൽ അംഗം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3-(എ)-യിൽ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക.

134A ഖണ്ഡം 3 (ബി) ഒഴിവാക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 3-(ബി)-യിൽ "കരുതിക്കൂട്ടി പ്രവർത്തിക്കുന്നു" എന്നീ വാക്കുകൾക്കുശേഷം "എന്നോ സാമ്പത്തിക അച്ചടക്കമില്ലാതെ പ്രവർത്തിക്കുന്നു എന്നോ" എന്നീ വാക്കുകൾ ചേർക്കുകയും "എന്ന്" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

142. ഖണ്ഡം 3-(ബി)-യിൽ "വീഴ്ച വരുത്തിയ ഒരു ആളിൽ നിന്നും അയാളുടെ" എന്നീ വാക്കുകൾക്കു ശേഷം "വീഴ്ച വരുത്തിയ തുകയ്ക്ക് സമാനമായതോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

138. ഖണ്ഡം 3-(ബി)-യിൽ "സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതുമുഖേനയും ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ" എന്നീ വാക്കുകൾക്ക് പകരം "സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽനിന്നും അതു മുഖേനയോ ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ ആ ധനകാര്യ സ്ഥാപനം ആരംഭിച്ചതിനുശേഷം ആ ധനകാര്യ സ്ഥാപനത്തിന്റെ ഉടമയുടെയോ, ഉടമയുടെ ഭാര്യയുടെയോ/ഭർത്താവിന്റെയോ/മക്കളുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

143. ഖണ്ഡം 3-(ബി)-യിൽ "ഇടക്കാല" എന്ന വാക്ക് ഒഴിവാക്കുക.

144. ഖണ്ഡം 3-(ബി)-യിൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നീ വാക്കുകൾക്കുപകരം "ഉത്തരവാദപ്പെട്ട അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

145. ഖണ്ഡം 3 (ബി) താഴെ പറയും പ്രകാരം മാറ്റുക :

"(ബി) (i) ഏതെങ്കിലും ധനകാര്യസ്ഥാപനം നിക്ഷേപകരെ വഞ്ചിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്നു എന്ന് വിശ്വസിക്കാൻ തക്കതായ റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്ന സാഹചര്യത്തിലും ;

(ii) ആ ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ മടക്കി നൽകുവാനോ പലിശ നൽകുവാനോ സാധ്യതയില്ലെന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ ;

(സി) (i) നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി; ആ ധനകാര്യസ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നോ അതുപയോഗിച്ച് ആ സ്ഥാപനത്തിന്റെ പേരിലോ, മറ്റേതെങ്കിലും വ്യക്തിയുടെയോ, സ്ഥാപനത്തിന്റെയോ പേരിലോ വാങ്ങിയ വസ്തുക്കളോ ;

(ii) അല്ലെങ്കിൽ ശേഖരിച്ച നിക്ഷേപം ഉപയോഗിച്ച് ആ സ്ഥാപനത്തിന്റെ പേരിലോ, മറ്റാരുടെയെങ്കിലും പേരിലോ സമാഹരിച്ചതായി ആരോപിക്കപ്പെടുന്ന പണമോ വസ്തുവകകളോ ഉണ്ടെങ്കിൽ അതു ജപ്തിചെയ്താലും നിക്ഷേപങ്ങൾ പൂർണ്ണമായി മടക്കി നൽകുന്നതിന് മതിയാകുകയില്ല എന്നുതോന്നുകയോ ചെയ്യുന്നുണ്ടെങ്കിൽ ;

(iii) ആ ധനകാര്യസ്ഥാപനത്തിന്റെയോ, അതിന്റെ പ്രൊമോട്ടർ, പാർട്ട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ അംഗം എന്നിവരുടെയോ വസ്തുവകകളോ ;

(iv) ആ ധനകാര്യ സ്ഥാപനത്തിൽ നിന്നും പണം കടംവാങ്ങി തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ ആൾ അഥവാ സ്ഥാപനം വീഴ്ചവരുത്തിയ അത്രത്തോളം തുകയോ ;

(v) അതുമല്ലെങ്കിൽ അങ്ങനെ കടം വാങ്ങിയ തുക ഉപയോഗിച്ചോ അതിൽനിന്നുള്ള വരുമാനമുപയോഗിച്ചോ ആ വ്യക്തിയുടെയോ അഥവാ സ്ഥാപനത്തിന്റെയോ പേരിൽ വസ്തുവകകൾ വാങ്ങിയിട്ടുണ്ടെങ്കിൽ അവയും, അയാളുടെ അഥവാ സ്ഥാപനത്തിന്റെ പേരിൽ മറ്റേതെങ്കിലും വസ്തുക്കളുണ്ടെങ്കിൽ അവയും ഉൾപ്പെടെ ;

(ഡി) സർക്കാരിന് യുക്തമെന്നുതോന്നുന്ന രീതിയിൽ ജപ്തിചെയ്തുകൊണ്ടുള്ള ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, പ്രസ്തുത പണം, വസ്തുക്കൾ എന്നിവയ്ക്കുമേലുള്ള നിയന്ത്രണം നിർവ്വഹണ അധികാരിക്ക് കൈമാറാവുന്നതുമാണ്".

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ കെ.എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 124, ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 125, 127, 136, ശ്രീ കെ. ശിവദാസൻ നായർ അവതരിപ്പിച്ച 133, 140, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 134, 134 (എ) ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 145, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 129 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 128, ശ്രീ കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 132, ശ്രീ എം.ഹംസ അവതരിപ്പിച്ച 135, 142, ശ്രീ ഇ. പി. ജയരാജൻ അവതരിപ്പിച്ച 138, ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

148 എ. ഖണ്ഡം 4 (1)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരികളെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 4-(1)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ" എന്നീ വാക്കുകൾക്കുപകരം "ഉത്തരവാദിത്തപ്പെട്ട അധികാരികളെ" എന്നീ വാക്കുകൾ ചേർക്കുക.

154. ഖണ്ഡം 4-(2)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നീ വാക്കുകൾക്കുപകരം "ഉത്തരവാദപ്പെട്ട അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

164. ഖണ്ഡം 4-(3)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾപകരം "ഉത്തരവാദപ്പെട്ട അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

150. ഖണ്ഡം 4-(1)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ " എന്നീ വാക്കുകൾക്കുപകരം "റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ എന്ന നിലയിൽ" എന്നീ വാക്കുകൾ ചേർക്കുക.

153. ഖണ്ഡം 4-(1) താഴെപ്പറയുംപ്രകാരം മാറ്റുക :

"(1) 3-ാം വകുപ്പുപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും, മേൽ നടപടികൾ സ്വീകരിക്കുന്നതിനും, പണവും, വസ്തുക്കളും ജപ്തിചെയ്യുന്നതിനും, ജപ്തി ചെയ്ത പണത്തിന്മേലും വസ്തുക്കളിന്മേലും നിയന്ത്രണം വിനിയോഗിക്കുന്നതിനും ആയി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രദേശങ്ങൾക്കോ, അങ്ങനെയുള്ള സംഗതികൾക്കോ വേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതാണ്."

158. ഖണ്ഡം 4-(3)-ൽ "3-ാം വകുപ്പ് പ്രകാരമുള്ള സർക്കാർ ഉത്തരവ് കൈപ്പറ്റിയ" എന്നീ വാക്കുകൾക്ക് പകരം "ജപ്തി ഉത്തരവ് പുറപ്പെടുവിച്ച" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 4-(4)-ൽ അവ സംബന്ധിച്ച വിശദവിവരങ്ങൾ, എന്നീ വാക്കുകൾക്കും 3-ാം വകുപ്പ് പ്രകാരം എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ഇടയിലായി താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"ധനകാര്യസ്ഥാപനത്തിൽനിന്ന് പണം കടം വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയ വ്യക്തികളുടെയും അവർ വീഴ്ച വരുത്തിയ തുകയുടേയും വിശദവിവരങ്ങൾ" .

ഭേദഗതി 150, 4-(1)-ൽ അങ്ങനെയുള്ള സംഗതികൾക്കുവേണ്ടി ക്ഷമതയുള്ള അധികാരസ്ഥാനങ്ങളെ നിയമിക്കാവുന്നതാണെന്നുള്ളത് എന്നത് ഡിഫൈൻ ചെയ്യണം."റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ എന്ന നിലയിൽ"....... ആരാണ് ഇതിൽ വരുന്നതെന്നുള്ളത് ഇതിൽ പറഞ്ഞിട്ടില്ല. ആരെ വേണമെങ്കിലും ക്ഷമതയുള്ള അധികാരസ്ഥാനങ്ങളിൽ നിയമിക്കാമോ ? അതിനൊരു ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥനെ നിയമിക്കണം. അത് റവന്യൂ ഡിവിഷനൽ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കണം. ഇതുമാത്രമാണ് മൂവ് ചെയ്യുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

151. ഖണ്ഡം (4)-ന്റെ മാർജിനൽ ശീർഷകത്തിൽ "ക്ഷമതയുള്ള അധികാരസ്ഥാനം"- എന്നതിനുപകരം "നിർവ്വഹണ അധികാരി" എന്നു ചേർക്കുക.

151 എ. ഖണ്ഡം 4-(1) താഴെപ്പറയും പ്രകാരം മാറ്റുക:

"(1) 3-ാം വകുപ്പുപ്രകാരം ജപ്തിചെയ്ത പണം, വസ്തുക്കൾ എന്നിവയുടെ നിയന്ത്രണം വിനിയോഗിക്കുന്നതിന് പ്രത്യേക പ്രദേശത്തിനോ അല്ലെങ്കിൽ പ്രത്യേക കാര്യത്തിനോ വേണ്ടിയെന്ന് വ്യക്തമാക്കിക്കൊണ്ട് സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന നിർവ്വഹണ അധികാരികളെ നിയമിക്കാവുന്നതാണ്."

169. ഖണ്ഡം 4-(4) താഴെപ്പറയുംപ്രകാരം മാറ്റുക:

(4)-(3)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷയോടൊപ്പം 3-ാം വകുപ്പിൽ പറഞ്ഞപ്രകാരം ധനകാര്യസ്ഥാപനം എന്തെങ്കിലും വീഴ്ചവരുത്തിയതായോ, നിക്ഷേപകരെ വഞ്ചിക്കാൻ സാദ്ധ്യതയുണ്ടെന്നോ അന്വേഷണത്തിൽ കണ്ടെത്തിയ കാരണങ്ങൾ വിശദീകരിക്കേണ്ടതും 3-ാം വകുപ്പുപ്രകാരം ജപ്തി ചെയ്ത പണത്തെ അല്ലെങ്കിൽ വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമാക്കുന്നതിനാവശ്യമായ ഒന്നോ അതിലധികമോ സത്യവാങ്മൂലങ്ങൾ അനുബന്ധമായി ചേർക്കേണ്ടതുമാണ് .

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

155. ഖണ്ഡം 4-(2)-ൽ "ക്ഷമതയുള്ള അധികാര സ്ഥാനത്തിന്" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണാധികാരിക്ക്" എന്ന വാക്ക് ചേർക്കുക.

156. ഖണ്ഡം 4-(2)-ൽ "ആവശ്യമായേക്കാവുന്ന" എന്ന വാക്കിനു ശേഷം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്ക് ചേർക്കുക.

ക്ഷമതയുള്ള അധികാരസ്ഥാനം എന്നുപറയുന്നത് എക്സിക്യൂട്ടീവ് പവറാണ്. ക്ഷമത എന്നുപറയുന്നത് എഫിഷ്യൻസിയുടെ ഭാഗമാണ്. ഇവിടെ എക്സിക്യൂട്ടീവ് പവർ എന്ന വാക്കിനേക്കാൾ കുറേക്കൂടി വ്യക്തതയും ലളിതവുമായത് നിർവ്വഹണാധികാരിക്ക് എന്നുള്ളതാണ്. അതുകൊണ്ട് "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നുള്ളതിനുപകരമായി "നിർവ്വഹണാധികാരിക്ക്" എന്ന് മാറ്റണം എന്നാണ് എന്റെ ഭേദഗതി. അതുപോലെ 156-ൽ "ആവശ്യമായേക്കാവുന്ന" എന്ന വാക്കിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്നുള്ളതാണ് കുറേക്കൂടി വ്യക്തതയുള്ളത്. ആവശ്യമാകുക എന്നുള്ളതല്ല പ്രശ്നം, നിർവ്വഹിക്കപ്പെടുക എന്നുള്ളതാണ്. നിർണ്ണയിക്കുന്നതിന് എക്സിക്യൂട്ടീവ് പവറാണ്. ആവശ്യം എന്ത് എന്നുള്ളത് എക്സിക്യൂട്ടീവ് അധികാരി തീരുമാനിക്കുന്നതിനുപകരം എന്താണെന്നുള്ളത് നിർണ്ണയിച്ചുകൊടുക്കുകയാണ്. ആ നിർണ്ണയിക്കുന്നത് ഗവൺമെന്റാണ്. അതുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്നത് എന്നുള്ളതാണ് 156-ലെ ആവശ്യമായേക്കാവുന്നതിനേക്കാൾ എന്നുള്ളതിനേക്കാൾ നല്ലത് എന്നാണ് എന്റെ അഭിപ്രായം.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു :

157. ഖണ്ഡം 4(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക :

"(2) നിർവ്വഹണ അധികാരിക്ക് ഈ നിയമത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായി വരുന്ന മറ്റ് അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്"

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

160. ഖണ്ഡം 4 (3)-ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "അറുപത് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

161. ഖണ്ഡം 4(3)-ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "എഴുപത്തിയഞ്ച് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

162. ഖണ്ഡം 4(3)-ൽ "മുപ്പത് ദിവസത്തിനകം" എന്നീ വാക്കുകൾക്കുപകരം "തൊണ്ണൂറ് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

165. ഖണ്ഡം 4(3)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

178. ഖണ്ഡം 4(6) താഴെപ്പറയും പ്രകാരം മാറ്റുക :

"(6) നിർവ്വഹണ അധികാരി വസൂലാക്കുന്ന പണം നിക്ഷേപിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനുമായി ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ ഉദ്യോഗപ്പേരും സീലും ഉപയോഗിച്ച് അക്കൗണ്ട് തുറക്കേണ്ടതാണ്."

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

166. ഖണ്ഡം 4(3)-ൽ "പരിപൂർണ്ണമാക്കിക്കിട്ടുന്നതിനായി" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തിക്കിട്ടാനായി" എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം 4(5)-ൽ "അധികാരിതയുള്ളതോ" എന്ന വാക്ക് കാണപ്പെടുന്നിടത്തെല്ലാം ആയതിനുപകരം "അധികാരമുള്ളതോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

168. ഖണ്ഡം 4(4)-ലെ ഒന്നോ അതിലധികമോ എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

171. ഖണ്ഡം 4-(5)-ൽ "3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ശേഷം "സ്ഥാപനങ്ങൾ അല്ലെങ്കിൽ ആളുകൾ" എന്നീ വാക്കുകളും "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരസ്ഥാനം" എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

173. ഖണ്ഡം 4-(5)-ൽ "അപേക്ഷ സമർപ്പിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കുപകരം "പരമാവധി ഒരു വർഷത്തിനകം തീർപ്പ് കല്പിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ഒരു പ്രത്യേക കോടതി വരുന്നുണ്ട്. ആ പ്രത്യേക കോടതിക്ക് കാലപരിധി നിശ്ചയിക്കണം എന്നുള്ളൊരു അമെന്റ്മെന്റാണ്. ഒരു കൊല്ലത്തിനുള്ളിൽ പരാതിക്കാരന്റെ കേസ് കേട്ട് തീർപ്പുകൽപ്പിക്കണം. എന്തായാലും പ്രത്യേക കോടതിയാണ്. ഒരു കൊല്ലത്തിനുള്ളിൽ തീർപ്പുകൽപ്പിക്കണമെന്ന് കോടതിക്ക് ഒരു സമയപരിധി നിശ്ചയിച്ചുകൊടുക്കണമെന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 4-(6)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

ക്ഷമതയുള്ള അധികാരസ്ഥാനം എന്നാണ് ഇതിലുള്ളത്. അതിനുപകരം ഉത്തരവാദപ്പെട്ട അധികാരി എന്ന് ചേർക്കുന്നതായിരിക്കും നല്ലത്. ക്ഷമതയുള്ള എന്ന് പറയുമ്പോൾ അതിനകത്ത് ക്ഷമതയില്ലാത്ത എന്തോ ഉണ്ട് എന്നാണ് അർത്ഥം. ആ വാചകം തന്നെ ശരിയല്ല. അതുകൊണ്ട് ഉത്തരവാദപ്പെട്ട അധികാരി എന്നതുകൂടി കൂട്ടിച്ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 4 (6)-ൽ "ഷെഡ്യൂൾഡ് കൊമേഴ്സ്യൽ" എന്നീ വാക്കുകൾക്ക് പകരം "ദേശസാൽകൃത" എന്ന വാക്ക് ചേർക്കുക.

ഷെഡ്യൂൾഡ് കൊമേഴ്സ്യൽ എന്നീ വാക്കുകൾക്ക് പകരം ദേശസാൽകൃത ബാങ്ക് എന്നാക്കണം. ഈ തട്ടിപ്പ് നടത്തുന്നവരിൽനിന്നും പിടിച്ചെടുക്കുന്ന പണം ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിക്ഷേപിക്കുന്നതിനുപകരം ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കണമെന്നുള്ളതാണ് ഭേദഗതി. ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി., എച്ച്.എസ്.ബി.സി., ആക്സിസ് തുടങ്ങിയ സ്വകാര്യ ബാങ്കുകളിലേക്ക് എന്തിനാണ് ജനങ്ങളുടെ നഷ്ടപരിഹാരം ലഭിക്കേണ്ട പണം തിരിച്ചുവിടുന്നത്. ഇത് ഇത്തരം ധനകാര്യ ബാങ്കുകളെ സഹായിക്കുന്നതിനും നിക്ഷേപകരെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടവരുത്തും. അതുകൊണ്ട് "ഷെഡ്യൂൾഡ് കൊമേഴ്സ്യൽ" ബാങ്കിനുപകരം "ദേശസാൽകൃത ബാങ്ക്" എന്ന് മാറ്റണം.

മി. സ്പീക്കർ: ശ്രീ. രാജേഷ്, അങ്ങ് മൂവ് ചെയ്യേണ്ടതില്ല, സംസാരിക്കാം.

ശ്രീ. ആർ. രാജേഷ്: സർ, ക്ഷമതയുള്ള അധികാരസ്ഥാനം എന്നതിനു പകരം ഉത്തരവാദിത്വപ്പെട്ട അധികാരി എന്ന് മാറ്റണംഎന്നാണ് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ നിർവ്വഹണാധികാരമുള്ള, ഉത്തരവാദിത്വപ്പെട്ട എന്നൊക്കെ പല അഭിപ്രായങ്ങൾ പറയാം. പക്ഷേ ക്ഷമതയുള്ള അധികാരസ്ഥാനം എന്നത് കൃത്യമായ വാക്ക് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനെ സംബന്ധിച്ചിടത്തോളം മാറ്റത്തിന്റെ ആവശ്യമില്ല. അതുകൊണ്ട് 147 മുതൽ 151 വരെയും 154, 155 ഇതെല്ലാം കോമ്പിറ്റന്റ് അതോറിറ്റി എന്നാൽ ക്ഷമതയുള്ള അധികാരസ്ഥാനം എന്ന ആ വ്യവസ്ഥയ്ക്കുള്ള ഭേദഗതികളാണ്. ഇതൊന്നും സ്വീകാര്യമല്ല. ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതായത്, ബില്ലിലെ 4(3)-ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 158 മുതൽ 166 വരെയുള്ള ഭേദഗതികളും സ്വീകാര്യമല്ല. ബില്ലിലെ 4(4)-ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 167 മുതൽ 169 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. ബില്ലിലെ 4(5)-ലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 170 മുതൽ 173 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. ബില്ല് 4(6) വകുപ്പിലെ വ്യവസ്ഥ പര്യാപ്തമാണ്. അതുകൊണ്ട് 174 മുതൽ 178 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 148 എ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 151, 151എ, 169, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 155, 156, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 157, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 160, ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 161, ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 162, ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 165, 178, ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 168, ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 171 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 149, 154,164, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 150, 153, 158, 167, ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 166, 170, ശ്രീ. എം. ഹംസ അവതരിപ്പിച്ച 173, ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 174, ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 5-ൽ "സേവനത്തിനോ" എന്ന വാക്കിനുശേഷം "ലാഭവിഹിതത്തിനോ" എന്ന വാക്ക്ചേർക്കുക

181. ഖണ്ഡം 5-ൽ "വസ്തുക്കളോ" എന്ന വാക്കിനുശേഷം "ലാഭവിഹിതമോ" എന്ന വാക്ക്ചേർക്കുക.

189. ഖണ്ഡം 5-ൽ "പത്തുവർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ" എന്നീ വാക്കുകൾക്കുപകരം "ഐ.പി.സി."യിൽ നിജപ്പെടുത്തിയ പ്രകാരമുള്ള തടവും കൂടാതെ കോടതി നിശ്ചയിക്കുംപ്രകാരം ഒരു ലക്ഷം രൂപയിൽ കുറയാത്തതും എന്നാൽ, പത്തുലക്ഷം രൂപവരെയാകാവുന്നതുമായ പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

സർ, എന്റെ 179-ാം നമ്പർ ഭേദഗതിയിൽ നാലാം വരിയിൽ സേവനത്തിനോയെന്ന വാക്കിനുശേഷം ലാഭവിഹിതത്തിനോയെന്നുകൂടി കൂട്ടി ചേർക്കണം. കാരണം ബില്ലിൽ പരാമർശിക്കുന്ന, പല സ്വകാര്യ സ്ഥാപനങ്ങളും അവരുടെ വാഗ്ദാനത്തിലും പരസ്യത്തിലും സ്ഥാപനത്തിന്റെ ലാഭവിഹിതം കൂടി നിക്ഷേപകർക്ക് നൽകുമെന്ന് പ്രചരിപ്പിക്കുന്നുണ്ട്. അപ്പോൾ ലാഭവിഹിതമെന്നുകൂടി അതിൽ ചേർക്കണം. 5-ാം വരിയിൽ വസ്തുക്കളോ എന്ന വാക്കിനുശേഷം ലാഭവിഹിതമോ എന്ന് ചേർക്കണം. 189-ൽ ശിക്ഷയുടെ കാര്യത്തിൽ ഭരണഘടനാവിരുദ്ധമായ വ്യവസ്ഥയാണ് ബില്ലിൽ ചേർത്തിട്ടുള്ളത്. 10 വർഷം തടവും ഒരു ലക്ഷം രൂപ പിഴയുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഐ.പി.സി. പ്രകാരം ഇത്തരം കുറ്റങ്ങൾക്ക് നൽകുന്ന ശിക്ഷ ജീവപര്യന്തം വരെയാകും. ഐ.പി.സി.-യിൽ പറയുന്ന ശിക്ഷ കുറയ്ക്കാൻ സംസ്ഥാന ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

അധികാരമില്ല. അതുകൊണ്ട് ശിക്ഷ കുറയ്ക്കൽ ഭേദഗതി വഴി കഴിയില്ല. ഇതിൽ ഐ.പി.സി. സെക്ഷൻ 409, criminal breach of trust by public servant, or by banker, merchant or agent - അതിൽ കൃത്യമായി പറയുന്നുണ്ട്. Whoever being in any manner entrusted with property, or with any dominion over property in his capacity of a public servant or in the way of his business as a banker, merchant, factor, broker, attorney or agent, commits breach of trust in respect of that property, shall be punished with imprisonment for life, ..... അതേ സാധനം ഇവിടെ ശിക്ഷ കുറയ്ക്കുകയാണ്. ഇത് ശ്രീ. കെ. എം. മാണിസാർ പരിശോധിക്കുമെന്നാണ് തോന്നുന്നത്. ശിക്ഷയെ സംബന്ധിക്കുന്ന ഈ മൂന്ന് ഭേദഗതികളാണുള്ളത്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

180. ഖണ്ഡം 5-ൽ "സേവനമോ, വസ്തുക്കളോ" എന്നീ വാക്കുകൾക്കുശേഷം "വാഗ്ദാനപ്രകാരമുള്ള സമയത്തും രീതിയിലും" എന്നീ വാക്കുകൾ ചേർക്കുക.

182. ഖണ്ഡം 5-ൽ "കാര്യങ്ങളുടെ നടത്തിപ്പിനു ചുമതലപ്പെട്ട" എന്നീ വാക്കുകൾക്കുപകരം "ഉടമാവകാശമുള്ള" എന്ന വാക്കുചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

183. ഖണ്ഡം 5-ൽ "കുറ്റസ്ഥാപനത്തിന്മേൽ" എന്ന വാക്കിനു ശേഷം "മൂന്നുവർഷം മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

192. ഖണ്ഡം 5-ൽ "പത്തുവർഷംവരെയാകാവുന്ന തടവും" എന്നീ വാക്കുകൾക്കുശേഷമുള്ള "ഒരു ലക്ഷം എന്നീ വാക്കുകൾക്ക് പകരം മൂന്ന് ലക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

195. ഖണ്ഡം 5-ൽ "അത്തരം ധനകാര്യസ്ഥാപനം" എന്നീ വാക്കുകൾക്കു ശേഷം "ഒരു ലക്ഷം" എന്നതിന് പകരം "മൂന്ന് ലക്ഷം" എന്ന് ചേർക്കുക.

സർ, മനോഹരമായിട്ടുള്ള ബില്ലെന്ന് പറയുമ്പോൾ ഇതിനകത്ത് വലിയ പഴുതിട്ടുകൊടുത്തിട്ടുണ്ട്. പത്ത് കൊല്ലംവരെ കഠിന തടവെന്ന് പറയുന്നുണ്ട്. മിനിമം തടവ് പറഞ്ഞിട്ടില്ല. ഒരു കോടതിക്ക് വേണമെങ്കിൽ ഒരു ദിവസത്തെ തടവ് കൊടുത്ത് പ്രതിയെ വിടാം. അതുകൊണ്ട് ഒരു മിനിമംകാലം നിശ്ചയിക്കണം. മിനിമം മൂന്ന് കൊല്ലവും പരമാവധി പത്ത് കൊല്ലവുമെന്ന ഭേദഗതിയില്ലെങ്കിൽ കോടതിക്ക് വേണമെങ്കിൽ, ഒരു ദിവസത്തെ ശിക്ഷ കൊടുത്ത് പ്രതിയെ രക്ഷപ്പെടുത്തുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ആ ഭേദഗതി അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഒരു ലക്ഷം കുറവാണ്, മൂന്ന് ലക്ഷമെങ്കിലുമാക്കി ഫൈൻ ഈടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

184. ഖണ്ഡം 5-ൽ "പത്തുവർഷം" എന്നതിനുപകരം "പതിനഞ്ചുവർഷം" എന്ന് ചേർക്കുക.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

186. ഖണ്ഡം 5-ൽ "പത്തുവർഷം വരെയാകാവുന്ന തടവും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾക്കുപകരം "പത്തു വർഷം വരെയാകാവുന്ന തടവും നിക്ഷേപകർക്കുനൽകുവാൻ വീഴ്ചവരുത്തിയ ആകെ തുകയും അതിന്റെ ന്യായ പലിശയും ഉൾപ്പെട്ട തുകയും ചേർന്ന ആകെ തുകയും ചേർന്നുള്ള തുകവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

187. ഖണ്ഡം 5-ൽ "പത്തുവർഷം വരെയാകാവുന്ന" എന്നീ വാക്കുകൾക്ക് പകരം "അഞ്ചുവർഷം മുതൽ പത്തുവർഷം വരെയാകാവുന്ന" എന്നീ വാക്കുകളും "ഒരു ലക്ഷം രൂപ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "അൻപതിനായിരം രൂപ മുതൽ ഒരു ലക്ഷം രൂപ" എന്നീ വാക്കുകളും ചേർക്കുക.

സർ, ശ്രീ. എം. ഹംസ പറഞ്ഞതുതന്നെയാണ് എനിക്കും പറയാനുള്ളത്. ഇതിനകത്ത് മിനിമം ശിക്ഷ വേണ്ടേ; മിനിമം ശിക്ഷ പറയാതെ പത്തുവർഷം വരെയെന്നും ഒരു ലക്ഷം രൂപയെന്നും പറഞ്ഞിരിക്കുകയാണ്. അഞ്ച് വർഷം മുതൽ പത്ത് വർഷം വരെയും, അൻപതിനായിരം രൂപമുതൽ ഒരു ലക്ഷം രൂപ വരെയെന്നുമാണ് എന്റെ ഭേദഗതി. മിനിമം ശിക്ഷ ഇതിനകത്ത് കാണിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

190. ഖണ്ഡം 5-ൽ ഒരു "ലക്ഷം രൂപ" എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം പകരം "രണ്ട് ലക്ഷം രൂപ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

194. ഖണ്ഡം 5-ൽ "ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾക്കുപകരം "പത്തുലക്ഷം രൂപവരെയാകാവുന്ന പിഴയും" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ തടവുപോലെത്തന്നെയാണ് പിഴയുടെ കാര്യത്തിലും സ്വീകരിക്കേണ്ടത്. കുറെ അംഗങ്ങൾ ഇതേ നിർദ്ദേശം പറഞ്ഞിട്ടുണ്ട്. ഒരു ലക്ഷം രൂപയെന്നുപറയുന്നത് കുറ്റത്തിന്റെ ഗ്രാവിറ്റിക്കനുസരിച്ചുള്ള പിഴയായിട്ടില്ല. അതുകൊണ്ട് വിവിധ അംഗങ്ങൾ 2 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ വർദ്ധിപ്പിക്കണമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് പിഴയുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നാണ് നിർദ്ദേശം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

196. ഖണ്ഡം 5-ൽ "ധനകാര്യസ്ഥാപനം ഒരു ലക്ഷം രൂപ വരെ യാകാവുന്ന" എന്നീ വാക്കുകൾക്കുപകരം "ധനകാര്യ സ്ഥാപനം അഞ്ച് ലക്ഷം രൂപവരെ ആകാവുന്ന" എന്നീ വാക്കുകൾ ചേർക്കുക.

സർ, വ്യക്തികൾക്ക് ഒരു ലക്ഷം രൂപവരെ പിഴയാകാമെന്ന് പറഞ്ഞു. അതുപോലെ ധനകാര്യ സ്ഥാപനങ്ങൾക്കും ഒരു ലക്ഷം രൂപയെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ ധനകാര്യസ്ഥാപനത്തിനാണ് കൂടുതൽ ഉത്തരവാദിത്വമുള്ളത്. അതുകൊണ്ട് സ്ഥാപനത്തിന് 5 ലക്ഷം രൂപവരെ പിഴ എന്നാക്കി മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ബെന്നി ബെഹനാൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

197. ഖണ്ഡം 5-ൽ "കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ഒഴിവാക്കുകയും "ശിക്ഷിക്കപ്പെടേണ്ടതും" എന്ന വാക്കിനുപകരം ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

198. ഖണ്ഡം 5-ൽ "ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്കുപകരം "നിക്ഷേപത്തുകയും വീഴ്ചവന്ന കാലയളവ് മുതലുള്ള ക്രമപ്പലിശയും ചേർത്തുള്ള തുക പിഴ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

200. ഖണ്ഡം 5-ൽ നിലവിലുള്ളത് (i) ആയി നമ്പർ നൽകിയശേഷം താഴെ പറയുന്നത് ചേർക്കുക:

"(ii) ധനകാര്യസ്ഥാപനങ്ങൾ, സേവനങ്ങളെയും വാഗ്ദാനങ്ങളെയും സംബന്ധിച്ച് പത്രങ്ങൾ, മാസികകൾ, മറ്റ് മാധ്യമങ്ങൾ എന്നിവയിൽ നൽകുന്ന പരസ്യങ്ങൾ യഥാർത്ഥ്യമാണോയെന്ന് പരിശോധിക്കേണ്ടത് പരസ്യം പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളുടെ ഉത്തരവാദിത്വമായി കണക്കാക്കേണ്ടതും വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത മാധ്യമ സ്ഥാപനം എത്ര തുക ഈടാക്കിയാണോ പരസ്യം നൽകിയത് ആ തുകയുടെ അഞ്ചിരട്ടി വരുന്ന തുക പിഴയായി ഈടാക്കേണ്ടതുമാണ്."

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ 198-ാം നമ്പർ ഭേദഗതി എന്നുപറയുന്നത്, അഞ്ച് എന്നത് 5 (i) ആയി, അതിൽ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണെന്നുള്ളത് എന്നത് നീക്കംചെയ്യുകയും നിക്ഷേപതുകയും വീഴ്ച വന്ന കാലയളവ് മുതലുള്ള കൂട്ടുപലിശയും ചേർത്തുള്ള തുക പിഴ നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണെന്ന് അവിടെ ചേർക്കണം. മറ്റൊന്ന്, ധനകാര്യ സ്ഥാപനങ്ങൾ സേവനങ്ങളെയും വാഗ്ദാനങ്ങളെയും സംബന്ധിച്ച് പത്രങ്ങൾ, മാസികകൾ, മറ്റ് മാധ്യമങ്ങൾ എന്നിവയിൽ നൽകുന്ന പരസ്യങ്ങൾ യാഥാർത്ഥ്യമാണോയെന്ന് പരിശോധിക്കേണ്ടത് പരസ്യം പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളുടെ ഉത്തരവാദിത്വത്തിൽ കണക്കാക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത മാധ്യമസ്ഥാപനം എത്ര രൂപ ഈടാക്കിയാണോ പരസ്യം നൽകിയത് ആ തുകയുടെ അഞ്ചിരട്ടി തുക പിഴയായി ഈടാക്കേണ്ടതുമാണ് എന്ന എന്റെ 200-ാം നമ്പർ ഭേദഗതി 5 (ii) എന്ന് അഡീഷണലായിട്ട് ചേർക്കേണ്ടതുമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ഇതൊരു സ്പെഷ്യൽ നിയമമായതുകൊണ്ട് ഇതിനകത്ത് സ്പെഷ്യലായി ശിക്ഷ പറയും. ഇന്ത്യൻ പീനൽ കോഡിലല്ല. പോലീസ് ഒരു കേസ് എടുക്കുകയാണെങ്കിൽ ഇന്ത്യൻ പീനൽ കോഡിലെ വകുപ്പ് സൈറ്റ് ചെയ്യാം, ഇതിലെ വകുപ്പ് സൈറ്റ് ചെയ്യാം. അല്ലെങ്കിൽ ഇതു രണ്ടുംകൂടി സൈറ്റ് ചെയ്യാം. ഇതൊരു സ്പെഷ്യൽ നിയമമാണ്. ആ സ്പെഷ്യൽ നിയമമനുസരിച്ച് പത്ത് വർഷം വരെ ഈ ബില്ലിൽ ശിക്ഷ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അതിൽ അപാകതയൊന്നുമില്ല. പണിഷ്മെന്റിനെ സംബന്ധിച്ച് കോടതിയാണ് തീരുമാനിക്കേണ്ടത്. എത്രയെന്നുള്ളത് കോടതിക്ക് തീരുമാനിക്കാം. കുറഞ്ഞ ശിക്ഷ, കൂടിയശിക്ഷ അങ്ങനെയൊന്നും നമുക്ക് പറയേണ്ട കാര്യമില്ല. കോടതിക്ക് നിശ്ചയിക്കാവുന്നതാണ്. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ: എന്റെ 189-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലന്റെ ഭേദഗതി അങ്ങ് സ്വീകരിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ അത് പറയുക.

ശ്രീ. കെ. എം. മാണി: ശ്രീ. എ. കെ. ബാലൻ പറഞ്ഞിരിക്കുന്നത് 10 വർഷംവരെയാകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യ സ്ഥാപനങ്ങൾ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴ എന്നീ വാക്കുകൾക്ക് പകരം ഐ.പി.സി.യിൽ നിജപ്പെടുത്തിയ പ്രകാരമുള്ള തടവും കൂടാതെ കോടതി..... ഇതൊക്കെ ശ്രീ. എ. കെ. ബാലന്റെ അഭിപ്രായമാണ്. അതുകൊണ്ട് ഇതെല്ലാം കൂടി പറയേണ്ട കാര്യമില്ല. ഇതൊന്നും സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ: ഇതേ ഇൻഗ്രഡിയൻസ് തന്നെയാണ് 409 ഐ.പി.സി.യിൽ ഉള്ളത്. അതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി: അതിലുള്ളതൊന്നും പറയേണ്ട കാര്യമില്ല. ഐ.പി.സി.ക്ക് എതിരായി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, Police can register a case. അത് ഇവിടെ കൂട്ടിച്ചേർക്കേണ്ട കാര്യമില്ല.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 180, 182, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 184, ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 190, ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 196, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 179, 181, 189, ശ്രീ. എം. ഹംസ അവതരിപ്പിച്ച 183, 192, 195, ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 186, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 187, ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 194, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ അവതരിപ്പിച്ച 198, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 6-ാം വകുപ്പ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

203. ഖണ്ഡം 6 (1)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്" എന്നീ വാക്കുകൾ കാണപ്പെടുന്നിടത്തെല്ലാം "നിർവ്വഹണ അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുകയും "അനുവാദത്തോടു കൂടി" എന്ന വാക്കിനുശേഷം "മാത്രം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

204. ഖണ്ഡം 6 (2)-ൽ "അതത് സംഗതിപോലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

205. ഖണ്ഡം 6 (2) താഴെ പറയും പ്രകാരം മാറ്റുക:

"(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കിക്കഴിഞ്ഞാൽ, കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ ഉടൻതന്നെ വിട്ടയയ്ക്കുകയും എന്നാൽ കുറ്റം സംബന്ധിച്ച നടപടി തുടരുകയും മന:പൂർവ്വം നിക്ഷേപകനെ വഞ്ചിച്ചതാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം ചുരുങ്ങിയത് ഒരു വർഷത്തെ തടവ് ശിക്ഷ നല്കേണ്ടതാണ്".

സർ, ഇതിൽ 5(2) എന്നുള്ളിടത്ത് 1-ാം ഉപവകുപ്പുപ്രകാരം ഒരു കുറ്റം രാജിയാക്കി കഴിഞ്ഞാൽ കുറ്റക്കാർ കസ്റ്റഡിയിലാണെങ്കിൽ ഉടൻതന്നെ വിട്ടയയ്ക്കുകയും എന്നാൽ കുറ്റം സംബന്ധിച്ച നടപടി തുടരുകയും, എന്നാൽ മനഃപൂർവ്വം നിക്ഷേപകനെ വഞ്ചിച്ചതാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ചുരുങ്ങിയത് ഒരു വർഷത്തെ തടവെങ്കിലും നൽകേണ്ടതാണെന്ന് മാറ്റണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതിയൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 203, 204 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 7-ാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

206. ഖണ്ഡം 7(1)-ൽ "'വിനിർദ്ദേശിച്ചേക്കാവുന്ന" എന്ന വാക്കിനു പകരം "വ്യക്തമാക്കുന്ന" എന്ന വാക്കും "പദവിയിലുള്ള" എന്ന വാക്കിനു പകരം 'പദവി വഹിക്കുന്ന' എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

209. ഖണ്ഡം 7 (1)-ൽ "സ്ഥാപിക്കാവുന്നതാണ്" എന്ന വാക്കിനു പകരം "സ്ഥാപിക്കേണ്ടതാണ്" എന്ന വാക്കു ചേർക്കുക.

213. ഖണ്ഡം 7(4) നീക്കം ചെയ്യുക.

സർ, പ്രത്യേക കോടതികൾ 'സ്ഥാപിക്കാവുന്നതാണ്' എന്നാണ് പറഞ്ഞത്. അത് മാൻഡേറ്ററിയാക്കണം. 'സ്ഥാപിക്കേണ്ടതാണ്' എന്നാക്കണം. സ്ഥാപിക്കാവുന്നതാണെന്ന് പറഞ്ഞാൽ കോടതി ഒരിക്കലും സ്ഥാപിക്കപ്പെടാൻ പോകുന്നില്ല. സർക്കാരിന് വേണമെങ്കിൽ സ്ഥാപിക്കാം; വേണ്ടെങ്കിൽ സ്ഥാപിക്കണ്ട. അപ്പോൾ അത് മാൻഡേറ്ററിയാക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡം 7(4)-ൽ ഏതെങ്കിലും കേസിന്റെ വിചാരണ വേളയിൽ പ്രത്യേക കോടതിക്ക് ഒരു കുറ്റം കൂടാതെ 73-ലെ ക്രിമിനൽ നടപടി സംഹിത പ്രകാരം പ്രതിക്കുമേൽ ചുമത്തപ്പെടാവുന്ന ഏതൊരു കുറ്റവുംകൂടി അതേ വിചാരണയ്ക്കൊപ്പം വിചാരണ ചെയ്യാവുന്നതാണ്. അതായത്, ഈ കുറ്റത്തിന്റെ പേരിൽ വിചാരണ ചെയ്യപ്പെടുന്ന പ്രതിയുടെ പേരിൽ മറ്റേതെങ്കിലും ക്രിമിനൽ കേസുണ്ടെങ്കിൽ അതും വിചാരണ ചെയ്യപ്പെടാവുന്നതാണ്. അത് അവ്യക്തമാണ്. ആ ക്ലോസ് ഡിലീറ്റ് ചെയ്യണമെന്നതാണ്. അതായത് ഇയാളുടെ പേരിൽ കൊലക്കേസ്സുണ്ടെങ്കിൽ അതുംകൂടി വിചാരണ ചെയ്യാനാകുമോ ? ഈ കുറ്റത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യുന്ന പ്രതിയുടെ പേരിലുള്ള എല്ലാ കുറ്റങ്ങളും ഈ കോടതിയാലാണോ വിചാരണ ചെയ്യപ്പെടേണ്ടത് ?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

210. ഖണ്ഡം 7(2)-ൽ "കാര്യത്തെ സംബന്ധിച്ചും" എന്നീ വാക്കുകൾക്കുശേഷം "പ്രത്യേക കോടതികൾ നിലവിൽ വന്നശേഷം" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോടതിയെ സംബന്ധിച്ച് എങ്ങനെയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കണം.

ശ്രീ. കെ. എം. മാണി: സർ, അതിന് കോടതിക്ക് അധികാരമുണ്ട്. ഏതെങ്കിലും കേസിന്റെ വിചാരണ വേളയിൽ പ്രത്യേക കോടതിക്ക് 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കുറ്റം കൂടാതെ 73-ലെ ക്രിമിനൽ നടപടി നിയമസംഹിത പ്രകാരം പ്രതിക്കുമേൽ ചുമത്തപ്പെടാവുന്ന ഏതൊരു കുറ്റവുംകൂടി അതേ വിചാരണയ്ക്കൊപ്പം വിചാരണ ചെയ്യാവുന്നതിനുള്ള അധികാരമുണ്ട്. ഈ നിയമപ്രകാരം കോടതിക്ക് അധികാരം കൊടുക്കുകയാണ്. ഡിസ്ട്രിക്റ്റ് കോടതിപോലെ തന്നെയാണിത്. ഒരു കോടതിയെ സംബന്ധിച്ചിടത്തോളം ഈ അധികാരവുംകൂടി കൊടുക്കുകയാണ്. ഈ നിയമസഭയ്ക്ക് അതിന് അധികാരമുണ്ട്.

മി. സ്പീക്കർ: ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 209, 213, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 210 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

214. ഖണ്ഡം 8(1)-ൽ "പകർപ്പ് സഹിതം ഒരു നോട്ടീസ്" എന്നീ വാക്കുകൾക്കുശേഷം "പതിനഞ്ചു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 8(1)-ൽ "ഉള്ള കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ" എന്നീ വാക്കുകൾക്കുശേഷം "മുപ്പതു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

220. ഖണ്ഡം 8(2)-ൽ "ഉത്തരവ് പരിപൂർണ്ണമാക്കുന്നതിനെതിരെ ആക്ഷേപം" എന്നീ വാക്കുകൾക്കുശേഷം "ആറുമാസത്തിനകം" എന്ന വാക്ക് ചേർക്കുക.

221. ഖണ്ഡം 8(4)-ൽ "നിശ്ചിത തീയതിക്കോ" എന്നീ വാക്കുകൾക്കു പകരം "മുപ്പത് ദിവസമോ" എന്നീ വാക്കുകൾ ചേർക്കുക.

238. ഖണ്ഡം 8(8)-ൽ "ആവശ്യമായ ഉത്തരവ്" എന്നീ വാക്കുകൾക്കുശേഷം "നൂറ്റി എൺപത് ദിവസത്തിനകം പുറപ്പെടുവിക്കുകയും തുകകൾ വിതരണം ചെയ്യേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

215. ഖണ്ഡം 8(1)-ൽ,

(i) "നിശ്ചയിച്ചേക്കാവുന്ന" എന്ന വാക്കിനു പകരം "അറിയിപ്പു നൽകുന്ന" എന്നീ വാക്കുകൾ ചേർക്കുക;

(ii) "പരിപൂർണ്ണമാക്കാതിരിക്കുവാൻ" എന്ന വാക്കിനുപകരം "സ്ഥിരപ്പെടുത്താതിരിക്കുവാൻ" എന്ന വാക്കു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

218. ഖണ്ഡം 8(2)-ൽ

(i) "വസ്തുവിൽ" എന്ന വാക്കിനുപകരം "പണത്തിലോ, വസ്തുവിലോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്നോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) "അയാൾ അങ്ങനെ ആഗ്രഹിക്കുന്നപക്ഷം" എന്നീ വാക്കുകൾക്ക് പകരം "പണത്തിന്മേലോ" എന്ന വാക്ക് ചേർക്കുക.

(iv) "പരിപൂർണ്ണമാക്കുന്നതിനെതിരെ" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തുന്നതിനെതിരെ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

219. ഖണ്ഡം 8 (2)-ൽ "അയാൾ അയാൾക്ക്" എന്നീ വാക്കുകൾക്കു പകരം "യഥാക്രമം അവർ അവർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

219 എ. ഖണ്ഡം 8(2)-ൽ "പരിപൂർണ്ണമാക്കുന്നതിനെതിരെ" എന്ന വാക്കിനുപകരം "സ്ഥിരപ്പെടുത്തുന്നതിനെതിരെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

222. ഖണ്ഡം 8 (4)-ൽ "പരിപൂർണ്ണമാക്കി" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തി" എന്ന വാക്ക് ചേർക്കുക.

224. ഖണ്ഡം 8 (5)-ൽ "അഥവാ താൽപ്പര്യം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

223. ഖണ്ഡം 8(5)-ൽ "അയാൾക്ക് ജപ്തി ചെയ്ത" എന്ന വാക്കുകൾക്കുശേഷം "പണത്തിന്മേലോ" എന്ന വാക്ക് ചേർക്കുക.

229. ഖണ്ഡം 8(6)-ൽ "പരിപൂർണ്ണമാക്കിക്കൊണ്ടോ" എന്ന വാക്കിനു പകരം " സ്ഥിരപ്പെടുത്തിക്കൊണ്ടോ" എന്ന വാക്ക് ചേർക്കുക

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

230. ഖണ്ഡം 8(6)-ൽ "പരിപൂർണ്ണമാക്കിക്കൊണ്ടോ, അത് വ്യത്യാസപ്പെടുത്തി ഒരു ഭാഗം വസ്തു ജപ്തിയിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ടോ ജപ്തി ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവ്" എന്നീ വാക്കുകൾക്കു പകരം "സ്ഥിരപ്പെടുത്തിക്കൊണ്ടോ ഭേദഗതി വരുത്തിക്കൊണ്ടോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

234. ഖണ്ഡം 8 (7)-ൽ,

(i) "പരിപൂർണ്ണമാക്കപ്പെടുന്നപക്ഷം" എന്ന വാക്കിന് പകരം "സ്ഥിരപ്പെടുത്തുന്നപക്ഷം" എന്ന വാക്ക് ചേർക്കുക.

(ii) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

235. ഖണ്ഡം 8 (7)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദപ്പെട്ട അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

236. ഖണ്ഡം 8 (8)-ൽ "ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ" എന്നീ വാക്കുകൾക്കുപകരം "ഉത്തരവാദപ്പെട്ട അധികാരിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 215, ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 218, ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 223, 229 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 214, 217, 220, 221, 238, ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 219, 219(എ), ശ്രീ. ബി.ഡി. ദേവസ്സി അവതരിപ്പിച്ച 222, 224, ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 230, ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 234, ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 235, 236 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 9-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

ശ്രീ. എം. എ. ബേബി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

241. ഖണ്ഡം 10 ൽ "അങ്ങനെ നൽകാൻ സന്നദ്ധമാകുന്നതും നൽകുന്ന സെക്യൂരിറ്റിയും പ്രത്യേക കോടതിയുടെ അഭിപ്രായത്തിൽ തൃപ്തികരവും മതിയായതും ആണെന്ന് കാണുന്നപക്ഷം, അതിന്, അതതു സംഗതിപോലെ, ജപ്തി ചെയ്യുവാനുള്ള ഉത്തരവ് നൽകാതിരിക്കാവുന്നതോ ജപ്തി ചെയ്യുവാനുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കാവുന്നതോ ആണ്." എന്നീ വാക്കുകൾക്കു പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"അങ്ങനെ നൽകുന്ന സെക്യൂരിറ്റി, വസൂലാക്കുവാനുള്ള തുകയ്ക്ക് തുല്ല്യമോ, ജപ്തി ചെയ്യപ്പെട്ട വസ്തുവിന്റെ വിലയ്ക്ക് തുല്ല്യമോ ആണെന്ന് കോടതിക്കു ബോധ്യപ്പെടുന്ന പക്ഷം ജപ്തി ചെയ്യാനുള്ള ഇടക്കാല ഉത്തരവ് റദ്ദാക്കാവുന്നതാണ്"

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 10-ൽ "പ്രത്യേക കോടതിയുടെ അഭിപ്രായത്തിൽ തൃപ്തികരവും മതിയായതും" എന്നീ വാക്കുകൾക്കുപകരം "പരാതിയിൽ പറയുന്ന തുകയ്ക്ക് തുല്യമായതും" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം.എ. ബേബി അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഹംസ അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

245. ഖണ്ഡം 11-ൽ "ക്ഷമതയുള്ള അധികാര സ്ഥാനത്തിന്" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരിക്ക്" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സർ, നിയമങ്ങളൊക്കെ സാധാരണക്കാരനുകൂടി വായിച്ചാൽ മനസ്സിലാകുന്ന രീതിയിലാകണം. മലയാളമാണെങ്കിൽപ്പോലും പല പദപ്രയോഗങ്ങളും ആളുകൾക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്തതാണ്. അതുകൊണ്ട് ചെറിയ ഭേദഗതികളൊക്കെ ഉണ്ടാകുന്നത് നല്ലതാണ്. "ക്ഷമതയുള്ള അധികാര സ്ഥാനത്തിന്" എന്ന വാക്കിനുപകരം "നിർവ്വഹണ അധികാരിക്ക്" എന്നാക്കിയാൽ കുറച്ചുകൂടി നന്നായിരിക്കും.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

247. ഖണ്ഡം 11-ൽ "പറയാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം" എന്നീ വാക്കുകൾക്കുശേഷം "മുപ്പത് ദിവസം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

249. ഖണ്ഡം 11 (ബി) ഒഴിവാക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം.ഹംസ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതിയും ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**12-ാം വകുപ്പ്**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

251. ഖണ്ഡം 12-ൽ "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നീ വാക്കുകൾക്കുപകരം "നിർവ്വഹണ അധികാരി" എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതി സ്വീകാര്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

## 13-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

259. ഖണ്ഡം 13-ൽ "പത്ത് വർഷത്തിൽ" എന്നീ വാക്കുകൾക്ക് പകരം "പതിനഞ്ച് വർഷത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം.എ. വാഹീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

260. ഖണ്ഡം 13-ൽ "പത്ത് വർഷത്തിൽ" എന്നീ വാക്കുകൾക്ക് പകരം "പതിനാറ് വർഷത്തിൽ "എന്നീ വാക്കുകൾ ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ കെ.എം. മാണി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതിയും ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .......................

13-.ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 14-ാം വകുപ്പ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

262. ഖണ്ഡം 14 (2)-ൽ "സാദ്ധ്യമാകുന്നിടത്തോളം" എന്ന വാക്ക് ഒഴിവാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യമാകുന്നിടത്തോളം ക്രിമിനൽ പ്രൊസീഡ്യുവർ കോഡായിരിക്കുമെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്; വേറെ ഏതിനെങ്കിലും ഇത് ബാധകമാകുമോ ? അത് തികച്ചും അവ്യക്തമായതാണ്, മാറ്റേണ്ടതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

266. ഖണ്ഡം 14 (2)-നുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക :

"(3) പ്രത്യേക കോടതി മുമ്പാകെ വരുന്ന കേസുകൾ പരമാവധി 18 മാസത്തിനകം തീർപ്പാക്കേണ്ടതാണ്."

സ്വീകരിക്കാവുന്ന ഒരു ഭേദഗതിയാണിത്. അനിശ്ചിതകാലത്തേക്ക് നീട്ടിക്കൊണ്ടുപോകാതെ 14(3) എന്ന് ചേർത്തുകൊണ്ട് പ്രത്യേക കോടതി മുമ്പാകെ വരുന്ന കേസ്സുകൾ പരമാവധി 18 മാസത്തിനകം തീർപ്പാക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സമയപരിധി നിശ്ചയിക്കുന്നത് ശരിയല്ല. അതിന്റെ ആവശ്യം ഇപ്പോൾ ഇവിടെയില്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 262, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അവതരിപ്പിച്ച 266 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ ......................

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

15-ാം വകുപ്പ്

ശ്രീ. എൻ.എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

267. ഖണ്ഡം 15-ൽ "ആചാരത്തിലോ" എന്ന വാക്കിനുപകരം "നടപടി ക്രമത്തിലോ" എന്ന വാക്ക് ചേർക്കുക.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ....................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

269. ഖണ്ഡം 16(1)-ൽ "പിൽക്കാല പ്രാബല്യത്തോടുകൂടിയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഇത് ബഹുമാനപ്പെട്ട ചെയർ കൂടി മനസ്സിലാക്കണം. മുൻകാല പ്രാബല്യത്തോടുകൂടിയോ അല്ലെങ്കിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നിയമസഭ അനുവദിച്ചുകൊടുക്കുകയാണ്. അത് ശരിയല്ല. ഇത് കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തിയിട്ടുള്ള വെട്ടിപ്പ് വീരന്മാരെ ശിക്ഷിക്കേണ്ട ഒരു ചട്ടമാണ്. അപ്പോൾ മുൻകാല പ്രാബല്യവും പിൻകാല പ്രാബല്യവും വന്നാൽ മുൻകാല പ്രാബല്യത്തോടുകൂടിയാണെങ്കിൽ നമുക്ക് എല്ലാവരെയും ഉൾപ്പെടുത്താം. പിൽക്കാല പ്രാബല്യത്തോടുകൂടിയാണെങ്കിൽ ഇതുവരെയുള്ള തട്ടിപ്പ് മുഴുവൻ വെള്ളത്തിലാകും. അതുകൊണ്ട് മുൻകാല പ്രാബല്യം പിൻകാല പ്രാബല്യം എന്നുള്ളത് മാറ്റി നമുക്കതിനെ പിൽക്കാല പ്രാബല്യം എന്ന് ഉറപ്പിച്ച് വയ്ക്കാനുള്ള ഒരു പ്രൊവിഷൻ വയ്ക്കണം. ഈ സഭ ഇപ്പോൾ അംഗീകരിച്ച 1-ാം വകുപ്പിലെ രണ്ടാമത്തെ ക്ലോസ് ഉടൻ പ്രാബല്യത്തിൽ വരണമെങ്കിൽ ഇങ്ങനെ മുൻകാലം പിൻകാലം എന്ന് പറയരുത്, ഏതാണെന്ന് ഉറപ്പിച്ച് പറയണം. പല ഭേദഗതികളും മാണി സാറിന് അംഗീകരിക്കാൻ സാധിച്ചില്ലെങ്കിൽപ്പിന്നെ മറ്റൊരു മന്ത്രിക്കും അംഗീകരിക്കാൻ സാധിക്കില്ല. ഏറ്റവും നല്ല നിയമപണ്ഡിതനാണ് അങ്ങ്. അങ്ങ് ഇതുവരെ ഒറ്റ ഭേദഗതിയും അംഗീകരിച്ചിട്ടില്ല. ഒരു ഭേദഗതിയെങ്കിലും അംഗീകരിക്കണമെന്ന ഒരു അഭ്യർത്ഥനയുണ്ട്.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

270. ഖണ്ഡം 16 (2)-ൽ "വയ്ക്കേണ്ടതും" എന്ന വാക്കിനുപകരം "വയ്ക്കേണ്ടതാണ് "എന്ന വാക്ക് ചേർക്കുക.

ശ്രീ. പി.കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

271. ഖണ്ഡം 16(2)-ൽ "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്ന വാക്കിനുപകരം "ആവശ്യമില്ലെന്ന് "എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി): സർ, പിൻകാലം, മുൻകാലം എന്നത് ഒരു എനേബ്ലിംഗ് പ്രൊവിഷനാണ്. പിൻകാലം വേണമെങ്കിൽ അതും ആകാം. പിൻകാലം മാത്രം പറഞ്ഞാൽ ശരിയാകുകയില്ല. പിൻകാലമോ മുൻകാലമോ എന്നുള്ളത് വേണം. ഇവിടെ ഭേദഗതിയുടെ ആവശ്യമില്ല.

മി. സ്പീക്കർ: ശ്രീ പി. ഉബൈദുള്ള അവതരിപ്പിച്ച 270, ശ്രീ പി. കെ. ബഷീർ അവതരിപ്പിച്ച 271 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....................

പ്രതികൂലിക്കുന്നവർ ....................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

107. ഖണ്ഡം 1 (1) താഴെപ്പറയുംപ്രകാരം മാറ്റുക:

> " (1) ഈ നിയമത്തിന്റെ പേര് `2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ നിയമം' എന്നായിരിക്കും."

മലയാളത്തെ ശ്രേഷ്ഠ ഭാഷാ പദവിലേക്ക് ഉയർത്തണമെന്ന് ആവശ്യപ്പെടുന്ന ഒരു കാലഘട്ടമാണ്. മലയാളത്തിന് ഒരു സർവ്വകലാശാല കൊണ്ടുവന്ന ഒരു ഗവൺമെന്റാണ് ഇത്. ആക്ടിന് പകരം മലയാളത്തിൽ ഒരു വാക്കില്ല എന്നു പറയുന്നത് മലയാളത്തിന് കുറച്ചിലാണ്. അതുകൊണ്ട് എന്റെ ഒരു ഭേദഗതി, `2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ആക്ട്' എന്നതിനുപകരം `2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ നിയമം' എന്ന് കൊണ്ടുവരണമെന്നാണ്. `നിയമം' എന്നുള്ളത് വളരെ പ്രചുരപ്രചാരമായി എല്ലാവർക്കും അറിയാവുന്ന ഒരു വാക്കാണ്. ഇതിനായി ഞാൻ ധാരാളം ഡിക്ഷ്നറികൾ പരതി നോക്കി. ടി. രാമലിംഗ പിള്ളയുടെ ഡിക്ഷ്ണറിയിൽ `ആക്ട്' എന്നുപറഞ്ഞാൽ `നിയമ നിർമ്മാണ സഭ പാസ്സാക്കിയെടുത്ത നിയമം' എന്നുപറഞ്ഞിട്ടുണ്ട്. ഞാൻ വേറെ പല ഡിക്ഷ്ണറിയും എടുത്ത് പരിശോധിച്ചുനോക്കി. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നമ്മൾ ആവശ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ ആക്ടിനു പകരമായി നിയമം എന്നൊരു ഭേദഗതി കൊണ്ടുവരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് ഈ ഭേദഗതി അങ്ങ് സ്വീകരിക്കുക. നിയമ വകുപ്പുമന്ത്രി എന്നുപറയുമ്പോൾ എല്ലാവർക്കും മനസ്സിലാകും. നിയമ വകുപ്പ്, നിയമസഭ എന്ന് പറയുന്നതുപോലെ `ആക്ട്' എന്നുള്ളതിനുപകരം `നിയമം' എന്ന ഭേദഗതി അങ്ങ് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

108. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇതിന് 2013 ജനുവരി 1 മുതൽ പ്രാബല്യമുണ്ടായിരിക്കും."

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഭേദഗതികൾ സ്വീകാര്യമല്ല. 'നിയമസഭ' എന്നുള്ളത് 'ആക്ട് സഭ' എന്ന് പറയാൻ സാധിക്കുമോ ? നിയമം എന്നുപറയുന്നത് Law ആണ്. ഇവ തമ്മിൽ അർത്ഥവ്യത്യാസമുണ്ട്. 'ആക്ട്' എന്നുപറഞ്ഞാൽ എനാക്റ്റ്മെന്റാണ്. ഈ സഭ ഒരു ബില്ല് പാസ്സാക്കിക്കഴിയുമ്പോൾ എനാക്റ്റ്മെന്റിനാണ് ആക്ട് എന്നുപറയുന്നത്. അതുകൊണ്ട് ആക്ട് എന്നുപറയുന്നതുതന്നെയാണ് കറക്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ആക്ടിനൊരു മലയാള വാക്ക് കണ്ടുപിടിക്കണ്ടേ ?

മി. സ്പീക്കർ : അത് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് കണ്ടുപിടിക്കണം. അതിന്റെ മന്ത്രിയും ബഹുമാനപ്പെട്ട മന്ത്രി തന്നെയല്ലേ ? ആക്ട് എന്നതിന് യഥാർത്ഥത്തിലുള്ള മലയാള വാക്ക് കണ്ടുപിടിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ. എം. മാണി : സർ, ചില വാക്കുകൾ ഇംഗ്ലീഷ് വാക്കാണെങ്കിലും അത് മലയാളമായി മാറുകയാണ്. അങ്ങനെ നമ്മൾ ആ ഇംഗ്ലീഷ് വാക്ക് തന്നെ സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേക്ക് സ്വിച്ചിന്റെ മലയാളം അറിയാമോ ? ഒരു പേജ് മുഴുവൻ എഴുതണം. അതുകൊണ്ട് ചില വാക്കുകൾ അങ്ങനെ തന്നെ സ്വീകരിക്കണം.

ശ്രീ. കെ. എം. മാണി : സർ, ബഞ്ച് എന്ന വാക്ക് ഇംഗ്ലീഷാണ്. മലയാളത്തിലും അങ്ങനെതന്നെയാണ് ഉപയോഗിക്കുന്നത്. കോടിയേരി ബാലകൃഷ്ണൻ-അത് മലയാളത്തിലും ബാലകൃഷ്ണനാണ്, ഇംഗ്ലീഷിലും ബാലകൃഷ്ണനാണ്, തമിഴിലായാലും ബാലകൃഷ്ണനാണ്.

ശ്രീ. എം. എ. ബേബി : സർ, മലയാളത്തിലെ എല്ലാ വിദേശ പദങ്ങൾക്കും തത്തുല്യമായ പദമുണ്ടാക്കാൻവേണ്ടിയാണ് ഡോ. എൻ.വി. കൃഷ്ണവാര്യർ ചെയർമാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കിയത്. ആ സമയത്ത്, 'ഭാഷാ സ്ഥാപന'മെന്ന് വേണമോ ; 'ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 'എന്ന് വേണമോ എന്ന് ചർച്ച ചെയ്തതാണ്. അവസാനം തീരുമാനിച്ചത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടെന്നാണ്. കാരണം, ഇൻസ്റ്റിറ്റ്യൂട്ട് എന്ന പദത്തിന്റെ അർത്ഥവ്യാപ്തി മുഴുവൻ സ്ഥാപനമെന്നുവന്നാൽ വരില്ല. ചില പദങ്ങളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. എന്നാലും ഇതിനുവേണ്ടിയുള്ള അന്വേഷണം നമ്മൾ തുടരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ആക്ട് എന്ന വാക്കിനുപകരം മറ്റൊരു വാക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തരുന്നതുവരെ ഞാൻ പറഞ്ഞത് സ്വീകാര്യമായിരിക്കട്ടെ. ഒരു റിസർച്ച് നടത്തി ആ വാക്ക് കണ്ടുപിടിച്ചുതരുന്നതുവരെ നമുക്ക് ആക്ട് എന്നുതന്നെ സ്വീകരിക്കാം. അതിലൊരു പിശകുമില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 107 ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 108 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യസംരക്ഷണ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (2) 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ഈ നിയമത്തിന് ഒരു വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ട്. ഇത് കേരളത്തിലെ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന 8,30,000-ത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങളുടെ പ്രശ്നമാണ്. കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ട് നടപ്പിലാക്കിയത് 2007-ലാണ്. പിന്നീട് ആ നിയമത്തിന് ഒരു ഭേദഗതി കൊണ്ടുവന്നത് 2010-ലാണ്. മൂലനിയമത്തിലും 2010-ലെ ഭേദഗതിയിലും ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ചില ഭേദഗതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലുള്ള ഭേദഗതികൾ കൃഷിക്കാർക്ക് ആശ്വാസം കൊടുക്കുന്നതല്ല. ഇവിടെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കൈക്കൊള്ളുന്ന തീരുമാനങ്ങളെല്ലാം മിൽമയ്ക്ക് സാമ്പത്തിക ലാഭം ലഭ്യമാക്കുകയെന്നുള്ളതല്ലാതെ ക്ഷീരകൃഷിക്കാർക്ക് ഒരുതരത്തിലുള്ള സഹായവും ലഭ്യമാക്കത്തക്കനിലയിലുള്ളവയല്ല. അതുകൊണ്ടാണ് ഞാൻ ഭേദഗതിക്ക് ഒരു വിയോജനക്കുറിപ്പ് കൊടുത്തത്. ക്ഷീരകർഷകർ വളരെ ദരിദ്രരായ ജനവിഭാഗമാണ്. കേരളത്തിലെ മുഴുവൻ ക്ഷീരകർഷകരേയും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി അവർക്ക് ആശ്വാസം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ മിൽമ പാൽവില ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മിൽമയ്ക്ക് ലാഭമുണ്ടാകുമെന്നുള്ളതല്ലാതെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർക്ക് യാതൊരു നേട്ടവും ലഭിക്കുന്നില്ല. കഴിഞ്ഞ ചുരുക്കം കാലഘട്ടത്തിനുള്ളിൽ അഞ്ചുരൂപ വീതം രണ്ടുപ്രാവശ്യം വില വർദ്ധിപ്പിച്ചു. എന്നിട്ടും കൃഷിക്കാർക്ക് യാതൊരു ആശ്വാസവും കൊടുത്തില്ല. അഞ്ചുരൂപ വർദ്ധിപ്പിച്ചപ്പോൾ അഞ്ചുരൂപയിൽ നാല് രൂപ 20 പൈസ ക്ഷീര കർഷകർക്ക് നൽകുമെന്നാണ് പറഞ്ഞത്. പക്ഷേ, ഫലത്തിൽ ക്ഷീരകർഷകർക്ക് ആനുകൂല്യം കൊടുക്കാതിരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതിന് കണ്ടുപിടിച്ചിരിക്കുന്ന വിദ്യ, 3.5 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഘടകങ്ങളുമുണ്ടെങ്കിൽ മാത്രമേ ഈ പറഞ്ഞ ആനുകൂല്യങ്ങൾ ക്ഷീരോൽപ്പാദകർക്ക് കൊടുക്കൂവെന്ന നിലപാട് സ്വീകരിച്ചു. ഫലത്തിൽ ക്ഷീരകൃഷിക്കാർക്ക് ലഭിച്ചു കൊണ്ടിരുന്ന വിലതന്നെ ലഭിക്കാത്ത സാഹചര്യമുണ്ടായി. പാലിന്റെ വിലവർദ്ധനവ് ഉണ്ടാകുന്ന ഘട്ടത്തിൽ ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭ്യമാക്കാനുള്ള ഒരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ല. ഇത് കൃഷിക്കാർക്ക് വേണ്ടിയുള്ളതല്ല. അതു കൊണ്ടാണ് ഞാൻ ഇതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്നതിനാനുപാതികമായിട്ടുള്ള ആനുകൂല്യങ്ങൾ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ല. ക്ഷീര കർഷകർക്ക് 300 രൂപയാണ് ഇപ്പോൾ പെൻഷൻ പറഞ്ഞിരിക്കുന്നത്. അതിൽ വർദ്ധനവ് കൊടുക്കാമെന്ന് പറയുന്നുണ്ട്. ചുരുങ്ങിയത് 1000 രൂപയെങ്കിലും കേരളത്തിലെ ക്ഷീരകർഷകർക്ക് പെൻഷനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. കേരളത്തിൽ പാലുൽപ്പാദന, വിതരണരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് മിൽമ. പാലുൽപ്പാദനവും സംഭരണവും വിതരണവുമാണ് അവരുടെ പ്രധാനപ്പെട്ട ചുമതല. മിൽമയ്ക്കുപുറമെ പതിനായിരക്കണക്കിന് ക്ഷീരോൽപ്പാദകരുണ്ട്. അവരെക്കൂടി ഈ നിയമത്തിന്റെ പരിധിക്കകത്ത് കൊണ്ടുവരാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. മിൽമ ഈ രംഗത്ത് കൈകൊള്ളുന്ന നിലപാടുകൾ ഗവൺമെന്റ് ഗൗരവത്തിൽ പരിശോധിക്കണം. പ്രതിദിനം 8,30,000 ലിറ്റർ പാലാണ് മിൽമ ഉൽപ്പാദിപ്പിക്കുന്നത്. അവരുടെ വിൽപ്പന 13 ലക്ഷം ലിറ്ററാണ്. എങ്ങനെയാണ് ഈ മഹാവിദ്യ മിൽമ കൈകാര്യം ചെയ്യുന്നത് ? തമിഴ്നാട്ടിൽനിന്ന് പാൽപ്പൊടി കലക്കി മിൽമയുടെ പാക്കറ്റിലാക്കി ഇവിടെ കൊണ്ടുവന്ന് മാർക്കറ്റ് ചെയ്യുകയാണ്. അതിന് ഗുണനിലവാരമില്ല. അതുകൊണ്ട് ക്ഷീരോൽപ്പാദകരായ കൃഷിക്കാരിൽ നിന്നും പാൽവാങ്ങി സംഭരിച്ച് മാർക്കറ്റ് ചെയ്യുകയെന്നുള്ളതാണ് ഇവിടെ സ്വീകരിക്കേണ്ട നയം. 5 ലക്ഷം ലിറ്റർ കൃത്രിമ പാൽ പ്രതിദിനം കേരളത്തിൽ മാർക്കറ്റ് ചെയ്യുകയാണ്. കഴിഞ്ഞ രണ്ടുഘട്ടങ്ങളിലും അഞ്ചുരൂപാവീതം പാലിന്റെ വില വർദ്ധിപ്പിച്ചു. അതിന്റെ ഗുണഫലം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ചുരുക്കത്തിൽ മിൽമ എന്ന സ്ഥാപനത്തിനുവേണ്ടി അവർ നടത്തിക്കൊണ്ടിരിക്കുന്ന ധൂർത്തിന് പണമുണ്ടാക്കാനുള്ള നടപടിയായി പാൽവില വർദ്ധനവ് പരിമിതപ്പെടുകയാണ്. അതുകൊണ്ട് ഈ കാര്യം ഗവൺമെന്റ് ഗൗരവത്തിൽ കാണണം. ഇവിടെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലെ ക്ഷീരോൽപ്പാദകരായ കൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കാലിത്തീറ്റയുടെ അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ്. ചാക്കിന് 450 രൂപയുണ്ടായിരുന്ന കാലിത്തീറ്റ ഇപ്പോൾ 950 രൂപയിലെത്തി. കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയ്ക്ക് ഇപ്പോൾ 980 രൂപയാണ് വില. 25 ലിറ്റർ പാൽ തരുന്ന സങ്കരയിനം പശുവിന് പ്രതിദിനം 15 കിലോയെങ്കിലും കാലിത്തീറ്റ നൽകണം. ഇപ്പോൾ നമ്മുടെ നാട്ടിൽ പുല്ലും വൈക്കോലും തീരെ ലഭ്യമല്ല. അതുകൊണ്ട് വലിയ തോതിലുള്ള ചെലവാണ് കൃഷിക്കാർ അനുഭവിക്കുന്നത്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളായ തവിട്, പിണ്ണാക്ക്, പരുത്തിക്കുരു, മൊളാസസ് എന്നിവയുടെ ലഭ്യത കുറഞ്ഞുവരികയാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി കാലിത്തീറ്റയ്ക്ക് 50 ശതമാനം സബ്സിഡി കൊടുക്കുവാനുള്ള ഒരു നിലപാടുകൂടി സ്വീകരിച്ചുകൊണ്ട് കൃഷിക്കാരുടെ താല്പര്യത്തിന് മുൻതൂക്കം കൊടുക്കുന്ന, പരിഗണിക്കപ്പെടുന്ന ഒരു ബില്ലായി ഇതിനെ മാറ്റിത്തീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ നടപടികൾ അതിന് പര്യാപ്തമല്ലായെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്.

ശ്രീ. എസ്. ശർമ്മ : സർ, സമയമെടുത്ത് സംഭാഷണത്തിന് മുതിരുന്നില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന് എന്റെ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തുകയാണ്. ആ വിയോജനക്കുറിപ്പിന്റെ സാരാംശം എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ സഖാവ് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ വിശദീകരിച്ചു. കേരളം ക്ഷീരോൽപ്പാദന രംഗത്ത് ഇന്ത്യയിൽ 13-ാം സ്ഥാനത്താണ്. എട്ടുലക്ഷം ക്ഷീരകർഷക കുടുംബങ്ങൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള, ഭക്ഷ്യസുരക്ഷയുടെയും ആരോഗ്യ സുരക്ഷയുടെയും അവിഭാജ്യഘടകമായ ഒരു പ്രധാന മേഖലയാണ് ക്ഷീരമേഖല. ഈ ക്ഷീരമേഖലയിൽ എട്ടുലക്ഷം കുടുംബങ്ങളുണ്ട്. പക്ഷെ ക്ഷേമനിധിയിൽ അതിന്റെ എട്ടിലൊന്ന് പോലുമില്ല. യഥാർത്ഥത്തിൽ കേരളത്തിലെ ക്ഷീരകർഷകരെ മുഴുവൻ അഡ്രസ് ചെയ്യാവുന്ന വിധത്തിൽ ഈ ക്ഷേമനിധിയുടെ അടിത്തറ



LIBRARY ARCHIVES Kerala Legislative Assembly

വിപുലീകരിക്കുന്നതിനും അതിന് ക്ഷേമനിധിയെ പ്രാപ്തമാക്കുന്നതിനും ഗവൺമെന്റ് സഹായത്തോടുകൂടി പങ്കുവഹിക്കുന്നതിനുള്ള ദിശാബോധമുണ്ടാക്കുന്നതിന് തീർച്ചയായും ഇതൊരു പ്രചോദനമായി തീരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. 2020-ത്തോടുകൂടി കേരളത്തിൽ പാലിന്റെ ആവശ്യകത 110 ലക്ഷം ലിറ്റർ ആകും. എട്ടുവർഷം കൊണ്ട് 50 ലക്ഷം ലിറ്റർ പാൽ അധികം ഉൽപ്പാദിപ്പിക്കേണ്ടിവരും. കേരളത്തിന്റെ ആവശ്യകത കൂടുകയും ആവശ്യത്തിനനുസരിച്ച് ഉൽപ്പാദനം ഇല്ലാതിരിക്കുകയും ചെയ്യുന്നത് വൻതോതിലുള്ള കമ്മിയിലേക്കും, മറ്റ് സംസ്ഥാനങ്ങളെ ഇപ്പോൾ ആശ്രയിക്കുന്നതുപോലെ ദീർഘകാലാടിസ്ഥാനത്തിൽ വൻതോതിൽ ആശ്രയിക്കുവാൻ നിർബന്ധിതമായിത്തീരുകയും ചെയ്യേണ്ടി വരുമെന്നുള്ളത് അതീവ ഗൗരവതരമായി കണ്ടുകൊണ്ട്, ദീർഘവീക്ഷണത്തോടു കൂടിയുള്ള ഒരു സയന്റിഫിക് പാൽ മാനേജ്മെന്റ് നയംതന്നെ ഇക്കാര്യത്തിൽ ആവിഷ്ക്കരിക്കുന്നത് നന്നായിരിക്കുമെന്ന് കണക്കാക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ, നമുക്ക് ഏവർക്കും അറിവുള്ളതുപോലെ, ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ക്ഷീരകർഷകരെ ഒഴിവാക്കുന്നതിനു വേണ്ടിയാണ് മിൽമ രൂപീകരിക്കപ്പെട്ടത്. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും സംരക്ഷണം നൽകി, കൃഷിക്കാരന്റെ രക്ഷാകവചവും കൺസ്യൂമറുടെ സുഹൃത്തും എന്ന കൺസെപ്റ്റാണ് മിൽമ രൂപീകരിക്കപ്പെടുമ്പോൾ മൗലികമായി പ്രവർത്തിച്ചത്. എന്നാൽ കൺസ്യൂമർക്ക് ദ്രോഹവും കൃഷിക്കാർക്ക് ശിക്ഷയും നൽകുന്ന ദൗത്യമെന്ന നിലയിലാണ് മിൽമ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ സ്ഥിതിയിൽ മാറ്റം വരണം.

പാലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ കൊഴുപ്പിന്റെ ഘടകം 3.5%, കൊഴുപ്പേതര ഘടകം 8.5%എന്നൊരു പെർസന്റേജ് നിശ്ചയിച്ച് വർദ്ധനവിന്റെ ആനുകൂല്യം കൃഷിക്കാരന് കിട്ടാത്ത വിധത്തിലുള്ള കണ്ടീഷൻസാണ് മിൽമ വച്ചത്.

2.00 P.M.]

ഇതിന്റെ ഫലമായി വർദ്ധനവിന്റെ നേട്ടം കൃഷിക്കാർക്ക് ലഭിക്കാതിരിക്കുകയും വിലവർദ്ധനവ് കൺസ്യൂമറെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൺസ്യൂമറിന്റെ സുഹൃത്തും കൃഷിക്കാരന്റെ രക്ഷകനുമായി പ്രവർത്തിക്കേണ്ട മിൽമയുടെ പ്രവർത്തനത്തിന്റെ ഫലമായി ഒരേസമയത്ത് ഇരട്ടദോഷം സംഭവിക്കാവുന്ന വിധത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. ഇപ്പോൾ സ്വീകരിക്കുന്ന ഈ സമീപനം മിൽമയെക്കൊണ്ട് തിരുത്തിക്കാൻ സഹായകരമാകുന്ന വിധത്തിൽ ഗവൺമെന്റ് ഇടപെടണം. ഞാൻ അധികം സമയമെടുക്കുന്നില്ല. കർണ്ണാടക, തമിഴ്നാട് എന്നീ സ്റ്റേറ്റുകളിൽ നമ്മുടെ സ്റ്റേറ്റിനെ അപേക്ഷിച്ച് പാലിന് വിലക്കുറവാണ്. സ്റ്റേറ്റ് ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നുണ്ട് എന്നതാണ് ബേസിക്കായിട്ടുള്ള കാര്യം. നമുക്ക് സബ്സിഡിയില്ല. അതുകൊണ്ട് നമ്മുടെ ഭക്ഷ്യസുരക്ഷയുടെയും ആരോഗ്യസുരക്ഷയുടെയും അവിഭാജ്യഘടകമാണെന്ന് കണ്ടുകൊണ്ടുള്ള ഒരു ഇടപെടൽ ഉണ്ടാകണം. വരുന്ന ബഡ്ജറ്റിലെങ്കിലും പാലിന്റെ കാര്യത്തിൽ കേരളത്തിന്റെ ഭാവിയെ മുൻനിറുത്തിക്കൊണ്ട്, മറ്റ് അയൽ സംസ്ഥാനങ്ങൾ സ്വീകരിക്കുന്നതുപോലെ മാതൃകാപരമായി സബ്സിഡി കൊടുക്കുന്നതിനുള്ള സമീപനം സ്വീകരിക്കണം. അത് പാൽ കർഷകനെ ഒരേസമയത്ത് സംരക്ഷിക്കലായിരിക്കും. കൺസ്യൂമർക്ക് വിലക്കയറ്റം ഫീൽ ചെയ്യുകയില്ല. കൺസ്യൂമർക്ക് ദോഷംവരാത്ത വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരനെ സംരക്ഷിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ പാലുൽപ്പാദനത്തിലുണ്ടാകുന്ന അധികച്ചെലവ് ഗവൺമെന്റ് സബ്സിഡിയായി കൊടുത്ത് കർഷകരെ സംരക്ഷിക്കണം. സംഘവും മിൽമയും സംഭരിക്കുന്ന പാലിന് മിനിമം വില നിശ്ചയിക്കാവുന്ന സ്ഥിതിയിലേക്കെത്തണം. മിനിമം വില നിശ്ചയിച്ചാൽ കൺസ്യൂമറുടെ താല്പര്യവും കൃഷിക്കാരുടെ താൽപര്യവും സംരക്ഷിക്കാൻ കഴിയും. അതിനൊരു ക്രമീകരണം ഉണ്ടാക്കണം. ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ കാലിത്തീറ്റയ്ക്ക് 50% സബ്സിഡി നൽകണം. അങ്കമാലി, മറ്റൂർ, കാലടി, മലയാറ്റൂർ, നീലേശ്വരം, അടിമാലി മേഖലകളിലൊക്കെ 25,000 കൃഷിക്കാർ പ്രധാനമായിട്ടും പാൽ അളക്കുന്ന പി.ഡി.ഡി.പി. സൊസൈറ്റി, ഒരു അച്ചന്റെ നേതൃത്വത്തിലാണ് വളരെ നല്ല നിലയിൽ മാതൃകാപരമായി നടത്തുന്നത്. പക്ഷേ അവർ ക്ഷേമനിധിയിൽ ഇല്ല. അത്തരം ആളുകളെക്കൂടി ഉൾപ്പെടുത്തി മാതൃകാപരമായ പങ്ക് വഹിക്കാനും അവരെയെല്ലാം ക്ഷേമനിധിയിൽ ഉൾപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധിയുടെ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാഭ്യാസ, വിവാഹ, ചികിത്സാ, ഭവന വായ്പാപദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണം. പെൻഷൻ തുകയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. പ്രാഥമിക സംഘങ്ങൾക്ക് പ്രവർത്തന മൂലധനവും റിവോൾവിംഗ് ഫണ്ടും കൊടുത്ത് അവരെ സ്റ്റേബിളാക്കിയെടുത്ത് കൃഷിക്കാരന്റെ രക്ഷാകവചംപോലെ പ്രാഥമിക സംഘത്തെ പ്രാപ്തമാക്കിയെടുക്കാൻ കഴിയുന്ന വിധത്തിലുള്ള സമീപനം സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ക്വാളിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള ലാബുകൾ സുരക്ഷിതമായ വിധത്തിൽ ക്രമീകരിക്കുവാനുള്ള നടപടിയുണ്ടാകണം. അതുപോലെ ക്ഷീരകർഷകർക്ക് പലിശരഹിത വായ്പാ സംവിധാനം നടപ്പാക്കണം, അവരെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുകയും വേണം. മിൽമ പാൽ വിലവർദ്ധനയ്ക്ക് ലാഭം വരുമ്പോൾ ആ ലാഭം കൃഷിക്കാർക്കുകൂടി കൊടുക്കാവുന്ന വിധത്തിലാകണം. ക്ഷീരകർഷകർക്ക് സൗജന്യമായി ഇൻഷ്വറൻസ് സ്കീം ആവിഷ്ക്കരിക്കാൻ കഴിയുമോയെന്ന് നോക്കണം. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അടിസ്ഥാനപരമായ പങ്ക് വഹിക്കുന്ന അതിപ്രധാനമായ ഒരു മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാട് രൂപപ്പെടുത്താൻ ഈ ബില്ലിന്റെ ചർച്ച സഹായിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ജെയിംസ് മാത്യു : സർ, ഈ ഭേദഗതി ബില്ലിന് ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽതന്നെ ഉന്നയിച്ചതും അതിനോട് യോജിക്കാത്തതുമായ ചില കാര്യങ്ങളാണ് പറയാൻ ഉദ്ദേശിക്കുന്നത്. എനിക്കുമുമ്പ് സംസാരിച്ച രണ്ട് ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ കാർഷികമേഖലയുടെ തകർച്ചയെത്തുടർന്ന് ഏറെ പ്രതീക്ഷയോടുകൂടി ആശ്രയിക്കുന്ന ഒരു രംഗമാണ് മൃഗസംരക്ഷണം. വിശേഷിച്ച് പാലുൽപ്പാദനമേഖല. അക്കാര്യത്തിൽ ഗവൺമെന്റ് വേണ്ടത്ര നിഷ്ക്കർഷ പുലർത്തുന്നില്ല എന്നുള്ളതാണ് ഈ മൂലനിയമത്തിലെ ഭേദഗതികൊണ്ട് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഇവിടെ അവതരിപ്പിച്ച ഭേദഗതി ക്ഷീരകർഷകരിൽ പ്രതീക്ഷയ്ക്ക് വകനൽകുകയും കൂടുതൽ ക്ഷീരകർഷകർ ആ രംഗത്ത് നിലനിൽക്കുന്നതിനും പാലുൽപ്പാദനം വർദ്ധിക്കുന്നതിനും ഇടയാക്കുന്ന വിധത്തിലുള്ള ഒന്നാണെന്ന് തോന്നുന്നില്ല. വളരെ നാമമാത്രമായ സംഖ്യയുടെ വർദ്ധനവുകൊണ്ട് ക്ഷീരമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്ക് ഒരു പ്രതീക്ഷയും വകനൽകുന്നില്ല. യഥാർത്ഥത്തിൽ പാലിന്റെ വില നിശ്ചയിക്കാനുള്ള അവകാശം പാലുൽപ്പാദകർക്കില്ല. മിൽമയാണ് അത് നിശ്ചയിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ രണ്ട് ഘട്ടങ്ങളിലായി അഞ്ച് രൂപവീതം വില വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച തുകയിൽ നാമമാത്രമായ സംഖ്യയാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി പാലിന് അടിസ്ഥാനവില നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ആ അടിസ്ഥാനവിലയ്ക്ക് ആനുപാതികമായി മിൽമ വില വർദ്ധിപ്പിക്കുന്ന ഓരോ ഘട്ടത്തിലും ക്ഷീരകർഷകർക്കുകൂടി അതിന്റെ നേട്ടം ഉണ്ടാകത്തക്കവണ്ണം ഇടപെടാൻ ഗവൺമെന്റിന് കഴിയണം. അതല്ലെങ്കിൽ ഒരിക്കൽ വില നിശ്ചയിക്കപ്പെടുന്നു, മിൽമ അതിന്റെ ഉപഭോക്താക്കളിൽനിന്നും കൂടുതൽ വില ഈടാക്കുന്നു. തദനുസൃതമായി കൃഷിക്കാർക്ക് ഒന്നും ലഭിക്കാതെ പോകുന്നു. ഇത് ക്ഷീരമേഖലയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷിക്കാർ ആ രംഗത്തുനിന്നും വിട്ടുപോകുന്നതിന് കാരണമാകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം അനുവദിച്ച് നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പശുക്കളെ വാങ്ങിക്കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പക്ഷെ എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്? ഒരു പഞ്ചായത്ത് പദ്ധതി തയ്യാറാക്കി ആ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തൊട്ടടുത്ത പഞ്ചായത്തിൽ നിന്നുമാണ് പശുക്കളെ വാങ്ങുന്നത്. ഒരു പഞ്ചായത്ത് പദ്ധതി വയ്ക്കുന്നു. അതിനടുത്ത പഞ്ചായത്തിൽ നിന്നും പശുക്കളെ വാങ്ങുന്നു. കേരളത്തിലെ പാലുൽപ്പാദന രംഗത്ത് യാതൊരു മാറ്റവും ഉണ്ടാക്കാൻ ഇടയാകാത്ത വിധത്തിലാണ് നമ്മുടെ സഹകരണസ്ഥാപനങ്ങളൊക്കെ പണം കടംകൊടുത്തും ക്ഷീരോല്പാദന മേഖലയിൽ ഗവൺമെന്റിന്റെ പദ്ധതിവിഹിതം ഉപയോഗിച്ചും ഈ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നടപ്പാക്കപ്പെടുന്നതും. എന്നാൽ ഇക്കാര്യത്തിലൊരു ഭേദഗതി വരത്തക്കവണ്ണം അന്യസംസ്ഥാനത്തുനിന്നും വാങ്ങണമെന്ന് തീരുമാനിച്ചു. അപ്പോൾ അതിലേറെ വൈതരണികൾ. അന്യസംസ്ഥാനത്തുപോയി.............

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഇക്കണോമിക്ക് റിവ്യൂ 2012 അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ വിചാരിക്കുന്നു. രാജ്യത്ത് 50%-ൽ കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നത്, പ്രതിദിനം ഏകദേശം ഒന്ന് മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്നത് ചെറുകിട നാമമാത്ര കർഷകരും ഭൂരഹിത തൊഴിലാളികളുമാണ്. എന്നുപറഞ്ഞാൽ 50%-ലധികം ആളുകൾ ഒരു ലിറ്റർ മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്ന നാമമാത്ര കർഷകരാണ്. ഈ നിയമംകൊണ്ട് യഥാർത്ഥത്തിൽ പ്രയോജനം ലഭിക്കുന്നത് സാധാരണക്കാരും പാവപ്പെട്ടവരുമായ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ്. പക്ഷെ ഇങ്ങനെയുള്ള ആളുകൾക്ക്, ഒരു ലിറ്റർ മുതൽ മൂന്ന് ലിറ്റർ വരെ പാൽ ഉൽപ്പാദിപ്പിക്കുന്ന 50%-ത്തോളം വരുന്ന കർഷകർക്ക് ഒരു വർഷം 500 ലിറ്റർ പാലെങ്കിലും ഉൽപ്പാദിപ്പിച്ചാലേ ഈ ക്ഷേമനിധിക്ക് അർഹതയുണ്ടാകുകയുള്ളൂവെന്ന് പറയുന്നുണ്ട്. ഒരു പശുവിനെ വളർത്തുന്ന സാധാരണക്കാരായ നാമമാത്ര കർഷകർക്ക് 500 ലിറ്റർ പാൽ ലഭിക്കാനിടയില്ല. അതുകൊണ്ട് പാൽ അളക്കുന്നത് 500 ലിറ്ററിന്റെ പരിധിയിൽ നിന്നും 250 ലിറ്ററെങ്കിലും ആക്കണമെന്ന അഭിപ്രായമുണ്ട്. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജെയിംസ് മാത്യു : തീർച്ചയായിട്ടും യോജിക്കുന്നുണ്ട്. മാത്രമല്ല സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. 500 ലിറ്റർ പാൽ പ്രതിവർഷം അളക്കുക എന്നുപറയുന്നത് വലിയ തോതിൽ ഉൽപ്പാദിപ്പിക്കുന്ന ഇടത്തരക്കാരായ കൃഷിക്കാരും അതിന് മുകളിലുള്ളവർക്കുമേ സാധിക്കുകയുള്ളൂ. മാത്രമല്ല ഒരു പശുവിനെ പോറ്റുന്ന ആൾക്ക് വർഷത്തിൽ എത്ര മാസമാണ് പാൽ കറവയുണ്ടാകുക; ഒന്നിലധികം പശുവിനെ പോറ്റാൻതക്കവണ്ണമുള്ള സൗകര്യം, അതിനെ മേയ്ക്കാനുള്ള പുല്ലും വൈക്കോൽ കിട്ടാനുള്ള സാധ്യതയുമൊക്കെ ഇന്ന് കേരളത്തിൽ അനുനിമിഷം കുറഞ്ഞുവരികയാണ്. ഇത്തരമൊരു പരിത സ്ഥിതിയിൽ ഈ മേഖലയിൽ ആകർഷണീയതയുണ്ടാക്കുന്നതിനാണ് ക്ഷേമനിധിയും പെൻഷനും വിഭാവനം ചെയ്തത്. ആ ക്ഷേമനിധിയും പെൻഷനും കാലാനുസൃതമായി വർദ്ധിച്ച നിലയിൽ കൃഷിക്കാർക്ക് ലഭിക്കുന്നതിനാവശ്യമായ ഒരു തീരുമാനമുണ്ടാകണം. അങ്ങനെയുണ്ടാകണമെങ്കിൽ ............

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ജെയിംസ് മാത്യു, മുമ്പ് സംസാരിച്ച രണ്ടുപേരും അഞ്ച് മിനിട്ടുവീതമാണ് സംസാരിച്ചത്. അഞ്ച് മിനിട്ടായി.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ അവസാനിപ്പിക്കുന്നു. അതുകൊണ്ട് കൃഷിക്കാരെ ഉദ്ദേശിച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ ബിൽ മുമ്പോട്ട് വയ്ക്കുന്നതെങ്കിൽ പാലിന് അടിസ്ഥാനവില നിശ്ചയിക്കുകയും മിൽമ വില വർദ്ധിപ്പിക്കുന്നതിനനുസരിച്ച് കൃഷിക്കാർക്ക് ആനുപാതികമായ വർദ്ധനവ് കിട്ടുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയും വേണം. അംശദായത്തിൽ കുറച്ച് പൈസ വർദ്ധിപ്പിച്ചുകൊണ്ടായിരുന്നാൽപോലും പെൻഷന്റെയും ക്ഷേമനിധിയുടെയും തുക വർദ്ധിപ്പിക്കണം. ഇവിടെ വിഭാവനം ചെയ്തതിനുപുറത്ത് മറ്റേതെങ്കിലും വിധത്തിൽ പാൽ ഉൽപ്പന്നങ്ങളിൽനിന്നും സെസ് ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഇപ്പോൾ പറയുന്നത് മിൽമയും അതുപോലെ കൃഷിക്കാരനും കൊടുക്കണമെന്നാണ്. അതിനുപുറത്ത് പാൽ ഉപയോഗിച്ചുകൊണ്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന നിരവധി ഉൽപ്പന്നങ്ങളുണ്ട്. അതിന്മേൽ ഈടാക്കുന്ന നികുതിയിൽ നിന്നും ചെറിയ തുക വസൂൽ ചെയ്യണം. മറ്റ് പല കാര്യത്തിലും ഗവൺമെന്റ് അങ്ങനെ ചെയ്യുന്നുണ്ട്. അതുപോലെ ഇക്കാര്യത്തിലും ചെറിയ സംഖ്യയെങ്കിലും പാൽ ഉൽപ്പന്നങ്ങളിൽനിന്നും വസൂൽ ചെയ്തുകൊണ്ട് ക്ഷേമ നിധിയുടെയും പെൻഷന്റെയും തുകയിൽ വർദ്ധനവുണ്ടാക്കാൻ കഴിയണം. അങ്ങനെയൊന്നും ഈ ഭേദഗതിയിലില്ല. ഇത്തരം കാര്യങ്ങൾകൂടി ഭേദഗതിയിൽ ഉൾപ്പെടണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബിൽപ്രകാരം ക്ഷീരകർഷകർ അംശദായം അടയ്ക്കുന്നത് കൂട്ടിയെങ്കിലും അവർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവുണ്ടായിട്ടില്ല. ഇപ്പോൾ കൊടുക്കുന്ന പെൻഷൻതുക കൂട്ടുമെന്നാണ് ബില്ലിൽ പറയുന്നത്. ക്ഷീരകർഷകർക്ക് ഇപ്പോൾ കൊടുക്കുന്ന പെൻഷൻ തുകയായ 300 രൂപയിൽ നിന്ന് 1000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. മറ്റ് ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് പെൺകുട്ടികളുടെ വിവാഹം,

LIBRARY ARCHIVES Kerala Legislative Assembly

മരണാനന്തരച്ചടങ്ങ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. അങ്ങനെ ഒരാനുകൂല്യവും ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്ന് ലഭിക്കുന്നില്ല. അതിനുള്ള നടപടികളുണ്ടാകണം. ക്ഷീരകർഷകരെ സഹായിക്കാൻ ഗവൺമെന്റ് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുക എന്നുള്ളതാണ്. അതല്ലാതെ വേറൊരു സഹായവും ചെയ്തിട്ട് കാര്യമില്ല. പാലളക്കുന്ന സമയത്ത് ചാർട്ട് അനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. ചാർട്ട് മാറ്റണം, കാരണം ചാർട്ട് പ്രകാരമുള്ള എസ്.എൻ.എഫ്., ഫാറ്റ് കണ്ടന്റ് തുടങ്ങിയവയൊന്നും ഇവിടെയുള്ള പശുക്കളുടെ പാലിൽനിന്ന് കിട്ടാറില്ല. അവ സങ്കരയിനം പശുക്കളായതാണ് അതിനു കാരണം. സങ്കരയിനം പശുക്കൾക്ക് ഈ പറയുന്ന മാനദണ്ഡമനുസരിച്ചുള്ള പാൽ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ട് ചാർട്ട് പുനഃസംവിധാനം ചെയ്യണമെന്നുള്ളത് ക്ഷീരകർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകർ മരണമടഞ്ഞാൽ അവർ അടച്ച സംഖ്യ തിരികെ നൽകാൻ സംവിധാനമുണ്ടാകണം. ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകർ മരണമടഞ്ഞാൽ അടച്ച തുക തിരികെ നൽകാനുള്ള സംവിധാനം ഇപ്പോഴില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു പ്രധാനപ്പെട്ട അപാകതയാണ്, അത് തിരുത്തണം. അതുപോലെ ക്ഷീരകർഷകരെ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. അത് ഗവൺമെന്റ് അംഗീകരിക്കണം. ഇതാണ് പ്രധാനമായി ഇക്കാര്യത്തിൽ പറയാനുള്ളത്.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷീരകർഷകർ ഏറെനാളായി ആവശ്യപ്പെടുകയും ഒരുപാട് ആഗ്രഹിക്കുകയും ചെയ്ത കാര്യങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു അമെന്റ്മെന്റ് ബിൽ ഇവിടെ എത്തിയിരിക്കുന്നത്. തീർച്ചയായും അത് അഭിനന്ദനാർഹമായ കാര്യമാണ്. ഏതാണ്ട് എട്ടുലക്ഷത്തോളം ക്ഷീരകർഷകരും മൂവായിരത്തി അഞ്ഞൂറിലേറെ സഹകരണ സംഘങ്ങളുമുണ്ട്. അതിൽ ബഹുഭൂരിപക്ഷവും ചെറുകിടക്കാരാണ്. ഇവർക്ക് സഹായകരമാകുന്നതരത്തിൽ ഒരു നിയമനിർമ്മാണം ഇവിടെ നടക്കുന്നു എന്നുള്ളതുതന്നെയാണ് ഈ നിയമത്തിന്റെ ഏറ്റവും വലിയ പ്രസക്തിയും അതിന്റെ ഏറ്റവും വലിയ നന്മയും. പതിനെട്ടര ലക്ഷത്തോളം തൊഴിലവസരങ്ങളാണ് ഈ മേഖലയിൽ ഒരു വർഷം സൃഷ്ടിക്കപ്പെടുന്നത് എന്നാണ് കണക്കുകൾ. ക്ഷീരകർഷകർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പാൽ ഒരു സമ്പൂർണ്ണാഹാരമെന്ന നിലയിലും നമുക്കാവശ്യമുള്ള പ്രോട്ടീൻ ലഭ്യമാക്കുന്നതിന് ഏറ്റവും ഉപയോഗപ്രദമായ ഒരു ഭക്ഷണമെന്ന നിലയ്ക്കും ഇവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇതൊക്കെയാണെങ്കിലും യഥാർത്ഥ ക്ഷീരകർഷകർ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇവരിൽ ബഹുഭൂരിപക്ഷവും ചെറുകിടക്കാരാണെന്ന് ഞാൻ നേരത്തെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പൊല്യൂഷന്റെ കാര്യവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ ഏർപ്പെടുത്തുന്ന നിബന്ധനകൾ ഇവർക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ച് ആറ് പശുക്കളിൽ കൂടുതലുള്ള ആളുകൾക്ക് ഒരുപാട് ബുദ്ധിമുട്ടുകളാണ്. ബയോഗ്യാസ് പ്ലാന്റ് വേണം, കൂടുതൽ പശുക്കളുണ്ടാകുമ്പോൾ വലിയ പ്ലാന്റ് വേണം. യഥാർത്ഥത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രിസ്ക്രൈബ് ചെയ്യുന്നതിനേക്കാൾ വലിയ പ്ലാന്റുകൾ, 20 ക്യൂബിക് മീറ്റർ വലിപ്പത്തിലുള്ള പ്ലാന്റൊക്കെ വേണമെന്നാണ് പറയുന്നത്. ഇത് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. അതുപോലെ ലാന്റ് റിക്വയർമെന്റ്, ഒരുപാട് സ്ഥലമുള്ള ആളുകൾക്ക് മാത്രമേ നിയമപ്രകാരം കൂടുതൽ പശുക്കളെ വളർത്താൻ കഴിയുന്നുള്ളൂ. പക്ഷേ, ബഹുഭൂരിപക്ഷം ചെറുകിട കർഷകർക്കും 50 സെന്റോ അതിൽ താഴെയോ ഭൂമി മാത്രമേ നിലവിലുള്ളൂ എന്നുള്ള കാര്യം നമുക്കറിയാം. ഗ്രാമപ്രദേശങ്ങളിൽപ്പോലും ഭൂമിയുടെ വില വർദ്ധിച്ചിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ കൊണ്ടുതന്നെയായിരിക്കാം ഡയറി അനിമൽ പോപ്പുലേഷൻ വളരെകുറഞ്ഞുവരികയാണ്. ഈ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതുണ്ടെന്ന് എനിക്ക് തോന്നുകയാണ്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് അടക്കമുള്ള ആളുകൾ സൂചിപ്പിച്ചതുപോലെ തൊഴിലുറപ്പുപദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തണമെന്നുള്ളതാണ് ഏറ്റവും ഉചിതമായിട്ടുള്ള കാര്യം. അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനം നേടിയെടുക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പരിശ്രമിക്കേണ്ടതുണ്ട്. ഇവിടെ പലരും സൂചിപ്പിച്ച മറ്റൊരു കാര്യം, അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്കയാണ്. വലിയ ഗുണനിലവാരത്തകർച്ച ഈ മേഖലയിലുണ്ട് എന്നാണ് പറയപ്പെടുന്നത്. പാലുമായി യാതൊരു ബന്ധവുമില്ലാത്ത, കാഴ്ചയിൽ പാലായി തോന്നുന്ന പാനീയം പാക്കറ്റുകളിലാക്കി ഇവിടേക്ക് വരുന്നു എന്നുള്ളതാണ് വസ്തുത. കേരളം കണികണ്ടുണരുന്ന നൻമ എന്നാണ് മിൽമയുടെ പരസ്യ വാചകം. മിൽമയുടെ നിലവാരവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ ഒരു നിലവാരവുമില്ലാത്ത അന്യസംസ്ഥാന പാൽ ഇവിടേക്ക് കടന്നുവരുന്നത് നമ്മുടെ ആരോഗ്യത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ഫോർമാലിൻ, പേസ്റ്റ്, യൂറിയ തുടങ്ങിയവ പാൽ കേടാകാതിരിക്കാൻ ഉപയോഗിക്കുന്നുണ്ട്. വ്യാജക്കള്ളിനെക്കുറിച്ച് പറയുന്നതുപോലെതന്നെ വ്യാജപാൽ ഒരു വലിയ സാമൂഹ്യാരോഗ്യപ്രശ്നമായി നമ്മുടെ നാട്ടിൽ മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും കടന്നുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി അതിർത്തികളിൽ ചെക്ക്പോസ്റ്റുകളോടുചേർന്ന് ലാബ് സൗകര്യമേർപ്പെടുത്തുന്നതിനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുകയാണെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരം കുറഞ്ഞ പാൽ ഇവിടേക്ക് എത്തുന്ന പ്രവണത അവസാനിപ്പിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ വലിയൊരു മാഫിയ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രിയുടെ കീഴിലുള്ള അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പലപ്പോഴും കന്നുകാലികൾക്ക് നൽകുന്ന മരുന്നുകളുടെ ഗുണനിലവാരമില്ലായ്മയെക്കുറിച്ച് വ്യാപകമായ പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നുവരുന്നുണ്ട്. കഴിഞ്ഞ വർഷവും ഒരുപാട് മരുന്നുകൾ ഇത്തരത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ട് നശിപ്പിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. അവിടെ ആശങ്കപ്പെടുത്തുന്ന ഒരു കാര്യം ഇത്തരത്തിലുള്ള മരുന്നുകമ്പനികൾക്ക് അഡ്വാൻസായി നമ്മൾ പേമെന്റ് നടത്തുകയാണ്. 50 ശതമാനം തുക അഡ്വാൻസായി മരുന്നുകമ്പനികൾക്ക് കൊടുക്കുകയാണ്. പിന്നീട് അവരുടെ മരുന്നുകൾക്ക് ഗുണനിലവാരമില്ലാത്തതായി കണ്ടുകഴിഞ്ഞാൽ ആ പണം നഷ്ടപ്പെടുന്നു എന്നതല്ലാതെ അത് തിരിച്ചുപിടിക്കാനുള്ള സമീപനം എടുക്കാൻ സാധിക്കാറില്ല. ഓരോ വർഷവും ഈ ഇനത്തിലുള്ള ചെലവ് ഏതാണ്ട് 14 കോടി രൂപയോളമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ വർഷം മുതൽ 50 ശതമാനമെന്നുള്ളത് 75 ശതമാനം അഡ്വാൻസ് തുകയായി മരുന്നുകമ്പനികൾക്ക് നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്. തീർച്ചയായും അത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഈ മേഖലയിലേക്ക് കടന്നുവരുന്നതിന് ഇടയാക്കും. അതുകൊണ്ടുതന്നെ മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി കാണുകയാണെങ്കിൽ അവർക്ക് നൽകിയ തുക തിരിച്ചുപിടിക്കുന്നതിനും ആ കമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും ആർജ്ജവത്തോടുകൂടിയ നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്. ആന്റിബയോട്ടിക് മരുന്നുകൾ മൃഗങ്ങൾക്ക് നൽകുന്നതുകൊണ്ട് ഒരുപാട് പ്രശ്നങ്ങളുണ്ടാവുകയാണ്. ഈ മരുന്നുകളുടെ പാർശ്വഫലങ്ങൾ മൃഗങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. പാലുല്പാദനത്തിന്റെ ഭാഗമായി അത് ഫുഡ് ചെയിനിലേക്ക് കടന്നുകഴിഞ്ഞാൽ മനുഷ്യർക്കും തലമുറകളോളം ഈ പ്രശ്നം അനുഭവിക്കേണ്ടതായിവരും; പലപ്പോഴും തേർഡ് ജനറേഷൻ, ഫോർത്ത് ജനറേഷൻ ആന്റിബയോട്ടിക്സുകളൊക്കെ കൊടുത്തുകഴിഞ്ഞാൽ ഏതാണ്ട് 7 മുതൽ 14 ദിവസംവരെ പാൽ കറക്കാൻ പാടില്ല എന്നാണ് ഡോക്ടർമാരും ശാസ്ത്രജ്ഞരും പറയുന്നത്. പക്ഷേ, അത്തരത്തിലുള്ള മരുന്നുകൊടുത്ത മൃഗങ്ങളിൽ നിന്നാണോ പാൽ കറക്കുന്നതെന്ന് പരിശോധിക്കാനുള്ള യാതൊരു സംവിധാനവുമില്ലാത്തതുകൊണ്ടുതന്നെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടുന്ന പാൽ കറക്കുന്ന സാഹചര്യമുണ്ടാകുന്നു. അത് വിതരണ ശൃംഖലകളിലൂടെ ജനങ്ങളിലേക്ക്, ഉപഭോക്താക്കളിലേക്ക് എത്തുന്ന സാഹചര്യത്തിൽ ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു. ആ സാഹചര്യം പരിഹരിക്കുന്നതിനുവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതായിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. റ്റി. ബൽറാം, ആറ് മിനിട്ടുകഴിഞ്ഞു.

ഒരു പോയിന്റുകൂടി മാത്രമേ പറയുന്നുള്ളൂ. ക്ഷീരകർഷകരുടെ പ്രയാസങ്ങളെക്കുറിച്ച് പറഞ്ഞു. പ്രതിപക്ഷത്തുനിന്നടക്കം ഉയർന്നുവന്നൊരു നിർദ്ദേശം, ഇവരുടെ പെൻഷൻ തുക ആയിരം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം എന്നുള്ളതാണ്. അത് വളരെ ന്യായമാണ്. ഈ മേഖലയിൽ മാത്രമല്ല, എല്ലാ ക്ഷേമ പെൻഷനുകളും കാലാനുസൃതമായി ഒരു കുടുംബത്തിന് മിതമായ രീതിയിലെങ്കിലും മുന്നോട്ടുപോകാൻ കഴിയുന്ന തരത്തിലേക്ക് മാറണമെന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. പതിനായിരക്കണക്കിന് രൂപ പെൻഷൻ വാങ്ങുന്ന സർക്കാർ ജീവനക്കാരുടെ കാര്യം മാത്രമല്ല, ഇത്തരത്തിലുള്ള ക്ഷേമപെൻഷനുകളെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണക്കാരായിട്ടുള്ള തൊഴിലാളികളുടെയും

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദകരുടെയും താൽപ്പര്യംകൂടി സംരക്ഷിക്കാൻ കഴിയണം. ഒരു പോളിസി എന്നുള്ള അർത്ഥത്തിൽ സ്റ്റേറ്റ്വൈഡായി വളരെ അഗ്രസീവായി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ പ്രോഗ്രാമായി നമ്മൾ മുൻപോട്ടുപോകുന്നതുകൊണ്ട് തദ്ദേശീയമായിട്ടുള്ള കാറ്റിൽബ്രീഡ്സെല്ലാം നഷ്ടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ഒരുപാട് തദ്ദേശീയമായ വെറൈറ്റികൾ ഇവിടെ ഉണ്ടായിരുന്നു. പക്ഷേ, സ്വന്തമായി കാളകളെ വളർത്താൻ കഴിയാത്ത, ബ്രീഡ്ബുള്ളുകളെ വളർത്താൻ കഴിയാത്ത നിയമം ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ടുതന്നെ തദ്ദേശീയമായ വെറൈറ്റിസൊക്കെ എൻഡെയ്ഞ്ചർ ആയിട്ടുള്ള അവസ്ഥയിലേക്ക് പോയികൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഇളവുവരുത്തി തദ്ദേശീയമായ ബയോഡൈവേഴ്സിറ്റിയെ എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. നേരത്തെ ചോദ്യോത്തരവേളയിൽ പ്രൊഫ. സി. രവീന്ദ്രനാഥ് സൂചിപ്പിച്ചതുപോലെ ബയോഡൈവേഴ്സിറ്റി സംരക്ഷിക്കുക എന്നുപറയുന്നത് വലിയ വികസന പ്രവർത്തനം, വലിയൊരു അസറ്റ് ക്രിയേഷൻ തന്നെയാണ്. അപ്പോഴാണ് നമ്മൾ നിലവിലുള്ള തദ്ദേശീയമായിട്ടുള്ള വെറൈറ്റികളെ നശിപ്പിക്കുന്ന ഒരു നയം നിയമമായി ഇപ്പോഴും കൊണ്ടുനടക്കുന്നത്. ബയോഡൈവേഴ്സിറ്റിയുടെ പ്രാധാന്യം മനസ്സിലാക്കുന്ന ഈ കാലഘട്ടത്തിൽ അതിലൊരു തിരുത്തൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. തമിഴ്നാട് അടക്കമുള്ള നമ്മുടെ അയൽ സംസ്ഥാനങ്ങളൊക്കെ ഈ രീതിയിൽ മുന്നോട്ടുപൊയ്കൊണ്ടിരിക്കുകയാണ്. ആ അർത്ഥത്തിലുള്ള നയസമീപനങ്ങൾ കൂടി ചേർത്തുവച്ചുകൊണ്ട്, നമ്മുടെ ക്ഷീരകർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെയെല്ലാം സമഗ്രമായി കണ്ടുകൊണ്ട് അതിനനുസൃതമായിട്ടുള്ള നയങ്ങളും നടപടികളുമായി മുന്നോട്ടുപോകാൻ ഒരു തുടക്കമെന്ന നിലയിൽ ഈ ബിൽ ഉപകരിക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ ബില്ലിന്റെ ഭാഗമായി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട മെമ്പർമാരും പൊതു ചർച്ചയിൽ പങ്കെടുത്ത ശ്രീ. കെ. സുരേഷ് കുറുപ്പും, ശ്രീ. വി. റ്റി. ബൽറാമും വളരെ നല്ല നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായി. ക്ഷീരമേഖല നമ്മുടെ വലിയ പ്രതീക്ഷയാണ്. 12-ാം പദ്ധതികാലത്ത് കേരളത്തിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ആ ശ്രമങ്ങൾക്ക് ആക്കംകൂട്ടാൻ ഒരു ചെറിയ പരിധിവരെയെങ്കിലും ഈ ബിൽ സഹായകമാകും. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. ഇ. പി. ജയരാജൻ , ശ്രീ. എസ്. ശർമ്മ , ശ്രീ. ജെയിംസ് മാത്യു എന്നിവർ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജൻ സംസാരിച്ചപ്പോൾ, 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം' എന്നുപറഞ്ഞതുപോലെ മിൽമയെ വിമർശിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. മിൽമയെ ഇങ്ങനെ ബ്ലാക്ക്മെയിൽ ചെയ്യുന്നത് ഗുണകരമാണോ ? മിൽമയുടെ ഭാഗത്ത് വീഴ്ചകളുണ്ടെങ്കിൽ തിരുത്താൻ നമുക്ക് സാധിക്കും. കേരളത്തിലെ പാലുൽപാദനരംഗത്ത് വലിയ സംഭാവന നൽകിയ ഒന്നാണ് മിൽമ. ധവള വിപ്ലവത്തിന്റെ ശില്പിയായ ഡോ. കുര്യൻ, ആനന്ദ് മോഡൽ പാറ്റേൺ അനുസരിച്ചാണ് ആത്മ സംഘമുണ്ടാക്കിയത്. ക്ഷീരമേഖലയിൽ ഇന്നുകാണുന്ന ഗുണപരമായ മാറ്റങ്ങൾക്ക് മുഖ്യ കാരണം മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ശ്രമങ്ങളും



LIBRARY ARCHIVES Kerala Legislative Assembly

മിൽമയുടെ കൂട്ടായ പരിശ്രമങ്ങളും തന്നെയാണ്. ഇവിടെ പറഞ്ഞ വിമർശനം, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടുവട്ടം പാലിന്റെ വില കൂട്ടിയെന്നും പാലിന്റെ വില കൂട്ടിയത് മിൽമയ്ക്കുവേണ്ടിയാണ് കൃഷിക്കാരന് വേണ്ടിയല്ലെന്നും പറഞ്ഞു. ഇത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. 2011 സെപ്റ്റംബർ 5-ാം തീയതി പാലിന് അഞ്ചു രൂപ വില കൂട്ടിയപ്പോൾ അന്ന് കൃഷിക്കാരന് കൊടുത്തത് 4 രൂപ 20 പൈസയാണ്. മിൽമ എടുത്തത് 20 പൈസ മാത്രമാണ്. മിൽമയ്ക്ക് 20 പൈസ, പ്രാഥമിക സംഘങ്ങൾക്ക് 20 പൈസ, വിൽപന ഏജന്റിന് 20 പൈസ, പെട്രോൾ എസ്ക്കലേഷന് 20 പൈസ, അങ്ങനെ 80 പൈസ മാറ്റിവച്ചു. 4 രൂപ 20 പൈസ കൃഷിക്കാരന് കൊടുത്തു. അതിന്റെ ഫലമായി 6 മാസം കഴിഞ്ഞപ്പോൾ കേരളത്തിലെ പാലുല്പാദനം ഏതാണ്ട് 33 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. അതിന്റെ കാരണം കൃഷിക്കാരന് തൃപ്തിയായി എന്നതാണ്. പാലിന്റെ വില കൂടിയാൽ നല്ല തീറ്റ വാങ്ങി പശുവിന് കൊടുക്കും, പാലും കിട്ടും. വീണ്ടും കാലിത്തീറ്റയുടെ വില കൂടി. കാലിത്തീറ്റയുടെ വില കൂടിയപ്പോൾ കൃഷിക്കാർക്ക് പ്രയാസമുണ്ടായി. അതുകൊണ്ട് രണ്ടാംവട്ടവും പാൽ വില കൂട്ടി. രണ്ടാംവട്ടം അഞ്ചു രൂപ കൂട്ടിയപ്പോൾ മിൽമ ഒരു പൈസപോലും എടുക്കാതെ 4 രൂപ 60 പൈസ കൃഷിക്കാരന് കൊടുത്തു. അതുകൊണ്ട് മിൽമ എന്തോ കൊള്ളയടിക്കുന്നു എന്ന പ്രചാരണം ശരിയല്ല. മിൽമ ഒരു സഹകരണ സ്ഥാപനമാണ്, കൃഷിക്കാരുടെ സ്ഥാപനമാണ്. അതിനെ കുറ്റപ്പെടുത്തുന്നത് അങ്ങ് ദയവായി ഉപേക്ഷിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, എട്ട് ലക്ഷത്തി മുപ്പതിനായിരം ലിറ്റർ പാലാണ് ദിവസവും ഉല്പാദിപ്പിക്കുന്നത്. 13 ലക്ഷം ലിറ്ററാണ് വിൽക്കുന്നത്. ഇതെങ്ങനെയാണ് അങ്ങേക്ക് ന്യായീകരിക്കാൻ സാധിക്കുന്നത്. രണ്ടാമത്, 4 രൂപ 20 പൈസ കൃഷിക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ, മിൽമയുടെ കണ്ടീഷനനുസരിച്ച് 3.5 ശതമാനം കൊഴുപ്പും, 8.5 ശതമാനം കൊഴുപ്പിതര അംശങ്ങളും പാലിൽ അടങ്ങിയിരിക്കണമെന്നാണ്. ഈ നിലപാട് സ്വീകരിച്ചതോടു കൂടി കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പാലിന്റെ വിലയിൽ കുറവാണ് സംഭവിച്ചിരിക്കുന്നത്. അങ്ങ് പരിശോധിക്കുമോ ?

ശ്രീ. കെ. സി. ജോസഫ്: പാലിന്റെ വിലയിൽ കുറവാണ് സംഭവിച്ചതെങ്കിൽ പാലുൽപാദനം കൂടുമോ ? പാലുല്പാദനത്തിന്റെ വർദ്ധനവ് കാണിക്കുന്നത് കൃഷിക്കാരന് വില കിട്ടിയതുകൊണ്ടുതന്നെയാണ്. അങ്ങ് പറഞ്ഞതുപോലെ ചാർട്ടിന്റെ പരിഷ്ക്കരണം, എസ്.എൻ.എഫ്. കണ്ടന്റും ചാർട്ട് ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും ചെയ്യുന്നതുസംബന്ധിച്ച് കൃഷിക്കാരന് സഹായകമായത് പരിശോധിച്ച് സ്വീകരിക്കുന്നതാണ്. കേരളത്തിലെ ടോട്ടൽ പ്രൊക്യൂർമെന്റ് 8.35 ലക്ഷം ലിറ്റർ പാലാണ്. വിൽക്കുന്നത് 12.1 ലക്ഷം ലിറ്റർ പാലാണ്. അധികമായി വരുന്ന പാൽ വാങ്ങുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. മിൽമ, പാൽ വാങ്ങുന്നത് കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും സംഘങ്ങളിൽ നിന്നാണ്. അല്ലാതെ മിൽമ പാൽപ്പൊടി വാങ്ങി കലക്കി കൊടുക്കുന്നതല്ല. സംഘങ്ങളിൽ നിന്നാണ് പാൽ വാങ്ങി കൊടുക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ രണ്ടുവട്ടം പാൽവില കൂട്ടിയപ്പോൾ കൃഷിക്കാരന് അനുകൂലമായ സാഹചര്യമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ചുരൂപ കൂട്ടാൻ മിൽമ തീരുമാനിച്ചപ്പോൾ അന്ന് ഗവൺമെന്റ് വില കൂട്ടേണ്ട എന്നുപറഞ്ഞു. അതെന്തുകൊണ്ടാണ് ? നിങ്ങൾ പാൽ വാങ്ങുന്ന ആളുകളുടെ താല്പര്യമാണ് നോക്കിയത്. ഉല്പാദകരെ നോക്കിയില്ല. ഉല്പാദകരെ നോക്കിയിരുന്നെങ്കിൽ വില കൂട്ടുമായിരുന്നു. മിൽമ

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ പോയാണ് അവകാശം സ്ഥാപിച്ചത്. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ കാലിത്തീറ്റ വർദ്ധനവിന്റെകാര്യം പറഞ്ഞു. കേരളത്തിനാവശ്യമായ കാലിത്തീറ്റയുടെ 45 ശതമാനമാണ് ഇവിടെ മിൽമയും കേരളാ ഫീഡ്സും ഉല്പാദിപ്പിക്കുന്നത്. ബാക്കി സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയാണ്. സ്വകാര്യസ്ഥാപനങ്ങൾ വില കൂട്ടുന്നത് നിയന്ത്രിക്കാൻ സാധിക്കില്ല. പക്ഷേ, രണ്ടു തവണ ആദ്യം പാൽ വില കൂട്ടിയപ്പോഴും മിൽമ ഫീഡ്സും കേരള ഫീഡ്സും വില കൂട്ടിയിട്ടില്ല. പിന്നെ അനിവാര്യമായി വന്നപ്പോൾ പാൽവില കൂട്ടി. വില കൂട്ടിയപ്പോൾ കേരളത്തിലെ മൂന്നുമേഖലകളിലും വർദ്ധിപ്പിച്ച വിലയുടെ ആനുകൂല്യം സബ്സിഡിയായി മിൽമ കൃഷിക്കാരന് കൊടുത്തു.

ശ്രീ. എസ്. ശർമ്മ: കാലിത്തീറ്റക്ക് വില വർദ്ധിപ്പിച്ചപ്പോൾ മൂന്നു മേഖലയിലും അത് സബ്സിഡിയായി കൊടുത്തു എന്നുപറഞ്ഞു. എറണാകുളം മേഖലയിൽ സബ്സിഡി കൊടുത്തില്ല എന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോസഫ്: ഈ പരാതി പരിശോധിക്കുന്നതാണ്. എനിക്ക് ലഭ്യമായ കണക്കനുസരിച്ച് എറണാകുളം ജില്ലയ്ക്കും കൊടുത്തിട്ടുണ്ട് എന്നാണ്. ഇവിടെ എല്ലാവരും അസ്വസ്ഥരാണ്. ആർക്കും ഈ ചർച്ച നീണ്ടു പോകുന്നതിൽ താല്പര്യമില്ല. ഇതിൽ ഒരു കാര്യം പറയാനുള്ളത്, ഈ ഭേദഗതി കൃഷിക്കാരനുവേണ്ടിതന്നെയാണ്. നേരത്തെ ഉണ്ടായിരുന്ന ബില്ലിലെ അനോമലി പരിഹരിക്കപ്പെടുകയാണ്. കാരണം, ഓർഡിനൻസായി 2007-ൽ നിലവിൽ വന്ന അവസരത്തിൽ അതിനുമുമ്പ് അംഗങ്ങളായ കൃഷിക്കാരൻ പത്ത് കൊല്ലക്കാലം പ്രതിവർഷം 500 ലിറ്റർ പാൽ അളക്കണമെന്നുള്ളതാണ്. ഓർഡിനൻസിനുശേഷം ചേർന്ന ആളുകൾ അഞ്ച് ലിറ്റർ വരെ അളന്നാൽമതി. അതുമാറ്റി അഞ്ചുകൊല്ലക്കാലം പൊതുവായി വ്യാപകമാക്കിയതിന്റെ ഫലമായി 5000 കൃഷിക്കാർകൂടി ഇതിന്റെ പരിധിക്കുള്ളിൽ വരികയാണ്. രണ്ടാമത്തെ ഭേദഗതി വരുന്നത്, ക്ഷേമനിധിയുടെ അംശദായത്തിന്റെ നേരത്തെ ഉണ്ടായിരുന്ന വ്യവസ്ഥ, 16 രൂപ പാൽവില ഉണ്ടായപ്പോൾ നിശ്ചയിച്ചത് 12 പൈസ എന്നാണ്. ഇപ്പോൾ പാലിന്റെ വില കൂട്ടിയാൽ ആനുപാതിക വർദ്ധനവ് ലഭിക്കാൻവേണ്ടി ശതമാന കണക്കിലാക്കിയതുകൊണ്ട് 7 കോടി രൂപ അധികമായി ലഭിക്കുന്നു. കൃഷിക്കാരുടെ പെൻഷന്റെ കാര്യത്തിൽ പറഞ്ഞ വിമർശനം പെൻഷൻ 300 രൂപയാണെന്നാണ്. ഒരുകാര്യം മനസ്സിലാക്കേണ്ടത് ക്ഷേമനിധി പെൻഷൻ മുഴുവൻ സമാഹരിക്കുന്നത് കൃഷിക്കാരനിൽ നിന്നാണ്. സർക്കാരിന് ഒരു പൈസപോലും കൊടുക്കുന്നില്ല. പക്ഷേ, ഈ വർദ്ധനവ് നിയമമായി കഴിഞ്ഞാൽ, ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു, വർദ്ധനവിനനുസരിച്ച് ആനുപാതികമായ വർദ്ധനവ് പെൻഷനിൽ ഉണ്ടാകും. ഒരു പൈസപോലും മാറ്റിവയ്ക്കില്ല. ഈ അംശദായത്തിന്റെ കോർപ്പസ് വർദ്ധിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം പെൻഷൻ വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ക്ഷേമനിധി പെൻഷൻ മുഖേന മറ്റ് സഹായപദ്ധതികളായ ഭവന നിർമ്മാണ പദ്ധതികൾ, ക്ഷീരകർഷകരുടെ മക്കളുടെ വിവാഹം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്നു ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സുരേഷ്കുറുപ്പ്: ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 1 (എ) ഭേദഗതി സഭ നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അങ്ങയുടെ 2 ബി ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച 2 ബി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ...........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

### വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

ശ്രീ. ഇ.പി. ജയരാജൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

106. പ്രധാന ആക്റ്റിലെ 3(2)-ാം വകുപ്പിൽ (vii)-ാം ഇനത്തിനു ശേഷം (viii) ആയി താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കുക.

"(viii) മിൽമയുടെ ലാഭവിഹിതത്തിന്റെ അഞ്ചു ശതമാനം".

107. പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിനു ശേഷം (7) ആയി താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക :

"(7) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി ക്ഷേമ നിധിയിൽ അംഗത്വമെടുത്ത ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുവാനും അവർക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയിൻ കീഴിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്യുന്നു".

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നില്ല. 107-ാം നമ്പർ ഭേദഗതി വരേണ്ടത് ഇവിടെയല്ല. എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ ഗൈഡ്ലൈനിൽ മാറ്റം വരണം. ഇതൊരു ക്ഷേമനിധി ആക്റ്റാണ്. ക്ഷേമനിധിയുടെ അമെന്റ്മെന്റിൽ ഇത് കൊണ്ടുവരാൻ സാധിക്കില്ല. കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പുപദ്ധതിയിൽ മാറ്റം വരുത്തണം. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ കേരള ഗവൺമെന്റിന്റെ കൂടി ആവശ്യമാണിത്. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ എൻ.ഡി.സി യോഗത്തിൽ ഉന്നയിച്ച ആവശ്യമാണിത്. ആ അമെന്റ്മെന്റ് ഇവിടെ ഉൾപ്പെടുത്താൻ സാധിക്കില്ല. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല. അതിലെ തത്വം നേരത്തെ അംഗീകരിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ഇ.പി. ജയരാജൻ അങ്ങ് അവതരിപ്പിച്ച 106107 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഇ.പി. ജയരാജൻ : ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 106, 107 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ.....................................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു :

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 3-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ഖണ്ഡം 3(എ)(i) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7 (ii) (എ) വകുപ്പിൽ "വിപണന വിലയുടെ 0.5 ശതമാനം" എന്നതിനു പകരം "വിപണന വിലയുടെ 0.75 ശതമാനം" എന്ന് ചേർക്കുക.

111. ഖണ്ഡം 3(എ) (ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 7 (ii) (ബി) വകുപ്പിൽ "വിപണന വിലയുടെ 0.3 ശതമാനം" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "വിപണന വിലയുടെ 0.5 ശതമാനം" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പാലിന്റെ ഉത്പാദനത്തിൽ ഇക്കണോമിക് വ്യൂ അനുസരിച്ച് പ്രതിദിനം ഏകദേശം ഒന്നുമുതൽ മൂന്നു ലിറ്റർവരെ പാലളക്കുന്ന ചെറുകിട നാമമാത്ര കർഷകരെക്കുറിച്ച് ശ്രീ. എം. ഉമ്മർ നേരത്തെ പറയുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ചത് 500 ലിറ്റർ എന്ന് ഉന്നയിച്ചാൽ ആ കർഷകർ വരുമെന്നുപറഞ്ഞകാര്യം പരിശോധിക്കാവുന്നതാണ്. ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങ് അവതരിപ്പിച്ച 108,111 എന്നീ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. ഉമ്മർ: ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 108, 111 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................................

പ്രതികൂലിക്കുന്നവർ......................................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒരുവാക്കുമാത്രമേ പറയാനുള്ളൂ. നിലവിലുള്ള നിയമത്തിലെ അപാകത പരിഹരിക്കാനുള്ള ശ്രമമാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ക്ഷേമനിധിക്കുള്ള കോർപ്പസ് ഫണ്ട് വർദ്ധിക്കും. ആ വർദ്ധനവിനാനുപാതികമായി കേരളത്തിലെ ക്ഷീരകർഷകരുടെ പെൻഷൻ വർദ്ധിപ്പിക്കും. ഇപ്പോൾ 300 രൂപയാണ് നൽകുന്നത്. എത്ര കൂട്ടാൻ കഴിയുമോ അത്രയും വർദ്ധിപ്പിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ:.........................................

പ്രതികൂലിക്കുന്നവർ .....................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

### 3. 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. ഹംസ: സർ, ബില്ലിന്മേലുള്ള എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന ചുമട്ടുതൊഴിലാളികളുടെ പ്രശ്നങ്ങൾ കാലോചിതമായി ഉൾക്കൊള്ളുന്ന ഒരു നിയമമായി ഈ നിയമം അവതരിപ്പിക്കാമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പ്രശ്നപരിഹാരത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഓർഡിനൻസാണ് ഇപ്പോൾ നിയമമായി വരുന്നത്. പക്ഷെ കാലം മാറിയതനുസരിച്ച് പുതിയ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യേണ്ടിയിരുന്നു. അതിന് കഴിയാത്ത ഒരു നിയമമാണെന്നുള്ളതുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മൂന്ന് മേഖലകളിലായി മൂന്നര ലക്ഷത്തോളം വരുന്ന ചുമട്ടുതൊഴിലാളികളുണ്ട്. മൂന്നു മേഖലകളിൽ അറ്റാച്ച്ഡ് എന്നുപറയുന്നത് സത്യത്തിൽ ഈ നിയമത്തന്റെ ആവശ്യമില്ല. അറ്റാച്ച്ഡിനെ നമുക്ക് ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച് മാറ്റാം. ബാക്കിയുള്ള രണ്ട് വിഭാഗം അൺ-അറ്റാച്ച്ഡും സ്കാറ്റേർഡുമാണ്. അതിൽ അൺ-അറ്റാച്ച്ഡിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നല്ല ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അൺ-അറ്റാച്ച്ഡ് മേഖലയിലെ ചുമട്ടുതൊഴിലാളികളുടെ പ്രശ്നം നമ്മൾ കാണേണ്ടതാണ്. ചുമട്ടുതൊഴിലാളികളാണ് ഇന്ന് നമ്മുടെ നാട്ടിൽ പലതിന്റേയും കാവൽക്കാരായി നിൽക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നം വന്നാൽ, എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ അതിന് പരിഹാരം കാണാൻ ഓടിയെത്തുന്നത് ചുമട്ടുതൊഴിലാളികളാണ്. എന്തെങ്കിലും ഒരു രോഗിക്ക് രക്തം വേണ്ടിവന്നാൽ അത് നൽകി

LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ പ്രവർത്തനം നടത്തുന്നതും ഇവരാണ്. ഈ നിലയിൽ ചുമട്ടു തൊഴിലാളികളെ സമീപിക്കാൻ നമുക്ക് കഴിയണം. ഈ ചുമട്ടുതൊഴിലാളികൾ അങ്ങോട്ടടയ്ക്കുന്ന പൈസയും അതിന്റെ പലിശയും സഹിതം തിരിച്ചുകിട്ടാത്ത വിഭാഗമാണെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് അറിയാം. ആ പ്രശ്നത്തിന് പരിഹാരം കാണണം. അതുപോലെതന്നെ അൺ-അറ്റാച്ച്ഡ് തൊഴിലാളികളും അറ്റാച്ച്ഡ് തൊഴിലാളികളും സ്കാറ്റേർഡ് തൊഴിലാളികളും ഉൾപ്പെടെയുള്ള തൊഴിലാളികൾ അടയ്ക്കുന്ന പൈസ ഉപയോഗിച്ചാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ നല്ലൊരു തുക നീക്കിവയ്ക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് ഇത്ര രൂപയാണ് എന്നുപറഞ്ഞ് സീൽ ചെയ്യണം. മാത്രമല്ല ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്ക് ഇപിഎഫ്. കോൺട്രിബ്യൂഷനും ഒപ്പം പെൻഷൻ കോൺട്രിബ്യൂഷനും അടയ്ക്കുന്നുണ്ട്. പാവപ്പെട്ട ചുമട്ടുതൊഴിലാളികൾ രക്തം വിയർപ്പാക്കി മാറ്റിയ പണം ഈ രൂപത്തിൽ നഷ്ടപ്പെടാൻ പാടില്ല. അതിനൊരു സീലിംഗ് വേണമെന്ന ഒരു നിർദ്ദേശം വയ്ക്കുകയാണ്. മറ്റൊന്ന്, ഏതെങ്കിലും ജില്ലയിൽ, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ പണം മറ്റൊരു സ്ഥലത്ത് ശമ്പളം നൽകാൻ പണമില്ലെന്നുപറഞ്ഞ് മാറ്റുകയും എവിടെ നിന്നാണോ ആ പണം ലഭിച്ചിട്ടുള്ളത് ആ ജില്ലയിലെ തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെയും വരുന്ന അവസ്ഥ വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായിട്ടുണ്ടാകും. സമയമില്ലാത്തതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല.

അതുപോലെതന്നെ പെൻഷൻ കണക്കാക്കുന്ന രീതിയിലെ അശാസ്ത്രീയതയ്ക്ക് പരിഹാരം കാണണം. മൂന്ന് വർഷത്തിനുള്ളിൽ ഈ പെൻഷൻ കണക്കാക്കുന്ന രീതിയിൽ മാറ്റം വരുത്തണമെന്ന് നിയമത്തിലുണ്ട്. പക്ഷേ ഇതുവരെ അതിന് മാറ്റം വരുത്തിയിട്ടില്ല. ഇതിൽ നമ്മൾ ജോലി ചെയ്ത സമയം, ദിവസം, എത്ര രൂപ വേതനം പറ്റി എന്ന് കണക്കാക്കിക്കൊണ്ട് ശാസ്ത്രീയമായ രീതിയിൽ അവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കണക്കാക്കുന്നതിനുവേണ്ടിയുള്ള ഒരു രീതി വേണം. ശാസ്ത്രീയമായ രീതിയിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കണം. ചുമട്ടുതൊഴിലാളികൾ ത്യാഗമനോഭാവമുള്ളവരാണ്, നാടിനെ സ്നേഹിക്കുന്നവരാണ്, രാജ്യത്തിന്റെ കാവൽക്കാരാണ്, എന്ന് പറയുമ്പോൾ, അവരിൽത്തന്നെ ഒരു ചെറിയ വിഭാഗം ആളുകൾ നോക്കുകൂലിയും വാങ്ങുന്നുണ്ട്. നോക്കുകൂലി നിരുത്സാഹപ്പെടുത്തുകയും അവസാനിപ്പിക്കുകയും വേണം. എന്നാൽ അവരുടെ ത്യാഗമനോഭാവത്തെയെല്ലാം കണ്ടുകൊണ്ടുവേണം ഇതിനെ സമീപിക്കാൻ. മറ്റൊരു കാര്യം, പത്താം ക്ലാസ് പാസ്സായാൽ എലിജിബിൾ ഫോർ ഹയർ സ്റ്റഡീസ് എന്ന ഒരു സർട്ടിഫിക്കറ്റ് കൊടുക്കും. ആ സർട്ടിഫിക്കറ്റ് കൊണ്ട് എവിടെയും സീറ്റ് കിട്ടണമെന്നില്ല. അതുപോലെയാണ് ചുമട്ടു തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ്. ഏതൊരു കോടതിയും ഇടപെട്ട് ഇവർ ഈ പണിയെടുക്കാൻ പാടില്ല എന്ന് പറയുന്നൊരു രീതിയുണ്ട്. നിയമത്തിന്റെ പരിമിതികൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ഐഡന്റിറ്റി കാർഡ് കിട്ടിയ ചുമട്ടുതൊഴിലാളിക്ക് ജോലി ചെയ്യാനുള്ള റേറ്റ് ഉറപ്പിക്കാനാവശ്യമായ ഒരു നിയമമുണ്ടാകണം. ഐഡന്റിറ്റി കാർഡ് കൊടുത്താൽ മാത്രം പോര,

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ജോലി ഉറപ്പുവരുത്താനും സാധിക്കണം. നല്ല മനുഷ്യപ്പറ്റുള്ളവരാണ് അവർ. കുറച്ചുപേർക്കു മാത്രമാണ് മാറ്റമുള്ളത്. ആ മാറ്റം പരിഹരിക്കാൻ കഴിയണം. മറ്റൊന്ന്, സ്കാറ്റേർഡ് തൊഴിലാളികൾക്ക് ഇപ്പോൾ അൺ-അറ്റാച്ച്ഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതിനുകാരണം എംപ്ലോയർ പൈസ അടയ്ക്കുന്നില്ല എന്നതാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, 25 ശതമാനം ലെവിയും 2 ശതമാനം റിസ്ക് ഫണ്ടും സ്വയം അടയ്ക്കാൻ തയ്യാറുള്ള സ്കാറ്റേർഡ് തൊഴിലാളികളെ അൺ-അറ്റാച്ച്ഡ് തൊഴിലാളികളുടെ കൂട്ടത്തിൽപ്പെടുത്തി സ്കാറ്റേർഡ് തൊഴിലാളികളുടെ ദുരന്തം അവസാനിപ്പിക്കാൻ ആവശ്യമായ രൂപത്തിൽ ഒരു നിയമഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണമെന്നാണ്. അങ്ങനെ തൊഴിലാളികളെ സ്നേഹിക്കുകയും അവരുടെ പക്ഷത്ത് നിൽക്കുകയും വേണം.

ശ്രീ. വർക്കല കഹാർ : സർ, അൺ-അറ്റാച്ച്ഡ്, അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ 3 വിഭാഗങ്ങൾ പറഞ്ഞു. ഇതിൽ അൺ-അറ്റാച്ച്ഡ് വിഭാഗത്തിനുമാത്രമാണ് ക്ഷേമപദ്ധതി പ്രകാരം തൊഴിൽക്രമീകരണമുള്ളത്. സ്കാറ്റേർഡിന് വെൽഫയർ മെഷേഴ്സ് മാത്രമേ നിലവിലുള്ള പദ്ധതിയിലുള്ളൂ. അറ്റാച്ച്ഡ് തൊഴിലാളികൾക്കും അതുമാത്രമേയുള്ളൂ. അപ്പോൾ എങ്ങനെയാണ് രണ്ടുംകൂടി മെർജ് ചെയ്യുന്നത് ?

ശ്രീ. എം. ഹംസ : സർ, അൺ-അറ്റാച്ച്ഡ് തൊഴിലാളികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങളെന്നുപറയുന്നത് 12% ബോണസ്, അഡ്വാൻസ്, പെൻഷൻ, ചികിത്സ ആനുകൂല്യങ്ങൾ, ഭവനവായ്പ തുടങ്ങിയവയാണ്. ഭവനവായ്പ ചുരുങ്ങിയ തുകയെയുള്ളൂ, പലിശ കൂടുതലാണ്, പലിശ കുറയ്ക്കണം, തുക കൂട്ടണം എന്നുള്ള ഡിമാന്റുകളുണ്ട്. ഇതിൽ 25 ശതമാനം ലെവിയും 2 ശതമാനം റിസ്ക് ഫണ്ടും അടയ്ക്കാൻ തയ്യാറുള്ള സ്കാറ്റേർഡ് തൊഴിലാളികളെ അറ്റാച്ച്ഡ് തൊഴിലാളികളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമഭേദഗതി കൊണ്ടുവന്നാൽ മതി. അപ്പോൾ അവർക്ക് ശമ്പളംപോലെ 4000-5000 രൂപ ഒരു മാസം കിട്ടും. ബോണസ്, ഭവനവായ്പ, കുട്ടികളെ പഠിപ്പിക്കാനുള്ള സ്കോളർഷിപ്പ് തുടങ്ങിയവ കിട്ടും. ഇതൊന്നും സ്കാറ്റേർഡ് തൊഴിലാളികൾക്ക് കിട്ടുന്നില്ല. അവർക്ക് ഒന്നും കിട്ടുന്നില്ല. അവർ നമ്മുടെ കാവൽക്കാരാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ ഇതുപറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പ്രോത്സാഹിപ്പിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. ക്ഷേമനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് ഒറ്റ കാര്യമേ പറയാനുള്ളൂ. ക്ഷേമനിധി ബോർഡുകളിൽ നിന്ന് തൊഴിലാളികളുടെ പണം ഉപയോഗപ്പെടുത്തിക്കൊണ്ട് ഉദ്യോഗസ്ഥർ ശമ്പളം വാങ്ങുകയും ആനുകൂല്യങ്ങൾ പറ്റുകയും അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കിട്ടാതെ വരികയും ചെയ്യുന്ന അവസ്ഥ പരിഹരിക്കാൻ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിന് സീലിംഗ് ഏർപ്പെടുത്തികൊണ്ടുള്ള സംവിധാനമേർപ്പെടുത്തണമെന്ന ഭേദഗതിയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ നിസ്സാരമായ ഒരു അമന്റ്മെന്റ് മാത്രമാണ് ഈ നിയമത്തിലൂടെ കൊണ്ടുവരുന്നത്. കൊച്ചിൻ പോർട്ടിലെ തൊഴിലാളികളുടെ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട എം. ഹംസ ഇവിടെ സൂചിപ്പിച്ചതനുസരിച്ച് സമഗ്രമായ ഒരു ചുമട്ടുതൊഴിലാളി നിയമം തന്നെ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഒളിച്ചുവച്ചിട്ട് കാര്യമില്ല. അദ്ദേഹം പറഞ്ഞതിനെ ഞാൻ എതിർക്കുകയല്ല, അനുകൂലിക്കുകയാണ്. ചുമട്ടു തൊഴിലാളികൾ ഏറ്റവും കൂടുതൽ പ്രയത്നിക്കുന്നവരും ബുദ്ധിമുട്ടുന്നവരുമാണ്. സമൂഹത്തിലുണ്ടാകുന്ന ഏത് പ്രശ്നത്തിലും ഓടിയെത്തുന്നതും അവരാണ്. ഒരു അപകടമുണ്ടായാൽ ആ മേഖലയിൽ ആദ്യം ഓടിയെത്തുന്നത് ചുമട്ടു തൊഴിലാളികളാണ്. അവർ ചെയ്യുന്ന സേവനത്തെ ചെറുതായി കാണാൻ സാധിക്കുകയില്ല. അതുപോലെ രക്തദാന രംഗത്തും, സാമൂഹ്യസേവന രംഗത്തും ശക്തമായി നിൽക്കുന്ന ചുമട്ടുത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ കഴിയുന്നരീതിയിൽ ശക്തമായ ഒരു നിയമം തന്നെ പുതുതായി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. എ. എം. ആരിഫ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്നത്തെ ഈ നിയമത്തിന്റെ ഉദ്ദേശ്യകാരണങ്ങളെക്കുറിച്ച് പറയുമ്പോൾ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ 8-ാമത് റിപ്പോർട്ട് 2005 മാർച്ച് മാസം 30-ാം തീയതി സഭ അംഗീകരിച്ചതാണ്. ഏതാണ്ട് 8-9 കൊല്ലം കഴിയുമ്പോഴാണ് അതിന്മേലുള്ള ആക്ഷൻ ഉണ്ടാകുന്നത്. നിയമസഭാസമിതികൾ വളരെ സമയമെടുത്ത് ചർച്ച ചെയ്ത് തെളിവെടുപ്പ് നടത്തി പരിശോധിച്ച് അതിന്മേൽ കൊടുക്കുന്ന ശുപാർശകൾ നടപ്പിലാക്കുന്നതിനെടുക്കുന്ന കാല താമസത്തെപ്പറ്റി ബന്ധപ്പെട്ട സമിതികളും സ്പീക്കറുടെ ഓഫീസുമെല്ലാം യഥാർത്ഥത്തിൽ പരിശോധിക്കേണ്ടതാണ്. റിപ്പോർട്ടുകൾ കിട്ടുന്നതിൽതന്നെ താമസം വൈകാറുണ്ട്. അത് കഴിഞ്ഞിട്ടാണ് ശുപാർശകൾ വരുന്നത്. ശുപാർശകൾ നടപ്പാക്കുന്നതിലും ഒരുപാട് കാലതാമസമുണ്ടാകുകയാണ്. ശ്രീ. എം. ഹംസ ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുകൊണ്ടുവന്ന ഓർഡിനൻസ് ഭേദഗതികൾ നടപ്പാക്കുന്നതുസംബന്ധിച്ചാണ്. നമ്മുടെ സമൂഹത്തിൽ ഏറ്റവുമധികം കായികാധ്വാനം വേണ്ടിവരുന്ന ഒരു തൊഴിലാളി വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. 50 കിലോയെടുക്കാൻ പറഞ്ഞാൽ ഇവിടെയിരിക്കുന്ന മിക്ക ആളുകൾക്കും കഴിയില്ല. 100 കിലോക്ക് മുകളിൽ ഭാരം തലയിൽവച്ച് ചുമന്നുകൊണ്ടുപോകുന്നവരുടെ അധ്വാനഭാരം എത്രയാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അത്രയധികം കഷ്ടപ്പെട്ട് പണിയെടുക്കുന്ന ചുമട്ടു തൊഴിലാളികളെ പണ്ടുകാലത്തെ കാർട്ടൂണിസ്റ്റുകളെല്ലാം ചിത്രീകരിച്ചുകൊണ്ടിരുന്നത് വളരെ വികൃതമായിട്ടാണ്. ഞാൻ ചുരുക്കുകയാണ്. ശൂന്യതയിൽ നിന്നും പദപ്രവാഹം സൃഷ്ടിക്കുന്ന ആളുകൾപോലും ചുരുക്കിയ സ്ഥിതിക്ക് ഞാൻ ചുരുക്കുന്നതാണ് നല്ലത്. ഗർഭിണിയായ സ്ത്രീകളെ പോലും ചിത്രീകരിക്കുന്ന സന്ദർഭത്തിൽ ചുമട്ടുകൂലി ചോദിക്കുന്നതായി കാർട്ടൂണിസ്റ്റുകൾ വരയ്ക്കാറുണ്ട്. കുട്ടികളുടെ പാഠപുസ്തകം ബാഗിൽ തൂക്കി പോകുമ്പോൾ ചുമട്ടുത്തൊഴിലാളികളെ കളിയാക്കി ചിത്രീകരിക്കാറുണ്ട്. അതുപോലെതന്നെ വളരെ മോശമായി

ഉടുപ്പിന്റെ ബട്ടൺസ് ഇടാത്തവർ, തലയിൽ കെട്ട് കെട്ടുന്നവർ, മീശപിരിക്കുന്നവർ, മോശം ഭാഷ സംസാരിക്കുന്നവർ, ബീഡി വലിക്കുന്നവർ ഇങ്ങനെ പല തരത്തിലുള്ള ആളുകളായാണ് കാർട്ടൂണിസ്റ്റുകൾ ചുമട്ടുതൊഴിലാളികളെ ചിത്രീകരിച്ചിരിക്കുന്നത്. ചുമട്ടുതൊഴിലാളികൾ എല്ലാ ട്രേഡ് യൂണിയനുകളുടെയും ഭാഗമായുണ്ടെങ്കിലും അതിന്റെ ചിത്രീകരണത്തിന്റെ മുന ചെന്നുകൊള്ളുന്നത് സി.ഐ.ടി.യു.-വിലാണ്. പലപ്പോഴും സി.ഐ.ടി.യു. എന്ന നിലയിലാണ് ചുമട്ടുത്തൊഴിലാളികൾ ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെ ഏറ്റവുമധികം വിമർശനാത്മകമായി ചിത്രീകരിക്കപ്പെട്ടിട്ടുള്ള ഒരാളാണ് കാർട്ടൂണിസ്റ്റായ യേശുദാസൻ. അക്കാലത്ത് ഇടതുപക്ഷത്തെ ഉന്നംവച്ചായിരുന്നു അദ്ദേഹത്തിന്റെ രചനകളും വരകളുമെല്ലാം ഉണ്ടായിരുന്നത്. ഇന്നിപ്പോൾ അദ്ദേഹം തൊഴിലാളി വർഗ്ഗത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന കാർട്ടൂണിസ്റ്റായി ദേശാഭിമാനിയിൽ പ്രവർത്തിക്കുന്നുവെന്നുള്ളത് ചരിത്രത്തിന്റെ പ്രയാണം, ദിശ എങ്ങോട്ടാണെന്ന് സൂചിപ്പിക്കുന്നതിന്റെ മാറ്റമായി വേണമെങ്കിൽ കാണാൻ കഴിയും. ഞാൻ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല.......... രാജ്യം മുന്നോട്ടുപോകുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗത്തേക്കാണ് താൻ വന്നുചേരേണ്ടതെന്ന് കാർട്ടൂണിസ്റ്റ് യേശുദാസൻ തിരിച്ചറിഞ്ഞതിന്റെ ലക്ഷണമാണ്. അത് സമൂഹത്തിനുള്ള പൊതുദിശയാണെന്നാണ് ഞാൻ പറഞ്ഞുവന്നത്. ഇത് പറയുമ്പോൾതന്നെ സബോർഡിനേറ്റ് ലെജിസ്ലേഷന്റെ ഭാഗമായി തന്നെ ശുപാർശ ചെയ്യപ്പെടുന്ന പല സന്ദർഭങ്ങളുണ്ട്. ബില്ലിനകത്ത് 32-ാമതായി അത് പറയുന്നുണ്ട്. ക്ഷേമനിധിയുടെ പ്രവർത്തനാരംഭഘട്ടത്തിൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ആദ്യവർഷം സർക്കാർ 50 ലക്ഷം രൂപ ഗ്രാന്റായി നൽകിയിരുന്നതും തുടർന്നുവരുന്ന 5 വർഷക്കാലത്തേക്ക് ഇതുപോലെ ഗ്രാന്റ് നൽകാമെന്ന് വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് നിറവേറ്റപ്പെട്ടിട്ടില്ല (സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശുപാർശയാണെല്ലോ ഇതിന്റെ ബേസ്) എന്ന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് സമിതിയെ അറിയിക്കുകയുണ്ടായി. സർക്കാർ വാഗ്ദാനം ചെയ്ത ഗ്രാന്റ് തുടർച്ചയായി ലഭിക്കുകയാണെങ്കിൽ അർഹരായവർക്ക് നിധിയിൽനിന്ന് കൃത്യമായി പെൻഷൻ കൊടുക്കാൻ കഴിയുമെന്നും അദ്ദേഹം സമിതിയെ ബോധ്യപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 4.75 കോടി രൂപ പെൻഷൻ കൊടുക്കുന്നതിനായി അനുവദിച്ചു. ഇപ്പോൾ ആ പൈസ ഇല്ലാതെകൊടുക്കാൻ കഴിയാതിരിക്കുന്ന സാഹചര്യമാണുള്ളത്. വളരെ നാമമാത്രമായ പെൻഷനാണ്. ഇത്രയുമധികം അധ്വാനം വിനിയോഗിക്കുന്ന ജനവിഭാഗമാണെങ്കിലും അവരുടെ ജീവിതനിലവാരം ഒരിക്കലും ഉയരുന്നില്ല. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന ആളുകൾ, അപൂർവ്വം ചില തൊഴിൽ മേഖലയൊഴിച്ചാൽ ബാക്കി മഹാഭൂരിപക്ഷം പേരും ഇങ്ങനെ തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന അവസ്ഥയാണുളളത്. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന ആ ജനവിഭാഗത്തിന് കൃത്യമായി പെൻഷൻ പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അത് എത്രയുംവേഗം പരിഹരിച്ചുകൊടുക്കാൻ കഴിയണം. ഈ ബില്ലിലെ ഭേദഗതിയെക്കുറിച്ച് പറയുമ്പോൾ കുടുംബത്തെക്കുറിച്ചുളള നിർവ്വചനത്തിന്റെ ഒരു ഭാഗമുണ്ട്. അതിനകത്ത് കുടുംബത്തിൽ ഉൾപ്പെടുത്തണമെന്നുപറയുന്ന ഭാഗത്തോടൊപ്പംതന്നെ മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പ്രായപരിധിയില്ലാതെതന്നെ അവരെ ഉൾപ്പെടുത്തണമെന്നുളള ഭേദഗതി. മൂവ് ചെയ്യുമ്പോൾത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം അഡോപ്ട് ചെയ്യപ്പെട്ടിട്ടുള്ള കുട്ടികളെയും പരിഗണിക്കാവുന്നതാണ്. അതുപോലെതന്നെ പൂർണ്ണമായും ആശ്രിതരായ അവിവാഹിതരായിട്ടുള്ള സഹോദരിമാർ, ഇതിനൊക്കെ പിന്നീട് എപ്പോഴെങ്കിലും ഇതുപോലുള്ള ശുപാർശകൾ ദീർഘകാലമായി വന്ന്, പ്രായോഗികമായിത്തന്നെ വരുന്ന, അവിവാഹിതരായ സഹോദരിമാർ അല്ലെങ്കിൽ വിധവകളായ സഹോദരിമാർ എന്നിവരെക്കൂടി ഇതിന്റെ ആംബിറ്റിൽ കൊണ്ടുവരുന്നത് ഭാവിയിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ കുറച്ചുകൂടി സഹായകമാകും. അതുപോലെ ക്ഷേമനിധി ആനുകൂല്യങ്ങളൊക്കെ വളരെ പരിമിതമാണ്. ഒരുകാലത്ത് ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ടിന്റെ മൂലനിയമത്തിൽത്തന്നെ ഒരുപാട് മാറ്റങ്ങൾ വരുത്തുകയുണ്ടായി. ആ മാറ്റങ്ങളെല്ലാം മുൻകൂട്ടി കണ്ടുകൊണ്ട് കുറച്ചുകൂടി പ്രായോഗിക തലത്തിൽ അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾകൂടി കൂട്ടിച്ചേർത്ത് ഒഫീഷ്യൽ ഭേദഗതിയായിത്തന്നെ കൊണ്ടുവന്ന് അതുംകൂടി ചേർക്കണം എന്നുള്ള അഭിപ്രായമാണുള്ളത്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകളുണ്ട്. നിലവിലുള്ള ക്ഷേമനിധി ഓഫീസുകളുടെയെല്ലാം സൗകര്യങ്ങൾ വളരെ പരിമിതമാണ്. അവിടെ സ്റ്റാഫ് സ്ട്രെങ്തിന്റെ കുറവുണ്ട്, ഓഫീസ് സൗകര്യങ്ങളുടെ കുറവുണ്ട് ഇതെല്ലാം പരിഹരിക്കപ്പെടാനുള്ള ശ്രമംകൂടി ഉണ്ടായാൽ മാത്രമേ നമുക്ക് ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ശ്രീ. എ. എം. ആരിഫ് സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതിന്റെ ആദ്യഭാഗം സബോർഡിനേറ്റ് ലെജിസ്ലേറ്റീവ് സമിതിയുടെ ശുപാർശപ്രകാരവും ബാക്കിയുള്ളത് ഒരു വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കൊച്ചി തുറമുഖത്ത് നിലനിന്നിരുന്ന അനുവദനീയമല്ലാത്ത ചില പ്രവണതകൾ അവസാനിപ്പിക്കുവാൻവേണ്ടി എടുത്ത നടപടികളുടെ ഭാഗമായും ഇ.എസ്.ഐ. ബാധകമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും കൊണ്ടുവന്ന ഒരു ഓർഡിനൻസാണ് ഇപ്പോൾ ബില്ലായി മാറുന്നത്. ഇവിടെ ശ്രീ. എം. ഹംസ സൂചിപ്പിച്ചതിനോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. ഇത്രയും അദ്ധ്വാനിക്കുന്ന മറ്റൊരു തൊഴിലാളി വിഭാഗം കേരളത്തിലില്ല എന്നതാണ് ഈ മേഖലയിലെ ഒരു സവിശേഷത. പക്ഷേ ഇവർ ചെയ്യുന്ന നല്ല കാര്യങ്ങളെക്കുറിച്ച് ഒരിക്കലും ആരും സംസാരിച്ചിട്ടില്ല. നോക്കുകൂലി ആസ്പദമാക്കി, ചുമട്ടുതൊഴിലാളികളെയാകെ വില്ലൻ കഥാപാത്രങ്ങളായി ചിത്രീകരിക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷം കേരളത്തിലുണ്ട്. അത് നമ്മൾ മാറ്റിയെടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ട്രേഡ് യൂണിയനുകളെല്ലാംകൂടി മുൻകൈയെടുത്ത് നോക്കുകൂലി പാടില്ലെന്നുള്ള നിലപാടെടുത്തത്. അതൊരു പരിധിവരെ എല്ലാ ഭാഗത്തും വിജയിച്ചുവരുന്നുണ്ട്. ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചാണ്. ഈ നിയമം പാസ്സായി കഴിയുമ്പോൾത്തന്നെ ദൂരവ്യാപകമായ പ്രശ്നങ്ങൾ ബോർഡിനുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷേ അതിനെ അതിജീവിക്കാൻ നമുക്ക് സാധിക്കണം, അതിനുള്ള മറ്റ് മാർഗ്ഗങ്ങൾ തേടണം. എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് കുറച്ചുനിർത്തുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇപ്പോൾ നാലര ശതമാനമാണ് എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായി മാറ്റിവച്ചിട്ടുള്ളതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

എട്ട് ശതമാനത്തോളം ചെലവാകുന്നുണ്ട്. ഇതിനുള്ള പ്രധാന കാരണം പണം ഇതിലേക്ക് അടയ്ക്കാത്തതാണ്. 27 ശതമാനം പണം ലാഭിക്കാൻവേണ്ടി മുതലാളിമാർ ഇത് തൊഴിലാളികളുടെ കയ്യിൽ കൊടുക്കുന്നതുകൊണ്ടാണ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാകാത്തത്. അദ്ദേഹം എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റിനെക്കുറിച്ച് പറഞ്ഞു, ഇപ്പോൾ അദ്ദേഹം ഇവിടെ ഇല്ല. പക്ഷേ മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. പി.കെ. ഗുരുദാസൻ ഉൾപ്പെടെയുള്ളവർ ഇവിടെയുണ്ട്. ഇപ്പോൾ ബോർഡ് നേരിടുന്ന പ്രധാന ഭീഷണി, സ്ഥിരം തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. ഈ തൊഴിലാളികൾ അടയ്ക്കുന്ന തുകയിൽനിന്നാണ് പെൻഷൻ കൊടുക്കേണ്ടത്. പെൻഷൻ കൊടുക്കുന്ന സ്ഥിതികൂടി വരുമ്പോൾ ബോർഡിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്നുള്ളതിൽ വലിയ ആശങ്കയുണ്ട്. ബോർഡിന്റെ പ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വളരെ കുറഞ്ഞ പലിശയ്ക്ക് നിക്ഷേപിച്ചിരുന്നത് ഉയർന്ന പലിശയിലേക്ക് മാറ്റി വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കാറ്റേർഡ് തൊഴിലാളികളെക്കുറിച്ച് ശ്രീ. എ.എം. ആരിഫ് സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് വിഹിതം കിട്ടിയില്ലെങ്കിൽപ്പോലും സ്കാറ്റേർഡ് തൊഴിലാളികൾക്ക് ഡിസംബർ വരെയുള്ള പെൻഷൻ കൊടുത്തിട്ടുണ്ട്, പെൻഷൻ കുടിശ്ശികയില്ല. ഗവൺമെന്റിൽനിന്ന് മുൻകാലങ്ങളിലെപ്പോലെയുള്ള വിഹിതം കിട്ടാനുള്ള ഒരു പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് എത്രത്തോളം പ്രായോഗികമാണെന്നുള്ളത് എനിക്കറിയില്ല, സ്കാറ്റേർഡ് തൊഴിലാളികളുടെ ഒരു വിഹിതംകൂടി വാങ്ങി അവരെ അംഗങ്ങളാക്കണമെന്നാണ് ഇവിടെ പറഞ്ഞത്. ആരാണ് പണം ഇങ്ങോട്ടുതരാൻ പോകുന്നത്? നോക്കുകൂലി ഒഴിവാക്കി ബാങ്കിൽ കൃത്യമായി പണമടയ്ക്കാനുള്ള സംവിധാനം ചെയ്തിട്ടും ഇതുവരെയും ഒരാൾപോലും ബാങ്കിൽ പണം അടച്ചിട്ടില്ല. തൊഴിലാളികൾക്ക് നേരിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്, അവർ ആഗ്രഹിക്കുന്നതും അതാണ്. അതുകൊണ്ട് അത് പ്രായോഗികതലത്തിൽ എത്രത്തോളം കൊണ്ടുവരാൻ സാധിക്കുമെന്നുള്ളതിൽ സംശയമുണ്ട്. എന്താണെങ്കിലും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി മെച്ചപ്പെടേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസ് കുറയ്ക്കേണ്ടതാണ്. അതിനെല്ലാം ഉതകുന്ന നിലയിലേക്കുള്ള പരിപാടികളുമായി മുന്നോട്ടുപോകുകയാണ്. ഇതൊരു ചെറിയ ബിൽ എന്നുള്ള നിലയിൽ, അതിൽ പല പ്രശ്നങ്ങൾ അന്തർലീനമായിട്ടുണ്ടെങ്കിലും, അത് പാസ്സാക്കിത്തരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. വർക്കല കഹാർ: സർ, വർക്കേഴ്സിന്റെ ഏൺഡ് വേജസ് കൊണ്ടാണ് ഈ ബോർഡ് മുന്നോട്ടുപോകുന്നത് ജീവനക്കാർക്ക് പെൻഷൻ കൊടുക്കുമ്പോൾതന്നെ വലിയൊരു ബാദ്ധ്യത ബോർഡിന് വരുന്നുണ്ട്. ഇന്ന് കമ്മിറ്റികളിൽ തൊഴിലാളികൾ നേരിട്ട് പണം അടയ്ക്കുന്ന സ്ഥിതി കുറഞ്ഞു വരികയാണ്. അടയ്ക്കുന്ന പണം പകുതി മാത്രമേ അടയ്ക്കൂ എന്നുള്ള സാഹചര്യം എല്ലാ കമ്മിറ്റികളിലും വരുന്നു. അപ്പോൾ ബാദ്ധ്യത കൂടി വരുന്നു. ജീവനക്കാരുടെ പെൻഷനും കൊടുക്കേണ്ടിവരുന്നു. എറണാകുളത്തെ കാര്യം മാത്രമെടുത്താൽ ഇ.എസ്.ഐ.യുടെ പ്രശ്നം അവസാനിക്കുമോ ? ആരെങ്കിലും കേസിന്

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണെങ്കിൽ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത് കൊടുക്കേണ്ടിവരും. അങ്ങനെ കൊടുക്കേണ്ടിവന്നാൽ, ഇന്ന് രണ്ട് ശതമാനം തുകയാണ് വർക്ക്മെൻ കോമ്പൻസേഷനുവേണ്ടി വ്യാപാരികളിൽ നിന്ന് പിരിക്കുന്നത്. അത് നാലര ശതമാനംകൂടി വാങ്ങേണ്ടിവരും. അങ്ങനെ വാങ്ങിയെങ്കിൽ മാത്രമേ ഇ.എസ്.ഐ. എല്ലാ സ്ഥലങ്ങളിലും ബാധകമാകുന്ന സാഹചര്യത്തിൽ എത്തിച്ചേരുകയുള്ളൂ. ഈ ബോർഡ് അപകടകരമായ ചില പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ പരിഹാരം കൂടി നമ്മൾ ആലോചിക്കേണ്ടിവരും.

ശ്രീ. ഷിബു ബേബി ജോൺ : സർ, ഇത് അറിയാത്തവരെക്കൂടി പറഞ്ഞറിയിക്കേണ്ട എന്നുവിചാരിച്ച് ഞാൻ പറഞ്ഞില്ലെന്നേയുള്ളൂ. ബോർഡിനെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകുമെന്ന് ഞാൻ ആദ്യം പറഞ്ഞത് ഈ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. അതിനെ എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്നുള്ളത് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി കൂടിയാലോചിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കാം.

മി. സ്പീക്കർ : ശ്രീ. പി.സി. ജോർജ്, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. എം. ആരിഫ്, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി.സി. ജോർജ് അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ശ്രീ എ എം. ആരിഫ് അവതരിപ്പിച്ച 2 (ബി) സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

### വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

*Shri. A.K. Balan* : Sir, I move the following amendment :

107. In section 2(k) of the principal Act, proposed to be amended by clause 2, after item (vii), add the following new item, namely:-

" (viii) wholly dependant unmarried sisters or widowed sisters".

Family-യുടെ നിർവ്വചനത്തിൽ അവിവാഹിതരായ സഹോദരിമാരെയും വിധവകളായ സഹോദരിമാരെയുംകൂടി ഉൾപ്പെടുത്തണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഇതിൽ പ്രശ്നം വരില്ല.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, പ്രൊഫ. സി. രവീന്ദ്രനാഥ്-ന്റെ 106-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവരുന്നു.

106. In section 2 (k) (iii) of the principal Act proposed to be amended by clause 2, after the words "minor children", add the words "including legally adopted children".

ശ്രീ. എ. കെ. ബാലന്റെ ഭേദഗതിയോട് പൂർണ്ണമായി യോജിക്കാൻ സാധിക്കുകയില്ല. Widowed sisters എന്നുപറയുമ്പോൾ 65 വയസ്സായ, കുടുംബമൊക്കെയുള്ള വിഡോയ്ക്കും ഇതിന്റെ വിഹിതം കിട്ടണമെന്ന് പറയുന്നതിനോട് യോജിക്കാൻ സാധിക്കില്ല. എന്നാൽ ആദ്യത്തെ ഭാഗം "wholly dependent unmarried sisters" എന്നുപറയുന്നതിനോട് യോജിക്കുന്നു.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലന്റെ 107-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

3-ാം വകുപ്പ്

(ഭേദഗതിയില്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

(ഭേദഗതിയില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

(ഭേദഗതിയില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

(ഭേദഗതിയില്ല)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ......................

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## മൂന്നാം വായന

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## 4. 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്. ദീർഘമായി പ്രസംഗിക്കുന്നില്ല. 5 കോടി രൂപ എന്നുപറയുന്നത് വലിയ സംഖ്യയല്ല. നമ്മുടെ നാട്ടിൽ ഭേദപ്പെട്ട ഒരു കലുങ്കോ
3.00 P.M.] ചെറിയ പാലമോ ഉണ്ടാക്കണമെങ്കിൽ അതിനുവരുന്ന ചെലവ് നമുക്കറിയാം. 10 കോടി രൂപ വരെയുള്ളതിനെയെങ്കിലും ടോൾ പിരിക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിഞ്ഞാൽ അത് നല്ല കാര്യമാണ്. ദേശീയപാതയിലുള്ള ടോളുകളുടെ പിരിവുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളും അനുഭവിക്കുന്നുണ്ട്. യാതൊരു തരത്തിലുള്ള കാലപരിഗണനയുമില്ലാതെയാണ് ടോൾ പിരിക്കുന്നത്. നിശ്ചിത കാലയളവ് കഴിഞ്ഞാൽ ടോൾപിരിവ് നിറുത്താൻ കഴിയുന്ന തരത്തിലുള്ള നിയമഭേദഗതി ഉണ്ടാക്കേണ്ടതുണ്ട്. ദേശീയപാതയിൽ, ചേറ്റുവയിൽ ടോൾപിരിവ് ഉണ്ടായിരുന്നു, ഇപ്പോൾ അവിടെ ടോൾ പിരിക്കുന്നില്ല, പക്ഷെ 25 കൊല്ലത്തോളം പിരിവ് തുടർന്നിരുന്നു. അതുകൊണ്ട് ടോൾപിരിവിന് ഒരു കാലപരിധി നിശ്ചയിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ള മറ്റൊരുകാര്യം. ഇന്ന് പുതിയ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിലാണുള്ളത്. ജനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ റോഡ് വരുമ്പോഴും ദേശീയ പാത വികസിപ്പിക്കുമ്പോഴും യാതൊരു തരത്തിലുള്ള കാലനിബന്ധനയില്ലാതെ നിരവധി പതിറ്റാണ്ടുകൾ ടോൾ കൊടുക്കേണ്ടി വരുന്നുവെന്നുള്ളത് വലിയ വെല്ലുവിളിയാണ്. അതുകൊണ്ട് ഇതിനൊരു നിബന്ധന വയ്ക്കണമെന്ന നിർദ്ദേശം ഞാൻ ഉന്നയിക്കുകയാണ്. അതുപോലെ



LIBRARY ARCHIVES Kerala Legislative Assembly

ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡ് വികസിപ്പിക്കുമ്പോൾ, കേരള സംസ്ഥാനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, റോഡ് നികുതിയിനത്തിൽ കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കുന്ന തുകയുടെ 10 ശതമാനംപോലും ഇന്ധനം നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. വലിയ തോതിൽ നമ്മുടെ നാട്ടിൽനിന്ന് പണം പിരിച്ചെടുത്ത് കൊണ്ടുപോകുന്നു. കഴിഞ്ഞ വർഷം പെട്രോൾ, ഡീസൽ നികുതിയിനത്തിൽ 699 കോടി രൂപയും വാഹന നികുതിയിനത്തിൽ 1410 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുത്തു. ഈ പിരിച്ചെടുത്ത 2109 കോടി രൂപയുടെ 10 ശതമാനത്തിൽ താഴെപ്പോലും നമുക്ക് വിഹിതമായി ലഭിക്കുന്നില്ല. റോഡ് വിസകനത്തിന്റെ കാര്യത്തിലുള്ള സ്തംഭനാവസ്ഥ തുടരുകയാണ്. എന്നിട്ടും, ബി.ഒ.ടി. അടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കണമെന്ന കേന്ദ്രഗവൺമെന്റ് നിർദ്ദേശം നമ്മൾ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയാണ്. ഈ കാഴ്ച്ചപ്പാടിൽ മാറ്റം വരേണ്ടതുണ്ട്. ടോളിന്റെ കാര്യത്തിൽ കാല നിബന്ധന ഉണ്ടാകണമെന്ന നിർദ്ദേശം ഞാൻ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. കെ. രാജു</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു സർ, ദീർഘമായ ഒരു സംസാരത്തിലേക്ക് ഞാൻ കടക്കുന്നില്ല. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചൂണ്ടിക്കാണിച്ചതുപോലെ, സബ്ജക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ പൊതുവെ ഉയർന്നുവന്നതും ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശവും യഥാർത്ഥത്തിൽ ചെറിയ പാലങ്ങളെ ടോൾ പിരിക്കുന്നതിൽ നിന്നും ഒഴിവാക്കുകയെന്നതാണ്. ഇത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനു വേണ്ടിയുള്ളതാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, നിർമ്മാണച്ചെലവ് അഭൂതപൂർവ്വമായി വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ചെറിയ പാലങ്ങൾക്കു പോലും നിർമ്മാണച്ചെലവ് 5 കോടി രൂപയ്ക്കുമുകളിൽ പോകും. നിർമ്മാണച്ചെലവ് വർദ്ധിച്ചതിനാൽ സാമാന്യം മെച്ചപ്പെട്ട കലുങ്ക് പണിയണമെങ്കിൽപോലും ഇത്രയുമധികം തുകയാകുന്ന സാഹചര്യത്തിൽ അങ്ങ് ഉദ്ദേശിക്കുന്ന പോലൊരു ആശ്വാസം ജനങ്ങൾക്ക് നൽകാൻ കഴിയില്ല. ഒരു കോടി രൂപ വരെ നിർമ്മാണ ചെലവുള്ളവയ്ക്ക് ടോൾ പിരിക്കുന്ന ഏർപ്പാടാണ് നടന്നിരുന്നതെങ്കിൽ അത് 5 കോടി രൂപ വരെയാക്കുന്നു. അതുപോരാ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ 10 കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവുള്ള പാലത്തിന് ടോൾ പിരിക്കുന്ന നിലയിലേക്ക് പോകണം. അതിൽത്താഴെ ചെലവുള്ളതിനെ ടോളിൽ നിന്ന് ഒഴിവാക്കിക്കൊടുക്കണം. അതുസംബന്ധിച്ച് സഭയിൽ വകുപ്പിന്റെ ഭേദഗതി വരുമ്പോൾ അങ്ങ് ഓറലായി ഭേദഗതി കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ, വാഹനങ്ങളുടെ കാര്യത്തിൽ ത്രീ വീലറുകളെ ഒഴിവാക്കാമെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയ്ക്കുശേഷവും ആ നിലയിലുള്ള നിർദ്ദേശം വന്നിട്ടുള്ളത് സ്വീകാര്യമാണ്. അതുപോലെ അനന്തമായ കാലത്തേക്ക് ടോൾ പിരിക്കുന്ന ഏർപ്പാട് നിലവിലുണ്ട്. ബൈപ്പാസ്സിൽ ആക്കുളം കായലിന്റെ മുകളിൽകൂടിയുള്ള പാലത്തിന് എത്രയോ വർഷമായി ടോൾ പിരിക്കുന്നു. പാലത്തിന്റെ നിർമ്മാണച്ചെലവിനാവശ്യംവരുന്ന തുകയേക്കാൾ അധികരിച്ചുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ ഇതിനോടകംതന്നെ വർദ്ധിച്ച വാഹനങ്ങളുടെ എണ്ണമൊക്കെ വന്നപ്പോൾ ക്ലിപ്തസമയംകൊണ്ട് നിർമ്മാണച്ചെലവിനാവശ്യമായ പണം യഥാർത്ഥത്തിൽ കരാറുകാർക്ക് പിരിക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് അനന്തമായ പിരിവ് എന്നുള്ളത് അവസാനിപ്പിക്കണം. ടോൾ ബൂത്ത് ഒരു പേടിസ്വപ്നമാകാൻ പാടില്ല. പരമാവധി 10 വർഷത്തെ പിരിവുകൊണ്ട് അവസാനിപ്പിക്കാൻ കഴിയുന്ന രീതിയിൽ നിജപ്പെടുത്താൻ കഴിയണം. നമ്മുടെ നാട്ടിൽ പൊതുവെ പി.ഡബ്ല്യു.ഡി.-യെ അഴിമതിയുടെ കൂടാരമെന്നാണ് പറയുന്നത്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മന്ത്രിയായതിനുശേഷമുള്ള സംഭവമെന്നുള്ള നിലയിലല്ല ഞാൻ പറയുന്നത്. പൊതുവിൽ കേരളത്തിൽ റോഡുകൾ എത്ര തുക ചെലവഴിച്ചുനിർമ്മിച്ചാലും നിലനിൽക്കുന്നില്ല. ഒരു മഴ സീസൺ കഴിയുമ്പോൾ റോഡുകളുടെ നിലവാരം പോകുന്നു. പല റോഡുകളും ഇടിഞ്ഞുപൊളിഞ്ഞുപോകുന്നു. പല പരീക്ഷണങ്ങളും നടക്കുന്നുണ്ട്. ആ പരീക്ഷണങ്ങളുടെയൊന്നും ഫലം യഥാർത്ഥത്തിൽ നമുക്ക് അനുകൂലമായി കിട്ടുന്നില്ല. ഏറ്റവും അവസാനം കേട്ടത് റോഡും റെയിൽവേ പ്ലാറ്റ്ഫോമും നിർമ്മിക്കാൻ തിരുവനന്തപുരം കോർപ്പറേഷനിലെ വേസ്റ്റ് ഉപയോഗിക്കുമെന്നാണ്. അത്തരത്തിൽ നിർമ്മിച്ച റെയിൽവേയുടെ പ്ലാറ്റ്ഫോം ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലി പോയി താഴ്ന്നു പോകുന്നുണ്ടോയെന്ന് നടന്നുനോക്കിയതിന്റെ പടം പത്രത്തിൽ ഉണ്ടായിരുന്നു. നമ്മുടെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചെലവഴിക്കപ്പെടുന്ന തുകയ്ക്ക് റിട്ടേൺസ് ഉണ്ടാകണം. ആ രീതിയിൽ അഴിമതി ഒഴിവാക്കിക്കൊണ്ട് പരമാവധി മെച്ചപ്പെട്ട നിലയിൽ റോഡുകൾ സംരക്ഷിക്കുവാൻ കഴിയത്തക്കരീതിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുള്ള ഇടപെടൽ ഉണ്ടാകണം. പി.ഡബ്ല്യു.ഡി. റോഡുകൾ മാത്രമല്ല, ഏത് റോഡ് മോശപ്പെട്ട് കിടന്നാലും പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും ചേർത്താണ് ജനം പറയുന്നത്. പി.ഡബ്ല്യു.ഡി. റോഡുകളുടെ ചുമതല മാത്രമേ സർക്കാരിനും മന്ത്രിക്കും ഉള്ളുവെങ്കിലും നാട്ടിൽ ഗ്രാമീണ റോഡുകൾ മോശപ്പെട്ടുകിടന്നാലും സർക്കാരിന്റെ മുഖമാണ് യഥാർത്ഥത്തിൽ മോശമാകുന്നതെന്ന് മനസ്സിലാക്കിക്കൊണ്ട് ഗ്രാമീണ റോഡുകൾ ഒറ്റത്തവണയോ രണ്ടുതവണയോ നന്നാക്കുന്നതിനാവശ്യമായ ഫണ്ടുകൂടി അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തീരുമാനമെടുക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, നിർമ്മാണച്ചെലവ് 5 കോടി രൂപയെന്നുള്ളത് 10 കോടി രൂപയായി ഉയർത്തണം. ടോൾ പിരിവിനെ സംബന്ധിച്ചുള്ള നമ്മുടെ മനോഭാവം മാറണം. 1700-ാമാണ്ടിലാണ് ടോൾ എന്ന സങ്കൽപ്പം ലോകത്തിലുണ്ടായത്. ഫിലാഡെൽഫിയായിൽ നിന്നും ലങ്കാഷെയറിലേക്ക് ആണ് ആദ്യമായി ടോൾ സമ്പ്രദായം ഏർപ്പെടുത്തിയത്. പക്ഷെ, നമ്മുടെ മനോഭാവം ഇപ്പോഴും മാറിയിട്ടില്ല. ഇവിടെ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകണം. ഇന്നിവിടെ സഭ നേരത്തേ അവസാനിപ്പിക്കാൻ എന്താണ് കാരണം; മലബാറിൽ പോകാനുള്ളവർക്ക് ഇപ്പോൾ പോയാലാണ് നാളെ നേരം വെളുക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങെത്താൻ കഴിയുന്നത്. ഇവിടെയൊരു എക്സ്പ്രസ് ഹൈവേയെക്കുറിച്ച് ആലോചിച്ചതാണ്. ആ ഹൈവേ ഉണ്ടായിരുന്നെങ്കിൽ വൈകുന്നേരം 6 മണിക്ക് സമ്മേളനം പിരിഞ്ഞാലും രാത്രി 12 മണിക്ക് അവിടെ എത്താമായിരുന്നു. അത്തരം വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കാതിരിക്കാൻ കാരണം........ ഇതുപോലുള്ള അടിയന്തര സമയത്തെങ്കിലും, അസംബ്ലി പിരിഞ്ഞശേഷം നേരത്തേ വീട്ടിലെത്താൻ സൗകര്യം ഉണ്ടാക്കുന്നതിനെങ്കിലും എക്സ്പ്രസ് ഹൈവേയെപോലെയുള്ളവയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഇതെല്ലാം വരണമെങ്കിൽ സംസ്ഥാന ഖജനാവിൽ പണമില്ല. നമുക്ക് ടോൾ പിരിക്കണം. ടോൾ എന്നത് തെറ്റാണ് എന്ന മനോഭാവത്തിൽ നിന്നും കേരളീയ സമൂഹത്തെ മാറ്റിയെടുക്കാൻ രാഷ്ട്രീയ പ്രവർത്തകന്മാരായ നമ്മൾ ഒരുമിച്ച് നിൽക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും, എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു പ്രധാനപ്പെട്ട കാര്യമാണ് പറയാനുള്ളത്. ടോൾ പിരിക്കുക എന്നുപറയുന്നത് ഇപ്പോഴൊരു ഫാഷനായി മാറിയിരിക്കുകയാണ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും പണം കൊടുത്താൽ മാത്രമേ റോഡിലൂടെ സഞ്ചരിക്കാൻ കഴിയൂ എന്നുള്ള ഗതികേടിലേക്ക് കേരളം മാറിക്കൊണ്ടിരിക്കുകയാണ്. അതിനൊരു ബദൽനയം നമുക്ക് ആവിഷ്കരിച്ചുകൂടേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇപ്പോഴാണെങ്കിൽ നബാർഡിന്റെയും ലോകബാങ്കിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടുകൂടി ജലവിതരണ പദ്ധതികളും ഡാം നിർമ്മാണവുമെല്ലാം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ആ രീതി നമുക്ക് പരിശോധിച്ചുകൊണ്ട് ടോൾ ഒഴിവാക്കിക്കൊണ്ടുള്ള റോഡ് നിർമ്മാണത്തെക്കുറിച്ച് ചിന്തിച്ചുകൂടേ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. മറ്റൊന്ന്, കേന്ദ്ര ഗവൺമെന്റിന്റെ അവഗണന കേരളത്തിലെ ഗതാഗത വികസനത്തേയും റോഡ് വികസനത്തേയും സാരമായി ബാധിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. കേരളവും കേന്ദ്രവും ഒരേ കക്ഷി ഭരിച്ചാലും ഇവിടെ കേരള സംസ്ഥാനത്തിന് മോചനമില്ല എന്നുള്ള നിലയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ രണ്ടുവർഷമായിട്ടും ദേശീയപാതകളുടെ ഒരു അറ്റകുറ്റപ്പണിയും നടക്കുന്നില്ല. ഉദാഹരണത്തിന് എൻ.എച്ച്.-47 ഗുരുതരമായ സ്ഥിതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മന്ത്രിമാരാരും എൻ.എച്ച്.47-ൽകൂടി പാലക്കാട്ടേക്ക് വരുന്നില്ല. തൃശ്ശൂരിൽനിന്ന് നേരെ ഒറ്റപ്പാലം റോഡുവഴിയാണ് വരുന്നത്. അത്രയും ഗതികേടിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇതിനൊരു പോംവഴി എന്നുള്ള നിലയിൽ, കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്, കേന്ദ്ര ഗവൺമെന്റ് 5 കോടിരൂപ അനുവദിച്ചത് ലാപ്സായിപ്പോയിരിക്കുന്നു, ഇനി എങ്ങനെ റോഡ് ശരിയാക്കിയെടുക്കുമെന്ന് എനിക്കും പറയാൻ കഴിയില്ല എന്നാണ്. അപ്പോൾ ഇവിടെ എന്ത് വികസനമാണുള്ളത്? ടോൾ പിരിക്കാനുള്ള ഭേദഗതി കൊണ്ടുവരിക എന്നതല്ലാതെ റോഡ് വികസനത്തിനുവേണ്ടി ഒരു നിയമം കൊണ്ടുവരിക എന്നുള്ളത് നമുക്കില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

പൊയ്ക്കൊണ്ടിരിക്കുന്നുവെന്നതാണ് ഒരു പ്രധാനപ്പെട്ട വിമർശനം. അതിൽത്തന്നെ പ്രത്യേകിച്ച് പറയാനുള്ളത്, ടോൾ പിരിക്കുന്ന വിഷയമെടുത്തുപരിശോധിച്ചാൽ 5 കോടി രൂപയാണ്. 5 കോടി രൂപ 10 കോടി രൂപയാക്കി മാറ്റണമെന്നാണിപ്പോൾ പറഞ്ഞത്. ആ 10 കോടി രൂപ എന്തിനാണ് ? ഇന്നത്തെ സ്ഥിതിയിൽ അടുത്ത വർഷവും 15% മുതൽ 20% വരെ റേറ്റ് റിവിഷൻ വരും. കമ്പി, സിമന്റ് തുടങ്ങി എല്ലാത്തിനും വില കൂടിക്കൊണ്ടിരിക്കുകയാണ്. റേറ്റ് റിവിഷൻ വർഷംതോറും വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ 10 കോടി രൂപയ്ക്ക് ഒരു ചെറിയ പാലം പണിയാൻ മാത്രമേ കഴിയൂ. അപ്പോൾ അത് മാറ്റി 25 കോടി രൂപയെങ്കിലും അതിനനുസരിച്ച് കൊണ്ടുവരണം. 25 കോടി രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന പാലങ്ങൾക്കുമാത്രമേ ടോൾ പിരിക്കാൻ പാടുള്ളൂ, ടോൾ പിരിവിന് ഒരു നിശ്ചിത സമയം നിശ്ചയിക്കണം. ഇത്രയുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. അതേസമയം ഇവിടെ ഭേദഗതികൾ അവതരിപ്പിച്ചത് വളരെ സദുദ്ദേശ്യത്തോടുകൂടിയാണ്. ഒരു കോടി രൂപ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്കാണ് ഇപ്പോൾ ടോൾ പിരിച്ചുകൊണ്ടിരിക്കുന്നത്. അത് 5 കോടിരൂപ ആക്കുകയാണ്. ഒറ്റയടിക്ക് വലിയൊരു മാറ്റമുണ്ടാക്കാൻ സാധിക്കുകയില്ല. മാത്രമല്ല നിലവിലുള്ള ടോൾ ആക്ടിൽ ഒരുപിടി അപാകതകളുണ്ട്. അതെല്ലാം പരിഹരിച്ചുകൊണ്ട് ഒരു ഭേദഗതി ഗവൺമെന്റ് കൊണ്ടുവരും. ആ സമയത്ത് ഇത് പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി വിജയദാസ് അവതരിപ്പിച്ച 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. വി വിജയദാസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ.വി വിജയദാസ് അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ടോൾ(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................................

പ്രതികൂലിക്കുന്നവർ.........................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

*Shri P. C. Vishnunadh*: Sir, I move the following amendment:

110. In section 2(a) proposed to be amended in the principal Act by clause 2(i), for the words "five hundred lakhs rupees" the words "eight hundred lakhs rupees" shall be substituted.

*Shri M. A. Vaheed*: Sir, I move the following amendment:

111. In section 2(a) proposed to be amended in the principal Act by clause 2(i), for the words "five hundred lakhs rupees" substitute the words "nine hundred lakhs rupees".

*Shri Benny Behanan*: Sir, I move the following amendment:

112. In section 2 (a) proposed to be amended in the principal Act by clause 2(i), for the words "five hundred lakhs rupees" the words "ten hundred lakhs rupees" shall be substituted.

*Shri V. D. Satheesan*: Sir, I move the following amendment:

114. In section 2(a) proposed to be amended in the principal Act by clause 2(i) for the words "five hundred lakhs rupees" the words "eleven hundred lakhs rupees" shall be substituted.

*Shri K. Sivadasan Nair*: Sir, I move the following amendment:

115. In section 2 (a) proposed to be amended in the principal Act by clause 2 (i) for the words "five hundred lakhs rupees" the words "twelve hundred lakhs rupees" shall be substituted.

*Shri T.N. Prathapan*: Sir, I move the following amendment:

117. In section 2 (a) of the principal Act proposed to be amended by clause 2 (i) for the words "five hundred lakhs rupees" substitute the words "fourteen hundred lakhs rupees".

*Shri K. Muraleedharan*: Sir, I move the following amendment:

118. In section 2 (a) of the principal Act proposed to be amended by clause 2 (i) for the words "five hundred lakhs rupees" substitute the words "fifteen hundred lakhs rupees".

LIBRARY ARCHIVES Kerala Legislative Assembly

*Shri P. A. Madhavan* : Sir, I move the following amendment,

119. In section 2 (a) of the principal Act proposed to be amended by clause 2 (i), for the words "five hundred lakhs rupees", substitute the words "sixteen hundred lakhs rupees".

*Shri Varkala Kahar* : Sir, I move the following Amendment :

120. In section 2 (a) of the principal Act proposed to be amended by clause 2 (i), for the words "five hundred lakhs rupees", substitute the words "seventeen hundred lakhs rupees".

*Shri Dominic Presentation* : Sir, I move the following amendment :

122. In section 2 (a) of the principal Act proposed to be amended by clause 2 (i), for the words "five hundred lakhs rupees", substitute the words "nineteen hundred lakhs rupees".

സർ, പത്തും പതിനാലും കൊല്ലമായി 10 ലക്ഷത്തിലധികം രൂപ ലഭിച്ച പാലങ്ങളുണ്ട്. അത്തരം പാലങ്ങൾകൂടി പരിഗണിക്കണം.

*Shri A. P. Abdullakutty* : Sir, I move the following amendment :

124. In section 2 (a) of the principal Act proposed to be amended by clause 2 (i), for the words "five hundred lakhs rupees", substitute the words "twenty one hundred lakhs rupees".

*Shri E. P. Jayarajan* : Sir, I move the following amendment :

125. In section 2 (a) of the principal Act proposed to be amended by clause 2 (i), for the words "five hundred lakhs rupees", substitute the words "twenty-five hundred lakhs rupees".

*Shri. K. Raju* : Sir, I move the following amendment :

127. In section 2 (a) proposed to be amended in the principal Act by clause 2 (i) for the words "five hundred lakhs rupees" the words "thousand hundred lakhs rupees" shall be substituted.

<u>മി. സ്പീക്കർ</u> : 109, 113, 126 എന്നീ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ശ്രീ. എം. ഉമ്മർ, ശ്രീ. കെ സുരേഷ് കുറുപ്പ്, ശ്രീ. എ. കെ. ബാലൻ എന്നിവർക്ക് സംസാരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, 25 കോടിരൂപ എന്നുള്ളത് നമുക്കെല്ലാവർക്കും കൂടി യോജിച്ച് ഒരു 10 കോടിരൂപ ആക്കാം. 5 കോടി രൂപ ഫണ്ട് അനുവദിക്കുന്നതിൽ മൂന്നര കോടി രൂപയുടെ പണി നടക്കും. ബാക്കി ഒന്നരകോടി രൂപ പലരുടേയും കൈകളിൽ പോകും. അപ്പോൾ ഒരു 10 കോടിരൂപയെന്ന് വയ്ക്കാം.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലന് ഭേദഗതി മൂവ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് സംസാരിക്കാൻ അനുവദിച്ചത്. കാരണം അതേ ഭേദഗതി തന്നെയാണ് ശ്രീ. ഇ. പി. ജയരാജൻ മൂവ് ചെയ്തിരിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി ( ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ടോളിന്റെ കാലാവധി സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അതിപ്പോൾ വളരെ പ്രശ്നമാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ച സംഗതിയാണ്, നാഷണൽ ഹൈവേയിൽ പെർപെക്ച്വൽ ടോളിംഗാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിനൊരു കാലാവധി നിശ്ചയിക്കുന്നതിന് യാതൊരു തടസ്സവുമില്ല. പുതിയ റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ ന്യായമായ കാലാവധി നിശ്ചയിക്കാവുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, എന്റെ 125-ാം നമ്പർ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2 ശ്രീ. കെ. അജിത്

3 ശ്രീ. എ. എം. ആരിഫ്

4 ശ്രീ. എ. എ. അസീസ്

5 ശ്രീ. എം. എ. ബേബി

6 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

7 ശ്രീ. എ. കെ. ബാലൻ

8 ശ്രീമതി ഇ. എസ്. ബിജിമോൾ

9 ശ്രീ. ഇ. ചന്ദ്രശേഖരൻ

10 ശ്രീ. വി. ചെന്താമരാക്ഷൻ

11 ശ്രീ. കെ. ദാസൻ

12 ശ്രീ. ബി. ഡി. ദേവസ്സി

13 ശ്രീ. സി. ദിവാകരൻ

14 ശ്രീമതി ഗീതാ ഗോപി

15 ശ്രീ. ചിറ്റയം ഗോപകുമാർ

16 ശ്രീ. ജി. എസ്. ജയലാൽ

LIBRARY ARCHIVES Kerala Legislative Assembly

17 ശ്രീ. ഇ. പി. ജയരാജൻ

18 ശ്രീ. എളമരം കരീം

19 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

20 ശ്രീ. കോവൂർ കുഞ്ഞുമോൻ

21 ശ്രീ. മാത്യു റ്റി. തോമസ്

22 ശ്രീ. കെ. കെ. നാരായണൻ

23 ശ്രീ. പുരുഷൻ കടലുണ്ടി

24 ശ്രീ. കെ. രാധാകൃഷ്ണൻ

25 ശ്രീ. ആർ. രാജേഷ്

26 ശ്രീ. കെ. രാജു

27 ശ്രീ. രാജു എബ്രഹാം

28 ശ്രീ. മുല്ലക്കര രത്നാകരൻ

29 ശ്രീ. എസ്. ശർമ്മ

30 ശ്രീ. വി. ശശി

31 ശ്രീ. ബി. സത്യൻ

32 ശ്രീ. വി. ശിവൻകുട്ടി

33 ശ്രീ. വി. എസ്. സുനിൽകുമാർ

34 ശ്രീ. പി. തിലോത്തമൻ

35 ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2 ശ്രീ. പി. ബി. അബ്ദുൾ റസാക്

3 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

4 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

5 ശ്രീ. മഞ്ഞളാംകുഴി അലി

6 ശ്രീ. എ. പി. അനിൽ കുമാർ

7 ശ്രീ. അനൂപ് ജേക്കബ്



LIBRARY ARCHIVES Kerala Legislative Assembly

8 ശ്രീ. അൻവർ സാദത്ത്

9 ശ്രീ. കെ. ബാബു

10 ശ്രീ. സി. എൻ. ബാലകൃഷ്ണൻ

11 ശ്രീ. വി. റ്റി. ബൽറാം

12 ശ്രീ. പി. കെ. ബഷീർ

13 ശ്രീ. ബെന്നി ബെഹനാൻ

14 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

15 ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

16 ശ്രീ. എ. റ്റി. ജോർജ്

17 ശ്രീ. പി. സി. ജോർജ്

18 ശ്രീ. ഹൈബി ഈഡൻ

19 ശ്രീമതി പി. കെ. ജയലക്ഷ്മി

20 ഡോ. എൻ. ജയരാജ്

21 ശ്രീ. ജോസഫ് വാഴക്കൻ

22 ശ്രീ. വർക്കല കഹാർ

23 ശ്രീ. കെ. എൻ. എ. ഖാദർ

24 ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

25 ശ്രീ. റ്റി. യു. കുരുവിള

26 ശ്രീ. ലൂഡി ലൂയിസ്

27 ശ്രീ. പി. എ. മാധവൻ

28 ശ്രീ. സി. മമ്മൂട്ടി

29 ശ്രീ. കെ. പി. മോഹനൻ

30 ശ്രീ. മോൻസ് ജോസഫ്

31 ശ്രീ. ആര്യാടൻ മുഹമ്മദ്

32 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

33 ശ്രീ. കെ. മുരളീധരൻ

34 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

LIBRARY ARCHIVES Kerala Legislative Assembly

35 ശ്രീ. ഉമ്മൻ ചാണ്ടി

36 ശ്രീ. റ്റി. എൻ. പ്രതാപൻ

37 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

38 ശ്രീ. രമേഷ് ചെന്നിത്തല

39 ശ്രീ. പാലോട് രവി

40 ശ്രീ. റോഷി അഗസ്റ്റിൻ

41 ശ്രീ. വി. പി. സജീന്ദ്രൻ

42 ശ്രീ. എൻ. ശക്തൻ

43 ശ്രീ. വി. ഡി സതീശൻ

44 ശ്രീ. ഷാഫി പറമ്പിൽ

45 ശ്രീ. കെ. എം. ഷാജി

46 ശ്രീ. എൻ. ഷംസുദ്ദീൻ

47 ശ്രീ. കെ. ശിവദാസൻ നായർ

48 ശ്രീ. വി. എസ്. ശിവകുമാർ

49 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

50 ശ്രീ. സി. എഫ്. തോമസ്

51 ശ്രീ. പി. ഉബൈദുള്ള

52 ശ്രീ. എം. ഉമ്മർ

53 ശ്രീ. എം. എ. വാഹീദ്

54 ശ്രീ. എം. പി. വിൻസെന്റ്

55 ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ : ശ്രീ. ഇ. പി. ജയരാജന്റെ 125-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 35

പ്രതികൂലിക്കുന്നവർ - 55

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 110, ശ്രീ. എം. എ. വാഹിദ് അവതരിപ്പിച്ച 111, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 112, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 114, ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 115, ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 117, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 118, ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 119, ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 120, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 122, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 124 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 3-ാം വകുപ്പ്

### (ഭേദഗതി ഇല്ല)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 1-ാം വകുപ്പും പീഠികയും പേരും

### (ഭേദഗതി ഇല്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2013-ലെ കേരള ടോൾ (ഭേദഗതി)ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VIII അവകാശലംഘന പ്രശ്നങ്ങൾ

### 1 അനുമതിനിഷേധിച്ചവ

മി. സ്പീക്കർ: കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ വച്ച് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. കെ. ദാസൻ നൽകിയ അവകാശലംഘന നോട്ടീസിനും, ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ശ്രീമതി കെ. കെ. ലതിക, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീമതി പി. അയിഷാ പോറ്റി എന്നിവർ നൽകിയ അവകാശലംഘന നോട്ടീസുകൾക്കും ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജിനെതിരെ ശ്രീ. വി.എസ്. സുനിൽകുമാർ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ നൽകിയ അവകാശലംഘന നോട്ടീസുകൾക്കും അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

### 2 പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ശ്രീ. ആർ. രാജേഷ് തന്നെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ നോട്ടീസും പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. എ. ബേബി നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും നിയോജകമണ്ഡലത്തിലെ പൊതുപരിപാടികളിൽ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത്ര പരിഗണന നൽകിയില്ലെന്നുകാണിച്ച് സർവ്വശ്രീ. കെ. മുരളീധരൻ, എസ്. രാജേന്ദ്രൻ, പി.റ്റി.എ. റഹീം എന്നിവർ നൽകിയ നോട്ടീസുകളും നിയോജകമണ്ഡലത്തിലെ പൊതുപരിപാടികളിലേക്ക് ക്ഷണിക്കാത്തവർക്കെതിരെ സർവ്വശ്രീ. സി.പി. മുഹമ്മദ്, സി. ദിവാകരൻ, ജി. സുധാകരൻ, ബി. സത്യൻ, കെ. എം. ഷാജി, റ്റി.വി. രാജേഷ്, പി.റ്റി.എ. റഹീം, വി. ശിവൻകുട്ടി, കെ. എൻ. എ. ഖാദർ, ഡോ. ടി. എം. തോമസ് ഐസക് എന്നിവർ നൽകിയ നോട്ടീസുകളും ടെലിഫോൺ സംഭാഷണം ചോർത്തുന്നതുസംബന്ധിച്ച് ശ്രീമതി കെ. കെ. ലതിക നൽകിയ നോട്ടീസും കോവളം ഗസ്റ്റ് ഹൗസിൽ മുറി അനുവദിക്കാത്തവർക്കെതിരെ ശ്രീ. കെ. അജിത് നൽകിയ നോട്ടീസും പരവൂർ ജനമൈത്രി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കെതിരെ ശ്രീ. ജി. എസ്. ജയലാൽ നൽകിയ നോട്ടീസും ഡെന്റൽ കോളേജിലെ എച്ച്.ഒ.ഡി.ക്കെതിരെ ശ്രീമതി കെ.എസ്. സലീഖ നൽകിയ നോട്ടീസും ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീമതി ഗീതാ ഗോപി എന്നീ എം.എൽ.എ. മാർക്കെതിരെ പോലീസ് അതിക്രമം നടന്നതായിപറയപ്പെടുന്നതുസംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എ. പ്രദീപ്കുമാർ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

## IX മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തൽക്കാലം സഭ മുൻപാകെ വയ്ക്കുവാൻ ഗവൺമെന്റ് ബിസിനസ്സുകൾ ഒന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

## X അവലോകനം

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനമാണ് ഇന്ന് അവസാനിക്കുന്നത്. ഫെബ്രുവരി ഒന്നിന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. മൊത്തം 12 ദിവസമാണ് സഭ സമ്മേളിച്ചത്. പ്രധാനമായും ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ പരിഗണിക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ ലക്ഷ്യം. 9 ബില്ലുകൾ വിശദമായ ചർച്ചകൾക്കുശേഷം സഭ പാസ്സാക്കി. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ സഭയിൽ അവതരിപ്പിക്കുകയും ചർച്ചകൾക്കായി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ, 2012-13 വർഷത്തെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും സഭ പാസ്സാക്കി. 10 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് പരിഗണിച്ചു. 330 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 3877 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിക്കപ്പെട്ടു. സഭയിൽ 45 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 389 ഉപചോദ്യങ്ങൾക്കും വാക്കാൽ മറുപടി ലഭിച്ചു. ഒരു ദിവസം ശരാശരി 382 ചോദ്യങ്ങൾ, കൂടാതെ രണ്ട് അടിയന്തരചോദ്യങ്ങളും സഭയിൽ ഉന്നയിച്ചു. 19 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെ വിവിധ പ്രശ്നങ്ങൾ അംഗങ്ങൾ സഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തി. 200 സബ്മിഷനുകളും സഭയിൽ അവതരിപ്പിച്ചു. ഇവയ്ക്കെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. 1999-ൽ സഭ പാസ്സാക്കിയ ഗ്രാന്റ്സ് ആന്റ് ലീസ് മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ് (ഭേദഗതി) ബിൽ രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കുകയുണ്ടായി. ചട്ടങ്ങളും കീഴ്വഴക്കങ്ങളും സൃഷ്ടിക്കുന്നവർതന്നെ അവ ലംഘിക്കുന്നത് സമൂഹത്തിന് എന്ത് സന്ദേശമായിരിക്കും നല്കുകയെന്ന് ആലോചിക്കേണ്ടതാണ്. സംവാദങ്ങളുടെയും ചർച്ചകളുടെയും വേദിയാകേണ്ട സഭാസമ്മേളനം, സംഘർഷങ്ങളുടെ വേദിയാകുന്നത് ക്രിയാത്മക ജനാധിപത്യത്തിന് ഭൂഷണമാണോ എന്ന് എല്ലാവരും ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ചെയർ വിശ്വസിക്കുന്നു. ഈ സമ്മേളനവുമായി സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട അംഗങ്ങൾ, നിയമസഭാ സെക്രട്ടറിയേറ്റിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങി എല്ലാവർക്കും ചെയർ സഭയ്ക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.... ഓർഡർ... സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(ദേശീയഗാനം ആലപിച്ചു.)

(2013 ഫെബ്രുവരി മാസം 19-ാം തീയതി വൈകുന്നേരം 3.28-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു). .

LIBRARY ARCHIVES Kerala Legislative Assembly